ലളിതാംബിക അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങൾ – ഒരു പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ
പിഎച്ച്.ഡി. ബിരുദത്തിനായി
സമർപ്പിച്ച പ്രബന്ധം

സുജാതാബായ് ജി.

മലയാള വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
2009

LALITHAMBIKA ANTHARJANAM'S FEMALE CHARACTERS - A STUDY

THESIS SUBMITTED TO THE UNIVERSITY OF CALICUT

FOR THE DEGREE OF

DOCTOR OF PHILOSOPHY

SUJATHABAI. G.

DEPARTMENT OF MALAYALAM
UNIVERSITY OF CALICUT

2009

സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ അതുപോലുള്ള മറ്റേതെങ്കിലും ബഹുമതിക്കോ അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല — സുജാതാബായ്. ജി.

10.2009

ഡോ. എസ്. നാരായണൻ
റീഡർ (റിട്ടയേഡ്)
മലയാള വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
ഷാരിക്കൽ, വട്ടംകുളം (പി.ഒ.)
എടപ്പാൾ, മലപ്പുറം (ജില്ല).

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന ലളിതാംബിക അന്തർജ്ജനത്തിന്റെ കഥാപാത്രങ്ങൾ - ഒരു പഠനം എന്ന ഈ പ്രബന്ധം സുജാതാബായ്. ജി. എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല ഡോ. എസ്. നാരായണൻ
10.2009

കടപ്പാട്

ഈ പ്രബന്ധത്തിന്റെ രചനയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ആദരണീയനായ ഗുരുനാഥൻ ഡോ. എസ്. നാരായണനോടുള്ള നിസ്സീമമായ സ്നേഹവും കടപ്പാടും ഇവിടെ നന്ദിപൂർവ്വം രേഖപ്പെടുത്തുന്നു.

ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും എന്നെ പ്രോത്സാഹിപ്പിക്കുകയും ഗവേഷണാവാശ്യങ്ങൾക്കു വേണ്ട സാഹചര്യങ്ങളൊരുക്കിത്തരുകയും ചെയ്ത മലയാളവകുപ്പദ്ധ്യക്ഷൻ ഡോ. പവിത്രനോടും മുൻ വകുപ്പദ്ധ്യക്ഷനുമായ ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. എം.എം. പുരുഷോത്തമൻ നായർ എന്നിവരോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. ഡോ. എം.എൻ. കാരശ്ശേരി പ്രബന്ധരചനയുടെ പല ഘട്ടങ്ങളിലും എനിക്ക് പ്രോത്സാഹനവും പ്രചോദനവും നൽകിയിട്ടുണ്ട്. അദ്ദേഹത്തോട് എനിക്കുള്ള നന്ദി സ്നേഹപൂർവ്വം സ്മരിക്കുന്നു.

പ്രബന്ധരചനയുടെ വ്യത്യസ്ത ഘട്ടങ്ങളിൽ നിർദ്ദേശങ്ങളിലൂടെയും സഹായങ്ങളിലൂടെയും എന്നെ പ്രോത്സാഹിപ്പിച്ചവരാണ് എന്റെ ഗുരുനാഥനായ ഡോ. ബി.വി. ശശികുമാറും ആത്മമിത്രമായ കെ. ജ്യോതിഷ് കുമാറും. ഇവരോടുള്ള നന്ദി വാക്കുകൾക്കതീതമാണ്. ലളിതാംബിക അന്തർജ്ജനത്തിന്റെ മകളുടെ മകളും കരുകുറ്റി നൈപുണ്യ കോളേജിലെ അദ്ധ്യാപികയുമായ ഡോ. സവിത നാരായണൻ എന്റെ ഗവേഷണപ്രവർത്തനങ്ങളെ ഏറെ സഹായിച്ചിട്ടുണ്ട്. അവരോടും അവരിലേയ്ക്ക് എന്നെ നയിച്ച പ്രശസ്ത സാഹിത്യകാരൻ ശ്രീ. വൈശാഖനോടുമുള്ള നന്ദി സ്നേഹപൂർവ്വം സ്മരിക്കുന്നു.

ഗവേഷണത്തിനാവശ്യമായ പഠനസൗകര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും നൽകിയ മലയാള വകുപ്പിലെ അനദ്ധ്യാപക ജീവനക്കാർ, ലൈബ്രറി ജീവനക്കാർ എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. പ്രബന്ധത്തിന്റെ ഡി.റ്റി.പി. ജോലികൾ ഭംഗിയായി നിർവ്വഹിച്ച എൻ.വി. രാഘവനോട് ഞാൻ നന്ദിയുള്ളവനാണ്.

എന്റെ ഗവേഷണത്തിന് എന്നും കൂട്ടായി നിന്ന എന്റെ കുടുംബാംഗങ്ങൾക്ക് ഹൃദയം നിറഞ്ഞ സ്നേഹം.

എന്റെ ഗവേഷണത്തെ പ്രോത്സാഹിപ്പിച്ചിട്ടുള്ള എല്ലാ സുഹൃത്തുക്കൾക്കും സുമനസ്സുകൾക്കും സ്നേഹപൂർവ്വം നന്ദി.

സുജാതാബായ്. ജി.

ഉള്ളടക്കം

ഉള്ളടക്കം

അദ്ധ്യായം ഒന്ന് 1-39

ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യരചനാ പശ്ചാത്തലം

അദ്ധ്യായം രണ്ട് 40-96

അന്തർജ്ജനത്തിന്റെ രചനകൾ - ഒരു സാമാന്യാവലോകനം

അദ്ധ്യായം മൂന്ന് 97-183

ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ

അദ്ധ്യായം നാല് 184-221

അഗ്നിസാക്ഷിയിലെ സ്ത്രീ കഥാപാത്രങ്ങൾ

അദ്ധ്യായം അഞ്ച് 222-279

അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങൾ : വിശകലനം

ഉപസംഹാരം 280-284

ഗ്രന്ഥസൂചി i-xvii

അനുബന്ധം 1

ജീവിതരേഖ xviii-xx

അനുബന്ധം 2 xxi-xxii

അന്തർജ്ജനത്തിന്റെ കൃതികൾ

ചുരുക്കെഴുത്ത് സൂചിക

1.	മാ.ആ.പ.	മാതൃഭൂമി ആഴ്ചപ്പതിപ്പ്
2.	സ.പ്ര.സ.സ.	സാഹിത്യപ്രവർത്തക സഹകരണ സംഘം
3.	മാ.പ്രി.ആന്റ്.പ.ക.	മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി
4.	എൻ.ബി.എസ്.	നാഷണൽ ബുക് സ്റ്റാൾ
5.	ല.അ. കഥകൾ സമ്പൂർണ്ണം	ലളിതാംബിക അന്തർജ്ജനം കഥകൾ സമ്പൂർണ്ണം
6.	ല.അ.	ലളിതാംബിക അന്തർജ്ജനം
7.	പു	പുറം
8.	ല.	ലക്കം
9.	പു	പുസ്തകം
10.	വിവ:	വിവർത്തനം
11.	എഡി.	എഡിറ്റർ

ഉപോദ്ഘാതം

ഉപോദ്ഘാതം

മുലപ്പാലിന്റെ മധുരവും നിലാവിന്റെ കൊഴുപ്പും സ്നേഹത്തിന്റെ സ്നിഗ്ധതയും അഗ്നിയുടെ ചൂടുമുള്ള സാഹിത്യരചനകളിലൂടെ, മലയാള സാഹിത്യ തറവാടിന്റെ അമ്മയാവാൻ ഭാഗ്യം ലഭിച്ച അപൂർവ പ്രതിഭയാണ് ലളിതാംബിക അന്തർജ്ജനം. യുക്തിരഹിതമായ ആചാരാനുഷ്ഠാനങ്ങൾക്ക് വിധേയരായി ജീവിതത്തെ ഋജുവായ പാതയിലൂടെ നയിച്ചുകൊണ്ടിരുന്ന നമ്പൂതിരി സമുദായത്തിലെ യാഥാസ്ഥിതികത്വത്തിനെതിരെ ശബ്ദമുയർത്തിയ ഉത്പതിഷ്ണുക്കളായ പുരുഷൻമാർക്ക് ഒരുപാടു ത്യാഗങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഈ സാഹചര്യങ്ങൾ വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി., എം.പി. ഭട്ടതിരിപ്പാട്, ഇ.എം.എസ്. നമ്പൂതിരിപ്പാട് മുതലായവരുടെ രചനകളിലൂടെ നമുക്ക് സുപരിചിതമാണ്. എന്നാൽ കർക്കശവും പ്രകടനപരവുമായ സദാചാര നിയമങ്ങൾ കൊണ്ട് വരിഞ്ഞു മുറുക്കിയ ഇല്ലത്തിന്റെ അകത്തളത്തിൽ, കൂട്ടിലടയ്ക്കപ്പെട്ട കിളികളെപ്പോലെ കഴിഞ്ഞുകൂടാൻ വിധിയ്ക്കപ്പെട്ട നമ്പൂതിരിസ്ത്രീകളുടെ നില പുരുഷന്മാരുടേതിനേക്കാൾ ദയനീയമായിരുന്നു.

നമ്പൂതിരി സ്ത്രീയ്ക്ക് പ്രവർത്തന സ്വാതന്ത്ര്യമോ അഭിപ്രായസ്വാതന്ത്ര്യമോ അനുവദിച്ചിരുന്നില്ല. സ്വന്തം ഇല്ലത്തുതന്നെ എല്ലാ ഭാഗത്തും സ്വാതന്ത്ര്യത്തോടെ പ്രവേശിക്കാൻ അവൾക്ക് അനുവാദമുണ്ടായിരുന്നില്ല. ഇഷ്ടാനിഷ്ടങ്ങൾക്ക് പ്രസക്തിയില്ല. ഇല്ലത്തിനു പുറത്തെ ലോകത്തെക്കുറിച്ചവൾ അജ്ഞയായിരുന്നു എന്നുതന്നെ പറയാം. ക്ഷേത്രത്തിലെ വിശേഷദിവസങ്ങളും ആണ്ടറുതികളും പിറന്നവീട്ടിലെ വിശേഷങ്ങളും മാത്രം അവൾക്ക് ആഘോഷിക്കാം. അതും ആചാരത്തിന്റെ അകമ്പടിയോടെ മാത്രം. ഇങ്ങനെ സ്ത്രീയുടെ കാലും നാവും ചങ്ങലയ്ക്കിട്ടിരുന്ന ഒരു സമുദായത്തിലാണ് 1909 മാർച്ച് 30ന് കൊട്ടാരക്കര കോട്ടവട്ടത്ത് ഇല്ലത്ത് ഒരു പെൺകുഞ്ഞ് പിറന്നത്. മകളെ സ്വതന്ത്രയായി വളർത്തണം എന്ന് ആഗ്രഹിച്ച അച്ഛൻ അതിനായി മദിരാശിയിൽ പോയി മറ്റേതെങ്കിലും മതം സ്വീകരിച്ച് ജീവിയ്ക്കാൻ വരെ ആലോചിക്കുകയുണ്ടായി എന്നു കൂടി അറിയുമ്പോൾ സ്ത്രീകൾക്ക് നമ്പൂതിരി സമുദായം കൊടുത്തിരുന്ന സ്ഥാനം

വ്യക്തമാണല്ലോ. ഉത്പതിഷ്ണുവായ ആ അച്ഛൻ സമുദായപരിഷ്കർത്താവും ശ്രീമൂലം പ്രജാസഭാ മെമ്പറുമായിരുന്ന കെ. ദാമോദരൻ പോറ്റിയായിരുന്നു. 'മനുഷ്യസ്ത്രീയായി വളർത്താനാവില്ലേ' എന്ന് അച്ഛൻ ഭയന്ന ആ പെൺകുഞ്ഞാണ് പിൽക്കാലത്ത് പ്രശസ്ത സാഹിത്യകാരിയായി വളർന്ന മാറിയ ശ്രീമതി. ലളിതാംബിക അന്തർജ്ജനം.

പെൺകുഞ്ഞിന്റെ ജനനം ശാപമായി കരുതിയിരുന്ന നമ്പൂതിരി സമുദായത്തിൽ പിറന്ന ലളിതാംബിക അന്തർജ്ജനം, അച്ഛന്റെ ഉത്പതിഷ്ണുത്വത്തിന്റെ തണലിൽ വളർന്ന് സാമുദായിക അനാചാരങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുന്ന ഒരു സാഹിത്യകാരിയും സമുദായ പരിഷ്കർത്താവും അപൂർവ്വ വ്യക്തിത്വത്തിന് ഉടമയും ആയിത്തീർന്നു. അസ്വാതന്ത്ര്യത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേയ്ക്ക് നമ്പൂതിരി സ്ത്രീയെ നയിച്ച, അനാചാരങ്ങൾക്കെതിരെയുള്ള ഒരു സമരയാത്രയായിരുന്ന അന്തർജ്ജനത്തിന്റെ സാഹിത്യജീവിതം. ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യലോകത്തു നിന്ന് പ്രാതിനിത്യസ്വഭാവത്തോടെ തെരഞ്ഞെടുത്ത കഥകളിലെയും അഗ്നിസാക്ഷി എന്ന നോവലിലെയും സ്ത്രീകഥാപാത്രങ്ങളുടെ പഠനത്തിലൂടെ, അക്കാലത്ത് നമ്പൂതിരി സ്ത്രീകൾ അനുഭവിച്ചിരുന്ന ആചാരബദ്ധമായ പാരതന്ത്ര്യവും അന്തർജ്ജനത്തിന്റെ കാഴ്ചപ്പാടും കണ്ടെത്താനുള്ള ഒരു അന്വേഷണമാണ് ഈ പ്രബന്ധം നിർവ്വഹിക്കുന്നത്.

പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും

മലയാള സാഹിത്യത്തിൽ കവിത, കഥ, നോവൽ, ബാലസാഹിത്യം, നാടകം, ആത്മകഥ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുകയും "മലയാളസാഹിത്യ തറവാടിന്റെ അമ്മ" എന്ന സ്ഥാനത്തിന് അർഹയാവുകയും ചെയ്ത എഴുത്തുകാരിയാണ് ശ്രീമതി. ലളിതാംബിക അന്തർജ്ജനം. ശൈലികൊണ്ടും ദർശനം കൊണ്ടും തികച്ചും വ്യതിരിക്തത പുലർത്തുന്ന ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യസൃഷ്ടി കളിൽ നിന്ന് തെരഞ്ഞെടുത്ത 26 കളകളിലെയും, "അഗ്നിസാക്ഷി" എന്ന നോവലി ലെയും സ്ത്രീകഥാപാത്രങ്ങളെ

പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. സ്ത്രീകഥാപാത്രങ്ങളുടെ പഠനത്തിലൂടെ അന്തർജ്ജനത്തിന്റെ സാഹിത്യസൃഷ്ടിയ്ക്ക് പ്രേരകമായി വർത്തിച്ച ഘടകങ്ങളെയും അന്തർജ്ജനത്തിന്റെ ജീവിതവീക്ഷണത്തെയും കണ്ടെത്തുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

20-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് കേരളത്തിലെ വ്യത്യസ്ത സമുദായങ്ങളിൽ വിവിധ ആചാരാനുഷ്ഠാനങ്ങൾ നിലനിന്നിരുന്നു. അതോടൊപ്പം സാമൂഹികവും സാംസ്കാരികവുമായ ഉച്ചനീചത്വങ്ങളും കേരളീയ ജീവിതത്തിന്റെ ഭാഗമായിരുന്നു. ഈ ജീവിതാന്തരീക്ഷമാണ് സാഹിത്യകാരൻമാരെ വ്യക്തിനിഷ്ഠമായ കാഴ്ചപ്പാടിൽ നിന്ന് സമഷ്ടിയിലേക്ക് നയിച്ചത്. വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി, ഉറൂബ് തുടങ്ങിയവരുടെ കാലഘട്ടം വൈയക്തികതയ്ക്കപ്പുറത്ത് സാമൂഹികമായ ചട്ടക്കൂടിൽ നിന്നുകൊണ്ട് പരിശോധിക്കാവുന്നതാണ്. സ്വതന്ത്രമായ സമൂഹജീവിതത്തിന് വിലങ്ങുതടിയാവുന്ന അനാചാരങ്ങൾക്കും അസമത്വങ്ങൾക്കും എതിരെ പ്രതികരിക്കാൻ തൂലികപോലെ ശക്തമായ ഒരായുധം വേറെയില്ല എന്ന തിരിച്ചറിവാണ് ഈ സാഹിത്യകാരൻമാരെ ഉണർത്തിയത്. ഇവർക്കൊപ്പം കഥാരചന നടത്തിയിരുന്ന ലളിതാംബിക അന്തർജ്ജനം പ്രധാനമായും ലക്ഷ്യമാക്കിയത് അക്കാലഘട്ടത്തിലെ സാമൂഹിക ജീവിതത്തിൽ നമ്പൂതിരി സ്ത്രീകൾ അനുഭവിച്ചിരുന്ന യാതനകളാണ്. അന്നത്തെ സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥ പൊതുവെയും നമ്പൂതിരി സമുദായത്തിലെ അവസ്ഥ വിശേഷിച്ചും അന്തർജ്ജനത്തിന്റെ കൃതികളിലൂടെ പഠിക്കാൻ കഴിയും.

സ്ത്രീവിമോചനം, പെണ്ണെഴുത്ത് എന്നീ ആശയങ്ങൾ സമൂഹത്തിലും സാഹിത്യത്തിലും പ്രബലമാവുന്നതിന് മുൻപാണ് അന്തർജ്ജനം തന്റെ ശക്തമായ രചനകളെല്ലാം നിർവ്വഹിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ സ്ത്രീവിമോചനാശയങ്ങളുടെ അടിസ്ഥാനത്തിൽ അന്തർജ്ജനത്തിന്റെ രചനകളെ പഠിക്കാനുള്ള ഒരു ശ്രമം ഈ പ്രബന്ധത്തിന്റെ ലക്ഷ്യത്തിൽ പെടുന്നില്ല.

19-ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലും 20-ാം നൂറ്റാണ്ടിന്റെ

പൂർവ്വപാദത്തിലും കേരളത്തിലെ സാമൂഹിക ജീവിതത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെക്കുറിച്ച് വി.ടി. ഭട്ടതിരിപ്പാട്, കാണിപ്പയ്യൂർ നമ്പൂതിരി, ഇ.എം.എസ്. എന്നിവരുടെ കൃതികളിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേക സമുദായത്തിലെ സ്ത്രീകളുടെ നേർക്ക് ആ സമുദായത്തിലെ പുരുഷൻമാരുടെ മനോഭാവം എന്തായിരുന്നുവെന്നും, ആ മനോഭാവത്തിന് അടിസ്ഥാനമായി ആചരിച്ചുപോന്നിരുന്ന കാലഹരണപ്പെട്ട ആചാരങ്ങൾ എന്തെല്ലാമായിരുന്നുവെന്നും സമഗ്രമായി അന്വേഷിക്കുന്ന പഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടില്ല. ലളിതാംബിക അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങളെ അധികരിച്ചുള്ള ഈ പഠനം, അക്കാലത്ത് നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങളെയും, ദുരാചാരങ്ങളെയും, സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥയെയും പഠിക്കുന്നതോടൊപ്പം അന്തർജ്ജനത്തിന്റെ ജീവിതവീക്ഷണത്തിലേക്ക് എത്തിച്ചേരാനും ശ്രമിക്കുന്നു എന്നതുകൊണ്ട് പ്രസക്തമാണ്. ലളിതാംബിക അന്തർജ്ജനത്തിന്റെ രചനകളിലെ മാതൃത്വം, ബാലമനസ്സ്, ദേശീയബോധം തുടങ്ങിയ മേഖലകൾ ഇനിയും പഠനവിധേയമാക്കേണ്ടവയാണ്. അത്തരം പഠനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ഉപരിപഠനത്തിന് സഹായകമാവും എന്ന നിലയിലും ഈ പഠനം പ്രസക്തമാണ്.

പൂർവ്വപഠനങ്ങൾ

നമ്പൂതിരി സമുദായത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ സമുദായത്തിലെ പുരുഷന്റെ വീക്ഷണത്തിൽ അവതരിപ്പിക്കപ്പെട്ട രചനകളേ മലയാളത്തിൽ ഉണ്ടായിട്ടുള്ളൂ. സ്ത്രീകളുടെ പ്രശ്നങ്ങൾ അവരിലൊരാളായി ജീവിച്ചുകൊണ്ട് ഒരു സ്ത്രീ അവതരിപ്പിക്കുമ്പോൾ അതിന് തീവ്രത കൂടും. ആ കൃത്യമാണ് ലളിതാംബിക അന്തർജ്ജനം നിർവ്വഹിച്ചത്. ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യരചനകളെ ഏതെങ്കിലും ഒരു പ്രത്യേക മേഖലയിൽ നിർത്തിക്കൊണ്ടുള്ള പഠനങ്ങളും ഇതിനു മുൻപുണ്ടായിട്ടില്ല. 1969ൽ ലളിതാംബിക അന്തർജ്ജനത്തിന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷവേളയിൽ ഒരു സംഘം ലേഖകർ ചേർന്ന് എഴുതി, ആഘോഷകമ്മിറ്റി പ്രസിദ്ധീകരിച്ച [അന്തർജ്ജനം ഒരു പഠനം] എന്ന ഗ്രന്ഥം അന്തർ ജ്ജനത്തെ വ്യക്തി, സാഹിത്യകാരി എന്നീ നിലകളിൽ

സമഗ്രമായി വിലയിരുത്തുന്നുണ്ട്. 1987ൽ അന്തർജ്ജനത്തിന്റെ ചരമശേഷം പല സാഹിത്യകാരൻമാരുടേയും
നിരൂപകരുടെയും അനുസ്മരണക്കുറിപ്പുകളും അതിനോടനുബന്ധിച്ചുള്ള രചനകളുടെ പഠനങ്ങളും അന്തർജ്ജനത്തിന്റെ കൃതികളെ ആധികാരികമായി ചർച്ച ചെയ്യുന്നുണ്ട്. ഈ പഠനങ്ങളെല്ലാം അന്തർജ്ജനത്തിന്റെ സാമുദായിക കഥകളെയാണ് പ്രധാനമായി വിഷയമാക്കിയിരിക്കുന്നത്. 1995ൽ ഡോ. സവിത നാരായണൻ സമർപ്പിച്ച ഗവേഷണപ്രബന്ധം ലളിതാംബിക അന്തർജ്ജനത്തിന്റെ എല്ലാ സാഹിത്യസൃഷ്ടി കളെയും സമഗ്രതയിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ഡോ. ആർ.ബി. രാജലക്ഷ്മി തന്റെ ഗവേഷണാന്വേഷണങ്ങൾക്കിടയിൽ കണ്ടെത്തിയ "സാവിത്രി അഥവാ വിധവാ വിവാഹം" എന്ന അന്തർജ്ജനത്തിന്റെ അപ്രകാശിത നാടകം പ്രസിദ്ധീകരിക്കുകയും അതിനെക്കുറിച്ച് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

പലപ്പോഴായി ആനുകാലികങ്ങളിൽ ഒറ്റപ്പെട്ട ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മലയാളസാഹിത്യത്തിൽ ശാശ്വതസ്ഥാനത്തിന് അർഹയായിട്ടുള്ള അന്തർജ്ജനത്തിന്റെ രചനകളെക്കുറിച്ചുള്ള പഠനങ്ങൾ തീരെ അപര്യാപ്തമാണ് എന്നത് ഈ പ്രബന്ധത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

പഠനമേഖലയും സാമഗ്രികളും

കവിതാരചനയിൽ തുടങ്ങി കഥാകൃത്തായി മാറിയ അന്തർജ്ജനം നോവൽ, ബാലസാഹിത്യം, ലഘുനോവൽ എന്നീ സാഹിത്യശാഖകളിലൂടെയും സ്വന്തം ആശയങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. നമ്പൂതിരി സമുദായത്തിലെ ആചാര-അനാചാരങ്ങളും അന്തർജ്ജനത്തിന്റെ ജീവിതവീക്ഷണവും സ്ത്രീകഥാപാത്രങ്ങളിലൂടെ പഠനവിധേയമാക്കുക എന്ന ലക്ഷ്യത്തോടെ, അന്തർജ്ജനത്തിന്റെ കഥകളിൽ നിന്ന് പ്രാതിനിധ്യസ്വഭാവത്തോടെ ഇരുപത്താറ് കഥകളും "അഗ്നിസാക്ഷി" എന്ന നോവലുമാണ് പഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. അന്തർജ്ജനത്തിന്റെ കൃതികളിൽ പലതും ഇപ്പോൾ

ലഭ്യമല്ലാത്തതുകൊണ്ട് []ലളിതാംബിക അന്തർജ്ജനം - കഥകൾ സമ്പൂർണ്ണം[] (ഡി.സി. ബുക്സ്, കോട്ടയം 2009) എന്ന ഗ്രന്ഥവും []അഗ്നിസാക്ഷി[]യുടെ പുതിയ എഡിഷനുമാണ് (കറൻറ് ബുക്സ് 2007) പഠനത്തിനായി അവലംബിച്ചിട്ടുള്ളത്. അന്തർജ്ജനത്തിന്റെ രചനകളെക്കുറിച്ച് പ്രസിദ്ധീകരിക്ക പ്പെട്ടിട്ടുള്ള പഠനങ്ങളും നിരൂപണങ്ങളും അന്തർജ്ജനത്തിന്റെ സാഹിത്യസൃഷ്ടി കളുമാണ് പഠനത്തിനായി ആശ്രയിച്ചിട്ടുള്ളത്

പ്രബന്ധ സ്വരൂപം

[]ലളിതാംബിക അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങൾ - ഒരു പഠനം[] എന്ന ഈ പ്രബന്ധത്തിൽ ആമുഖവും ഉപസംഹാരവും കൂടാതെ അഞ്ച് അദ്ധ്യായങ്ങളാണുള്ളത്. []ലളിതാംബിക അന്തർജ്ജനത്തിന്റെ കാലഘട്ടത്തിലെ സാമൂഹിക പശ്ചാത്തലം[] എന്ന ആദ്യത്തെ അദ്ധ്യായത്തിൽ അന്നത്തെ സാമൂഹികവും സാംസ്കാരികവും സാഹിത്യപരവുമായ പശ്ചാത്തലവും നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളും സ്ത്രീകൾക്കു നേരെ സമുദായം കൈക്കൊണ്ടിരുന്ന നിലപാടും പഠനവിധേയമാക്കുന്നു. ഈ ഘടകങ്ങൾ അന്തർജ്ജനത്തിന്റെ സാഹിത്യരചനയ്ക്ക് എത്രത്തോളം പ്രേരകമായിട്ടുണ്ട് എന്നും ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നു.

[]അന്തർജ്ജനത്തിന്റെ രചനകളുടെ സമഗ്രപഠനം[] എന്ന രണ്ടാം അദ്ധ്യായത്തിൽ അന്തർജ്ജനത്തിന്റെ ആദ്യകാലരചനകൾ മുതൽ എല്ലാ സാഹിത്യസൃഷ്ടികളെയും സമഗ്രതയിൽ ഉപരിപ്ലവമായി പരിചയപ്പെടുത്തുന്നു.

മൂന്നാം അദ്ധ്യായം []അന്തർജ്ജനത്തിന്റെ കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ[] എന്നതാണ്. അന്തർജ്ജനത്തിന്റെ കഥാലോകത്തുനിന്ന് പ്രാതിനിധ്യസ്വഭാവ ത്തോടെ തെരഞ്ഞെടുത്ത 26 കഥകളെ സാമുദായികം, സാമൂഹികം, മാതൃത്വം, നിരാലംബ വാർദ്ധക്യം, ദേശീയം എന്നിങ്ങനെ അഞ്ചു മേഖലകളാക്കി തിരിച്ചിരിക്കുന്നു. ഓരോ കഥകളെയും, അവയിലെ സ്ത്രീകഥാപാത്രങ്ങളെയും ആഴത്തിൽ പഠനവിധേയമാക്കുന്നു ഈ അദ്ധ്യായത്തിൽ.

[]അഗ്നിസാക്ഷിയിലെ സ്ത്രീകഥാപാത്രങ്ങൾ[] എന്ന നാലാം അദ്ധ്യായത്തിൽ []അഗ്നിസാക്ഷി[] എന്ന നോവലിലെ സ്ത്രീകഥാപാത്രങ്ങളെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച് പഠനവിധേയമാക്കുന്നു. നോവലിലെ തേതി എന്ന കഥാപാത്രത്തിന്റെ വളർച്ചയുടെ ഓരോ അവസ്ഥകളെയും ഈ പഠനത്തിൽ പ്രത്യേകം പരിഗണിച്ചിരിക്കുന്നു.

[]അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങൾ - ഒരു വിശകലനം[] എന്ന അഞ്ചാം അദ്ധ്യായത്തിൽ മൂന്നും നാലും അദ്ധ്യാത്തിൽ പഠനവിധേയമാക്കിയ കഥകളെയും കഥാപാത്രങ്ങളെയും വിശകലനം ചെയ്ത്, അന്നത്തെ കാലത്ത് ശക്തമായിരുന്ന സാമുദായിക അനാചാരങ്ങൾ വിലയിരുത്തുകയും അന്തർജ്ജനത്തിന്റെ സാഹിത്യരചനയുടെ ലക്ഷ്യവും അവരുടെ ജീവിതവീക്ഷണവും കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തിരിക്കുന്നു.

ഉപസംഹാരത്തിൽ പഠനത്തിൽ നിന്ന് കണ്ടെത്താൻ കഴിഞ്ഞ വസ്തുതകളും നിഗമനങ്ങളും ക്രോഡീകരിച്ചിരിക്കുന്നു.

പ്രബന്ധത്തിന്റെ അവസാനഭാഗത്ത് അന്തർജ്ജനത്തിന്റെ ജീവിതരേഖയും, അന്തർജ്ജനത്തിന്റെ കൃതികളും അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ ഗ്രന്ഥസൂചിയിൽ രചനയ്ക്ക് പ്രയോജനപ്പെടുത്തിയ ഗ്രന്ഥങ്ങളുടെയും ആനുകാലികങ്ങളുടെയും വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

അദ്ധ്യായം ഒന്ന്

ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യരചനാ പശ്ചാത്തലം

ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യരചനാ പശ്ചാത്തലം

സാഹിത്യാദികലകളെ കേവലം വിനോദോപാധി എന്ന നിലയിൽ നിന്നു കുറേക്കൂടി ഉയർന്ന നിലയിൽ കാണുകയും നിത്യജീവിതത്തിലെ ചുറ്റുപാടുകളുടേയും സംഭവങ്ങളുടേയും ഛായ പകർന്നു നൽകി അവയെ ജീവിതത്തോട് അടുപ്പിക്കുകയും ചെയ്ത ദ്വിതീയഘട്ട സാഹിത്യകാരൻമാരുടെ നിരയിൽ ഒട്ടും മോശമല്ലാത്ത ഒരു സ്ഥാനം അലങ്കരിക്കാൻ അർഹത നേടിയ എഴുത്തുകാരിയാണ് ശ്രീമതി. ലളിതാംബിക അന്തർജ്ജനം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാള സാഹിത്യം ചെറുകഥകളിലും കവിതകളിലും ഒതുങ്ങി നിൽക്കുകയായിരുന്നു. കവിതാസാഹിത്യ ശാഖ ഇസങ്ങളും പ്രസ്ഥാനങ്ങളും താണ്ടിക്കൊണ്ടിരുന്ന ഇക്കാലത്ത് കഥാസാഹിത്യം ചെറുകഥകളിൽ മാത്രം ഒതുങ്ങി നിന്നു. 1889ൽ രചിക്കപ്പെട്ട ഇന്ദുലേഖയ്ക്കു ശേഷം മലയാളത്തിൽ കുറേ കാലത്തേയ്ക്ക് നോവലുകളൊന്നും രചിയ്ക്കപ്പെട്ടിരുന്നില്ല. പിന്നീട് നോവലുകൾ പ്രത്യക്ഷപ്പെടുന്നത് 1920-കളിലും അതിനു ശേഷവുമാണ്. അവ സാമൂഹ്യപരിഷ്കരണം എന്ന ലക്ഷ്യം വെച്ച് എഴുതപ്പെട്ടവയായിരുന്നു താനും.

കാല്പനികതയിൽ നിന്നു മലയാളകഥ വാസ്തവികതയിലേക്ക് നടന്നു കയറുന്ന കാലത്താണ് വി.ടി., എം.ആർ.ബി., മൂത്തരിങ്ങോട് തുടങ്ങിയവർ സാഹിത്യരചന നടത്തുന്നത്. അഥവാ മലയാള ചെറുകഥയിലെ റിയലിസം ആരംഭിക്കുന്നത് ഇവരുടെ സൃഷ്ടികളിലൂടെയാണ്. 1889ൽ ഇന്ദുലേഖയിലൂടെ ചന്തുമേനോൻ നമ്പൂതിരി-നായർ സമുദായങ്ങളിലെ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും, നവീന വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും ചിത്രീകരിച്ചത് സാഹിത്യകാരൻമാരേയും സമുദായ പരിഷ്കർത്താക്കളേയും ചിന്തിക്കാൻ പ്രേരിപ്പിച്ചു. തിന്മയ്ക്കു മേൽ നന്മ വിജയം വരിക്കുന്നത് ഇവരുടെയെല്ലാം കൃതികളുടെ പൊതുസ്വഭാവമാണ്. സമൂഹത്തിൽ കാണുന്ന അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും, തങ്ങൾ അതിൽ പങ്കാളികളല്ലെങ്കിൽക്കൂടിയും, സമൂഹ മനഃസാക്ഷിക്കുവേണ്ടി സാഹിത്യത്തിലൂടെ

പോരാടുക എന്നത് തങ്ങളുടെ കടമയാണെന്നു കരുതിയവരാണ് ഈ കാലഘട്ടത്തിലെ മലയാള സാഹിത്യകാരൻമാർ. ഇവരിൽ എല്ലാംകൊണ്ടും സ്മരണീയമായ ഒരു പേരാണ് ലളിതാംബിക അന്തർജ്ജനത്തിന്റേത്.

1923 കർക്കടകം-ചിങ്ങം ലക്കം []ശാരദ[]യിൽ []അഭിനവപാർത്ഥസാരഥി[] എന്ന ലേഖനത്തിന്റെ പ്രസിദ്ധീകരണത്തിലൂടെ പതിനാലാം വയസ്സിൽ ആരംഭിച്ച സാഹിത്യസേവനത്തിന്റെ അവിരാമമായ തുടർച്ച []മലയാളസാഹിത്യ തറവാടിന്റെ അമ്മ[] എന്ന ബഹുമതിക്ക് പിൽക്കാലത്ത് അന്തർജ്ജനത്തെ അർഹയാക്കി. സാഹിത്യരചനയ്ക്ക് അന്തർജ്ജനത്തിന് പ്രേരണയായി നിന്ന ഘടകങ്ങൾ പലതാണ്. നമ്പൂതിരി സമുദായത്തിൽ പെൺകുട്ടികളുടെ ജനനം ശാപമായി കരുതിയിരുന്ന കാലഘട്ടമായിരുന്നു അത്. എന്നാൽ, എവിടെയും നിരോധനങ്ങൾ മാത്രം നേരിടേണ്ടി വന്നിരുന്ന നമ്പൂതിരി സ്ത്രീകൾക്കിടയിൽ തികച്ചും വ്യത്യസ്തയായിരുന്ന ലളിതാംബിക. കുടുംബാംഗങ്ങളുടെ ഉല്പതിഷ്ണുത്വ മനോഭാവമായിരുന്നു ഈ വ്യത്യസ്തതയ്ക്ക് പ്രധാന നിമിത്തമായത്. തനിക്കു ചുറ്റുമുള്ള, താൻ കൂടി ഉൾപ്പെടുന്ന സാമുദായിക ജീവിതത്തിലെ അനീതി, സാംസ്കാരികോന്നമനത്തെക്കുറിച്ചുള്ള ചിന്ത, ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം എന്നിവ വേറിട്ടുനിന്നു ചിന്തിക്കാനും ജീവിക്കാനും ലളിതാംബികയെ പ്രേരിപ്പിച്ചു. ഈ ഘടകങ്ങളെല്ലാം ഓരോന്നായി വിശദീകരിച്ച് ഇവ അന്തർജ്ജനത്തിലെ സാഹിത്യകാരിയെ എത്രകണ്ട് സ്വാധീനിച്ചിട്ടുണ്ടെന്ന് കണ്ടെത്തുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്.

കുടുംബ പശ്ചാത്തലം

പെൺകുട്ടികളുടെ ജനനം ശാപമായി കരുതിയിരുന്ന നമ്പൂതിരി സമുദായത്തിലാണ് ലളിതാംബിക ജനിച്ചതെങ്കിലും, സന്താന നഷ്ടത്താൽ ദുഃഖമനുഭവിച്ചിരുന്ന മാതാപിതാക്കൾക്കും തറവാടിനും ആ ജനനം ഒരനുഗ്രഹ മായിരുന്നു. അവൾ ആഹ്ലാദപൂർവ്വം സ്വാഗതം ചെയ്യപ്പെട്ടു. തന്റെ ശൈശവബാല്യങ്ങളെപ്പറ്റി മറ്റുള്ളവർ പറഞ്ഞുകേട്ടതും സ്വന്തം ഓർമ്മയിൽ തങ്ങി നിൽക്കുന്നതുമായ ചില കാര്യങ്ങൾ ലളിതാംബിക രേഖപ്പെടുത്തിയിട്ടുണ്ട് -

[]...മനുഷ്യരെപ്പോലെ വളർത്താൻ സാധിക്കാത്ത ഒരു സമുദായത്തിലാണ് താൻ ജനിച്ചതെന്ന് അവളെ അറിയിക്കാതിരിക്കാൻ അച്ഛൻ വളരെ പണിപ്പെടുകയും ചെയ്തിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ അവൾ പഠിച്ചുതുടങ്ങി എന്നാണ് അമ്മ പറയുന്നത്. അമ്മയായിരുന്നു അവളുടെ പ്രഥമഗുരു. മൂന്നു വയസ്സിൽ എഴുത്തിനിരുത്തി. അക്ഷരങ്ങൾ പഠിച്ചുതീരും വരെ അമ്മയുടെ പുടവത്തുമ്പിൽ പിടിച്ചുവലിച്ചുകൊണ്ടു പോയി ആർത്തിയോടെ പഠിച്ചിരുന്നവത്രേ. പിന്നെയങ്ങോട്ടു വായനയായിരുന്നു. കണ്ണിൽ കണ്ട പത്രക്കടലാസുകളും മാസികകളും പുസ്തകങ്ങളും. അർത്ഥമറിയാത്ത വായന.[]1

സന്ധ്യാനാമങ്ങളും തേവാരത്തിനുള്ള അത്യാവശ്യമന്ത്രങ്ങളും മാത്രം പഠിക്കാൻ അവകാശമുണ്ടായിരുന്ന നമ്പൂതിരി ബാലികമാരുടെയിടയിൽ ലളിതാംബികയ്ക്ക് ഇത്രയും സ്വാതന്ത്ര്യം കിട്ടിയത് മാതാപിതാക്കളുടെ ഉത്പതിഷ്ണുത്വം കൊണ്ടുതന്നെ യാണ്. ശ്രീകൃഷ്ണചരിതം മണിപ്രവാളം മുഴുവൻ അമ്മ പഠിപ്പിച്ചു. എങ്കിലും അമരകോശം പഠിപ്പിക്കാനുള്ള അമ്മയുടെ ശ്രമം പാഴായി. []തനിക്കിഷ്ടമില്ലാത്ത തൊന്നും മനസ്സിലാക്കാൻ കൂട്ടാക്കാത്ത കൂട്ടത്തിലായിരുന്നു അവൾ.[]2

അച്ഛനും മുത്തച്ഛനും വായനക്കമ്പക്കാരായിരുന്നു. പ്രചാരത്തി ലുണ്ടായിരുന്ന നിലവാരമുള്ള പത്രമാസികാദികളെല്ലാം ഇല്ലത്തു പതിവായി വരുത്തുമായിരുന്നു. അങ്ങനെ അവയെല്ലാം വായിക്കാൻ ലളിതാംബികയ്ക്ക് അവസരം കിട്ടി. അച്ഛന്റെ സുഹൃത്തുക്കളായ സാഹിത്യകാരൻമാർ, സഹൃദയർ, കഥകളിക്കാർ മുതലായവർ പൂമുഖത്തിരുന്നു ചർച്ചകൾ നടത്തുമ്പോൾ അവൾ അവിടെ ചെന്നിരുന്ന് ശ്രദ്ധിക്കും. ഈ സഹൃദയസദസ്സിൽ നിന്നും ഒരുപാടു കാര്യങ്ങൾ ഗ്രഹിക്കാനുള്ള സൗകര്യം ലളിതാംബികയ്ക്ക് ലഭിച്ചിരുന്നു. ഓരോ ക്ലാസിലേയും പാഠ്യപദ്ധതിയും പുസ്തകങ്ങളും വെച്ച് ട്യൂഷൻ നൽകാൻ വീട്ടിൽ അദ്ധ്യാപകരെ ഏർപ്പാടാക്കിയിരുന്നു. അച്ഛന്റെ അമ്മാവന്റെ മകനും, സുഹൃത്തും സഹപാഠിയും സമവയസ്കനുമായ []പണ്ടാലസ്സാർ[] ലളിതാംബികയുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം നിസ്സാരമല്ല. തനിക്കു ചുറ്റുമുള്ള കാര്യങ്ങൾ ഓരോന്നും അതാതിന്റെ സൂക്ഷ്മാംശത്തിൽ തന്നെ

നിരീക്ഷിക്കാനും വിലയിരുത്താനും ഈ കുടുംബാന്തരീക്ഷം ലളിതാംബികയെ സഹായിച്ചു.

അക്കാലത്തെ ഒരു നമ്പൂതിരിപ്പെൺകുട്ടിയും അനുഭവിച്ചിട്ടില്ലാത്ത സ്വാതന്ത്ര്യം, എല്ലാ അർത്ഥത്തിലും, പ്രൗഢമതിയാകുന്നതുവരെ ലളിതാംബിക അനുഭവിച്ചു. ഈ കാലയളവിൽ തനിക്കുചുറ്റും സംഭവിക്കുന്നതെല്ലാം അവർ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞു. ബാല്യത്തിൽ താനനുഭവിച്ച സ്വാതന്ത്ര്യത്തെപ്പറ്റി അന്തർജ്ജനം ഇങ്ങനെ അനുസ്മരിക്കുന്നു : "സഹോദരന്മാരോടു കൂടി നടന്നു കളിച്ച്, അവർ പഠിക്കുന്നതു പഠിച്ച് "പുരുഷസ്വഭാവമുള്ള കുട്ടി" എന്നു പറയത്തക്കവിധം അവൾ വളർന്നു. സാമുദായികാചാരമനുസരിച്ച് അവളുടെ കാത് കൊരടിട്ടു വളർത്തിയില്ല. അവൾ മാറുമറയ്ക്കാതെ നടന്നിട്ടുമില്ല. പക്ഷേ, പ്രായം കൂടി വരുന്തോറും ആളുകൾ പിറുപിറുക്കാൻ തുടങ്ങി."[3] ഇത്രയും സ്വതന്ത്രയായി വളർന്ന ലളിതാംബിക പ്രൗഢമതിയായതോടെ കൂട്ടിലെ കിളിയായി. നൂറ്റാണ്ടുകളായി അനുസരിച്ചു പോരുന്ന ആചാരങ്ങളുടെ വിധിക്കുമുന്നിൽ ആരും കീഴടങ്ങിയേ തീരൂ. അതിൽ വിട്ടുവീഴ്ചയില്ല; പക്ഷഭേദമില്ല. "ചുറ്റുപാടുമുള്ള അനേകായിരങ്ങളെപ്പോലെ സ്വന്തം വിധിക്കു മുന്നിൽ അവളും തലകുനിച്ചു - അത്യധികമായ ആത്മനിന്ദയോടെയാണെന്നു മാത്രം."[4]

സാമുദായിക നിയമങ്ങൾ അനുസരിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നും അന്നില്ലായിരുന്നു. അല്ലെങ്കിൽ, അന്ന് മാമൂലുകളെ വെല്ലുവിളിക്കാൻ തക്ക ജീവിതപരിചയമോ ചുറ്റുപാടുകളെക്കുറിച്ചുള്ള ധാരണയോ ആത്മധൈര്യമോ ആ പെൺകുട്ടിയ്ക്ക് ഉണ്ടായിരുന്നില്ല. പ്രൗഢമതിയായ ശേഷം വിവാഹിതയാകുന്നതുവരെയുള്ള ജീവിതകാലഘട്ടമാണ്, ഒരു പക്ഷേ, അന്തർജ്ജനത്തെ ഇന്നറിയപ്പെടുന്ന രീതിയിലുള്ള ഒരു എഴുത്തുകാരിയായി ഉയർത്തിയിരിക്കുക. "അന്തഃപുരത്തിലെ ആ രണ്ടരക്കൊല്ലത്തെ ഏകാന്തവാസത്തിനിടയ്ക്കാണ് അവളുടെ യഥാർത്ഥ വിദ്യാഭ്യാസം നടന്നതെന്നു ഞാനൂഹിക്കുന്നു. അക്കാലത്തിനിടയ്ക്ക് അവൾ വളരെ വളരെ വായിച്ചു. കുറെയൊക്കെ എഴുതുകയും ചെയ്തു. കൂടാതെ സ്വന്തം കുടുംബത്തിലും

ബന്ധുജനങ്ങളിലും സമുദായത്തിലും ചുറ്റുപാടുമുള്ള തൊഴിലാളികളുടെ ജീവിതത്തിലുമുള്ള വൈരുദ്ധ്യങ്ങളെപ്പറ്റി - സുഖത്തെയും ദുഃഖത്തെയും പറ്റി, ആശങ്കകളേയും അഭിലാഷങ്ങളേയും അനുഭവങ്ങളേയും പറ്റി - സഹാനുഭൂതിയോടെ അവൾ ചിന്തിക്കാൻ തുടങ്ങി. ചിന്തിക്കുന്തോറും ആ സുഖവും ദുഃഖവും തന്റേതായി തോന്നിത്തുടങ്ങി. ഞാൻ അവരുടെ സ്ഥിതിയിലായിരുന്നെങ്കിൽ എന്തായിരിക്കും അവസ്ഥ? ...[5] ഈ കാലഘട്ടത്തിൽ നേടിയെടുത്ത അറിവുകൾ - കണ്ടും കേട്ടും അനുഭവിച്ചും വായിച്ചും നേടിയവ - ലളിതാംബികയുടെ സാഹിത്യരചനയെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്.

സാമുദായിക ജീവിതം

അന്തർജ്ജനം സാഹിത്യജീവിതം ആരംഭിക്കുന്ന കാലത്ത് കേരളത്തിലെ നമ്പൂതിരിയുടെ സാമുദായിക ജീവിതം വളരെ ശോചനീയാവസ്ഥയിലായിരുന്നു. ഋതുമതിയായ ശേഷം വിവാഹിതയാകുന്നതുവരെ വീട്ടിനുള്ളിൽ അടങ്ങി കഴിയേണ്ടി വന്നപ്പോഴാണ് തനിക്കു ചുറ്റുമുള്ള ജീവിതത്തെക്കുറിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞതെന്ന് അന്തർജ്ജനം പറഞ്ഞിട്ടുള്ള കാര്യം മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. കുഞ്ഞായിരുന്നപ്പോൾ, താനനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്യം എല്ലാവർ ക്കുമുണ്ടെന്നു തെറ്റിദ്ധരിച്ച അവർ തന്റെ സ്വാതന്ത്യം നിഷേധിക്കപ്പെട്ടപ്പോഴാണ് ചുറ്റിലും ശ്രദ്ധിച്ചത്. ചുറ്റും കണ്ട ക്രൂരവും നിന്ദ്യവുമായ ദുരാചാരങ്ങളും അന്ധവിശ്വാസ ങ്ങളും അവരെ വല്ലാതെ ദുഃഖിപ്പിച്ചു. ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യജീവിതത്തിന് അടിത്തറയിട്ടതും, സാഹിത്യ കാരിയെന്ന നിലയിലുള്ള അംഗീകാരത്തിനും നിത്യയശസ്സിനും അവരെ പ്രാപ്തയാക്കിയതും, സാമുദായിക ജീവിതത്തെക്കുറിച്ചുണ്ടായ അറിവും ആ അറിവിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന എതിർക്കാനുമുള്ള പ്രവണതയുമാണ്. തന്നാലാവുന്നവിധം സാമുദായികജീവിതം പരിഷ്കരിക്കാൻ ശ്രമിക്കണമെന്നും അതിനുള്ള മാദ്ധ്യമം എഴുത്തു മാത്രമാണെന്നും മനസ്സിലാക്കിയ അന്തർജ്ജനം അതിനായി തുനിഞ്ഞിറങ്ങുകയാണുണ്ടായത്. കണ്ടും കേട്ടും അനുഭവിച്ചുമറിഞ്ഞ സാമുദായിക ദുരാചാരങ്ങളെല്ലാം തന്നെ അവരുടെ കൃതികളിൽ പ്രതിഫലിക്കുന്നുണ്ട്.

അക്കാലത്ത് നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾ

എന്തെല്ലാമായിരുന്നുവെന്ന് സാമാന്യമായൊന്നു പരിശോധിച്ചു നോക്കാം :-

അന്ധമായ അനാചാരങ്ങളുടെ തടവറയിൽ വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന ഒരു വിഭാഗമായിരുന്നു നമ്പൂതിരിസ്ത്രീകൾ. എഴുത്തും വായനയും നിഷിദ്ധമായിരുന്നതിനാൽ തങ്ങൾക്കു ചുറ്റും നടക്കുന്ന കാര്യങ്ങളറിയാൻ അവർക്കു കഴിഞ്ഞിരുന്നില്ല. നാലുകെട്ടിന്റെ അകത്തളത്തിനപ്പുറം ലോകമില്ലെന്ന മട്ടിലായിരുന്നു അവരുടെ ജീവിതം. എവിടെയും വിലക്കുകളും നിരോധനങ്ങളും മാത്രം. അവ ലംഘിച്ചാൽ സമുദായാചാരങ്ങളുടെ പേരിൽ കഠിനശിക്ഷയും. ഇത്തരത്തിൽ സ്വയം അനാചാരക്കോട്ട കെട്ടി, അതിനകത്ത് സർവ്വ പ്രതാപത്തോടും കൂടി []അകത്തുള്ളവരെയും[], []പുറത്തുള്ളവരെയും[] ഒരേപോലെ അടക്കിഭരിച്ച് തോന്നിയ പോലെ ജീവിതം നയിച്ചിരുന്ന നമ്പൂതിരി പ്രഭുത്വം കേരളത്തിൽ പ്രബലമായിരുന്നു.

ബി.സി. മൂന്നാം ശതകത്തോടെ ജൈനമതവും ബുദ്ധമതവും കേരളത്തിൽ വേരുറച്ചു. ക്രിസ്തുവർഷത്തിന്റെ ആരംഭശതകങ്ങളിൽ ഈ മതങ്ങൾക്ക് കേരളീയജനതയുടെ മേൽ നല്ല സ്വാധീനശക്തിയുണ്ടായിരുന്നു. സംഘകാല സാഹിത്യകൃതികളിൽ പ്രശസ്തമായ []ചിലപ്പതികാരം[] ഒരു ജൈനമത സാഹിത്യകാവ്യവും []മണിമേഖല[] ബുദ്ധമതസാഹിത്യ കാവ്യവുമാണ്. എ.ഡി. 8-ാം നൂറ്റാണ്ടിൽ ശൈവവൈഷ്ണവമതങ്ങൾ ശക്തി പ്രാപിച്ചതോടെ ശങ്കരാചാര്യരെപ്പോലുള്ള വൈദികമതപരിഷ്കർത്താക്കളുടെ സ്വാധീനം കാരണം ജൈന ബുദ്ധമതങ്ങൾ ക്ഷയിച്ചുതുടങ്ങി. ബുദ്ധമതം 12-ാം നൂറ്റാണ്ടുവരെയും ജൈനമതം 16-ാം നൂറ്റാണ്ടുവരെയും അല്പാല്പം അവിടവിടെയായി നിലനിന്നിരുന്നു.

A.D. 8-ാം നൂറ്റാണ്ടിനു മുൻപ് കേരളത്തിലുണ്ടായിരുന്ന ബ്രാഹ്മണർ സമൂഹത്തിൽ ബഹുമാന്യരായിരുന്നെങ്കിലും പ്രബലരായിരുന്നില്ല. എന്നാൽ ആര്യവൽക്കരണത്തോടെ സമൂഹത്തിന്റെ ഉന്നതശ്രേണിയിയിലെത്തിയ ബ്രാഹ്മണർ പ്രബലശക്തിയായിത്തീർന്നു. "A.D. 8-ാം ശതകത്തിൽ വെളിയിൽ

നിന്ന് ഒരു വലിയ സംഘം ബ്രാഹ്മണർ വന്നു ചേരുകയും നേരത്തെത്തന്നെ ഇവിടെ ഉണ്ടായിരുന്ന ബ്രാഹ്മണശക്തിക്ക് കരുത്ത് വർദ്ധിക്കുകയും ചെയ്തപ്പോൾ കേരളത്തിലെ ആര്യാധിനിവേശം അതിന്റെ പരകോടിയിലെത്തി. ഈ സംഘത്തോടൊപ്പം ആറു ബ്രാഹ്മണ മഹാപണ്ഡിതൻമാർ (ഭട്ടൻമാർ) കേരളത്തിലെത്തുകയും ബൗദ്ധസന്യാസിമാരുമായി വാദപ്രതിവാദത്തിലേർപ്പെട്ട് അവരെ പരാജയപ്പെടുത്തി വൈദികമതത്തിന്റെ പരമപ്രാമാണ്യം സ്ഥാപിക്കുകയും ചെയ്തു എന്നതാണ് ഐതിഹ്യം."[6] ഏതായാലും A.D. 8-ാം ശതകത്തോടെ ബ്രാഹ്മണർ കേരളീയ സമൂഹത്തിലെ പ്രബലശക്തിയായിത്തീരുന്നുണ്ട്.

വൈദിക-ദൈവിക കർമ്മങ്ങൾ ചെയ്യുന്നതുകൊണ്ട് വേദങ്ങളും ദൈവങ്ങളുമായി അടുത്ത ബന്ധമുണ്ടെന്നും അതുകൊണ്ടുതന്നെ തങ്ങൾ സർവ്വാദരണീയരാണെന്നും, മറ്റു സമുദായക്കാരുടെ സേവനം തങ്ങൾ അർഹിക്കുന്നു എന്നും ബ്രാഹ്മണർ മറ്റുള്ളവരെ ക്കൊണ്ട് അംഗീകരിപ്പിച്ചു. ശൂദ്രർ സമൂഹത്തിന്റെ താഴേക്കിടയിലേക്ക് തള്ളപ്പെട്ടു. സാമൂഹിക സാമ്പത്തിക രാഷ്ട്രീയകാര്യങ്ങളിലൊന്നും അഭിപ്രായ പ്രകടനത്തിനോ സ്വാധീനത്തിനോ അർഹതയില്ലാത്ത അവർക്ക്, തങ്ങളുടെ ജീവിതം, ഉന്നത വിഭാഗങ്ങളുടെ സുഖജീവിതത്തിനു വേണ്ടി ഉഴിഞ്ഞുവെയ്ക്കേണ്ടിവന്നു. സാമൂഹികമായ ഒട്ടനവധി അവശതകൾ അവർക്ക് അനുഭവിക്കേണ്ടിവന്നു. അദ്ധ്വാനത്തിന്റെ മഹത്വം അംഗീകരിക്കപ്പെട്ടില്ല. അങ്ങനെ സമൂഹത്തിൽ മേലാള-കീഴാള ബന്ധം ഉടലെടുത്തു.

ഇങ്ങനെ ബ്രാഹ്മണർ സമൂഹത്തിലെ ഉന്നതശ്രേണിയിലെത്തിയപ്പോഴും ആ പദവിയുടെ ഗുണങ്ങളും ആനുകൂല്യങ്ങളും അനുഭവിച്ചത് ആ സമുദായത്തിലെ പുരുഷൻമാർ മാത്രമായിരുന്നു. സ്വാഭാവികമായും ആ സമുദായത്തിലെ സ്ത്രീകളുടെ ജീവിതനിലവാരം താഴ്ന്നു. "അധികാരം കിട്ടിയ പുരുഷൻമാർ അത് നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനുള്ള നിയമങ്ങളുണ്ടാക്കി. അങ്ങനെ പുരുഷൻ മേധാവിയും സ്ത്രീ അടിമയുമായിത്തീർന്ന ഒരു പുതിയ സാമൂഹ്യക്രമം ഉടലെടുത്തു."[7] വർണ്ണവർഗ്ഗ വിവേചന നയങ്ങളും സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്ന മനുസ്മൃതിവാക്യം അടിച്ചേൽപ്പിക്കലും സംസ്കാരസമ്പന്നമായിരുന്ന ദ്രാവിഡസമൂഹത്തെ മലിനമാക്കി;

അപരിഷ്കൃതമാക്കി.

പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർദ്ധക്യേ
നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി.

എന്ന മനുവാക്യത്തിൽ മനു നിഷേധിക്കുന്ന സ്വാതന്ത്ര്യം ബന്ധനമുക്തതയല്ല, ജീവിതപ്രശ്നങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്."[8] എന്നാൽ സ്മൃതിവാക്യത്തിലെ സ്ത്രീയ്ക്കനുകൂലമായ സൂചനകൾ മറച്ചുവെച്ച് (പിതാവും ഭർത്താവും പുത്രനും യഥാകാലങ്ങളിൽ സ്ത്രീയെ സംരക്ഷിക്കണം) സ്ത്രീ സ്വാതന്ത്ര്യമർഹിക്കുന്നില്ല എന്ന ഭാഗം മാത്രം എടുത്തുകാട്ടി സ്ത്രീയെ പുറംലോകവുമായുള്ള ബന്ധത്തിൽ നിന്ന് അകറ്റി മാമൂൽകോട്ടകൾക്കുള്ളിൽ ബന്ധിക്കുകയാണ് നമ്പൂതിരി സമുദായം ചെയ്തത്. ബൗദ്ധികവും കലാപരവും കായികവുമായ കഴിവുകൾ അടിച്ചമർത്തപ്പെട്ട് വെറും അടുക്കളക്കാരികളും അകത്തളസ്ത്രീകളുമായി അവർ മാറ്റപ്പെട്ടു.

സാമ്പത്തികമായി നമ്പൂതിരിമാർ പൊതുവെ ഉയർന്ന നിലയിലായിരുന്നുവെങ്കിലും സാമൂഹിക ജീവിതത്തിൽ ഹീനവും നിന്ദ്യവുമായ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അവർ വെച്ചുപുലർത്തിയിരുന്നു. അവ എന്തെല്ലാമായിരുന്നുവെന്നു നോക്കാം.

വിവാഹ സമ്പ്രദായം

നമ്പൂതിരി ഗൃഹങ്ങളിലെ സമ്പത്ത് ഭാഗിച്ച് പോകാതിരിക്കാനായി പുത്രൻമാരിൽ മൂത്തയാൾ മാത്രം സ്വജാതീയ വിവാഹവും (വേളി) മറ്റുള്ളവർ വിജാതീയ ബന്ധവും (സംബന്ധം) ആണ് നടത്തിയിരുന്നത്. നമ്പൂതിരി സംബന്ധത്തെ നായർ തറവാട്ടുകാർ അഭിമാനമായി കണക്കാക്കിപ്പോന്നു; അതുപോലെത്തന്നെ രാജകുടുംബ വുമായുള്ള ബന്ധവും. ക്ഷത്രിയ (രാജകുടുംബ) സംബന്ധത്തിനു ഭാഗ്യമുണ്ടായ നായർ തറവാട്ടിലെ സ്ത്രീകൾ നേത്യാരമ്മ എന്നറിയപ്പെട്ടിരുന്നു. നമ്പൂതിരിമാർക്കു വേണ്ടി മരിക്കാൻ സൃഷ്ടിക്കപ്പെട്ടവരാണ് നായൻമാർ, നായർ സ്ത്രീകൾ അവരെ രസിപ്പിക്കാൻ വേണ്ടിയും എന്നതായിരുന്നു

അവസ്ഥ.[9] നമ്പൂതിരി ഭർത്താവിന്റെ ശാരീരികാ വശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും ആ ബന്ധത്തിലുണ്ടാകുന്ന മക്കളെ പോറ്റി വളർത്തുകയും നായർ സ്ത്രീകളുടെ ചുമതലയായി.

ഇല്ലത്തെ മൂത്ത പുത്രൻ വേളി കഴിച്ചുകൊണ്ടുവരുന്ന പെൺകുട്ടി ആ കുടുംബത്തിലെ അംഗമാകുന്നു. വിവാഹകാര്യത്തിൽ പ്രായവ്യത്യാസം പ്രശ്നമായിരുന്നില്ല. ഏകദേശം പത്തുവയസ്സായാൽ പെൺകുട്ടികളെ എപ്പോൾ വേണമെങ്കിലും ഏതു വൃദ്ധനും വിവാഹം കഴിച്ചുകൊടുക്കാം. ഒന്നിൽ കൂടുതൽ വേളി കഴിക്കുക അന്ന് പതിവായിരുന്നു. അറുപതു കഴിഞ്ഞ വയസ്സൻ നമ്പൂതിരിയുടെ നാലാമത്തേയോ അഞ്ചാമത്തേയോ വേളിയായി വരുന്നത് പലപ്പോഴും പതിനഞ്ചുപോലും തികയാത്ത ബാലികയായിരിക്കും. എല്ലാ നമ്പൂതിരി ഗൃഹങ്ങളും സമ്പന്നമായിരുന്നില്ല. അതുകൊണ്ടുതന്നെ ദരിദ്രകുടുംബങ്ങളിലെ പെൺകുട്ടികൾ വൃദ്ധബ്രാഹ്മണന്മാരുടെ അഞ്ചാമത്തേയോ ആറാമത്തേയോ വേളിയായി പോകാൻ നിർബ്ബന്ധിതരായി ത്തീർന്നിരുന്നു. [വരദക്ഷിണ] കൊച്ചു ചോദിക്കുന്നയാൾ, അയാൾ എത്ര വൃദ്ധനായാലും, വേളികഴിച്ചുകൊടുക്കാൻ വീട്ടുകാർ നിർബ്ബന്ധിതരാവുന്ന സന്ദർഭങ്ങൾ വിരള മല്ലായിരുന്നതിനാൽ ബാല്യവിവാഹം സാധാരണമായിരുന്നു. സ്ത്രീധനം ഒഴിവാക്കാൻ മാറ്റത്തിനുള്ള വിവാഹങ്ങളും പതിവായിരുന്നു. മകളെ വിവാഹം ചെയ്തുകൊടുക്കാൻ അച്ഛൻ മാറ്റത്തിനു വേളി കഴിക്കാൻ പോലും തയ്യാറായിരുന്നു എന്നു പറഞ്ഞാൽ വിവാഹസമ്പ്രദായത്തിലെ വൈകൃതങ്ങൾ ബോധ്യമാവുമല്ലോ വിവാഹകാര്യത്തിൽ പെൺകുട്ടിയുടെ അനുവാദമോ അഭിപ്രായമോ ചോദിക്കുമായിരുന്നില്ല.

ഇല്ലത്തെ ഒരു മൂസ്സാമ്പൂരിക്ക് (മൂത്ത പുത്രന്) എത്ര വേളി വേണമെങ്കിലും ആകാമെന്നതായിരുന്നു സ്ഥിതി. ബഹുഭാര്യാത്വം നിലനിന്നിരുന്ന സമുദായത്തിൽ അന്ന് സന്തതികളെ പെറ്റു പോറ്റുക എന്നത് അന്തർജ്ജനങ്ങളുടെ കടമയായിരുന്നു. " 'ഉണ്ണുക, ഉറങ്ങുക, ഗർഭമുണ്ടാക്കുക' എന്നത് നമ്പൂതിരിമാരുടെ ജോലിയും, 'വെയ്ക്കുക, വിളമ്പുക, പ്രസവിക്കുക' എന്നത് നമ്പൂതിരി സ്ത്രീകളുടെ ജോലിയുമായിരുന്നു.[10] ദാരിദ്ര്യം കൊണ്ടോ സാപത്ന്യം കൊണ്ടോ എന്തൊക്കെ

കഷ്ടപ്പാടുകൾ നേരിട്ടാലും അവയ്ക്കെതിരെ ചിന്തിക്കാനോ, ഇതിനെല്ലാം കാരണം ദുഷിച്ച സാമൂഹ്യവ്യവ സ്ഥിതിയാണെന്നു മനസ്സിലാക്കാനോ അവർക്കാവി ല്ലായിരുന്നു. തങ്ങൾക്കായി ഉണ്ടാക്കിവെച്ചിരിക്കുന്ന നിയമങ്ങൾ അനുസരിക്കുക എന്നത് അവരുടെ ജീവിതവ്രതമായിരുന്നു. എല്ലാ ജീവിതപ്രശ്നങ്ങൾക്കും അവർ സമാധാനം കണ്ടെത്തിയിരുന്നത് വിധിവിശ്വാസത്തിലായിരുന്നു.

സാപത്ന്യവും അസ്വതന്ത്രഭാര്യമാരും

ഒരു മൂസ്സാമ്പൂരിക്ക് ഇത്ര ഭാര്യമാരേ ആകാവൂ എന്ന് വ്യവസ്ഥ യില്ലാതിരുന്നതിനാൽ ഇഷ്ടംപോലെ വേട്ടുകൂടി അവർ. പല കുടുംബങ്ങളിൽ നിന്നെത്തിയ, വ്യത്യസ്ത കുടുംബപശ്ചാത്തലത്തിൽ നിന്നെത്തിയ യൗവ്വനം പോലുമാവാത്തവരും യൗവ്വനാവസ്ഥ പിന്നിടാറായവരുമൊക്കെയായ അന്തർജ്ജന ങ്ങൾ അടുക്കളയിലും തേവാരപ്പുരയിലും പരസ്പരം കുറ്റം ചുമത്തിയും വഴക്കടിച്ചും കഴിഞ്ഞുകൂടി. ഭർത്തൃ പരിചരണത്തിലൂടെയെങ്കിലും സംതൃപ്തിയടയാൻ അവർക്കാവുമായിരുന്നില്ല. ഊഴമിട്ടായിരുന്നു ഭർത്തൃ സമാഗമം ലഭിച്ചിരുന്നത്. സന്താനോല്പാദനോദ്ദേശ്യത്തോടെയല്ലാതെ പത്നിയുമായുള്ള വേഴ്ചയിൽ പുരുഷൻമാരും താല്പര്യം കാണിച്ചിരുന്നില്ല. അതും നല്ല നാളും പക്കവും നോക്കി മാത്രം. നാലും അഞ്ചും ഭാര്യമാരുള്ള നമ്പൂതിരിയുമായുള്ള സമാഗമത്തിന് അവസരം ഏതു ഭാര്യയ്ക്ക്, എന്ന് ലഭിക്കുമെന്ന് അവർക്കിടയിൽ യാതൊരു ധാരണയും ഇല്ലായിരുന്നു. ഒരു പക്ഷേ ആദ്യത്തെ വേളിയെ നമ്പൂതിരി കുറച്ചുനാൾ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നിരിക്കാം. പണത്തിനാവശ്യമോ, ആദ്യഭാര്യയിൽ അസംതൃപ്തിയോ വന്നാൽ വീണ്ടും വേളി കഴിക്കുന്നതോടെ ആ സ്ത്രീയുടെ സൗഭാഗ്യം അസ്തമിക്കുന്നു. അവൾ സാപത്ന്യത്തിന്റെ പോരിലേക്ക് അറിയാതെ വഴുതിവീഴുന്നു. ഭാര്യമാരുടെ എണ്ണം കൂടുന്നതോടെ മത്സരത്തിന്റെ കാഠിന്യവും ഏറുന്നു. വിവാഹജീവിതത്തിൽ സന്തോഷിക്കാൻ അവസരം കിട്ടിയിരുന്ന പെൺകുട്ടികൾ ദുർല്ലഭമായിരുന്നു. മൂസ്സാമ്പൂരിയുടെ ആദ്യവേളിയായെത്തുന്ന പെൺകുട്ടിക്കു മാത്രം ഒരുപക്ഷേ ഈ ഭാഗ്യം ലഭിച്ചിരിക്കാം. അതും അല്പദിവസത്തേയ്ക്കു മാത്രം. അടുത്ത

വേളിയോടെ അത് നഷ്ടമാവുന്നു. കുളി, തേവാരം, പഞ്ചാക്ഷരീമന്ത്രമുരുവിടൽ, സപത്നിമാരുമായി വഴക്കിടൽ ഇതൊക്കെയാവും പിന്നീടവളുടെ ദിനചര്യകൾ. ഒഴിവു സമയം പുരാണപാരായണവും, വല്ലപ്പോഴും മറക്കുടയും ഘോഷയും തുണക്കാരിയുമായി ഒരു ക്ഷേത്രദർശനവും. മരണമോ വിവാഹമോ നടക്കുമ്പോൾ പിറന്നില്ലം വരെ പോകാം. അതും ഭർത്താവിന്റെ അനുമതിയോടെ, തുണക്കാരിയെക്കൂട്ടി മാത്രം. ചുരുക്കത്തിൽ നമ്പൂതിരിപ്പെൺ കുട്ടികൾക്ക് വിവാഹമെന്നത് ഒരു ജയിലിൽ നിന്ന് മറ്റൊരു ജയിലിലേക്കുള്ള മാറ്റം തന്നെയായിരുന്നു. എന്തൊക്കെ കഷ്ടപ്പാടുകൾ നേരിട്ടാലും അതെല്ലാം വിധിവിഹിതമെന്നു സമാധാനിക്കാനായിരുന്നു അവർ ശീലിച്ചിരുന്നത്.

വിധവാ വിവാഹം

നമ്പൂതിരി സമുദായത്തിൽ ഏറെ ദുരിതമനുഭവിച്ചിരുന്നത് വിധവകളായിരുന്നു. കളിപ്രായം വിട്ടുമാറും മുമ്പുതന്നെ ഏതെങ്കിലും വൃദ്ധന്റെ ഭാര്യയായിപ്പോകാൻ പെൺകുട്ടികൾ നിർബന്ധിതരാവുന്ന സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകളായിരുന്നു അന്ന് നിലനിന്നിരുന്നത്. അതുകൊണ്ട് യൗവ്വനാരാംഭത്തിനു മുമ്പുതന്നെ വൈധവ്യം പല പെൺകുട്ടികൾക്കും അനുഭവിക്കേണ്ടിവന്നു. വിധവയ്ക്ക് പുനർവിവാഹം നിഷിദ്ധമായിരുന്നു. താലിയും ആഭരണങ്ങളും ഉപേക്ഷിച്ച് , തല മുണ്ഡനം ചെയ്ത്, വെളളവസ്ത്രം ധരിച്ച്, മംഗളകർമ്മങ്ങളിൽ നിന്നെല്ലാം വിട്ടുമാറിനിന്ന്, ഈശ്വരഭജന വുമായി അവൾ ജീവിതകാലം കഴിച്ചുകൂട്ടണമെന്നായിരുന്നു അന്നൊക്കെ നിയമം. ഭർത്താവ് മരിച്ചാലും സ്വന്തം ഇല്ലത്തേക്ക് തിരിച്ചുപോകാതെ ഭർത്താവിന്റെ ഇല്ലത്തുതന്നെ ജീവിതം ഹോമിക്കേണ്ടിയിരുന്നു അവൾക്ക്. ഘോഷയ്ക്കുളളിൽ ഒതുങ്ങേണ്ടിയിരുന്ന ഇവർക്ക് സുഖദുഃഖങ്ങൾ സമാനാവസ്ഥകളായിരുന്നു. ഭാര്യ ജീവിച്ചിരിക്കെത്തന്നെ വീണ്ടും വീണ്ടും വേട്ടുകൂട്ടുന്നത് നമ്പൂതിരിയുടെ ആഢ്യത്വത്തിന് മാറ്റു കൂട്ടുമ്പോൾ, ഭർത്താവ് മരിച്ച ഭാര്യമാർ അകത്തളങ്ങളിൽ തളയ്ക്കപ്പെടുകയായിരുന്നു. ഒരു സ്ത്രീയ്ക്ക് ആയുഷ്കാലത്തേക്ക് ഒരുവൻ മാത്രമാണ് ഭർത്താവെന്നും, ആ ഭർത്താവ് മരിച്ചാൽ സ്ത്രീ ആജീവനാന്തം വൈധവ്യം അനുഭവിക്കണമെന്നും ശഠിക്കുന്ന ലൈംഗിക

സൻമാർഗ്ഗമാണ് ബ്രാഹ്മണരുടേത്.[11]

ഭാര്യയാണ് ആദ്യം മരിക്കുന്നതെങ്കിൽ ശേഷക്രിയ കഴിയും മുമ്പുതന്നെ ഭർത്താവിന് വേറെ വിവാഹം കഴിക്കാം. സമുദായം ഇതിനെ എതിർക്കുകയല്ല, മറിച്ച് അംഗീകാരം നൽകി ആശിർവദിക്കുകയാണ് ചെയ്യാറ്. ഭാര്യമാരിലൊരാൾ മരിച്ചാൽ അതുയും കുറഞ്ഞല്ലോ എന്നും, ആ ഒഴിവിലേക്ക് പുതിയൊരു വേളി ആകാമല്ലോ? എന്നും ഉത്സാഹം കൊള്ളുന്ന മനോഗതിയായിരുന്നു നമ്പൂതിരിമാരിൽ ഏറെപ്പേർക്കും. ഭാര്യ മരിച്ച് ശവത്തിന്റെ ചൂടാറുംമുമ്പ് പുനർ വിവാഹം ചെയ്യാൻ ഭർത്താവ് മടിക്കുകയില്ല. സമൂഹം ആ മംഗളകർമ്മത്തെ ആശിർവദിക്കുകയും ചെയ്യും. ഭർത്താവ് മരിച്ചാലോ, നിരാലംബയായ ഭാര്യ അതിന്റെ പാപഭാരം മരണംവരെ തലയിലേറ്റണം. കന്യകാത്വത്തിന്റെ സൗഭാഗ്യം പോലും വിധവയ്ക്ക് അവകാശപ്പെട്ടുകൂടാ[12] എന്നിങ്ങനെ അക്കാലത്തെ ഈ അനീതിയെപ്പറ്റി വി.ടി. തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വിധവാവിവാഹം നിഷിദ്ധമായിരുന്ന അക്കാലത്ത്, വിജ്ഞാനത്തിന്റെ വാതിലുകൾ സ്ത്രീകൾക്കു നേരെ അടഞ്ഞു കിടന്നതുകൊണ്ട് തങ്ങളുടെ അവസ്ഥയെക്കുറിച്ച് ബോധവതികളാകാനുള്ള അവസരംപോലും അവർക്കുണ്ടായിരുന്നില്ല. ഈ സാഹചര്യം മുതലാക്കി പുരുഷൻമാർ സ്ത്രീകൾക്കു മാത്രമായി പ്രത്യേകം ചട്ടങ്ങളും ആചാരമര്യാദകളും ഉണ്ടാക്കി. ഏതു തെറ്റിനും സ്ത്രീയെ മാത്രം പഴിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ഈ അനീതികൾ മനസ്സിലാക്കാനും പ്രതികരിക്കാനും അവസരമുണ്ടാവാതിരിക്കാൻ വിധവകളെ എന്നെന്നേയ്ക്കുമായി ഇരുട്ടറകളിൽ തള്ളി. അവിടെ അവരുടെ ജീവിതം കരിന്തിരിയായി കത്തിത്തീർന്നു.

സ്മാർത്തവിചാരം

നമ്പൂതിരി സ്ത്രീകൾക്കുനേരെ നടന്നിരുന്ന മറ്റൊരു ക്രൂരതയായിരുന്നു സ്മാർത്തവിചാരം. സ്ത്രീയ്ക്ക് അവിഹിതബന്ധങ്ങളുള്ളതായി സംശയമുണ്ടായാൽ അവളെ വിചാരണ ചെയ്ത് കുറ്റം ചുമത്തി ശിക്ഷ നടപ്പാക്കുന്ന രീതിയാണ് സ്മാർത്തവിചാരം. സ്മൃതിനിയമങ്ങൾക്കനുസരിച്ചായിരുന്നു വിചാരണ

എന്നതുകൊണ്ടാണ് സ്മാർത്തവിചാരം എന്ന പേരു വന്നത്. ചാരിത്ര്യദോഷം അഥവാ അടുക്കളദോഷം എന്നറിയപ്പെട്ടിരുന്ന പാതിവ്രത്യഭംഗം സംഭവിച്ച സ്ത്രീകളെ സ്മാർത്തൻമാർ എന്നറിയപ്പെടുന്ന വൈദികപ്രമാണികൾ കൂറ്റം ചുമത്തി വിചാരണ ചെയ്ത്, ഭ്രഷ്ട് കല്പിച്ച് സമുദായത്തിനു പുറത്താക്കുന്നു. അവരെ വീട്ടിൽ നിന്നും ഇറക്കിവിട്ട് പടിയടച്ച് പിണ്ഡം വെയ്ക്കുന്നു. കേരളത്തിലെ നമ്പൂതിരി സമുദായം, എന്നും ഭയപ്പാടോടെ മാത്രം സ്മരിക്കുന്ന ഒരു സംഭവമാണ് 1905ൽ നടന്ന സ്മാർത്തവിചാരം. കുറിയേടത്തു താത്രി എന്ന അന്തർജ്ജന മായിരുന്നു ഇതിലെ പ്രതി. സ്മാർത്തവിചാരത്തിനു വിധേയയാവുന്ന അന്തർജ്ജനത്തെ നമ്പൂതിരിമാർ സാധനം എന്നാണ് വിളിച്ചിരുന്നത്. വിചാരണവേളയിൽ അഞ്ചാംപുരയുടെ (കൂറ്റവാളിയായ അന്തർജ്ജനത്തെ താമസിപ്പിക്കുന്ന സ്ഥലം) ഒരു കോണിലിരുന്നുകൊണ്ട് താത്രി അന്തർജ്ജനം തന്നെ ദൂഷിപ്പിച്ച 64 പുരുഷൻമാരുടെ പേരുകൾ ദാസി മുഖേന വെളിപ്പെടുത്തി. സ്മാർത്തൻമാർ അവരെയെല്ലാം ഭ്രഷ്ടരെന്നു കല്പിച്ച് സമുദായത്തിൽ നിന്നു പുറത്താക്കി. ബന്ധുക്കൾ, ദൂഷിപ്പിക്കപ്പെട്ട 'സാധന'ത്തെ മരിച്ചവൾ എന്നു സങ്കല്പിച്ച് അവൾക്ക് ഇരിക്കപ്പിണ്ഡം വെച്ചു. അന്നു ഭ്രഷ്ടരായവരുടെ കൂട്ടത്തിൽ വിവിധ സമുദായത്തിലുൾപ്പെട്ട പ്രസിദ്ധരായ പലരും ഉണ്ടായിരുന്നു.

നമ്പൂതിരി സമുദായത്തിലെ പുരുഷൻമാർക്കിടയിൽ ലൈംഗിക കാര്യങ്ങളിൽ യാതൊരു നിയന്ത്രണവും ഇല്ലാതിരുന്ന കാലഘട്ടത്തിലാണ് ലൈംഗികകുറ്റത്തിന് സ്ത്രീകൾക്ക് ഭ്രഷ്ട് കല്പിച്ചിരുന്നത്. മൂസ്സാന്മൂരിക്ക് എത്ര വേളിയുമാകാം. പരസ്യമായ രഹസ്യമായി ബന്ധങ്ങൾ വേറെയും ഉണ്ടാവാം. അപ്പൻമാർക്കാകട്ടെ, നമ്പൂതിരിയിതര സവർണ്ണസമുദായങ്ങളുമായി പറ്റാവുന്നിടങ്ങളിൽ നിന്നൊക്കെ സംബന്ധവും. അനാശാസ്യബന്ധങ്ങളിൽ ആണ്ടുമുങ്ങിക്കിടന്നിരുന്ന നമ്പൂതിരിമാർ തന്നെ, അവരുടെ സ്ത്രീകൾക്ക് നേരിയ സംശയത്തിന്റെ പേരിൽപോലും ഭ്രഷ്ട് കല്പിച്ചിരുന്നു. മറ്റു സമുദായക്കാർ മാറാനും മുന്നോട്ടുപോവാനും സ്വയം പരിഷ്കരിക്കാനും വെമ്പിയുണർന്ന ഒരു ഘട്ടത്തിൽ നമ്പൂതിരിമാർ സ്വതികൊണ്ടു കെട്ടിയ കോട്ടയിലിട്ട് സ്ത്രീയെ ചാരിത്ര്യദോഷത്തിന് വിചാരണ ചെയ്യുകയായിരുന്നു.[13]

നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ ദൂഷിതയായിരുന്നില്ല കുറിയേടത്ത് താത്രി; അവസാനത്തേതുമല്ല. 1893നും 1913നും ഇടയ്ക്ക് നാലോളം സമാർത്ത വിചാരങ്ങൾ നടന്നിട്ടുള്ളതായി കാണിപ്പയ്യൂർ രേഖപ്പെടുത്തുന്നുണ്ട്. "സമൂഹത്തിന്റെ മേൽത്തട്ടിൽ സ്മൃതിയുടെ കോയ്മയും, പുരുഷന്റെ കോയ്മയും, ജന്മിയുടെ കോയ്മയും ഒന്നിച്ചു ചേർന്നു പശതേച്ചുറപ്പിച്ച ബ്രാഹ്മണ്യത്തിന്റെ വീട്ടകങ്ങളിൽ സ്ത്രീ എത്ര ദീനയും അബലയുമായിരുന്നു എന്നു തെളിയിക്കുകയാണ് ഈ വിചാരണകൾ ചെയ്യുന്നത്."[14]

വിദ്യാഭ്യാസ നിഷേധം

നമ്പൂതിരി സ്ത്രീകൾക്ക് അക്കാലത്ത് വിദ്യ നിഷേധിക്കപ്പെട്ടിരുന്നു. തിരളും മുമ്പുതന്നെ ഏതെങ്കിലും വയസ്സൻ നമ്പൂതിരിയുടെ ഭാര്യയായി അയാളുടെ ഇല്ലത്തിന്റെ അകത്തളത്തിൽ ജീവിക്കേണ്ടുന്ന സ്ത്രീയ്ക്ക് വിദ്യ ആവശ്യമില്ലല്ലോ. അല്ലെങ്കിൽ ആജീവനാന്തം കന്യകയായി, സ്വന്തം ഇല്ലത്തിന്റെ അകത്തളത്തിൽ അച്ഛൻ വേട്ടുകൊണ്ടുവന്ന ചെറിയമ്മമാരുമായോ, സഹോദരന്റെ പത്നിമാരുമായോ പൊരുതി ജീവിച്ചു തീർക്കേണ്ട സ്ത്രീജന്മത്തിന് എന്തിനാണ് വിദ്യ? പുരുഷന്റെ സ്വാർത്ഥതാല്പര്യ ത്തിനു പുറമെ ഈ രണ്ടു കാരണങ്ങൾ കൊണ്ടുകൂടിയായിരിക്കണം സ്ത്രീയ്ക്ക് വിദ്യ നിഷേധിക്കപ്പെട്ടത്. തേവാരത്തിനുള്ള അത്യാവശ്യമന്ത്രങ്ങളും നാമങ്ങളും മാത്രമറിഞ്ഞിരുന്നാൽ മതി സ്ത്രീക്ക് എന്നായിരുന്നു പൊതുവെയുള്ള ധാരണ.

വൈദിക കാലത്ത് കുടുംബത്തിലും സമൂഹത്തിലും ഉന്നതപദവിയുണ്ടായിരുന്ന സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നില്ല. സൗന്ദര്യത്തിന്റേയും, ശക്തിയുടേയും, പ്രഭാവത്തിന്റെയും, വിദ്യയുടെയും, ദേവതമാരായി വേദകാലത്ത് സ്ത്രീകൾ വാഴ്ത്തപ്പെട്ടു. വിശ്വവാര, അപാല എന്നീ സ്ത്രീകൾ നിർമ്മിച്ച ഋഗ്വേദസൂക്തങ്ങൾ, ലോകത്തിലെ മറ്റു ജനസമൂഹങ്ങളിലെ സ്ത്രീകൾക്കുണ്ടായിരുന്നതിനേക്കാൾ കൂടുതലായി, സാഹിത്യാദി കലകളുടെ നിർമ്മാണത്തിന് അനുകൂലമായ പരിതസ്ഥിതി പ്രാചീനഭാരതത്തിലെ

സ്ത്രീകൾക്കുണ്ടായിരുന്നു എന്നതിന് തെളിവാണ്.

ഇതിഹാസകാലത്തിനു ശേഷമാണ് വേദാന്തസാരസർവ്വസ്വമായി അംഗീകരിക്കപ്പെട്ട ഉപനിഷത്തുകൾ രചിക്കപ്പെടുന്നത്. ജ്ഞാനിയായ യാജ്ഞവല്ക്യനോട് പ്രപഞ്ചസത്യത്തെക്കുറിച്ചന്വേഷിക്കുന്ന ഗാർഗ്ഗിയെ ഉപനിഷത്തു ക്കളിൽ കാണാം. "യാജ്ഞവൽക്യനോട് വചക്നുവിന്റെ പുത്രിയായ ഗാർഗ്ഗി ചോദിച്ചു : "കസ്മിൻ ഖലു ബ്രഹ്മലോകാ ഓതാശ്ച പ്രോതശ്ചേതി" (ബ്രഹ്മലോകങ്ങൾ എന്തിലാണ് ഓതങ്ങളും പ്രോതങ്ങളുമായിരിക്കുന്നത്?) യാജ്ഞവല്ക്യൻ പറഞ്ഞു : "അല്ലയോ ഗാർഗ്ഗി, അതിപ്രശ്നം ചെയ്യാതിരിക്കുക. നിന്റെ മൂർദ്ധാവ് വിപതിക്കാതിരിക്കട്ടെ; അതിപ്രശ്നത്തിന് വിഷയമല്ലാത്ത ദേവതയെക്കുറിച്ചാണ് നീ അതിപ്രശ്നം ചെയ്യുന്നത്. അല്ലയോ ഗാർഗ്ഗി, ചെയ്യാതിരിക്കുക. അനന്തരം വചക്നുവിന്റെ പുത്രിയായ ഗാർഗ്ഗി അടങ്ങി."[15] യാജ്ഞവല്ക്യൻ ഗാർഗ്ഗിയ്ക്കേർപ്പെടുത്തിയ ഈ വിലക്ക് എല്ലാ സ്ത്രീകൾക്കും പിന്നീട് ബാധകമായി. പക്ഷേ, മൈത്രേയി, ഗാർഗ്ഗി തുടങ്ങിയവർ പാണ്ഡിത്യത്തിന്റെ കാര്യത്തിൽ അന്നത്തെ പുരുഷ പണ്ഡിതൻമാർക്കൊപ്പം നിന്നിരുന്നു; വാദപ്രതിവാദങ്ങളിലേർപ്പെടുകയും പ്രതിയോഗിയെ പരാജയപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ ഇവരുടെ പിൻമുറക്കാർ, പുരുഷൻമാർ കെട്ടിയ ആചാരവേലിയ്ക്കകത്ത്, അവരേർപ്പെടുത്തിയ വിലക്കുകൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ് തങ്ങളെന്ന വിനയത്തോടെ അടങ്ങിക്കഴിയുകയാണുണ്ടായത്. പുറംലോകത്തു നടക്കുന്ന പുരോഗതികൾ മനസ്സിലാക്കാതിരിക്കാൻ, തങ്ങൾക്കുള്ള അവകാശാധികാരങ്ങളെപ്പറ്റി ബോധവതികളാവാതിരിക്കാൻ, വളരെ തന്ത്രപൂർവ്വം പുരുഷൻമാർ വിദ്യ അഭ്യസിക്കുന്നതിൽ നിന്ന് സ്ത്രീകളെ വിലക്കി. ഈ വിലക്ക് മറ്റേതു സമുദായത്തേക്കാളുമധികം പ്രബലമായത് നമ്പൂതിരി സമുദായത്തിലായിരുന്നു.

സാമൂഹ്യജീവിത നിഷേധം

വിദ്യാഭ്യാസം പോലെത്തന്നെ നമ്പൂതിരി സ്ത്രീകൾക്ക് നിഷിദ്ധമായിരുന്നു സാമൂഹ്യജീവിതവും. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന ഒറ്റ വാക്യത്തിന്റെ

പേരിൽ പുരുഷൻമാർ സ്ത്രീകൾക്കു മാത്രമായി നിയമം സൃഷ്ടിച്ച് അവളുടെ ജീവിതത്തിനു ചുറ്റും പാരതന്ത്ര്യത്തിന്റെ വൻമതിൽ കോട്ട കെട്ടി. അവളുടെ ജീവിതം പിറന്നില്ലത്തേയും ഭർത്താവിന്റെ ഇല്ലത്തേയും അടുക്കളയിലും അകത്തളത്തിലും സമീപത്തെ ക്ഷേത്രങ്ങളിലും മാത്രമായി ചുരുങ്ങി. നാട്ടിലെ പൊതുചടങ്ങുകളിലൊന്നും പങ്കെടുക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. പിറന്നില്ലത്തേക്ക് വിവാഹമോ മരണമോ ഉണ്ടായാൽ മാത്രം പോകാം. വിധവയ്ക്ക് അതും നിഷേധിക്കപ്പെട്ടിരുന്നു. ശൈശവബാല്യങ്ങളിൽ മാത്രമായിരുന്ന ഒരു നമ്പൂതിരിപ്പെൺകുട്ടി അവൾക്കു വേണ്ടി ജീവിച്ചത്. കൗമാരത്തിലെത്തുന്നതോടുകൂടി അവൾക്കു നേരെ വിലക്കുകൾ ഉയരുന്നു; ഋതുമതിയാകുന്നതോടെ നിയന്ത്രണങ്ങളുടെ ശക്തികൂടുന്നു.

സാമൂഹ്യജീവിതത്തിൽ തങ്ങളുടെ വ്യക്തിത്വം രേഖപ്പെടുത്താനാകാതെ ജീവിച്ചു മരിക്കേണ്ടുന്ന ഗതികേടായിരുന്നു പണ്ടത്തെ നമ്പൂതിരി സ്ത്രീകൾക്ക്. അമ്മയുടെ വാത്സല്യത്തിൽ പോലും പെൺകുട്ടി നിസ്സഹായതയാണ് അറിഞ്ഞിരുന്നത് : പെണ്ണായിപ്പിറന്നതിലുള്ള സഹതാപമാണ് അനുഭവിച്ചത്. പിറന്നു വീഴുമ്പോൾ മുതൽ അവൾക്കു ചുറ്റും വിലക്കുകൾ മാത്രം. അടുക്കളയിലും അതിനോടനുബന്ധ ഭാഗങ്ങളിലും മാത്രം സഞ്ചാരം. ഒഴിവുസമയങ്ങളിൽ പുരാണ പാരായണം നടത്താം. വിശ്രമ രഹിതമായിരുന്നു നമ്പൂതിരിസ്ത്രീയുടെ ജീവിതം. നെടുമംഗല്യത്തിന് കഴുത്തിലെ ഇറുക്കിക്കെട്ടിയ താലിച്ചരടു പിടിച്ച് പഞ്ചാക്ഷരീമന്ത്രം ഉരുവിടുക അവളുടെ ദിനചര്യകളിൽ പ്രധാനമായിരുന്നു. പ്രാർത്ഥിക്കുന്നതുപോലും തനിക്കുവേണ്ടി യായിരുന്നില്ല; ഭർത്താവിന്റെ ദീർഘായുസ്സിനു വേണ്ടിയായിരുന്നു. ഓണം, വിഷു, തിരുവാതിര തുടങ്ങിയ ആണ്ടുറുതികളല്ലാതെ മറ്റുത്സവങ്ങൾ അവൾക്ക് അന്യമായിരുന്നു. വിരസമായ ജീവിതമായിരുന്നു അവളുടേത്. വിവാഹിതകൾ മാത്രമേ വാസനപ്പൂ ചൂടാവൂ; അതും വേളിശ്ലേഷം (ഭാര്യാ ഭർത്താക്കൻമാരുടെ പ്രഥമ സമാഗമം) ഭർത്താവിന്റെ കൈകൊണ്ടായിരിക്കണം. പുരുഷൻ സ്ത്രീയെ തീർത്തും ഒരു ഉപഭോഗ വസ്തുവായാണ് കണ്ടത്. അവളെ സാമൂഹ്യജീവിയോ, ഒരു മനുഷ്യജീവി യായിപ്പോലുമോ കണ്ടിരുന്നില്ല. ഇല്ലം വിട്ട് പുറത്തിറങ്ങാൻ അവൾക്ക് അവകാശമില്ലായിരുന്നു.

പുരുഷൻ സർവ്വതന്ത്രസ്വതന്ത്രനും സ്ത്രീ തികഞ്ഞ അടിമയു മായിരുന്നു. സ്വതന്ത്രമായ ലൈംഗികജീവിതം പുരുഷന്റെ അവകാശം. പൂർണ്ണമായ കീഴടങ്ങൽ സ്ത്രീയുടെ സ്വഭാവഗുണം.[16]

നമ്പൂതിരി സ്ത്രീകളുടെ വസ്ത്രധാരണരീതി വിചിത്രമായിരുന്നു. അരയ്ക്കുമുകളിൽ നഗ്നരായി നടക്കണം. ഞൊറിഞ്ഞുടുത്ത മുണ്ടാണ് ആകെയുള്ള വസ്ത്രം. പുറത്തിറങ്ങുമ്പോൾ ഒരു മുണ്ടു പുതയ്ക്കാം. ജാക്കറ്റ് (ബ്ലൗസ്) എന്നൊരു സാധനം നഗ്നത മറയ്ക്കാനായി ഉപയോഗിക്കാറുണ്ടെന്നു വസ്തുത അംഗീകരിക്കാൻ അന്നത്തെ യാഥാസ്ഥിതിക സമൂഹം തയ്യാറല്ലായിരുന്നു. ഞൊറിഞ്ഞുടുത്ത മുണ്ടും ഓലക്കുടയും പുതമുണ്ടുമായിരുന്ന വല്ലപ്പോഴും പുറത്തിറങ്ങുമ്പോൾ നമ്പൂതിരി സ്ത്രീയുടെ വേഷം. മറക്കുട താഴ്ത്തിപ്പിടിച്ച് സ്വന്തം മുഖം പരപുരുഷനിൽ നിന്ന് രക്ഷിച്ചുവേണം പുറത്തിറങ്ങി നടക്കാൻ. കുടയും പുതപ്പുമില്ലാതെ പുറത്തിറങ്ങുക എന്നത് അന്നത്തെ നമ്പൂതിരി സ്ത്രീകൾക്ക് ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമായിരുന്നു. വിവാഹിതകൾക്ക് കാതിൽ ചുറ്റുകമ്മലും (കാലം ചെല്ലുമ്പോൾ കാതിന്റെ ദ്വാരം വലുതായി വലിയ വൃത്തമുണ്ടാകും. അതും ആചാരമായിരുന്നു) കഴുത്തിൽ ഇറുക്കിക്കെട്ടിയ താലിച്ചരടും കൈയിൽ നിറയെ ഓട്ടുവളകളുമായിരുന്ന ആഭരണങ്ങൾ.

'കണ്ണീരും കിനാവും' എന്ന കൃതിയിൽ നമ്പൂതിരി സ്ത്രീയുടെ ദയനീയ ജീവിതം വി.ടി. ഭട്ടതിരിപ്പാട് വിശദമായി വരച്ചുകാട്ടുന്നുണ്ട്. ശ്രീദേവി എന്ന പേരിനു ഭംഗി കൂടിപ്പോയെന്ന ആക്ഷേപം കൊണ്ട് ഇട്ടിച്ചിരി എന്നു വിളിച്ചുപോന്നു. 12-ാമത്തെ വയസ്സിൽ കാതുകുത്തി, ഉടുത്തു തുടങ്ങി. 14-ൽ അബദ്ധത്തിന് ആ പെൺകുട്ടി തിരണ്ടു. ആ അപകടം പറ്റിച്ചതിന്റെ ശിക്ഷയെന്നോണം പത്തുകൊല്ലം അന്തഃപുരത്തിൽ അസൂര്യംപശ്യയായി അവിവാഹിതയായി ആ കുട്ടിക്കാവിന് കഴിച്ചുകൂട്ടേണ്ടി വന്നു. അവസാനം മറ്റു ഗതിയില്ലായ്കയാൽ പിതാവ് കൈയിലണഞ്ഞ വൃദ്ധബ്രാഹ്മണന് ഇശ്യാമത്തെ വേളിക്കു തുലച്ചുവിട്ടു. സാപത്ന്യത്തിന്റേയും വൃദ്ധഭർത്തൃത്വത്തിന്റേയും കാനലിൽ അവളുടെ മധുരാഭിലാഷങ്ങൾ കുമ്പടഞ്ഞു മുരടിച്ചു. അഞ്ചാറു മച്ചിപ്പൈക്കൾ

കടന്നാക്രമിച്ചതിനാൽ അവളുടെ ഭർത്തൃത്വം ഒരു നാൾ കടപുഴങ്ങി നിലം പതിച്ചു. തികഞ്ഞ താരുണ്യത്തിൽ അവളൊരു വിധവയായി. മച്ചിലെ കല്ലുവിളക്കുപോലെ ഏതാനും സംവത്സരക്കാലം മുനിഞ്ഞുകത്തിയശേഷം പടുതിരികത്തി കെട്ടണഞ്ഞു.[17] വി.ടി. നൽകുന്ന ഈ രേഖാചിത്രത്തിൽ നിന്ന് അന്നത്തെ നമ്പൂതിരിസ്ത്രീകളുടെ അടിമത്തവും, അവർ അനാചാരത്താൽ ബന്ധിതരും സാമൂഹിക സാമ്പത്തിക ജീവിതാവസ്ഥകൾ നിഷേധിക്കപ്പെട്ട വരുമായിരുന്നുവെന്ന വസ്തുതയും വ്യക്തമാവുന്നു.

അപ്പൻമാരുടെ ജീവിതം

നമ്പൂതിരി ഗൃഹങ്ങളിൽ മൂത്ത പുത്രൻ മാത്രം വേളികഴിക്കുകയും മറ്റുള്ളവർ വിജാതീയവിവാഹമോ സംബന്ധമോ നടത്തുകയുമായിരുന്ന പതിവ്. നമ്പൂതിരി സംബന്ധം അഭിമാനമായി നായർതറവാട്ടുകാർ കരുതിയിരുന്നു. ഇല്ലത്തെ സ്വത്തിൽ മൂത്തയാൾക്കു മാത്രമേ അധികാരമുണ്ടായിരുന്നുള്ളൂ. അപ്പൻ എന്നത് അച്ഛന്റെ അനുജന്റെ സ്ഥാനപ്പേരാണ്. പ്രായപൂർത്തിയായി സമാവർത്തനം എന്ന ചടങ്ങു കഴിഞ്ഞാൽപ്പിന്നെ അയാൾക്ക് സ്വന്തം ഇല്ലത്ത് യാതൊരു സ്ഥാനവുമില്ല. അച്ഛനോ അമ്മയോ ജീവിച്ചിരിക്കുന്ന കാലം വരെ ഇല്ലവുമായി ഒരു ചെറിയ ബന്ധം തുടർന്നു എന്നു വരാം. അതു കഴിഞ്ഞാൽ അയാൾ സ്വന്തം ഇല്ലത്ത് വെറുമൊരതിഥി മാത്രം. ചാത്തത്തിനോ (ശ്രാദ്ധം) പിറന്നാളിനോ വരാം. കുളപ്പുര മാളികയിലോ പത്തായപ്പുരയിലോ കിടക്കാം. പുറത്തെ നമസ്കാരപ്പടിയിൽ നമസ്കരിക്കാം. ഉണ്ണാൻ ക്ഷണിച്ചാൽ അകത്തുപോയി ഉണ്ണാം. അതുകഴിഞ്ഞാൽ പോകാം. അയാൾക്കു വീടില്ല; വീട്ടുകാരില്ല. ഭ്രഷ്ടന്റെ പുറമ്പോക്കു ജീവിതമാണയാളുടേത്. മറ്റു ജാതിക്കാരുമായുള്ള സംബന്ധമാണയാൾക്കു വിധിച്ചിട്ടുള്ളത്. അതിലുണ്ടാകുന്ന കുട്ടികൾ സാങ്കേതിക മായിട്ടല്ലാതെ അനുഭവത്തിൽ അയാളുടെ കുട്ടികളല്ല. അവരയാളെ അച്ഛാ എന്നു വിളിക്കുകയില്ല. ആ വിളി അയാളൊരിക്കലും കേൾക്കുകയുമില്ല. പിതാവെന്നോ ഭർത്താവെന്നോ ഉള്ള സ്വത്വബോധങ്ങളില്ലാതെ, അലിയാനോ അലിവു കാട്ടാനോ ഉള്ളിൽ ഉറവകളില്ലാതെ, വാത്സല്യത്തിന്റെയോ ലാളനയുടേയോ കാമനകൾക്ക് സാഫല്യങ്ങളില്ലാതെ അവർ പുറമ്പോക്കുകാരായി അമ്പലങ്ങളിൽ നിന്ന് അമ്പലങ്ങളിലേക്ക് അലഞ്ഞു. നമ്പൂതിരി സമുദായത്തിലെ

പാതിയിലധികം വരുന്ന സ്ത്രീകൾ പുറത്തേക്ക് വാതിലുകളില്ലാതെ അകത്തളങ്ങളിൽ കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ ഏതാണ്ട് അത്രയും വരുന്ന അപ്ഫൻമാർ അകം തന്നെയില്ലാതെ പുറത്തളങ്ങളിൽ ബഹിഷ്കൃതരായി അലഞ്ഞു[18] - അപ്ഫൻമാരുടെ ജീവിതസാഹചര്യത്തേയും ജീവിത രീതിയേയും വിലയിരുത്തിക്കൊണ്ട് കെ.സി. നാരായണൻ ഇപ്രകാരം അഭിപ്രായ പ്പെട്ടിരിക്കുന്നു. ഇതിൽ നിന്ന് സമുദായത്തിലെ അധികപ്പറ്റായ അപ്ഫൻമാരുടെ ചിത്രം ഏറെക്കുറെ വ്യക്തമാകുന്നുണ്ടല്ലോ.

പട്ടിയായി ജനിക്കാം, പൂച്ചയായി ജനിക്കാം. ഇനിയൊരു ജന്മമുണ്ടെങ്കിൽ മറ്റേതു നികൃഷ്ടജീവിയായും ജനിക്കാം. പക്ഷെ, ഒരില്ലത്തെ അപ്ഫനായി ജനിക്കുവാൻ സാദ്ധ്യമല്ല.[19] വി.ടി. ഭട്ടതിരിപ്പാടിന്റെ ഒരു കഥാപാത്രം പറയുന്ന ഈ അഭിപ്രായം നാൽക്കാലിയേക്കാൾ നികൃഷ്ടമായ ജീവിതം നയിക്കേണ്ടിവന്നിരുന്ന അപ്ഫൻമാരുടെ ദയനീയചിത്രം കുറച്ചുകൂടി വ്യക്തമാക്കുന്നു. അപ്ഫൻമാർക്ക് സ്വജാതിയിൽ നിന്ന് വിവാഹം നിഷേധിക്കുന്ന ജാത്യാചാരം അവരുടെ ദാമ്പത്യജീവിതം ദുർഘടമാക്കി. ജ്യേഷ്ഠന്റെ വേളി കഴിയുന്നതോടെ അയാൾ കുടുംബച്ചങ്ങലയിലെ കണ്ണിയല്ലാതാവുന്നു. മാതാപിതാക്കളുടെ കാലശേഷം അയാൾ വീട്ടിലെ വിരുന്നുകാരനാവുന്നു. ആത്യന്തികമായി, പിറന്ന വീട്ടിലും ഭാര്യവീട്ടിലും അയാൾക്ക് സ്ഥിരമായ സ്ഥാനമില്ല. ഇങ്ങനെ സമുദായത്തിലും സമൂഹത്തിലും സ്ഥാനമില്ലാതെ ഒരു തരം അലഞ്ഞുതിരിയുന്ന ജീവിതമാണ് അപ്ഫൻമാർ നയിച്ചിരുന്നത്.

കേരളീയജീവിതത്തിൽ പൊതുവേയും നമ്പൂതിരി സമുദായത്തിൽ പ്രത്യേകിച്ചും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അന്ന് കൊടികുത്തിവാണിരുന്നു. നമ്പൂതിരി സമുദായത്തിൽ ഇതുമൂലം കൂടുതൽ ദുരിതങ്ങൾക്കിരയായത് സ്ത്രീകളാണ്. പുരുഷൻമാർ സ്ത്രീകളോട് തികഞ്ഞ അവഗണനയോടെയാണ് പെരുമാറിയിരുന്നത്. പെൺകുഞ്ഞിന്റെ ജനനം ശാപമായി കരുതിയിരുന്നു. ആൺകുട്ടികൾക്ക് നിഷ്ഠയായിരുന്ന വേദാഭ്യസനം പെൺകുട്ടി കൾക്ക് നിഷിദ്ധമായിരുന്നുവെന്നു മാത്രമല്ല, വിദ്യാഭ്യാസം എന്ന വാക്കുപോലും അവർക്ക് അന്യമായിരുന്നു. തങ്ങളുടെ സ്വൈരവിഹാരത്തിന്

വിലങ്ങുതടിയാവാതിരിക്കാൻ പുരുഷൻ സ്ത്രീയെ []അന്തർജ്ജനം[]മാക്കി. തങ്ങൾക്കു ചുറ്റുമുള്ള വിലക്കുകളുടെ വൻമതിൽ, ആചാരമായും വിശ്വാസപ്രമാണങ്ങളായും അംഗീകരിച്ചുപോന്ന സ്ത്രീകൾ.

സാംസ്കാരികജീവിതം

20-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സാംസ്കാരികമായ ഒരു മുന്നേറ്റം ദൃശ്യമാവുന്നുണ്ട്. ഈ മുന്നേറ്റം സാധിച്ചത് പ്രധാനമായും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നവോത്ഥാനത്തിന് ശക്തിയും ആക്കവും ഏറെയുണ്ടായിരുന്നത് ബംഗാളിലാണ്. ജാതീയമായ ഉച്ചനീചത്വങ്ങളും അതിന്റെ ഫലമായ സാമ്പത്തികഅടിമത്തവും കൂടുതലുണ്ടായിരുന്നത് ബംഗാളിലാണ് എന്നതുതന്നെയാണ് ഇതിനു കാരണം. ശൈശവവിവാഹം, വിധവാവിവാഹനിഷേധം, സ്ത്രീയ്ക്ക് വിദ്യയും സാമൂഹികജീവിതവും നിഷേധിക്കൽ, സതി എന്നിവയെല്ലാം കൊണ്ട് വല്ലാതെ പൊറുതിമുട്ടുക യായിരുന്നു ബംഗാളിലെ സ്ത്രീജീവിതം. പരമ്പരയായി പുലർത്തിപ്പോന്ന അനാചാരങ്ങളിലൊന്നും പുരുഷന് []പ്രതി[]യാവുകയോ ശിക്ഷ അനുഭവിക്കേണ്ടിവരികയോ ചെയ്തിരുന്നില്ല എന്നത് വിചിത്രമായ വസ്തുതയാണ്.

ജീവിതചര്യകൾ എന്ന പേരിൽ ഉണ്ടാക്കിവെച്ചിരുന്ന ഇത്തരം അനാചാരങ്ങളിലെ പൊള്ളത്തരം വെളിച്ചത്തുകൊണ്ടുവരാൻ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ കുറച്ചുപേരെങ്കിലും നേടിയെടുത്ത അറിവ് ഏറെ സഹായിച്ചു. ഇതിന്റെ ഫലമായി ബംഗാളിജനത വേഗത്തിൽ സാംസ്കാരിക നവോത്ഥാനം കൈവരിച്ചു. പാശ്ചാത്യാശയങ്ങളുടെ സ്വാധീനമുൾക്കൊണ്ട് ബങ്കിംചന്ദ്ര ചാറ്റർജി, ശരശ്ചന്ദ്ര ചാറ്റർജി തുടങ്ങിയവർ നിലവിലുള്ള സാമുദായിക സ്ഥിതികളുടെ സങ്കീർണ്ണതകൾ വ്യക്തമാക്കുന്ന തരത്തിലുള്ള കൃതികൾ രചിച്ചു. വിധവാവിവാഹത്തെ അനുകൂലിക്കുന്നവയും ബഹുഭാര്യത്വം, ശൈശവ വിവാഹം, സതി എന്നിവയെ എതിർക്കുന്നവയുമായ ആശയങ്ങൾ സാഹിത്യമാദ്ധ്യമ ത്തിലൂടെ സമർത്ഥമായി ജനങ്ങളിലെത്തിക്കുവാൻ ഇവർക്കു കഴിഞ്ഞു.

ടാഗോറിന്റെ മിക്ക കൃതികളിലും ബംഗാളിലെ സാമുദായിക ജീവിതചിത്രണമാണ് തെളിഞ്ഞുകാണുക. സ്ത്രീവിമോചനവും സ്ത്രീയുടെ സുരക്ഷിതമായ സാമൂഹികജീവിതവും അദ്ദേഹത്തിന്റെ രചനയുടെ ലക്ഷ്യമായിരുന്നു. നാട്ടിലെ സാമൂഹിക രാഷ്ട്രീയ അസമത്വങ്ങൾ അദ്ദേഹത്തിന്റെ രചനകളിൽ പ്രതിഫലിക്കുന്നുണ്ട്. സ്വയംപര്യാപ്തത, സ്ത്രീ വിദ്യാഭ്യാസം, സാൻമാർഗ്ഗികവും മതപരവുമായ യാഥാസ്ഥിതിക ചിന്താധാരകളുടെ നിഷേധം, സാമുദായികവും ഗാർഹികവുമായ അനാചാരങ്ങളുടെ പാരതന്ത്ര്യത്തിൽ നിന്നുള്ള മോചനം എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്നതാണ് ടാഗോറിന്റെ []ഘരേ ബാളരേ[] എന്ന കഥ (മലയാളത്തിൽ 'വീട്ടിലും പുറത്തും' എന്ന പേരിൽ) ബി. കല്യാണിയമ്മ തർജ്ജമ ചെയ്തത്. ഇതിലെ നായകൻ നിഖിലേശ് ഭാര്യയെ വൈവാഹികമായ അടിമത്തത്തിൽ നിന്ന് സ്വതന്ത്രയാക്കാൻ തയ്യാറാവുന്നു. സമുദായത്തിലെ ദുഷിച്ചുനാറിയ അനാചാരങ്ങൾക്കെതിരെ ടാഗോർ തന്റെ കൃതികളിലൂടെ ശബ്ദമുയർത്തി. രാഷ്ട്രത്തിന് സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളോടൊപ്പം സാമൂഹികമായ അനീതികൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും വേണമെന്ന് ടാഗോർ പ്രഖ്യാപിച്ചു.

ബ്രിട്ടീഷുകാരുടെ രാഷ്ട്രീയതലസ്ഥാനം കൽക്കത്തയായിരുന്നതിനാലാണ് പാശ്ചാത്യാശയങ്ങളാൽ പ്രചോദിതരാവാനും നവോത്ഥാനാശയങ്ങളുമായി സാമൂഹ്യപരിഷ്കരണശ്രമങ്ങളിൽ മുന്നിട്ടിറങ്ങാനും ബംഗാളികൾക്ക് കഴിഞ്ഞത്. ഒരു കാലത്ത് ബംഗാൾ കേന്ദ്രമായി ഭാരതത്തിലുടനീളം വ്യാപിച്ച ഭക്തിപ്രസ്ഥാനത്തിന്റെ അലകൾ കേരളത്തിലെത്തിയതുപോലെ നവോത്ഥാനത്തിന്റെ അലകളും, അല്പം വൈകിയാണെങ്കിലും, കേരളത്തിലെത്തുകതന്നെ ചെയ്തു. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള ദേശീയപ്രസ്ഥാനത്തിന്റെ അലകൾ ജനങ്ങളിൽ പുതിയൊരുണർവുണ്ടാക്കി. അസംഘടിതരും പ്രതികരണശേഷി നഷ്ടപ്പെട്ടവരുമായ കേരളീയജനത അനീതികളോടു പ്രതികരിക്കാനും സംഘടിക്കാനും തുടങ്ങി. ആര്യസമാജം, ബ്രഹ്മസമാജം, തിയോസഫിക്കൽ സൊസൈറ്റി, പ്രാർത്ഥനാസമാജം ഇവയുടെയൊക്കെ ആശയങ്ങൾ കേരളജനതയെ സ്വാധീനിച്ചു. അധഃസ്ഥിത

വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിന് സാഹചര്യം ലഭിച്ചതോടെ അവരിലുണ്ടായ മാറ്റം അത്ഭുതാവഹമായിരുന്നു. അവർ തങ്ങൾക്കർഹമായ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാവാനും അതിനുവേണ്ടി പോരാടാനും ആരംഭിച്ചു; ജാതിസമ്പ്രദായത്തെയും ജന്മിത്തത്തെയും എതിർത്തു. അങ്ങനെ സാമൂഹ്യനീതിക്കും നിലനിൽപ്പിനും വേണ്ടി പോരാടുന്ന സംഘടനകൾ കേരളത്തിൽ ഉടലെടുക്കാൻ തുടങ്ങി. നായർ സർവ്വീസ് സൊസൈറ്റി, എസ്.എൻ.ഡി.പി., അയ്യങ്കാളി സഭ, പുലയമഹാസഭ ഇവയെല്ലാം ഇത്തരത്തിൽ രൂപപ്പെട്ട സംഘടനകളായിരുന്നു.

സംഘടനകൾ പലതും രൂപം കൊണ്ടുവെങ്കിലും അവയുടെ ആശയങ്ങളും പ്രവർത്തനഫലങ്ങളും ജനങ്ങളിലേക്കെത്തിക്കാൻ വർഷങ്ങളെടുത്തു. കേരളീയ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടത് 19-ാം നൂറ്റാണ്ടിന്റെ ഒടുവിലാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽക്കൂടി മാനസികവും സാമ്പത്തികവുമായ വികാസം നേടിയെടുത്തവർ ജന്മിത്തത്തേയും, കൂട്ടുകുടുംബ വ്യവസ്ഥയേയും, ശ്ലഥമായ സ്ത്രീപുരുഷബന്ധത്തേയും എതിർത്തു. നൂതനമായ ഈ പ്രവണതകളെ ഉൾക്കൊണ്ടുകൊണ്ടാണ് ചന്തുമേനോൻ "ഇന്ദുലേഖ" (1889) രചിച്ചത്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവലായ ഇന്ദുലേഖയിലൂടെ ചന്തുമേനോൻ സാമൂഹികമായ കൊള്ളരുതായ്മകളെ നിർഭയം തുറന്നുകാണിച്ചു. സൂരിനമ്പൂതിരിയുടെ ചിത്രം നമ്പൂതിരിമാരിലെ യാഥാസ്ഥിതികരെ ഞെട്ടിക്കുകയും ഉത്പതിഷ്ണുക്കളെ ആഴത്തിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകത, പ്രായഭേദം പരിഗണിക്കാതെയുള്ള വിവാഹത്തിനു നേരെയുള്ള എതിർപ്പ്, വിദ്യാഭ്യാസത്തിന്റെ ആവശ്യകത, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മേന്മകൾ തുടങ്ങിയവ അദ്ദേഹം തന്റെ നോവലിൽ ശക്തമായി ആവിഷ്കരിച്ചു. സാമൂഹ്യപരിവർത്തനശ്രമങ്ങൾക്ക് ചന്തുമേനോൻ "ഇന്ദുലേഖ"യിലൂടെ കേരളീയ ജനതയ്ക്ക് പ്രചോദനം നൽകി.

ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന അവർണ്ണർക്കുവേണ്ടി 1888ൽ ശ്രീ നാരായണഗുരു അരുവിപ്പുറത്ത് ഈഴവശിവനെ പ്രതിഷ്ഠിച്ചു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം" എന്ന തത്വം പ്രചരിപ്പിച്ചു. 1903ൽ എസ്.എൻ.ഡി.പി.

എന്ന സംഘടന ഉടലെടുത്തു. 1905ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ ഹരിജനങ്ങൾ സംഘടിച്ച് പുലയസംഘടനയും കെ.പി. കേളപ്പന്റെ നേതൃത്വത്തിൽ വാലസമുദായപരിഷ്കരണി സഭയും രൂപം കൊണ്ടു. ഇക്കാലത്തുതന്നെയാണ് നായർ സർവ്വീസ് സൊസൈറ്റിയും രൂപം കൊണ്ടത്.

നമ്പൂതിരിസമുദായ പരിഷ്കരണ പ്രവർത്തനങ്ങൾ

ചുറ്റിലും ജീവിക്കുന്ന ജനസമൂഹം അനുനിമിഷം മാറ്റത്തിനു വിധേയമായിക്കൊണ്ടിരുന്നപ്പോഴും നമ്പൂതിരിസമുദായം ജന്മിത്തത്തിന്റെയും, ബ്രാഹ്മണ്യത്തിന്റെയും, ആഢ്യത്വത്തിന്റെയും മൂഢസ്വർഗ്ഗത്തിൽ ഇരിപ്പുറപ്പിക്കുകയായിരുന്നു. ദേശീയപ്രസ്ഥാനം കേരളത്തിലാകമാനം ശക്തിപ്പെട്ടിട്ടും, നായരും തീയനും അടിയാനും കുടിയാനും ത്രിവർണ്ണപതാകയ്ക്ക് താഴെ അണിനിരന്നിട്ടും, നമ്പൂതിരിയെ അക്കൂട്ടത്തിൽ കണ്ടില്ല. അയാൾ പൂമുഖപ്പടിയിൽ അമർന്നിരുന്ന് വീണ്ടും വീണ്ടും മുറുക്കിത്തുപ്പി.[20] എന്നാൽ നമ്പൂതിരി യുവാക്കളിൽ ചിലരെങ്കിലും വിദ്യയുടെ ആവശ്യകതയും നേട്ടങ്ങളും മനസ്സിലാക്കുകയും ആചാരപരമായ എതിർപ്പുകൾ ലംഘിച്ച് വിദ്യനേടാൻ ഇറങ്ങിത്തിരിക്കുകയും ചെയ്തു. ഈ ജ്ഞാനേച്ഛയുടെ ഫലമായി പാരമ്പര്യവിശ്വാസങ്ങളിൽ പലതിനും ഇളക്കം തട്ടി. വിദ്യ നേടിയതിലൂടെ മറ്റു ജനതതികളെ മനസ്സിലാക്കാൻ സാഹചര്യം ലഭിച്ച ചെറുപ്പക്കാർ, തങ്ങൾ നേടിയ അറിവും തങ്ങളുടെ സംസ്കാരവുമായി തട്ടിച്ചുനോക്കി; വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും പൊള്ളത്തരം മനസ്സിലാക്കി. ഈ തിരിച്ചറിവുണ്ടായ നമ്പൂതിരിമാർ വൈദികത്വത്തിനും ജന്മിത്തത്തിനും ക്ഷതമേൽക്കാതെ സമുദായത്തെ പുതിയ വഴിയിലേക്കു കൊണ്ടുവരാൻ തീരുമാനിച്ചു. ഇതിന്റെ ഫലമായി 1907ൽ ആലുവായിൽ വെച്ച് യോഗക്ഷേമസഭയ്ക്ക് രൂപം നൽകി.

ശൃംഗാരകാവ്യവും ചമച്ച് ഉത്സവവും കണ്ട് വെടിയും പറഞ്ഞ് പഴഞ്ചൻ ആചാരമര്യാദകളും കൃത്യമായി പാലിച്ചു കഴിഞ്ഞാൽ തങ്ങൾ പുതിയ കാലഘട്ടത്തിൽ പ്രാകൃതൻമാരായി അവശേഷിക്കുമെന്ന് അവർ കണ്ടു. നമ്പൂതിരിമാരുടെ വിദ്യാഭ്യാസപരവും ധനസംബന്ധവുമായുള്ള

അഭിവൃദ്ധിയായിരുന്നു യോഗക്ഷേമസഭയുടെ പ്രഖ്യാപിതലക്ഷ്യം.[21]

ഒഴക്കിനൊത്തു നീന്താൻ നമ്പൂതിരിമാരെ പ്രാപ്തരാക്കുക എന്നതു മാത്രമായിരുന്നു സഭയുടെ ആദ്യകാല ലക്ഷ്യം. ഇംഗ്ലീഷ് വിദ്യാഭ്യാസവും സാർവ്വത്രികമായ പുരുഷവിദ്യാഭ്യാസവുമായിരുന്നു സഭയുടെ മുഖ്യലക്ഷ്യങ്ങൾ. സഭയുടെ പ്രവർത്തനങ്ങൾ പുരുഷൻമാരെ മാത്രം ഉദ്ദേശിച്ചുള്ളതായിരുന്നു. ഇല്ലങ്ങളുടെ അകത്തളങ്ങളിലേക്ക് മാറ്റത്തിന്റെ കാറ്റും വെളിച്ചവും കടക്കാൻ അപ്പോഴും അവർ അനുവദിച്ചില്ല. യോഗക്ഷേമസഭ സംഘടിപ്പിച്ചവർ സമുദായത്തിലെ ആഢ്യകുടുംബങ്ങളിലെ അംഗങ്ങളായിരുന്നു. സമൂഹത്തിൽ തങ്ങളുടെ നിലനിൽപ്പിന് കോട്ടം സംഭവിക്കാതിരിക്കുക എന്നതുമാത്രമായിരുന്നു അവരുടെ ലക്ഷ്യം.

യോഗക്ഷേമസഭയുടെ നേതൃത്വം തെറ്റായ ദിശയിലേക്കാണ് സമുദായത്തെ നയിക്കുന്നതെന്നും അത് അപ്പൻമാരെ കൂടുതൽ ബഹിഷ്കൃതരും സ്ത്രീകളെ തികച്ചും അന്തർജ്ജനങ്ങളും ആക്കി മാറ്റുമെന്നും മനസ്സിലാക്കിയ ഉത്പതിഷ്ണുക്കളായ നമ്പൂതിരിയുവാക്കൾ ഒരു മഹാപരിവർത്തനത്തിന് മുന്നിട്ടിറങ്ങി. വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി., പ്രേംജി, ഇ.എം.എസ്. തുടങ്ങിയവർ (അപ്പൻമാരായിരുന്ന ഇവരെല്ലാം) യോഗക്ഷേമസഭയുടെതന്നെ പോഷകസംഘടനയെന്ന നിലയിൽ 'യുവജനസംഘ'ത്തിന് രൂപം നൽകി (1920). എല്ലാ നീതികേടിന്റേയും ഭാരം ചെന്നുവീഴുന്നത് സ്ത്രീയുടെ ചുമലിലാണെന്നും സ്ത്രീയുടെ അവസ്ഥ മാറ്റിയെടുക്കലാണ് സാമൂഹ്യപരിവർത്തനശ്രമത്തിന്റെ ആദ്യപടവെന്നും ഈ യുവജനസംഘം തിരിച്ചറിഞ്ഞു. സംഘടനയുടെ പ്രവർത്തനത്തിന്റെ ഫലമായി ഘോഷ ബഹിഷ്കരിക്കാനും സമുദായഭ്രഷ്ടിന്റെ ഭീഷണിയെ വെല്ലുവിളിച്ചുകൊണ്ട് സമുദായപരിഷ്കരണത്തിനായി രംഗത്തിറങ്ങാനും സ്ത്രീകൾ പ്രചോദിതരായി.

നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ ഘോഷ ബഹിഷ്കരണത്തിന് (പുതമുണ്ടും മറക്കുടയും ഉപേക്ഷിച്ച് വേഷ്ടിയും ബ്ലൗസും ധരിച്ച് പുറത്തിറങ്ങൽ) നേതൃത്വം നൽകിയത് ആര്യാപള്ളമാണ്. തൃത്താലയ്ക്കടുത്ത് ആലൂരിൽ നടന്ന നായർ സമ്മേളനത്തിൽ വി.ടി. ശ്രീദേവി അന്തർജ്ജനം, പാർവ്വതി നെൻമേനിമംഗലം, ദേവകി നരിക്കാട്ടിരി, ഐ.സി. പ്രിയദത്ത എന്നിവർ കൂടെയുണ്ടായിരുന്നു. ഇത്തരം

ഒരു യോഗത്തിൽ ഭർത്താവൊന്നിച്ച് പങ്കെടുത്തതിന്റെ അനുഭവവും അനന്തരഫലങ്ങളും ലളിതാംബിക അന്തർജ്ജനം സ്മരിക്കുന്നുണ്ട് -

"തിരിച്ചുവന്നപ്പോഴോ, അവളുടെ അമ്മ, മകൾ മരിച്ചാലെന്നവിധം ദുഃഖിച്ച് കരഞ്ഞുകരഞ്ഞ് ചാവാറായിരിക്കുന്നു. ബന്ധുജനങ്ങൾ മുഖം തിരിക്കുന്നു. വേലക്കാർ പോലും വെറുപ്പോടെ വഴിമാറുന്നു. ഭ്രഷ്ടയായ ഒരുവൾ താമസിക്കുന്ന സ്ഥലത്തുവെച്ച് ശ്രാദ്ധമൂട്ടാൻ മടിച്ച് ഉറ്റവരിൽ ചിലർ ഇറങ്ങിപ്പോയി. അവളെ അടുക്കളയിൽ കയറ്റരുതെന്നായി മറ്റു ചിലർ. ഒരു ഭാഗക്കേസുവരെ അതുകൊണ്ടുണ്ടാവുമെന്ന മട്ടായി. എന്നിട്ടും അച്ഛൻ കുലുങ്ങിയില്ല. 'അവർ ഇരുവരും കൂടി ഒരു പൊതുസ്ഥലത്തു പോയിവന്നു. അതിനെന്താണിത്ര ഭ്രഷ്ട്?' അങ്ങനെയാണെങ്കിൽ ഇതിനേക്കാൾ ചീത്ത കാര്യങ്ങൾ നടത്തുന്ന എത്ര സ്ഥലങ്ങളുണ്ട് നമ്മുടെയിടയിൽ? അവർക്കും ഭ്രഷ്ട് വേണമല്ലോ?' എന്ന് ചോദിച്ച് നിർഭീകനായിരുന്നതേയുള്ളൂ."[22] ഘോഷാബഹിഷ്കരണം ഭ്രഷ്ടിനു പോലും സാധ്യതയുള്ള കടുത്ത അപരാധമായി അക്കാലത്ത് കണക്കാക്കിയിരുന്നു.

1920ൽ യുവജനസംഘത്തിന്റെ മുഖപത്രമായ "ഉണ്ണിനമ്പൂതിരി"യും "പാഞ്ചജന്യം" എന്ന മറ്റൊരു പത്രവും പ്രസിദ്ധീകരിച്ചുതുടങ്ങി. സമുദായത്തിലെ അനീതികൾ തുറന്നു കാണിക്കുകയായിരുന്നു ഇവയുടെ ലക്ഷ്യം. നമ്പൂതിരിയുവാക്കളുടെ സമുദായ പരിഷ്കരണശ്രമങ്ങളിൽ അവരോടൊപ്പം കൈകോർത്തു നിൽക്കാൻ അനല്പമായ വിജ്ഞാനം ലഭിച്ച ചുരുക്കം സ്ത്രീകളും തയ്യാറായി. അവരിൽ പ്രമുഖർ പാർവ്വതി നെന്മേനിമംഗലം, ഐ.സി. പ്രിയദത്ത, ദേവകി നരിക്കാട്ടിരി, വി.ടി. ശ്രീദേവി അന്തർജ്ജനം എന്നിവരായിരുന്നു. തങ്ങളെ അടച്ചിട്ടിരുന്ന അന്ധവിശ്വാസങ്ങളുടെ തടവറയിൽ നിന്നും, വരിഞ്ഞുകെട്ടിയിരുന്ന ആചാരങ്ങളുടെ ഘോഷ ദൂരെമാറ്റി അവർ രംഗത്തിറങ്ങി. സമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന ക്രൂരമായ അടിമത്തത്തിന്റെ ചിത്രം ഇവരുടെയെല്ലാം പ്രവർത്തനങ്ങളിൽ നിന്നാണ് ലളിതാംബികാ അന്തർജ്ജനം കൂടുതൽ ഗ്രഹിച്ചത്. ഈ സ്വാധീനം സ്വന്തം സമുദായത്തിലെ സ്ത്രീകളുടെ മോചനത്തിനായി

തന്നാലാവുന്നതു ചെയ്യാൻ ലളിതാംബികയെ പ്രേരിപ്പിച്ചു. പൊതുപ്രവർത്തനങ്ങൾക്ക് ഇറങ്ങിത്തിരിക്കാൻ ഈ പ്രേരണ സഹായകമായി. സമുദായത്തെ പേടിച്ച് ആദ്യകാലങ്ങളിൽ അമ്മ എതിർപ്പു പ്രകടിപ്പിച്ചിരുന്നെങ്കിലും ക്രമേണ അതിന്റെ കാഠിന്യം കുറഞ്ഞു. മാത്രമല്ല, അച്ഛനും ഭർത്താവും എല്ലാവിധ പിന്തുണയും പ്രഖ്യാപിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ആഢ്യത്വത്തിന്റെ ഓലപ്പാമ്പിനെ ഭയക്കാതെ ധൈര്യത്തോടെ സമുദായപരിഷ്കരണശ്രമത്തിൽ അണിചേരാൻ അവർക്കു സാധിച്ചു.

1920-കളിൽ ഇന്ത്യയിലങ്ങോളമിങ്ങോളം അലയടിച്ചുയർന്ന ദേശീയ പ്രസ്ഥാനം കേരളത്തിലും സ്വാധീനം ചെലുത്തിയിരുന്നു. ഓഫീസ്, വിദ്യാലയങ്ങൾ എന്നിവയുടെ ബഹിഷ്കരണവും സ്വദേശി പ്രസ്ഥാനവും എല്ലാം, ഇംഗ്ലീഷുകാരെ ഒറ്റപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കിയതെങ്കിലും കേരളത്തെ പ്പോലുള്ള ഒരു പ്രവിശ്യയിലെ ജനങ്ങൾക്ക് തങ്ങളുടെ ജീവിതത്തിന്റെ ശോച്യാവസ്ഥ മനസ്സിലാക്കുന്നതിനും അവയുടെ പരിഹാരമാർഗ്ഗങ്ങൾക്കായി പ്രവർത്തിക്കാനും അവ പ്രേരണ നൽകി. ഗാന്ധിയൻ ആദർശങ്ങളിൽ ആകൃഷ്ടയായിരുന്ന ലളിതാംബിക അന്തർജ്ജനം. സ്വാമി വിവേകാനന്ദന്റെ ഉദ്ബോധനങ്ങളിലെ ആത്മീയപരിവേഷവും, ഗാന്ധിജിയുടെ രാഷ്ട്രീയ ദർശനങ്ങളും ടാഗോറിന്റെ സാഹിത്യവീക്ഷണവും തന്നെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെന്ന് അന്തർജ്ജനം വ്യക്തമാക്കുന്നുണ്ട്. സ്വദേശിപ്രസ്ഥാനത്തിൽ ആകൃഷ്ടയായതും, ഖദറിനു വേണ്ടി വാശിപിടിച്ചതും ചർക്കയിൽ സ്വയം നൂൽനൂറ്റ് വസ്ത്രമുണ്ടാക്കി ഉടുത്തതുമായ സംഭവങ്ങൾ [ആത്മകഥയ്ക്ക് ഒരു ആമുഖ[ത്തിൽ അവർ വിവരിക്കുന്നുണ്ട്.

ഗാന്ധിയൻ തത്വസംഹിതയിലധിഷ്ഠിതമായ സോഷ്യലിസ്റ്റ് സർവ്വോദയ സിദ്ധാന്തങ്ങളും, കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളിലധിഷ്ഠിതമായ സാമൂഹ്യസാമ്പത്തിക സമീകരണാശയങ്ങളും ശക്തമായ കാലഘട്ടത്തിലാണ് അന്തർജ്ജനം സാഹിത്യസപര്യ ആരംഭിച്ചത്. എല്ലാതരം വിവേചനങ്ങൾക്കും എതിരായിരുന്ന അന്തർജ്ജനം സമുദായത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങളുടെ

വക്താവായിത്തീർന്നത് തികച്ചും സ്വാഭാവികം മാത്രം.

സാഹിത്യപശ്ചാത്തലം

ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യരചനയെ സ്വാധീനിച്ച ഘടകങ്ങളെക്കുറിച്ചുള്ള അന്വേഷണം 'ഇന്ദുലേഖ'യിൽ നിന്ന് തുടങ്ങണം. അക്ഷരാഭ്യാസത്തിന്റെ ആവശ്യമറിയാതെ മൂഢസ്വർഗ്ഗത്തിൽ കഴിഞ്ഞിരുന്ന കേരളീയജനതയെ കണ്ണു തുറന്ന് ചുറ്റും നോക്കിക്കാണാൻ ആദ്യമായി പ്രേരിപ്പിച്ചത് ചന്തുമേനോനായിരുന്നുവല്ലോ. അനാചാരങ്ങളുടെ വൻമതിൽ കോട്ടകൾക്ക് വിള്ളൽ വീഴാനനുവദിക്കാതെ കർക്കശമായ അനാചാരങ്ങളാൽ ബന്ധിതമായിരുന്ന കേരളജനതയെ, പ്രത്യേകിച്ചും നമ്പൂതിരി സമുദായത്തെ, ഭാവിയെക്കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിച്ചു ഇന്ദുലേഖ.

ഇന്ദുലേഖയ്ക്കു മുമ്പുതന്നെ വിരലിലെണ്ണാവുന്ന ഏതാനും നോവലുകൾ വിരചിതമായിരുന്നുവെങ്കിലും സാഹിത്യപരമായി ലക്ഷണമൊത്ത ആദ്യമലയാള നോവൽ ഇന്ദുലേഖ തന്നെയാണ്. യഥാർത്ഥജീവിതത്തിലെ ദൈനംദിന സംഭവങ്ങൾ സുഘടിതമായി കഥാസ്വരൂപത്തിൽ കൂട്ടിയിണക്കുകയാണ് ചന്തുമേനോൻ ചെയ്തത്. പാത്രസൃഷ്ടിയിലും ഇതിവൃത്തഘടനയിലും ഗ്രന്ഥകാരന്റെ ഉദ്ദേശ്യം സ്വസമുദായത്തിന്റെ വാസ്തവസ്ഥിതികൾ ആരായുന്നതാണ്. നിന്ദ്യമായ അനാചാരങ്ങൾ പരിഹാസമാർഗ്ഗേണ മൂലഛേദം ചെയ്യുകയും സംസ്കാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുമായിരുന്നു അതിന്റെ ലക്ഷ്യം.[23] പരമ്പരാഗത ബാന്ധവ സമ്പ്രദായത്തിലെ അനീതികൾ അവസാനിപ്പിക്കുന്നതിനും, നവീന വിദ്യാഭ്യാസത്തിന്റെ ആവശ്യകത പ്രചരിപ്പിക്കുന്നതിനുമുള്ള ആഹ്വാനം നോവലിൽ പലയിടത്തും ദൃശ്യമാണ്. സ്വാതന്ത്ര്യബോധവും സാമൂഹ്യാഭിമാനവും അങ്കുരിക്കുന്നതിനും നമ്പൂതിരിമാരുടെ ജളപ്രഭുത്വം നീങ്ങുന്നതിനും അന്ധവിശ്വാസം ദൂരീകരിക്കപ്പെട്ട് താത്വികചിന്ത സംജാതമാവുന്നതിനും ആ ഗോമാംസഭക്ഷകളുടെ ഭാഷയും ആശയങ്ങളും മാത്രമേ വർത്തമാനകാലാവസ്ഥയ്ക്ക് ഉപയോഗപ്പെടുകയുള്ളൂവെന്ന് നോവലിലെ പല ഭാഗങ്ങളും വിളിച്ചു പറയുന്നുണ്ട്.[24] എന്ന് എം.പി.

പോൾ നിരീക്ഷിച്ചിട്ടുണ്ട്.

നവീന വിദ്യാഭ്യാസം സിദ്ധിച്ചതുകൊണ്ട് ഇന്ദുലേഖയ്ക്ക് സൂരിനമ്പൂതിരിപ്പാടിന്റെ സംബന്ധാലോചനയെ എതിർക്കാനും ഇഷ്ടപ്പെട്ട പുരുഷനെ മാത്രമേ വിവാഹം കഴിക്കൂ എന്നു തീർത്തു പറയാനും കഴിഞ്ഞു. സ്വന്തം വിവാഹകാര്യത്തിൽ വിസമ്മതമുണ്ടെങ്കിൽ തന്നെ ഒരു പെൺകുട്ടി അതു തുറന്നു പ്രകടിപ്പിക്കുക എന്നത് അക്കാലത്ത് ഏറെക്കുറെ അസംഭവ്യം തന്നെയായിരുന്നു. വ്യഭിചാരത്തിന്റെ വാതിൽ തുറന്നിട്ടുകൊടുത്ത സംബന്ധരീതിയെ അപചയത്തിൽനിന്നോ അപഭ്രംശത്തിൽ നിന്നോ പൊടിതുടച്ചു ശുദ്ധികലശം ചെയ്തെടുക്കാനാണ് മേനോൻ ആഹ്വാനം ചെയ്തത്. കേരളത്തിൽ നിലനിന്നിരുന്ന ജീർണ്ണിച്ച സാമൂഹ്യവ്യവസ്ഥിതിയുടെ പ്രതിനിധികളാണ് ഇന്ദുലേഖയിലെ ഒട്ടുമിക്ക കഥാപാത്രങ്ങളും. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ മാത്രമല്ല, ഏതു മാറ്റത്തേയും അവർ ഭയപ്പാടോടെ മാത്രം കണ്ടു. സമൂഹം കീഴ്മേൽ മറിയാൻ പോവുകയാണെന്ന ഭയമായിരുന്നു അവർക്കെപ്പോഴും. എന്തിനും ഏതിനും എല്ലാവരും ഭയപ്പെടുന്ന പാരമ്പര്യം, ഇന്ദുലേഖയിൽ ഒരു ശക്തമായ, ഒരദൃശ്യമായ കഥാപാത്രമായി നിലകൊള്ളുന്നു. ഈ പാരമ്പര്യത്തേയോ അതിന്റെ മാമൂലുകളേയോ തിരുത്തുവാൻ സാധ്യമല്ല; തകർക്കാനേ കഴിയൂ. ആ തകർച്ചയുടെ സ്ഥാനത്ത് പുതിയതൊന്ന് പ്രതിഷ്ഠിക്കണം. "ജീർണ്ണിച്ച ഫ്യൂഡലിസത്തെ തകർത്ത്, അവിടെ പുതുമകൾ പ്രതിഷ്ഠിക്കുന്നതിൽ ചന്തുമേനോൻ ആശ്രയിച്ചിരിക്കുന്നത് യുവതലമുറയാണെന്നത് കൗതുകകരമത്രേ."[25] ചന്തുമേനോന്റെ കഥാപാത്രങ്ങളെ വിശകലനം ചെയ്യുന്നിടത്ത് കെ.പി. ശരശ്ചന്ദ്രൻ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത്തരത്തിലുള്ള ഉടച്ചുവാർക്കലുകൾ സാമുദായിക ജീവിതത്തിലെ അനാചാരങ്ങൾക്കു നേരെ ജനങ്ങളുടെ കണ്ണു തുറപ്പിച്ചു. സൂരി നമ്പൂതിരിയുടെ ചിത്രത്തിലൂടെ നമ്പൂതിരി സമുദായത്തെ നോക്കിക്കാണാനും വിലയിരുത്താനും അവസരം ലഭിച്ചു. നമ്പൂതിരിമാർക്ക് തങ്ങളിലേയ്ക്കുതന്നെ ഒരെത്തിനോട്ടം നടത്താൻ സാഹചര്യമുണ്ടായി. സംബന്ധത്തിന്റെ ദൃഷ്യവശങ്ങൾ മനസ്സിലാക്കാൻ നായർ സമുദായത്തെ "ഇന്ദുലേഖ" സഹായിച്ചു. മരുമക്കത്തായംകൊണ്ടുണ്ടായ കൂട്ടുകുടുംബ

വ്യവസ്ഥയും കാരണവൻമാർക്ക് അനന്തിരവൻമാരുടെ മേലുണ്ടായിരുന്ന അനാവശ്യനിയന്ത്രണങ്ങളും പുനർവിചിന്തനങ്ങൾക്ക് വിധേയമായി. അതിന്റെ ഫലമായി കേരളീയസാമൂഹികജീവിതം പരിണാമത്തിന് നാന്ദികുറിച്ചു.

ഇന്ദുലേഖയ്ക്കു ശേഷം ഏറെ കാലത്തേക്ക് മലയാളത്തിൽ സാമൂഹ്യനോവലുകൾ കാര്യമായി ഉണ്ടായില്ല. എങ്കിലും ഇന്ദുലേഖയുണ്ടാക്കിയ സാമൂഹ്യമുന്നേറ്റത്തിന്റെ അലയൊലികൾ ഏറെ കാലത്തേയ്ക്ക് നിലനിന്നു. നോവൽസാഹിത്യത്തിന്റെ ഈ മുരടിച്ചകാലഘട്ടത്തിലും മലയാളത്തിൽ ചെറുകഥകളുടെ കുത്തൊഴുക്കുണ്ടായി. മലയാളചെറുകഥയുടെ ചരിത്രമാരംഭിക്കുന്നത് 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ യാണ്. ആദ്യകാല ചെറുകഥാകൃത്തുക്കളിൽ പ്രമുഖർ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, എം.ആർ.കെ.സി. എന്ന ചുരുക്കപ്പേരിൽ പ്രസിദ്ധ നായിത്തീർന്ന സി. കുഞ്ഞിരാമമേനോൻ, അമ്പാടി നാരായണ പ്പൊതുവാൾ, മൂർക്കോത്തു കുമാരൻ, കെ. സുകുമാരൻ, ഇ.വി. കൃഷ്ണപ്പിള്ള എന്നിവരാണ്. ആരാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥാകൃത്ത് എന്ന കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ടെങ്കിലും ഇക്കാര്യത്തിൽ ഉള്ളൂരിന്റെ അഭിപ്രായം പ്രായേണ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കൊ.വ. 1066-ാം ആണ്ടു മുതൽക്കാണ് ഭാഷയിൽ ചെറുകഥകൾ പ്രസിദ്ധീകരിച്ചു തുടങ്ങുന്നത് എന്നു തോന്നുന്നു. [വിദ്യാവിനോ ദിനി]യിൽ പ്രസിദ്ധീകരിച്ച സി.പി. അച്യുതമേനോന്റെ [വാസനാവികൃതി] എന്ന അപസർപ്പക കഥയാണ് ആദ്യത്തെ ചെറുകഥയായി പൊതുവേ അംഗീകരിക്ക പ്പെട്ടിരിക്കുന്നത്. അതിനെ തുടർന്ന് 'മേനോക്കിയെ കൊന്നതാര് ', 'ദ്വാരക', 'പാതാളരാജാവ് '(കുഞ്ഞിരാമൻ നായനാർ) മുതലായ കഥകളും ആ വഴിക്കുതന്നെ യാണ് പുറത്തുവന്നത്. ഭാഷാപോഷിണി കൊ. വ. 1073ൽ മാസികയായി പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോൾ അതിലൂടെയും ചെറുകഥകൾ പ്രസിദ്ധീകൃതമായി. എന്നാൽ നല്ല കഥകൾ മാത്രമേ പ്രസിദ്ധപ്പെടുത്താവൂ എന്ന നിഷ്കർഷ രസികരഞ്ജിനിയിലാണ് ഇദംപ്രഥമമായി പ്രത്യക്ഷപ്പെട്ടത്. ഇംഗ്ലീഷിലെ ചെറുകഥകളുടെ ഇതിവൃത്തം സ്വീകരിച്ച്, പേരും സ്ഥലവും മാറ്റി കഥയാക്കുകയല്ല കേസരി ബാലകൃഷ്ണപിള്ള ചെയ്തത്. പഴഞ്ചൊല്ലുകളോ, നാടോടിക്കഥകളോ അടിസ്ഥാനമാക്കി ഇംഗ്ലീഷ് മാതൃകയിൽ

സ്വന്തമായി എഴുതുകയായിരുന്ന അദ്ദേഹം. പരിണാമഗുപ്തിയുടെ സാധ്യതകളോ തത്ഫലമായി ഉണർത്തപ്പെടുന്ന ജിജ്ഞാസോദ്വേഗങ്ങളോ ഒന്നും ഈ കഥകളുടെ പ്രത്യേകതയല്ല. സുസംഘടിതമായ ശൈലിയോ ഇതിവൃത്തമോ ആയിരുന്നില്ല കഥകൾക്കായി സ്വീകരിച്ചിരുന്നത്.

ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ മൗലിക ധർമ്മത്തേയോ സാധ്യതകളെയോ കുറിച്ചു അവർ വേണ്ടത്ര ബോധവാൻമാരായിരുന്നില്ല. ഇംഗ്ലീഷിൽ കൂടി പരിചയപ്പെടാൻ സാധിച്ചിരുന്ന മാതൃകകളെപ്പോലും ലാഘവത്തോടെയാണവർ വീക്ഷിച്ചിരുന്നത്. പുരോഗമനാത്മകങ്ങളായ ആശയങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ള മുഖപ്രസംഗങ്ങളിൽ കൂടിയും, അത്തരം ആശയങ്ങളുൾക്കൊള്ളുന്ന കൃതികളുടെ പ്രകാശനത്തിൽ കൂടിയും കേസരി ബാലകൃഷ്ണപിള്ള സാഹിത്യ ലോകത്തിൽ വലിയ പരിവർത്തനം സൃഷ്ടിച്ചു. മോപ്പസാങ്ങിന്റേയും ചെഖോവിന്റേയും കഥകൾ വിവർത്തനം ചെയ്ത പരിചയപ്പെടുത്തിയും, അവയിലെ സാങ്കേതികരീതികളുടെ വൈശിഷ്ട്യം വ്യാഖ്യാനിച്ചുകൊടുത്തും പിൻതലമുറക്കാർക്കു ഉത്തേജനം പകരാൻ കേസരിക്കു സാധിച്ചു.

ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ രചനകൾ കഥകൾ എന്നതിനേക്കാൾ ലഘുനോവലുകൾ എന്ന നിലയിൽ പരിഗണിക്കപ്പെടേണ്ടവയാണ്. അദ്ദേഹത്തിന്റെ കഥകൾക്ക്, ഒരു ചെറുകഥയ്ക്ക് ഉൾക്കൊള്ളാനാകാത്ത സംഭവദൈർഘ്യവും കാലദൈർഘ്യവുമുണ്ട്. ചെറുകഥയുടെ ധർമ്മങ്ങളൊന്നും തന്നെ ഒരു കഥയിലും ദൃശ്യമാകുന്നില്ല. "ഈ കഥകളിൽ യഥാർത്ഥ മനുഷ്യജീവിതമോ, അതിന്റെ പരിണാമങ്ങളോ അല്ല ചിത്രീകരിച്ചിരിക്കുന്നത്. പ്രതിപാദിക്കുന്ന ജീവിതത്തിന്റെ സ്വാഭാവികത, വിശ്വാസ്യത, ഭാവാർത്ഥഗൗരവം എന്നീ കാര്യങ്ങൾ കഥാകാരനു പ്രധാനമല്ല; കഥയാണു മുഖ്യം. അതു കെട്ടിച്ചമയ്ക്കുന്നതിലും രൂപപ്പെടുത്തുന്നതിലുമാണു ശ്രദ്ധ. കുഞ്ഞിക്കൃഷ്ണമേനോൻ തികഞ്ഞ സാഹിത്യഭാഷയിൽ കഥ രചിക്കുകയാണ് ; കഥ പറയുകയല്ല. കഥാകാരന്റെ സാഹിത്യഭാഷയിലാണ് കഥാപാത്രങ്ങൾ സംസാരിക്കുന്നതും."[26]

പൊതുവേ ആ തലമുറയിലെ കഥാകാരൻമാരുടെ സൃഷ്ടികൾക്കെല്ലാം ഈയൊരു മട്ടും മാതിരിയുമാണുണ്ടായിരുന്നത്. നിത്യജീവിതസംഭവങ്ങളുമായി അവയ്ക്കൊരു ബന്ധവും ഇല്ല. മിക്ക കഥകളും സാങ്കല്പികവും അത്ഭുതം ജനിപ്പിക്കുന്നവയുമാണ്. കഥ, വായിച്ചു രസിക്കാനുള്ളതാണ് എന്നൊരു പൊതുധാരണയോടെയാണ് ഇവരെല്ലാം കഥാരചന നടത്തിയിരുന്നത്. അതുകൊണ്ട് ആ കഥകളെല്ലാം അപസർപ്പകങ്ങളും നർമ്മപ്രധാനങ്ങളും അതിശയോക്തി കലർന്നവയുമായിത്തീർന്നു. കേസരി, നായനാർ, മൂർക്കോത്തു കുമാരൻ തുടങ്ങി ദുർല്ലഭം ചില അപവാദങ്ങളുമുണ്ടായിരുന്നു.

□മലയാള ചെറുകഥാസാഹിത്യത്തിലെ ആദ്യതലമുറക്കാരിൽ നായനാരും മൂർക്കോത്തു കുമാരനും പിൽക്കാലത്ത് ഇ.വി. കൃഷ്ണപ്പിള്ളയും മാത്രമേ റൊമാന്റിക് ലോകത്തിൽ നിന്ന് സാധാരണ മനുഷ്യരിലേക്ക് ഇറങ്ങിവന്നിട്ടുള്ളൂ. ഇവരിൽ തന്നെ താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സമുദായത്തിൽ നടമാടിയിരുന്ന ദുരാചാരങ്ങളേയും ദുഷ്പ്രവണതകളെയും, അവയുടെ ഫലമായി മനുഷ്യർക്കനുഭവിക്കേണ്ടിവന്ന യാതനകളെയും വിഷയമാക്കി, സാമൂഹികപരിഷ്കരണത്തെ ലക്ഷ്യമാക്കി, ഗൗരവബുദ്ധ്യാ ഈ കലയിൽ അധികം വ്യാപരിച്ചത് കുമാരനാണ്.□[27] പിൽക്കാല കഥാകാരൻമാരുടെ രചനകളിൽ അല്പമെങ്കിലും സ്വാധീനം ചെലുത്തുവാൻ സാധിച്ചത് മൂർക്കോത്തു കുമാരനായിരുന്നു. കഥയ്ക്കാസ്പദമായ ഒരു സംഭവം കിട്ടിയാൽ എങ്ങനെയെങ്കിലും അതിനെ വലിച്ചുനീട്ടി കൂട്ടിയൊപ്പിക്കുക, പരിണാമഗുപ്തി പുലർത്തിക്കൊണ്ട് മുൻപോട്ടു കൊണ്ടുപോയി വിസ്മയം ജനിപ്പിക്കുന്ന മട്ടിൽ അവസാനിപ്പിക്കുക ഇവയായിരുന്നു അന്നത്തെ കഥയുടെ പൊതുവായ സ്വഭാവം. കുമാരനേയും ഇ.വി.യെയും ഒഴിച്ചു നിർത്തിയാൽ ഈയൊരു ചട്ടക്കൂടിലൊതുക്കി യല്ലാതെ ആരും കഥാരചന നടത്തിയിട്ടില്ലെന്നു കാണാം.

ഇവരിൽ നിന്നും പുതിയ എഴുത്തുകാരിലേയ്ക്കു കടക്കുമ്പോൾ കഥയുടെ മട്ടും ഭാവവും മാറുന്നു. □കല കലയ്ക്കു വേണ്ടി□ എന്ന് സങ്കല്പത്തിൽ നിന്ന് □കല ജീവിതത്തിനു വേണ്ടി□ എന്ന കാഴ്ചപ്പാടിലേക്ക് കഥാകാരൻമാർ എത്തിച്ചേർന്നു.

ഈ റിയലിസ്റ്റിക് ദർശനം ഉൾക്കൊള്ളാൻ മലയാളത്തിലെ കാഥികരെ പ്രേരിപ്പിച്ചത് റഷ്യൻ കാഥികരായ ഗൊഗോളും മോപ്പസാങ്ങും, ചെഖോവുമായിരുന്നു. ഇവരുടെ കഥകളിലെ യഥാർത്ഥ സാമൂഹിക ജീവിത ചിത്രണവും സാമൂഹികതിൻമകൾക്കെതിരെയുള്ള ഉദ്ബോധനങ്ങളും മലയാളത്തിലെ കാഥികരെ പ്രചോദിപ്പിച്ചു. ഈ പ്രചോദനം ഉൾക്കൊണ്ടു കൊണ്ട് അവരെഴുതിയ കഥകളിലെ രൂപഭാവ വിഷയങ്ങളിൽ വന്ന മാറ്റം, അവരുടെ രചനകൾ ജനങ്ങൾ കൂടുതൽ ഉൾക്കൊള്ളാൻ നിമിത്തമായി. പഴമയെ ഞെട്ടിപ്പിക്കുന്നതും യാഥാസ്ഥിതികരുടെ മുഖത്ത് ആഞ്ഞുപ്രഹരിക്കുന്നതും സാമൂഹ്യജീവിതത്തിലെ ദുരാചാരദുഷ്ടതകളെ നിർഭയം വിമർശിക്കുന്നതുമായ വിപ്ലവകരമായ റിയലിസ്റ്റിക് ജീവിതകഥകളിലേക്കുള്ള വളർച്ചയുടെ ഒരു മുന്നോടിയാണ് ഇന്ദുലേഖയിലെ റിയലിസവും വി.ടി., മൂത്തരിങ്ങോട്, എം.ആർ.ബി. തുടങ്ങിയവരുടെ കഥകളിലെ സാമുദായിക റിയലിസവും.[28] ഇ.വി.യെപ്പോലുള്ളവർ കഥാരചന അഭംഗുരം നടത്തി വന്നിരുന്ന കാലത്തുതന്നെയാണ് വി.ടി.യെപ്പോലുള്ളവർ രംഗപ്രവേശം ചെയ്തത്. ഇവരുടെ കഥകൾ കൂടുതൽ സ്വീകാര്യമായത്, അവയിൽ പ്രകടമായിരുന്ന ആത്മാർത്ഥതയും സ്വാനുഭവ തീവ്രതയും കൊണ്ടാണ്. അന്നത്തെ നമ്പൂതിരി സമുദായത്തിന്റെ ജീവിതത്തിലെ അനാചാരങ്ങളും അനീതികളും ശരിക്കും അനുഭവിച്ചറിഞ്ഞതിനാലാണ് വി.ടി.യെപ്പോലുള്ളവർക്ക് അത്തരം പ്രശ്നങ്ങൾ കഥകളിൽ ശക്തമായി അവതരിപ്പിക്കാൻ കഴിഞ്ഞത്.

നമ്പൂതിരിമാർ വിഡ്ഢിവേഷം കെട്ടി അന്യരുടെ മുമ്പിൽ സൂരിനമ്പൂതിരി കളിക്കുന്ന സമ്പ്രദായം സാഹിത്യലോകത്തിൽ സർവ്വസാധാരണ മായിരുന്നെങ്കിലും മറക്കുടയ്ക്കുള്ളിൽ മറഞ്ഞു നിൽക്കുന്ന അന്തർജ്ജനങ്ങളെ രംഗപ്രവേശം ചെയ്യിച്ചതായി കണ്ടിട്ടില്ലെന്നും നമ്പൂതിരി സമുദായത്തിലെ അനാശാസ്യമായ വിവാഹസമ്പ്രദായം പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി പരിവർത്തനത്തെ ഭയപ്പെടുന്ന യാഥാസ്ഥിതികരെ പ്രകോപിപ്പിക്കുന്ന ചിലതു താനെഴുതുകയാണെന്നും വി.ടി. തന്റെ ആത്മകഥയുടെ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

തനിക്കു ചുറ്റുമുള്ള നമ്പൂതിരി ജീവിതം എപ്രകാരമുള്ളതായിരുന്നു എന്നും; അത് തന്നെ എപ്രകാരം സ്വാധീനിച്ചിട്ടുണ്ടെന്നും വി.ടി. തുടർന്നു പറയുന്നുണ്ട്. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങളെ നോക്കിക്കാണുകയും അനുഭവിച്ചറിയുകയും ചെയ്ത വി.ടി. അവയെ ഉന്മൂലനം ചെയ്യാനായി, സമുദായത്തെ ബോധവത്ക്കരിക്കാൻ ഇറങ്ങിപ്പുറപ്പെടുകയാണുണ്ടായത്. ഏറിയാൽ അരപ്പേജിലധികം ഏതു സാഹിത്യകാരനും വലിച്ചു നീട്ടാനാവാത്തതാണ് ഒരപ്പൻനമ്പൂതിരിയുടെ ജീവചരിത്രം എന്ന് വി.ടി. അഭിപ്രായപ്പെടുന്നുണ്ട്. ഒരപ്പനായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അനുഭവത്തിന്റെ ഊഷ്മളതയുണ്ട്. ഇരുളടഞ്ഞ നമ്പൂതിരി ഇല്ലങ്ങളുടെ ചിത്രം വി.ടി. നൽകുന്നത് ഇങ്ങനെയാണ് : "ഋതുമതികളായ കന്യകമാരുടെ മോഹഭംഗങ്ങൾ, സാപത്ന്യത്തിന്റെ ചിതറിത്തെറിക്കുന്ന തീപ്പൊരികൾ, യുവവിധവകളുടെ അടക്കിപ്പിടിച്ച തേങ്ങലുകൾ - ഇരുളടഞ്ഞ ഇല്ലത്തിന്റെ ഗ്രഹാമുഖം."[29] അക്ഷരാഭ്യാസം ആരംഭിക്കാൻ മീശ മുളയ്ക്കുന്ന പ്രായത്തിൽ മാത്രം ഭാഗ്യമുണ്ടായ വി.ടി. സ്ത്രീജീവിതങ്ങൾക്കു നേരെ സമുദായം കൈക്കൊണ്ടിട്ടുള്ള അനീതികളെ തന്റെ രചനകളിലൂടെ നിശിതമായി വിമർശിക്കാൻ തുടങ്ങി. സമുദായത്തിലെ സ്ത്രീകൾക്കുണ്ടാകുന്ന ദുഃഖത്തിന്റെ പ്രധാന കാരണക്കാർ ഇല്ലങ്ങളിലെ അപ്പൻമാർ തന്നെയാണെന്ന മുതുകുറുശ്ശിയിലെ പാപ്പുവിന്റെ പ്രഖ്യാപനം വി.ടി.യെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. വേദാധ്യയനകാലത്ത് മുതുകുറുശ്ശി ഇല്ലത്തെ കൗമാരക്കാരുടെ സഭയിൽ വെച്ച്, തന്നെ വേൾക്കാൻ വന്നേയ്ക്കാവുന്ന വൃദ്ധബ്രാഹ്മണന്റെ ഗുണഗണങ്ങൾ പറഞ്ഞ് കളിയാക്കിയ മറ്റൊരില്ലത്തെ ഉണ്ണിനമ്പൂതിരിക്ക്, സമീപത്ത് ആരുമില്ലെന്നു മനസ്സിലാക്കിയ പാപ്പു മറുപടി കൊടുത്തത് ഇപ്രകാരമാണ് : "കഷ്ടിച്ച് പ്രായായാൽ തെണ്ടിത്തുടങ്ങും. അവനോന്റേടം കഴിച്ചുകൂട്ടാനാക്കിത്തീർത്ത അമ്മമാരേയും ഉടപ്പിറന്നോരെയും പറ്റി പിന്നെ ചിന്തയില്ല. ഇല്ലത്തേക്കോ തിരിഞ്ഞുനോക്കുംല്ല്യ. അവരൊക്കെ നേരേയായാൽ ആത്തേമ്മാരോളും നന്നാവും. ഒന്നിലധികം വേൾക്കുന്ന സമ്പ്രദായോം പോവും."[30] - ഇതുപോലെ വേദാധ്യായന കാലത്ത് അനദ്ധ്യായ ദിവസങ്ങളിൽ പലതവണ നടന്നിട്ടുള്ള ഗ്രഹസദസ്സിലെ ചർച്ചകളും അനുഭവങ്ങളും ഭാവിയിലെ തന്റെ

പ്രവർത്തനങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്ന് വി.ടി. വ്യക്തമാക്കുന്നുണ്ട്.

നമ്പൂതിരി സമുദായത്തെ ഉദ്ധരിക്കുക എന്നത് തന്നെപ്പോലുള്ളവരുടെ കർത്തവ്യമാണെന്ന് തിരിച്ചറിഞ്ഞ വി.ടി. സാഹിത്യമാണ് അതിനു പറ്റിയ മാധ്യമമെന്ന് മനസ്സിലാക്കുകയും കഥാരചന ആരംഭിക്കുകയും ചെയ്തു. 1925-28 കാലഘട്ടത്തിലാണ് "രജനീരംഗം" എന്ന സമാഹാരത്തിലെ കഥകൾ രചിക്കപ്പെട്ടത്. ഇവയിലൂടെ അന്നു നിലനിന്നിരുന്ന സാമുദായിക ദുരാചാരങ്ങളെ വി.ടി. നിശിതമായി വിമർശിച്ചു. യാഥാസ്ഥിതികർ വി.ടി.യ്ക്ക് ഭ്രഷ്ട് കല്പിച്ചു. "കൊ. വ. 1105 ധനു മാസത്തിൽ ഇടക്കുനിയിൽ വെച്ചു നടന്ന യോഗക്ഷേമ സഭാസമ്മേളനത്തിൽ "അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്" എന്ന വി.ടി.യുടെ നാടകം ആദ്യമായി അരങ്ങേറി. തുടർന്ന് ഈ നാടകം പല സ്ഥലങ്ങളിലും പ്രദർശിപ്പിക്കപ്പെട്ടു. ലക്ഷ്യബോധത്തോടും കലാവൈഭവത്തോടും കൂടി രചിക്കപ്പെടുന്ന സാഹിത്യകൃതിക്ക് അതിന്റെ പ്രമേയം എത്രമേൽ പരിമിതമായാലും വിശാലമായ സമൂഹത്തെ ചലിപ്പിക്കാനും കർത്തവ്യോൻമുഖമാക്കാനും കഴിയുമെന്ന് ഈ നാടകം ബോധ്യപ്പെടുത്തി."[31] വി.ടി. നമ്പൂതിരിപ്പെൺകിടാങ്ങൾക്കെഴുതിയ തുറന്ന കത്തിൽ പെൺകുട്ടികൾ തങ്ങളുടെ നിലപാടിൽ എങ്ങനെ ഉറച്ചുനിൽക്കണം എന്നു വിവരിക്കുകയും അതിനുള്ള ധൈര്യം പകർന്നുകൊടുക്കുകയും ചെയ്യുന്നുണ്ട്.

സമുദായം നന്നാവണമെങ്കിൽ മറക്കുടയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്ന അന്തർജ്ജനങ്ങളെ പുറത്തുകൊണ്ടുവരണമെന്നും അവരുടെ സാംസ്കാരിക ഉന്നമനത്തിലൂടെ മാത്രമേ ലക്ഷ്യം നിറവേറ്റപ്പെടുകയുള്ളൂ എന്നും മനസ്സിലാക്കിയ വി.ടി. അതിനുള്ള ശ്രമമാണ് തന്റെ സാമൂഹ്യപ്രവർത്തനങ്ങളിലൂടെ നടത്തിയത്. സ്ത്രീയ്ക്കും പുരുഷനും സാർവ്വത്രിക വിദ്യാഭ്യാസവും, തുല്യ സ്വാതന്ത്ര്യവും വേണമെന്ന നിർബന്ധം വി.ടി.ക്കുണ്ടായിരുന്നു. മിശ്രവിവാഹത്തിനും വിധവാവിവാഹത്തിനും യാതൊരു ദോഷവുമില്ലെന്നും അത് സമൂഹത്തിലും സമുദായത്തിലും അനിവാര്യമാണെന്നും വി.ടി. മനസ്സിലാക്കിയിരുന്നു. നമ്പൂതിരി സമുദായത്തിന്റെ ചരിത്രത്തിലാദ്യമായി കൊ.വ. 1110 ചിങ്ങം 28ന് വി.ടി.യുടെ ഭാര്യാസഹോദരി

നങ്ങേമയും എം.ആർ.ബി.യും (എം.ആർ. രാമൻ ഭട്ടതിരിപ്പാട്) വിവാഹിതരായി. കൊ.വ. 1115ൽ വി.ടി.യുടെ വസതിയിൽ വെച്ച് കെ. കേളപ്പൻ, എം.സി. ജോസഫ് എന്നിവരുടെ കാർമ്മികത്വത്തിൽ, വി.ടി.യുടെ പെങ്ങൾ ഇട്ടിപ്പാപ്പിയും, പി.കെ. രാഘവപ്പണിക്കരും തമ്മിൽ നടന്ന വിവാഹം നമ്പൂതിരിസമുദായത്തിലെ ആദ്യത്തെ മിശ്രവിവാഹമായിരുന്നു.

ലേലിക ആയുധമാക്കി സമുദായ പരിവർത്തനം സാധ്യമാക്കുക എന്ന യത്നത്തിൽ വി.ടിയുടെ സഹപ്രവർത്തകരായിരുന്ന എം.ആർ.ബിയും മൂത്തരിങ്ങോടും. സ്ത്രീയായി ജനിച്ച കുറ്റത്തിനു കൊടും ശിക്ഷയായി ശാപഗ്രസ്തമായ ജീവിതം ഏറ്റുവാങ്ങേണ്ടിവന്ന സ്ത്രീജന്മങ്ങളെക്കുറിച്ചാണ് ഇവരെല്ലാം എഴുതിയത്. എം.ആർ.ബി.യുടെ വാൽക്കണ്ണാടി (1928-31), മൂത്തിരിങ്ങോടിന്റെ (മൂത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്) പൂങ്കുല (1131-35) തുടങ്ങിയ സമാഹാരങ്ങൾ നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങളോടുള്ള എതിർപ്പുകളാൽ പ്രസിദ്ധങ്ങളായി. മറക്കുടയ്ക്കുള്ളിലെ മഹാനരകം, അപ്പന്റെ മകൾ (എം.ആർ.ബി.) എന്നീ രചനകൾ നമ്പൂതിരിസ്ത്രീകളുടെയും വിജാതീയമക്കളുടെയും ജീവിതത്തിന്റെ നേർക്കാഴ്ച കളാണെന്നു പറയാം. സ്ത്രീധനപ്രശ്നവും സ്മാർത്തവിചാരവും മറ്റുമാണ് മൂത്തിരിങ്ങോ ടിന്റെ കഥകളിലെ കാതലായ വശം. ഇദ്ദേഹത്തിന്റെ നായകൻമാർക്ക് ഹൃദയദൗർബല്യം കൂടും. പൂങ്കുലയിലെ "ആത്മാഹുതി", "മരണത്തിന്റെ മടിയിൽ" എന്നീ കഥകൾ വ്യക്തമാക്കുന്നത് ഈ വസ്തുതയാണ്. "തങ്ങളുടെ തട്ടകത്തെ ജീവിത തിക്തതകളെ തീക്ഷ്ണവിമർശനബുദ്ധിയോടെയും അനുഭവരസികതയോടെയും വെളിച്ചത്തുകൊണ്ടുവരുന്ന ഈ കഥാകാരൻമാരിൽ വി.ടി.യെഴുച്ചുള്ള രണ്ടുപേരും കർത്തൃസ്ഥാനത്ത് സമുദായത്തിലെ പുരോഗമനവാദികളെ ഒന്നാകെ പ്രതിഷ്ഠിച്ച് "ഞങ്ങൾ" എന്നുള്ള പത്രാധിപ ഭാഷതന്നെ ഉപയോഗിച്ചു കാണാം."[32] ഇതിൽ നിന്ന് സമുദായ പരിഷ്കരണമാണിവരുടെ പ്രധാന ലക്ഷ്യമെന്നും കഥയിലെ നായകസ്ഥാനത്ത് തങ്ങളെതന്നെ പ്രതിഷ്ഠിക്കുകയും അതിലൂടെ മാറ്റങ്ങൾക്ക് പ്രചോദനമാവുകയുമാണ് അവർ ചെയ്തിരുന്നതെന്നും വ്യക്തമാണ്.

വി.ടി., മൂത്തിരിങ്ങോട്, എം.ആർ.ബി. എന്നിവരുടെ ചുവടുപിടിച്ചുകൊണ്ട്, അവരുടെ സ്വാധീനം ഉൾക്കൊണ്ടുകൊണ്ട്, സാഹിത്യലോകത്തെത്തിയ അന്തർജ്ജനത്തെ ആശാനെപ്പോലുള്ള കവികളും സ്വാധീനിച്ചിട്ടുണ്ട്. വള്ളത്തോളിന്റെ ദേശസ്നേഹവും ഉള്ളൂരിന്റെ ധർമ്മപരതയും ആശാന്റെ സ്നേഹഗംഭീര ജീവിതവീക്ഷണവും അന്തർജ്ജനത്തെ സ്വാധീനിച്ച ഘടകങ്ങളാണ്. ഇവയിൽ ആശാന്റെ കാഴ്ചപ്പാടിനോടായിരുന്നു കൂടുതൽ അടുപ്പം. ആശാന്റെ സീതയിൽ, തങ്ങൾക്കിടയിൽ അനാചാരദുരിതമനുഭവിക്കുന്ന, പുരുഷന്റെ അടിമയായി കഴിയുന്ന, അസ്വതന്ത്രകളായ അനേകം സീതമാരെ അന്തർജ്ജനം ദർശിച്ചു. □അനേക കാലങ്ങളിലായി, അനേക ഭാഷകളിലായി അനവധി കവികൾ വാല്മീകിയുടെ സീതയെ തങ്ങളുടെ കാഴ്ചപ്പാടിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷേ, ആശാന്റെ സീത അതിലൊന്നുമായിരുന്നില്ല. അത് 20-ാം നൂറ്റാണ്ടിന്റെ സീതയായിരുന്നു. കർത്തവ്യത്തിന്റെയും വ്യക്തിത്വ ത്തിന്റെയും ഇടയിൽക്കിടന്നു കുഴങ്ങുന്ന ആധുനിക ഭാരതീയ വനിതയുടെ പ്രതീകമായിരുന്നു. ഈ അളവ് ഞങ്ങൾക്കൊക്കെപ്പറ്റും. ആശാൻ സീതയെക്കൊണ്ട് ചോദിപ്പിച്ചിട്ടുള്ളതൊക്കെ എന്റെ കാലത്തെ സ്ത്രീകളുടെ ഹൃദയങ്ങളിൽ നിശ്ശബ്ദമായി ഉയർന്നുവന്നിട്ടുള്ള ചോദ്യങ്ങളാവണം. ഇതുകൊണ്ടു മാത്രമാവുമോ, ആധുനിക മലയാള കവിതയിൽ □ചിന്താവിഷ്ടയായ സീത□യെ ഞാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്നത്? അതോ, എന്നിൽ അന്തർലീനമായ ജീവിതസത്ത കരയാത്ത കണ്ണീരിന്റെ കൂട്ടുകലർന്നതാകകൊണ്ടോ? ഏതായാലും ഞാൻ ആശാനെ ഇഷ്ടപ്പെടുന്നു, ആരാധിക്കുന്നു.□[33] - എന്ന് അവർ വ്യക്തമാക്കുന്നു. ആശാൻ കവിത മാത്രമേ അന്തർജ്ജനത്തെ സ്വാധീനിച്ചിട്ടുള്ളൂ എന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. പുരോഗമനപരമായി ചിന്തിക്കുന്ന ഏതു സാഹിത്യകാരൻമാരേയും അവർക്ക് പഥ്യമായിരുന്നു.

വള്ളത്തോൾ, ഉള്ളൂർ, ആശാൻ, ശങ്കരക്കുറുപ്പ്, ബാലാമണിയമ്മ തുടങ്ങിയവരുടെ കവിതകളോടുള്ള അടുപ്പവും അവയുടെ സ്വാധീനവും കൊണ്ടായിരിക്കാം അന്തർജ്ജനവും ആദ്യകാലത്ത് എഴുതിയത് കവിതകളായിരുന്നു. പിന്നീട്, തനിക്കു പറയാനുള്ളതു മുഴുവൻ കവിതയിലൂടെ പ്രതിഫലിപ്പിക്കാൻ കഴിയില്ലെന്നു മനസ്സിലായപ്പോൾ കഥയുടെ കളരിയിലേക്ക്

ചുവടുമാറുക യാണുണ്ടായത്. ‘ആത്മകഥയ്ക്ക് ഒരാമുഖം’ എന്ന രചനയിൽ ഈ തട്ടകം മാറലിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

തന്റെ സമകാലീനരായ തകഴി, ദേവ്, പൊറ്റെക്കാട്, ബഷീർ, വർക്കി എന്നിവർക്കൊപ്പം നിൽക്കത്തക്ക സ്ഥാനം മലയാള ചെറുകഥാരംഗത്ത് നേടിയെടുത്ത അന്തർജ്ജനം അക്കാലത്തെ വനിതാ എഴുത്തുകാരിൽ പ്രമുഖയായിരുന്നു. ശ്രീമതി. സരസ്വതിയമ്മയായിരുന്ന കഥാകാരിയെന്ന നിലയിൽ അക്കാലത്ത് പ്രശസ്തി നേടിയ മറ്റൊരെഴുത്തുകാരി.

തകഴിയും ദേവും തൊഴിലാളിവർഗ്ഗ സാഹിത്യത്തിലേക്ക് തിരിഞ്ഞപ്പോൾ ബഷീറും വർക്കിയും സാമൂഹികവും സാമുദായികവുമായ അനാചാരങ്ങളിലേക്കും അതുനിമിത്തം ജനങ്ങൾക്കുണ്ടാകുന്ന ഇടുങ്ങിയ കാഴ്ചപ്പാടിലേക്കും അനുവാചകരുടെ ശ്രദ്ധയാകർഷിക്കാൻ ശ്രമമാരംഭിച്ചു. അന്തർജ്ജനവും ഇവരോടൊപ്പം അണി ചേർന്നു. പൊറ്റെക്കാട് സഞ്ചാരസാഹിത്യത്തിന്റെ വക്താവെന്ന നിലയിലാണ് കൂടുതൽ അറിയപ്പെട്ടത്. തകഴിയും ദേവും മുതലാളി-തൊഴിലാളി ബന്ധങ്ങളിലെ വൈരുദ്ധ്യങ്ങളെ സ്വകീയമായ കാഴ്ചപ്പാടിലൂടെ അവതരിപ്പിച്ചു. ബഷീറും വർക്കിയും അന്തർജ്ജനവും ലക്ഷ്യമാക്കിയതും പറഞ്ഞതും ഏറെക്കുറെ ഒന്നുതന്നെയാണ്. പക്ഷേ, കാഴ്ചപ്പാടുകളുടെ വ്യത്യാസത്താൽ അവരുടെ രചനകൾ വ്യതിരിക്തത പുലർത്തുന്നു. സാധാരണക്കാരന് യാതൊരു വിലയും കല്പിക്കാത്ത സമുദായത്തിലെ ഉന്നതരുടെ യജമാനഭാവത്തെയും, തന്റെ വർഗ്ഗത്തിലെ ഹീനങ്ങളും അജ്ഞതാ വിലസിതങ്ങളുമായ കീഴ് നടപ്പുകളെയും ബഷീർ ശക്തമായ ഭാഷയിൽ അപലപിച്ചു. പിൽക്കാലത്ത് അദ്ദേഹം ‘തികഞ്ഞ വിഗ്രഹഭഞ്ജക’നും അവിശ്വാസിയുമായി മാറുകയും ആക്ഷേപഹാസ്യ രചനകളിലൂടെ വിഖ്യാതനാവുകയും ചെയ്തു. പളളിയുടേയും പട്ടക്കാരുടേയും അഭിലാഷത്തിന് അടിപണിയാൻ വിധിക്കപ്പെട്ട സാധാരണക്കാരായ ക്രിസ്ത്യാനികളും അവരുടെ ജീവിതവുമായിരുന്നു വർക്കിയുടെ വിഷയം. ഇവരിൽനിന്നൊക്കെ വ്യത്യസ്തമായി സ്വാനുഭവങ്ങളുടെ ചൂടും ചൂരും ഉളളതുകൊണ്ടും, ഒരു സ്ത്രീയായതുകൊണ്ടും, തന്റേതായ ഒരു വർഗ്ഗം സമൂഹത്തിൽ ജീവിക്കുന്നുണ്ടെന്നും പുരുഷന്റെ സ്വൈരജീവിതത്തിനു വേണ്ടി തടവറയിൽ കഴിയുന്ന അവരുടെ മോചനം അനിവാര്യമാണെന്നും അന്തർജ്ജനം സമൂഹത്തിനു മുൻപിൽ വെളിവാക്കിക്കൊടുത്തു.

കുറിപ്പുകൾ

1. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം, കറന്റ് ബുക്സ്, തൃശ്ശൂർ, 1979. പു. 16.
2. ടി.പു. 17
3. ടി.പു. 20
4. ടി.പു. 21
5. ടി.പു. 21
6. ഏ. ശ്രീധരമേനോൻ, കേരളചരിത്രം, നാഷണൽ ബുക് സ്റ്റാൾ, 1969, പു. 129.
7. ലളിതാംബിക അന്തർജ്ജനം, "ഭാരതസ്ത്രീകളുടെ പദവി യുഗങ്ങളിലൂടെ", സ്ത്രീ, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1975. പു. 12.
8. ഡോ. സി.കെ. ചന്ദ്രശേഖരൻ നായർ, ഭാഷാപോഷിണി, ഒക്ടോബർ 1995.
9. ഇളംകുളം കുഞ്ഞൻപിള്ള, ജന്മിസമ്പ്രദായം കേരളത്തിൽ, തിരുവനന്തപുരം, കേരള സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം, 1959, പു. 7.
10. വി.ടി. ഭട്ടതിരിപ്പാട്, "കണ്ണീരും കിനാവും", റയിൻബോ ബുക് പബ്ലിഷേഴ്സ് 1979, പു. 24.
11. പി.കെ. ബാലകൃഷ്ണൻ, "ജാതിവ്യവസ്ഥിതിയും കേരളചരിത്രവും", തൃശ്ശൂർ, കറന്റ് ബുക്സ്, 1983, പു. 206.
12. വി.ടി. ഭട്ടതിരിപ്പാട്, ജീവിതസ്മരണകൾ. സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പു. 175.
13. കെ.സി. നാരായണൻ, വേരുണങ്ങാത്ത വാക്ക്, മാതൃഭൂമി ആഴ്ചപ്പതിപ്പ്. 05.01.1997. പു. 6-12
14. ടി.പു. 12
15. ബൃഹദാരണ്യകോപനിഷത്ത്, ആറാം ബ്രാഹ്മണം, വിദ്യാർത്ഥിമിത്രം, 1992 പു. 155-156.
16. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, "എന്റെ സ്മരണകൾ", പഞ്ചാംഗം പുസ്തകശാല, കുന്ദംകുളം, 1967. പു. 161.

17. കണ്ണീരും കിനാവും. പു. 16.
18. കെ.സി. നാരായണൻ, "വേരുണങ്ങാത്ത വാക്ക്", പു. 11.
19. വി.ടി. ഭട്ടതിരിപ്പാട്, "അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്", മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, 1984. പു. 22.
20. വി.ടി. ഭട്ടതിരിപ്പാട്, കണ്ണീരും കിനാവും, പു. 10.
21. കെ. പ്രശോഭൻ, "നവോത്ഥാനം നമ്പൂതിരി സമുദായത്തിൽ", അന്താരാഷ്ട്ര ശ്രീനാരായണഗുരു സ്മാരകഗ്രന്ഥം, 1977. പു. 350-51.
22. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം, പു. 23.
23. എം.പി. പോൾ, "നോവൽ സാഹിത്യം", നാഷണൽ ബുക് സ്റ്റാൾ, 1930. പു. 185
24. ടി.പു. 185.
25. കെ.പി. ശരത്ചന്ദ്രൻ, "ചന്തുമേനോൻ-അരങ്ങും അണിയറയും", കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1985. പു. 21.
26. എം. അച്യുതൻ, "ചെറുകഥ-ഇന്നലെ, ഇന്ന്", നാഷണൽ ബുക് സ്റ്റാൾ, 1979, പു. 67.
27. ടി.പു. 83
28. ടി.പു. 109
29. വി.ടി. ഭട്ടതിരിപ്പാട്, കണ്ണീരും കിനാവും, പു. 16
30. ടി.പു. 85
31. എം.എസ്. മേനോൻ, "വി.ടി. കേരളത്തിന്റെ മനഃസാക്ഷിയെ കണ്ടെത്തിയ മഹാത്മാവ്", ദേശാഭിമാനി വാരിക, നവംബർ 12, 1995. പു. 7-12.
32. എം. അച്യുതൻ, ചെറുകഥ-ഇന്നലെ, ഇന്ന്. പു. 113.
33. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം. പു. 62.

അദ്ധ്യായം രണ്ട്

അന്തർജ്ജനത്തിന്റെ രചനകൾ - ഒരു സാമാന്യാവലോകനം

അന്തർജ്ജനത്തിന്റെ രചനകൾ - ഒരു സാമാന്യാവലോകനം

ടാഗോറിന്റെ സാഹിത്യം, വിവേകാനന്ദസ്വാമിയുടെ മതസങ്കല്പം, ഗാന്ധിജിയുടെ രാഷ്ട്രീയം, ഈ വീക്ഷണങ്ങളിൽ നിന്നുള്ള സ്വാധീനം ഉൾക്കൊണ്ടുകൊണ്ട്, വി.ടി., എം.ആർ.ബി., മൂത്തിരിങ്ങോട് തുടങ്ങിയവരുടെ സാമൂഹ്യസാഹിത്യ പ്രവർത്തനങ്ങളാൽ പ്രചോദിതയായി പൊതുരംഗങ്ങളിലേക്കു കടന്നുവന്ന ശ്രീമതി. ലളിതാംബിക അന്തർജ്ജനം ഇതിനകം തന്റെ തൂലിക ശക്തമായ ഒരായുധമാക്കി മാറ്റിയിരുന്നു. തനിക്കുചുറ്റും ജീവിക്കുന്നവരുടെ ദയനീയമായ ജീവിതാവസ്ഥയ്ക്ക് എന്തെങ്കിലും മാറ്റം വരണമെങ്കിൽ അവരെ മാനസികമായി പ്രബുദ്ധരാക്കണമെന്ന് വി.ടി., എം.ആർ.ബി., മൂത്തിരിങ്ങോട് എന്നിവരുടെ പ്രവർത്തനങ്ങളിൽ നിന്ന് അന്തർജ്ജനം മനസ്സിലാക്കിയിരുന്നു. സമുദായത്തിന്റെ ഉയർച്ചയ്ക്ക് ആവശ്യമായി ട്ടുള്ളത് സ്ത്രീകളുടെ മോചനമാണെന്ന് വി.ടി. ഉന്നിപ്പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ അന്തർജ്ജനത്തിന്റെ പ്രവർത്തനങ്ങളിൽ ഏറിയപങ്കും ആ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു.

ഉല്പതിഷ്ണുക്കളായ മാതാപിതാക്കളുടെ അരുമയായി വളർത്തപ്പെട്ട ലളിതാംബികയ്ക്ക് അന്നത്തെ നമ്പൂതിരി സമുദായത്തിലെ ഒരു സാധാരണ പെൺകുട്ടി അനുഭവിക്കേണ്ടിയിരുന്ന പാരതന്ത്ര്യം, അതിലുമെത്രയോ കുറഞ്ഞ അളവിലേ സഹിക്കേണ്ടിവന്നിരുന്നുള്ളൂ. താൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം എന്തുകൊണ്ട് സഹജീവിതങ്ങൾക്ക് കിട്ടുന്നില്ല എന്ന കാര്യം അവരെ ചിന്തിപ്പിച്ചിരിക്കണം. അങ്ങനെ അവർ യാഥാസ്ഥിതികത്വം സമുദായത്തിനു ചുറ്റും കെട്ടിയുണ്ടാക്കിയ ശക്തമായ അനാചാരക്കോട്ട കണ്ടെത്തുകയും അതിനെതിരെ ശബ്ദമുയർത്താൻ പ്രചോദിതയാവുകയും ചെയ്തു.

□ഗൃഹത്തിൽ പതിവായി വരുന്ന പത്രമാസികകൾ മുഴുവൻ വായിക്കും. അച്ഛനും മുത്തച്ഛനും വായനക്കമ്പക്കാരായിരുന്നതുകൊണ്ട് മലയാളത്തിൽ അന്നോളമുണ്ടാ യിട്ടുള്ള പുസ്തകങ്ങളും മാസികകളും എല്ലാം അവിടെയുണ്ട്□[1] എന്ന് അന്തർജ്ജനം തന്റെ കുട്ടിക്കാലത്തെ വായനാശീലത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇങ്ങനെ രൂപപ്പെട്ട വായനാശീലം, കണ്ടു മനസ്സിലാക്കാൻ കഴിയാതിരുന്നവയൊക്കെ വായിച്ചു മനസ്സിലാക്കാൻ അവരെ സഹായിച്ചു. എങ്കിലും തന്നെ ഇന്നറിയുന്ന താനാക്കി ത്തീർത്ത ഗുരുഭൂതൻ, അച്ഛന്റെ അമ്മാവന്റെ മകനായ [പണ്ടാലസ്സാർ] എന്ന മറ്റുള്ളവർ ബഹുമാനപൂർവ്വം വിളിച്ചിരുന്നയാളാണ് എന്ന അന്തർജ്ജനം കൃതജ്ഞതാപൂർവം തുടർന്നു സ്മരിക്കുന്നുണ്ട്.

തീരെ ചെറിയ പ്രായത്തിൽ തന്നെ കവിതകൾ കുത്തിക്കുറിക്കുകയും മഹാപരാധമെന്നപോലെ ആരും കാണാതെ അവ കീറിക്കളയുകയും ചെയ്യുന്ന സ്വഭാവം അന്തർജ്ജനത്തിനുണ്ടായിരുന്നു. എഴുത്ത് എന്തോ കുറ്റകൃത്യമാണെന്നായിരുന്നു അന്നവരുടെ ധാരണ. മാത്രമല്ല താൻ എഴുതുന്ന വിഷയങ്ങൾ അമ്മയ്ക്ക് ഇഷ്ടപ്പെടില്ലെങ്കിലോ എന്ന ഭയവും ഉണ്ടായിരുന്നു. സ്വദേശിപ്രസ്ഥാനവും സ്വാതന്ത്ര്യ സമരകാഹളവും അലയടിച്ചുയർന്ന കാലത്താണ് [അഭിനവപാർത്ഥസാരഥി] എന്ന ലേഖനം പ്രസിദ്ധീകരിച്ചത്. അന്ന് ലളിതാംബികയ്ക്ക് 14 വയസ്സായിരുന്നു പ്രായം. 1098 കർക്കടകം-ചിങ്ങം ലക്കം [ശാരദ]യിലാണ് പ്രസ്തുത ലേഖനം പ്രസിദ്ധീകരിച്ചത്. കഥയെന്നോ, കവിതയെന്നോ, ലേഖനമെന്നോ പേരിട്ടു വിളിക്കാനാവാത്ത; ഇന്നത്തെ നിലയ്ക്ക് വായിച്ചാൽ ചിരിവരുന്ന തരത്തിൽ എല്ലാം കൂടിക്കുഴഞ്ഞ എന്തോ ഒന്ന് എന്നേ ആ ലേഖനത്തെക്കുറിച്ച് പറയാനാവൂ എന്ന് അന്തർജ്ജനം തന്നെ പിന്നീട് അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. ഈ ലേഖനം പ്രസിദ്ധീകരിച്ചുവന്ന ദിവസത്തെക്കുറിച്ചും തുടർന്നുണ്ടായ സംഭവങ്ങളെക്കുറിച്ചും അന്തർജ്ജനം പറയുന്നുണ്ട്.

അന്തർജ്ജനം ആദ്യകാലത്തെഴുതിയവയൊക്കെ കവിതകളായിരുന്നു. ആറു കൃതികളിലായി ഇവയൊക്കെ സമാഹരിച്ചിരിക്കുന്നു. 1937ൽ പ്രസിദ്ധീകരിച്ച ലളിതാഞ്ജലി യാണ് ആദ്യ കവിതാസമാഹാരം. ഇതിന്റെ മുഖവുരയിൽ അന്തർജ്ജനം പ്രസ്താവിച്ചിട്ടുള്ള വസ്തുത ശ്രദ്ധേയമാണ്. [അനാചാരങ്ങളുടെ വീർപ്പുമുട്ടൽ കൊണ്ടുണ്ടായ വിഷാദവും അവയെ എതിർക്കുവാനുള്ള യൗവ്വനത്തിന്റെ വികാരാവേശവും ഇതിലെ കവിതകളിൽ പലതിനേയും സ്വാധീനിച്ചിട്ടുണ്ടാവാം. അന്നത്തെ പരിതസ്ഥിതിയിൽ അനിവാര്യമായ ഒരു ദോഷമായിരുന്നു ഈ

ധാർമ്മികരോഷം എന്നു ധരിച്ചാൽ മതി[2]. 1932 മുതൽ രചിച്ചിട്ടുള്ള ഇരുപത് കവിതകളാണ് ഈ കൃതിയിൽ സമാഹരിച്ചിട്ടുള്ളത്. ഇവയിൽ "പുരുഷന്റെ ബലം", "പെൺ പൈതലിനോട് ", "അന്തർജ്ജന ജീവിതം", "ഭ്രഷ്ട്", "അനാഥ സൗഭാഗ്യത്തിനോട് ", മാമൂൽ ഭയം" എന്നീ കവിതകൾ ശൈലിയിലും, ആവിഷ്കരണ ത്തിലും ഇതിവൃത്തത്തിലും മികച്ചുനിൽക്കുന്നവയും അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും അന്തർജ്ജനത്തിനുള്ള എതിർപ്പ് ശക്തമായി പ്രകടിപ്പിക്കുന്നവയുമാണ്.

1938ൽ പ്രസിദ്ധീകരിച്ച ശ്രീവഞ്ചിരാജേശ്വരി യാണ് രണ്ടാമത്തെ സമാഹാരം. ഇതിനെ കവിതാസമാഹാരം എന്നു വിശേഷിപ്പിക്കുവാൻ പ്രയാസമാണ്. തിരുവിതാംകൂർ രാജകുടുംബത്തോടുള്ള ആദരസൂചകമായി രചിച്ചിട്ടുള്ള ഈ കൃതിയിൽ താൻ കേട്ടറിഞ്ഞിട്ടുള്ളതും നേരിട്ടറിഞ്ഞതുമായ രാജകുടുംബാംഗങ്ങളെ സ്തുതിക്കുകയും, അവരുടെ ഗുണഗണങ്ങൾ വർണ്ണിക്കുകയുമാണ് ചെയ്തിട്ടുള്ളത്. രചനകൾക്കൊന്നും വ്യക്തമായ പേര് നൽകാതെ അവ രചിക്കപ്പെട്ടിരിക്കുന്ന വൃത്തവും ചൊല്ലേണ്ടുന്ന രീതികളും സൂചിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഭാഷാപ്രയോഗത്തിലും രചനാരീതിയിലും ഈ കൃതി അത്ര മികച്ചതാണെന്നു പറയാനാവില്ല. രാജകുടുംബാംഗങ്ങൾക്കുള്ള സ്തുതിയാണ് രചനകളിൽ ഉടനീളം നിറഞ്ഞുനിൽക്കുന്നത്.

1940ൽ പുറത്തിറക്കിയ ഓണക്കാഴ്ചയാണ് മറ്റൊന്ന്. കൊല്ലം ശ്രീരാമവിലാസം പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച ഈ കൃതിയും ഒരു കവിതാസമാഹാരമാണെന്നു പറയാനാവില്ല. ചില നാടൻപാട്ടുകളും, തിരുവാതിരക്കളിപ്പാട്ടുകളുമാണ് ഈ കൃതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1944ൽ പ്രസിദ്ധീകരിച്ച ഭാവദീപ്തി ഒരു നല്ല കവിതാസമാഹാരമാണ്. കവിതകളുടെ രചനാകാലം രേഖപ്പെടുത്തിയിട്ടില്ലാത്ത ഈ സമാഹാരത്തിലെ 12 കവിതകളും മികച്ചവയാണ്. ധന്യദാമ്പത്യം, കൂട്ടിലെ പൈങ്കിളിയോട്, മുഹൂർത്തം തെറ്റില്ല തുടങ്ങിയ കവിതകൾ മികവിന്റെ കാര്യത്തിൽ മുന്നിട്ടുനിൽക്കുന്നു. രാഷ്ട്രീയ,

സാമൂഹിക, സാമുദായിക പ്രമേയങ്ങൾ എല്ലാം ഈ സമാഹാരത്തിലെ കവിതകളിൽ കാണാനാകും.

1959ൽ പ്രസിദ്ധീകരിച്ച നിശ്ശബ്ദസംഗീതമാണ് എടുത്തുപറയേണ്ടുന്ന മറ്റൊരു കൃതി. 1940 മുതൽ 48 വരെ എഴുതിയ കവിതകളിൽ നിന്ന് തെരഞ്ഞെടുത്ത 9 കവിതകളാണ് നിശ്ശബ്ദ സംഗീതത്തിൽ ചേർത്തിരിക്കുന്നത്. ഇവയിൽ □ക്ലപ്പു കൈ□ ഗാന്ധിജിയുടെ ചിതാഭസ്മത്തിനു മുന്നിൽ അർപ്പിക്കുന്ന ശ്രദ്ധാഞ്ജലിയാണ്.

1969ൽ സി.പി.സി.എസ്. പ്രസിദ്ധീകരിച്ച □ആയിരത്തിരി□യാണ് അന്തർജ്ജനത്തിന്റെ പ്രസിദ്ധമായ കവിതാസമാഹാരം. മുകളിൽപ്പറഞ്ഞ കൃതികളിലെ ഒട്ടു മിക്ക കവിതകളും ആയിരത്തിരിയിൽ സമാഹരിച്ചിട്ടുണ്ട്. അന്തർജ്ജനത്തിന്റെ കവിതകളുടെ ഏറെക്കുറെ സമഗ്രമായ ഒരു സമാഹാരമാണ് ആയിരത്തിരി. മൂന്നു ഭാഗമായി തിരിച്ചിട്ടുള്ള ഈ കൃതിയിലെ ഓരോ ഭാഗത്തിനും യഥാക്രമം 'വിഭാതരശ്മികൾ', 'ആയിരത്തിരി', 'മാതൃദർശനം' എന്നിങ്ങനെ പേരും നൽകിയിരിക്കുന്നു. 1926ൽ എഴുതിയ □കൂട്ടിലെ പൈങ്കിളിയോട് □ എന്ന പ്രതീകാത്മക കവിത മുതൽ 1939ൽ ഒരു ടാഗോർ കവിതയുടെ അനുകരണമായി എഴുതിയ □ആ ചോരൻ□ എന്ന കവിതവരെ ഒന്നാം ഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആകെ 33 കവിതകൾ വിഭാതരശ്മികളിലുണ്ട്. ഇതിലെ 'കൂട്ടിലെ പൈങ്കിളിയോട്', 'കലാലയവാതിലിൽ', 'മുഹൂർത്തം തെറ്റില്ല', 'ധന്യദാമ്പത്യം'എന്നിവ ഭാവദീപ്തിയിലും 'കൈരവഗീതി' നിശ്ശബ്ദസംഗീതത്തിലും 'ഒരു സ്വാഗതഗാനം', 'സ്വാതന്ത്ര്യക്കൊടി', 'കാര്യമെന്തോ', 'പുണ്യാശ്രമം', 'തെച്ചിപ്പൂവിന്റെ കൃതാർത്ഥത', 'ശ്രുതികയോട്', 'സത്യത്തിൻ വെളിച്ചത്തിൽ', 'പെൺ പൈതലിനോട്', 'കവനകാമിനി', 'ആനന്ദഭാരം', 'അന്തർജ്ജനജീവിതം', 'ഭ്രഷ്ട് ', 'അനാഥസൗഭാഗ്യത്തിനോട് ' എന്നീ കവിതകൾ ലളിതാഞ്ജലിയിലും നേരത്തെതന്നെ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്.

□ആയിരത്തിരി□ എന്ന രണ്ടാംഭാഗത്തിന്റെ പേരുതന്നെയാണ് കൃതിയുടെ പേരായും സ്വീകരിച്ചിരിക്കുന്നത്. □ആയിരത്തിരി□ എന്നത് നമ്പൂതിരി സമുദായത്തിലെ വിവാഹത്തോടനുബന്ധിച്ചുള്ള ഒരു ആചാരമാണ്.

വിവാഹത്തലേന്ന് അയനിയൂണ് കഴിഞ്ഞ വധു, മൈലാഞ്ചിയും വെള്ളിമോതിരവും ഇട്ട കൈകൾകൊണ്ട് ഒരു കോടിയലക്കിയ പുടവ വാൽക്കണ്ണാടിയുടെ അറ്റംകൊണ്ട് കീറിയെടുക്കുന്നു. വധുവും മറ്റു സുമംഗലികളും കൂടി ആ തുണി മുഴുവൻ തിരികളായി തെറുക്കുന്നു. അവ കൂട്ടിപ്പിരിച്ച് പന്തുപോലാക്കി പിറ്റേന്ന് വിവാഹമുഹൂർത്തത്തിനു മുമ്പ് ഈ ആയിരത്തിരി താലത്തിലോ ഉരുളിയിലോ വെച്ച് നെയ്യൊഴിച്ച് കത്തിക്കുന്നു. ജ്വലിക്കുന്ന ആയിരത്തിരിത്തട്ടം എടുത്ത് ഒരു പരിചാരിക മുമ്പേയും വധു പിറകേയുമായിട്ടാണ് വിവാഹവേദിയിലേക്കു പോവേണ്ടത്. വധു തെറുത്ത ആയിരത്തിരി കൊണ്ട് വരനെ ഉഴിഞ്ഞ് ആ വെളിച്ചത്തിൽ അവർ പരസ്പരം കാണുന്നു. ഇതാണ് ആയിരത്തിരി എന്ന ചടങ്ങ്.

1940 മുതൽ 1948 വരെ എഴുതിയിട്ടുള്ള 22 കവിതകളാണ് ഈ ഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇവയിൽ 'ഗുരുപൂജ', 'അന്തർബാഷ്പം', 'തടവുകാരൻ' 'ബലിവേദിയിൽ', 'വെളിച്ചത്തെതേടി', 'ഭടനും കവിതയും' എന്നീ കവിതകൾ നിശ്ശബ്ദസംഗീതത്തിലും, 'സഹചാരിണി', 'യൗവ്വനം', 'പടയാളി', 'കേരളസിംഹം' എന്നിവ ഭാവദീപ്തിയിലും മുൻപ് പ്രകാശിതമായിട്ടുണ്ട്.

"മാതൃദർശനം" എന്ന മൂന്നാംഭാഗത്തിൽ 1948 മുതൽ 68 വരെയുള്ള 20 വർഷക്കാലത്തിനിടയിൽ രചിച്ച 13 കവിതകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലെ "കൂപ്പുകൈ" മുമ്പ് നിശ്ശബ്ദസംഗീതത്തിൽ ചേർത്തിട്ടുണ്ട്. മുൻപ് സമാഹാര രൂപത്തിൽ പ്രസിദ്ധീകരിച്ചവയും അല്ലാത്തവയുമായി ആകെ 68 കവിതകൾ ആയിരത്തിരിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പലതും മുൻപ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലും വന്നിട്ടുണ്ട്.

1926ൽ എഴുതിയ "കൂട്ടിലെ പൈങ്കിളിയോട്" എന്ന കവിത തികച്ചും

പ്രതീകാത്മകമാണ്. ഇതിലെ പൈങ്കിളി നമ്പൂതിരി സമുദായത്തിലെ അസ്വതന്ത്രവും അനാചാരക്കോട്ടയാൽ ബന്ധിതവുമായ സ്ത്രീജന്മം തന്നെയാണ്. രണ്ടിന്റെയും അവസ്ഥ സമാനമാണ്.

ജനിച്ചതും പഞ്ജരബദ്ധയായ് താൻ
സ്വാതന്ത്ര്യമെന്തെന്നതറിഞ്ഞിടാത്തോൾ
പ്രഭാതമോ പാതിരയോ വരട്ടെ
അവൾക്കു പാർത്താലതുരണ്ടുമൊപ്പം.[3]

- നമ്പൂതിരി സ്ത്രീയുടെ അവസ്ഥയും ഇതിനു സമമാണ്. ജനനം മുതൽ മരണം വരെ അസ്വതന്ത്രയായി കഴിച്ചുകൂട്ടേണ്ടതാണ് നമ്പൂതിരി സ്ത്രീയുടെ ജീവിതം. രാത്രിയും പകലും അവൾക്ക് തുല്യമാണ്. ഉത്സവങ്ങളും ആഘോഷങ്ങളുമില്ലാതെ, എങ്ങും വിലക്കുകൾ മാത്രം നേരിട്ടുകൊണ്ട്, ആചാരങ്ങൾ മുറ തെറ്റാതെ അനുസരിച്ചുകൊണ്ട്, വെളുത്താൽ കറുക്കുംവരെയും കറുത്താൽ വെളുക്കും വരെയും അകത്തളങ്ങളിൽ മാത്രം കഴിച്ചുകൂട്ടേണ്ടിയിരുന്ന ആ ജീവിതം.

ചിന്തിച്ചതേയില്ല തനിക്കു ചുറ്റും
ബന്ധിച്ചു നിൽക്കും ബലമാർന്ന കൂടും
കൊത്തിപ്പറിച്ചാൽ കുറെയേറെ നാളാൽ
പൊട്ടിച്ചുമാറ്റാൻ കഴിവുള്ളതെന്ന്[4]

- അവൾക്കറിഞ്ഞുകൂടാ ഒന്നും. ഒഴുക്കിനൊത്ത് നീന്തുകയാണവൾ. അതിനെതിരായി നീന്തണമെങ്കിൽ, അതിനു ശ്രമിക്കണമെങ്കിൽത്തന്നെ, മുൻപിൽ ഒരു മാതൃക വേണം. ആ മാതൃക ഒഴുക്കിനെതിരെ നീന്തി വിജയിച്ചതായിരിക്കണം, പരാജയപ്പെട്ടു പിന്തിരിഞ്ഞതാവരുത്. ഇതിലെ കിളി കാലങ്ങളായി കൂട്ടിൽത്തന്നെയാണ്. നിരന്തരമായ പരിശ്രമം കൊണ്ട് കൂടിന്റെ അഴികൾ പൊളിച്ചുമാറ്റാൻ കഴിയുമെന്ന് കവയിത്രി കിളിയെ പ്രബോധിപ്പിക്കുന്നു.

വളഞ്ഞു നീണ്ടുള്ളൊരു ചുണ്ടുയർത്തി
തുടർന്നു കൊത്തുദ്രു ചിറകിട്ടടിക്കു
ചിരന്തനം ശാഠ്യമിദം തുടർന്നാൽ
തുറന്നിടാം നിന്നുടെ കൂടുപക്ഷേ.[5]

തുടർച്ചയായി എതിർത്തുകൊണ്ടിരുന്നാൽ സ്വാതന്ത്ര്യത്തിന്റെ വാതിൽ

ഉറന്നുകിട്ടുമെന്നും അങ്ങനെ പാരതന്ത്ര്യത്തിൽ നിന്ന് രക്ഷപ്പെടാമെന്നും കവയിത്രി ഉദ്ബോധിപ്പിക്കുന്നത് അനാചാരങ്ങളെ ആചാരങ്ങളാക്കിക്കൊണ്ട് പടുത്തുയർത്തിയ കോട്ടയിൽ നിന്ന് മോചനം കാത്തു കഴിയുന്ന നമ്പൂതിരി യുവതികളെയാണ്. ആചാരങ്ങളെ അനാചാരങ്ങളെന്നു മനസ്സിലാക്കി അവയ്ക്കെതിരെ പൊരുതിയാൽ കാലക്രമേണ ആ എതിർപ്പ് സമുദായത്തിന് അംഗീകരിക്കേണ്ടി വരികയും അതിലൂടെ മോചനം സാധ്യമാവുകയും ചെയ്യും.

1937ൽ പ്രസിദ്ധീകരിച്ച ലളിതാഞ്ജലിയിൽ ചേർത്തിരിക്കുന്ന, 1934ൽ എഴുതിയ, "തെച്ചിപ്പൂവിന്റെ കൃതാർത്ഥത" എന്ന കവിത അന്തർജ്ജനത്തിന്റെ കവന വൈഭവത്തിന് മറ്റൊരുദാഹരണമാണ്. മനം മയക്കുന്ന സൗരഭ്യമോ ആകർഷണീയമായ വർണ്ണവിലാസമോ ഇല്ലാത്തതുകൊണ്ട് ഏവരാലും അവഗണിക്കപ്പെടുന്ന തെച്ചിപ്പൂ, പക്ഷേ ഈശ്വരപൂജയ്ക്ക് ഉത്തമപുഷ്പമാണ്. പിച്ചകത്തിനോ, മുല്ലയ്ക്കോ മറ്റ് ആകർഷകമായ പൂക്കൾക്കോ കിട്ടുന്ന പരിഗണന ലഭിക്കാത്ത തെച്ചിപ്പൂ, ഈശ്വരപാദത്തിലർപ്പിക്കപ്പെടുമ്പോൾ പവിത്രമാകുന്നു.

"പിച്ചകപ്പൂ കളഞ്ഞു കുളിച്ചിട്ടേ
വെച്ചിടുന്നുള്ളിപ്പൂജാകുസുമങ്ങൾ
ആ മഹാരാജമൂർദ്ധനി കരേറുവാൻ
കാമമിപ്പൊഴതേലുന്നതില്ല ഞാൻ
താണു തൊഴുതുവാങ്ങി സ്വയം
കണ്ണിൽ വെച്ചു കൃതാർത്ഥനാം മന്നവൻ"[6]

ഈ കൃതാർത്ഥതയ്ക്കൊപ്പം, ആയുർവേദത്തിലെ സജീവത്വം, അതുകൊണ്ടുള്ള ചാരിതാർത്ഥ്യം ഇവയൊക്കെയുണ്ടെങ്കിലും കാനനത്തിൽ നിന്ന് മലർവാടിയിലേയ്ക്ക് പോകാൻ ആഗ്രഹമില്ലാത്ത തെച്ചിയുടെ എളിമയും അന്തർജ്ജനം അവതരിപ്പിക്കുന്നുണ്ട്.

"ശാശ്വതപൂജ ലോകത്തിനു ചെയ്വാ-
നീശ്വരനിടയാക്കി, ലതുമതി."[7]

ഇതേ സമാഹാരത്തിലെ, 1935ൽ എഴുതിയ "അനാഥ സൗഭാഗ്യത്തിനോട്" എന്ന കവിത ഒരു പൂവിന്റെ നവ്യമനോഹാരിതയും പിന്നീടുണ്ടാവുന്ന അവസ്ഥാഭേദങ്ങളും

വർണ്ണിക്കുന്നു. 1935ൽ ഹരിപ്പാട്ടു വെച്ചു നടന്ന യോഗക്ഷേമസഭയുടെ യോഗത്തിൽ അവതരിപ്പിച്ച, അന്തർജ്ജനത്തിന്റെ "പുനർജന്മം" എന്ന നാടകത്തിലെ ഗാനമാണിത്. ആരെയും മയക്കുന്ന സുന്ദരിയായി പുലരിയിൽ വിടർന്നുനിന്ന കുസുമം ഉച്ചനേരത്തെ ചണ്ഡവാതമേറ്റ് ഉച്ചലിതയായാടി നിന്ന് പിന്നീട് പുഴുക്കുത്തേറ്റ് ആർക്കും വേണ്ടാത്തവളായി, നിന്ദ്യയായി, തിരസ്കൃതയായി മാറി.

"ഭ്രരിസൗരഭ്യമാർന്നിടും തവ
ചാരുസൗന്ദര്യമീവിധം
പാരിനും പരത്തിന്നുമില്ലാതെ-
യാരനാഥമായ് തീർത്തതും? "[8]

- ആ ദ്രോഹിയോട് പ്രത്യക്ഷമായിത്തന്നെ രോഷം കൊള്ളുകയാണ് ഇവിടെ അന്തർജ്ജനം. 1945ൽ എഴുതിയ "കർഷകൻ" എന്ന കവിത ഭാവിയെക്കുറിച്ച് കരുതലുള്ള ഒരു കൃഷിക്കാരന്റെ ചിത്രം കാഴ്ച വെയ്ക്കുന്നു. ദുർബ്ബലമായ കരത്തിൽ കൊച്ചുതുവൽ ആയുധമേന്തി നാളത്തെ സമൃദ്ധിക്കായി ഇന്ന് വിളവിറക്കുന്ന കർഷകൻ; സ്വന്തം സുഖസമൃദ്ധിയല്ല അവന്റെ ലക്ഷ്യം; മാനവരാശിയുടെ മുഴുവൻ സമൃദ്ധിയാണ്.

"കേവലം വയർ മാത്രം നിറയ്ക്കുന്ന
ചാമനെല്ലുകൾ നോക്കിയറുക്കാതെ
ജീവിതത്തിൻ ബലവീര്യപുഷ്ടിക-
ളേകിടുന്ന സൽധാന്യങ്ങൾ കൊയ്യുവിൻ"[9]

പുതിയ തലമുറയ്ക്കുള്ള ഒരു മുന്നറിയിപ്പും ഉപദേശവും പ്രചോദനവുമൊക്കെയാണ് ഈ വരികൾ.

"വളരെ കുട്ടിക്കാലത്തുതന്നെ മേഘങ്ങളെ നോക്കുവാനെനിക്ക് കൗതുകമായിരുന്നു. വെളുത്തു പഞ്ഞിച്ചുരുൾ പോലെയുള്ള മേഘങ്ങൾ - ഉദയരശ്മിയിൽ താമരപ്പൂവർണ്ണമായത്, സാന്ധ്യദീപ്തിയിൽ രക്തനിറം പൂണ്ടവ, കാർ കൊണ്ടു മിണ്ടാതെ വിമ്മി നിൽക്കുന്നവ. കുറെ വളർന്നപ്പോൾ ദുഃഖിതയായ

ഒരന്തർജ്ജനത്തിന്റെ ഉപമ ഞാനിതിൽ കാണാറുണ്ട്. [10] [മോഘോപഗീതി] എന്ന കവിതയ്ക്ക് ആസ്പദമായത് ഈ കൗതുകവും ഉപമാദർശനവും തന്നെയായിരിക്കണം. 1938ൽ എഴുതിയ ഈ കവിതയിൽ മേഘത്തിന്റെ രൂപഭേദങ്ങളെയും, നിറഭേദങ്ങളെയും വർണ്ണിച്ചശേഷം അത് മഴയായി പെയ്യുന്ന അവസ്ഥാഭേദത്തെ അന്തർജ്ജനം വിവരിക്കുന്നു. തുടർന്ന്,

[അഭിലഷിപ്പതുണ്ടതുവിധം ഞാനു-
മൊരു കരിം കാറായ് ചമയുവാൻ
അപവാദങ്ങളിലിളകാതെ നിത്യ
മപരദുഃഖത്തിലലിയുവാൻ] [11]

- എന്ന് ആഗ്രഹം പ്രകടിപ്പിക്കുന്നു. ഈ മോഹം മേഘങ്ങളെ ഇഷ്ടപ്പെട്ടിരുന്നു എന്നു സമ്മതിക്കുന്ന, ആ മേഘങ്ങളിൽ അന്തർജ്ജനജീവിതം പരോക്ഷമായി ദർശിച്ചിരുന്നു എന്നു പ്രസ്താവിക്കുന്ന, അന്തർജ്ജനത്തിന് സ്വാഭാവികം മാത്രമാണ്. താനെഴുതിയ ആദ്യകാലകവിതകളിൽ മിന്നൽപിണറിന്റെയും കണ്ണനീർത്തുള്ളിയുടെയും ഏങ്ങലടിയുടെയും സങ്കലനം വന്നത് അതുകൊണ്ടായിരിക്കുമെന്നും അന്തർജ്ജനം സമ്മതിക്കുന്നുണ്ട്.

[മണ്ണുപെറ്റ മക്കൾ നമ്മൾ
മണ്ണിൽ നിന്നുയർന്നവർ
മണ്ണിലേക്കലിഞ്ഞു പിന്നെ-
യൊന്നു ചേർന്നിടേണ്ടവർ] [12]

- അങ്ങനെയുള്ള നമ്മൾ ജീവിതപ്പാതയിൽ എപ്പോഴോ എവിടെയോ വെച്ച് മണ്ണിനോട് അറപ്പും വെറുപ്പും ഭാവിച്ച് മണ്ണിൽ നിന്നും അകന്നുപോയി. പുത്തൻ മോടികൾക്കു വേണ്ടി പുതിയ മേച്ചിൽപുറങ്ങൾ തേടിയ മനുഷ്യൻ പട്ടണപ്പകിട്ടിൽ ഭ്രമിച്ചുപോയതോടെ അവന്റെ ജീവിതം വരണ്ടുണങ്ങി. അവിടെനിന്നും സ്നിഗ്ധതയിലേക്കു തിരിച്ചുവരാനുള്ള വഴി ഉപദേശിക്കുകയാണ് 1952ൽ എഴുതിയ [തിരികെ വരിക, തിരികെ വരിക] എന്ന കവിതയിലൂടെ. പുത്തൻ തലമുറയ്ക്കുള്ള ഒരു ഉണർത്തുപാട്ടാണ് ഈ കവിത.

അക്ഷരങ്ങളും അക്കങ്ങളും പഠിച്ച് ബിരുദം നേടുന്നതിലുമപ്പുറം വിശ്വവിദ്യാലയത്തെയാണ് പഠിക്കേണ്ടതെന്നും അങ്ങനെ നേടുന്ന അറിവാണ് ലോകജീവിതത്തിൽ കൂടുതൽ ഉപകാരപ്രദമാവുകയെന്നും ഉദ്ബോധിപ്പിക്കുന്ന കവിതയാണ് കലാലയവാതിലിൽ. ഈ വിശ്വവിദ്യാലയത്തിന്റെ പ്രത്യേകത കവയിത്രി ചൂണ്ടിക്കാണിക്കുന്നത് ഇപ്രകാരമാണ് :

ശാശ്വത വിജ്ഞാനൈക-
സമ്പന്നമതിങ്കൽ നി-
ന്നാർക്കെന്തും പഠിച്ചീടാം
ആശപോലുയർന്നീടാം[13] -

- അതുകൊണ്ടുതന്നെയാണ് ബിരുദങ്ങൾക്കുപരിയാണ് ഈ വിദ്യാലയത്തിലെ വിദ്യാഭ്യാസം എന്നു പറയുന്നതും.

സ്വാതന്ത്ര്യസമരത്താൽ പ്രചോദിതയായി പല കവിതകളും (സ്വാതന്ത്ര്യ കാഹളം, സ്വാതന്ത്ര്യക്കൊടി, വിപ്ലവത്തിന്റെ വിളി, കേരളസിംഹം, തടവുകാരൻ, പടയാളി തുടങ്ങി ഒട്ടേറെ കവിതകൾ) അന്തർജ്ജനം എഴുതിയിട്ടുണ്ട്. സ്വദേശി പ്രസ്ഥാനവും ദേശീയബോധവും അലയടിച്ചുകൊണ്ടിരുന്ന കാലമായതിനാലാവണം അത്തരമൊരു ചിന്താഗതിയുള്ള, അവയോട് ആഭിമുഖ്യം പുലർത്തിയിരുന്ന അന്തർജ്ജനം ഇത്തരം കവിതകൾ കൂടി എഴുതാൻ സാഹചര്യമുണ്ടായത്.

രാമപുരത്തു വാര്യർ, ജി. ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻ നായർ എന്നിവരെ അനുസ്മരിക്കുന്ന കവിതകളും അന്തർജ്ജനം രചിച്ചിട്ടുണ്ട്. ഗുരുപൂജ, വിജയദശമി, കളിത്തോണി കണ്ടപ്പോൾ എന്നീ കവിതകൾ യഥാക്രമം ഇവരുടെ അനുസ്മരണങ്ങളാണ്.

ഇവയ്ക്കെല്ലാം പുറമെ സ്വന്തം സമുദായത്തിലെ അനാചാരങ്ങളെ വെറുപ്പോടെ വീക്ഷിക്കുകയും ആവുന്നത്ര ശക്തിയോടെ എതിർക്കുകയും ചെയ്യുന്ന കവിതകളും അന്തർജ്ജനം രചിച്ചിട്ടുണ്ട്. കുട്ടിലെ പൈങ്കിളിയോട് (1926), ഭ്രഷ്ട് (1933), പെൺ പൈതലിനോട് (1935), അന്തർജ്ജന ജീവിതം (1935), തോഴിയോട് (1938),

പുനർജ്ജന്മം (1938) മുഹൂർത്തം തെറ്റില്ല (1938), ആയിരത്തിരി (1940) കൂടിവെയ്പ് (1961) തുടങ്ങി ഒട്ടേറെ കവിതകൾ തന്റെ സമുദായത്തിൽ ആചാരങ്ങളായി മാറിയ അനാചാരങ്ങളെയും അവയ്ക്കുള്ളിൽ പെട്ട് വീർപ്പുമുട്ടിക്കഴിയുന്ന അന്തർജ്ജനങ്ങളുടെ ജീവിതത്തെയും, അവരുടെ ഏങ്ങലടികളെയും, എതിർപ്പിന്റെ ദയനീയ പരാജയ ശബ്ദങ്ങളെയും അവതരിപ്പിക്കുന്നതിനു വേണ്ടി അന്തർജ്ജനം എഴുതിയിട്ടുണ്ട്. ലളിതാഞ്ജലിയുടെ ആമുഖത്തിൽ അന്തർജ്ജനം ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത് മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ.

ഭ്രഷ്ട് എന്ന കവിതയിലെ ഒരു ഭാഗത്ത് അനാചാരങ്ങൾകൊണ്ടു വീർപ്പു മുട്ടുന്ന അന്തർജ്ജന ജീവിതത്തിന് എങ്ങനെ മോചനം നൽകാമെന്ന് ലളിതാംബിക അന്തർജ്ജനം അന്വേഷിക്കുന്നതു കാണാം.

വരാമതു പരമ്പരാജന്യമായാലേതും ന്യായം
വരാചാരം - ഇതല്ലയോ മനുഷ്യനീതി
നിരാധാര ജനങ്ങളിൽ കുതിരകയറുന്നൊരീ
ദുരാചാര പ്രപീഡനം നശിക്കയില്ലേ?[14]

അനാചാരങ്ങൾ കാലക്രമേണ ആചാരമായതും, അന്തർജ്ജനങ്ങൾ ഈ ദുരാചാരങ്ങളിൽ ഞെങ്ങിഞെരുങ്ങി ജീവിച്ച് ജീവിതം തീർക്കുന്നതും അന്തർജ്ജനത്തെ വേദനിപ്പിച്ചിരുന്നു. അതുകൊണ്ടുണ്ടായ പ്രകോപനമാണ് ഇവയുടെ നാശം കാണാൻ കൊതിക്കുന്ന മനസ്സും അതിന് ആയുധമാവുന്ന അവരുടെ തൂലികയും.

അന്തർജ്ജനത്തിന്റെ കവിതകളിൽ ചിലതിനെക്കുറിച്ച് മാത്രമേ ഇവിടെ സൂചിപ്പിച്ചിട്ടുള്ളൂ. മോശപ്പെട്ട രചനകളായതുകൊണ്ടല്ല മറ്റുള്ളവയെപ്പറ്റി പരാമർശിക്കാത്തത്. കവിതകളെപ്പറ്റി ഒരു സാമാന്യപരാമർശം മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. പഠനമേഖല അന്തർജ്ജനത്തിന്റെ ചില കഥകളും നോവലു മായതുകൊണ്ടാണ് കവിതകളെപ്പറ്റി വിശദമായ പഠനം ഒഴിവാക്കിയത്.

സമുദായത്തിലെ മറ്റ് അന്തർജ്ജനങ്ങളുടെ അനുഭവങ്ങൾ അവരിൽ നിന്നു വേറിട്ടുനിന്ന് കാണാനും, അവയിലെ അനീതി ദർശിക്കാനും, അതിനെതിരെ ശബ്ദമുയർത്താനും അന്തർജ്ജനത്തിനു കഴിഞ്ഞത് വളരുന്ന പ്രായത്തിൽ തന്നെ വീട്ടിൽ നിലനിന്നിരുന്ന ഉല്പതിഷ്ണുത്വം നിറഞ്ഞ അന്തരീക്ഷവും, തന്റെ കാഴ്ചപ്പാടിനെ പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കളും ഉണ്ടായിരുന്നതു കൊണ്ടാണ്. തനിക്കു ലഭിക്കുന്ന സ്വാതന്ത്ര്യം സഹജീവികൾക്ക് ലഭിക്കാതിരിക്കുന്നതു ശ്രദ്ധിച്ച അന്തർജ്ജനം അതിന്റെ കാരണമന്വേഷിക്കുകയും, അനാചാരക്കോട്ടയ്ക്കുള്ളിൽ അനാചാരങ്ങളെ ആചാരമാക്കി മാറ്റി, ആ ആചാരങ്ങളാൽ ബന്ധിതരാക്കി നിർത്തിയിരിക്കുന്ന അന്തർജ്ജനങ്ങളെ കണ്ടെത്തുകയും ചെയ്തു. ഇതിനെതിരെ ശബ്ദമുയർത്താൻ കവിത എന്ന മാധ്യമം മതിയാവുകയില്ലെന്ന് ഏറെ വൈകാതെത്തന്നെ മനസ്സിലാക്കിയ അന്തർജ്ജനം തന്റെ പാദങ്ങൾ കവിതാരംഗത്തുനിന്ന് കഥയിലേക്ക് മാറ്റിച്ചവിട്ടി. ഈ കളരിമാറ്റത്തെക്കുറിച്ച് അന്തർജ്ജനം പറയുന്നു : "ഞാൻ ആദ്യം എഴുതിത്തുടങ്ങിയത് കവിതയാണ്. വികാരത്തിന്റെ ഒരല-ഒരു പൊരി-മനസ്സിൽ നിറഞ്ഞു തുളുമ്പുന്നതാണ്, അല്ലെങ്കിൽ ജ്വലിക്കുന്നതാണ് കവിത. കഥനകൗതുകം ഏറെ അതിലില്ല. വിചാരത്തിനും സ്ഥാനമില്ല. പറയാനുള്ളതു മുഴുവൻ അതിലൊതുങ്ങിയില്ലെങ്കിൽ സ്വാഭാവികമായി മറ്റു മാർഗ്ഗങ്ങൾ വന്നു ചേരുന്നു. ഞാനൊരു കഥാകർത്തിയായതങ്ങനെയാണ്. വികാരവിചാരങ്ങളെ സമഗ്രമായി യോജിപ്പിച്ച് ശക്തമായി പ്രതിപാദിക്കാൻ ചെറുകഥപോലെ നല്ല കലാരൂപം മറ്റില്ല - വിശേഷിച്ചും കലോപാസനയ്ക്കിടയിൽ ചില ലക്ഷ്യങ്ങൾ കൂടി സാധിക്കണമെന്നുള്ളവർക്ക്. കവിതയുടെ വീട്ടിൽ നിന്നു കഥയിലേക്കു കുടിയേറാനായത് ഇതുകൊണ്ടായിരിക്കാം."[15] സമുദായ, സാമൂഹിക, രാഷ്ട്രീയപ്രധാനമായ ഒട്ടനവധി കഥകൾ അന്തർജ്ജനത്തിന്റേതായി പിന്നീട് ലഭിക്കുന്നുണ്ട്. അങ്ങനെ ഒരു കവയിത്രി എന്ന നിലയിൽ വേണ്ടത്ര അറിയപ്പെടാതെപോയ അവർ കഥാകാരി എന്ന നിലയിൽ പ്രസിദ്ധയായിത്തീർന്നു.

ചെറുകഥയെ പ്രബോധനമാധ്യമമാക്കിയ അന്തർജ്ജനം കരുത്തുറ്റ സ്ത്രീകഥാപാത്രങ്ങളിലൂടെ ഇല്ലങ്ങളുടെ അകത്തളങ്ങളിൽ അടക്കിപ്പിടിച്ച

വികാരങ്ങളുമായി ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീയ്ക്ക് പ്രതികരണശേഷിയും ധൈര്യവും പകർന്നു. ചാരിത്ര്യവും പാതിവ്രത്യവും ശരീരശുദ്ധിയിലുപരി മനസ്സിന്റെ പവിത്രതയാണെന്നും, യഥാർത്ഥ സ്ത്രീധനം നാണയത്തുട്ടുകളല്ല സ്ത്രീയുടെ മനസ്സു തന്നെയാണെന്നും അവരുടെ കഥാപാത്രങ്ങൾ ഉദ്ഘോഷിച്ചത് സമൂഹവ്യവസ്ഥിതിയിലും യാഥാസ്ഥിതിക സങ്കല്പങ്ങളിലും കോളിളക്കത്തിനു വഴിയൊരുക്കി.

1930ൽ തന്റെ 21-ാം വയസ്സിൽ "മലയാള രാജ്യം" വാരികയിൽ ആദ്യകഥയായ "യാത്രാവസാനം" പ്രസിദ്ധപ്പെടുത്തി. അക്കാലത്തെ സാഹിത്യാന്തരീക്ഷത്തെപ്പറ്റി അവർ പറയുന്നു : "ഇവിടെയും അവർ (സ്ത്രീകൾ) എന്നും സാഹിത്യലോകത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടലും തൊടീലുമുണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തുകേട്ടുകൂടാ എന്നാണ് വിധി."[16] വിധവാവിവാഹത്തെക്കുറിച്ച് യാഥാസ്ഥിതികലോകത്തിന് സങ്കല്പിക്കുവാൻ പോലുമാവാത്ത കാലത്താണ് അന്തർജ്ജനം അതിനെക്കുറിച്ച് കഥയെഴുതിയത് (യാത്രാവസാനം). ഈ കഥയിലെ നായിക 'ശ്രീദേവി' ഒരു യുവ വിധവയാണ്. അതെ, കേട്ടാൽ ഞെട്ടുന്ന പദം. ഒരു നമ്പൂതിരി വിധവ; തനിക്കും സമുദായത്തിനും ഭ്രമിക്കുതന്നെയും ഭാരമേറിയ ജീവിതം. 11-ാം വയസ്സിൽ ധർമ്മവേളിക്ക് പാത്രമാകേണ്ടിവന്ന അവൾ ഒന്നരവർഷത്തിനു ശേഷം വിധവയായി. സാധാരണ ഗൃഹജോലികളിലും വ്രതാനുഷ്ഠാനങ്ങളിലും സപത്നീമത്സരത്തിലും മുഴുകിമാത്രം കഴിച്ചുകൂട്ടേണ്ടിയിരുന്ന അന്തർജ്ജനജീവിത ത്തേക്കാൾ എത്രയോ ഇരട്ടി ദുരന്തപൂർണ്ണമായിരുന്നു അന്നു വിധവാജീവിതം.

നാട്ടിലെ സമീപ ഇല്ലങ്ങളിലെ യുവതികൾ കൂട്ടം ചേർന്ന് ഗുരുവായൂർ ദർശനത്തിന് പോകുമ്പോൾ ശ്രീദേവിയും അവരോടൊപ്പം ചേരുന്നു. എന്നാൽ യാത്രയ്ക്കിടയിൽ തീവണ്ടിയിലെ തിരക്കിൽ അവൾ ഒറ്റപ്പെടുകയും അവസാനം മദ്രാസിലെത്തിച്ചേരുകയും ചെയ്യുന്നു. ഇത്രയും ദൂരം തനിയെ യാത്രചെയ്ത ഒരു നമ്പൂതിരിയുവതി, സമുദായത്തിന്റെ കണക്കിൽ ഭ്രഷ്ടയാക്കപ്പെടും എന്നറിയാവുന്ന

അവൾക്ക് നാട്ടിലേക്കു തിരിച്ചുപോകാൻ തോന്നിയില്ല. ഇത്തിരിവെള്ളത്തിനു വേണ്ടി അലഞ്ഞു നടന്ന ജ്വരബാധിതയായ അവളെ ഒരു യുവാവ് ആശുപത്രിയിലെത്തിച്ചു. മദ്രാസ് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. വിദ്യാർത്ഥിയായ പ്രഭാകരൻ നമ്പൂതിരിപ്പാടായിരുന്നു ആ യുവാവ്. രോഗമോചിതയായ അവളെ പുനർവിവാഹം കഴിക്കാനുള്ള തന്റെ തീരുമാനം അറിയിച്ച പ്രഭാകരനോട് അവളുടെ മറുപടി ഇപ്രകാരമായിരുന്നു : "ഇതു ഞാൻ അറിഞ്ഞിരുന്നില്ല. ഒരു നമ്പൂതിരി വിധവയ്ക്ക് മരണമാണ് മംഗളമെന്നു ഞാൻ വിചാരിച്ചുപോയി. അല്ലെങ്കിൽ ഇങ്ങനെ തന്നെത്താനെ മരിക്കാൻ (ആത്മഹത്യ) ഒരുങ്ങുകയില്ലായിരുന്നു."[17] പിന്നീട് മദ്രാസ് ജനറലാശുപത്രിയിലെ ഒരൊഴിഞ്ഞ മുറിയിൽ വെച്ച് ആർപ്പുവിളിയും ആർഭാടവുമില്ലാതെ ആരുമാരും അറിയാതെ അവർ വിവാഹിതരായി. അവരുടെ തിരിച്ചുവരവിൽ സ്വീകരിക്കാനായി അനേകം യുവതീയുവാക്കൾ ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിൽ വന്നെത്തുകയും ജയജയ ഘോഷത്തോടെ അവരെ സ്വീകരിക്കുകയും ചെയ്യുന്നിടത്ത് കഥ അവസാനിക്കുന്നു.

അന്നുവരെ ഒരൊറ്റ വിധവാവിവാഹം പോലും നടന്നിട്ടില്ലാത്ത കേരളത്തിലെ നമ്പൂതിരിസമുദായത്തിൽ ഈ കഥ എത്രമാത്രം പൊട്ടിത്തെറികൾക്ക് കാരണമായിട്ടുണ്ടാവുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അതും ഒരു നമ്പൂതിരി സ്ത്രീയുടെ സൃഷ്ടി കൂടിയാവുമ്പോൾ മുറുമുറുപ്പിന്റെ മർമ്മരം അട്ടഹാസത്തിനുമപ്പുറം വളരും. എന്നാൽ ഈ പൊട്ടിത്തെറികൾക്കോ അട്ടഹാസങ്ങൾക്കോ ചെവി കൊടുക്കാതിരിക്കാനുള്ള മനക്കരുത്ത് ഇതിനോടകം നേടിയിരുന്ന അന്തർജ്ജനം നിർഭയയായി തന്റെ ശക്തമായ തൂലിക മുന്നോട്ടു ചലിപ്പിക്കുവാൻതന്നെ തീരുമാനിക്കുകയാണ് ചെയ്തത്.

തന്റെ കഥകളുടെ മൗലികതയെക്കുറിച്ച് അന്തർജ്ജനം പറയുന്നുണ്ട്: "കണ്ടും കേട്ടും അനുഭവിച്ചും ഉള്ളിൽ തട്ടിയവയിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് മിക്കവാറും കഥകൾ രൂപം കൊണ്ടിട്ടുള്ളത്. ആദ്യമെഴുതിയതും ആദ്യം പ്രസിദ്ധപ്പെടുത്തിയതുമായ "യാത്രാവസാനം" എന്ന കഥയൊഴിച്ച് - അത്

□മോഡേൺ റിവ്യൂ□വിൽ സീതാദേവി ശതോപാദ്ധ്യായ എഴുതിയ ഒരു ചെറുകഥ (The end of the journey) വായിച്ചുകേട്ട ഭായ പിടിച്ചെഴുതിയതാണ്. മറ്റൊന്നിലും മറ്റൊരു കഥയേയും അറിഞ്ഞുകൊണ്ട് ഞാൻ അനുകരിച്ചിട്ടില്ല.□[18] യാത്രാവസാനം എന്ന കഥ എഴുതിയതിനോടടുപ്പിച്ച് എഴുതപ്പെട്ട മിക്ക കഥകളും □മലയാളരാജ്യം ചിത്രവാരിക□യിൽ തന്നെയാണ് പ്രസിദ്ധീകരിച്ചത്.

14 കൃതികളിലായി അന്തർജ്ജനത്തിന്റെ 140-ഓളം കഥകൾ സമാഹരിക്കപ്പെട്ടിരിക്കുന്നു. അംബികാഞ്ജലി എന്ന സമാഹാരത്തിലും ആദ്യത്തെ കഥകൾ എന്ന സമാഹാരത്തിലും ഉൾപ്പെടുത്തിയ കഥകൾ ഒന്നുതന്നെയാണ്. കഥാരചനയിൽ ഇതു തന്റെ പരിശീലനപാഠങ്ങളാണെന്നും പ്രായവും പരിചയങ്ങളും കുറഞ്ഞ കാലത്താണ് ഇവ എഴുതിയിട്ടുള്ളതെന്നും അംബികാഞ്ജലിയുടെ പ്രസ്താവനയിൽ അന്തർജ്ജനം ക്ഷമാപണരൂപത്തിൽ പറയുന്നുണ്ട്. ചെറുകഥാകൃത്തുക്കൾക്ക് പ്രധാനമായി വേണ്ട വിശാലമായ ലോകപരിചയവും അഗാധമാനസിക വിജ്ഞാനവും തനിക്ക് കുറവാണെന്ന് യാതൊരു മടിയും കൂടാതെ തുറന്നു സമ്മതിക്കാൻ അന്തർജ്ജനം ധൈര്യം കാണിക്കുന്നുണ്ട്. ഇതിൽനിന്നു മനസ്സിലാക്കേണ്ടത് വിശാലലോകവീക്ഷണത്തിനും, അഗാധമാനസിക പരിജ്ഞാനത്തിനുമപ്പുറം തനിക്കുചുറ്റും കണ്ട ജീവിതത്തിലെ ദുരന്തങ്ങളും സമൂഹത്തിലെ അനീതിയുമാണ് അന്തർജ്ജനത്തെ കഥാലോകത്തിലേക്ക് വരാൻ പ്രേരിപ്പിച്ചത് എന്നാണ്. ഇംഗ്ലീഷിൽ വിവർത്തനം ചെയ്യപ്പെട്ട ബംഗാളികഥ വായിച്ചുകേട്ട അന്തർജ്ജനത്തെ □യാത്രാവസാനം□ എഴുതാൻ പ്രേരിപ്പിച്ചത് ബംഗാളിലെ അന്നത്തെ സാമുദായികാന്തരീക്ഷം ഏറെക്കുറെ കേരളത്തിലും നിലനിന്നിരുന്നു എന്ന വസ്തുതയാവണം.

സാമുദായിക കഥകൾ, സാമൂഹ്യകഥകൾ, രാഷ്ട്രീയകഥകൾ, മാതൃത്വത്തിന്റെ കഥകൾ, പ്രണയത്തിന്റെയും ഉദാത്തസ്നേഹത്തിന്റെയും കഥകൾ, കഥകളുടെ കഥകൾ എന്നിങ്ങനെ സാമാന്യമായി വേർതിരിക്കാവുന്ന കഥകളാണ് അന്തർജ്ജനത്തിന്റെ കഥാസാഹിത്യത്തിലുള്ളത്.

സാമുദായികകഥകളിലാണ് ഏറെ മിഴിയും വ്യക്തിത്വവുമുള്ള സ്ത്രീകഥാപാത്രങ്ങളെ അന്തർജ്ജനം അണിനിരത്തിയിരിക്കുന്നത്. സ്ത്രീത്വത്തിന്റെ പൂർണ്ണതയ്ക്കും മാതൃത്വസാഫല്യത്തിനും വെമ്പുന്ന സ്ത്രീകഥാപാത്രങ്ങൾ, സമുദായത്തിലെ പുരുഷമേധാവിത്വത്തിന്റെ ഫലമായുണ്ടായ - പുരുഷന്റെ സ്വതന്ത്രജീവിതത്തിനു വേണ്ടി പാരമ്പര്യമായി തുടർന്നുപോകണമെന്നു ശഠിക്കുന്ന - അനാചാരങ്ങളെയും അന്ധവിശ്വാസ ങ്ങളെയും ചോദ്യം ചെയ്യുകയും അവയെ മറികടക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. വിധവാജീവിതം, ബാല്യവിവാഹം, പ്രായഭേദം നോക്കാതെയുള്ള വിവാഹം, ബഹുഭാര്യത്വം, അതുകൊണ്ടുണ്ടാകുന്ന സപത്നീമത്സരം, സംബന്ധം, ഘോഷാ സമ്പ്രദായം, വിദ്യാനിഷേധം, സ്മാർത്തവിചാരം എന്ന ക്രൂരവിനോദം ഇവയൊക്കെ അന്നത്തെ നമ്പൂതിരിസ്ത്രീകൾ അനുഭവിക്കേണ്ടുന്ന, ചിട്ടയോടെ പാലിക്കേണ്ടുന്ന, അഭിമുഖീകരിക്കേണ്ടിവരുന്ന ആചാരങ്ങളായിരുന്നു. ഇതിനെതിരെ ശബ്ദമുയർത്തുകയും ഈ ആചാരങ്ങളൊക്കെ അനാചാരങ്ങളാണെന്നും അവയെ മറികടക്കേണ്ടത് സമൂഹജീവി എന്ന നിലയ്ക്ക് തങ്ങളുടേയും ആവശ്യമാണെന്നും സ്വസമുദായത്തിലെ സ്ത്രീകളെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു അന്തർജ്ജനത്തിന്റെ ലക്ഷ്യം.

സാമുദായികമായ അനാചാരങ്ങളുടെ ബലിയാടുകളായിരുന്ന സ്വസഹോദരിമാരോടുള്ള സഹതാപവും അവ കർശനമായി അനുസരിപ്പിച്ചു പോന്നിരുന്ന സാമുദായികാചാര്യൻമാരോടുള്ള പ്രതിഷേധവും അന്തർജ്ജനത്തിന്റെ സാമുദായിക കഥകളിൽ ദൃശ്യമാണ്. കേരളബ്രാഹ്മണരുടെ കുടുംബജീവിതത്തെ പൊതുജനവീക്ഷണത്തിൽ നിന്നു മറച്ചുവെയ്ക്കുന്ന തിരശ്ശീല കുറച്ചൊന്നു മാറ്റിക്കാണിക്കുകയാണ് അന്തർജ്ജനം തന്റെ കൃതികളിലൂടെ ചെയ്യുന്നത്. "അനുകമ്പ കൊണ്ട് ആർദ്രമായ ഹൃദയത്തിൽ നിന്ന് പ്രവഹിക്കുന്ന കഥകളാണെന്നുള്ള മെച്ചം അവയ്ക്ക് കാണാനുമുണ്ട്. ആ സമുദായത്തിലെ സ്ത്രീകളുടെ ദുരിതങ്ങളെക്കുറിച്ചു നമ്പൂതിരി യുവാക്കളുടെ അന്തഃകരണങ്ങൾ ഉണർത്തുവാൻ ഈ കഥകൾ കൊണ്ട് സാധിക്കാതിരിക്കയില്ല"[19] എന്ന് കെ.എം. പണിക്കർ അംബികാഞ്ജലിയുടെ അവതാരികയിൽ നിരീക്ഷിച്ചിട്ടുണ്ട്. അന്തർജ്ജനത്തിന്റെ

കഥാരചനാവൈഭവം പൂർണ്ണമായും പ്രത്യക്ഷപ്പെടുന്നത് സ്വസമുദായത്തിലെ ദുരാചാരങ്ങളെ വർണ്ണിക്കുന്ന കഥകളിലാണെന്നു പറഞ്ഞ് അതിന്റെ തുടർച്ചയായിട്ടാണ് പണിക്കർ അന്തർജ്ജനത്തിന്റെ കഥാരചനാലക്ഷ്യം വ്യക്തമാക്കിയിരിക്കുന്നത്. യാത്രാവസാനം, വിധിബലം, പ്രതികാരദേവത, പ്രതിദ്ധ്വനി, കുറ്റസമ്മതം, മൂടുപടത്തിൽ തുടങ്ങി അനേകം കഥകൾ നമ്പൂതിരിസമുദായത്തിലെ ദുരാചാരങ്ങളുടെ ചിത്രീകരണത്തിന് ഉദാഹരണമായി എടുത്തുകാട്ടാൻ കഴിയും.

സാമുദായികേതരമായ ഒട്ടേറെ കഥകളും അന്തർജ്ജനം രചിച്ചിട്ടുണ്ട്. തന്റെ സമുദായത്തിലെ ജന്മിത്ത ദുഷ്പ്രഭുത്വങ്ങളുടെ അനാചാരചട്ടക്കൂടുകൾക്കുള്ളിൽ വളർന്ന തീണ്ടലും തൊടീലും കാരണം അധഃസ്ഥിതജനങ്ങൾ ഒരുപാടു വീർപ്പു മുട്ടിയിരുന്നതായി അന്തർജ്ജനം മനസ്സിലാക്കിയിരുന്നു. ഇത് ഒരു ആചാരമോ കീഴ്വഴക്കമോ എന്നതിലുപരി തങ്ങളുടെ സുഖലോലുപതയ്ക്കുവേണ്ടി ഉപരിവർഗ്ഗം അധഃസ്ഥിതരെ കരുവാക്കാൻ കണ്ടെത്തിയ ഉപായമാണെന്നും മനുഷ്യസമൂഹത്തോടുതന്നെ ചെയ്യുന്ന അനീതിയാണെന്നും അവർ തിരിച്ചറിഞ്ഞിരുന്നു; അതിനെതിരെ തന്റെ കഥകളിലൂടെ പ്രതിഷേധിച്ചിരുന്നു. 'മാണിക്കൻ', 'ചുരന്ന മുല', 'സ്ത്രീ പ്രണയം', 'കാട്ടുപൂവ്', എന്നീ കഥകൾ മേല്പറഞ്ഞ വസ്തുതയ്ക്ക് ഉദാഹരണമായി എടുക്കാവുന്നതാണ്.

തന്റെ പ്രായത്തിലുള്ള പുലയക്കിടാത്തിമാരോടൊത്ത് കളിക്കാനും സല്ലപിക്കാനും സ്വഭവനത്തിൽ ചെറിയ വിലക്കുകൾ ഉണ്ടായിരുന്ന കാലത്ത് അതിന്റെ കാരണമന്വേഷിച്ച ലളിതാംബിക എന്ന അന്തർജ്ജന ബാലികയെ നമ്പൂതിരി സമുദായം ഉണ്ടാക്കിവെച്ച [തീണ്ടൽ] എന്ന ആചാരം ഞെട്ടിപ്പിച്ചിരിക്കണം. അവർക്ക് തങ്ങളോടുള്ള സ്നേഹവും ബഹുമാനവും അനുഭവിച്ചറിയാൻ ഇടവന്നിട്ടുള്ള ആ ബാലികയ്ക്ക്, അവരെ തന്നിൽ നിന്ന് ഒരുപാടു ദൂരെ മാറ്റിനിർത്താൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് പില്ക്കാലത്ത് കഥാരംഗത്തേക്ക് പ്രവേശിച്ച അന്തർജ്ജനം അവരുടെ ദുഃഖം സ്വന്തം ദുഃഖമായി ഏറ്റെടുത്ത് തന്റെ കഥാലോകത്തിൽ അവരുടെ ജീവിതചിത്രണത്തിനു കൂടി ഇടം

കണ്ടെത്തിയത്. അമ്മയുടെ മരണവിവരമറിഞ്ഞ കാളി-പഴഞ്ചൻ വിശ്വാസങ്ങളുള്ള ഒരു പാവം ഹരിജനസ്ത്രീ-ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് നാലുകെട്ടിലേക്ക് അറിയാതെ ഓടിക്കയറിയതും മൃതദേഹത്തിന്റെ കാൽക്കൽ തലതല്ലി വീണ് ഉരുണ്ട് ബോധശൂന്യയായതും അന്തർജ്ജനത്തിലെ മനുഷ്യസ്നേഹി എന്നും ഓർക്കുന്ന വസ്തുതയാണ്.

ഇതരസമുദായ കഥകളിൽ അന്തർജ്ജനത്തിന്റെ കൃസ്ത്യൻ കഥകൾ പ്രസിദ്ധമാണ്. 'നിലാവെളിച്ചത്തിൽ', 'പാതയുടെ അവസാനം', 'ആദിമാതാവിനു കിട്ടിയ ശാപം', 'വ്യാകുലസങ്കേതം' എന്നിവ എടുത്തുപറയേണ്ടുന്ന സൃഷ്ടികളാണ്. കത്തോലിക്കരുടെ അന്നത്തെ ജീവിതമര്യാദയനുസരിച്ച് നവവധൂവരൻമാർ പകൽ സമയത്ത് തമ്മിൽക്കാണാനോ മിണ്ടാനോ പാടില്ല. മുതിർന്നവരുടെ മുൻപിൽ വെച്ച് അത്തരത്തിൽ ചെയ്യുന്നത് ധിക്കാരമായി കണക്കാക്കിയിരുന്നു. പതിനഞ്ചുകാരിയായ അന്നയുടെ അമ്മായിയമ്മ, താൻ തന്റെ അമ്മായിയമ്മയെ കബളിപ്പിച്ച് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ ഭർത്താവുമായി രഹസ്യസമാഗമം സാധിച്ചിരുന്നു എന്ന് ഓർത്തുവെച്ച് മരുമകൾ കടന്നുചെന്നേക്കാവുന്ന ആ മാർഗ്ഗങ്ങളെല്ലാം മുടക്കിക്കൊണ്ട് സദാ ജാകരൂകയായി നിലയുറപ്പിച്ചു. അന്നയുടെയും ഭർത്താവ് അവുതയുടെയും രഹസ്യകൂടിക്കാഴ്ചയും അവുതയുടെ മാതൃഭയവും അവളെ പിതൃഗൃഹത്തിലേക്ക് തിരിച്ചുപോകുവാൻ പ്രേരിപ്പിച്ചു. അങ്ങനെ പോയ അവളെ ഇനി തങ്ങൾക്ക് ആവശ്യമില്ലെന്ന് അവുതയുടെ അപ്പൻ കോപാവേശത്തോടെ പ്രഖ്യാപിച്ചു. രണ്ടുവർഷത്തിനു ശേഷം ഒരു പെരുന്നാൾ ദിനത്തിൽ അവുത അന്നയുടെ വീട്ടിലെത്തുകയും, തങ്ങൾ രണ്ടുപേരും മാത്രമായി മറ്റൊരു വീട്ടിലേക്ക് മാറിത്താമസിക്കാമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. അപ്പോഴത്തെ അന്നയുടെ ഭാവം കഥാകാരി ചിത്രീകരിക്കുന്നതു നോക്കുക : "അന്തിനനയിൽ കുളിർത്ത് ഉച്ചവെയിലിന്റെ വാട്ടം മറന്ന ഒരു പടവലച്ചെടി പുതുതായൊരു വള്ളിവീശി പന്തലിലേക്കു പടർന്നു."[20] ഇങ്ങനെ കാവ്യാത്മകമായ ശൈലിയിൽ ജീവിതത്തിന്റെ ഒരു പുതിയ ഭാവം വർണ്ണിക്കാൻ അന്തർജ്ജനത്തിനു കഴിഞ്ഞത് അവരിൽ ഉറഞ്ഞുകിടന്നിരുന്ന കവിഭാവന നിമിത്തമായിരിക്കണം.

‘വ്യാകുലസങ്കേതം’, ‘പാതയുടെ അവസാനം’, ‘ആദിമാതാവിനു കിട്ടിയ ശാപം’ ഇവയൊക്കെ കൃസ്ത്യൻ കഥകളാണെങ്കിലും അവയുടെ അന്തഃസത്ത വാർദ്ധക്യത്തിലെ നിതശ്രയത്വമാണ്. ഈ വകുപ്പിൽപ്പെടുത്താവുന്ന കഥകൾ ഇനിയുമുണ്ട് ഏറെ. ‘വരം’, ‘മാലയോഗം’, ‘ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ’, ‘മരുമകന്റെ കൊട്ടാരം’ തുടങ്ങിയ കഥകളൊക്കെ, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, വാർദ്ധക്യത്തി ലെത്തുന്നതോടെ മക്കൾക്കും ബന്ധുക്കൾക്കും വേണ്ടതാവുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. പട്ടണജീവിതത്തിന്റെ ജാടകളും, നാട്ടിൻപുറത്തിന്റെ നന്മകളും അന്തർജ്ജനം ഇത്തരം കഥകളിൽ അവതരിപ്പിക്കുന്നുണ്ട്. ‘വ്യാകുലസങ്കേത’ത്തിലെ മറിയാമ്മപ്പെമ്പിള, ലക്ഷ്മി അമ്മാൾ എന്നിവരും, ‘ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധനി’ലെ വൃദ്ധനും, ഭാഗ്യത്തിലെ ജാനകിയമ്മയും, മാലയോഗത്തിലെ മാധവിവാരസ്യാരും നന്മനിറഞ്ഞ നാട്ടിൻപുറ ജീവിതത്തിന് ഉദാഹരണങ്ങളാണ്. ഈ കഥകളിലെല്ലാം പുതിയ തലമുറക്കാർ, പച്ചപ്പരിഷ്കാരത്തിൽ സ്വയം മറന്ന് ആണ്ടുകിടക്കുന്ന പട്ടണജീവിതങ്ങൾക്കുദാഹരണമാണ്. ശമ്പളത്തിന്റെ വലുപ്പം നോക്കി മാത്രം സൗഹൃദം സ്ഥാപിക്കുന്ന ‘വ്യാകുലസങ്കേത’ത്തിലെ മരുമകളും, നാട്ടിൻപുറത്തെ സൗകര്യങ്ങൾ ഇഷ്ടപ്പെട്ടില്ലെന്ന് തുറന്നു പ്രഖ്യാപിക്കുന്ന ‘ഭാഗ്യ’ത്തിലെ മകനും കുടുംബവും, നാട്ടിൻപുറത്തിന്റെ നന്മകളായ ഏതിനെയും സംസ്കാരമില്ലായ്മയുടെ പര്യായമായെണ്ണുന്ന ‘മരുമകന്റെ കൊട്ടാര’ത്തിലെ മരുമകനും കുടുംബവും ഒക്കെത്തന്നെ പട്ടണജീവിതത്തിന്റെ കാപട്യത്തിൽ ആണ്ടുകിടക്കുന്നവരാണെന്നു വ്യക്തമാണ്.

‘ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ’ എന്ന കഥ നഗരപരിഷ്കാരികളായ മക്കൾക്കുള്ള ഒരു താക്കീതാണ്. ജീവിതസായാഹ്നത്തിൽ മക്കളിൽ നിന്നകന്ന് ഒറ്റപ്പെട്ടുപോകുന്ന മാധവിവാരസ്യാർ, മറിയാമ്മച്ചേടത്തി, ദേവകിടീച്ചർ, അന്നമ്മടീച്ചർ എന്നിവരോടൊപ്പം നിൽക്കുന്ന കഥാപാത്രമാണ് ഈ കഥയിലെ വൃദ്ധൻ. മക്കളും കുഞ്ഞുമക്കളും പച്ചപ്പരിഷ്കാരികളായി നഗരത്തിന്റെ തിരക്കുകളിൽ കൂടുകൂട്ടുമ്പോൾ, പുകയുന്ന അടുപ്പിൽ തീയൂതി കപ്പ പുഴുങ്ങിത്തിന്നാൻ ശ്രമപ്പെടുന്ന വൃദ്ധന്റെ ഭൗതികസുഖത്തേക്കാൾ മാനസികദുഃഖത്തിന് മിഴിവു

നൽകാൻ അന്തർജ്ജനത്തിന് കഴിയുന്നു.[21]

ഇങ്ങനെ നാഗരികജീവിതത്തിന്റെ കാപട്യങ്ങളും പൊള്ളത്തരങ്ങളും തുറന്നുകാട്ടി പരിഹസിക്കുകയും രോഷം കൊള്ളുകയും ചെയ്യുന്ന കഥകളാണ് മുകളിൽ പറഞ്ഞവയെല്ലാം തന്നെ. ശമ്പളത്തിന്റെ തുക്കം നോക്കി മനുഷ്യരെ സ്നേഹിക്കുന്നെന്നു നടിക്കുന്ന മരുമകളും (വ്യാകുലസങ്കേതം), പരപുരുഷൻമാരുമായി മുട്ടിയുരുമ്മി, മദ്യം നുകർന്ന് "റോക്ക് എൻ റോൾ" ചെയ്യുന്നതാണ് സൊസൈറ്റിയിൽ നല്ല പെരുമാറ്റത്തിന്റെയും അന്തസ്സിന്റെയും ലക്ഷണം എന്നു ഭ്രമിക്കുന്ന മിസ്റ്റർ ശർമ്മയും (ചക്രവർത്തിയുടെ സമ്മാനം) നന്മയെ അവഗണിക്കുകയും തിന്മയെ ആരാധിക്കുകയും ചെയ്യുന്ന പട്ടണപരിഷ്കാരികളുടെ പ്രതിനിധികളാണ്.

തിരുഗ്ജാതിയുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ അതിന്റെ ആഴത്തിൽത്തന്നെ സങ്കല്പിക്കാനും ആവിഷ്കരിക്കാനുള്ള കഴിവ് മാണിക്കൻ, ഓടക്കുഴലിന്റെ നാദം, എഴുതാത്ത കഥ എന്നിവയിൽ പ്രകടമാണ്. മനുഷ്യസമൂഹത്തിലെ നൻമതിൻമകളും ആചാരാനാചാരങ്ങളും മാത്രമല്ല, മറ്റു സഹജീവികളെയും ശ്രദ്ധിക്കുകയും, അവയോട് മനുഷ്യൻ കാണിക്കുന്ന അനീതി തുറന്നു കാണിക്കുകയും ചെയ്തിട്ടുണ്ട് അന്തർജ്ജനം. ഈ വസ്തുതയ്ക്കുദാഹരണമാണ് മേൽപറഞ്ഞ മൂന്നു കഥകളും.

ജന്മി-കുടിയാൻ ബന്ധത്തിലെ അധികാര വിധേയത്വങ്ങളുടെ കഥ പറയുന്ന "മാണിക്കൻ" ആ ബാഹ്യമായ തലത്തിനപ്പുറം ശക്തമായ ഒരു ആന്തരതലത്തെക്കൂടി പ്രതിനിധാനം ചെയ്യുന്നുണ്ട്. അഴകനു മാണിക്കൻ സഹചാരിയും കൂട്ടുകാരനും വാത്സല്യം ചൊരിയാനുള്ള കുടപ്പിറപ്പും ഒക്കെയായ സഹജീവിയാണ്. മാണിക്കനോടുള്ള പെരുമാറ്റത്തിൽ അത് പ്രകടവുമാണ്. എന്നാൽ യജമാനനോ ചോതിയോ മാണിക്കനെ ആ രീതിയിലല്ല കാണുന്നത്. അവർക്ക് അവനൊരു "ഉരു" മാത്രമാണ്-വില്പനക്കമ്പോളത്തിൽ പല കൈ മറിയേണ്ട ഉരു. അവർക്ക് മാണിക്കനോട് സ്നേഹമോ സഹജീവിഭാവമോ

ഒന്നുംതന്നെയില്ല. മാണിക്കനെ ഒരിക്കൽ മാത്രം നിവൃത്തികേടുകൊണ്ട് അടിക്കേണ്ടിവന്ന അഴകന് അതിന്റെ ദുഃഖഭാരം വലുതായിരുന്നു. എന്നാൽ കാളയോട്ടത്തിനിടയിൽ തന്റെ ഉത്സാഹം പ്രകടിപ്പിക്കാനായിട്ടാണ് ചോതി മാണിക്കനെ പ്രഹരിക്കുന്നത്. സ്നേഹിക്കുന്നവരോട് തിരിച്ച് സ്നേഹം പ്രകടിപ്പിക്കുകയും പീഡിപ്പിക്കുന്നവരെ തിരിഞ്ഞെതിർക്കുകയും ചെയ്യുന്ന തിര്യക്കുകളുടെ സ്വഭാവചിത്രീകരണം വളരെ ഭംഗിയായി അന്തർജ്ജനം സാധിച്ചിരിക്കുന്നു. അതുപോലെ വീട്ടിൽ []നിറവയറായി[]രിക്കുന്ന ഭാര്യയേയും ഒഴിഞ്ഞ വയറുമായിട്ടിരിക്കുന്ന മക്കളേയും അവരുടെ ദൈന്യം മുറ്റിയ മുഖങ്ങളെയും വിസ്മരിച്ചുകൊണ്ട്, കഥാന്ത്യത്തിൽ എല്ലും തോലുമായി മാറിയിരുന്ന മാണിക്കനെ കൈയിലുള്ള കാശത്രയും നൽകി ബാക്കിയ്ക്ക് ക്ഷമയും പറഞ്ഞ് വണ്ടിക്കാരനിൽ നിന്ന് സ്വന്തമാക്കുമ്പോൾ അഴകൻ അനുഭവിക്കുന്ന സന്തോഷവും സംതൃപ്തിയും വായനക്കാരെ അനുഭവിപ്പിച്ച് അവരിൽ തന്മയീഭാവമുണ്ടാക്കുന്നതിലും അന്തർജ്ജനം വിജയിച്ചിരിക്കുന്നു.

സ്വതന്ത്രജീവിതവും പ്രകൃതി കനിഞ്ഞരുളിയിട്ടുള്ള ഇണചേരൽ എന്ന ജൈവികവൃത്തിയും നിഷേധിച്ച് മിണ്ടാപ്രാണികളെ തങ്ങളുടെ ഗവേഷണപ്രവർത്തന ങ്ങൾക്കുള്ള []കരു[]വായി ഉപയോഗിക്കുന്നതിലുള്ള അമർഷം പ്രകടിപ്പിക്കുന്ന കഥയാണ് []ഓടക്കുഴലിന്റെ നാദം[]. ഇതിലെ []x402[], ഇണയുടെ ചൂടും ചൂരും അറിയാതെ, ശാസ്ത്രജ്ഞർ സിറിഞ്ചുവഴി നിക്ഷേപിക്കുന്ന ബീജം ഉൾക്കൊണ്ട് പ്രസവം എന്ന ജോലി നിർവ്വഹിക്കുക മാത്രം ചെയ്യുന്ന സങ്കരയിനം പശുവാണ്. കുറച്ചുനാളായി അവൾ മൗനിയാണ്. 'എന്തോ ഒന്ന് മറന്നതുപോലെയോ, അറിയാനുള്ളതു പോലെയോ ഉണ്ടല്ലോ' എന്ന അവളുടെ സംശയങ്ങൾക്കും മൗനത്തിനും മറുപടി കിട്ടിയപ്പോഴാകട്ടെ, ഫാമിലെ പരീക്ഷണ ഉരുവായ തനിക്ക് ജീവിതകാലത്തിലൊരിക്കലും അത് കൈവരിക്കാനാവില്ലെന്ന് അവൾ മനസ്സിലാക്കുകയും തുടർന്ന് തങ്ങൾക്കായി മാത്രം അവതരിച്ച ദേവന്റെ സാമീപ്യത്തിനു കൊതിക്കുകയും അദ്ദേഹത്തിന്റെ ഓടക്കുഴൽ നാദത്തിനായി കാതോർത്തിരിക്കുകയും ചെയ്യുന്നു.

[]ഓടക്കുഴലിന്റെ നാദ[]ത്തിൽ മനുഷ്യൻ തന്റെ നേട്ടങ്ങൾക്കായി മിണ്ടാപ്രാണികളെ പരീക്ഷണ ഉരുവാക്കുയാണ് ചെയ്യുന്നതെങ്കിൽ []എഴുതാത്ത കഥ[]യിൽ അവയെ കൊല്ലുകയാണ് ചെയ്യുന്നത്. വംശഭീഷണി നേരിടുന്ന ഞണ്ടുകളുടെ കഥയാണിത്. എന്നെങ്കിലുമൊരിക്കൽ മുക്കുവന്റെ ചൂണ്ടയുമ്പിലെ കൊളുത്തിൽ തൂങ്ങി യാടി ജീവിതം അവസാനിപ്പിക്കേണ്ടിവരുന്ന ഞണ്ടുകളുടെ ആത്മസ്ഥാനത്തു നിന്നു കൊണ്ടാണ് രണ്ടു ഡയറിക്കുറിപ്പുകളുടെ രൂപത്തിൽ എഴുതിയിട്ടുള്ള []എഴുതാത്ത കഥ[] ആവിഷ്കരിച്ചിരിക്കുന്നത്. []കൈ നനയാതെ മീൻ പിടിക്കുക[] എന്ന മനുഷ്യരുടെ ക്രൂരവും നിന്ദ്യവുമായ രീതിയെ നിശിതമായി വിമർശിക്കുന്നുണ്ട് അന്തർജ്ജനം ഈ കഥയിൽ.

ആദർശപ്രണയത്തിന്റെയും ഉദാത്തസ്നേഹത്തിന്റെയും കഥകൾ അന്തർജ്ജനത്തിന്റെ കഥാലോകത്ത് വിരളമല്ല. സ്നേഹം ആരു തമ്മിലായാലും - അമ്മയും കുഞ്ഞും തമ്മിലോ, കൂടപ്പിറപ്പുകൾ തമ്മിലോ, ഭാര്യാഭർത്താക്കൻമാർ തമ്മിലോ, കാമുകീകാമുകൻമാർ തമ്മിലോ, സുഹൃത്തുക്കൾ തമ്മിലോ ആയിക്കോട്ടെ - അത് വിശുദ്ധവും ഉദാത്തവും ആയിരിക്കണമെന്ന് അന്തർജ്ജനത്തിന് നിർബന്ധമുണ്ട്. അതുകൊണ്ടായിരിക്കണം ഇത്തരം സ്നേഹം ലഭിക്കാതെ പോയവരൊക്കെ മരണത്തിലൂടെ മോചിതരാവുന്നത്. ആചാരങ്ങളുടേയും സൻമാർഗ്ഗനിയമങ്ങളുടെയും ലംഘനത്തിലൂടെ സ്നേഹം പിടിച്ചുവാങ്ങുന്ന കഥാപാത്രങ്ങളെയും ഈ കഥാലോകത്ത് അപൂർവ്വമായി കാണാം.

'കാട്ടുപൂവ്', 'പ്രതികാരം' തുടങ്ങിയ കഥകൾ സ്നേഹനിഷേധത്തെ മരണത്തിലൂടെ അതിജീവിക്കുന്നതിനുദാഹരണമാണ്. കാട്ടുപൂവിലെ []ചന്ത്രൻ[] സ്നേഹം നിഷേധിക്കപ്പെട്ട് ഭ്രാന്തനാവുമ്പോൾ പ്രതികാരത്തിലെ []ഹരദത്തൻ[] തന്റെ കാമുകി മറ്റൊരാളുടേതായപ്പോൾ ആത്മഹത്യയിലൂടെ മോചനം തേടുന്നു. ഇതോടൊപ്പം ചേർത്തുവായിക്കാവുന്ന കഥയാണ് []പ്രതിദ്ധ്വനി[]. വേണ്ടപ്പെട്ടവരുടെ അസാമീപ്യവും അവരിൽ നിന്നുള്ള സ്നേഹത്തിന്റെ അലഭ്യതയും ഒരു സ്ത്രീയെ - അതും നിരാലംബയായ അന്തർജ്ജനയുവതിയെ - എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുന്ന കഥയാണ് []പ്രതിദ്ധ്വനി[]. []അന്തർജ്ജന

ജീവിതങ്ങളെല്ലാം തന്നെ വിഷാദാത്മക ങ്ങളായ ഓരോ ദിവാസ്വപ്നങ്ങൾ മാത്രമാണല്ലോ!"[22] എന്ന് ഈ കഥയിലെ അന്തർജ്ജനം സൂചിപ്പിക്കുന്നുമുണ്ട്. എന്നാൽ മരണത്തിനു മുൻപ് തനിക്കു പ്രിയപ്പെട്ടവന്റെ ദർശനം സാധ്യമാകുമെന്ന വ്യാമോഹത്തിൽ കഴിയുകയും അത് അസാധ്യമാണെന്ന് അന്ത്യനിമിഷങ്ങളിൽ മനസ്സിലാക്കി "നിന്റെ ഏട്ടൻ വന്നില്ല, അല്ലേ അമ്മൂ? ഓ! പെണ്ണുണ്ട്, പണമുണ്ട്, പാട്ടുണ്ട്, ധാരാളം അനുഭവിക്കട്ടെ." എന്ന് സങ്കടത്തോടെ വിലപിക്കുകയും ചെയ്യുന്ന ഏടത്തി സ്നേഹത്തിനു വേണ്ടി കാത്തിരിക്കുകയും അത് കിട്ടാതാവുമ്പോൾ മരണത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. "മരണം-മരണം-അന്തർജ്ജനങ്ങൾക്ക് വരണത്തേക്കാൾ മംഗളമതു തന്നെയല്ലേ? എന്ന് ആശ്വസിക്കുന്ന ഈ കഥാപാത്രം "സർവ്വേശ്വരാ! അടുത്ത ജന്മത്തിലെങ്കിലും - ആത്തേമ്മാരായി ജ-നി-പ്പി-ക്കല്ലേ!"[23] എന്ന് മനമുരുകി പ്രാർത്ഥിക്കുന്നുമുണ്ട്.

"അധിവേദനം" എന്ന കഥയിൽ ഭർത്താവിന്റെ രണ്ടാംവേളി തടയാനായി ആദ്യഭാര്യ തന്നെ രണ്ടാം വേളിയായി അയാളുടെ മുന്നിലെത്തുന്നു. ആദർശം പറഞ്ഞു നടക്കുന്ന ഭർത്താവും, ഭർതൃസ്നേഹത്തിനു കൊതിക്കുന്ന ഭാര്യയും വിവാഹമെന്ന സ്ഥാപനത്തിന്റെ ലംഘനമായ അധിവേദനവും ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന ഈ കഥയിൽ. ഭർത്താവിന്റെ സ്നേഹം നേടിയെടുക്കാനായി ഭാര്യ രണ്ടാം ഭാര്യയായി വേഷമിടാനും തയ്യാറായി. "സ്നേഹം" എന്ന വാക്കിനും അതുൾക്കൊള്ളുന്ന ഭാവങ്ങൾക്കും വില കൽപ്പിക്കാത്ത ഭർത്താവും സ്നേഹം ലഭിക്കാനായി-സ്നേഹം നേടാനായി-ഏതറ്റം വരെയും പോകാൻ തയ്യാറാവുന്ന ഭാര്യയുമാണ് ഇതിലെ കഥാപാത്രങ്ങൾ.

ഭർത്താവിന്റെ സ്നേഹം നേടിയെടുക്കാനായി ആചാരലംഘനത്തിനും സദാചാരധ്വംസനത്തിനും തയ്യാറാവുന്ന "താത്രി"യെ പ്രതികാരദേവതയിൽ കാണാം. "തേവിടിശ്ശിയെയാണെനിക്കിഷ്ടം, നീയുമൊരു തേവിടിശ്ശിയാവ് " - എന്ന ഭർത്താവിന്റെ വാക്കുകൾ താത്രിയിലെ സ്ത്രീത്വത്തെ അപമാനിക്കുകയും ഒപ്പം ഉത്തേജിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആ സ്നേഹം നേടാനായി അവൾ സ്വയം പിഴയ്ക്കുന്നു. ഒടുവിൽ ഭർത്താവിനെ ആ വഴിയിലൂടെത്തന്നെ തന്നിലെത്തിക്കാൻ

കഴിഞ്ഞ താത്രി അങ്ങനെ വിജയം കാണുന്നു.

കൂട്ടുകാർ തമ്മിലുള്ള സ്നേഹത്തിന്റെ കഥ പറയുന്നു []നളിനി[]യിൽ. ഭാസ്കരൻ എന്ന സതീർത്ഥ്യനുമായുള്ള സ്നേഹവും കൂട്ടുകെട്ടും വിലക്കുന്ന ചെറിയമ്മ (ജാനകിയമ്മ) നളിനിയെ മരണത്തിലേക്കാണ് നയിക്കുന്നത്. 'അവരിലാരാണ് അമ്മ', 'മനുഷ്യപുത്രി', 'സ്നേഹയാചകി', 'ചുരന്ന മുല', 'മുലപ്പാലിന്റെ മണം' തുടങ്ങിയ കഥകളെല്ലാം തന്നെ ഉദാത്തസ്നേഹത്തെ പ്രത്യക്ഷീകരിക്കുന്നവയാണ്.

സ്നേഹം എന്ന വികാരം ഒരു തെളിനീരുറവയാണ്. സമൂഹത്തിന്റെ കണ്ണിൽ അകന്നു നിൽക്കേണ്ടവരാണെങ്കിലും ഈ തെളിനീരുറവ ദാഹിക്കുന്നവരുടെ ദാഹമകറ്റുക തന്നെ ചെയ്യും. സ്നേഹം, സ്നേഹിക്കുന്നവരെയും സ്നേഹിക്കപ്പെടുന്നവരെയും തമ്മിൽ വിലക്കുകൾ ഭേദിച്ച് കൂട്ടി യോജിപ്പിക്കുന്നു. സ്നേഹയാചകി, അവരിൽ ആരാണ് അമ്മ എന്നീ കഥകൾ ഈ വസ്തുതയ്ക്ക് ഉദാഹരണമാണ്. മകളും, മകളുടെ മകനും മരണമടഞ്ഞതോടെ ഏകയായി, ഭിക്ഷയാചിച്ച് ജീവിതം കഴിച്ചുകൂട്ടേണ്ടിവരുന്ന []സ്നേഹയാചകി[]യിലെ കിഴവി, ചന്ദ്രൻ എന്ന ബാലന്റെ []അമ്മൂമ്മേ ....[] എന്ന ഒരൊറ്റ വിളിയിൽ കാതരയായി മാറുന്നത് കാണാം. അന്നുവരെ വഴിയാത്രക്കാരിൽ നിന്ന് പരിഹാസവാക്കുകളും ചീത്തവിളികളും കേട്ടുതഴമ്പിച്ച കിഴവിയുടെ ചെവികളും മനസ്സും ചന്ദ്രന്റെ ഒരൊറ്റ വിളികൊണ്ട് സ്നിഗ്ധമായി മാറി. അതോടെ അവർ യാത്രക്കാരെ ശപിക്കുന്നതും വഴക്കു പറയുന്നതും നിർത്തി. വീണ്ടും ആ വിളിക്കുവേണ്ടി ദിവസങ്ങളോളം കാതോർത്തു. ഒടുവിൽ വീണ്ടുമത് കേട്ടപ്പോൾ അവൻ കൊടുത്ത നാണയം മിഠായി വാങ്ങിക്കൊള്ളാൻ പറഞ്ഞു തിരിച്ചേല്പിക്കുന്ന കിഴവി സ്വാർത്ഥയല്ലെന്ന് വ്യക്തമാണ്. അവന്റെ വീട് കണ്ടെത്തി ദിവസം ഒരു തവണയെങ്കിലും അവനെ കാണാൻ സൗകര്യമൊപ്പിച്ചെടുത്തു. ഒടുവിൽ ആട്ടിയോടിക്കപ്പെടും വരെ അവർ സംതൃപ്തയായിരുന്നു. അവനിൽ നിന്ന് അകലേണ്ടിവരുമെന്നറിഞ്ഞിട്ടും കിഴവി ആ പരിസരത്തു തന്നെ ചുറ്റിക്കറങ്ങി കൊണ്ടിരുന്നു. ചന്ദ്രന്റെ രോഗവിവരമറിഞ്ഞ് ഓടിയെത്തിയ കിഴവിയ്ക്ക് അവന്റെ മരണ മുഹൂർത്തത്തിന് സാക്ഷ്യം

വഹിക്കേണ്ടിവന്നു. അതവർക്ക് അസഹ്യമായിരുന്നു. രണ്ടുമൂന്നു ദിവസങ്ങൾക്കു ശേഷം തന്റെ സകല സമ്പാദ്യങ്ങളുമായി ചന്ദ്രന്റെ കൂഴിമാടത്തിൽ കിഴവി മരിച്ചുകിടക്കുന്നത് അവന്റെ അച്ഛൻ കാണുന്നു. പണമോ പ്രതാപമോ സ്നേഹത്തിന് വിലയാവില്ലെന്നും സ്നേഹത്തിന് വില സ്നേഹം മാത്രമാണെന്നും ഈ കഥ വ്യക്തമാക്കുന്നു.

ഈ കഥയോട് ഏകദേശം അടുത്തുനിൽക്കുന്നതാണ് []അമ്മ[] എന്ന കഥയും. ഉദ്യോഗസ്ഥരായ മാതാപിതാക്കൾ മകനെ നോക്കാൻ ആയയെ നിർത്തുന്നു. മകൻ ഗോപിയാകട്ടെ, മാതാപിതാക്കളേക്കാൾ സ്നേഹിച്ചത് ആയയെയാണ്. ഗോപിയുടെ ഏതാഗ്രഹവും സാധിപ്പിക്കാൻ ആ സ്ത്രീ എപ്പോഴും ഒരുക്കമായിരുന്നു. ഒരുനാൾ കുട്ടിയുടെ അരഞ്ഞാണം കാണാതായി. അടുക്കളക്കാരിയുടെ ഏഷണിയാൽ ആയ പുറത്താക്കപ്പെട്ടു. അടുക്കളക്കാരിയെ ഇഷ്ടമില്ലായിരുന്ന ഗോപി അവളെ അനുസരിക്കാനോ, അവൾ നൽകുന്ന ഭക്ഷണം കഴിക്കാനോ കൂട്ടാക്കിയില്ല. ആയയെ കാണാനുള്ള ആധി മൂത്ത് വ്യാധിയായി. ആയയെ തിരികെ കൊണ്ടുവന്നപ്പോൾ രോഗത്തിന്റെ കാഠിന്യം തെല്ലുകുറഞ്ഞു. അരഞ്ഞാണം വഴിയിൽ കിടന്നു കിട്ടിയതോടെ താൻ കള്ളിയല്ലെന്ന് മറ്റുള്ളവരുടെ മുന്നിൽ തെളിയിക്കാനായെങ്കിലും, രോഗം പെട്ടെന്ന് കൂടുതലായ ഗോപിയുടെ മരണത്തിന് ആയയ്ക്ക് സാക്ഷ്യം വഹിക്കേണ്ടിവന്നു. അതവളെ വല്ലാതെ അലട്ടി. രണ്ടുമൂന്നു ദിവസങ്ങൾക്കു ശേഷം മുപ്പതു വയസ്സു തോന്നിക്കുന്ന ഒരു യുവതിയുടെ ജഡം പുഴയിലൂടെ ഒഴുകിപ്പോകുന്നത് പലരും കണ്ടിരുന്നു എന്നു പ്രസ്താവിച്ചുകൊണ്ടാണ് കാഥിക ഈ കഥ അവസാനിപ്പിക്കുന്നത്.

ഇങ്ങനെ സ്നേഹത്തിനുവേണ്ടി ഉഴലുകയും അത് നിഷേധിക്കപ്പെടുന്നത് മരണതുല്യമായി കാണുന്നവരുമായ കഥാപാത്രങ്ങൾ അന്തർജ്ജനത്തിന്റെ കഥാലോകത്ത് സാധാരണമാണ്. ഇതിന് അപവാദമെന്നു പറയാവുന്നത് 'പ്രതികാരദേവത[]യിലെ []താത്രി[] മാത്രമാണ്.

മാതൃത്വത്തിന്റെ മഹനീയഗാഥകളെന്ന് വ്യവഹരിക്കാവുന്ന കഥകളും

അന്തർജ്ജനം രചിച്ചിട്ടുണ്ട്. അവയിൽ പെറ്റുപോറ്റിയതല്ലാത്ത കുട്ടികളെ സ്വന്തം മക്കളായി കണ്ട് അവർക്കുവേണ്ടി ജന്മം ഉഴിഞ്ഞുവെച്ച അമ്മമാരെയും, അമ്മയാകാനുള്ള ആഗ്രഹത്തിന്റെ സാഫല്യം തേടി നടക്കുന്നവരെയും, പോറ്റി വളർത്തിയ സ്വന്തം മക്കൾ വാർദ്ധക്യത്തിൽ തിരിഞ്ഞു നോക്കാത്തതിൽ കേണുഴലുന്ന മാതാക്കളെയും, നൊന്തുപെറ്റ മക്കളെ വേണ്ടപോലെ നോക്കാനാവാതെ വിലപിക്കുന്ന അമ്മമാരെയും നമുക്ക് കണ്ടെത്താനാവും.

'അവിവാഹിത', 'ചുരന്ന മുല', 'മുലപ്പാലിന്റെ മണം', 'മരത്തൊട്ടിൽ', 'അമ്മ', 'കാണാതെ പോയ ശിശു' എന്നിവ ആദ്യത്തെ വകയിൽപ്പെടുത്താവുന്ന കഥകളാണ്. അവിവാഹിത എന്ന കഥയിലെ ലേഡി ഡോക്ടർ ഒരു കാലത്ത് ആശുപത്രിയിൽ പ്രസവത്തിനായി എത്തുന്നവരോട് ഇനിയും പ്രസവിക്കരുതെന്ന് ഉപദേശിക്കുമായിരുന്നു. "എന്തിനായിട്ടാണ് സ്ത്രീകൾ ഈ നരകാനുഭൂതികൾക്കെല്ലാം വിധേയരാകുന്നത്? പുരുഷനെ കൂടാതെ അവൾക്കു ജീവിക്കുവാൻ പാടില്ലേ? അവനു വേണ്ടി, അവന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടി മാത്രം ഓരോ സ്ത്രീജീവിതവും ഉഴിഞ്ഞിടണമോ?"[24] - ഡോക്ടറുടെ ആത്മഗതങ്ങളിലൊന്നാണിത്. ഒരു കാരണവശാലും ഈ കുരുക്കിൽ താൻ അകപ്പെടുകയില്ലെന്നും വിവാഹമെന്ന പേരിൽ വേദനാജനകമായ ഒരു ജീവിതം വരിക്കാൻ താൻ തയ്യാറല്ലെന്നും അവർ ശപഥം ചെയ്യുന്നു. "പുരുഷനുമായുള്ള കൂട്ടേർപ്പാടിൽ ലാഭനഷ്ടങ്ങൾ വീതിക്കുന്നത് ലാഭം മുഴുവൻ ഒരാൾക്കും ചേതം മറ്റൊരാൾക്കും ആണെന്ന് അവർ കണ്ടു. അത്ര പക്ഷപാതപരമായ ഒരു ലോകത്തിൽ അങ്ങനെയൊരു ബന്ധത്തിനേ പോകാതിരിക്കുന്നതാണല്ലോ നല്ലത്"[25] എന്ന മട്ടിലായിരുന്നു ആദ്യകാലങ്ങളിൽ ആ ഡോക്ടറുടെ ചിന്ത. എന്നാൽ ആരോരുമില്ലാത്ത ഒരു രോഗിണി പ്രസവത്തോടെ മരിച്ചപ്പോൾ അവൾക്കു കൊടുത്ത വാക്കു പാലിക്കാനായി അവളുടെ കുഞ്ഞിനെ ഡോക്ടർക്ക് സ്വന്തം വീട്ടിലേക്ക് കൊണ്ടുപോരേണ്ടതായി വന്നു. കുറച്ചുനാളത്തേയ്ക്ക് സംരക്ഷണമാവശ്യമുള്ള ഒരു കുഞ്ഞ് തന്റെ കൈയിൽ വന്നുചേർന്നു എന്നേ ആദ്യം തോന്നിയുള്ളൂ. എന്നാൽ പിന്നെപ്പിന്നെ അവന്റെ "അമ്മേ" എന്ന വിളിയും

കൊഞ്ചലും മറ്റും അവരെ അവനിലേക്കടുപ്പിച്ചു. അവനെ പിരിഞ്ഞ് തനിക്ക് ജീവിക്കാനാവില്ലെന്ന് അവർക്ക് മനസ്സിലായപ്പോഴേയ്ക്കും യുദ്ധരംഗത്ത് മരിച്ചുവീണിരിക്കുമെന്ന് അവർ വിശ്വസിക്കുകയും ആശ്വസിക്കുകയും ചെയ്ത അവന്റെ അച്ഛൻ അവനെ തേടിയെത്തുകയും കൂടെ കൊണ്ടുപോകുകയും ചെയ്തു. അവനെ പിരിഞ്ഞ് ജീവിക്കാനാവില്ലെന്ന് ബോദ്ധ്യമായ ഡോക്ടർ ജോലി രാജിവെച്ച് ആ പട്ടാളക്കാരന്റെ ഭാര്യയായി ജീവിക്കാൻ തയ്യാറായി. ഒരു കാലത്ത് ഗർഭിണികളോട് പുച്ഛം തോന്നിയിരുന്ന ഡോക്ടർക്ക് അവരുടെ മനസ്സിന്റെ അടിത്തട്ടിൽ ഉറങ്ങിക്കിടക്കുന്ന []മാതൃത്വം[] എന്ന മോഹം ആ കുഞ്ഞിനെ പരിലാളിച്ചപ്പോഴാണ് ഉണർന്നത്. പട്ടാളക്കാരന്റെ ഭാര്യയായി ജീവിക്കാൻ തീരുമാനിക്കുമ്പോൾ പത്തുമാസം ചുമന്ന് നൊന്തു പ്രസവിക്കുന്നതിലെ ചാരിതാർത്ഥ്യം അനുഭവിക്കുക എന്ന ഗൂഢലക്ഷ്യവും അവർക്കുണ്ടായിരുന്നു.

കഥയുടെ തുടക്കത്തിൽ ഡോക്ടറുടെ ചിന്തകൾ, പുരുഷനുമായുള്ള ബന്ധത്തിൽ നഷ്ടങ്ങൾ മാത്രം ഏറ്റുവാങ്ങേണ്ടിവന്നവരാണ് സ്ത്രീകൾ എന്ന കാഴ്ചപ്പാടിനെ ചുറ്റിപ്പറ്റിയായിരുന്നു. പുരുഷനെ കൂടാതെയും സ്ത്രീയ്ക്ക് ജീവിക്കാമെന്നും, നഷ്ടങ്ങൾ മാത്രം പേറുന്ന വേദനാനിർഭരമായ ഒരു ജീവിതത്തിന് താൻ തയ്യാറല്ലെന്നും അവർ മുൻകൂട്ടി നിശ്ചയിച്ചിരുന്നു. എന്നാൽ മാതൃത്വം, വാത്സല്യം, സ്നേഹം, ലാളന എന്നീ മാനുഷിക ഭാവങ്ങൾ പുരുഷനുമായി കണക്കു പറഞ്ഞ് തീർക്കാവുന്നവയല്ലെന്നും ഇവയൊക്കെ അനുഭവിക്കുന്നത് ഒരിക്കലും അടിമത്തമല്ലെന്നും സ്ത്രീജന്മത്തിന്റെ സാഫല്യത്തിന് ഇവ ആവശ്യമാണെന്നും വൈകിമാത്രം മനസ്സിലാക്കാനിടവന്ന ഡോക്ടർ തന്റെ തെറ്റായ ചിന്തകൾ തിരുത്തുവാനും ഒടുവിൽ ബേബിയുടെ അച്ഛന്റെ ഭാര്യയായി ജീവിക്കാനും തയ്യാറാവുന്നു. ലേഡിഡോക്ടറുടെ ചിന്താഗതിയിൽ വന്ന ഈ മാറ്റം മാതൃത്വം എത്രയോ മഹനീയമായ അവസ്ഥയാണെന്നും മറ്റു സ്ത്രീവിമോചനാശയങ്ങളുടെ കൂടെ അടിമത്തമായി അതിനെ കാണാനാവില്ലെന്നുമുള്ള അന്തർജ്ജനത്തിന്റെ ആശയത്തെ പ്രകാശിപ്പിക്കുന്നു. ഇതോടൊപ്പം ഏറെക്കുറെ ചേർത്തുവായിക്കാവുന്ന കഥയാണ്

‘തിരികെ വരൂ!’

ജന്മിവീട്ടീലെ കുഞ്ഞമ്പ്രാൻ മരിച്ചപ്പോൾ അക്കാലം വരെ തീണ്ടൽദൂരം പാലിച്ചുപോന്നിട്ടുള്ള കാളിക്കുറത്തി, വിശന്ന് വരണ്ട വായ തുറന്ന് ഞെളിപിരികൊണ്ട് കരയുന്ന കുഞ്ഞമ്പ്രാന്റെ കുഞ്ഞിന് മുലകൊടുക്കാൻ ചുരന്ന മുലയുമായി ഓടിച്ചെല്ലുകയാണ് ‘ചുരന്ന മുലയിൽ’. ഈ കാളിക്കുറത്തി മാതൃത്വത്തിന്റെ മഹനീയധർമ്മമായ മുലയൂട്ടൽ, ജാത്യാചാരങ്ങളെ മറികടന്ന് പരിപാലിക്കാൻ തയ്യാറാവുന്നു. അവിടെ മാതൃത്വത്തിനും മുലയൂട്ടൽ എന്ന ധർമ്മത്തിനും അന്തർജ്ജനം എത്രമാത്രം വില കല്പിക്കുന്നുണ്ടെന്ന് വ്യക്തമാവുന്നു.

തന്റെ മുലകളിലൂറുന്ന പാൽകൊണ്ട് പന്ത്രണ്ടുതലമുറകളിലെ കുട്ടികളുടെ വിശപ്പാറ്റിയ മുലപ്പാലിന്റെ മണത്തിലെ അമ്മിഞ്ഞിയമ്മ മാതൃത്വത്തിന് ഉത്തമോദാഹരണമാണ്. കുടുംബജീവിതം നാൾക്കുനാൾ സങ്കീർണ്ണമായിക്കൊണ്ടിരുന്ന അവസ്ഥയിൽ ജനനനിയന്ത്രണം ആവശ്യം തന്നെയാണ്. എന്നാൽ അമൃതമായ മുലപ്പാൽ വറ്റിക്കുടാ. മനുഷ്യപരമ്പരയുടെ അവസാനത്തെ കണ്ണിക്കുവരെ തന്റെ മാറിൽ നിന്നൂറിയ സ്നേഹാമൃതത്തിന്റെ അംശം പകർന്നു നൽകാൻ താല്പര്യമുള്ള അമ്മിഞ്ഞിയമ്മ, പെണ്ണായി ജനിക്കുന്നത് മഹാഭാഗ്യമാണെന്നു പറഞ്ഞ അമ്മിഞ്ഞിയമ്മ, പേരമക്കൾ ഏല്പിച്ച മുറിവുകളിൽ നിന്ന് രക്തത്തിനു പകരം മുലപ്പാൽ ചിന്തിയ അമ്മിഞ്ഞിയമ്മ - അവർ ചിരന്തനയായ ഭാരതീയസ്ത്രീത്വത്തിന്റെ പ്രതീകം തന്നെയാണ്; സർവ്വംസഹയായ സ്ത്രീത്വത്തിന്റെ പ്രതീകം.

‘മരത്തൊട്ടിൽ’, ‘കാണാതെ പോയ ശിശു’, ‘വിധിബലം’ ഇവയൊക്കെ വ്യത്യസ്തഛായകളിൽ മഹനീയമാതൃത്വം അവതരിപ്പിക്കുന്ന കഥകളാണ്. വിധിബലത്തിൽ സാമുദായികമായ അനാചാരമാണ് മാതാവിന്റെ ദുഃഖത്തിന് കാരണം എന്നൊരു വ്യത്യാസം കൂടിയുണ്ട്.

വാർദ്ധക്യത്തിലെത്തി നിൽക്കുന്ന മാതാക്കളേയും അവരുടെ

വ്യാകുലതകളേയും അവതരിപ്പിക്കുന്ന കുറെ കഥകൾ അന്തർജ്ജനം രചിച്ചിട്ടുണ്ട്. 'വരം', 'ഭാഗ്യം', 'മാലയോഗം', 'വ്യാകുലസങ്കേതം', 'പാതയുടെ അവസാനം', 'ആദിമാതാവിനു കിട്ടിയ ശാപം' എന്നിവ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ട ചിലതാണ്.

"വരം" എന്ന കഥയിലെ "മീനാമാമി" മക്കളെ അതിരറ്റ് സ്നേഹിച്ച് ലാളിച്ച് വളർത്തി വലുതാക്കി. പക്ഷേ, അവരെ ഇഷ്ടാനുസരണം ജീവിക്കാനനുവദിച്ചിരുന്നില്ല. അമ്മയുടെ നിർബന്ധം കാരണം അവർക്കു താല്പര്യമില്ലാത്ത പഠനമേഖല തിരഞ്ഞെടുക്കേണ്ടി വരികയും ഇഷ്ടമല്ലാത്ത വിവാഹബന്ധത്തിൽ ഏർപ്പെടേണ്ടിവരികയും ചെയ്തു. ഇതുപക്ഷേ, ആ അമ്മ ഉദ്ദേശിച്ചതിന്റെ വിപരീതഫലമാണ് ഉളവാക്കിയത്. കുടുംബജീവിതം താറുമാറായി. നാലാൺമക്കളും ഓരോരോ പ്രകാരം അവരിൽ നിന്നകന്നുപോയി. ഒടുവിൽ മീനാമാമി സന്യാസം സ്വീകരിച്ചു.

'ഭാഗ്യം" എന്ന കഥയിലെ ജാനകിയമ്മ അമേരിക്കയിലുള്ള മകനും കുടുംബവും നാട്ടിൽ വരുന്ന വിവരമറിഞ്ഞ് അവർക്കായി ഇഷ്ടവിഭവങ്ങളൊരുക്കി കാത്തിരിക്കുന്നു. അവരെത്തിയപ്പോഴാകട്ടെ, ഗ്രാമത്തിലെ ജീവിതസൗകര്യങ്ങൾ തങ്ങൾക്ക് അപര്യാപ്തമാണെന്നു പറഞ്ഞ് പട്ടണത്തിലേക്ക് താമസം മാറ്റുന്നു. മകനും കുടുംബത്തിനും വേണ്ടി തയ്യാറാക്കിവെച്ച വിഭവങ്ങൾ ജോലിക്കാരായ പുലയർക്കായി എടുത്തുകൊടുക്കുമ്പോൾ, അവരെങ്കിലും സുഖമായി വയറുനിറയെ കഴിയ്ക്കട്ടെ എന്ന് അവർ ആശ്വസിക്കുന്നു.

'മാലയോഗ'ത്തിലെ മാധവിവാരസ്യാരും മക്കൾ അകന്നുപോയതിൽ ദുഃഖിക്കുന്ന കഥാപാത്രമാണ്. പട്ടണത്തിൽ സുഖജീവിതം നയിക്കുന്ന മക്കളുടെ അടുക്കലേക്ക് പോകാൻ നിർബന്ധിക്കുന്ന ശാന്തിക്കാരൻ തിരുമേനിയോട് "നിന്റെ മാലയോഗം മുട്ടില്ല കുട്ടീ!" എന്ന് തന്റെ ഭർത്താവ് പറഞ്ഞിട്ടുള്ളതായി അവർ അറിയിക്കുന്നു. മാത്രമല്ല, പട്ടണ ജീവിതത്തെ വെറുക്കുന്ന അവർക്ക്, തന്നെ താനാക്കിയ, ഇത്രയും നാൾ ജീവിച്ച ഗ്രാമവും അമ്പലപരിസരവും വിട്ടുപോവാൻ

താല്പര്യവുമില്ല. പട്ടണത്തിൽ രാജകീയ ജീവിതം നയിക്കുന്ന മക്കൾക്കാവട്ടെ, അമ്മയെ ശ്രദ്ധിക്കാൻ സമയവുമില്ല. മക്കൾക്ക് തനിക്കു താൻ പോരിമയാവുമ്പോൾ കടന്നുവന്ന വഴികളും അവയിലൂടെ തങ്ങളെ നയിച്ച മാതാപിതാക്കളും അന്യമാവുന്ന ചിത്രമാണ് മാധവി വാരസ്യാരുടെ കഥയിലൂടെ കഥാകാരി വരച്ചുകാട്ടുന്നത്.

□എന്തിനും പോന്ന യൗവ്വനാഹങ്കാരം ... താരുണ്യത്തിന്റെ കൈകൾ വാർദ്ധക്യത്തിനു വിളമ്പുന്നതെല്ലാം പരിഹാസപാത്രത്തിലായിരിക്കും. മരിച്ചാൽ മതി., മറ്റുള്ളവർക്ക് ഭാരമായി എന്തിന് ഇങ്ങനെ ഇരിക്കുന്നു. മാത്തപ്പൻ വിചാരിക്കും ജോണില്ലേ എന്ന്. അവനോ ... അവന്റെ കെട്ടിയവൾ ... മരുമക്കളുടെ കീഴിൽ കിടക്കാൻ വയ്യ ... പിന്നെ ഈ പെൺകൊച്ചുങ്ങളെക്കൊണ്ടെന്തു പറ്റും ... മാതാവേ! എനിക്ക് ഒരു മോനേ ഉണ്ടായിരുന്നൊള്ളെങ്കിൽ□[26] - തന്റെ അമ്മായിയമ്മയോട് താൻ ചെയ്തിട്ടുള്ള കാര്യങ്ങളും തന്റെ മരുമക്കൾ തന്നോടു ചെയ്യുന്നതും ചെയ്തേക്കാവുന്നതുമായ സംഗതികളും വിലയിരുത്തുകയാണ് □പാതയുടെ അവസാന□ത്തിലെ മറിയാമ്മ. അമ്മയെ സംരക്ഷിക്കുന്നതിന്റെ പേരിൽ മക്കൾക്കിടയിലെ മത്സരത്തിൽ പെട്ട് ആരും തുണയില്ലാതായ ഒരമ്മയാണിവർ. ഇവിടെ മക്കൾ ഏറെയുണ്ടായിട്ടും അവസ്ഥ ഇങ്ങനെയാണെങ്കിൽ □വ്യാകുലസങ്കേതം□, □ആദിമാതാവിനു കിട്ടിയ ശാപം□ എന്നിവയിൽ ഒരൊറ്റ മകൻ മാത്രമായിട്ടും വ്യാകുലപ്പെടാനിടയാവുന്ന അമ്മമാരെയാണ് കാണുന്നത്.

ശമ്പളത്തിന്റെ തുക്കം നോക്കി സുഹൃദ്ബന്ധം സൃഷ്ടിക്കുന്ന മരുമകളെയും മകനെയും നിവൃത്തികേടുകൊണ്ട് കുറച്ചുനാളെങ്കിലും സഹിക്കേണ്ടിവന്ന 'വ്യാകുലസങ്കേത'ത്തിലെ മറിയപ്പെമ്പിളയ്ക്ക് സത്യത്തിൽ അവരോട് വെറുപ്പാണ്. ഗ്രാമീണമായ തന്റെ സ്വാതന്ത്ര്യങ്ങളൊക്കെ നിഷേധിക്കുന്ന, പട്ടണജീവിതം മാത്രം ഇഷ്ടപ്പെടുന്ന മകനേയും മരുമകളേയും കുറിച്ച് മറിയപ്പെമ്പിളയ്ക്ക് ആദ്യം തോന്നിയിരുന്ന അഭിമാനവും സ്നേഹവുമൊക്കെ ഉരുകിപ്പോകാൻ അധികനാൾ വേണ്ടിവന്നില്ല. തുല്യദുഃഖിതയായ ലക്ഷ്മിഅമ്മാളെ കൂട്ടുകിട്ടിയപ്പോൾ അല്പം ആശ്വസിച്ച അവർക്ക്, മരുമകളുടെ □സ്റ്റാറ്റസിന്റെ മൂല്യനിർണ്ണയരീതി□ നിമിത്തം അതുകൂടി നഷ്ടമായി. ഏക പുത്രനു വേണ്ടി കിടപ്പാടം വരെ വിറ്റ് നഗരത്തിലെത്തിയ

തന്റെ അല്പബുദ്ധിയെ കുറ്റപ്പെടുത്തിയ അവർ ഭാഗ്യവശാൽ, ആങ്ങളയുടെ അവസരോചിതമായ ഇടപെടൽ കൊണ്ട് രക്ഷപ്പെടുന്നു. ലക്ഷ്മിഅമ്മാളുടെ സഹായത്തോടെ ആങ്ങളയ്ക്ക കത്തെഴുതുകയും കത്തിന്റെ ഉള്ളടക്കമറിഞ്ഞ ആങ്ങള കുടുംബത്തിലെ പ്രധാനപ്പെട്ട ഒരു വിവാഹത്തിന് സഹോദരിയുടെ സാന്നിദ്ധ്യം അത്യാവശ്യമാണെന്നു കാണിച്ച് ആ മകന് കത്തെഴുതുകയും ചെയ്തു. ആദ്യം എതിർപ്പു പ്രകടിപ്പിച്ചെങ്കിലും സുഹൃത്തിന്റെ കുടുംബത്തോടൊപ്പം മകൻ അമ്മയെ നാട്ടിലേയ്ക്കയക്കുന്നു. മറിയപ്പെമ്പിള പിന്നീട് പട്ടണത്തിലേക്ക് തിരിച്ചുപോയില്ല.

കുഞ്ഞിനെ വളർത്താനേല്പിച്ച് അമേരിക്കയിലേക്കു പോയ മകനും മരുമകളും അവളെ തിരികെ കൊണ്ടുപോകാൻ വരുമ്പോഴെങ്കിലും മകനെ കാണാമല്ലോ എന്നാശിച്ച "അന്നമ്മ ടീച്ചർക്ക്" ('ആദിമാതാവിനു കിട്ടിയ ശാപം') ആ ഭാഗ്യം പോലും ഉണ്ടായില്ല. അഞ്ചുവയസ്സു തികഞ്ഞ കുട്ടിയെ കൂട്ടുകാരന്റെയും കുടുംബത്തിന്റെയും കൂടെ അയക്കണമെന്ന മകന്റെ അറിയിപ്പാണവർക്ക് കിട്ടിയത്. മകനെ ഒരു നോക്ക് കാണാനാശിച്ചിരുന്ന ടീച്ചർക്ക് ആനിമോളെ നഷ്ടപ്പെടുക കൂടി ചെയ്തപ്പോൾ വിഷമം അസഹ്യമായി. "സ്ത്രീയേ! നീ നൊന്തു പ്രസവിച്ച മക്കൾ നിന്നെ വിട്ടുപോകും. അന്യസ്ത്രീകളെ പ്രാപിക്കും. അവരും നീയുമായി യാതൊരു ബന്ധവുമില്ല"[27] എന്ന ബൈബിൾ വചനത്തിൽ ആശ്വാസം കണ്ടെത്തുകയാണ് ഒടുവിൽ അവർ ചെയ്യുന്നത്.

ഇവിടെ സൂചിപ്പിച്ച കഥകളിലെല്ലാംതന്നെ മാതൃത്വത്തിന് വാർദ്ധക്യത്തിൽ നിരാലംബത അനുഭവപ്പെടുന്നതു കാണാം. മറിയാമ്മയും, മറിയാമ്മച്ചേടത്തിയും, അന്നമ്മടീച്ചറും, ജാനകിയമ്മയും, മാധവിവാരസ്യാരും, മീനാമാമിയും ആരുംതന്നെ ഇതിന്നപവാദമല്ല. പട്ടണജാടകളുടെ അതിപ്രസരവും പുത്തൻ തലമുറകളുടെ ജീവിതവീക്ഷണത്തിൽ വന്ന മാറ്റവും അന്തർജ്ജനത്തെ പ്രകോപിപ്പിച്ച് ഈ കഥാസന്ദർഭങ്ങൾക്ക് കാരണമായിത്തീർന്നിട്ടുണ്ടാവാം. അതുകൊണ്ടായിരിക്കണം വാർദ്ധക്യത്തിൽ നിരാലംബത അനുഭവിക്കുന്ന കുറേയേറെ കഥാപാത്രങ്ങളെ അവർ അണിനിരത്തിയത്. മാതൃത്വം എന്നത് മഹനീയ പദവിയാണെന്നും അതിനെ അവഗണിക്കുന്നതും നിന്ദിക്കുന്നതും സ്വയം നിന്ദിക്കുന്നതിന് തുല്യമാണെന്നും

പുത്തൻ തലമുറയെ ഓർമ്മിപ്പിക്കുന്ന അന്തർജ്ജനം, ഏതൊരമ്മയും മക്കളിൽ നിന്ന് കൂടുതലൊന്നും പ്രതീക്ഷിക്കാറില്ല, ‘ഒരാശ്രയം മതി’ അവർക്കെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. ഇനി അതില്ലെങ്കിൽ കൂടി മക്കളെ ഒരു നോക്കു കണ്ടാൽ തന്നെ പ്രായമായവർക്ക് മനസ്സു നിറയും എന്നുവരെ പറഞ്ഞുവെക്കുന്നുമുണ്ട്.

സാമൂഹ്യ അനീതികൾക്കും തിന്മയ്ക്കും എതിരായി പടവെട്ടുന്ന ശക്തരായ കഥാപാത്രങ്ങളെ അന്തർജ്ജനത്തിന്റെ കഥകളിൽ കണ്ടെത്താനാവും. ഫ്യൂഡലിസ്റ്റ് കാലഘട്ടത്തേയും മുതലാളിത്ത കാലഘട്ടത്തേയും പ്രതിനിധാനം ചെയ്യുന്ന ഒട്ടേറെ കഥകൾ അന്തർജ്ജനം രചിച്ചിട്ടുണ്ട്. ഈ സമ്പ്രദായങ്ങളിലൊക്കെയുള്ള അനീതി അന്തർജ്ജനത്തിന് അസഹ്യമായി തോന്നിയിരുന്നു എന്നും അവയോടുള്ള ഉറച്ച സമരമാണ് ഇത്തരം സൃഷ്ടികളെന്നും വ്യക്തമാണ്.

‘മാണിക്കൻ’ ഇത്തരത്തിലുള്ള ശക്തമായ ഒരു കഥയാണ്. മാണിക്കൻ എന്ന കാളയാണ് അതിലെ പ്രധാന കഥാപാത്രമെങ്കിലും ആ കഥ ജന്മി-കുടിയാൻമാർക്കിടയിലെ അധികാര-വിധേയത്വങ്ങളെക്കൂടി ചിത്രീകരിക്കുന്നുണ്ട്. ചവിട്ടിനടക്കുന്ന മണ്ണിനുപോലും ജന്മിയ്ക്ക് പാട്ടമളക്കാൻ ബാധ്യസ്ഥരാണ് കുടിയാൻമാർ. അത്തരം കുടിയാൻമാരുടെ പ്രതിനിധിയാണ് കുമ്പനും, കഥയുടെ ആദ്യഭാഗത്തുള്ള അഴകനും. ദാനമായി കിട്ടിയ കാളക്കിടാവിനെ സ്വന്തമെന്നു കരുതി സ്നേഹിച്ച് ലാളിച്ച് വളർത്തി വലുതാക്കി. ഒടുവിൽ കച്ചവടക്കാർ കാളയെ വാങ്ങാനായി യജമാനനെ സമീപിച്ചപ്പോഴാണ് കാളയുടെ യഥാർത്ഥ അവകാശികൾ തങ്ങളല്ലെന്നവർ മനസ്സിലാക്കുന്നത്. എന്നാൽ ജന്മിത്തത്തിനു കിട്ടിയ വലിയ തിരിച്ചടിയാണ് ഇറച്ചിവിലയ്ക്ക് മാണിക്കനെ വിൽക്കേണ്ടിവന്നത്.

കഥയുടെ രണ്ടാംഘട്ടത്തിൽ കാണുന്ന അഴകൻ ദൂരെ കിഴക്കൻ മലകളിൽ വേലയ്ക്കു പോയി സ്വന്തമായി നാലുകാശ് ഉണ്ടാക്കുന്നവനാണ്. ചെയ്ത പണിയ്ക്ക് കൂലി ചോദിക്കുമ്പോൾ മർദ്ദിക്കുന്ന ജന്മിത്തമല്ല അവിടെയുള്ളത്. അതുകൊണ്ടുതന്നെ അഴകന് വീട്ടിലെത്തുമ്പോൾ കരുതിവെച്ച നാലുകാശുണ്ടാവും

കൈയിൽ. തനിക്കൊരിക്കൽ നഷ്ടപ്പെട്ട മാണിക്കനെ തിരികെ വാങ്ങുമ്പോൾ അഴകനു തോന്നിയത് തന്റെ കൂട്ടുകാരനെ തിരിച്ചുകിട്ടിയ സന്തോഷമാണ്. അതോടൊപ്പം താൻ അടിമയിൽ നിന്നും ഉടമയിലേക്ക് ഉയർന്നു എന്ന ആത്മാഭിമാനവും അഴകനെ ആ സമയത്ത് ഭരിക്കുന്നുണ്ട്.

ഇവിടെ അഴകൻ കാളയുടെ ഉടമയാവുന്നിടത്ത് കൃഷിയാന്റെ ജീവിതാവസ്ഥ മാറിക്കൊണ്ടിരിക്കുന്ന ഘട്ടം സൂചിതമാവുന്നു. അടിമയിൽ നിന്ന് ഉടമയിലേക്കുള്ള മാറ്റം ഒരു വലിയ സാമൂഹ്യമാറ്റമാണ്. ഈ മാറ്റത്തിൽ കർഷകന് ആത്മാഭിമാനമുണ്ട്. "ചലമ്പാണ്ടിരിക്കിൻ കൊച്ചുങ്ങളേ! നീലി! നീ ഇതിനിറ്റു വെള്ളം കൊണ്ടെക്കൊട്. അയകോനേ! അഞ്ചാറ് പുല്ലരിഞ്ഞോടാ" - കുറുമ്പന്റെ ഈ വാക്കുകളിൽ തുളുമ്പുന്നത് തന്റെ വീട്ടിൽ വന്ന പുതിയ അംഗത്തെ സൽക്കരിക്കുന്നതിന്റെ തിരക്കും സന്തോഷവുമാണ്. എന്നാൽ "കൊച്ചുകുട്ടത്തീ, നീ ഇതിനിറ്റു വെള്ളം കൊട്. നീലമ്പീ, അഞ്ചാറു പുല്ലരിഞ്ഞോടാ"[28] - എന്ന അഴകന്റെ വാക്കിൽ സ്ഫുരിക്കുന്നത് ആത്മാഭിമാന മാണ്. യജമാനന്റെ ദയയിലാണെങ്കിലും തങ്ങളുടെ മാടത്തിൻമുറ്റത്ത് ഒരു കാളക്കിടാവിന്റെ കുളമ്പുകൾ പതിഞ്ഞുകണ്ട സന്തോഷമാണ് കുറുമ്പനും മകൾക്കും. അഴകനാവട്ടെ, ഒരിക്കൽ യജമാനൻ ഉടമസ്ഥതയുടെ അഹന്തയിൽ പിടിച്ചുകെട്ടിക്കൊണ്ടുപോയ മാണിക്കൻ ഇനി തന്റെ സ്വന്തമാണല്ലോ എന്ന സന്തോഷമാണ്. ജന്മിത്തം കത്തിനിന്നിരുന്ന കാലവും അതിന്റെ പതനം ആരംഭി ക്കുന്ന കാലവും ഈ കഥയിൽ അന്തർജ്ജനം ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു.

'റീയലിസം', 'ഇത് ആശ്വാസ്യമാണോ', 'സാഹിത്യകാരൻ' എന്നീ കഥകളും സാമൂഹ്യപ്രസക്തിയുള്ളവ തന്നെ. 'ചക്രവർത്തിയുടെ സമ്മാനം', 'യുഗസന്ധി ' എന്നീ കഥകളും സാമൂഹികമായ തിന്മകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നും എന്ന രീതിയിലുള്ള ചില ആധുനികരുടെ ജീവിതത്തിന് ഉത്തമ ഉദാഹരണമാണ് റീയലിസത്തിലെ കവി. ജീവിതയാഥാർത്ഥ്യങ്ങളെ അപ്പാടെ ചിത്രീകരിക്കുന്ന രീതി കവിതയിൽ അനുവർത്തിക്കുകയും സ്വന്തം ജീവിതം അങ്ങനെ ആവരുത് എന്ന് വാശി

പിടിക്കുകയും ചെയ്യുന്നയാളാണ് കവി. സമൂഹജീവിതത്തിൽ സദാചാരം ആവശ്യമില്ലെന്ന് പ്രഖ്യാപിക്കുന്ന കവിതകളെഴുതുന്ന ഈ കവി, അയാളെ ആരാധിക്കുകയും സാഹിത്യരചനകളെപ്പറ്റി അഭിപ്രായം പറയുകയും ചെയ്യുന്ന ഭാര്യ സതിയുടെ ചാരിത്ര്യത്തിൽ സംശയാലുവാകുന്നു. സംശയനിവാരണത്തിനായി അവസരം കാത്തിരുന്ന അയാൾ രാത്രി ഇരുട്ടത്ത് പുറകിലെ വാതിലിലൂടെ പതുങ്ങി ഇറങ്ങിവന്ന രൂപത്തിനു പിന്നാലെ ഓടുന്നു. ഒടുവിൽ ആ രൂപത്തിന്റെ തലമൂടിയ മുണ്ട് മാറിപ്പോകുമ്പോൾ, വെറ്റില വാങ്ങാനുള്ള കാശിനായി അരി മോഷ്ടിച്ച, വീട്ടുവേലക്കാരിയായ വൃദ്ധയെയാണ് അയാൾ കാണുന്നത്. ഒച്ചയും ബഹളവും കേട്ട് ഉണർന്ന നാട്ടുകാരുടേയും ഭാര്യയുടേയും മുന്നിൽ അയാൾ ഇളിഭ്യനായി. അവസാനം ഭാര്യയെ സംശയിച്ചതിന് അവളോട് മാപ്പപേക്ഷിക്കുന്നു. ആ ഭാര്യ ശാന്തയായി പ്രതിവചിച്ചു : "എന്നോടല്ല മാപ്പു ചോദിക്കേണ്ടത്, സാഹിത്യലോകത്തോടാണ്. അങ്ങു സംശയിച്ചു. എന്നെ മാത്രമല്ല, സ്ത്രീലോകത്തെ മുഴുവൻ. നന്മ അധികമില്ലായിരിക്കും, അതുകൊണ്ടു തിന്മ മാത്രമാകണമെന്നില്ല. സാഹിത്യത്തിലെ നായിക ഗണികയായിരിക്കുമ്പോൾ സമുദായത്തിൽ അങ്ങു സതി മതിയെന്നു വിശ്വസിച്ചു. സദാചാര വിരോധികളായ ഇന്നത്തെ റിയലിസ്റ്റിക്കുകൾക്കു പറ്റുന്ന പരാജയം അതാണ്. തിന്മയെ അതേപടി വിവരിക്കുകയല്ലാതെ നന്മയിലേക്കു വഴിചൂണ്ടാനവർക്കു കഴിയില്ല."[29] വളരെ റിയലിസ്റ്റിക്കായി മാത്രം കവിതാരചന നടത്തുകയും എന്നാൽ സ്വന്തം ജീവിതത്തിൽ തീരെ റിയലിസ്റ്റിക്കല്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്ന കവി ഒടുവിൽ സ്വയംകൃതാനർത്ഥത്താൽ അവഹേളിതനാവുന്നത് കാണുമ്പോൾ അനുവാചകന് കവിയോട് സഹതാപം തോന്നും. ഇതുതന്നെയാണ് അന്തർജ്ജനത്തിന്റെ വിജയവും.

"ഇത് ആശ്വാസ്യമാണോ?" എന്ന കഥ സാമുദായികമാണെങ്കിലും, മറ്റുള്ളവരുടെ കൂടി കഴിവുകൾ പ്രയോജനപ്പെടുത്തി ഒരാൾ മാത്രം സമൂഹത്തിൽ ആളാവുക എന്ന സാമൂഹികമായ അനീതികൂടി ദൃശ്യമാകുന്നുണ്ട്. ഗ്രഹനായകനായ എൻ.വി. ഇത്തരത്തിൽപെട്ട കഥാപാത്രമാണ്. ഭാര്യ പാപ്പി അന്തർജ്ജനം അതിനെ എതിർക്കുന്നു. ഇതിലെ നായകൻ തന്റെ ഭാര്യയോട്, പൊതുവെ സ്ത്രീകളെക്കുറിച്ച്

തനിക്കുള്ള അഭിപ്രായം പ്രകടിപ്പിക്കുന്നത് ; ഞാൻ കൊറച്ചൊക്കെ അനുവദിച്ചു തരുന്നുന്ന് വെച്ച് ഇത്ര ഏറണ്ടാട്ടോ ... കുറ്റമല്ല ഇവറ്റെ അടിച്ചമർത്തി അടുക്കളേൽത്തന്നെ വെച്ചോണ്ടിരിക്കുന്നത്. കുതിരയ്ക്ക കൊമ്പും കൂടി മൊളച്ചാൽ പിന്നെ പറയാനുണ്ടോ?[30] - എന്നിങ്ങനെയാണ്. സമുദായത്തിലെ സ്ത്രീകൾക്ക് സ്വാതന്ത്ര്യം വേണമെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നയാൾ തന്നെയാണ് സ്വന്തം വീട്ടിൽ ഇത്തരത്തിൽ പെരുമാറുന്നത്. കുതിരേ വണ്ടിയ്ക്ക കെട്ടി വലിച്ചോള്. ആരാ പറഞ്ഞത് വേണ്ടാന്ന്. പക്ഷെ അതിനുവേണ്ട പുല്ലും വെള്ളോങ്കിലും കൊടുത്തില്ലേൽ വണ്ടിയുടെ വേഗം തന്നെ കുറയുമെന്നേയുള്ളു.[31] എന്നാണ് ഭാര്യയുടെ തന്റേടത്തോടെയുള്ള മറുപടി. ഇവിടെ പാപ്പി നമ്പൂതിരി സ്ത്രീകൾക്ക് അർഹമായ പരിഗണന കിട്ടണം എന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുകയാണ് ചെയ്യുന്നത്. പുരുഷന്റെ സുഖസൗകര്യ ങ്ങൾക്കും സാമൂഹിക ഉന്നമനത്തിനും വേണ്ടി സ്ത്രീകൾ ആവുംവിധം സഹായം ചെയ്യാം; എന്നാൽ അർഹമായ പരിഗണന തങ്ങൾക്കും കിട്ടണം എന്നു പാപ്പി ആവശ്യപ്പെടുമ്പോൾ, അന്തർജ്ജനങ്ങളും മനുഷ്യരാണെന്നും വെച്ചുവിളമ്പലും കുട്ടികളെ പ്രസവിക്കലും കുളിയും തേവാരവും മാത്രമല്ല അവളുടെ കർമ്മങ്ങളെന്നും, സമുദായത്തിലും സമൂഹത്തിലും അവൾക്കും ചിലത് ചെയ്യാനുണ്ടെന്നും അതിനുള്ള സ്വാതന്ത്ര്യമേ ആവശ്യപ്പെടുന്നുള്ളു എന്നും വ്യക്തമാവുന്നു. ഭർത്താവിനേയും കുടുംബത്തേയും ധിക്കരിച്ചുകൊണ്ടുള്ള ഒരു സ്വാതന്ത്ര്യവാദമല്ല പാപ്പിയുടെ വാക്കുകളിൽ മുഴങ്ങുന്നത്; വീടിനകത്ത് ഒതുങ്ങിനിന്നുകൊണ്ട്, കടമകളും കർത്തവ്യങ്ങളും നിർവ്വഹിച്ചുകൊണ്ട്, അന്തർജ്ജനങ്ങളുടെ അഥവാ സ്ത്രീകളുടെ തന്നെ പ്രാഥമികമായ ചില ആവശ്യങ്ങൾക്കു വേണ്ടിയുള്ള വാദവും അവ നൽകപ്പെട്ടില്ലെങ്കിൽ ദോഷം കുടുംബത്തിനും സമുദായത്തിനും തന്നെയാണെന്ന മുന്നറിയിപ്പുമാണ്.

നാഗരിക ജീവിതത്തിൽ സ്ത്രീ ഒരു ഉപഭോഗവസ്തുവായി തരംതാഴ്ത്തപ്പെടുന്നതിന്റെ ചിത്രങ്ങളാണ് യുഗസന്ധി, ചക്രവർത്തിയുടെ സമ്മാനം എന്നീ കഥകളിൽ കാണുന്നത്. വൻതുക സ്ത്രീധനമായി നൽകി മകൾ മായയെ പട്ടണത്തിലെ ബിസിനസ്സുകാരന് വിവാഹം ചെയ്തു കൊടുക്കുമ്പോൾ സരോജിനിയമ്മയ്ക്കും ഒരു പാടു പ്രതീക്ഷകളുണ്ടായിരുന്നു. എന്നാൽ ഒരു

വർഷത്തിനു ശേഷം അവളെ തിരികെ വിളിച്ചുകൊണ്ടുപോകേണ്ടിവന്ന ആ അമ്മയ്ക്ക്. അതിനുള്ള കാരണമാവട്ടെ, ഭർത്താവിന്റെ ബിസിനസ്സ് പുരോഗതിയ്ക്കായി മായയുടെ സൗന്ദര്യം വിൽക്കേണ്ടിവരുന്നു എന്ന അറിവും. പട്ടണജീവിതത്തിൽ ഇത്തരം സംഭവങ്ങൾ സാധാരണമായിരിക്കാം. പക്ഷെ, അത് ഒരു സമൂഹത്തിന്റെ സാംസ്കാരികമോ സാമൂഹികമോ ആയ ഉയർച്ചയെയല്ല, അധഃപതനത്തെയാണ് വെളിപ്പെടുത്തുക. അവിടെ പണത്തിനു മാത്രമേ വിലയുള്ളൂ. പണത്തിനോട് ആർത്തിയുള്ളവർ അത് നേടിയെടുക്കാൻ ഏത് വൃത്തികെട്ട മാർഗ്ഗവും സ്വീകരിക്കും എന്നതിന് തെളിവാണ് നഗരത്തിലെ മായയുടെ ജീവിതം. യുഗസന്ധിയിലെ സരോജിനി ടീച്ചർ ദേവകിയമ്മ ടീച്ചറോടു പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ് : "മായയും ഞാനും ടീച്ചറും വിജയമ്മയും എല്ലാം അവസാന വിശകലനത്തിൽ വെറും സ്ത്രീകൾ മാത്രം. പാവപ്പെട്ട പെണ്ണുങ്ങൾ; യൗവ്വനവും സൗന്ദര്യവും നശിക്കുമ്പോൾ എല്ലാം നശിക്കുന്നു"[32] - സാമ്പത്തികോന്നമനത്തിനു വേണ്ടിയുള്ള നെട്ടോട്ടത്തിനിടയിൽ സാംസ്കാരികമായി അധഃപതിച്ചു പോവുന്ന ചില കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുള്ള ഈ കഥയിൽ അവഹേളിക്കപ്പെടുന്ന ഭാരതീയ സ്ത്രീത്വത്തെ അന്തർജ്ജനം വളരെ ശക്തമായി ആവിഷ്കരിച്ചിരിക്കുന്നു.

ഇതിനോടടുത്തുനിൽക്കുന്ന ഒരു കഥയാണ് "ചക്രവർത്തിയുടെ സമ്മാനം". നാഗരികജീവിതത്തിന്റെ കാപട്യം തുറന്നുകാട്ടി പരിഹസിക്കുന്നുണ്ട് ഈ കഥയിൽ അന്തർജ്ജനം. ക്ലബ്ബുകളിൽ നിഴലുകൾ പോലെ "റോക്ക് എൻ റോൾ" ചെയ്ത് ജീവിതം "എൻജോയ്" ചെയ്യുന്ന യുവത്വത്തിന്റെ സായംസന്ധ്യകളെ ദേവദാസിയായ "മീര"യുടെ ഉൽകൃഷ്ടകലാജീവിതവുമായി തുലനം ചെയ്ത് അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. പരപുരുഷൻമാരുമായി മുട്ടിയുരുമ്മി, മദ്യം നുകർന്ന് റോക്ക് എൻ റോൾ ചെയ്യുന്നതാണ് സൊസൈറ്റിയിൽ നല്ല പെരുമാറ്റത്തിന്റെയും അന്തസ്സിന്റെയും ലക്ഷണം എന്ന് ധരിച്ചിരിക്കുന്ന പച്ചപ്പരിഷ്കാരികൾക്കു നേരെയുള്ള പരിഹാസമാണ് ഈ കഥ.

ശമ്പളത്തിന്റെ തുക്കം നോക്കി മാത്രം മനുഷ്യരെ സ്നേഹിക്കുന്ന "വ്യാകുലസങ്കേത"ത്തിലെ മരുമകളും, ഗ്രാമീണനായ കേശുമ്മാവൻ ('മരുമകന്റെ

കൊട്ടാരം') സംസ്കാരമില്ലാത്തവനാണെന്ന് വിധിയെഴുതുന്ന മരുമകനും ഒക്കെത്തന്നെ നാടിന്റെ സാമൂഹികമായ തിന്മകളെയാണ്, സമൂഹത്തിൽ സംഭവിച്ചിരിക്കുന്ന മൂല്യച്യുതിയെയാണ്, ഉദാഹരിക്കുന്നത്. ഭർത്താവിന്റെ ഉയർച്ചയ്ക്കുവേണ്ടി തന്റെ ശരീരം ചവിട്ടുപടിയാക്കേണ്ടിവരുന്ന മായയും (യുഗസന്ധി) ഭർത്താവിന്റെ സ്റ്റാറ്റസിനു നിരക്കുന്ന വിധത്തിലുള്ള കോപ്രായങ്ങൾ കാണിക്കേണ്ടിവരുന്ന മീരയും (ചക്രവർത്തിയുടെ സമ്മാനം) ഗ്രാമീണതയുടെ സ്വച്ഛതയും വിശുദ്ധിയും ഇഷ്ടപ്പെടുന്ന വരാണ്. എന്നാൽ കാലത്തിനൊത്തു കോലം കെട്ടുന്ന പട്ടണജീവിതത്തിനു മുന്നിൽ ഇവരുടെ ജീവിതം വ്യർത്ഥമായിപ്പോകുന്ന കാഴ്ചയാണ് ഈ കഥകളിൽ കാണാൻ കഴിയുന്നത്. മായയെ രക്ഷിക്കാൻ അമ്മയെത്തുന്നുണ്ട്. എന്നാൽ മീരയാകട്ടെ, അന്ത്യാഭിലാഷമെന്ന മട്ടിലുള്ള സ്വപ്നവും പേറി ജീവിതം ആടിത്തീർക്കുകയാണ് -

അങ്ങുദൂരെ മൈതാനങ്ങളും മരങ്ങളും പുഴകളും ക്ഷേത്രങ്ങളും ഉള്ള നാട്ടിൽ നക്ഷത്രനിബിഡമായ നീലാകാശത്തിൻ ചുവട്ടിൽ ഏകാന്തതയിൽ തനിക്കൊന്നു പാടണം, മതിവരുവോളം നൃത്തം ചെയ്യണം എന്ന ആഗ്രഹം അവൾ കൊണ്ടുനടക്കാൻ തുടങ്ങിയിട്ട് നാളേറെയായി. ഇതിനർത്ഥം, ഭർത്താവിന്റെ സംതൃപ്തിക്കായി ഇഷ്ടമില്ലാത്തതു പലതും ചെയ്യേണ്ടിവരുമ്പോഴും അവളുടെ മനസ്സ് സ്വാതന്ത്ര്യത്തിനായി കൊതിക്കുന്നുണ്ടെന്നാണ്. ഈ സ്വാതന്ത്ര്യം അന്തർജ്ജനത്തെ സംബന്ധിച്ചിടത്തോളം പട്ടണത്തിന്റെ സാമൂഹിക തിൻമയിൽ നിന്ന് നാട്ടിൻപുറത്തിന്റെ സ്വച്ഛന്ദമായ നന്മയിലേക്കുള്ള സ്വാതന്ത്ര്യമാണ്.

പട്ടണജീവിതത്തിലെ തിന്മകളെ തുറന്നുകാണിക്കുന്ന മറ്റൊരു കഥയാണ് []കളഞ്ഞുകുളിച്ചു[]. ഇങ്ങനെ ധാരാളം കഥകളിലൂടെ അന്തർജ്ജനം സാമൂഹികമായ അനീതികളേയും തിന്മകളേയും അധഃപതനത്തേയും തുറന്നു കാണിക്കുന്നുണ്ട്. ഇവയിൽ പല കഥകളും ഇനിയൊരദ്ധ്യായത്തിൽ വിശദമായ വിശകലനത്തിനു വിധേയമാക്കുന്നുണ്ട്.

ഗാന്ധിജിയെക്കുറിച്ചും, സ്വാതന്ത്ര്യസമരത്തെയും അതിന്റെ

അനന്തരഫലങ്ങളെയും കുറിച്ചുമുള്ള കഥകൾ അന്തർജ്ജനം എഴുതിയിട്ടുണ്ട്. ഗാന്ധിജിയുടെ ജീവിതചര്യകൾ തന്നെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്ന് അന്തർജ്ജനം തന്റെ ‘ആത്മകഥയ്ക്ക് ഒരാമുഖ’ത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ‘... മൂന്നു പേരും (വിവേകാനന്ദൻ, ഗാന്ധിജി, ടാഗോർ) അവളെ സ്വാധീനിച്ചു. പക്ഷേ ഗാന്ധിജിയാണ് പിന്നെപ്പിന്നെ പിടിമുറുക്കി വന്നത്. അതുകൊണ്ട് അദ്ദേഹത്തെയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും പറ്റി അവൾ ചിന്തിക്കുകയും എഴുതുകയും ചെയ്യാൻ തുടങ്ങി.”[33] അതിന്റെ ഫലമാണ് 14-ാം വയസ്സിൽ എഴുതി ആദ്യമായി പ്രസിദ്ധീകരിച്ച ‘അഭിനവപാർത്ഥസാരഥി’ എന്ന ലേഖനം.

‘‘പത്രപംക്തികളിലൂടെ ചൂടുള്ള വാർത്തകൾ അലച്ചുകൊണ്ടിരുന്നു. മാപ്പിള ലഹള, വൈക്കം സത്യാഗ്രഹം, നികുതിനിഷേധം ഇങ്ങനെ. ശ്രീ. കെ.പി. കേശവമേനോൻ എഴുതിയ ‘മഹാത്മാഗാന്ധി’ എന്ന ജീവചരിത്രഗ്രന്ഥം കുനിഞ്ഞിരുന്നു വായിക്കുന്ന ആ പെൺകുട്ടിയെ എനിക്കിപ്പോഴും കാണാം. അവൾ ഖദറിനുവേണ്ടി കരഞ്ഞു. ചർക്ക വാങ്ങി. പരുത്തി നട്ടു. നൂൽ നൂറ്റു. അവളുടെ പഠിപ്പുമുറിയിലെ ഭിത്തിയിൽ അനവധി രാഷ്ട്രീയനേതാക്കൻമാരുടെ പടങ്ങൾ ഒട്ടിച്ചിട്ടുണ്ടായിരുന്നു.

ഖദറല്ലാതെ ഉടുക്കുകയില്ലെന്നു ശഠിച്ച അവളോട് ഒരിക്കൽ അച്ഛൻ ചോദിച്ചു :

‘എന്താണ് ഈ ഖദറിനിത്ര വിശേഷം?’

‘അതു സ്വദേശിയാണ്, ഗാന്ധിജി പറയുന്നു അതുടുക്കണമെന്ന്.’[34]

- ഗാന്ധിജിയുടെ സ്വദേശി പ്രസ്ഥാനം ഇത്തരത്തിൽ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്.

‘ഉറക്കത്തിനു മുമ്പ്’, ‘ഗാന്ധിജിക്കുശേഷം’, ‘തീപ്പൊരിപ്പൂക്കൾ’, ‘കൊടുങ്കാറ്റിൽപ്പെട്ട ഒരില’, ‘മനുഷ്യൻ മൃഗമായപ്പോൾ’, ‘മനുഷ്യൻ മാത്രം’ എന്നീ കഥകൾ ഗാന്ധിജിയെയും സ്വാതന്ത്ര്യാനന്തര ഭാരതത്തെയും കുറിച്ച് അന്തർജ്ജനം

എഴുതിയിട്ടുണ്ട്. "ഉറക്കത്തിനു മുൻപ്" എന്ന കഥ ഗാന്ധിജിയും പൗത്രിയായ മനുവും തമ്മിലുള്ള ഒരു സംവാദമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സംഭവവികാസങ്ങളും ജന്മനാട്ടിലേയ്ക്ക് തിരിച്ചുപോകേണ്ടതിന്റെ ആവശ്യകതയും മനു ഗാന്ധിജിയെ ഓർമ്മപ്പിക്കുന്ന മട്ടിലാണ് കഥ അവതരിപ്പിച്ചിരിക്കുന്നത്. ഗാന്ധിജി പൗത്രിയോടു പറയുന്നു : "...നാളെ ... നാളെയെങ്കിൽ നാളെ! ഇന്ന് ഈ നിമിഷത്തിൽ തന്നെയും ഞാൻ തയ്യാറാണ്. മോളേ! ... കുറേ നാളുകൾ കൂടി ഇവിടെ താമസിക്കണ മെന്നു ഞാൻ വിചാരിച്ചിരുന്നു. കുറച്ചധികം നാളുകൾ കൂടി .... എന്റെ ആശകൾ - ആദർശങ്ങൾ - സ്വപ്നങ്ങൾ - തകർന്ന മകളെ. എല്ലാം തകർന്നു. ... അതിന്റെ ശബ്ദമാണ് ആ കൈബോംബിന്റെ പൊട്ടലിൽ കേട്ടത്. ഇനി എനിക്കു പോകണം. ഞാൻ പോയാലെങ്കിലും ഹാ! .... ഞാൻ എത്രമാത്രം അവരെ സ്നേഹിച്ചിരുന്നെന്നറിയുമോ? എത്രമാത്രം ദൃഢതരമായി - എത്ര അഗാധമായി ... (കണ്ണു നിറയുന്നു)"[35]. ഭാരതത്തിന്റെ വിഭജനവും തുടർന്നുണ്ടായ സംഭവഗതികളും ഗാന്ധിജിയിലുണ്ടാക്കിയിരിക്കാവുന്ന മാനസിക സംഘർഷം അന്തർജ്ജനം ഈ കഥയിൽ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്.

ഗാന്ധിജിക്കു ശേഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ സംഭവിച്ച മാറ്റങ്ങൾ ചിത്രീകരിക്കുന്നു "ഗാന്ധിജിക്കു ശേഷം" എന്ന കഥയിൽ. അധികാരമോഹവും അങ്കക്കലിയും പൂണ്ട നേതാക്കൾ ഗാന്ധിജിയുടെ പേരിൽ ജനതയെ മുഴുവൻ വിഡ്ഢികളാക്കുന്നതും, യഥാർത്ഥ ഗാന്ധിഭക്തർ പരാജയപ്പെടുന്നതുമായ ദൃശ്യമാണ് ഈ കഥയിൽ കാണുന്നത്. സ്വാതന്ത്ര്യം സമാധാനമാണെന്നും അത് സ്നേഹവും സമത്വവും സുരക്ഷിതത്വവുമാണെന്നും ഉള്ള ഗാന്ധിചിന്തകൾ പ്രചരിപ്പിക്കുന്നവർക്ക് എന്നും എവിടെയും തോൽവിയേ ഉണ്ടാവൂ. എന്നാൽ ഗാന്ധിജിയുടെ പേരിൽ മത്സരിച്ച് വിജയിക്കുകയും ആ ചിന്തകൾക്ക് നേർവിപരീതമായി പ്രവർത്തിക്കുകയും ചെയ്യുന്നവർ വിജയം നേടുന്നു. ഗാന്ധികക്ഷിക്കുവേണ്ടി വോട്ടു തേടിവന്ന പ്രവർത്തകനോട് ഗാന്ധിഭക്തൻ പറയുന്നു : "ഗാന്ധിജി ഒരു കക്ഷിയിലെയും അംഗമല്ലായിരുന്നു എന്നാണെന്റെ അറിവ്. അദ്ദേഹം എല്ലാ നല്ല മനുഷ്യരുടേയും കക്ഷിയായിരുന്നു. സത്യത്തിന്റെ

കക്ഷിയായിരുന്നു. ധർമ്മത്തിന്റെ കക്ഷിയായിരുന്നു. ത്യാഗത്തിന്റെയും നിർഭയതയുടെയും ... ഓ, അദ്ദേഹത്തിന്റെ പേരിൽ ആണയിടുന്ന നിങ്ങൾ ...[36] വികാരഭാരത്താൽ തുടർന്നു പറയാനാവാതെ തൊണ്ടയിടറിക്കൊണ്ടയാൾ നിർത്തി. എന്നാൽ അനന്തരഫലം കമ്മ്യൂണിസ്റ്റായി മുദ്രകുത്തപ്പെടലായിരുന്നു. തെരഞ്ഞെടുപ്പിൽ ഗാന്ധികക്ഷിക്കാരനായ കപടനേതാവ് വിജയിച്ചു. അന്നുരാത്രി പതിവുപോലെ വീട്ടുവാതിൽക്കലിരുന്ന് നൂൽ നൂറ്റുകൊണ്ടിരുന്ന ഗാന്ധിഭക്തൻ, വിജയിയായ നേതാവിന്റെ അനുയായികൾ നയിക്കുന്ന ഘോഷയാത്രയിലെ മുദ്രാവാക്യങ്ങൾ ശ്രദ്ധിച്ചു. മദ്യപിച്ചു കുഴഞ്ഞ നാവുകൊണ്ട്;

[മഹാഴ്മാ ഗാന്ധി-കീ ഴയ്,]

ബാരത-മാധാ-കീ ഴയ് []

എന്ന് അലറുന്നതുകേട്ടപ്പോൾ ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന ആ ഗാന്ധിഭക്തൻ തളർന്നുപോയി. അദ്ദേഹം പറഞ്ഞു : [ഇന്നാണു ഗാന്ധിജി മരിച്ചത് ... ഗാന്ധിസം അപമാനിക്കപ്പെട്ടിരിക്കുന്നു. ... ഒരു കുടിയന്റെ നാവുകൊണ്ട് ... കുടിലമായ രാജ്യതന്ത്രത്തിനുവേണ്ടി ആ നാമം ... വിശ്വോത്തര പവിത്രമായ ആ നാമം ഉച്ചരിക്കപ്പെട്ടപ്പോൾ ... ഇന്നു ഗാന്ധി മരിച്ചു! ... അതോടെ നമ്മുടെ നാടും! ...][37]

യഥാർത്ഥത്തിൽ ഗാന്ധിജിയുടെ സ്വാതന്ത്ര്യചിന്തയും അദ്ദേഹത്തിന്റെ ആദർശങ്ങളും എങ്ങനെയുള്ളതായിരുന്നു എന്നും അദ്ദേഹത്തിന്റെ കാലശേഷം അനുയായികളായി ചമഞ്ഞു നടന്നവർ ആ ആദർശങ്ങളെ എത്രമാത്രം മാറ്റിമറിക്കുകയും തദ്വാരാ ആ മഹാത്മാവിനെ അപമാനിക്കുകയും ചെയ്തുവെന്നും ഉള്ള ചിന്തകളിലേക്ക് അനുവാചകരെ നയിക്കാൻ സഹായിക്കുന്ന ഒരു കഥയാണിത്.

[മനുഷ്യർ മാത്രം] എന്ന കഥ സ്വാതന്ത്ര്യസമരകാലത്ത് പൊട്ടിപ്പുറപ്പെട്ടിരുന്ന പ്രാദേശികവും വർഗ്ഗീയവുമായ കലാപങ്ങൾ കേരളീയാന്തരീക്ഷത്തെ എപ്രകാരം കലുഷമാക്കിയിരുന്നു എന്നും, ജാതി മത ചിന്തകൾക്കതീതമായി മനുഷ്യന് മനുഷ്യനെ എങ്ങനെ സ്നേഹിക്കാൻ കഴിയുമെന്നും വ്യക്തമാക്കിത്തരുന്നു. അതേസമയം [മനുഷ്യൻ മൃഗമായപ്പോൾ] എന്ന കഥ ആത്മാർത്ഥസ്നേഹവും,

മതഭ്രാന്തിന്റെ വിഹ്വലജാലയോടടുക്കുമ്പോൾ ചിലപ്പോൾ കരാളരൂപിയായി പരിണമിച്ചേക്കാം എന്ന വസ്തുത സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ വർഗ്ഗീയ കലാപങ്ങളുടെ പശ്ചാത്തലത്തിൽ വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു. "തീപ്പൊരിപ്പൂക്കൾ" എന്ന കഥയിൽ ഗാന്ധിജിയുടെ മരണവാർത്ത റേഡിയോയിൽ കേൾക്കുന്ന കഥാനായിക അഥവാ ആഖ്യാതാവ് ആദ്യം അത് വിശ്വസിക്കാൻ തയ്യാറാവുന്നില്ല. തുടർന്ന് കൗമാരപ്രായത്തിൽ ഗാന്ധിജിയുമായുണ്ടായ കൂടിക്കാഴ്ചയും ഗാന്ധിജിയുമായി ബന്ധപ്പെട്ട ചില സംഭവങ്ങളും അവർ ഓർമ്മിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ അവസ്ഥ ചിത്രീകരിക്കുന്ന കഥകളുടെ കൂട്ടത്തിൽ ഏറ്റവും ശക്തവും തീവ്രവുമായി അത് അവതരിപ്പിച്ചിരിക്കുന്ന കഥയാണ് "കൊടുങ്കാറ്റിൽപ്പെട്ട ഒരില". മതസൗഹാർദ്ദം വർഗ്ഗീയ കലാപമായി മാറുന്ന ചിത്രമാണ് അതിൽ നാം കാണുന്നത്. ഈ കലാപത്തിൽപ്പെട്ട് കൂട്ട ബലാത്സംഗത്തിന് ഇരയായ "ജ്യോതി" ഗർഭിണിയായി. കലാപത്തിന്റെ തീവ്രത മനസ്സിലാക്കാതെ കലാപബാധിതരെ സഹായിക്കാനായി ഓടി നടന്ന അവൾക്ക് തനിക്കു നേരിടേണ്ടി വന്ന ദുരനുഭവം അംഗീകരിച്ചുകൊണ്ട് പഴയമട്ടിൽ ജീവിതം തുടരാൻ പ്രയാസമായിരുന്നു. അവളുടെ പെരുമാറ്റത്തിൽ അതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. പുതുതായി എത്തിപ്പെട്ട അഭയാർത്ഥിക്യാമ്പിൽ അവൾ എന്തിനോടും ഏതിനോടും എതിർപ്പും നിഷേധവും കാണിച്ചുതുടങ്ങി.

അഭയാർത്ഥി ക്യാമ്പിലെ കക്കൂസിൽ ഒരു ദിവസം ഒരു പിഞ്ചുകുഞ്ഞിന്റെ ജഡം കണ്ടെത്തിയത് ജ്യോതിക്ക് ആശ്വാസമേകി. പാപത്തിന്റെയും ക്രൂരതയുടെയും തിന്മയുടെയും വിത്തായി തന്റെയുള്ളിൽ പ്രവേശിക്കപ്പെട്ടിട്ടുള്ള ജീവനെ നശിപ്പിക്കാനുള്ള തീരുമാനമെടുത്ത അവൾ. എന്നാൽ പ്രസവവേദനയെത്തുടർന്ന് അവളിലുണ്ടായ ചിന്തകളും വേദനയുടെ അസഹനീയതയും അവളെ മാനസികമായും ശാരീരികമായും വീർപ്പുമുട്ടിച്ചു. "സ്ത്രീജന്മത്തിന് നിയതി ചുമത്തിയിട്ടുള്ള നികൃതി കൊടുത്തതന്നെ തീരണം"[41] - എന്ന സാമാന്യബോധത്തിലേക്കവൾ എത്തിച്ചേർന്നു. ഒടുവിൽ വേദനയുടെ അവസാനത്തിൽ അവൾ സുഖകരമായ ഒരാലസ്യത്തിൽ

അമർന്നു. കുഞ്ഞിനെ കൊല്ലാനുള്ള അവളുടെ തീരുമാനം അതിന്റെ കരച്ചിലിലും ശരീരമാർദ്ദവത്തിലും മറ്റും അലിഞ്ഞുപോയി. അവൾ അവനെ കോരിയെടുത്ത് ആശ്ലേഷിച്ചു. അവന്റെ തണുത്തു മരവിച്ച നെറ്റിയിൽ ഉമ്മകൾ കൊണ്ട് ചൂടുപകർന്നു. ഹൃദയരക്തം നുരുംപാലായി നിറം പകർന്നൊഴുകി.

"കൊടുങ്കാറ്റിൽപ്പെട്ട ഒരില" എന്ന ഈ കഥ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആഭ്യന്തര വർഗ്ഗീയ കലാപങ്ങൾക്കിടയിൽ സ്ത്രീത്വം എത്രമാത്രം അപമാനിക്കപ്പെട്ടിരുന്നു എന്നതിന് ഉത്തമദൃഷ്ടാന്തമാണ്. അതിനെക്കുറിച്ച് കഥാകാരിയുടെ വാക്കുകൾ ഇപ്രകാരമാണ് : "സങ്കല്പസൃഷ്ടികളായ കഥാപാത്രങ്ങളിൽ "കൊടുങ്കാറ്റിൽപ്പെട്ട ഒരില" എന്ന കഥയിലെ പഞ്ചാബി പെൺകിടാവിനെ ഞാൻ സവിശേഷം ഇഷ്ടപ്പെടുന്നു. എന്തെന്നാൽ ആ പെൺകുട്ടി എന്റെ സങ്കല്പസൃഷ്ടി മാത്രമാണ്. പഞ്ചാബ് അന്നു ഞാൻ കണ്ടിട്ടില്ല. അഭയാർത്ഥികളെപ്പറ്റി നേരിട്ടറിവുമില്ല. ഒരു ദിവസം പത്രവാർത്ത കണ്ടു. അപഹൃതകളായ ഇത്രയും പെൺകുട്ടികളെ അങ്ങോട്ടും അത്രയും പെൺകുട്ടികളെ ഇങ്ങോട്ടും കൈമാറിയിരിക്കുന്നു എന്ന്. അന്നുരാത്രി കിടന്നപ്പോൾ അവിചാരിതമായി ഈ വാർത്ത ഓർമ്മയിൽ വന്നു; അതോടെ ചിന്തനാതീതമായ സങ്കടമനുഭവിക്കുന്ന ആ അഭയാർത്ഥിയുവതിയുടെ രൂപവും. അപ്പോൾ എഴുന്നേറ്റ് കഥയും എഴുതിത്തീർത്തു. ധർമ്മപരീക്ഷണത്തിൽ പ്പെട്ടുലയുന്ന സ്ത്രീത്വത്തിന്റെ പ്രതീകമായ ഈ കഥാപാത്രത്തെ ഞാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്നു. എന്തെന്നാൽ അവളുടെ സൃഷ്ടി, എന്റെ സങ്കല്പമാണ് സാധിച്ചത് "[38]

ഒൻപതു പ്രസവിച്ച്, ആ ഒൻപതിൽ നിന്ന് അൻപതു മക്കൾ വേറെയുണ്ടായി ഒരു ഗ്രാമത്തിനാകെ അമ്മയായിരുന്ന വൃദ്ധ, സിന്ധുദേശത്തെ വലിയൊരു ദ്യോഗസ്ഥന്റെ ഭാര്യയായി മൂന്നു മക്കളോടൊപ്പം സുഖമായി ജീവിച്ച്, ഒടുവിൽ ഭർത്താവിന്റെ ശരീരശകലങ്ങൾക്കിടയിൽ വെച്ച്, കുഞ്ഞുമക്കളുടെ ചോരയാൽ നനഞ്ഞ കരാളഹസ്തങ്ങൾകൊണ്ട് അപമാനിതയായ യുവതി - ഇവരൊക്കെ സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ കലാപദുരന്തത്തിലെ പ്രത്യക്ഷപ്രതീകങ്ങളാണ്.

എന്നാൽ ഏതു വെറുപ്പിനേയും വിദ്വേഷത്തെയും നൈരാശ്യത്തേയും അകറ്റി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ മാതൃത്വഭാവത്തിന് ശക്തിയുണ്ടെന്ന് കഥയുടെ ഒടുവിൽ കഥാകാരി തെളിയിച്ചിരിക്കുന്നു. ഞെക്കിക്കൊല്ലാനായി നീട്ടിയ കൈകൾ പിൻവലിക്കപ്പെട്ടതും, ഉപേക്ഷിച്ചുപോകാൻ തുടങ്ങിയവൾ തിരികെ വന്നതും മാതൃത്വത്തിന്റെ മഹനീയതകൊണ്ടാണ്. ഇവിടെത്തന്നെ ചിത്രീകരിച്ചിരിക്കുന്ന നവജാതശിശുവിന്റെ കൊല അഭയാർത്ഥികൃാമ്പിലെ നരകയാതനയുടെ ഭാഗമായി മാത്രമേ കാണാനാവൂ.

സമുദായം, സമൂഹം, മാതൃത്വം, രാഷ്ട്രീയം എന്നിവയെ പശ്ചാത്തലമാക്കി ക്കൊണ്ടുള്ള കഥകളുടെ കൂടെതന്നെ []കഥയുടെ കഥകളും[] കണ്ടെത്താനാവും. താനെങ്ങനെ ഒരു കഥാകാരിയായി എന്നും അതിനായി അനുഭവിച്ച യാതനകൾ എന്തൊക്കെയാണെന്നും, ഇഷ്ടമില്ലാതെയും ചില കഥകൾ പ്രസിദ്ധീകരണത്തി നയക്കേണ്ടി വന്നപ്പോൾ താനനുഭവിച്ച വേദന എന്തെന്നും ഈ കഥയുടെ കഥകളിൽ അവർ വ്യക്തമാക്കുന്നുണ്ട്. []കഥയെങ്കിൽ കഥ[], []കഥയല്ല, ഒരു കത്ത് [], []കഥാകർത്തിയുടെ കത്ത് [] ഇങ്ങനെ കഥയുടെ കഥകളും കഥാകാരിയുടെ കഥകളും അന്തർജ്ജനം എഴുതിയിട്ടുണ്ട്. ഇവയിൽ ആദ്യത്തെ കഥയിൽ കഥയാവശ്യപ്പെട്ട് ഒരു പത്രാധിപർ എഴുതിയപ്പോൾ, അവർക്കു കൊടുക്കേണ്ടത് ഏതുതരം കഥയായിരിക്കണമെന്നും അതെങ്ങനെ എഴുതണം എന്നുമുള്ള ചിന്തയാണ് പ്രതിഫലിക്കുന്നത്. തന്റെ ആദ്യലേഖനമായ അഭിനവപാർത്ഥസാരഥിയുടെ രചനയും പ്രസിദ്ധീകരണവും സംബന്ധിച്ചുള്ള കാര്യങ്ങളും കഥാകാരി ഓർമ്മിക്കുന്നുണ്ട്. ചുരുക്കത്തിൽ ആ ലേഖനത്തിന്റെ രചനയും പ്രസിദ്ധീകരണവും അനന്തരസംഭവങ്ങളും വിവരിക്കുകയും, ഒരു കഥാകാരി എന്ന നിലയിൽ താൻ ഉയർന്നു വരാൻ ഇടയാക്കിയ സാഹചര്യങ്ങൾ ഓർക്കുകയുമാണ് ഈ ആഖ്യാനത്തിൽ അന്തർജ്ജനം ചെയ്തിരിക്കുന്നത്. ഈ വസ്തുത []ആത്മകഥയ്ക്ക് ഒരാമുഖം[] എന്ന തന്റെ ആത്മകഥയിൽ, പ്രധാനപ്പെട്ട ഒന്ന് എന്ന നിലയിൽ അന്തർജ്ജനം എടുത്തുകാണിക്കുന്നുണ്ട്.

[]കഥയല്ല, ഒരു കത്ത് [] എന്ന കഥ []കൗമുദി[] എഡിറ്ററായിരുന്ന ശ്രീ.

ബാലന് 1954 ആഗസ്റ്റിൽ എഴുതിയ കത്താണ്. തന്റെ മുന്നിൽ ഇപ്പോൾ കഥകളൊന്നും ഇല്ലെന്നും സങ്കീർണ്ണമായ, വിവശവും വേദനാത്മകവുമായ സ്വന്തം ജീവിതകഥ മാത്രമേ ഉള്ളൂ എന്നും അവർ കുറിക്കുന്നു.

കുടുംബജീവിതവും സാഹിത്യജീവിതവും സമരസപ്പെടുത്തിക്കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ ഫലമായുണ്ടാവുന്ന യാതനകളെക്കുറിച്ചും വിവരിക്കുന്ന ഈ കഥ, ഒരർത്ഥത്തിൽ സ്ത്രീകളുടെ ക്ലേശങ്ങളെ, സമൂഹത്തിൽ അവളുടെ നിലയെ - നിലവാരത്തെ, നിലവാരത്തകർച്ചയെ - എല്ലാം വ്യക്തമായി ചിത്രീകരിക്കുന്ന ഒരു ലേഖനമാണെന്നു പറയാം. പാശ്ചാത്യ-പൗരസ്ത്യ സമൂഹങ്ങളിലെ വ്യക്തിബന്ധങ്ങളെ നിഷ്കർഷയോടെ പഠിച്ചവതരിപ്പിക്കുന്ന കഥാകാരി ഇവിടെ.

കഥാരചനയുമായി ബന്ധപ്പെടുത്തി പുരാണകഥകളുടെ പുനരാഖ്യാനവും അന്തർജ്ജനം നിർവ്വഹിച്ചിട്ടുണ്ട്. 'പതിത', 'ഗരുഡൻ', 'മൗസലപർവ്വം' ഇവയൊക്കെ ആ വിഭാഗത്തിൽപ്പെടുത്താവുന്നവയാണ്. അന്തർജ്ജനത്തിന്റെ കഥകളുടെ കൂട്ടത്തിൽ വകുപ്പു തിരിച്ചു പറയാനാവാത്ത ചില കഥകളും സ്ഥാനം പിടിച്ചിട്ടുണ്ട്. []ജനിക്കാനുഴറുന്ന ഒരു ജീവബീജത്തെ തടുത്തു നിർത്തുവാനുള്ള ശക്തി ഈ പ്രപഞ്ചാന്തരാളത്തിൽ ഒന്നിനുമില്ല[]39 - എന്ന പ്രപഞ്ചസത്യം ഓർമ്മിപ്പിക്കുന്ന []ഓർമ്മകൾക്ക് അപ്പുറത്ത് [], കമിഴ്ന്നു നീന്താനും മുട്ടിലിഴയാനും മാത്രം പ്രായമായ ഒരു ശിശുവിന്റെ ചിന്തകളും ചെയ്തികളും ഭംഗിയായി ആവിഷ്കരിച്ചിട്ടുള്ള []പഞ്ചാരയുമ്മ[], വയൽവരമ്പിൽ ഗർഭഭാരമിറക്കുന്ന തേവപ്പുലയിയുടെ വിചാരവികാരങ്ങളും വേദനകളും ചിത്രീകരിക്കുന്ന []വയൽവക്കിൽ[] എന്നിവ അക്കൂട്ടത്തിൽ എടുത്തു പറയേണ്ടുന്ന വയാണ്.

മലയാള ചെറുകഥാ-നോവൽ സാഹിത്യലോകത്ത് ശാശ്വതപ്രതിഷ്ഠ നേടിയെടുത്തിട്ടുള്ള അന്തർജ്ജനം കഥാരചനയിൽ പ്രത്യേകിച്ച് യാതൊരു സങ്കേതവും സ്വീകരിച്ചിരുന്നില്ല എന്ന വസ്തുത ശ്രദ്ധേയമാണ്.

അതുകൊണ്ടുതന്നെയായിരിക്കണം ചില കഥകൾ [കഥ] എന്ന സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുത്താവുന്നവയാണോ എന്ന് സംശയം തോന്നത്തക്ക രീതിയിലായിരിക്കുന്നത്. എഴുതാത്ത കഥ, കഥയെങ്കിൽ കഥ, കഥയല്ല, ഒരു കത്ത്, ഉറക്കത്തിനു മുമ്പ്, തീപ്പൊരിപ്പൂക്കൾ ഇവയൊക്കെ കഥ എന്നതിനപ്പുറം അനുഭവക്കുറിപ്പുകളും ചിന്തകളുടെ ആവിഷ്കാരവുമാണ്. ഭാവനയുടെ നേരിയ സ്പർശം പോലും ഇവയിൽ കാണാൻ കഴിയില്ല.

[കഥയ്ക്കുവേണ്ടി പ്രത്യേകമായ ഒരു സാങ്കേതിക സമ്പ്രദായവും ഞാൻ പരീക്ഷിച്ചുനോക്കിയിട്ടില്ല. എഴുതുന്ന കഥയ്ക്കനുസരണമായി സാങ്കേതിക സമ്പ്രദായം വന്നുപോവുകയാണ്. ഭാവാത്മകകഥകൾക്കും, യഥാർത്ഥ കഥകൾക്കും, രേഖാചിത്രങ്ങൾക്കും രീതി വെവ്വേറെയായിരിക്കാം. ഒന്നു മറ്റൊന്നിൽ ഫലിക്കയില്ല[40]. - ഇതുകൊണ്ടുതന്നെയായിരിക്കണം പ്രത്യേക ശൈലിയോ രൂപമോ മുന്നിൽ കണ്ടുകൊണ്ട് അന്തർജ്ജനം കഥാരചന നടത്താതിരുന്നത്. ചില കഥകളിൽ ശൈലീപരമായ ചില കുറവുകൾ കണ്ടെത്താൻ കഴിയുമെങ്കിലും അന്തർജ്ജനത്തിന്റെ കഥാലോകത്ത് പ്രമേയാവതരണരീതികൊണ്ടും ശൈലിയുടെ ആവിഷ്കാരം കൊണ്ടും തീവ്രവും ശക്തവുമായ കഥകൾ ഒട്ടേറെയുണ്ട്. 'മാണിക്കൻ', 'വിധിബലം', 'പ്രതികാരദേവത', 'പ്രതിധ്വനി', 'കുറ്റസമ്മതം', 'കൊടുങ്കാറ്റിൽപ്പെട്ട ഒരില' തുടങ്ങി ഏറെ കഥകൾ ഈ വിധത്തിൽ ശ്രദ്ധേയമാവുന്നുണ്ട്.

[വിധിബലം എന്ന ഒരൊറ്റ കഥ മാത്രമേ ഈ ഗ്രന്ഥകാരി എഴുതിയിട്ടുള്ളുവെങ്കിൽ തന്നെ ഈ പ്രസ്ഥാനത്തിൽ ശ്രീമതി. ലളിതാംബിക അന്തർജ്ജനത്തിനുള്ള ഉന്നതസ്ഥാനം ശാശ്വതമാണെന്നതിന് എനിക്ക് ലേശവും സംശയമില്ല.[41] എന്ന് ശ്രീ. കെ.എം. പണിക്കർ നിരീക്ഷിച്ചിട്ടുണ്ട്. തുടർന്ന് അദ്ദേഹം പറയുന്നു : [സാമാന്യമായി പറയുന്നതായാൽ ഈ ഗ്രന്ഥകർത്തിയുടെ വാസന പൂർണ്ണമായി കാണുന്നത് സ്വസമുദായത്തിലെ ദുരാചാരങ്ങളെ വർണ്ണിക്കുന്ന കഥകളിലാണ്.[42] ഇത്തരത്തിൽ അന്തർജ്ജനത്തിന്റെ കഥകൾ മലയാള സാഹിത്യലോകത്ത് ശാശ്വതപ്രതിഷ്ഠയ്ക്കർഹമാണെന്നും ചില കഥകളുടെ

ശൈലിയിലെ പോരായ്മയും ഇതിവൃത്തഘടന യിലുള്ള അപര്യാപ്തതയും അവരെ ഒരിക്കലും പ്രശംസയുടെ പടിയിൽ നിന്ന് താഴെയിറക്കുന്നില്ലെന്നും ശ്രീ. പണിക്കർ വ്യക്തമാക്കുന്നുണ്ട്.

തന്റെ കഥകളുടെ രചനയിൽ അന്തർജ്ജനം വ്യക്തമായ മൂന്നു രീതികൾ അവലംബിക്കുന്നുണ്ട്. ഇതു മനപ്പൂർവ്വമല്ല, സ്വമേധയാ, പറയുന്ന കഥയ്ക്കനുസരണമായി വന്നുപോകുന്നതാണെന്ന് അവർ സമ്മതിച്ചിട്ടുമുണ്ടല്ലോ. കഥാകാരി മാറിനിന്നുകൊണ്ട് കഥാപാത്രത്തെക്കൊണ്ട് കഥ പറയിയ്ക്കലാണ് ഒന്നാമത്തെ രീതി. ഇത്തരം കഥകൾക്ക് അനുവാചകനിൽ കൂടുതൽ അനുഭവപ്രതീതിയുളവാക്കാൻ കഴിയുന്നുണ്ട്. തനിക്ക് നേരിട്ടറിയാവുന്ന മറ്റൊരാളുടെ അനുഭവം കഥാകാരിതന്നെ പറയുന്ന രീതിയാണ് രണ്ടാമത്തേത്. ഇങ്ങനെയാവുമ്പോൾ അനുവാചകന് സംവേദനം കുറെകൂടി ഋജുവായ മാർഗ്ഗത്തിലൂടെയാവുന്നു. കഥാപാത്രങ്ങളുടെ സംഭാഷണങ്ങളുടെ രൂപത്തിലോ, ഡയറിക്കുറിപ്പുകളുടെ രൂപത്തിലോ കഥ പറയുക എന്നതാണ് മൂന്നാമത്തെ രീതി. ഇത്തരം കഥകളിൽ ചിലത് ഘടനാപരമായി പരാജയമാ ണെങ്കിലും മിക്കതും ശക്തമായ പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വിജയിച്ചിരിക്കുന്നു.

ചെറുകഥകളുടെ ലോകത്തിനു പുറത്തും അന്തർജ്ജനത്തിന്റെ സർഗ്ഗപ്രക്രിയ വ്യാപരിച്ചിരുന്നു എന്നതിന് തെളിവാണ് പുരാണ സ്ത്രീകഥാപാത്രങ്ങളുടെ പഠനമായ []സീത മുതൽ സത്യവതി വരെ[]യും, []അഗ്നിസാക്ഷി[] എന്ന നോവലും []ആത്മകഥയ്ക്ക് ഒരാമുഖം[] എന്ന പേരിലുള്ള ആത്മകഥാപരമായ ഗ്രന്ഥവും.

[]സീത മുതൽ സത്യവതിവരെ[] എന്ന കൃതിയിൽ ഭാരതീയ ഇതിഹാസങ്ങളായ രാമായണത്തിലും മഹാഭാരതത്തിലും ഒളിഞ്ഞും തെളിഞ്ഞും നിൽക്കുന്ന ചില സ്ത്രീകഥാപാത്രങ്ങളെ വെളിച്ചത്തുകൊണ്ടുവന്ന് തന്മയത്വമായി അവതരിപ്പിച്ചിരിക്കുന്നു. []സ്ത്രീത്വത്തിന്റെ - മനുഷ്യത്വത്തിന്റെ തന്നെ - മൗലികമായ പ്രശ്നങ്ങളും ചോദനകളും അനുഭവങ്ങളും യുഗാരംഭകാലം മുതൽ ഒന്നാണെന്നും അവയുടെ പേരുകൾക്കുമാത്രമേ വ്യത്യാസം വരുന്നുള്ളുവെന്നും

ഇതിഹാസപഠനങ്ങൾ നമുക്കു വ്യക്തമാക്കിത്തരുന്നു[43] എന്ന് പറയുന്നതിൽ നിന്ന് ഇതിഹാസ നായികമാരുടെ പഠനത്തിലൂടെ അന്തർജ്ജനം ലക്ഷ്യമാക്കിയിരുന്നതെന്താണെന്ന് വ്യക്തമാണ്. കൃതിയെ രണ്ടുഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് വാല്മീകിയുടെ നായികമാരെയും രണ്ടാം ഭാഗത്ത് വ്യാസന്റെ നായികമാരെയും പഠനവിധേയമാക്കുന്നു. ഏതൊരു സ്ത്രീക്കും പുരുഷനോടൊപ്പം തന്നെ മാനാഭിമാനങ്ങൾ വലുതാണെന്നും പരിധി കടന്നുള്ള സംശയങ്ങളും ചോദ്യം ചെയ്യലുകളും അവളുടെ അഭിമാനത്തെ മുറിവേല്പിക്കുമെന്നും അത് ലോകത്തിനാകെ പശ്ചാത്താപത്തിന് ഇടയാക്കുമെന്നും ഇതിലെ സീതാപഠനത്തിലൂടെ അന്തർജ്ജനം വ്യക്തമാക്കിയിരിക്കുന്നു.

കൗസല്യ, സുമിത്ര, കൈകേയി എന്നീ ദശരഥപത്നിമാരെക്കുറിച്ചുള്ള പഠനമാണ് രണ്ടാമത്തേത്. പട്ടമഹിഷിയാണെങ്കിലും രാജാവിനെ സ്വാധീനത്തിലാക്കാൻ കഴിയാതിരുന്നതുകൊണ്ട് ഒരുപാടു ദുഃഖങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നവളായി, സപത്നീമത്സരത്താൽ പീഡിതയായവളായി കൗസല്യയേയും, കൗസല്യയുടെയും കൈകേയിയുടെയും സേവികയായി, ഒന്നിലും ആഗ്രഹമില്ലാതെ, സ്വാർത്ഥലേശ മില്ലാതെ, ഒരിക്കലും അപമാനിതയാവാതെ, ആരോടും ശത്രുതയില്ലാതെ, മറ്റു രണ്ടുപേരുടേയും നിഴലായി മാത്രം ജീവിയ്ക്കുന്ന സുമിത്രയെയും അന്തർജ്ജനം നമുക്ക് കാണിച്ചുതരുന്നു. കൈകേയിയുടെ സ്വഭാവനിരീക്ഷണത്തിൽ ആദ്യന്തം സഹതാപം സ്ഫുരിപ്പിക്കുന്നുണ്ട് ഗ്രന്ഥകാരി. ഭർത്താവിനെ സ്വാധീനത്തിൽ വെയ്ക്കുകയും കൗസല്യയുമായി സപത്നീമത്സരത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു എന്നതൊഴിച്ചാൽ കൈകേയി നല്ലവളായിരുന്നു. ഭരതനേക്കാൾ രാമനെ സ്നേഹിച്ചു. എന്നാൽ രാമൻ രാജാവായാൽ കൗസല്യയുടെ ദാസിയാകേണ്ടി വന്നേയ്ക്കും എന്ന ചിന്തകൊണ്ടുണ്ടായ ദുഃഖവും, ഇത്രയേറെ സ്വാധീനമുണ്ടായിട്ടും ദശരഥൻ തന്നോടാലോചിക്കാതെ രാമന്റെ അഭിഷേകം തീരുമാനിച്ചതിലുള്ള ക്രോധവുമാണ് ദശരഥനെക്കൊണ്ട് രാമനെ കാട്ടിലേക്ക് അയപ്പിക്കാൻ കൈകേയിയെ പ്രേരിപ്പിച്ചത്. മന്ഥര അതിന് നിമിത്തമായെന്നുമാത്രം. സപത്നിമാരായി ഒരേ അന്തഃപുരത്തിൽ കഴിയേണ്ടിവന്ന മൂന്നുപേരുടെ വിചാരഗതികളും പ്രവൃത്തിയുടെ രീതികളും വിശകലനം

ചെയ്യുന്നതിലൂടെ മൂന്നുപേരുടേയും സ്വഭാവത്തിലെ വ്യതിരിക്തത വ്യക്തമാക്കുകയും ചെയ്യുന്നുണ്ട് ഗ്രന്ഥകാരി.

രാമായണത്തിൽ അധികമൊന്നും രംഗത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത കഥാപാത്രമാണ് ഊർമ്മിള. ജനകപുത്രിയായ അവളെ വിവാഹസന്ദർഭത്തിൽ പരിചയപ്പെടുത്തുന്ന വിധത്തിൽ വാല്മീകി രണ്ടുവരിമാത്രം കുറിച്ചിരിക്കുന്നു. സീതയ്ക്ക് രാമനെന്നപോലെയായിരുന്നു ഊർമ്മിളയ്ക്ക് ലക്ഷ്മണനും. എന്നാൽ രാമന് സീതയെന്നപോലെയായിരുന്നില്ല ലക്ഷ്മണന് ഊർമ്മിള. സീതാസമേതനായി മാത്രമേ രാമനെ സങ്കല്പിക്കാനാവൂ. എന്നാൽ ലക്ഷ്മണനെ ഊർമ്മിളാസമേതനായല്ല, രാമസമേതനായിട്ടേ രാമായണത്തിലുടനീളം കാണാൻ കഴിയുന്നുള്ളൂ. രാമായണത്തിലുടനീളം ഊർമ്മിളയുടെ സാന്നിദ്ധ്യമുണ്ടെങ്കിലും തിരശ്ശീലയ്ക്ക് പിന്നിലിരുന്ന് കർത്തവ്യങ്ങൾ നിർവ്വഹിക്കുക മാത്രമാണവൾ ചെയ്യുന്നത്. ഇങ്ങനെ അരങ്ങത്ത് പ്രത്യക്ഷപ്പെടാതെ, തന്റെ സാന്നിദ്ധ്യം എല്ലായിടത്തും വ്യാപരിപ്പിച്ചു കൊണ്ട് രാമായണത്തിൽ നിറഞ്ഞു നിൽക്കുന്ന ഊർമ്മിളയെക്കുറിച്ചുള്ള പഠനം ശ്രദ്ധേയമായിട്ടുണ്ട്.

കാമമോഹിതയായി, ഇന്ദ്രനാൽ പങ്കിലയാക്കപ്പെട്ട്, ഭർത്താവിന്റെ ശാപമേറ്റുവാങ്ങി അനേകകാലം കാട്ടിൽ തപം ചെയ്യേണ്ടി വരികയും ഒടുവിൽ രാമദർശനത്താൽ ശാപമോചിതയാവുകയും ചെയ്യുന്ന അഹല്യ, പൊരുത്തക്കേടുകൾ നിറഞ്ഞ ദാമ്പത്യബന്ധങ്ങളിലെ ദുരന്തനായികമാരുടെ പ്രതിനിധിയാണ്. വ്യഭിചാരക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടവളായ അഹല്യ, ആ പൊരുത്തക്കേടിൽ നിന്നുണ്ടായ അസംതൃപ്തമായ മോഹങ്ങളെ സാക്ഷാൽക്കരിക്കാൻ വേണ്ടിയാണ് ഇന്ദ്രന് വശംവദയാകുന്നത്. പക്ഷേ, സ്വാർത്ഥലാഭത്തിന് (സന്താനലബ്ധി) വേണ്ടിമാത്രം ഭാര്യാസംഗമം നടത്തുന്ന ഗൗതമമുനിയുടെ ശാപം അവൾക്ക് ഏറ്റുവാങ്ങേണ്ടിവന്നു. പഞ്ചകന്യാസ്മരണയിൽ പ്രഥമസ്ഥാനം വഹിക്കുന്ന അഹല്യയെക്കുറിച്ചുള്ള പഠനം ആ കഥാപാത്രത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്നു.

രാവണപത്നിയായ മണ്ഡോദരിയ്ക്ക് രാവണനുമേൽ എത്രമാത്രം സ്വാധീനമുണ്ടായിരുന്നെന്നും അവർ രാവണനെ ഏതെല്ലാം കാര്യങ്ങളിൽ നിയന്ത്രിച്ചിരുന്നു എന്നും വ്യക്തമാക്കുന്നുണ്ട് മണ്ഡോദരിയെക്കുറിച്ചുള്ള പഠനം.

ബാലീപത്നിയായ താരയെക്കുറിച്ചുള്ള പഠനത്തിൽ ജ്യേഷ്ഠാനുജൻമാരുടെ പോർവിളികൾക്കുള്ളിൽപ്പെട്ട് വീർപ്പുമുട്ടുന്ന താരയേയും അവളനുഭവിക്കുന്ന ധർമ്മസങ്കടങ്ങളേയും, കഷ്ടപ്പാടുകളേയും പഠനവിധേയമാക്കിയിരിക്കുന്നു. താര, നിസ്സാരയായ ഒരു വാനരസ്ത്രീ മാത്രമായിരുന്നില്ല; വിശ്വൈകവീരനായ ബാലിയുടെ സുഹൃത്തും സഹധർമ്മിണിയും പ്രാണാധികപ്രിയയുമായിരുന്നു. ബാലിയുടെ വധത്തിനു ശേഷം സുഗ്രീവപത്നിയായപ്പോഴും ഭർതൃശുശ്രൂഷയും രാജ്യകാര്യസഹായവും താര ചെയ്തുപോന്നു. ചുരുക്കത്തിൽ താരയും രാമായണത്തിൽ ശ്രദ്ധേയമായ സ്ഥാനം അലങ്കരിക്കുന്ന കഥാപാത്രമാണ് എന്ന് ഈ പഠനത്തിലൂടെ ഗ്രഹിക്കാൻ കഴിയുന്നു.

ഇതിഹാസത്തിന്റെ ദൃഷ്ടിയിൽ ക്രൂനിയും, ദുഷ്ടയും, ഏഷണിയും ഉപജാപവും കൂടോത്രവും കൊണ്ടുനടക്കുന്ന ആഭിചാരക്കാരിയുമായ മന്ഥരയെന്ന ദാസിയെ തന്റെ വീക്ഷണത്തിലൂടെ ന്യായീകരിക്കുകയാണ് □കുബ്ജയായ ധാത്രി□യിൽ. കൈകേയിയുടെ ഇഷ്ടാനിഷ്ടങ്ങളും ബലഹീനതകളും എല്ലാം അറിയുന്ന തോഴിയായ മന്ഥരയെ, കൈകേയിയെ പരിരക്ഷിക്കാനും പരിസേവിക്കാനുമായി അയോദ്ധ്യയിലേയ്ക്ക് കൂടെ അയച്ചത് കേകയരാജാവാണ്. തന്നിൽ നിയുക്തമായ കർത്തവ്യം മാർഗ്ഗഭ്രദ്ധി നോക്കാതെ നിറവേറ്റുക മാത്രമാണ് മന്ഥര ചെയ്തിട്ടുള്ളത്. ഭ്രദ്ധഗതിക്കാരിയായ കൈകേയിയെ രാജ്യഭ്രഷ്ടത്തിന്റെയും, നേടിയ വരങ്ങളുടെയും പ്രയോഗത്തിന് സമയമായെന്ന് ഓർമ്മിപ്പിക്കുകയാണ് മന്ഥര ചെയ്തത്. അതവളുടെ കർത്തവ്യമായിരുന്നു താനും. അതിനവൾ കണ്ടുപിടിച്ച മാർഗ്ഗം ചതിയെ ക്രൂരതകൊണ്ടു നേരിടുക എന്നതായിപ്പോയെന്നു മാത്രം. തന്റെ ഇഷ്ടതോഴിയായ കൈകേയി, രാജമാതാവാകാൻ പോകുന്ന കൗസല്യയുടെ ദാസിയായിരിക്കുക എന്ന കാര്യം മന്ഥരയ്ക്ക് ഓർക്കാൻ കൂടി കഴിയുമായിരുന്നില്ല. എന്നാൽ ഈ രാജ്യതന്ത്രജ്ഞതയുടെ കണക്കുകൂട്ടലുകൾ പൊളിഞ്ഞുപോയത് ഒരു

നിയോഗമായിരുന്നു. മന്ഥരയുടെ മാത്രമല്ല, കൈകേയിയുടെയും. ഇതിഹാസത്തിലെ മന്ഥരയേയും ഇരുപതാം നൂറ്റാണ്ടിലെ മന്ഥരമാരേയും ഗ്രന്ഥകാരി ഇവിടെ താരതമ്യം ചെയ്യുന്നുണ്ട്. ധാർമ്മികമായ ന്യായീകരണവും നിസ്വാർത്ഥതയും ഇന്നത്തെ മന്ഥരമാർക്കില്ലെന്ന് കണ്ടെത്തുന്ന അന്തർജ്ജനം, രാമനാലും വാല്മീകിയാലും മാപ്പുനൽകി അനുഗ്രഹിക്കപ്പെട്ട മന്ഥര ഒരു വ്യക്തിയല്ല, തത്വമാണ് എന്നു സമർത്ഥിക്കുന്നു.

കൃതിയുടെ രണ്ടാം ഭാഗത്തിൽ വ്യാസന്റെ നായികമാരെ അണിനിരത്തുന്നു അന്തർജ്ജനം. ആദ്യം തന്നെ ഗാന്ധാരിയെയാണ് അവതരിപ്പിക്കുന്നത്. ഭർത്താവിന് വിധി നിഷേധിച്ച കാഴ്ചശക്തി തനിക്കും ആവശ്യമില്ലെന്ന് നിശ്ചയിച്ച ഗാന്ധാരി, അന്തഃപുരത്തിൽ രാജമാതാക്കളെ യഥോചിതം ശുശ്രൂഷിച്ചവൾ, രാജ്യതന്ത്രജ്ഞ, നൂറ്റൊന്നു മക്കളുടെ പരമപൂജിതയായ മാതാവ്, കൗരവരുടെ പാണ്ഡവദ്രോഹം കൊണ്ട് അമിതമായ ഹൃദയവേദന അനുഭവിച്ചവൾ, കുരുക്ഷേത്രഭൂമിയിൽ നൂറുപുത്രൻമാരുടെയും മരണം കണ്ട അമ്മ, മക്കളെ പേരുചൊല്ലി വിളിച്ച് യുദ്ധഭൂമിയിലൂടെ വിലപിച്ചു നടന്ന വ്യാകുലയായ മാതാവ് - ഇതൊക്കെയായിരുന്ന ഗാന്ധാരി, പുത്രക്ഷയവും ധർമ്മക്ഷയവും കണ്ട് ദുഃഖിച്ച്, അല്പം മാത്രം അധർമ്മിയായ ഒരു പുത്രനെയെങ്കിലും അവശേഷിപ്പിക്കാതിരുന്നതിൽ പാണ്ഡവരോട് സങ്കടമറിയിക്കുകയും ഒടുവിൽ എല്ലാം തന്റെ വിധിയാണെന്ന് സമാധാനിച്ച് ഭർത്താവിനോടൊപ്പം വാനപ്രസ്ഥത്തിന് പോവുകയും ചെയ്യുന്നു. സർവ്വവിനാശകമായ മഹാവിപത്തുക്കൾക്കിടയിലും ധർമ്മം പരിപാലിക്കുന്നതിൽ മാത്രം ദത്തശ്രദ്ധയായിരുന്ന ഗാന്ധാരി, ഭാരതീയസ്ത്രീകളുടെ ചിരന്തനമായ ആദർശശുദ്ധി കാത്തു സൂക്ഷിക്കുകയാണ് ചെയ്തത്. ധർമ്മം എവിടെയുണ്ടോ അവിടെ വിജയമുണ്ടെന്നും, ധർമ്മം മാത്രമേ എപ്പോഴും വിജയിക്കുകയുള്ളൂ എന്നും ഉറക്കെ പ്രഖ്യാപിക്കുന്ന ഗാന്ധാരി, രാജ്യതന്ത്രത്തിൽ സമർത്ഥയായിരുന്നെന്ന് പറയുന്നതോടൊപ്പം അധികാരക്കൊതിയുള്ളവൾ കൂടിയാണെന്ന് അന്തർജ്ജനം വ്യക്തമാക്കുന്നു. ഭാരതം ആദിപർവ്വത്തിലെ വരികൾ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം സമർത്ഥിക്കുന്നുണ്ട് അന്തർജ്ജനം.

□ബാലാർക്കാഭൻ പുത്രനുണ്ടായ്
കുന്തിക്കെന്നതു കേട്ടവൾ
തൻ വയറ്റിന്റെയോ സ്ഥൈര്യം
താൻ വിചാരിച്ചു കണ്ടഹോ
ധൃതരാഷ്ട്രനറിഞ്ഞീടാ-
തതിയാം യത്നമാർന്നഹോ
കുക്ഷിഘാത ചെയ്ത ദുഃഖം
വാക്കും ഗാന്ധാര നന്ദിനി
പരം മാംസക്കട്ട പെറ്റി-
തിരുമ്പിൻ കീടമാംപടി.□[44] (ഭാരതം ആദിപർവ്വം)

ഈ അക്ഷമയുടെ പിന്നിൽ മനുഷ്യസഹജമായ അധികാരക്കൊതിയുടെ പ്രേരണയും കാണാം. ധൃതരാഷ്ട്രർ അന്ധനായതുകൊണ്ട് അനുജനായ പാണ്ഡുവായിരുന്നല്ലോ കൗരവരാജാവ്. പാണ്ഡുവിന് പുത്രനുണ്ടാവും മുമ്പ് തനിക്ക് ഒരു പുത്രനുണ്ടായെങ്കിൽ അവന് രാജ്യാവകാശം കിട്ടിയെങ്കിലോ എന്ന് അവർ വ്യാമോഹിച്ചിരുന്നിരിക്കാം. ഏതൊരു മാതാവിനും തോന്നാവുന്നതുപോലെ കൈവിട്ടുപോകാവുന്ന അധികാരം തിരിച്ചുപിടിക്കാനുള്ള ഒരു വ്യഗ്രത ഗാന്ധാരിയിലും ഉണ്ടായിരുന്നു എന്ന് അന്തർജ്ജനം ഇവിടെ വ്യക്തമാക്കുന്നു.

വിവാഹത്തിനു മുമ്പ് മാതാവായവൾ, മാനം രക്ഷിക്കാനായി ആ കുഞ്ഞിനോട് ക്രൂരത കാണിച്ചവൾ, ഷണ്ഡനായ പുരുഷനെ വരിക്കേണ്ടിവന്നവൾ, പുത്രസമ്പാദനത്തിനായി ദേവന്മാരെ പ്രീണിപ്പിച്ചവൾ - ഇവയൊക്കെ കുന്തിയുടെ വിശേഷണങ്ങളാണ്. തന്റെ സീമന്തപുത്രന്റെ മാതൃത്വം വളരെക്കാലത്തേക്ക് ലോകശ്രദ്ധയിൽ നിന്ന് മറച്ചുവെയ്ക്കേണ്ടിവന്നപ്പോൾ കുന്തി അനുഭവിച്ചിരിക്കാവുന്ന വ്യഥ! ആയുധാഭ്യാസത്തിന്റെ അരങ്ങേറ്റത്തിൻ നാൾ കർണ്ണൻ അപമാനിതനായപ്പോൾ കുന്തിയിലെ മാതാവിന്റെ ദുഃഖം, പിതാവായ സൂര്യന്റെ മദ്ധ്യാഹ്നപ്രഭയിൽ ദൃഷ്ടിയൂന്നി ധ്യാനനിരതനായി നിന്നിരുന്ന കർണ്ണനോട് ജന്മരഹസ്യം അറിയിക്കുന്ന കുന്തിയുടെ വേദന, ഒടുവിൽ കർണ്ണൻ ആരായിരുന്നുവെന്ന് പുത്രൻമാർക്കു മുമ്പിൽ വെളിപ്പെടുത്തേണ്ടിവന്നപ്പോൾ കുന്തി അനുഭവിച്ച മാനസിക

പിരിമുറുക്കം - ഇതെല്ലാം അനുഭവിക്കേണ്ടിവരിക എന്നത് കുന്തിയുടെ നിയോഗമായിരുന്നു. പതിനഞ്ചു വയസ്സിലാരംഭിച്ച മനസ്സാക്ഷിക്കുത്ത് ഈ രാജമാതാവിന്റെ ജീവിതമാകെ ദുരിതപൂർണ്ണ മാക്കിയിരിക്കുന്നത് കാണാം. ഒന്നുമറിയാത്ത പ്രായത്തിൽ കേവലം വിനോദത്തിനും പരീക്ഷണാർത്ഥവും ചെയ്ത പ്രയോഗം തന്റെ ജീവിതത്തെ ഇത്രമാത്രം ബാധിക്കുമെന്ന് കുന്തി ധരിച്ചുകാണില്ല. പുത്രനോട് അവന്റെ ജന്മരഹസ്യം വെളിവാക്കിയത് ഒരുപക്ഷേ ഭ്രാതാക്കളായ പാണ്ഡവരെ രക്ഷിക്കാനായിരിക്കാം. അല്ലെങ്കിൽ, കഴിയുമെങ്കിൽ അവരെതമ്മിൽ യോജിപ്പിച്ച് സർവ്വനാശം ഒഴിവാക്കാനുള്ള ആശ കൊണ്ടായിരിക്കാം. ഇവിടെ അന്തർജ്ജനം കുന്തിയെ ന്യായീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. സ്നേഹത്തിനും മാതൃത്വത്തിനും പരമപ്രാധാന്യം കല്പിക്കുന്ന ഒരു സ്ത്രീ എന്ന നിലയ്ക്ക് അന്തർജ്ജനത്തിന് ഏതു സ്ത്രീയെക്കുറിച്ചും ഇത്തരം ഒരു കാഴ്ചപ്പാടേ ഉണ്ടാകാനിടയുള്ളൂ.

ഗൃഹിണീധർമ്മം നിർവ്വഹിക്കാൻ കഴിയാതെ, വിശപ്പുകൊണ്ടുവലഞ്ഞ ഭർത്താക്കൻമാരുടെ മുഖങ്ങൾ ദൈന്യതയോടെ വീക്ഷിക്കുന്ന ദ്രൗപദിയെ അവതരിപ്പിച്ചുകൊണ്ടാണ് "യജ്ഞസംഭവയായ ദ്രൗപദി" ആരംഭിക്കുന്നത്. "അഞ്ചു ഭർത്താക്കൻമാരുടെ പതിവ്രതയായ ധർമ്മപത്നി, പ്രൗഢസഖി, ഉപദേഷ്ടാവ്, കുടുംബിനി - മഹാഭാരതകഥാതന്തു മുഴുവൻ ഈയൊരു സ്ത്രീയുടെ വിരൽത്തുമ്പിൽ കിടന്നു കറങ്ങുന്നു."[45] - മഹാഭാരതകഥയാകെ നിറഞ്ഞു നിൽക്കുന്ന, കുരുക്ഷേത്ര യുദ്ധത്തിന് നിമിത്തമായി മാറിയ ദ്രൗപദിയെ അന്തർജ്ജനം കാണുന്നത് മേൽപ്പറഞ്ഞ രീതിയിലാണ്. പരപുരുഷൻമാരുടെ മുന്നിൽ ആക്ഷേപിതയായപ്പോൾ എടുത്ത ശപഥം നിറവേറ്റുന്നതിനായി കുരുക്ഷേത്രയുദ്ധം അനിവാര്യമായി. പാഞ്ചാലിയെ മാതൃത്വത്തിന്റെ പര്യായമായല്ല, ഭാര്യാത്വത്തിന്റെ പര്യായമായി, യഥാർത്ഥ സഹധർമ്മിണിയായാണ് കണക്കാക്കേണ്ടത്. "ലോകത്തുള്ള സമസ്ത സ്ത്രീഭാവനകളുടെയും സങ്കലനം ഈ ഒരേയൊരു നാരിയിൽ കണ്ട് നാം മതിമറന്നു നിന്നുപോവുന്നു."[46] - ദ്രൗപദി എന്ന കഥാപാത്രത്തിന്റെ വിശകലനം അന്തർജ്ജനം അവസാനിപ്പിക്കുന്നത് ഈ വിധമാണ്. സ്ത്രീയുടെ പ്രത്യയ സ്ഥൈര്യത്തിന്റെ ഉത്തമദൃഷ്ടാന്തമാണ് ദ്രൗപദി, അന്തർജ്ജനത്തിന്റെ

വീക്ഷണത്തിൽ.

കാശിരാജാവിന്റെ പുത്രിയും ദുരന്തനായികയുമായ അംബയെ അനാവരണം ചെയ്യുകയാണ് പ്രതികാരദേവത യിൽ. സ്വയംവരവേദിയിൽ നിന്ന് അപഹരിക്കപ്പെടുകയും, തുടർന്ന് കാമുകൻ തള്ളിപ്പറയുകയും പിതാവ് കയ്യൊഴിയുകയും ചെയ്തപ്പോൾ എങ്ങുമെങ്ങും ആശ്രയമില്ലാതെ, മാറി മാറി ഓരോരുത്തരുടെ പാദത്തിൽ ആശ്രയമപേക്ഷിച്ച് നമസ്കരിക്കേണ്ടിവന്ന അംബ അപമാനിതയാണ്. ഭീഷ്മരെ വധിക്കാനായി ഇനിയൊരു ജന്മമെടുക്കുമെന്ന് അവൾ ശപഥം ചെയ്യുന്നു. ഏതു ജന്മത്തിലായാലും അത് നിറവേറ്റുമെന്ന് പ്രതിജ്ഞ ചെയ്ത് വനമദ്ധ്യത്തിൽ അഗ്നികുണ്ഡത്തിൽ ദേഹത്യാഗം ചെയ്യുന്നു. ഈ ശപഥത്തിന്റെ നിറവേറലായിരുന്നു ശിഖണ്ഡി യുടെ ജന്മം. ആദ്യം സ്ത്രീയായിരുന്ന് പിന്നെ പുരുഷത്വം കൈമാറ്റം ചെയ്തകിട്ടിയ ശിഖണ്ഡി കുരുക്ഷേത്രത്തിൽ ഭീഷ്മരുടെ മരണത്തിന് കാരണമാവുന്നു. അപമാനിതയായ സ്ത്രീ ഹൃദയത്തിന്റെ വിങ്ങലും വേദനയും പ്രതികാരദാഹവും എത്രമാത്രം കാഠിന്യമുള്ളതാണെന്ന് അന്തർജ്ജനം അംബയിലൂടെ വെളിപ്പെടുത്തിത്തരുന്നു.

മഹാഭാരതത്തിൽ ഒരിക്കലും തെളിഞ്ഞു കേട്ടിട്ടില്ലാത്ത ശബ്ദത്തിന്റെ ഉടമയാണ് ദുശ്ശള. എല്ലാ സൗഭാഗ്യങ്ങളുടെയും ഇരിപ്പിടമായിരുന്നവൾ. നൂറ്റിയഞ്ച് സഹോദരൻമാരുടെ ഒരേയൊരു പെങ്ങൾ. ജയദ്രഥന്റെ പട്ടമഹിഷി. അവൾക്ക് മഹാഭാരതയുദ്ധത്തിൽ എല്ലാം നഷ്ടമായി. അച്ഛനും അമ്മയും പുത്രനും എതിർചേരിയിലായിരുന്ന അഞ്ച് സഹോദരൻമാരും മാത്രം ശേഷിച്ചു. മറ്റുള്ളവരെ ഉപേക്ഷിച്ച് പുത്രനായ സുരഥനേയും കൂട്ടി അവൾ സൈന്ധവരാജ്യത്തേക്ക് മടങ്ങിപ്പോയി. ശത്രുവിനോട് പകവീട്ടാൻ സുരഥൻ തയ്യാറല്ലായിരുന്നു. യുദ്ധരംഗത്തെ കൊടുംഭീകരത നേരിട്ടു കണ്ടിട്ടുള്ള സുരഥൻ പകരംവീട്ടലുകൾക്കും, പകപോക്കലു കൾക്കും വിധേയമായി ജീവിതം ഹോമിക്കാൻ ഇഷ്ടപ്പെട്ടില്ല. അഭിമന്യുവിനെ കൊന്ന ജയദ്രഥനെ അർജ്ജുനൻ വധിച്ചു. ഇതിൽ അന്യായം കാണാൻ സുരഥനു കഴിഞ്ഞില്ല; മാത്രമല്ല അവൻ അർജ്ജുനന്റെ കഴിവിനെ ആരാധിക്കുകയും ചെയ്തിരുന്നു. യാഗാശ്വവുമായി അർജ്ജുനൻ

സൈന്ധവത്തിലെത്തിയ വാർത്ത കേട്ടു ഭയന്ന സുരഥൻ ദുശ്ശളയുടെ മാറിലേക്ക് മരിച്ചു വീഴുകയാണുണ്ടായത്. പുത്രന്റെ ജഡം താങ്ങി, ശത്രുപക്ഷത്തുള്ള സഹോദരന്റെ വരവും കാത്തിരിക്കുന്ന ദുശ്ശളയുടെ ചിത്രം ആരിലും സഹതാപമുണർത്തും. അശ്വമേധയാഗത്തിന് ദുശ്ശളയെയും പുത്രനെയും ക്ഷണിച്ച് കൂട്ടിക്കൊണ്ടുപോവുകയായിരുന്ന അർജ്ജുനന്റെ വരവിന്റെ ഉദ്ദേശ്യം. അർജ്ജുനനു മുൻപിൽ പ്രതക്ഷ്യപ്പെട്ട ദുശ്ശള ദുഃഖത്തിന്റെ പ്രതീകമായിരുന്നു. സുരഥന്റെ പുത്രനെ അനുഗ്രഹിക്കണമെന്ന ദുശ്ശളയുടെ അപേക്ഷ സ്വീകരിച്ച അർജ്ജുനൻ അവനെ തന്റെ പൗത്രനായി സ്വീകരിക്കുകയാണ് ചെയ്തത്. കുരുക്ഷേത്രയുദ്ധത്തിന്റെ ഭീകരതയും അനന്തരഫലങ്ങളും എത്രമാത്രമായിരുന്നു എന്ന വീണ്ടുവിചാരം അർജ്ജുനനിൽ ഉണ്ടാവുന്നുണ്ട്. ഉന്മത്തയാകാവുന്ന അവസ്ഥയിലും ഉറച്ചുനിൽക്കുന്ന ദുശ്ശളയുടെ പ്രത്യയസ്ഥൈര്യത്തെ അഭിനന്ദിക്കുന്നതോടൊപ്പം എത്രയും സഹിക്കാനുള്ള സ്ത്രീയുടെ കഴിവിനെ ആദരിക്കുക കൂടി ചെയ്യുന്നുണ്ട് അന്തർജ്ജനം ഇവിടെ.

കടത്തുകാരിയായ മുക്കുവകന്യകയും ദാശരാജാവിന്റെ പുത്രിയുമായ കാളിയിൽ നിന്ന് സത്യവതിയിലേക്കുള്ള മാറ്റം, മുക്കുവ രാജകന്യകയിൽ നിന്ന് ശന്തനുവിന്റെ പട്ടമഹിഷി സ്ഥാനത്തേക്കുള്ള മുന്നേറ്റം, അതാണ് ‘ഭാരതജനനി-സത്യവതി’യിൽ പറഞ്ഞിരിക്കുന്നത്. കാളി പരാശരമുനിയ്ക്ക് വിധേയയായി വ്യാസന് ജന്മം നൽകുകയും തുടർന്ന് അച്ഛനു പകരം കടത്തുജോലി ചെയ്തുകൊണ്ടിരുന്ന കാലത്ത് ശന്തനുവിനാൽ ആകൃഷ്ടയായി കൗരവരാജ്ഞിയാവുകയും ചെയ്യുന്നു. എങ്കിലും ഏതു കാലഘട്ടത്തിലും സത്യവതി നിഷ്കളങ്കയും പരമ വിനീതയുമായിരുന്നു എന്ന മഹാഭാരതകർത്താവിന്റെ പ്രകീർത്തനം ആവർത്തിക്കുന്നു അന്തർജ്ജനം.

ഇങ്ങനെ പതിമൂന്നു കഥാപാത്രങ്ങളുടെ പഠനത്തിലൂടെ രാമായണ മഹാഭാരത കാവ്യേതിഹാസങ്ങളിലൂടെ ഒരു തീർത്ഥയാത്ര നടത്തുകയാണ് അന്തർജ്ജനം ‘സീത മുതൽ സത്യവതി വരെ’ എന്ന കൃതിയിൽ ചെയ്തിരിക്കുന്നത്. പഠനവിധേയ മാക്കിയിരിക്കുന്നത് സ്ത്രീകഥാപാത്രങ്ങളെയാണെങ്കിലും ഇതിഹാസകാവ്യങ്ങളിലെ ഒട്ടുമിക്ക കഥാപാത്രങ്ങളും ഈ കൊച്ചുകൃതിയിൽ

നിരന്നിരിക്കുന്നതായി കാണാം. ഓരോ സ്ത്രീകഥാപാത്രത്തിന്റെയും ഇതിഹാസകാവ്യത്തിലെ സ്ഥാനവും അവരുടെ സ്വഭാവവും, പ്രവൃത്തികളും അവയുടെ സാധൂകരണവും തന്റേതായ കാഴ്ചപ്പാടിൽ അവതരിപ്പിച്ചിരിക്കുകയാണ് അന്തർജ്ജനം. എല്ലാ കഥാപാത്രങ്ങളേയും സ്നേഹത്തിന്റെയും മാതൃത്വത്തിന്റെയും സഹനത്തിന്റെയും കർത്തവ്യനിർവ്വഹണ ബോധത്തിന്റെയും മൂർത്തിമത്ഭാവങ്ങളായാണ് ചിത്രീകരിച്ചിരിക്കുന്നത്. ആരെയും എവിടെയും കുറ്റപ്പെടുത്തുന്നില്ല. എല്ലാവർക്കും അവരുടേതായ കർത്തവ്യങ്ങളും ന്യായീകരണങ്ങളുമുണ്ട്. ഇങ്ങനെ സമഭാവനയോടെ എല്ലാ കഥാപാത്രങ്ങളെയും അണിനിരത്താൻ അന്തർജ്ജനത്തെ സഹായിച്ചത് അവരുടെ സ്വഭാവത്തിലുണ്ടായിരുന്ന സ്നേഹ, സഹന, സമഭാവനകൾ ആയിരിക്കണം. നായികമാരെക്കുറിച്ചുള്ള പഠനമാണ് നിർവ്വഹിച്ചിരിക്കുന്നതെങ്കിലും രാമനും ലക്ഷ്മണനും രാവണനും, കർണ്ണനും ഭീഷ്മരും, അർജ്ജുനനും ഒക്കെ ആനുഷംഗികമായി പ്രത്യക്ഷപ്പെടുന്നുണ്ട്. അവരുടെയൊക്കെ സർവ്വപ്രവൃത്തികളെയും അന്തർജ്ജനം തന്റെ കാഴ്ചപ്പാടിൽ സാധൂകരിക്കുന്നുമുണ്ട്.

1976ൽ പ്രസിദ്ധീകരിച്ച "അഗ്നിസാക്ഷി" എന്ന നോവൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ നമ്പൂതിരിമാരുടെ സാമുദായിക ജീവിതം തുറന്നു കാണിക്കുന്ന ഒന്നാണ്. കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾക്കു പുറമെ ഓടക്കുഴൽ, വയലാർ അവാർഡുകളും ഈ കൃതി നേടിയിട്ടുണ്ട്. അന്തർജ്ജനമെന്ന എഴുത്തുകാരിയെ അനശ്വരയാക്കിയത് "അഗ്നിസാക്ഷി"യാണെന്നു പറയാം. സാമുദായികം, സാമൂഹികം, ദേശീയം, ആത്മീയം എന്നീ നാലു ഘട്ടങ്ങളിലൂടെയാണ് കഥ മുന്നേറുന്നത്. ഇതിനർത്ഥം ഇവ നാലും അന്തർജ്ജനത്തിന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിരുന്നു എന്നാണ്. "ആത്മകഥയ്ക്ക് ഒരാമുഖ"ത്തിൽ അന്തർജ്ജനം ഇക്കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്. ഗാന്ധിജിയുടെയും വിവേകാനന്ദന്റെയും ടാഗോറിന്റെയും ദർശനങ്ങൾ തന്റെ സാഹിത്യജീവിതത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന വസ്തുത അവർ തുറന്നു പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ ഈ കൃതിയിൽ പരമപ്രധാനമായി വർത്തിക്കുന്നത് 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലെ നമ്പൂതിരി സമുദായത്തിലെ അനാചാരബദ്ധമായ സ്ത്രീജീവിതത്തിന്റെ ചിത്രീകരണം തന്നെയാണ്. ഈ കൃതിയിലെ സ്ത്രീകഥാപാത്രങ്ങളെ തുടർന്നു വരുന്ന ഒരദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നതുകൊണ്ട് ഇവിടെ ഇക്കാര്യം സൂചിപ്പിക്കുക മാത്രമേ

കുറിപ്പുകൾ

1. ആത്മകഥയ്ക്ക് ഒരാമുഖം. പു. 17
2. ലളിതാഞ്ജലി മുഖവുര, മംഗളോദയം, തൃശ്ശൂർ, 1937. പു. 4, 5.
3. കൂട്ടിലെ പൈങ്കിളിയോട്, ല.അ. ആയിരത്തിരി, കോട്ടയം. NBS പു. 20
4. കൂട്ടിലെ പൈങ്കിളിയോട്, ല.അ. ആയിരത്തിരി, 1969, പു. 20.
5. കൂട്ടിലെ പൈങ്കിളിയോട്, ല.അ. ആയിരത്തിരി, പു. 21.
6. തെച്ചിപ്പൂവിന്റെ കൃതാർത്ഥത, ആയിരത്തിരി, പു. 38.
7. തെച്ചിപ്പൂവിന്റെ കൃതാർത്ഥത, ആയിരത്തിരി, പു. 39.
8. അനാഥസൗഭാഗ്യത്തിനോട്, ടി.പു. 59.
9. കർഷകൻ, നിശ്ശബ്ദസംഗീതം, കോട്ടയം, എൻ.ബി.എസ്., 1959. പു. 34
10. ആയിരത്തിരിയുടെ അവതാരിക, ആയിരത്തിരി, പു. 8.
11. മേഘോപഗീതി, ടി.പു. 75
12. തിരികെ വരിക! ടി.പു. 213
13. കലാലയ വാതിലിൽ, ടി.പു. 92
14. ഭ്രഷ്ട് ടി.പു. 58
15. ആത്മകഥയ്ക്ക് ഒരാമുഖം. പു. 50.
16. ടി.പു. 88
17. യാത്രാവസാനം. ല.അ. കഥകൾ സമ്പൂർണ്ണം, കോട്ടയം. ഡി.സി. ബുക്സ്, 2009.
18. തെരഞ്ഞെടുത്ത കഥകളുടെ കുറിപ്പ്, ലളിതാംബിക അന്തർജ്ജനം, കോട്ടയം, എൻ.ബി.എസ്., 1996. പു. 16.
19. അംബികാഞ്ജലി - മുഖവുര, കെ.എം. പണിക്കർ, പു. 6.
20. 'നിലാവെളിച്ചത്തിൽ', മൂടുപടത്തിൽ, ല.അ. തൃശ്ശൂർ. മംഗളോദയം 1946. പു. 86
21. എം. കൃഷ്ണൻ നമ്പൂതിരി, സാഹിത്യലോകം, ജനവരി-ഫെബ്രുവരി 1993. 18, 1. പു. 19-22
22. പ്രതിധ്വനി. ല.അ. കഥകൾ. സമ്പൂർണ്ണം. പു. 43

23. ടി.പു. 48
24. അവിവാഹിത. ടി.പു. 468
25. അവിവാഹിത. ടി.പു. 468
26. പാതയുടെ അവസാനം. ല.അ. കഥകൾ സമ്പൂർണ്ണം. പു. 145
27. ആദിമാതാവിനു കിട്ടിയ ശാപം. ല.അ. കഥകൾ സമ്പൂർണ്ണം. പു. 651
28. മാണിക്കൻ. ടി.പു. 87 & പു. 98
29. റീയലിസം. ടി.പു. 306
30. ഇത് ആശാസ്യമാണോ? ടി.പു. 334
31. ഇത് ആശാസ്യമാണോ? ടി.പു. 334
32. യുഗസന്ധി. ടി.പു. 606
33. ആത്മകഥയ്ക്ക് ഒരാമുഖം. പു. 19
34. ആത്മകഥയ്ക്ക് ഒരാമുഖം. പു. 19
35. ഉറക്കത്തിനു മുൻപ്. ല.അ. കഥകൾ സമ്പൂർണ്ണം. പു. 252
36. ഗാന്ധിജിക്കു ശേഷം. ടി.പു. 290
37. ടി.പു. 291
38. ആ. ആമുഖം. പു. 53-54
39. ഓർമ്മയുടെ അപ്പുറത്ത്. ല.അ. കഥകൾ സമ്പൂർണ്ണം. പു. 396
40. ആത്മകഥയ്ക്ക് ഒരാമുഖം. പു. 54
41. കെ.എം. പണിക്കർ. അംബികാഞ്ജലിയുടെ അവതാരിക, 1937. പു. 4
42. കെ.എം. പണിക്കർ. അംബികാഞ്ജലിയുടെ അവതാരിക, 1937. പു. 5
43. "സീത മുതൽ സത്യവതി വരെ" ല.അ. (ആമുഖം) തൃശ്ശൂർ. കറന്റ് ബുക്സ് 1972. പു. 8
44. ഭാരതം ആദിപർവ്വം - മഹാഭാരതം. ധർമ്മവ്യസനിയായ ഗാന്ധാരി. സീത മുതൽ സത്യവതി വരെ. പു. 70
45. "യജ്ഞസംഭവയായ ദ്രൗപദി", സീത മുതൽ സത്യവതി വരെ. പു. 77.

ആശ്ലേഷത്തിലാണ്ട് അങ്ങനെ നിന്നു. പരിസരബോധമുണ്ടായപ്പോൾ ഓടി അകത്തെത്തി. പിറ്റേന്ന് പുലരും മുമ്പേ അയാൾ പട്ടണത്തിലേക്ക് പോയി. തലേന്നാൾ നടന്ന സംഭവം ആരും അറിയരുതേ എന്ന് അവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു, ഉള്ളുരുകി പ്രാർത്ഥിച്ചു.

ആ യുവാവ് സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു ജയിലിലായി. അതോടെ അവളുടെ വിവാഹ സ്വപ്നം അസ്തമിച്ചു. വിവാഹാലോചനകൾ പലതും വന്നുകൊണ്ടിരുന്നു. നമ്പൂതിരി സമുദായത്തിൽ ജയിലിൽ പോയ ഭ്രഷ്ടനായ ഒരാൾക്കും ആചാരമനുസരിച്ച് വിവാഹം കഴിക്കാൻ അവകാശമില്ല. ഏറെ നാൾ കഴിയുംമുമ്പ് അച്ഛൻ മരണമടഞ്ഞു. അപ്പൻ സംബന്ധവീട്ടിലെ കാര്യങ്ങളിൽ മുഴുകി; അമ്മ മാത്രം അവളെ ഓർത്ത് പരിതപിച്ചു. അവളാകട്ടെ, മറ്റൊരു വിവാഹം നടക്കരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരു പുരുഷനാൽ സ്പർശിക്കപ്പെട്ട അവൾ മറ്റൊരു പുരുഷനുമായുള്ള വിവാഹം ഭയന്നു.

ഒരു നാൾ തിരുന്നാവായയ്ക്ക് പോയ അപ്പൻ പെട്ടെന്ന് തിരിച്ചുവന്നപ്പോൾ കൂടെ ഒരു വയസ്സൻ നമ്പൂതിരിയുമുണ്ടായിരുന്നു. അതിഥിയായിരിക്കുമെന്നേ അവൾ കരുതിയുള്ളൂ. അടുത്ത ദിവസം രാവിലെ ഓട്ടുവളയും മൈലാഞ്ചിയുമായി അമ്മ വന്നപ്പോൾ അവൾക്കു മനസ്സിലായി, ആ വയസ്സൻ തന്റെ വരനാണെന്ന്. ആ വിവാഹം അവളുടെ അഭിപ്രായമാരായാതെ തന്നെ നടത്തപ്പെട്ടു. തുടർന്ന് കൂടിവെപ്പും നടന്നു. ആർപ്പുവിളിയില്ല, അലങ്കാരമില്ല. ഒരു നിലവിളക്കുപോലും സ്വീകരണത്തിനായി കൊളുത്തപ്പെട്ടില്ല. തിരുന്നാവായയ്ക്കുപോയ വയസ്സൻ മൂസ്സാമ്പൂരി, നാലാം വേളിയുമായി തിരിച്ചുവന്നപ്പോൾ അകത്തളത്തിൽ മൂന്നു മുഖങ്ങൾ കാറുകൊണ്ടു കുറുത്തു നിന്നിരുന്നു. കൊടുങ്കാറ്റ്-ഇടി-പേമാരി-അവളെ എതിരേറ്റ വാദ്യഘോഷങ്ങൾ ഇവയാണ്.[10] മദ്ധ്യവയസ്സോടടുത്ത മറ്റു മൂന്നു ഭാര്യമാരും അവളെ ഭയന്നു. സുന്ദരിയും ചെറുപ്പക്കാരിയുമായി അവൾ ഭർത്താവിനെ വശീകരിക്കുമെന്ന് അവർ കരുതിയെങ്കിലും അവൾ ഭർത്താവിനെ

പരിഗണിച്ചതേയില്ല. വിളിച്ചാൽ മിണ്ടുകയോ അടുത്തുചെല്ലുകയോ ചെയ്തില്ല. മർദ്ദനം പോലും സഹിക്കേണ്ടിവന്ന അവൾക്ക്. പക്ഷെ, കരിങ്കല്ലുപോലെ അവൾ ഉറച്ചുനിന്നു. "ഇവളെന്തൊരു വല്ലാത്ത പെണ്ണാണ്. അയാൾ വൃദ്ധനായിരിക്കാം. വിരൂപനായിരിക്കാം. എന്നാലും അവളുടെ ഭർത്താവല്ലേ - ഇജ്ജന്മത്തെ ഈശ്വരൻ? പിന്നെ എന്തുകൊണ്ടവൾ സ്നേഹിക്കുന്നില്ല, പൂജിക്കുന്നില്ല, അതിനുവേണ്ടി മത്സരിക്കുന്നില്ല?"[11] ഇതായിരുന്നു അങ്ങുമിങ്ങും മന്ത്രിക്കാനാരംഭിച്ച ജനങ്ങളുടെ ചിന്താഗതി.

അവൾ ആരോടും മിണ്ടിയില്ല; ആരെയും പരിഗണിച്ചില്ല. മുടി ചീകുകയോ പൊട്ടു വെയ്ക്കുകയോ ചെയ്തില്ല. താനൊരു സുമംഗലിയാണെന്ന ചിന്തതന്നെ ഇല്ലായിരുന്നു അവൾക്ക്. ആരോടും മത്സരിക്കാനും പരിതപിക്കാനും പോയില്ല. നാളുകൾ പോകെ പുത്തില്ലത്തെ പുതിയ അന്തർജ്ജനത്തിന് ഭ്രാന്താണെന്ന് ആളുകൾ പറഞ്ഞുതുടങ്ങി.

വളരെ നാളുകൾക്കു ശേഷം മറ്റൊരു ശിവരാത്രി നാൾ അന്തർജ്ജന സമാജത്തിനെത്തിയ സ്ത്രീകളുടെ കൂടെ ചേരാതെ രാത്രിയുടെ ഇരുട്ടിന്റെ മറവിൽ മുല്ലത്തറയ്ക്കരുകിൽ നിന്നു കരഞ്ഞുകൊണ്ടിരുന്ന പാപ്പിയെ കഥാകാരി കാണുകയും, അവളുടെ ഏകാന്തദുഃഖത്തിന്റെ കാരണമന്വേഷിക്കുകയും ചെയ്തു. ഏറെ നിർബന്ധിച്ചപ്പോൾ അവൾ തന്റെ ജീവിതത്തിൽ ഒരിക്കൽ മാത്രമുണ്ടായിട്ടുള്ള പുരുഷസ്പർശനത്തിന്റെ കഥ പറയുന്നു. താനിപ്പോഴും ആ സ്പർശനത്തിന്റെ സ്മരണയിലാണെന്നും, ഒരു പുരുഷനെ ആരാധിച്ച മനസ്സും അയാൾ സ്പർശിച്ച ശരീരവുമായി മറ്റൊരു പുരുഷനോടൊപ്പം തനിക്ക് ജീവിക്കാനാവില്ലെന്നും അത് മഹാപാപമാണെന്നും കൂടി പാപ്പി തുടർന്ന് പറയുന്നു. ആ പാപത്തിൽ നിന്ന് രക്ഷപ്പെടാനായി താൻ ഭ്രാന്തിയായി അഭിനയിക്കുകയാണെന്ന സത്യവും അവൾ തുറന്നറിയിക്കുന്നു.

അവളുടെ ഈ അനുഭവകഥനം കഥാകാരിയെ ഞെട്ടിച്ചു. കാരണം "ഒരു നമ്പൂതിരി യുവതി ഇതിനു മുൻപ് ആരോടും ഇങ്ങനെ ചോദിച്ചതായി കേട്ടിട്ടില്ല.

ഒരന്യപുരുഷനെ ദർശിക്കുക മാത്രമല്ല സ്പർശിക്കുക കൂടി ചെയ്തിട്ടുള്ള കന്യക അപരന്റെ പത്നിയാവുന്നതു പാപമല്ലേ? അതു ചാരിത്രഭംഗമല്ലേ? സ്മൃതികൾ, ആചാരങ്ങൾ, പുരോഹിതൻമാർ, നിസ്സംശയം വിധിക്കും - അവൾ - അവനും കൂടി - പതിതരെന്ന്.[12] അതുകൊണ്ടാണ് കഥാകാരി അവളെ പിറന്ന ഇല്ലത്തേക്കു പോവാൻ നിർബന്ധിച്ചത്. നാളുകൾക്കുള്ളിൽ അവൾ പോവുകയും ചെയ്തു.

അഞ്ചാറുവർഷങ്ങൾക്കു ശേഷം പൂത്തില്ലത്ത് പാപ്പി തിരിച്ചുവന്നിരിക്കുന്ന വാർത്തയറിഞ്ഞ് കഥാകാരി അവളെ സന്ദർശിക്കുന്നു. അസ്ഥിമാത്രയായ അവളെ അവളുടെ നിർബന്ധമനുസരിച്ചാണ് കൊണ്ടുവന്നതെന്നും വഞ്ചിയിൽ കിടത്തിയാണ് രോഗിണിയായ അവളെ എത്തിച്ചതെന്നും മറ്റുള്ളവർ പറഞ്ഞ് കഥാകാരി അറിയുന്നു. ഏറിയാൽ ആ ഒരു രാത്രിയ്ക്കപ്പുറം ജീവിതമില്ലാത്ത അവസ്ഥയിലായിരുന്നു പാപ്പി.

മറ്റാരും അടുത്തില്ലാത്ത അവസരത്തിൽ പാപ്പി തന്റെ ഭൂതകാലത്തിലെ സ്വപ്നപുരുഷനെക്കുറിച്ച് കഥാകാരിയോടു പറയുന്നു. അയാൾ ജയിൽ മോചിതനായി, പ്രായശ്ചിത്തം ചെയ്ത് വീണ്ടും ബ്രാഹ്മണ്യത്തിലേക്ക് നടന്നുകയറുകയും പാപ്പിയുടെ അപ്പന്റെ മകളുടെ സംബന്ധക്കാരനാവുകയും ചെയ്തു. മാത്രമല്ല, പാപ്പിയുടെ മുൻപിൽ തന്നെ അവർ പാട്ടുപാടി ഉല്ലസിച്ച് ചിരിച്ചുകളിച്ചു സന്തോഷത്തോടെ ജീവിക്കുന്നു. അവൾക്കത് സഹിക്കാവുന്നതിലപ്പുറമായിരുന്നു. അതുകൊണ്ട് അവസാന കാലത്തെങ്കിലും തന്റെ വൃദ്ധനായ ഭർത്താവിനടുത്തെത്താനും അയാളോട് മാപ്പിരക്കാനും അവൾ ആഗ്രഹിക്കുന്നു. ആ കിഴവന്റെ കാൽക്കൽ തലവെച്ച് കണ്ണീരോടെ മാപ്പിരക്കുന്നു. അങ്ങനെ അനല്പമായ മനഃസമാധാനത്തോടെയും ശാന്തതയോടെയും ആ ആത്മാവ് ഭൂമിയിൽ നിന്ന് യാത്ര പറയുന്നു.

ഇത് ആശ്വാസ്യമാണോ?

വാക്കുകൊണ്ടുമാത്രം സ്ത്രീസ്വാതന്ത്ര്യം അംഗീകരിക്കുകയും കാര്യത്തോടടുക്കുമ്പോൾ അതിനെതിരെ അമർഷം കൊള്ളുകയും ചെയ്യുന്ന നമ്പൂതിരി സമുദായത്തിലെ യുവാക്കൾക്കുള്ള ശക്തമായ ഒരു താക്കീതാണ് []ഇത് ആശ്വാസ്യമാണോ[] എന്ന കഥ. സമുദായത്തിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യം വേണമെന്ന് വാദിക്കുകയും അതിനനുസരിച്ച് തന്റെ ഭാര്യ പാപ്പിയ്ക്ക് ആ സ്വാതന്ത്ര്യമനുവദിക്കുകയും ചെയ്ത സമുദായപരിഷ്കർത്താവിന്റെ പരിവേഷമുള്ള വ്യക്തിത്വമാണ് ഈ കഥയിലെ നായകൻ എൻ.പി. മകന്റെ സ്വഭാവത്തിലെ ഈ അയവിൽ അമ്മയ്ക്ക് - യാഥാസ്ഥിതികർക്ക് ശക്തമായ അമർഷമുണ്ട്. മകനെ ദ്വേഷ്യം പിടിപ്പിക്കാനുള്ള ഒരായുധമായി പലപ്പോഴും മരുമകൾക്കു കൊടുത്ത ഈ സ്വാതന്ത്ര്യം അവർ ഉപയോഗിക്കാറുണ്ട്.

ഉച്ചയുറക്കം കഴിഞ്ഞ് കോട്ടുവായിട്ടുകൊണ്ട് വന്ന അയാൾക്കു മുന്നിൽ കാപ്പി എത്താതിരുന്നപ്പോൾ അയാൾ കോപാകുലനായി. കോപം വർദ്ധിപ്പിക്കുന്ന വാക്കുകളുമായി അമ്മയും രംഗത്തെത്തിയപ്പോൾ അയാൾ പാപ്പിയോട് കയർത്തു. താൻ നൽകുന്ന സ്വാതന്ത്ര്യം അവർ ദുർവിനിയോഗം ചെയ്യുകയാണെന്നായിരുന്നു അയാളുടെ ശകാരത്തിന്റെ പൊരുൾ. എന്നാൽ ഭാര്യയ്ക്കു കൊടുക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനുള്ളതുമാത്രമാവരുതെന്ന് പാപ്പിയും തിരിച്ചടിക്കുന്നു. സ്ത്രീയ്ക്കു വേണ്ട പരിഗണനയും പരിചരണവും ലഭിച്ചില്ലെങ്കിൽ ആ സ്വാതന്ത്ര്യം കൊണ്ടൊരു ഫലവുമില്ലെന്നവൾ തുടർന്നു പറയുന്നു. പുതിയ തലമുറ സ്വാതന്ത്ര്യത്തിൽ വളരാൻ ആഗ്രഹിക്കുമ്പോൾ പഴയ തലമുറ - യാഥാസ്ഥിതികത്വം - അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കുകയാണ്.

എൻ.പി.യുടെ പരിഷ്കാരാശയങ്ങൾ കുറച്ചുനാളേ നിലനിന്നുള്ളൂ. ആദ്യത്തെ ആവേശം കെട്ടടങ്ങിയപ്പോൾ സമുദായ പരിഷ്കർത്താക്കളൊക്കെ സാവധാനം
പിൻവലിയാൻ തുടങ്ങി. കൂട്ടത്തിൽ അയാളും പ്രായശ്ചിത്തം ചെയ്ത് സമുദായത്തിന്റെ ആചാരക്കൂട്ടിലേക്ക് തിരിച്ചുകയറി. അവൾ - പാപ്പി - പഴയ അന്തഃപുരവാസിനിയായി. എന്നാൽ കുറഞ്ഞ നാൾ കൊണ്ടു നേടിയ

ജ്ഞാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വെളിച്ചം അവളുടെ മനസ്സിനെ പ്രകാശമാനമാക്കി. അവളുടെ ഭർത്താവ് ഒരു എഴുത്തുകാരനാണ്. സമുദായത്തിലെ പ്രശ്നങ്ങളാണ് അയാൾ കൂടുതലും എഴുതിയിരുന്നത്. ഒരുനാൾ പത്രത്തിൽ വന്ന ലേഖനം അവൾ അയാളെ കാണിക്കുകയും അയാളുടെ അഭിപ്രായം ശരിയല്ലെന്ന് വാദിക്കുകയും ചെയ്തു. ആണുങ്ങളെഴുതിക്കൊടുത്ത് കാണാപ്പാഠം പഠിച്ചേ അന്തർജ്ജനങ്ങൾക്ക് പ്രസംഗിക്കാനാവൂ എന്ന് ആ ലേഖനത്തിൽ അയാൾ എഴുതിയിരുന്നു. എന്നാൽ ഭർത്താവ് എഴുതുന്നതുതന്നെ മറ്റുള്ളവരുടെ അഭിപ്രായങ്ങളാണെന്നുള്ള അവളുടെ കണ്ടെത്തൽ അയാളെ കോപിഷ്ടനാക്കി. എന്തുതന്നെയായാലും സ്ത്രീകൾക്ക് ലേഖനങ്ങളെഴുതാൻ മാത്രമുള്ള കഴിവില്ലെന്ന തന്റെ വാദത്തിൽ ഉറച്ചുനിന്നു അയാൾ. ഒന്നുകിൽ ഏതെങ്കിലും പുരുഷൻമാർ എഴുതിക്കൊടുക്കുന്നുണ്ടായിരിക്കും, അല്ലെങ്കിൽ ഏതെങ്കിലും പുരുഷൻ സ്ത്രീ നാമത്തിൽ എഴുതുന്നതാവും എന്നയാൾ ശക്തിയായി വാദിച്ചു. ഭർത്താവ് ഗാഢനിദ്രയിലായ ശേഷം അടുത്ത മുറിയിലെത്തി വിളക്കിന്റെ തിരി നീട്ടി വേഗം വേഗം തിടുക്കത്തിൽ എന്തോ എഴുതാൻ തുടങ്ങി.

അടുത്ത ദിവസത്തെ പത്രത്തിൽ തന്റെ ലേഖനത്തിന് ഒരന്തർജ്ജനം എഴുതിയ മറുപടി കണ്ട എൻ.പി. ഞെട്ടി. പക്ഷെ അതും ഒരു പുരുഷൻ എഴുതിയതാണെന്ന് അയാൾ തറപ്പിച്ചു പറഞ്ഞു. അപ്പോൾതന്നെ സ്നേഹിതൻമാരെ വിളിച്ചുവരുത്തി ചർച്ച ചെയ്തു, പലരുടേയും അഭിപ്രായം സമന്വയിപ്പിച്ച് ഒരു ലേഖനം രൂപപ്പെടുത്തിയെടുത്ത് അടുത്ത ദിവസത്തെ പത്രത്തിൽ തന്നെ പ്രസിദ്ധീകരിക്കാൻ ഏർപ്പാടാക്കി. നമ്പൂതിരി സ്ത്രീകൾക്ക് സ്വയം ലേഖനമെഴുതാനോ പ്രസംഗിക്കാനോ കഴിവില്ലെന്ന് അയാളെഴുതിയ ലേഖനത്തിന് , []തങ്ങളുടെ താങ്ങില്ലാതെ സമുദായത്തിലെ ഒരു വ്യക്തിക്കും - പ്രത്യേകിച്ചു സ്ത്രീകൾക്ക് - നിലയുറപ്പില്ലെന്നു വീമ്പടിക്കുന്നു. അതങ്ങനെയാവട്ടെ. എന്നാലും അഭിമാനബോധമുണ്ടാക്കിയിട്ട് അധിക്ഷേപിക്കുന്നത് ചികിത്സിച്ചു ഭേദമാക്കിയിട്ട് കൊല്ലുന്നതുപോലെയാണ്. സുഖലോലുപമായ ഇന്നത്തെ യുവലോകം തങ്ങളുടെ സൗകര്യത്തിനു മാത്രം വേറെ ചില പൊടിക്കൈകൾ ചെയ്ത് സ്ത്രീകളെ സ്വന്തം പാവകളാക്കാമെന്ന്

വിചാരിക്കുന്നു. ശരി, സമ്മതിക്കാം. എന്നാൽ അടുക്കളയിലിട്ടുകൊണ്ട് അബലകളെന്നു പഴിക്കുന്നത് കഷ്ടമല്ലേ? ഞങ്ങൾക്കു ലേഖനമെഴുതാൻ പഠിപ്പില്ല. പ്രസംഗിച്ചു ശീലമില്ല. എന്നാൽ ഇതെല്ലാം നേടുവാനവസരമുള്ള കൊലകൊമ്പൻമാർക്കു പോലും സ്വന്തം സെക്രട്ടറിയില്ലാതെ എഴുതാനും പറയാനും വയ്യെന്നുള്ളത് പരസ്യമായ രഹസ്യമാണല്ലോ?[13] അഞ്ചാറു ദിവസങ്ങൾക്കു ശേഷം വന്ന മറുപടി ലേഖനം ഇങ്ങനെ തുടരുന്നു.

ആ ലേഖനത്തിനു മറുപടിയെഴുതാൻ അയാൾ വെമ്പി. എന്നാൽ തന്റെ സുഹൃത്തുക്കളെ ഒന്നിച്ചു ചേർത്ത് ചർച്ച ചെയ്യാൻ അയാൾക്കായില്ല. പലരും പല വഴി പോയിരുന്നു. തനിയെ ഇരുന്നിട്ട് അയാൾക്കൊന്നും എഴുതാനും കഴിഞ്ഞില്ല. അയാൾ മറ്റുള്ളവരുടെയെല്ലാം ആശയങ്ങൾ ക്രോഡീകരിക്കുക മാത്രമാണ് ഇതുവരെ ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ആ ലേഖനത്തിനു പ്രത്യാഖ്യാനം തയ്യാറാക്കാൻ വിധം അയാളുടെ തലയ്ക്ക് വെളിച്ചം കിട്ടിയില്ല.

അന്നു രാത്രി അയാൾ അത്താഴമുണ്ടില്ല. നിരാശനായി കിടക്കയെ അഭയം പ്രാപിച്ചു. ഭർത്താവിന്റെ നിരാശാഭരിതമായ മുഖം പാപ്പിയെ വേദനിപ്പിച്ചെങ്കിലും അവൾ അത് പുറത്തു കാണിച്ചില്ല. ഗാഢനിദ്രയിലായിരുന്ന അയാൾ ഒരു സ്ത്രീ തന്നെ ഞെക്കിക്കൊല്ലുന്ന സ്വപ്നം കണ്ട് ഞെട്ടിയുണർന്നപ്പോൾ പാപ്പിയെ അവിടെ കാണാനില്ല. അടുത്ത മുറിയിലിരുന്ന് അന്നത്തെ ലേഖനത്തിന് മറുപടിയെഴുതുന്ന പാപ്പിയെ അയാൾ കണ്ടെത്തി. സംഭാഷണത്തിനിടയിൽ ഭർത്താവിന്റെ ലേഖനങ്ങളെ വിമർശിച്ചെഴുതിയിരുന്ന അന്തർജ്ജനം താൻ തന്നെയാണെന്നവൾ സമ്മതിച്ചു. എന്നാൽ തന്റെ ഭർത്താവ് വിവശനാവുന്നതും മറുപടിയെഴുതാനാവാതെ അന്തർജ്ജന സമൂഹത്തിന് മുന്നിൽ പരാജയപ്പെടുന്നതും അവൾക്കു സഹിക്കുമായിരുന്നില്ല. അതുകൊണ്ടാണ് അയാൾക്കുവേണ്ടി അവൾ തന്നെ ലേഖനമെഴുതാൻ തയ്യാറായത്.

അന്തർജ്ജനങ്ങളുടെ അഭിമാനമാണ് ആദ്യമായി ഭർത്താവിനെതിരെ എഴുതാൻ അവളെ പ്രേരിപ്പിച്ചത്. ഉറങ്ങിക്കിടന്നവരെ വിളിച്ചുണർത്താൻ

കാണിച്ച മര്യാദ തുടർന്ന് അവർക്കു വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കാൻ കാണിക്കാതിരുന്നതാണ് അന്തർജ്ജനങ്ങൾക്കുവേണ്ടി എഴുതാൻ അവളെ പ്രേരിപ്പിച്ചത്. ചിന്തിക്കാനും പറയാനുമുള്ള പ്രേരണയും ആവേശവും നൽകിയിട്ട് നിങ്ങളൊന്നും പറയരുതെന്നും നിങ്ങൾക്കൊന്നും പറയാനാവില്ലെന്നും ആക്ഷേപിച്ച് വായടപ്പിയ്ക്കുന്ന തരത്തിലുള്ള നയത്തേയാണ് പാപ്പി എതിർത്തത്.

കുറ്റസമ്മതം

ബാല്യവിവാഹത്തിന്റേയും വിധവാ ജീവിതത്തിന്റേയും ക്രൂരവും ദയനീയവുമായ ഒരു ചിത്രമാണ് []കുറ്റസമ്മതം[] എന്ന കഥയിൽ അന്തർജ്ജനം അവതരിപ്പിക്കുന്നത്. സ്മാർത്തവിചാരത്തിനായി അഞ്ചാംപുരയിൽ താമസിപ്പിച്ചിരിക്കുന്ന നായികയുടെ കുറ്റസമ്മതത്തിന്റെ രീതിയിലാണ് കഥയുടെ അവതരണം. വിധവയും ഗർഭിണിയുമായ അവൾ തന്റെ ഈ അവസ്ഥയ്ക്ക് താൻ മാത്രമാണ് തെറ്റുകാരിയെന്നും മറ്റാർക്കും അതിൽ പങ്കില്ലെന്നും പറയുമ്പോൾ തുല്യപങ്കാളിയെ സംരക്ഷിക്കുന്നതിലെ അനൗചിത്യം അവൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്ന സ്മാർത്തർ. എന്നാൽ അത്തരമൊരാളെക്കുറിച്ച് തനിക്കൊന്നും അറിയില്ല എന്നായിരുന്ന അവളുടെ മറുപടി.

തനിയ്ക്ക് പതിനൊന്നു വയസ്സും മൂന്നു മാസവുമുള്ളപ്പോൾ അച്ഛന് പുതിയതായി കിട്ടിയ മുപ്പതു വയസ്സായ സ്ത്രീയുടെ അച്ഛനുമായി അവളുടെ വിവാഹം - മാറ്റക്കല്യാണം - ഉറപ്പിക്കുകയായിരുന്നു. അച്ഛന്റെ പുതിയ ഭാര്യ രോഗിണിയായിരുന്നതുകൊണ്ട് അധികനാൾ കഴിയും മുമ്പ് മരണമടഞ്ഞു. അവളുടെ ഭർത്താവിനാകട്ടെ അവൾ ഒരു ശല്യമായി. അതിനാൽ ഭർത്തൃഗൃഹത്തിൽ അവൾക്ക് അധികനാൾ കഴിച്ചുകൂട്ടേണ്ടി വന്നില്ല. പിറന്നില്ലത്തേക്കു പോന്ന അവൾക്ക്, അമ്മ അച്ഛന്റെ പ്രിയപത്നിയായതുകൊണ്ട് വലിയ ബുദ്ധിമുട്ടുകളുണ്ടായില്ല.

വല്ലപ്പോഴും ഇല്ലത്തെത്തുന്ന ഭർത്താവിന്റെ മുന്നിൽ ഒരിക്കൽ മാത്രം,

മുത്തശ്ശി നിർബന്ധിച്ചപ്പോൾ പോയി. ഒരിക്കലേ ആ മുഖം കണ്ടിട്ടുള്ളൂ. മുത്തശ്ശി എത്ര നിർബന്ധിച്ചിട്ടും അയാളുടെ കിടപ്പറയിൽ അവൾ കയറിയിട്ടില്ല. രണ്ടു വർഷങ്ങൾക്കു ശേഷം അയാൾ മരണമടഞ്ഞു. കൂട്ടുകാരോടൊപ്പം കളിച്ചുകൊണ്ടിരുന്ന അവളെ പിടിച്ചുകൊണ്ടുപോയി എന്തൊക്കെയോ കർമ്മങ്ങൾ ചെയ്യിക്കുകയും മന്ത്രങ്ങൾ ചൊല്ലിക്കുകയും ചെയ്തു. "ഇരിക്കണമ്മ" വന്ന് കഴുത്തിലെ ചരടു മുറിക്കാൻ ശ്രമിച്ചപ്പോൾ മാത്രം അതു തരില്ലെന്നവൾ വാശി പിടിച്ചു. കാരണം അതിൽ പിടിച്ചായിരുന്നു അവൾ മന്ത്രം ജപിക്കാറുള്ളത്. പിന്നീട് അച്ഛൻ നല്ലൊരു മാല വാങ്ങാനം ചെയ്തപ്പോൾ അവൾ സമ്മതിച്ചു. മാലയും താലിയും തമ്മിലുള്ള അന്തരം മനസ്സിലാക്കാനാവാത്ത പ്രായമായിരുന്നു അന്ന്.

പിന്നീട് വിധവയുടെ ജീവിതം അവൾ പരിചയിച്ചു. "അഷ്ടമംഗല്യമോ വിളക്കോ ഞാൻ തൊഴരുത്. കണ്ണെഴുതുകയും കുറിയിടുകയും പാടില്ല. ഒരിക്കലേ ഉണ്ണാവൂ ... ഇങ്ങനെ ഉടുപ്പിലും നടപ്പിലും ഭാവത്തിലും വേണ്ടതെല്ലാം മുത്തശ്ശി പറഞ്ഞുതന്നു. ആ മടിയിൽ ഞാൻ കിടക്കും. പഴങ്കഥകൾ കേൾക്കും. ആയിടയ്ക്കാണ് ശ്രീകൃഷ്ണന്റെയും ഗോപികമാരുടെയും വൃന്ദാവനത്തിന്റെയും മറ്റും കഥകൾ ഞാൻ ആദ്യം അറിയുന്നത്. തെല്ലൊരു വിഷാദഭാവത്തിൽ മുത്തശ്ശി തുടരും : ഭഗവാനേ! ഗുരുവായൂരപ്പാ! കൃഷ്ണാന്ന് ജപിച്ചോണം. നിന്റെ ജന്മം അതാണ്."[14]

തുടർന്ന് ഇല്ലത്തെ തേവാരത്തിന്റെ ജോലിയെല്ലാം അവളിലായി. പൂജാപാത്രങ്ങൾ വൃത്തിയാക്കലും മാലകെട്ടലും ചാർത്തലും വിഗ്രഹങ്ങൾ അണിയിച്ചൊരുക്കുകയും അങ്ങനെ അങ്ങനെ ... അവൾക്കേറ്റവും ഇഷ്ടപ്പെട്ടത് വിഷ്ണുവിഗ്രഹമായിരുന്നു. ചിലപ്പോഴെങ്കിലും അവൾ അവയിലെ നിർമ്മാല്യമാലയെങ്കിലും മുടിയിൽ ചൂടാൻ ആഗ്രഹിച്ചു. ഒരു പൊട്ടു തൊടാൻ, ഒരു കുറി ചാർത്താൻ അവൾ ആഗ്രഹിച്ചു. എന്നാൽ ആശകളുടെ കത്തിക്കരിഞ്ഞ ചാരമല്ലാതെ മറ്റൊന്നും അവൾക്ക് അണിയാവുന്നതായി ലഭിച്ചില്ല.

മുത്തശ്ശി മരണക്കിടക്കയിൽ വെച്ച് മുതിർന്നവരോട് തന്നെ സൂക്ഷിക്കണമെന്ന പറഞ്ഞപ്പോൾ അതിന്റെ പൊരുൾ അവൾക്കു മനസ്സിലായില്ല. എന്നാൽ ഏട്ടന്റെ വിവാഹം കഴിഞ്ഞ് സുന്ദരിയായ ഏട്ടത്തിയെ
കൂടിവെച്ചു കഴിഞ്ഞതോടെ അവളിൽ ചെറിയ മാറ്റം വന്നത് അവൾ തന്നെ ദർശിച്ചു. അവരുടെ കളിചിരികൾ, അവൾക്കു മുന്നിൽ അവരുടെ കിടപ്പറയുടെ വാതിൽ അടയുന്നത് എല്ലാം അവളിൽ നൊമ്പരമുണ്ടാക്കി. പതിനൊന്നാം വയസ്സിൽ വിവാഹിതയായി പതിനാലാം വയസ്സിൽ വിധവയായവളാണ് അവൾ. യൗവ്വനത്തിലേക്ക് കാലൂന്നിയപ്പോഴാണ് വികാരങ്ങൾ എങ്ങനെ തന്നെ സ്വാധീനിക്കുന്നു എന്നവൾ മനസ്സിലാക്കിയത്. അമ്മയുടെ മരണം വരെ ജ്യേഷ്ഠത്തിയുമായി മത്സരിച്ചും വഴക്കടിച്ചും അവിടെ കഴിഞ്ഞുകൂടി. പിന്നീട് തനിക്കുകൂടി അവകാശപ്പെട്ട സ്വന്തം ഇല്ലത്തേക്ക് - ഭർത്തൃഗൃഹത്തിലേക്ക് - പോയി. അവിടത്തെ ദാരിദ്യത്തിലും കഷ്ടപ്പാടിലും അവളും ഒരംഗമായി പങ്കുചേർന്നു.

ഭർത്താവിന്റെ മറ്റു ഭാര്യമാർക്കും മക്കൾക്കും ഒപ്പം അവളും ഒരംഗമായി. മക്കളില്ലാത്തതുകൊണ്ട് അവൾക്ക് മറ്റാരെയും പരിഗണിക്കേണ്ടതായി വന്നില്ല. പിന്നീട് അവളുടെ ജീവിതം സുകൃത മരണത്തിന് തന്നെ സമർപ്പിക്കാനുള്ളതായിരുന്നു. ഒരു വിധവയ്ക്ക് അനുയോജ്യമായ എല്ലാ വ്രതങ്ങളും പൂജകളും അവൾ ചിട്ടയോടെ ചെയ്യാൻ തുടങ്ങി. ക്ഷേത്രദർശനവും പൂജകളും വ്രതങ്ങളും പുരാണ പാരായണവുമായി അവളുടെ ജീവിതം മുന്നോട്ടു നീങ്ങി. വർഷാവർഷം ക്ഷേത്രത്തിൽ നടക്കുന്ന ഭാഗവത സപ്താഹത്തിൽ പുരാണപാരായണം കേൾക്കാൻ അവളും പോകാറുണ്ട്.

കൃഷ്ണനും ഗോപികമാരും ചേർന്നുള്ള ലീലാവിലാസങ്ങളും കൃഷ്ണന്റെ ധീരപ്രവൃത്തികളും കേട്ടിരിക്കുന്നത് അവളെ സംബന്ധിച്ചിടത്തോളം അതുല്യമായ ഒരനുഭവമായിരുന്നു. വായന കേൾക്കുന്നതിനേക്കാൾ

ചെറുപ്പക്കാരനായ വായനക്കാരനെ കാണുന്നതിൽ അവൾക്ക് താല്പര്യം വർദ്ധിച്ചുകൊണ്ടിരുന്നു. സൗകര്യത്തിനു കിട്ടിയ മുഖക്കണ്ണാടിയിൽ തന്റെ പ്രതിരൂപം കണ്ട് സംതൃപ്തിയടയാൻ തുടങ്ങി അവൾ. വിളർച്ചയിലും വ്യാകുലതയിലും ഒരാകർഷണീയത ആ മുഖത്ത് മങ്ങിക്കിടക്കുന്നുണ്ട് എന്ന് അവൾ മനസ്സിലാക്കി. തുടർന്നുണ്ടായ സംഭവങ്ങൾ നായിക ഇങ്ങനെ വിവരിക്കുന്നു. "പിറ്റേന്നു കുളി കഴിഞ്ഞപ്പോൾ മുടി മിനുക്കാൻ മറന്നില്ല. ഭസ്മക്കുറിക്കു പകരം ഒരു നേർത്ത ചന്ദനഗോപിയാക്കി. പച്ച വിടാത്ത പത്തു പൂമാല ഭംഗിയായി തിരുകിവെച്ച് കുടയും പുതപ്പുമെടുത്ത് പതിവു പോലെ അമ്പലത്തിലേക്കു പോയി. മണ്ഡപമുഖപ്പിൽ ആരോ ജപിക്കുന്നു. ആ ശബ്ദത്തിനെന്തു മാധുര്യമാണ്. കുട ചെരിച്ചു പിടിച്ച് തഞ്ചത്തിൽ ഞാനൊന്നെത്തിനോക്കിപ്പോയി - അദ്ദേഹവും നോക്കുന്നു. മുമ്പില്ലാത്ത ഒരു സ്വാസ്ഥ്യം അപ്പോഴെന്നെ ബാധിച്ചു. എനിക്ക് കാലുകൾ ഇടറുന്നു. കണ്ണുനേരെ തെളിയുന്നില്ല. അടുത്ത പ്രദക്ഷിണവും കൂടി മുഴുവനാക്കാതെ ഞാൻ തിരിച്ചുപോന്നു കളഞ്ഞു"[15] - ഈ ഒരവസ്ഥ ഇതിനു മുമ്പൊരിക്കലും അവൾക്കുണ്ടായിട്ടില്ല. യൗവ്വനാരാംഭത്തിനു ശേഷം ഒരു പുരുഷസാമീപ്യം അവൾക്കുണ്ടായിട്ടില്ല. അവൾക്ക് അവളെത്തന്നെ ഭയമായിത്തുടങ്ങി. പിന്നീട് വായനക്കു പോയാൽ പിന്നിൽ മാത്രം ഇരിക്കാനവൾ ശ്രദ്ധിച്ചു.

ഏഴര വെളുപ്പിന് കുളിച്ച് നിർമ്മാല്യം തൊഴുന്നത് അവൾക്കെന്നുമുള്ള ശീലമാണ്. കുറച്ചു ദിവസങ്ങളായി, കുളിച്ചുകൊണ്ടിരിക്കുമ്പോൾ അടുത്ത കടവിൽ നിന്ന് കേൾക്കാനിമ്പമുള്ള ഒരു കീർത്തനം കേൾക്കാറുണ്ട്. കുളിക്കുന്ന സമയത്തിനപ്പുറം അതൊരാകർഷണമായി മനസ്സിൽ കൊണ്ടുനടന്നിട്ടില്ലെന്ന് അവൾ സത്യം ചെയ്തുപറയുന്നു.

ഒരു നാൾ നേരം പുലർന്നു എന്നു തെറ്റിദ്ധരിച്ചാണ് അവൾ കുളക്കടവിലേക്കോടിയത്. പതിവു തെറ്റി എന്ന പരിഭ്രമത്താൽ തുണയ്ക്കു വരാറുള്ള പെൺകുട്ടിയെപ്പോലും വിളിക്കാൻ മറന്നുപോയി. നേരം വെളുത്തതറിയാതെ ഉറക്കത്തിൽ പെട്ടുപോയതു നിമിത്തം തന്റെ ഭജനം

മുടങ്ങുക എന്ന കാര്യം ആലോചിക്കാൻ പോലുമാവില്ലായിരുന്നു. വിടരുന്ന പൂക്കളുടെ സുഗന്ധവും ഇളം തെന്നലും ഏകാന്തതയും അവളുടെ മനസ്സിനെ സംഗീതസാന്ദ്രമാക്കി. അവൾ കൃഷ്ണനേയും ഗോപികമാരെയും അവരുടെ ലീലാവിലാസങ്ങളും പാവനപ്രണയവും മുരളീനാദവും എല്ലാം ഓർത്തു നിൽക്കെ ചെറുപ്പത്തിൽ പഠിച്ച അഷ്ടപദിഗാനം അറിയാതെ പാടിപ്പോയി. പാട്ടിൽ ,സ്വയം ലയിച്ച് ഒരു തരം മൂർച്ഛിതാവസ്ഥയിലായ അവളെ ആരോ പിറകിൽ നിന്ന് കൈ ചുറ്റിപ്പിടിച്ചപ്പോൾ ആദ്യം ഒന്നു ഞെട്ടിയെങ്കിലും ഒരു പക്ഷെ അത് ഭഗവാൻ തന്നെയായിരിക്കുമോ എന്നവൾ സംശയിച്ചു. ജീവിതത്തിൽ ഇതുവരെ അറിഞ്ഞിട്ടില്ലാത്ത ആ ചൂടിനും ശക്തിക്കും അനുഭ്രതിക്കും മുൻപിൽ എതിർക്കാൻ പോലുമാവാതെ അവൾ സ്വയം അടിയറവു പറഞ്ഞു.

പ്രകൃതിയുടെ ചോദനയ്ക്കു മുന്നിൽ യൗവ്വനയുക്തയായ താൻ തോറ്റുപോയത് തെറ്റാണെങ്കിൽ അതിന്റെ ശിക്ഷയ്ക്കായി ഈ ജന്മം മുഴുവൻ നൽകാൻ തയ്യാറാണെന്ന് അവൾ ഉറന്നു പറയുകയും, ആ സന്ദർശനം ആവർത്തിച്ചോ, അതാരായിരുന്നു ഈ വക ചോദ്യങ്ങൾ ദയവു ചെയ്ത് ചോദിക്കരുതെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

അധിവേദനം

ഇല്ലത്തെ മൂത്ത പുത്രൻ മൂസ്സാമ്പൂരി - വീണ്ടും വീണ്ടും വിവാഹം കഴിക്കുന്നതിനെയാണ് അധിവേദനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സന്തതി നിലനിർത്താനും സ്വത്ത് ഭാഗിച്ചു പോകാതിരിക്കാനും നമ്പൂതിരി സമുദായം കണ്ടെത്തിയ മാർഗ്ഗമായിരുന്നു മൂത്ത പുത്രൻ മാത്രം സ്വസമുദായത്തിൽ നിന്നു വിവാഹം കഴിക്കുക എന്നത്. ഈ വിവാഹം എത്ര വേണമെങ്കിലും ആകാം. ആദ്യവിവാഹം 'വേളി' എന്നും പിന്നീടുള്ളവ 'അധിവേദനം' എന്നുമാണ് അറിയപ്പെട്ടിരുന്നത്. ഈ അധിവേദന സമ്പ്രദായത്തെ പരിഹസിക്കുകയും വിമർശിക്കുകയും ചെയ്യുകയാണ് അധിവേദനം എന്ന കഥയിൽ ചെയ്യുന്നത്.

മുല്ലശ്ശേരി രാമൻ നമ്പൂതിരിക്ക് രണ്ടാം വേളി നിശ്ചയിച്ച വിവരം

അത്ഭുതത്തോടും അമ്പരപ്പോടും കൂടി ആളുകൾ ശ്രവിച്ചു. അവരുടെ അമ്പരപ്പിനു കാരണം ഒരു നമ്പൂതിരി രണ്ടാമത് വിവാഹം കഴിക്കുന്നു എന്നതോ, ആദ്യഭാര്യയെ ഉപേക്ഷിക്കുന്നു എന്നതോ അല്ല. തികഞ്ഞ ഉത്പതിഷ്ണുവും സമുദായ പരിഷ്കർത്താവും അധിവേദനം നിരോധിക്കണം എന്ന് പ്രസംഗിച്ചു നടക്കുന്നയാളുമായ രാമൻ നമ്പൂതിരിയാണ് രണ്ടാമതും വിവാഹിതനാവാൻ പോകുന്നത് എന്നതാണ്. അയാൾ സമുദായത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടുന്ന യുവജനസംഘത്തിന്റെ നേതാവാണ്.

അഞ്ചുവർഷം മുമ്പാണ് പന്ത്രണ്ടു വയസ്സുള്ള സാവിത്രിയെ വിവാഹം കഴിച്ചത്. പണത്തിന് അത്യാവശ്യമായതുകൊണ്ട് പ്രായവ്യത്യാസം അയാൾ പരിഗണിച്ചില്ല. വിവാഹകർമ്മങ്ങൾക്കൊടുവിൽ കൈയിൽ വന്നുചേർന്ന അയ്യായിരം രൂപയുമായി ആ ഇല്ലത്തിന്റെ പടിയിറങ്ങിയ അയാൾ, ആ ചെറിയ കുട്ടിയെ പിതാവിൽ നിന്നു പിരിക്കുന്നത് പാപമാണെന്നും അവളോട് ഇപ്പോൾ തന്നെ ഭാര്യയോടെന്നപോലെ പെരുമാറുന്നത് നിന്ദ്യമാണെന്നുമുള്ള ന്യായം സുഹൃത്തുക്കൾക്കു മുമ്പിൽ അവതരിപ്പിച്ച് പിന്നീടവിടേയ്ക്ക് പോയില്ല. ഒരു സമുദായ പരിഷ്കർത്താവിന് അനുയോജ്യമായ ന്യായീകരണമായിരുന്നു അത്.

പേരിനുവേണ്ടിയുള്ള വിദ്യാഭ്യാസത്തിനിടയ്ക്ക് പേരും പെരുമയും ധാരാളം ലഭിച്ചിട്ടുള്ള രാമൻ നമ്പൂതിരിയ്ക്ക് സരസമായി സംസാരിക്കാനറിയാമായിരുന്നു. സുഹൃത്തുക്കൾക്കിടയിൽ പ്രിയപ്പെട്ടവനായിരുന്ന അയാൾ ദുർവ്യയക്കാരനായിരുന്നതുകൊണ്ട് പണത്തിന് എപ്പോഴും ആവശ്യം നേരിട്ടുകൊണ്ടിരുന്നു. പാരമ്പര്യസ്വത്തെല്ലാം നശിച്ച് കടം കയറിത്തുടങ്ങിയ സമയത്താണ് ധനസമ്പാദനത്തിന് നമ്പൂതിരി യുവാക്കളുടെ എളുപ്പമാർഗ്ഗമായ വിവാഹത്തിന് അയാൾ തുനിഞ്ഞത്. അയ്യായിരം രൂപ സ്ത്രീധനം വാങ്ങിയാണ് സാവിത്രിയെ വിവാഹം കഴിച്ചത്. കടംവീട്ടലും ധാരാളിത്തവുമായപ്പോൾ ആ തുക അതിവേഗം തീരുകയും വീണ്ടും കടക്കാരനാവുകയും ചെയ്തു. ഇനിയെന്തു വഴി എന്നാലോചിക്കുമ്പോഴാണ് പണത്തിനായി ഭാര്യാഗൃഹത്തിൽ ചോദിക്കണമെന്ന് സുഹൃത്തുക്കൾ നിർദ്ദേശിച്ചത്.

അപ്പോൾ തന്നെ അയാൾ പണത്തിനുള്ള ആവശ്യം കാണിച്ച് സാവിത്രിയുടെ ഇല്ലത്തേക്ക് കത്തെഴുതി. അയ്യായിരം രൂപ കൂടി ആവശ്യപ്പെട്ട അയാൾക്ക് തൽക്കാലം പണമില്ലെന്നും ഉടൻ കൂടിവെപ്പു നടത്തണം എന്നും കാണിച്ചുകൊണ്ടുള്ള മറുപടിയാണ് കിട്ടിയത്. കൂടിവെപ്പു നടത്താൻ തയ്യാറില്ലായിരുന്ന അയാൾ വലിയൊരു തുക സ്ത്രീധനം വാങ്ങി, ആദ്യഭാര്യയുടെ സമ്മതം നോക്കാതെ തന്നെ മറ്റൊരു വിവാഹം - അധിവേദനം - നടത്തണം എന്ന സുഹൃത്തിന്റെ അഭിപ്രായത്തെക്കുറിച്ച് ആലോചിക്കുന്നു. പരിഹസിക്കുന്നു. എന്തു പരിഹസിക്കാനിരിക്കുന്നു? പ്രസംഗിക്കുമ്പോലെയാണോ എല്ലാവരും പ്രവർത്തിക്കുന്നത്. പ്ലാറ്റ്ഫോറത്തിൽ കേറുമ്പോൾ പ്രസരിപ്പോടെ എന്തും പറയും. പക്ഷേ, പ്രായോഗികമാകുന്നത് മറ്റു വിധത്തിലാണ്. [16] ഈ അഭിപ്രായം മുഖവിലയ്ക്കെടുത്ത അയാൾ പണത്തിനുള്ള ആവശ്യത്തിനു മുൻപിൽ ആദർശവും പ്രസംഗവും ദുഷ്പേരും എല്ലാം നിസ്സാരമായി കരുതുന്നു. ശുദ്ധനായ അയാൾ സുഹൃത്തുക്കളുടെ അഭിപ്രായത്തിനു വഴങ്ങി ഒടുവിൽ വിവാഹത്തിനു സമ്മതം മൂളി.

രാമൻ നമ്പൂതിരിയുടെ വിവാഹവാർത്തയറിഞ്ഞ സാവിത്രി ചിന്താധീനയായി. തന്റെ ജ്യേഷ്ഠപത്നിയോട് ഇക്കാര്യത്തെക്കുറിച്ച് അവൾ കൂടിയാലോചന നടത്തി. ഒരിക്കൽ പോലും കാണുക കൂടിയുണ്ടായിട്ടില്ലാത്ത ആളാണെങ്കിൽ പോലും അദ്ദേഹം തന്നെ ഉപേക്ഷിക്കുകയാണെന്ന അറിവ് അവളെ വേദനിപ്പിച്ചു. അതിൽ നിന്ന് അദ്ദേഹത്തെ തടയാനെന്തുവഴി എന്നാണ് അവൾ ആലോചിച്ചു കൊണ്ടിരുന്നത്.

സാവിത്രിയുടെ ജ്യേഷ്ഠനും പത്നിയും ചേർന്ന് ഇതിനെക്കുറിച്ച് നേരത്തെത്തന്നെ ആലോചിച്ചിരിക്കുന്നു. ജ്യേഷ്ഠത്തിയുടെ അമ്മാവന്റെ മകളെയാണ് അയാൾ വിവാഹം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. ആ

പെൺകുട്ടിയ്ക്കോ അവളുടെ സഹോദരൻമാർക്കോ ഈ അധിവേദനത്തിൽ താല്പര്യമില്ല. വിവാഹത്തിന് അഞ്ചുനാളുകൾ കൂടി അവശേഷിക്കെ ജ്യേഷ്ഠത്തിയും അനുജത്തിയും ചേർന്ന് രാമൻ നമ്പൂതിരിയെ ഒരു പാഠം പഠിപ്പിക്കാനുള്ള തീരുമാനമെടുക്കുന്നു.

നിശ്ചയിച്ച ദിവസം നിശ്ചിത മുഹൂർത്തത്തിൽ ആ വിവാഹം നടത്തപ്പെട്ടു. പാണിഗ്രഹണസമയത്ത് അയാൾ സാവിത്രിയുടെ പിഞ്ചുകൈ ഓർക്കുകയും, പണത്തിനായി, അവളുടെ അനുവാദമില്ലാതെ മറ്റൊരു വിവാഹം കഴിച്ചത് ശരിയായില്ലെന്ന് കുറ്റബോധത്തോടെ ചിന്തിക്കുകയും ചെയ്തു. എത്രയും വേഗം അവളെയും വിളിച്ചുകൊണ്ടുവരുമെന്നും രണ്ടുപേരെയും ഒരുപോലെ സ്നേഹിക്കുമെന്നും മനസാ നിശ്ചയിച്ചു.

വിവാഹം കഴിഞ്ഞ ഉടനെ തന്നെ കൂടിവെപ്പും നടത്തി. വിവാഹത്തിന് അയാളുടെ സുഹൃത്തുക്കളെല്ലാം സന്നിഹിതരായിരുന്നു. ആദ്യാവസാനക്കാരായി നിന്നത് സാവിത്രിയുടെ സഹോദരനും പത്നിയും തന്നെയാണ്. പച്ചപ്പരിഷ്കാരിയായിരുന്ന സഹോദരനു വന്ന മാറ്റമാണിതെന്ന് എല്ലാവരും കണക്കാക്കി. രാമൻ നമ്പൂതിരിയും ഒരു കാലത്ത് പരിഷ്കാരിയും പുരോഗമനവാദിയുമായിരുന്നുവല്ലോ.

വിവാഹത്തിന്റെ നാലാം ദിവസം, വധൂവരൻമാരുടെ ആദ്യസമാഗമ മുഹൂർത്തത്തിൽ, മുഖം മറച്ചിരിക്കുന്ന നവോഢയുടെ വിരലുകൾ മുഖത്തുനിന്നും സാവധാനം അടർത്തി മാറ്റിയപ്പോൾ, രണ്ടാം ഭാര്യയാവുന്നതിലെ ദുഃഖം കൊണ്ടെന്ന വണ്ണം കണ്ണീരൊഴുക്കുന്ന മുഖമാണ് കണ്ടത്. സാവിത്രിയെക്കുറിച്ചോർത്ത് ദുഃഖിക്കേണ്ടെന്നും താനൊരിക്കലും അവളെ ഓർക്കില്ലെന്നും തനിക്കിനി വേറൊരു വധു ഇല്ലെന്നും സമാധാനിപ്പിച്ച രാമൻ നമ്പൂതിരിയോട് നവവധു, തന്നെ ഉപേക്ഷിച്ച് സാവിത്രിയെ സ്വീകരിക്കാനാവശ്യപ്പെടുന്നു.

ആ മുഖം പെട്ടെന്ന് ഓർമ്മയിലെത്തിയ രാമൻ നമ്പൂതിരി തന്റെ നവവധു, താൻ അഞ്ചുവർഷം മുമ്പ് വിവാഹം കഴിച്ച് ഉപേക്ഷിച്ച സാവിത്രി തന്നെയാണെന്ന് തിരിച്ചറിഞ്ഞു. തന്നെ അകാരണമായി ഉപേക്ഷിച്ച ഭർത്താവിനു മുൻപിൽ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ട് തന്റെ ഭാഗ്യം പരീക്ഷിക്കുമെന്നവൾ അയാളോടറിയിച്ചു. അയാൾ ആദ്യം സംഭ്രമിച്ചെങ്കിലും പിന്നീട് സന്തുഷ്ടനായി. പ്രിയതമയുടെ കൈകൾ കൂട്ടിപ്പിടിച്ചുകൊണ്ട് അയാൾ പറഞ്ഞു : "സംസർഗ്ഗം ചപലനാക്കിയെങ്കിലും ഭവതിയെ ഇതുവരെ ഞാൻ മറന്നിട്ടില്ലായിരുന്നു. ഇത്രമാത്രം പ്രണയവും പ്രവൃത്തിധൈര്യവുമുള്ള ഒരു പത്നിയെ കൈവിട്ടുകളഞ്ഞ ഞാൻ എന്തൊരു മടയനായിരുന്നു ... ഈയൊരു തെറ്റ് ഇനി ഒരിക്കലും ആവർത്തിക്കപ്പെടാതിരിക്കട്ടെ."[17]

തന്റെ തെറ്റു മനസ്സിലാക്കിയ രാമൻ നമ്പൂതിരി പണത്തോടുള്ള ആർത്തി ഉപേക്ഷിച്ച് പത്നീസ്നേഹമുള്ളവനായി മാറുന്ന കാഴ്ചയാണ് കഥാന്ത്യത്തിലുള്ളത്.

നമ്പൂതിരി സമുദായത്തിൽ അക്കാലത്തു നിലനിന്നിരുന്ന ദുരാചാരങ്ങൾ മിക്കതും അന്തർജ്ജനം തന്റെ രചനകൾക്ക് വിഷയമാക്കിയിട്ടുണ്ട്. അത്തരം കഥകളെല്ലാം വളരെ ശക്തമാണുതാനും. ഒരേ പ്രമേയം അവതരിപ്പിച്ചിട്ടുള്ള ഒന്നിലേറെ കഥകളുള്ളതുകൊണ്ട് പ്രാതിനിധ്യസ്വഭാവത്തോടെ തെരഞ്ഞെടുത്ത ഏതാനും കഥകൾ മാത്രമാണ് ഇവിടെ പഠനവിധേയമാക്കിയിരിക്കുന്നത്.

സാമൂഹികം

ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തോടു ബന്ധപ്പെടുത്തിയിട്ടല്ലാതെ സ്ത്രീജീവിതത്തിന്റെ ദുരിതങ്ങളും ത്യാഗങ്ങളും ആവിഷ്കരിക്കുന്ന ഒട്ടേറെ കഥകൾ രചിച്ചിട്ടുണ്ട് അന്തർജ്ജനം. സ്ത്രീയുടെ നിലപാടിൽ നിന്നുകൊണ്ട് അവളുടെ ദുരിതങ്ങളേയും അതിന്നാധാരമായ സാമൂഹിക വ്യവസ്ഥകളേയും വിമർശിക്കുകയാണ് ഇത്തരം കഥകളിലൂടെ ചെയ്തിരിക്കുന്നത്. അത്തരത്തിൽ പെട്ട ഏതാനും കഥകൾ പരിശോധിക്കാം.

വിവാഹമുഹൂർത്തം

ആദർശവൽക്കരിക്കപ്പെട്ട വിവാഹം, ദാമ്പത്യം തുടങ്ങിയ സ്ഥാപനങ്ങളെ അതീവം ശക്തിയോടെ വിമർശിക്കുന്ന കഥയാണ് 'വിവാഹമുഹൂർത്തം'. വിവാഹമുഹൂർത്തം പ്രതീക്ഷിച്ച് സുന്ദരസ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന വിജയമാണ് ഈ കഥയിലെ നായിക. താല്പര്യത്തോടെ വായിക്കാനാരംഭിച്ച നോവലിലെ ക്ലൈമാക്സ് അറിയാനോ, പൂർത്തിയാക്കാതെ പണി നിർത്തി വെച്ചിരിക്കുന്ന കൈലേസിൽ തുന്നിച്ചേർക്കാനാഗ്രഹിച്ച ആഗ്രഹിച്ചവിധം ചെമ്പനീർ മുകുളം തുന്നിച്ചേർക്കാനോ ഇതുവരെ തോന്നാത്ത ഒരു പരിഭ്രമം ഇപ്പോഴവളെ അനുവദിക്കുന്നില്ല. പക്ഷെ, താനൊരപരിഷ്കൃത വധുവാണെന്ന സമ്മതിക്കാനും അവൾക്കു മനസ്സു വന്നില്ല.

ജന്നൽ തുറന്ന് പുറത്തേക്കു നോക്കിയ അവൾ സ്വർഗ്ഗസമാനമായി വിതാനിച്ചിരിക്കുന്ന കല്യാണപ്പന്തൽ കണ്ടു. സംഗീതമേളം തകർക്കുന്ന സദീർപ്പുര. പൂമാലയുടെയും സുഗന്ധദ്രവ്യങ്ങളുടെയും പരിമളം നിറഞ്ഞ അന്തരീക്ഷം.

എല്ലാംകൊണ്ടും അവൾ വിവാഹലോകത്തെത്തിക്കഴിഞ്ഞു. പെണ്ണുകാണൽ ചടങ്ങുപോലും വളരെ നാടകീയമായിട്ടാണ് അവൾക്കനുഭവപ്പെട്ടത്. തികഞ്ഞ പുരോഗമനചിന്താഗതിയുള്ള ഒരു കുടുംബമായിരുന്നു അവളുടേത്. അതുകൊണ്ടാണ് അത്തരത്തിൽ ഒരു പെണ്ണുകാണൽ ചടങ്ങ് സംഘടിപ്പിച്ചത്. അയാളെ അവൾ പല്പപോഴും കണ്ടിട്ടുണ്ട്. നിരത്തിൽ വെച്ചും കോളേജ് വളപ്പിൽ വെച്ചും ആ കണ്ണുകൾ എന്റെ കണ്ണുകളുമായി കൂട്ടിമുട്ടിയിട്ടുണ്ട്. പക്ഷെ അപ്പോഴൊന്നും ഇത്തരത്തിലുള്ള ഒരു ഘട്ടം തരണം ചെയ്യേണ്ടി വരുമെന്നവൾ വിചാരിച്ചില്ല. കലാലയത്തിലെ ഏതൊരു വിദ്യാർത്ഥിനിയും അസൂയപ്പെടുന്ന തരത്തിലുള്ളതാണ് അവളുടെ ഈ നേട്ടം. മറ്റേതൊരു വിദ്യാർത്ഥിയെക്കാളും സുന്ദരനും സമർത്ഥനും ധനവാനുമാണയാൾ. അയാളെ വിവാഹം കഴിക്കാനായി ബിരുദങ്ങൾ വേണ്ടെന്നു വയ്ക്കാൻ തയ്യാറായിരുന്ന അവൾ.

അന്നുമുതൽ ഇന്നലെവരെ തന്റെ സൗഭാഗ്യത്തെക്കുറിച്ച് അവൾ

പലതരം സ്വപ്നങ്ങൾ കണ്ടിരുന്നു. ഇനി അഞ്ചു മണിക്കൂർ കൂടി കഴിഞ്ഞാൽ ആ സുമംഗള മുഹൂർത്തമായി. അവളുടെ മുറിയിൽ ചുമരിൽ തൂക്കിയ ഫോട്ടോകളിലൂടെ തങ്ങളുടെ സ്മരണ നിലനിർത്തുന്ന അപ്പൂപ്പനേയും അമ്മൂമ്മയേയും അവൾ മനസാ ഭക്തിപൂർവ്വം പ്രണമിച്ചു. അച്ഛന്റെയും അമ്മയുടെയും വിവാഹഫോട്ടോ, അല്പനേരം കഴിഞ്ഞാൽ തന്റെ ജീവിതത്തിൽ നടക്കാൻ പോകുന്ന സുപ്രധാന
സംഭവവുമായി കൂട്ടി യോജിപ്പിക്കാനുള്ള പ്രേരണ നൽകി അവൾക്ക്.

തുടർന്ന് വിരുന്നുകാരുടെ വരവായി. ആദ്യമായി അവളെ ആശംസിക്കാനെത്തുന്നത് കളിക്കൂട്ടുകാരിയും അമ്മാവന്റെ മകളുമായ ഭാനുവാണ്. പതിമൂന്നാമത്തെ വയസ്സിൽ വിവാഹിതയായി വിദേശത്തുപോയ അവൾ ആറു വർഷത്തിനു ശേഷം നാലുമക്കളുടെ മാതാവായി തിരിച്ചുവന്നിരിക്കുന്നു. ചുറുചുറുക്കും ആത്മവിശ്വാസവും സൗന്ദര്യവും എല്ലാം നഷ്ടപ്പെട്ട് ഒരു സാധാരണ വീട്ടമ്മയായി, പ്രാരാബ്ധക്കാരിയായി ഇപ്പോൾ തന്റെ മുന്നിൽ നിൽക്കുന്നത് പഴയ ഭാനുവാണെന്നു വിശ്വസിക്കാൻ തന്നെ പ്രയാസമായിരുന്നു വിജയത്തിന്.

ഭാനുവിന്റെ ഈ അവസ്ഥയുടെ കാരണമന്വേഷിച്ച വിജയത്തിനോട് ‘‘ദീനമൊന്നുമില്ല, വിജയം! പിന്നെ ഒരു വീട്ടുകാരിയായി താമസമാക്കിയാൽ ഇങ്ങനെയൊക്കെയേ ഇരിക്കൂ. പഴയപോലെ നേരത്തിനു കുളിക്കാനോ, ഉണ്ണാനോ, ഉല്ലസിക്കാനോ സാധിക്കുമോ? താമസിയാതെ നിനക്കും എല്ലാം അറിയാമല്ലോ?’’[18] - എന്നാണ് ഭാനുവിന്റെ മറുപടി. . വിവാഹം എന്നത് നേരത്തിന് കുളിക്കാനോ ഭക്ഷണം കഴിക്കാനോ ഉല്ലസിക്കാനോ ഉള്ള അവസരങ്ങൾക്ക് വിഘാതമായി നിൽക്കുന്ന ഒന്നാണെന്ന് വിജയം ഇതുവരെ കരുതിയിരുന്നില്ല. ‘‘സകല മാധുര്യങ്ങളും നിറഞ്ഞ ഒരു മംഗളകർമ്മം. സ്ത്രീപുരുഷ ജീവിതങ്ങളെ സമ്പൂർണ്ണതയിലേക്കെത്തിക്കുന്ന മഹനീയമായ ഒരാത്മബന്ധം. വായിച്ച പുസ്തകങ്ങളും പഠിപ്പിച്ച ഉപാദ്ധ്യായരും എല്ലാം അങ്ങനെയാണവളെ ധരിപ്പിച്ചിരുന്നത്. ... അത്ര ശ്രേഷ്ഠമായ ആ സങ്കേതം ഇത്ര

വിരസവും അസ്വതന്ത്രവുമായ കാരാഗൃഹമെന്നോ അനുഭവമുള്ളവർ പറയുന്നത്?[19] - വിജയത്തിന്റെ ചിന്തകൾ ആ വഴിക്കായി. വിവാഹത്തെക്കുറിച്ച് വിരുദ്ധമായ ഒരു നിലപാടെടുക്കാനോ അതിനെ അഹിതമായി കാണാനോ അവൾക്കാവുന്നില്ല. എന്നാൽ തുടർന്നും തന്റെ ജീവിതത്തിലെ കഷ്ടപ്പാടുകളെയും ദുരിതങ്ങളെയും പ്രതിബന്ധങ്ങളെയും കുറിച്ച് ഭാനു വാതോരാതെ പറഞ്ഞുകൊണ്ടിരുന്നു.

ആറുവർഷം കൊണ്ട് അറുപതു വയസ്സായവളെപ്പോലെ ഭാനു സംസാരിക്കുന്നത് അതിശയത്തോടെ കേട്ടുകൊണ്ടിരുന്നു വിജയം. തന്നെക്കാൾ ഒരു വയസ്സിന് ഇളപ്പമുള്ള ഭാനു ഇപ്പോൾ ജീവിതാനുഭവങ്ങൾ കൊണ്ട് തന്റെ മുത്തശ്ശിയായിരിക്കുന്നു എന്നു തോന്നി അവൾക്ക്. സമയത്തെക്കുറിച്ച് ബോധമില്ലാത്തവിധം അവൾ ചിന്താധീനയായി.

അപ്പോഴാണ് കല്യാണവീട്ടിലെ കോലാഹലങ്ങളെയും സംഗീതത്തെയും മറികടന്നുകൊണ്ട് അടുത്ത വീട്ടിലെ കുടുംബകലഹം അവളുടെ കാതിലെത്തിയത്. സ്ത്രീയുടെ അടക്കാനാവാത്ത കോപനൈരാശ്യങ്ങളും പുരുഷന്റെ അധികാരസ്വരവും, തന്റെ ജീവിതം നശിപ്പിച്ച പുരുഷനു നേരെയുള്ള അവളുടെ ശാപവചനങ്ങളും അതിനെ എതിർക്കുന്ന ഭർത്താവിന്റെ വാദഗതികളും അവളുടെ കാതിലേക്ക് അലച്ചെത്തി. അവരുടെ പ്രണയവിവാഹവും അന്നത്തെ സംഭവങ്ങളും അവൾ ഓർത്തു. അവരുടെ തനിക്കുകൂടി ഹർഷമുണ്ടാക്കിയിരുന്ന അവരുടെ വിവാഹത്തിന്റെ ആദ്യനാളുകൾ ഇത്രവേഗം നരകതുല്യമായി മാറിയോ എന്ന് അവൾ അതിശയിക്കുന്നു.

തനിക്ക് ഇങ്ങനെയൊരു ഗതി വരരുതെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വിജയത്തിന്റെ മുന്നിലേക്ക് കുറെയേറെ കത്തുകളും ടെലഗ്രാമുകളുമായി വേലക്കാരി കടന്നുവന്നു. എല്ലാം അവൾക്കുള്ള മംഗളാശംസകളും വിവാഹസമ്മാനങ്ങളുമായിരുന്നു. ഭാനുവിന്റെ അനുഭവങ്ങളും

അയൽവീട്ടിലെ കലഹവും അവളെ വല്ലാതെ തളർത്തിയിരുന്നു. എങ്കിലും കത്തുകളിലൊന്നിൽ തന്റെ ഉറ്റ സ്നേഹിതയുടെ കൈയക്ഷരം കണ്ടപ്പോൾ അവൾ അത് കൈയിലെടുത്തു.

തലേന്നുതന്നെ എത്തിച്ചേരാമെന്ന് വാക്കു നൽകിയിരുന്ന ശാരി എന്ന ആത്മസുഹൃത്ത് കത്തിലൂടെ മംഗളാശംസ നേരുന്നതിലെ ദേഷ്യമടക്കി, വിജയം അത് ഉറന്നു വായിക്കാൻ തുടങ്ങി. തങ്ങളുടെ രണ്ടുപേരുടേയും ആത്മസുഹൃത്തായിരുന്ന മാലതി-മാലൂക്കുട്ടി-യുടെ രോഗവും ഗർഭഛിദ്രവും തുടർന്നുണ്ടായ മരണവുമായിരുന്ന ആ കത്തിലെ വിവരങ്ങൾ. മാലതിയുടെ ഭർത്താവ് സ്നേഹസമ്പന്നനായിരുന്നുവെന്നും അവളുടെ വേർപാട് അയാളെ ഭ്രാന്തനാക്കുമെന്ന് താൻ ഭയക്കുന്നു എന്നും ശാരി എഴുതിയിരുന്നു.

ആശുപത്രിയിൽ മാലതിക്കൊപ്പം നിൽക്കുകയും അവളുടെ മരണനിമിഷത്തിന് സാക്ഷിയാവുകയും ചെയ്തതുകൊണ്ട് ഒരു സന്തോഷസന്ദർഭത്തിൽ തനിക്കിപ്പോൾ പങ്കെടുക്കാനാവില്ലെന്നും എന്നോടു ക്ഷമിക്കണമെന്നും, മാലതിയുടെ ആത്മാവ് വിജയയോടൊപ്പം വിവാഹവേദിയിൽ ഉണ്ടാകുമെന്നും പറഞ്ഞ് ആശംസകൾ നേർന്ന്, കത്ത് അവസാനിപ്പിച്ചിരിക്കുന്നു.

തന്റെ ആത്മസഖിയായ മാലതിക്ക് ഇങ്ങനെയൊരു ദുരന്തം നേരിട്ടതിൽ വിജയം വല്ലാതെ ദുഃഖിച്ചു. വിവാഹത്തിന്റെ പരിണതമായ അവസ്ഥാന്തരത്തിലുള്ള അപകടം മൂലം തന്റെ പ്രിയസുഹൃത്തിനു നേരിട്ട ദുരന്തത്തിൽ അവൾ വല്ലാതെ നടുങ്ങി. വിഷാദത്തെക്കാൾ കൂടുതൽ ഭയമായിരുന്ന അവളെ അപ്പോൾ കീഴടക്കിയത്. താൻ കണ്ടിട്ടില്ലാത്ത ഗർഭിണിയായ മാലതിയെയും രോഗഗ്രസ്തമായ അവളുടെ അവസ്ഥയും, ഭർത്താവിന്റെ മടിയിൽ തലവെച്ചുള്ള അവളുടെ ദാരുണ ശയനവും എല്ലാം വിജയം ഭാവനയിൽ കണ്ടു. മണി ആറടിക്കുന്നത് അവൾ നടുക്കത്തോടെ അറിഞ്ഞു.

ഒരു ദേവകന്യകയെപ്പോലെ അണിഞ്ഞൊരുങ്ങി വിവാഹവേദിയിൽ പ്രത്യക്ഷപ്പെടാനായി ഒരുക്കിവെച്ച ആടയാഭരണങ്ങൾ അവൾ ഭയത്തോടെ മാത്രം നോക്കി. അഞ്ചു മണിക്കൂർ കൊണ്ട് അമ്പതുവർഷത്തെ ജീവിതപരിചയത്തിന്റെ കനം അവളിൽ നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. അവൾ വസ്ത്രം മാറാതെ അണിഞ്ഞൊരുങ്ങാതെ ഒരേ ഇരിപ്പു തുടർന്നു. വരന്റെ ഷോഷയാത്ര അടുത്തെത്തിയപ്പോൾ വിരുന്നുകാരെല്ലാം വധുവിനെ അന്വേഷിക്കാൻ തുടങ്ങിയപ്പോൾ അമ്മ മകളെ തേടിയെത്തി. ഇതുവരെ ഒരുങ്ങാത്തതിനു കാരണം ചോദിച്ച അമ്മയോട് അവൾ പറഞ്ഞു. "ഞാൻ ഒരുങ്ങിയിരിക്കുകയാണമ്മേ! ഇതുപോലെയുള്ള ഒരവസരത്തിൽ സ്ത്രീഹൃദയത്തിന് എത്രത്തോളമാകാമോ, അത്രത്തോളം ശരിയായിത്തന്നെ..."[20]

വിവാഹം എന്ന സ്ഥാപനത്തെക്കുറിച്ച് സുന്ദരസ്വപ്നങ്ങൾ നെയ്തുകൊണ്ടിരുന്ന വിജയത്തിന് കുറച്ചുനേരം തനിക്കു ചുറ്റും നടക്കുന്ന യാഥാർത്ഥ്യങ്ങളിലേക്ക് മനസ്സു തിരിച്ചപ്പോൾ അതിനോട് വിരക്തി തോന്നി. സൈ്വരജീവിതത്തിന് വിഘാതമായി നിൽക്കുന്ന അനുഭവങ്ങളുണ്ടാക്കുന്നതാണ് ചിലപ്പോഴെങ്കിലും വിവാഹം എന്നതുകൊണ്ട് അവൾ തനിക്ക് വിവാഹമേ വേണ്ടെന്ന തീരുമാനമെടുത്തു.

റീയലിസം

നിലവിലിരിക്കുന്ന സാൻമാർഗ്ഗിക നീതിയെയും സാമ്പത്തികബന്ധങ്ങളെയും എതിർത്ത് കവിതയും കഥയും ലേനങ്ങളുമെഴുതുന്ന ഒരു റീയലിസ്റ്റിക് എഴുത്തുകാരന്റെയും, വിദ്യാസമ്പന്നയും പുരോഗമനചിന്താഗതിക്കാരിയുമായ സതി എന്ന അയാളുടെ ഭാര്യയുടെയും അവരുടെ ജീവിതത്തിന്റെയും കഥ പറയുകയാണ് "റീയലിസം" എന്ന കഥയിൽ. കവിയുടെ അഭിപ്രായത്തിൽ ലോകത്ത് ചാരിത്ര്യനിഷ്ഠയുള്ള ഒരു സ്ത്രീയോ, സന്മാർഗ്ഗസ്ഥിരതയുള്ള ഒരു പുരുഷനോ ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. മാത്രമല്ല, സ്ത്രീപുരുഷബന്ധത്തിന്റെ അതിര് വിവാഹമെന്ന പേരിൽ

നിയന്ത്രിക്കുന്നത് പുരുഷന്റെയും സമുദായത്തിന്റെയും സ്വാർത്ഥമനസ്ഥിതിയാണെന്നുകൂടി അയാൾ വിലയിരുത്തി. അയാളുടെ തൂലിക, കാണുന്നതിനെയെല്ലാം അതുപോലെതന്നെ ചിത്രീകരിച്ചുകൊണ്ടിരുന്നു. ഒരു 'റീയലിസ്റ്റിക് കവി' എന്ന പേരിൽ അയാൾ പ്രശസ്തനായി.

സതി എന്ന കുലീനയും അനാഘ്രാതയുമായ കന്യകയെയാണ് അയാൾ വിവാഹം കഴിച്ചത്. അവൾക്ക് പഠിപ്പും സംഗീതവാസനയുമുണ്ട്, സരസമായി സംസാരിക്കാനുമറിയാം. മധുവിധു നാളുകളുടെ പ്രഭ മങ്ങിത്തുടങ്ങിയപ്പോൾ ജോലിയില്ലാതെ ആവില്ലെന്നായി. അങ്ങനെ അയാൾ പത്രമോഫീസിൽ ജോലി നേടുകയും അതിനായി വീട്ടിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്തു. ഭർത്താവിന്റെ രചനകളെല്ലാം വായിക്കുകയും വിലയിരുത്തി അഭിപ്രായം പറയുകയും ചെയ്യുമായിരുന്ന സതി. അവൾ പറയും : "അങ്ങയുടെ ആകൃതിയെക്കാൾ ആദർശങ്ങളാണെന്നെ ആകർഷിച്ചത്. എത്ര സ്വതന്ത്രവും സച്ചന്ദവുമായൊരു ജീവിതപദ്ധതി! സ്ത്രീപുരുഷബന്ധത്തിൽ ഇത്ര സമത്വസുന്ദരമായൊരു മാർഗ്ഗമുപദേശിച്ച അങ്ങ് നിശ്ചയമായും ഞങ്ങളുടെ ആരാധ്യപുരുഷൻ തന്നെ."[21]

ആദ്യമെല്ലാം അവൾ നൽകിയ ഈ സർട്ടിഫിക്കറ്റിൽ ഞെളിഞ്ഞിരുന്ന അയാൾ പിന്നെപ്പിന്നെ അവളുടെ വാദഗതികൾക്കു മുന്നിൽ മുട്ടുകുത്തുന്ന അവസരങ്ങളുണ്ടായി. എഴുതുന്നതെല്ലാം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതല്ലെന്നും സ്ത്രീകൾ കുറച്ചൊക്കെ അസ്വതന്ത്രകളായിരിക്കുന്നതാണ് കുടുംബജീവിതത്തിന് നല്ലതെന്നുമുള്ള അയാളുടെ പുതിയ വാദഗതികളോട് അവൾ യോജിക്കുന്നില്ല. വീട്ടിൽ നിന്ന് വിട്ടുനിൽക്കേണ്ടി വരുന്ന അയാൾക്ക് ക്രമേണ അവളിൽ സംശയം ജനിക്കുന്നു. അതിന്റെ സത്യാവസ്ഥ കണ്ടുപിടിക്കാനായി ഇരുട്ടിന്റെ മറവിൽ വീട്ടിലെത്തുന്ന അയാൾ ഇളിഭ്യനാവുന്നു. മുറുക്കാൻ വാങ്ങാനായി അരി മോഷ്ടിച്ച് പുറത്തു കടന്ന

അടുക്കളക്കാരിയെ, ഭാര്യയുടെ ജാരനാണെന്നു കരുതി പിടികൂടുന്ന അയാൾ തന്റെ തെറ്റു മനസ്സിലാക്കി ഭാര്യയെ സംശയിച്ചതിന് മാപ്പു പറയുന്നു. എന്നാൽ തന്നോടല്ല, സാഹിത്യലോകത്തോടാണ് മാപ്പിരക്കേണ്ടതെന്ന് പറയുന്ന അവൾ ആദർശം പ്രസംഗിച്ചു നടന്ന് യാഥാസ്ഥിതികമായി പെരുമാറുന്ന ഈ മുഖംമൂടി വലിച്ചു മാറ്റി, സന്മാർഗ്ഗത്തെ തരം താഴ്ത്താതെ, സ്വാർത്ഥം പുലർത്താതെ സമുദായത്തിനും സമൂഹത്തിനും ഗുണകരമാവും വിധം എഴുതുകയും ജീവിക്കുകയും ചെയ്യാൻ അയാളെ പ്രേരിപ്പിക്കുന്നു.

വ്യക്തികൾക്കെന്നപോലെ സമുദായത്തിനും സമൂഹത്തിനും പൊതുവായ ചില സ്വാർത്ഥതകളും നിയമസംഹിതകളും ഉണ്ടെന്നും അവയെ നിയന്ത്രിക്കാൻ സ്ത്രീപുരുഷൻമാർക്കാവില്ലെന്നും ഉള്ള നിജസ്ഥിതിയിലേക്ക് അയാളുടെ ചിന്തയെ കൊണ്ടുചെന്നെത്തിക്കുവാൻ സതിക്ക് കഴിയുന്നു.

2.3. ഏഴാമിടം

റിയലിസം എന്ന കഥയ്ക്ക് ഏറെക്കുറെ വിപരീതമായി നിൽക്കുന്ന കഥയാണ് 'ഏഴാമിടം'. പരിഷ്കാരിപ്പെണ്ണുങ്ങളോടു പുച്ഛമായിരുന്ന കഥാപാത്രമാണ് ഏഴാമിടത്തിലെ വിശ്വനാഥമേനോൻ. സ്ത്രീകൾ പരിഷ്കാരികളാവുന്നതോ, അവർ സമൂഹമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നതോ സഹിക്കാത്ത അയാൾ കിഴക്കൻ പ്രദേശത്തുള്ള ഒരു ഗ്രാമത്തിലെ മലനാടൻ പ്രഭുവിന്റെ മരുമകളെയാണ് വധുവായി സ്വീകരിച്ചത്. അവളാകട്ടെ, ക്ഷേത്രത്തിലെ പ്രസാദമായ ഭസ്മചന്ദനാദികൾ ധരിച്ച്, പുളിയിലക്കരയൻ പുടവയും, പഴയ രീതിയിലുള്ള റവുക്കയും നേരിയതുമായി എപ്പോഴും പരിഭ്രമത്തോടെ അടുപ്പിൻമൂട്ടിൽ ഒതുങ്ങിക്കൂടി. ഇതിന്റെ പേരിൽ സുഹൃത്തുക്കളുടെ മുൻപിൽ അയാൾ പലപ്പോഴും അവഹേളിതനായെങ്കിലും വീണതു വിദ്യയാക്കി അയാൾ അവളുടെ അച്ചടക്കത്തെ വാനോളം പുകഴ്ത്തിക്കൊണ്ടിരുന്നു. അയാളുടെ വസ്ത്രധാരണം ആംഗ്ലോ ഇന്ത്യൻ രീതിയിലുള്ളതാണ്. പൊടിമീശയും പുതുക്രാപ്പും ചുണ്ടിൽ സിഗരറ്റുമായാണ്

അയാളുടെ നടപ്പ്. ഭാര്യയുടെ നേരെ വിപരീതം.

സുഹൃദ്സദസ്സുകളിൽ വെച്ച് തമാശക്കായിരുന്ന അയാൾ ആദ്യമാദ്യം സ്ത്രീസ്വാതന്ത്ര്യത്തെ എതിർത്തത്. പിന്നീട് അത് തന്റെ നയമായി അയാൾ ഏറ്റെടുക്കുകയായിരുന്നു. സ്ത്രീക്ക് സമൂഹ മദ്ധ്യത്തിൽ ഇറങ്ങി നടക്കേണ്ട ആവശ്യമില്ലെന്ന് അയാൾ ഘോര ഘോരം പ്രസംഗിച്ചു. എന്നാൽ ജാനകിക്കുട്ടി - അയാളുടെ ഭാര്യ - ആവശ്യത്തിലധികം ഒതുക്കമുള്ളവളായെന്ന തിരിച്ചറിവ് അയാളിൽ കുറ്റബോധമുണ്ടാക്കി. തന്റെ ഭാര്യക്ക് കുറച്ചുകൂടി പരിഷ്കാരം ആവാമായിരുന്നു എന്നയാൾ മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു.

ക്രമേണ അയാളുടെ സ്നേഹിതൻമാരും അവരുടെ ഭാര്യമാരും അയാളുടെ വീട്ടിലേക്കുള്ള സന്ദർശനം ഒഴിവാക്കിത്തുടങ്ങി. ആളുകളെ കണ്ടാൽ അകത്തുകയറി ഒളിക്കുന്ന ജാനകിക്കുട്ടിയെ കാണാൻ അവരാരും ഇഷ്ടപ്പെട്ടില്ല. ഭാര്യയെന്ന നിലയിൽ ഭർത്താവിനെ പരിചരിക്കുന്നതിൽപ്പോലും അവൾ ലജ്ജയാൽ വിമുഖത കാണിച്ചു. സ്വയം തിരഞ്ഞെടുത്തവളായതുകൊണ്ട് അയാൾക്ക് സമാധാനിക്കുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

ഒരു നാൾ ജോസഫിന്റെ ഭാര്യ, മിസ്. രത്നകുമാരിയുടെ പ്രസംഗം കേൾക്കാൻ ജാനകിക്കുട്ടിയെ കൂട്ടിച്ചെല്ലാൻ മേനോനോടു പറഞ്ഞു. എന്നാൽ "ഞാൻ മുമ്പു പറയാറില്ലേ, എനിക്കീ പെണ്ണുങ്ങളുടെ അധികപ്രസംഗം കേൾക്കുന്നതിഷ്ടമല്ലെന്ന്! ആടിക്കുഴഞ്ഞു നടക്കുന്ന ഇവരുടെ കൂട്ടത്തിൽ ഭാര്യയെയൊട്ടു കൊണ്ടു വരികയുമില്ല"[22] - എന്നായി മേനോൻ. മിസ്സിസ്. ജോസഫിനോട് ഇങ്ങനെ പറഞ്ഞെങ്കിലും രത്നകുമാരി പറയുന്നതെന്താണെന്നു കേൾക്കാൻ താല്പര്യമുള്ളതുകൊണ്ട് അയാൾ അവിടെ പോയി. പ്രസംഗിക്കാനായി രത്നകുമാരി പ്ലാറ്റ്ഫോറത്തിൽ കയറി. രത്നകുമാരിക്ക് ജാനകിക്കുട്ടിയുടെ ഛായയുണ്ടെന്നു കണ്ട് മേനോൻ അതിശയിച്ചു. "സഹധർമ്മിണി" എന്ന പദത്തിലൂന്നിക്കൊണ്ട് രത്നകുമാരി നടത്തിയ പ്രസംഗത്തിൽ മേനോൻ പോലും ലയിച്ചുപോയി. തിരികെ വീട്ടിലേയ്ക്ക

മടങ്ങുമ്പോൾ, എന്തെങ്കിലും വായിച്ചാലും കേട്ടാലും മനസ്സിലാക്കാൻ പാകത്തിലെങ്കിലും തന്റെ ഭാര്യയെ പഠിപ്പിക്കണമെന്നയാൾ തീരുമാനമെടുത്തു.

പൊതുസ്ഥലങ്ങളിൽ ധരിക്കാൻ പാകത്തിന് സാരിയും ബ്ലൗസും ചെരിപ്പും എല്ലാം ഭാര്യക്കായി വാങ്ങിയാണ് അന്ന് മേനോൻ വീട്ടിലെത്തിയത്. എന്നാൽ അവയെല്ലാം വെറുപ്പോടെ തട്ടിമാറ്റി തനിക്ക് മുണ്ടും റവുക്കയും തന്നെ മതി എന്നവർ തീർത്തു പറഞ്ഞു. തന്റെ കൂടെ പുറത്തിറങ്ങുമ്പോൾ ധരിക്കാനാണിവയൊക്കെ എന്നു പറഞ്ഞ് അയാൾ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും താൻ പുറത്തിറങ്ങാൻ ഇഷ്ടപ്പെടുന്നില്ല എന്നവൾ അറിയിച്ചു. "ആണുങ്ങളുടെ മുമ്പിൽ നിന്ന് ആടിക്കുഴയുന്ന ഈ പെണ്ണുങ്ങളുടെ കാര്യം എനിക്കു കേൾക്കുകയേ വേണ്ട. അവരുടെ കൂട്ടത്തിലൊട്ടു പോവുകയും വേണ്ട"[23] - ജാനകിക്കുട്ടി തറപ്പിച്ചു പറഞ്ഞ ഈ വാക്കുകൾ മുമ്പെന്നോ താൻ പറഞ്ഞ അതേ വാക്കുകളാണെന്നു മനസ്സിലാക്കിയ മേനോൻ ഞെട്ടി. ദുർവ്വാശിയിലൂന്നിച്ച ദുരന്തത്തിന്റെ ഫലം ഇപ്പോഴയാൾ മനസ്സിലാക്കി. രൂപസാദൃശ്യമുള്ള രത്നത്തെയും ജാനകിക്കുട്ടിയെയും അയാൾ താരതമ്യം ചെയ്തു. രണ്ടുപേരും തമ്മിൽ എന്തൊരന്തരം?

പിന്നീടയാൾ രത്നകുമാരിയുടെ പ്രസംഗങ്ങൾ മുടങ്ങാതെ കേട്ടുതുടങ്ങി. അവരോട് ഒരുതരം ആരാധനയായി. ഒരിക്കൽ രത്നകുമാരിയെ അടുത്തുകണ്ടപ്പോൾ തന്റെ ഭാര്യയെക്കുറിച്ച് പറയുകയും അവളെ ബോധവൽക്കരിക്കാൻ രത്നകുമാരിയുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. സ്ത്രീ സ്വാതന്ത്ര്യവിരോധിയായ മേനോന്റെ ഭാര്യയുമായി താൻ ഇടപഴകുന്നത് ശരിയല്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ച രത്നകുമാരിയോട് "ഞാനൊരു സ്ത്രീസ്വാതന്ത്ര്യ വിരോധിയായിരുന്നു. പക്ഷെ, അത് ഈ നഗരത്തിലെ പരിഷ്കാരപ്പമ്പാവാട്ടകളുടെ വിലാസനടപടികളെ അപലപിക്കുന്നതിനു വേണ്ടിയാണ്. ഒരു സ്ത്രീ, ഒരു ഭാര്യ തന്റെ ഭർത്താവിന്റെ ജീവിതാദർശങ്ങൾ മനസ്സിലാക്കി സഹധർമ്മണി യാവുന്നില്ലെങ്കിൽ അവർ തമ്മിലുള്ള ദാമ്പത്യം എന്തു ദാമ്പത്യമാണ്?"[24] എന്നയാൾ കുറ്റബോധത്തോടെ ചോദിക്കുന്നു. ഈ

വാക്കുകൾ മേനോന്റെ വർത്തമാനകാലജീവിതത്തെ പ്രകടമാക്കിയതിനാൽ അപ്പോൾ തന്നെ ജാനകിക്കുട്ടിയെ കാണാൻ രത്നകുമാരി തയ്യാറായി.

വീട്ടിലെത്തി ഏറെ കഴിയും മുമ്പ് ജാനകിക്കുട്ടി രത്നകുമാരി തന്നെയാണ് എന്നയാൾക്ക് മനസ്സിലായി. പുരോഗമനവാദിയായ മിസ്. രത്നം കോളേജുദിനങ്ങളിൽ മേനോനിൽ അനുരക്തയായിരുന്നു. എന്നാൽ സ്ത്രീ സ്വാതന്ത്ര്യവിരോധിയായ അയാൾ, തന്നെ ഇഷ്ടപ്പെടുകയില്ലെന്നു മനസ്സിലാക്കിയ അവൾ പട്ടണത്തിൽ നിന്നു കുറെ അകലെ താമസിക്കുന്ന അമ്മാവന്റെ സഹായം തേടി ജാനകിക്കുട്ടിയാവുകയായിരുന്നു. "പുരോഗമനം ആശിക്കുന്ന പുരുഷലോകം സ്ത്രീജനങ്ങളെ അടിച്ചമർത്തുന്നതു തനിക്കു തന്നെയും സ്വയംകൃതാനർത്ഥമാണെന്ന തത്വം എന്റെ ജീവിതചര്യകൊണ്ട് ഞാനങ്ങയെ മനസ്സിലാക്കി."[25] - അതായിരുന്നു ജാനകിക്കുട്ടിയുടെ (മിസ്. രത്നത്തിന്റെ) ലക്ഷ്യവും.

2.4. കൊടുങ്കാറ്റിൽ നിന്ന്

നിസ്സഹായയാവുന്ന സ്ത്രീ ശക്തിയുടെ പ്രതീകമായിത്തീരുന്ന സന്ദർഭങ്ങളും അപൂർവ്വമായി ഉണ്ടാവും എന്നതിനു തെളിവാണ് 'കൊടുങ്കാറ്റിൽ നിന്ന് ' എന്ന കഥ. സമൂഹത്തിൽ അന്തസ്സും ധനസ്ഥിതിയുമുള്ള വക്കീലിന്റെ മകളാണ് മേഴ്സി എന്ന സാധു പെൺകുട്ടി. മേഴ്സി എന്ന പദത്തിന്റെ അർത്ഥം തന്റെ ജീവിതത്തിൽ പകർത്തിക്കാണിക്കാനായി ജീവിക്കുന്നവൾ, കൂട്ടുകാർക്കെല്ലാം വേണ്ടപ്പെട്ടവൾ. രാജൻ എന്ന വികൃതിയായ കൂട്ടുകാരന്റെ തമാശയിൽ അവൾ ബോധരഹിതയായി. രക്തം കണ്ടാൽ ദുർബ്ബലയാവുകയും തലചുറ്റുകയും ചെയ്തിരുന്ന അവളുടെ മുൻപിലേക്ക്, മരത്തിനു മുകളിൽ നിന്ന് അവൻ വീഴുന്നു.

രക്താഭിഷിക്തനായി കിടക്കുന്ന അവനെ കണ്ട് അവൾ ബോധഹീനയാവുന്നു. ദിവസങ്ങൾക്കു ശേഷം ആശുപത്രിയിൽ അവൾ കണ്ണു തുറന്നത് ജ്വരബാധിതയായിട്ടാണ്. രണ്ടുപേരുടെയും പഠനം അതോടെ അവസാനിച്ചു.

അച്ഛനു സ്ഥലം മാറ്റമായപ്പോൾ ബേബി-കഥാകാരി - ആ പ്രദേശത്തോട് യാത്ര പറഞ്ഞു. ഏതാനും വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടിയ ഒരു സുഹൃത്തിൽ നിന്ന് മേഴ്സി, വിവാഹനിശ്ചയത്തിന്റെ പിറ്റേന്ന് ഒരു കോൺഗ്രസ് പ്രവർത്തകനോടൊപ്പം ഒളിച്ചോടിയെന്ന വിവരമറിഞ്ഞു. ആ പ്രവർത്തകൻ രാജൻ തന്നെയായിരിക്കുമെന്നവർ ഉറപ്പിച്ചു.

വർഷങ്ങൾക്കു ശേഷം ഉദ്യോഗവുമായി ബന്ധപ്പെട്ട് വിദൂരമായ ഒരു സ്ഥലത്ത് കഥാകാരി എത്തിപ്പെട്ടു. പ്രശാന്തസുന്ദരമായ ആ പ്രദേശത്ത് രാത്രിയുടെ ഏകാന്തതയിൽ വൈദേശികസാഹിത്യഗ്രന്ഥങ്ങളുമായി സല്ലപിച്ചിരിക്കുമ്പോൾ എന്നും ഒരു ഗാനവീചി അവരുടെ കാതിൽ വന്നലയ്ക്കാറുണ്ട്. ആ ഗാനത്തിന്റെ ഉറവിടം അറിയണമെന്നുണ്ടായിരുന്നു അവർക്ക്. പക്ഷെ, ആ വീട് തേടിപ്പോകാൻ ഔദ്യോഗികപ്രൗഢി അവരെ അനുവദിച്ചില്ല. ഒരു നാൾ വേലക്കാരിയിൽ നിന്ന് ആ വീടിന്റെ ഒരേകദേശ ചിത്രവും വീട്ടുകാരിയുടെ അവസ്ഥയും കഥാകാരി മനസ്സിലാക്കി. ആ ഗൃഹനാഥയുടെ ഭർത്താവ് ഒരു വിപ്ലവകാരിയായിരുന്നുവെന്നും അയാളിപ്പോൾ ജയിലിലാണെന്നും, അവരിപ്പോൾ ഒരു കുഞ്ഞുമായി തനിച്ചു താമസിക്കുകയാണെന്നും വേലക്കാരി പറഞ്ഞു. രാത്രിയിൽ തന്റെ ശരീരത്തിന്റെ ചൂടുതേടിയെത്തുന്ന കാപാലികൻമാരിൽ നിന്ന് രക്ഷപ്പെടാനാണ് അവർ പാട്ടുപെടുന്നതെന്നും വേലക്കാരി അറിയിച്ചു.

ആ ഏകാന്തഗായികയെ കാണാൻ കഥാകാരിക്ക് ആഗ്രഹം തോന്നി. തിരക്കുകൾ കാരണം അതിനുള്ള സാഹചര്യം ഒത്തുവന്നില്ല. ഒരു ഞായറാഴ്ച ഉച്ചയ്ക്ക് ഉച്ചത്തിലുള്ള അലർച്ച കേട്ട് കഥാകാരി ഭയന്നു. ജോലികൾ മാറ്റിവെച്ച് അവർ അവിടേക്ക് നടന്നു. []തീപ്പൊരി പാറുന്ന കൺമിഴികളിൽ തീവ്രമായ വിഷാദാത്മകതയോടെ, ഇടിമുഴക്കം പോലുള്ള ശബ്ദത്തിൽ, കരച്ചിലിന്റെ ലയവിശേഷത്തോടെ ഉള്ളിലേയ്ക്കല്പം വലിഞ്ഞ ചെഞ്ചുണ്ടുകളിൽ ഗദ്ഗദത്തിന്റെ വിറയലോടെ തന്നോടടുക്കുന്നവരെ ആട്ടിയോടിക്കുന്ന

[]മേഴ്സി[]യെയാണവർ കണ്ടത്. നടുങ്ങി നിൽക്കുന്ന ബേബിയോടവൾ പറഞ്ഞു : []ഇതൊരു കാഴ്ചയെന്നോ ബേബിച്ചേച്ചി. ഇതാണ് ഭ്രതദയ. ഇതാണ് ജീവകാരുണ്യം. ഇതാണ് മേഴ്സിയുടെ മറ്റൊരു രൂപാന്തരം. നിങ്ങൾ പറയാറില്ലേ, മാൻകിടാവെന്ന്. മാൻപേടയ്ക്ക് പെൺപുലിയായി മാറാമെന്ന് അവസാനം ഞാൻ തെളിയിച്ചു. ആളുകൾ കണ്ടുപഠിയ്ക്കട്ടെ. എത്ര നിസ്സഹായയായ ഒരു സ്ത്രീയുടെയും അഭിമാനത്തോടു തൊട്ടുകളിച്ചാൽ ഇതാണനുഭവമെന്ന്.[]26 മേഴ്സി ക്രൂവൽ ആകുന്ന ഒരു രംഗത്തിന് സാക്ഷിയാകേണ്ടിവന്ന ബേബിക്ക്, അവൾ മൂന്നു കൊലപാതകം നടത്തിയതായി അറിയാൻ കഴിഞ്ഞു. തനിക്കു ശേഷം നിരാലംബയായിപ്പോകുമായിരുന്ന തന്റെ കുഞ്ഞിനെക്കൂടി വധിച്ചുകളഞ്ഞു അവൾ.

വിചാരണത്തടവുകാരിയായിരിക്കെ, ജയിലിൽ വെച്ചവൾ ആത്മഹത്യ ചെയ്തു. ആയിടെതന്നെ രാജൻ എന്ന തടവുകാരനും മരണമടയുകയുണ്ടായി. സ്വന്തം കുഞ്ഞിനെ കൊന്ന പാപകർമ്മത്തെ എങ്ങനെ ന്യായീകരിക്കുമെന്ന സംശയം പലരും ഉന്നയിക്കുന്നു. []അത്തരം പരിതസ്ഥിതികളിൽ അങ്ങിനെയുള്ള നിർഭാഗ്യജീവികൾ ചെയ്തു പോവുന്ന ക്രൂരകൃത്യങ്ങൾ പാപമാകുമോ, നീചമാകുമോ, നികൃഷ്ടമാകുമോ?[]27 - ഒരുപാടു ചോദ്യങ്ങൾ വായനക്കാരന്റെ മുന്നിലേയ്ക്കെറിഞ്ഞുകൊടുത്തു കൊണ്ടാണ് കഥാകാരി കഥ അവസാനിപ്പിക്കുന്നത്.

2.5. ചക്രവർത്തിയുടെ സമ്മാനം

ആധുനിക നഗരജീവിതത്തിന്റെ ഒരു യഥാർത്ഥചിത്രമാണ് 'ചക്രവർത്തിയുടെ സമ്മാനം' എന്ന കഥയിൽ കാണുന്നത്. നാട്ടിൻപുറത്തുകാരിയായ മീര, എന്നെങ്കിലുമൊരിക്കൽ, അങ്ങു ദൂരെ തന്റെ നാട്ടിൽ വിശാലമായ ആകാശത്തിനു കീഴിൽ, ഏകാന്തതയിൽ തനിക്ക് മതിവരുവോളം നൃത്തം ചെയ്യണം എന്ന് ആഗ്രഹിക്കുന്നു. എന്നാൽ നിശാക്ലബ്ബുകളിൽ മദ്യം നുകർന്ന് ഉറയ്ക്കാത്ത കാൽവെപ്പുകളോടെ

ആരുടെയെങ്കിലുമൊക്കെ തോളിൽ തൂങ്ങി റോക്ക് എൻ റോൾ ചെയ്യുന്നതാണ് സംസ്കാരസമ്പന്നതയുടെയും പരിഷ്കാരത്തിന്റെയും അടയാളം എന്നു ധരിക്കുന്നവരുടെ മൂഢസ്വർഗ്ഗത്തിലാണ് അവളും ചെന്നെത്തുന്നത്.

രാജസ്ഥാനിലെ റാണിയായ മീര, കൊട്ടാരങ്ങളും സുഖങ്ങളും എല്ലാം ത്യജിച്ച്, ശ്യാമവർണ്ണന്റെ ക്ഷേത്രസന്നിധിയിൽ ആടിയും പാടിയും ജീവിതം ആസ്വദിക്കുകയായിരുന്നു. അവളുടെ പാട്ടിൽ പ്രേമം മാത്രമേയുള്ളൂ. കൃഷ്ണഭക്തയായ മീര തന്റെ ശ്വാസത്തിലേക്കു പോലും കൃഷ്ണപ്രണയം ആവാഹിച്ചു കഴിഞ്ഞിരുന്നു. അക്കാലത്താണ് അവളുടെ പാട്ടിൽ ലയിച്ചുപോയ മുഗൾ ചക്രവർത്തി തന്റെ രത്നാഹാരം അവൾക്ക് സമ്മാനിച്ചത്. പ്രേമസ്വരൂപനായ കൃഷ്ണനുവേണ്ടി അവൾ അതു സ്വീകരിച്ചു. എന്നാൽ പിറ്റേന്ന് ചക്രവർത്തിയുടെ രത്നഹാരം മീരയുടെ കഴുത്തിൽ കണ്ട് എല്ലാവരും അവൾക്കെതിരെ തിരിയുകയും അവളെ ഭ്രഷ്ടയെന്നു മുദ്ര കുത്തുകയും ചെയ്തു. അവൾക്ക് ശിക്ഷയായി വിഷപാനമാണ് കല്പിച്ചത്. അമൃതതുല്യമായി കരുതി അവൾ അത് കുടിച്ചു. ആ ജന്മം അവിടെ അവസാനിച്ചെങ്കിലും മീരമാർ ജനിച്ചുജീവിച്ചുകൊണ്ടേയിരിക്കുന്നു.

ആ പഴയ മീരയുടെ ആരാധികയാണ് കഥാനായികയായ മീര. എല്ലാം മറന്ന് നൃത്തത്തിൽ ലയിക്കാനാഗ്രഹിച്ചവൾ. എന്നാൽ നൃത്തപഠനം അവസാനിക്കുന്നതിനു മുമ്പുതന്നെ ഭർത്തൃമതിയായി പട്ടണത്തിലെത്തിച്ചേർന്നു അവൾ.

ക്ലബ്ബിൽ ഒറ്റയ്ക്കിരിക്കുന്ന അവളെ ഭർത്താവിന്റെ സുഹൃത്ത് അയാളോടൊപ്പം നൃത്തം ചെയ്യാൻ നിർബന്ധിക്കുമ്പോൾ അവൾ സ്വന്തം ശിരസ്സിൽ അടിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: []അല്ല. കലയുടെ ലോകത്തിൽ വിഭിന്നതകളില്ല. അവിടെ ചക്രവർത്തിയും ഭിക്ഷുവുമില്ല. കേവലം കലാകാരനും ആസ്വാദകനും മാത്രം. അക്ബർ ചക്രവർത്തി ആരാധകനായിരുന്നു. അതുകൊണ്ടാണ് മീര ആ സമ്മാനം സ്വീകരിച്ചത്. നിങ്ങളൊക്കെ റാണമാർ ... അന്തസ്സിനുവേണ്ടി പാട്ടും കൂത്തുമൊക്കെ

കൊണ്ടുനടക്കുന്നു. പക്ഷേ, ആത്മാവിൽ തട്ടിയ ഒരു പല്ലവി പാടിയാൽ മതി, മട്ടുമാറും.[28] ഇതുകേട്ട ഭർത്തൃസുഹൃത്ത് ശങ്കർ നിസ്സാരമാക്കിത്തള്ളി ചിരിച്ചുകൊണ്ടു പറഞ്ഞു : [നിങ്ങൾ കൂടുതൽ സെന്റിമെന്റലായതാണ് വിഷമം. നോക്കൂ മിസ്സിസ് ശർമ്മ! ജീവിതം ആസ്വദിക്കാനുള്ളതാണ്. അതു ലഹരിയാണ്. മിസ്റ്റർ ശർമ്മയ്ക്കതറിയാം. അദ്ദേഹം ആനന്ദനൃത്തം ചവിട്ടുന്നതു കണ്ടില്ലേ? വരൂ! നമുക്കും എൻജോയ് ചെയ്യാം.[29] അയാളുടെ ഇംഗിതത്തിനു വഴങ്ങി അയോളോടൊപ്പം റോക്ക് എൻ റോൾ ചെയ്യാനായി പോകുന്ന മീര. [നിയമത്തിന്റെ ബന്ധനമില്ല. ധർമ്മാധർമ്മ വിചിന്തനമില്ല. ഭൂതകാലത്തിന്റെ വേരുകൾ പറിച്ചെറിഞ്ഞു ഭാവിയുടെ ഭാരമില്ലാതെ, കേവലം ഈ നിമിഷത്തിന്റെ തേരിൽ ഞാനൊന്നു നർത്തനം ചെയ്യട്ടെ - ഞാൻ മാത്രമായ ഞാൻ ...[30]

നാട്ടിൻപുറത്ത്, അനന്തമായ ആകാശത്തിനു കീഴെ, നക്ഷത്രങ്ങളെ സാക്ഷിയാക്കി, ഏകാന്തതയിൽ തനിക്ക് സ്വയം മറന്ന് നൃത്തം ചെയ്യണം എന്ന ആഗ്രഹത്തിന് പിന്നീട് പ്രസക്തിയില്ലാതാവുന്നു. അവളും പട്ടണത്തിലെ കാപട്യത്തിന്റെ ഒരു ഘടകമാവുന്നു.

2.6. യുഗസന്ധി

ഒരു കഥയിലൂടെതന്നെ രണ്ടു പ്രമേയം അവതരിപ്പിക്കുന്ന അസാധാരണ രചനാവൈഭവമാണ് [യുഗസന്ധി] എന്ന കഥയിൽ പ്രകടമാവുന്നത്. ദേവകിയമ്മടീച്ചറുടെ നിരാലംബവാർദ്ധക്യവും, മരുമകന്റെ സാമൂഹിക കാപട്യത്തിനിരയാവേണ്ടിവന്ന മകളുടെ അമ്മയായ സരോജിനി ടീച്ചറുടെ ജീവിതവും ഒരേ കഥയിൽ കഥാകാരി സമർത്ഥമായി അനാവരണം ചെയ്തിരിക്കുന്നു.

റിട്ടയർമെന്റിനു ശേഷം ഏകാന്തജീവിതം നയിക്കുകയാണ് ദേവകിയമ്മടീച്ചർ. അകന്ന ബന്ധുവും നിരാശ്രയയുമായ അമ്മാളുക്കുട്ടിയാണ്

ുണ. ആഗ്രഹിച്ചവനോടൊപ്പമല്ലാത്ത വിവാഹം നടന്നതു മുതൽ ജീവിതം തന്നോടു കാണിച്ച നീതികേടിൽ അമർഷമുണ്ട് ദേവകിയമ്മടീച്ചർക്ക്. ഈ വാർദ്ധക്യത്തിൽ തനിക്കു മുന്നേ മൺമറഞ്ഞവർക്കു വേണ്ടി ബലിയർപ്പിക്കാനെങ്കിലും സാധിക്കുന്നതിൽ കൃതാർത്ഥയാണവർ. തനിക്കു വേണ്ടപ്പെട്ടവരുടെ ആത്മാക്കൾക്കുവേണ്ടി താൻ ചെയ്യുന്നതു പോലെ തനിക്കുവേണ്ടി ആരെങ്കിലും ചെയ്യാനുണ്ടാവുമോ എന്ന ആശങ്കയുണ്ടവർക്ക്. കാലം മാറുന്നതിനനുസരിച്ച് ആചാരങ്ങളും കുടുംബബന്ധങ്ങളുടെ കെട്ടുറപ്പും അയയുന്നതിൽ വേലാതിയുണ്ട് ടീച്ചർക്ക്.

വീട്ടുകാരുടെ ഇഷ്ടത്തിനനുസരിച്ച് വിവാഹം കഴിച്ച് പഠിച്ച സ്കൂളിൽ തന്നെ ജോലിക്കു ചേരുകയായിരുന്നു ദേവകിയമ്മ ടീച്ചർ. ആദ്യമെല്ലാം തറവാടു മഹിമയുടെ പേരിൽ, ജോലിക്കു പോകുന്നതിനെ വീട്ടിൽ പലരും എതിർത്തു. പക്ഷെ പിന്നീട് തന്റെ വരുമാനം അവർക്കെല്ലാം ആശ്രയമായി. ആരെയും പേടിക്കാതെ ശരിയെന്നു തോന്നുന്നത് ചെയ്യുന്ന ജീവിതമാണ് യഥാർത്ഥ ജീവിതമെന്ന് ടീച്ചറുടെ മകൾ പണ്ടേ അവരോട് പറയുമായിരുന്നു. അവൾ വളർന്നു വലുതായപ്പോൾ ഇഷ്ടപ്പെട്ടയാളെ വിവാഹം കഴിച്ച് നാടുവിട്ടുപോയി. നിലയും വിലയും കാറും ബംഗ്ലാവുമായി ജീവിക്കുന്നു. അവളുടെ ഒരേയൊരു മകൻ പഠിക്കാനായി വിദേശത്തുപോയിട്ട് തിരിച്ചുവന്നില്ല. അവളുടെ മകൾ, ആടിയും പാടിയും സൊസൈറ്റി ലേഡിയായി വിലസുന്നു. അവളുടെ കുടുംബജീവിതവും സുഖകരമല്ല.

ഗതകാലങ്ങളിലൂടെയും നിരാലംബ വർത്തമാനകാലത്തിലൂടെയും യാത്ര ചെയ്യുകൊണ്ടിരുന്ന ടീച്ചറെ, ശിഷ്യയും സ്കൂളിൽ തനിക്കു പകരം വന്നവരുമായ സരോജിനി ടീച്ചർ കാണാനെത്തുന്നു. അവർക്കു പറയാനുള്ളത് മകൾ മായയുടെ പട്ടണ ജീവിതത്തെക്കുറിച്ചുള്ള വ്യാകുലതകളാണ്. അരലക്ഷം രൂപയും അൻപതു പവൻ ആഭരണവും നൽകി പട്ടണത്തിലെ ഉദ്യോഗസ്ഥനു വിവാഹം ചെയ്തുകൊടുക്കുമ്പോൾ മകളുടെ ജീവിതം ധന്യമായി എന്ന് സരോജിനിടീച്ചർ

വ്യാമോഹിച്ചു. ഉദ്യോഗക്കയറ്റത്തിനും ബിസിനസ്സ് നേട്ടങ്ങൾക്കുമായി ഭാര്യയുടെ ശരീരം വിനിയോഗിച്ച ഒരു നീചനാണ് മരുമകൻ എന്ന് മകളുടെ മദ്യലഹരിയിൽ കുഴഞ്ഞ നാവിലൂടെ തന്നെ കേൾക്കുമ്പോൾ സരോജിനിടീച്ചർ തകർന്നു പോവുന്നു. രണ്ടാമതൊന്നാലോചിക്കാതെ അവർ അവളെ നാട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. മായയുടെ ദുരനുഭവത്തോട് ദേവകി ടീച്ചർ പ്രതികരിക്കുന്നത് ഇങ്ങനെയാണ് : "യുഗയുഗാന്തരങ്ങളായി നമ്മൾ ഇങ്ങനെയാണല്ലോ കൂട്ടീ കഴിയുന്നത്, പുരുഷൻ നമ്മളോട് ഇണങ്ങിയില്ലെങ്കിൽ നമ്മൾ അവനോട് ഇണങ്ങുന്നു. കുട്ടികൾ പിറക്കുന്നു. കുടുംബമുണ്ടാകുന്നു. ഈ ധീരതയില്ലെങ്കിൽ ജീവിതമെവിടെയാണ് ?"[31] ദേവകി ടീച്ചർ, അനാദികാലം മുതൽ പൊരുത്തപ്പെട്ടു ജീവിക്കാനുള്ള സ്ത്രീയുടെ സാമർത്ഥ്യത്തെപ്പറ്റി പറയുമ്പോൾ, എങ്ങനേയും പിടിച്ചുനിൽക്കാനായി, സ്വന്തം ശരീരം ഉപയോഗിച്ചും ഭർത്താവിന് ഉദ്യോഗക്കയറ്റവും ബിസിനസ്സ് നേട്ടങ്ങളും ഉണ്ടാക്കിക്കൊടുക്കാൻ നിയോഗിക്കപ്പെടുന്ന പെൺകുട്ടികളുടെ ജീവിതം അനാവരണം ചെയ്യുന്നു സരോജിനിടീച്ചർ. രണ്ടും ഒരേ സമൂഹത്തിന്റെ വ്യത്യസ്ത മുഖങ്ങൾ മാത്രം.

തന്റെ നിരാശ്രയത്വമോർത്ത് വ്യാകുലപ്പെടുന്ന ദേവകിയമ്മ ടീച്ചറുടെ മുൻപിലേക്ക്, വർഷങ്ങൾക്കു മുമ്പ് വിദേശത്തു പഠിക്കാൻ പോയി ഇതുവരെ തിരിച്ചുവരാതിരുന്ന പേരമകൻ എത്തിച്ചേരുകയും, അവന് ഏതോ മദാമ്മയുമായുണ്ടായിരുന്ന ദാമ്പത്യത്തിന്റെ ശേഷിപ്പായ കുഞ്ഞിനെ അമ്മൂമ്മയ്ക്ക് സമ്മാനമായി നൽകുകയും ചെയ്യുന്നു. അടുത്ത ദിവസത്തെ ശ്രാദ്ധകർമ്മത്തിന് ബലിയിടാൻ തയ്യാറാകുന്ന അനന്തര തലമുറയെ കാണുമ്പോൾ, താൻ നിരാശ്രയയോ അനാഥയോ അല്ലെന്ന ധൈര്യം നിറയുന്നു ദേവകി ടീച്ചറുടെ മനസ്സിൽ.

2.7. തിരികെ വരൂ

"അഗ്നിപുഷ്പങ്ങൾ" എന്ന സമാഹാരത്തിൽ "ഉദയത്തിനു നേരെ" എന്ന പേരിൽ പ്രസിദ്ധീകരിച്ച കഥയാണ് 'തിരികെ വരൂ' എന്ന പേരിൽ സമ്പൂർണ്ണ

സമാഹാരത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഉദയത്തിനു നേരെ വിമുഖത കാട്ടാതെ സധൈര്യം ഉണർന്നെണീക്കാൻ ഉദ്ബോധിപ്പിക്കുന്ന കഥയാണിത്. സ്ത്രീസ്വാതന്ത്ര്യാശയങ്ങൾ മലയാള സമൂഹത്തിൽ പ്രചരിക്കാൻ തുടങ്ങിയ കാലത്തെയും അതിനു വേരുറപ്പിക്കാനാവാതിരുന്ന പരിതസ്ഥിതിയെയും അന്തർജ്ജനം ഈ കഥയിൽ, അകലെ മാറിനിന്നുകൊണ്ട് നമുക്ക് പരിചയപ്പെടുത്തുന്നു.

കഥയിലെ നായിക ഭാനുമതിയമ്മ, വിവാഹം പോലും വേണ്ടെന്നുവച്ച് സ്ത്രീകളുടെ സാമൂഹികമായ ഉന്നമനത്തിനായി ഇറങ്ങിപ്പുറപ്പെട്ട ഒരു ആദർശവനിതയാണ്. വിവാഹം കഴിക്കാതെയും പുരുഷന്റെ പിൻതുണയില്ലാതെയും ഒരു സ്ത്രീക്ക് സമൂഹത്തിൽ പലതും ചെയ്യാൻ കഴിയുമെന്ന് കാണിച്ചുകൊടുക്കാൻ സധൈര്യം തയ്യാറായവരാണ് ഭാനുമതി. വിവാഹം എന്ന സ്ഥാപനത്തോടും അതു നൽകുന്ന പ്രാരാബ്ദങ്ങളോടും കഷ്ടപ്പാടുകളോടും അവർക്ക് പുച്ഛമായിരുന്നു എന്നത് കുടുംബിനിയായ കഥാകാരിയോട് അവർക്കുണ്ടായിരുന്ന നിലപാടിൽ നിന്ന് വ്യക്തമാണ്.

കഥാകാരിക്ക് ഭാനുമതിയോട് നൂറു ശതമാനവും യോജിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവരുടെ ആത്മാർത്ഥതയും അഭിമാനബോധവും കഥാകാരിയെ സ്പർശിച്ചിരുന്നു. ഗതികേടുകൊണ്ട് സാമൂഹ്യപരിഷ്കരണത്തിന് ഇറങ്ങിത്തിരിച്ചവളായിരുന്നില്ല ഭാനുമതി. സ്ത്രീകളെപ്പറ്റിയുള്ള പരിഹാസം മാറ്റാനും അവരുടെ പരിമിതികൾ പരിഹരിക്കാനും തന്റെ ജീവിതം ഉഴിഞ്ഞുവെക്കുകയായിരുന്നു അവർ. അന്തസ്സുള്ള ഒരു തറവാട്ടിലെ അംഗമായിരുന്ന അവർ പണവും പഠിപ്പും ഉള്ളവളായിരുന്നു. നിസ്വാർത്ഥമായ സാമൂഹിക സേവനത്തിനിറങ്ങിപ്പുറപ്പെട്ട് കഷ്ടപ്പാടും ചീത്തപ്പേരും വാങ്ങിച്ചുകൂട്ടേണ്ട ഗതികേടൊന്നും അവർക്കുണ്ടായിരുന്നില്ല.
എന്നിട്ടും തന്റെ ജന്മം കൊടുത്ത് കഴിയുന്നത്ര സഹായം സ്ത്രീസമൂഹത്തിനു നൽകാൻ അവർ തയ്യാറായി. ഈ ആത്മാർത്ഥയാണ് കഥാകാരിയുടെ മനസ്സിൽ അവർക്കൊരു സ്ഥാനം നേടിക്കൊടുത്തത്.

സമാന ചിന്താഗതിയുള്ള പെൺകുട്ടികളെ ഒരുമിച്ചു ചേർത്ത് ഒരു സംഘടനയുണ്ടാക്കി അവരെ ബോധവൽക്കരിക്കുകയാണ് ആദ്യം തന്നെ ഭാനുമതി ചെയ്തത്. അതിനായി ഒരു വീടു വാടകയ്ക്കെടുത്ത് അത് തങ്ങളുടെ പ്രവർത്തന കേന്ദ്രമാക്കി. ഒഴിവുസമയത്ത് നൃത്തനൃത്തപ്പും നെയ്ത്തും തുന്നൽക്ലാസും നടത്തി. സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ട രീതിയിൽ പല സംരഭങ്ങളും അവിടെ ഒരുക്കി. അതുവരെ സ്ത്രീകളെക്കുറിച്ച് ഒന്നിനും കൊള്ളാത്തവർ എന്നു പറഞ്ഞ് പരിഹസിച്ചിരുന്നവർ തന്നെ ഇവർ മോശമില്ലല്ലോ എന്നു പറയാൻ തുടങ്ങി.

സ്ത്രീകൾക്ക് സ്ത്രീകളെന്ന നിലയിൽ അഭിമാനിക്കാവുന്ന ഒരു സ്ഥാപനം. അവിടെ ജാതിഭേദമില്ല; ധനികദരിദ്ര വ്യത്യാസമില്ല. 'സദന'ത്തിലെ നിയമങ്ങളനുവദിക്കുന്ന ഏതു സ്ത്രീക്കും അവിടെ അംഗമാവാം. ഭാനുമതിക്കുവേണ്ടി ജീവൻ കൊടുക്കാൻ പോലും അംഗങ്ങൾ തയ്യാറായിരുന്നു.

ഭാനുമതിയമ്മ രാഷ്ട്രീയപ്രവർത്തകയല്ലായിരുന്നു. പക്ഷെ രാഷ്ട്രീയനേതാക്കളുടെയും ഭാര്യമാർക്കും സഹോദരിമാർക്കും വരെ സദനം അഭയസ്ഥാനമായിരുന്നു. ആ നേതാക്കൾ പലരും അവിടെ വന്നുപോകാറുണ്ടെന്ന കേട്ടുകേൾവിയാൽ രഹസ്യപ്പോലീസിന്റെ നിരീക്ഷണത്തിലായി സദനം. അതോടെ സദനത്തിന്റെ പ്രശസ്തി വർദ്ധിക്കുകയായിരുന്നു.

ഭാനുമതി ലൗകിക വിദ്വേഷിയല്ല. അവരുടെ പെരുമാറ്റങ്ങളിൽ പാരുഷ്യമുണ്ടായിരുന്നില്ല. കുലീനവും നിസ്സംഗവുമായ അച്ചടക്കം ഉണ്ടായിരുന്നുതാനും. അവർ സന്യാസിനിയായിരുന്നില്ല. പലതരക്കാരുമായും അവർക്കിടപെടേണ്ടതുണ്ട്. അതുകൊണ്ടുതന്നെ കരുതൽ ആവശ്യമാണ്. ഒരു സ്കൂൾ മിസ്ട്രസ്സിന്റെ ഗൗരവവും തറവാട്ടമ്മയുടെ തന്റേടവും ഒരുമിച്ച് യോജിപ്പിച്ചുകൊണ്ടുമാത്രമേ അവർ ബാഹ്യലോകത്തിറങ്ങിയിട്ടുള്ളൂ.

ഇത്രയും കർക്കശസ്വഭാവക്കാരിയായ ഭാനുമതിയുടെ സദനത്തിലെ ഏറ്റവുമടുത്ത സുഹൃത്ത് രാധ എന്ന കവയിത്രിയായിരുന്നു. എപ്പോഴും പാട്ടുമൂളിക്കൊണ്ടു നടക്കുന്ന, ചങ്ങമ്പുഴയുടെ പ്രേമഗീതങ്ങളിൽ ആകൃഷ്ടയായ രാധയെ ഭാനുമതി ഏറെ ഇഷ്ടപ്പെട്ടിരുന്നു.

കുടുംബബന്ധങ്ങളുടെ തിരക്കിൽപെട്ട് കുറെ നാളത്തേക്ക് സദനത്തിൽ പോകാൻ കഥാകാരിക്ക് കഴിഞ്ഞില്ല. പിന്നീട് രാധയുടെ വാക്കുകളിലൂടെയാണ് സദനത്തിൽ വന്ന മാറ്റങ്ങൾ കഥാകാരി അറിയുന്നത്. ഇതിനിടയിൽ സാമൂഹ്യപരിഷ്കരണശ്രമങ്ങൾക്ക് പൊതുവെ ഒരു മന്ദത അനുഭവപ്പെട്ടിരുന്നു. അത് സദനത്തെയും ബാധിച്ചു. പഴയ പ്രവർത്തകരിൽ പലരും പിരിഞ്ഞുപോയി. പുതുതായി വന്നവർക്ക് ആത്മാർത്ഥതയും കുറവായിരുന്നു. ഒരു രാഷ്ട്രീയപാർട്ടിയുടെ സഹായം കൂടുതലുണ്ടായിരുന്നതുകൊണ്ട് എതിർപാർട്ടിയോട് അനുഭാവമുണ്ടായിരുന്നവർക്ക് പിണക്കമായി. പലരും ഭാനുമതിയെക്കുറിച്ച് അപവാദങ്ങൾ വരെ പറഞ്ഞുതുടങ്ങി.

താൻ കേട്ടതൊന്നും മുഖവിലയ്ക്കെടുക്കാൻ കഥാകാരി തയ്യാറല്ലായിരുന്നു. അതുകൊണ്ടുതന്നെ ഒരുനാൾ അവർ സദനത്തിലെത്തി. രാധയുടെ വാക്കുകൾ സ്ഥിരീകരിക്കുംപോലെ ഭാനുമതിയുടെ മുഖത്ത് അവർ ഒരു ശോകഛായ ദർശിച്ചു. പതിവില്ലാത്തവിധം കഥാകാരിയുടെ ഇളയകുഞ്ഞിനെ അന്ന് ഭാനുമതി കൈയിലെടുത്ത് ലാളിക്കുകയുമുണ്ടായി.

അവിചാരിതമായുണ്ടായ രോഗപീഡയും അതിന്റെ അനന്തരഫലങ്ങളുമായി കഥാകാരിക്ക് കുറെക്കാലം പുറംലോകവുമായുള്ള ബന്ധം അറ്റുപോയിരുന്നു. ഇടയ്ക്കെപ്പോഴോ, ഭാനുമതി സദനം വിട്ട് പുറത്തെവിടെയോ ഉള്ള ഒരു പ്രസിദ്ധ ആശ്രമത്തിലേക്ക് പോയി എന്നുകേട്ടപ്പോൾ, അവരുടെ സേവനം ഒരു ചെറിയ പ്രദേശം മാത്രമല്ല രാജ്യം മുഴുവൻ അർഹിക്കുന്നുണ്ട് എന്നേ തോന്നിയുള്ളൂ. അതിനുശേഷം ഏറെനാൾ കഴിഞ്ഞ് ഒരു തീവണ്ടിയാത്രയ്ക്കിടയിൽ അവിചാരിതമായി രാധയെ കണ്ടുമുട്ടിയ കഥാകാരി അവളിൽ നിന്ന് ഒരുപാടു വിവരങ്ങൾ അറിയുന്നു. സദനത്തിന്റെ

തകർച്ചയ്ക്കു ശേഷം വീട്ടിലേക്കു തിരിച്ചുപോയ അവൾ ഏറെ താമസിയാതെ വിവാഹിതയായി. മൂന്നു കുട്ടികളുടെ അമ്മയുമായി. അടുത്തുള്ള ഒരു സ്കൂളിൽ അദ്ധ്യാപികയാണ് അവളിപ്പോൾ. ജീവിതത്തിലെ തിരക്കുകളും പ്രാരാബ്ധങ്ങളും അവളെ മാറ്റിയിട്ടുണ്ടെങ്കിലും പുതിയ ജീവിതത്തിലും അവൾ സംതൃപ്തയാണെന്ന് കഥാകാരി തിരിച്ചറിഞ്ഞു.

പക്ഷെ, സ്ത്രീസമൂഹത്തിനാകമാനം കുറച്ചിലുണ്ടാക്കുന്ന വിധത്തിൽ ഭാനുമതിയുടെ ജീവിതം മാറിപ്പോയെന്ന് രാധയിൽ നിന്നറിഞ്ഞ കഥാകാരി ഞെട്ടിപ്പോയി. സ്ത്രീ അച്ചടക്കത്തോടെ ജീവിക്കണമെന്നും അവൾക്ക് അലങ്കാരങ്ങളോ ആഡംബരങ്ങളോ ആവശ്യമില്ലെന്നും നിഷ്കർഷിച്ചിരുന്ന ഭാനുമതി "വിവാഹിതയാവാതെ പ്രസവിച്ചു" എന്ന വാർത്തയാണ് രാധയിൽ നിന്ന് അവർ അറിഞ്ഞത്.

സദനം വിട്ട് ദൂരെയുള്ള പ്രശസ്തമായ ആശ്രമത്തിലേക്ക് പോയ ഭാനുമതി ആദ്യമായി രാധയ്ക്കെഴുതിയ കത്തിൽ തന്നെ നിരാശയാണ് നിഴലിച്ചിരുന്നത്. തനിക്കു സംഭവിച്ച ഏതോ തകർച്ചയെ അവർ പരോക്ഷമായി സൂചിപ്പിക്കുന്നുണ്ടായിരുന്നു. ഭാനുമതിയിൽ ഉണ്ടായ അസ്വാഭാവികമായ ഈ നിരാശയുടെ കാരണം കണ്ടെത്തണമെന്ന് തീരുമാനിച്ച രാധ ആ പട്ടണത്തിലെത്താനായി കാത്തിരുന്നു. ഏഴെട്ടുമാസത്തെ കാത്തിരിപ്പിനു ശേഷം ഒരു ഇന്റർവ്യൂവിന്റെ പേരിൽ അവൾക്കവിടെ പോകാനായി. ആശ്രമത്തിൽ അന്വേഷിച്ചപ്പോൾ പുച്ഛസ്വരത്തിലുള്ള മറുപടിയാണ് ലഭിച്ചത്. ഭാനുമതി രണ്ടുമാസം മുമ്പ് അവിടെ നിന്ന് പോയി എന്ന് അവർ അറിയിച്ചു. ഒടുവിൽ ജീവിതവും ചിന്തകളും ആദർശവും സ്വപ്നങ്ങളും എല്ലാം തകർന്നടിഞ്ഞ ഭാവത്തിൽ ഒരു നരുന്തുകുഞ്ഞിനേയും മടിയിൽ വെച്ച് ഒരാസ്പത്രിവരാന്തയിൽ ഇരിക്കുന്ന ഭാനുമതിയെയാണ് ഒടുവിൽ അവൾക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. അടുത്ത വണ്ടിക്കുതന്നെ നാട്ടിൽ തിരിച്ചെത്തിയ രാധ അധികം വൈകാതെ വിവാഹിതയായി.

കഥാകാരിയാകട്ടെ, ഭാവുകമതിയോട്, യാത്രയ്ക്കിടയിലെപ്പോഴോ കൈമോശം വന്ന ആത്മബലം വീണ്ടെടുത്ത്, തെറ്റിനെ തെറ്റായി അംഗീകരിച്ച് അതിൽനിന്ന് ശരിയിലേക്കുള്ള ശക്തി വീണ്ടെടുത്ത് ഉന്മേഷത്തോടെ പ്രവർത്തനമേഖലയിലേക്ക് തിരിച്ചുവരാൻ അഭ്യർത്ഥിക്കുന്നു.

സാമുദായിക അനാചാരങ്ങളിലൊതുങ്ങി നിൽക്കാതെ അന്തർജ്ജനത്തിന്റെ ഭാവന സമൂഹത്തിന്റെ വിവിധ മേഖലകളിലേക്ക് തിരിഞ്ഞതിന്റെ ഫലമാണ് അവരുടെ സാമൂഹിക കഥകൾ. ഈ വകുപ്പിൽ പെടുത്താവുന്ന കഥകൾ ധാരാളമുണ്ടെങ്കിലും സ്ത്രീകഥാപാത്രങ്ങൾക്കു പ്രാധാന്യമുള്ളവ മാത്രമേ ഇവിടെ പഠനവിധേയമാക്കിയിട്ടുള്ളൂ.

മാതൃത്വം

മാതൃത്വത്തിന്റെ മഹനീയഗാഥകളായി നിലകൊള്ളുന്ന ധാരാളം കഥകളുണ്ട് അന്തർജ്ജനത്തിന്റേതായി. ഏതൊരു സ്ത്രീയും അമ്മയാവുമ്പോഴേ മഹനീയയും സംപൂർണ്ണയുമാകുന്നുള്ളൂ എന്ന അഭിപ്രായം വിളിച്ചോതുന്നവയാണ് ഈ കഥകൾ. ജീവിതത്തിലൊരിക്കലും മാതൃത്വം എന്ന മഹനീയഭാവം അനുഭവിക്കാൻ അവസരം ലഭിക്കാത്തവർ, യൗവ്വനകാലത്ത് ആ മഹനീയതയെ തള്ളിപ്പറഞ്ഞവർ, മറ്റുള്ളവർ പ്രസവിച്ച കുഞ്ഞുങ്ങൾക്ക് സ്തന്യം നൽകി ആ സംതൃപ്തി അനുഭവിച്ചവർ തുടങ്ങി മാതൃത്വത്തിന്റെ വിവിധ ഭാവങ്ങളിലുള്ള കഥാപാത്രങ്ങളെ അന്തർജ്ജനത്തിന്റെ കഥാപ്രപഞ്ചത്തിൽ കണ്ടെത്താനാവും.

അവിവാഹിത

വിവാഹം എന്ന സ്വപ്നത്തെ എതിർക്കുകയും, വിവാഹിതരായ സ്ത്രീകളുടെ ദുരിതങ്ങളെ പുച്ഛിക്കുകയും, ഗർഭം, പ്രസവം എന്നീ പ്രകൃതി നിയമങ്ങളെ പരിഹസിക്കുകയും ചെയ്തിരുന്ന ലേഡി ഡോക്ടറുടെ കഥ പറയുകയാണ് [അവിവാഹിത] എന്ന കഥയിൽ. ആരുടെയും കഷ്ടതകളിൽ അവളുടെ കരൾ അലിയുകയില്ലായിരുന്നു. ഒരിക്കൽ കൗമാരപ്രായം കഴിഞ്ഞിട്ടില്ലാത്ത ഒരു പെൺകുട്ടി പ്രസവവേദനയുമായി അവരുടെ ആശുപത്രിയിൽ എത്തുന്നു. വേദനയോടു മല്ലിട്ട് നാളുകൾ കഴിച്ചുകൂട്ടിയതിന്റെ ലക്ഷണങ്ങൾ അവളിൽ

പ്രകടമായിരുന്നു. ഡോക്ടറുടെ സാമർത്ഥ്യത്താൽ ഓപ്പറേഷനിലൂടെ ആ കുഞ്ഞിനെ പുറത്തെടുക്കാൻ കഴിഞ്ഞെങ്കിലും അത് മരിച്ചിരുന്നു. ആ അമ്മയുടെ തളർന്ന കിടപ്പും വേദനയും ദുഃഖവും ഡോക്ടറെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. ബാല്യവിവാഹവും അതിൽ നിന്നുദിക്കുന്ന പ്രശ്നങ്ങളും ഭർത്താവിന്റെ സ്വാർത്ഥതയും മാതാപിതാക്കളുടെ ഭാരമൊഴിവാക്കലും എല്ലാം അവരുടെ ചിന്തക്ക് വിധേയമായി . ഇത്തരം ദുരിതങ്ങൾക്കെല്ലാം കാരണം നിലവിലുള്ള ചില അനാചാരങ്ങളാണെന്നവർ മനസ്സിലാക്കി. മറ്റുള്ളവർക്കുവേണ്ടി ഉഴിഞ്ഞിടേണ്ടിവരുന്ന സ്ത്രീജീവിതത്തെക്കുറിച്ച് ഓർത്തപ്പോൾ തന്റെ ജീവിതത്തിൽ അത്തരം അവസ്ഥകൾക്ക് സ്ഥാനമുണ്ടാവില്ലെന്നവൾ തീരുമാനിച്ചു. പുരുഷനുമായുള്ള 'കൂട്ടേർപ്പാടിൽ' നഷ്ടങ്ങൾ മാത്രം ഏറ്റുവാങ്ങുന്ന ഒരു സ്ത്രീയാകാൻ ആ ഡോക്ടർ തയ്യാറല്ലായിരുന്നു. തന്റെ ചികിത്സ തേടിയെത്തുന്ന ഓരോ ഗർഭിണിയോടും ഗർഭപ്രസവങ്ങളുടെ ക്ലേശങ്ങൾ വിവരിക്കുകയും അതിൽ നിന്ന് ഇനിയെങ്കിലും പിൻതിരിയാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന അവർ.

വർഷങ്ങൾ കഴിഞ്ഞു. ഡോക്ടർ പ്രശസ്തയാവുകയും ശമ്പളവും സ്ഥാനമാനങ്ങളും ഉയരുകയും ചെയ്തു. അവർ ഇപ്പോൾ ആ ആശുപത്രിയിലെ പ്രധാന ഡോക്ടറായ മിസ്സിയമ്മയാണ്. അവിവാഹിതയായി തുടരുന്ന അവർക്ക് ഒട്ടേറെ ആലോചനകൾ വരുന്നുണ്ടെങ്കിലും അവർ താല്പര്യം കാണിക്കുന്നില്ല. ഒരു നാൾ തന്റെ ആശുപത്രിയിൽ വെച്ച് പ്രസവിക്കുകയും തുടർന്ന് ജ്വരബാധിതയാവുകയും ചെയ്ത സ്ത്രീ മരണക്കിടക്കയിൽ വെച്ച് ഡോക്ടറോട് തന്റെ ജീവിതകഥ പറയുന്നു. താൻ മരിച്ചാൽ പട്ടാളക്കാരനായ ഭർത്താവ് തേടിയെത്തുന്നതുവരെ തന്റെ കുഞ്ഞിനെ സംരക്ഷിക്കാൻ കനിവുണ്ടാകണമെന്ന് അവൾ അപേക്ഷിക്കുന്നു. ഡോക്ടർ ആ സ്ത്രീക്ക് വാക്കു കൊടുക്കുകയും വൈകാതെ ആ സ്ത്രീ മരണത്തിന് കീഴടങ്ങുകയും ചെയ്യുന്നു.

ഡോക്ടറുടെ വീട്ടിൽ ആ കുഞ്ഞ് - ബേബി വളർന്നുകൊണ്ടിരുന്നു. അതിനനുസരിച്ച് ഡോക്ടറുടെ മനസ്സിലും ചില മാറ്റങ്ങൾ പ്രകടമായി.

പതുക്കെപതുക്കെ അവർ അവനെ ഇഷ്ടപ്പെട്ടുതുടങ്ങി. അവന്റെ സുഖസൗകര്യങ്ങളിൽ അവർ ശ്രദ്ധാലുവായി. പ്രസവിക്കരുതെന്ന് ഇപ്പോഴൊന്നും അവർ ഒരു സ്ത്രീയോടും പറയാറില്ല. ആ മഹാവേദനയിൽ നിന്നുദിച്ച ആനന്ദമാണ് ബേബി എങ്കിൽ അത് എല്ലാ സ്ത്രീകളും കൊതിക്കുമെന്നവർക്കു ബോധ്യമായി. പക്ഷെ അതിനെതിരെ ശക്തമായ ആദർശം കൊണ്ടു നടന്നിട്ട് ഇപ്പോൾ അതു ആഗ്രഹിക്കാൻ അവർക്കാവില്ല. അഥവാ ആഗ്രഹമുണ്ടെങ്കിലും പുറത്തുപ്രകടിപ്പിക്കാനാവാത്തതിന്റെ പരിഹാരമായി ബേബിയെ കൂടുതൽ സ്നേഹിച്ച് അവൾ ദിവസങ്ങൾ തള്ളിനീക്കി.

ഒരു ദിവസം ബേബിയുടെ പിതാവായ പട്ടാളക്കാരൻ ഡോക്ടറെ തേടിയെത്തി. തന്റെ കുഞ്ഞിനെ ആവശ്യപ്പെട്ട അയാളോട് ഡോക്ടർ അതിനുള്ള തെളിവ് ആവശ്യപ്പെട്ടു. എല്ലാ സർട്ടിഫിക്കറ്റുകളും നിരത്താമെന്നും എന്നാൽ അതിനേക്കാളെല്ലാം വലിയ തെളിവ് അവൻതന്നെയാണെന്നും പറഞ്ഞ അയാൾ അവനെ വിളിക്കാൻ ആവശ്യപ്പെട്ടു. ഇത്രയും നാൾ തന്റെ സ്വന്തമെന്നു കരുതിയ ബേബി തന്റേതല്ലാവുന്ന അവസ്ഥ അവർക്കോർക്കാൻ പോലും വയ്യായിരുന്നു. ഈ സമയത്ത് അവിടേയ്ക്കോടി വന്ന കുഞ്ഞ് അയാളോട് അപരിചിതനോടെന്നവണ്ണം പെരുമാറുന്നു. ജീവിതത്തിലെ ഏക ധനം അവനാണെന്നും അവനെ വിട്ടുതരണമെന്നും അപേക്ഷിച്ച അയാളോട് കുഞ്ഞിന് സമ്മതമാണെങ്കിൽ കൊണ്ടുപൊയ്ക്കൊളളാൻ ഡോക്ടർ പറഞ്ഞു. അയാൾ പുറത്തുപോയി, കുഞ്ഞിനെ പ്രലോഭിപ്പിക്കാനായി ഏതാനും കളിപ്പാട്ടങ്ങൾ വാങ്ങി തിരിച്ചുവന്നു. കുഞ്ഞ് അയാളോടിണങ്ങുകയും പിന്നീട് കൂടെ പോകാൻ തയ്യാറാവുകയും ചെയ്തു.

അവന്റെ അസാന്നിദ്ധ്യം ഡോക്ടറെ ദുഃഖിതയാക്കി. അവൻ തന്റേതല്ലെങ്കിലും താൻ അവന്റേതായിത്തീർന്നെന്ന് ബോദ്ധ്യപ്പെട്ട ലേഡിഡോക്ടർ വ്യാകുലയായി. പ്രസവത്തേയും മാതൃത്വത്തേയും എന്നും

തളളിപ്പറഞ്ഞിരുന്ന ലേഡി ഡോക്ടർ ഇപ്പോൾ അതിനായി കൊതിച്ചു. ഒറ്റയ്ക്കിരിക്കുമ്പോൾ അവരുടെ ചിന്തകൾ കുഞ്ഞിനെ ചുറ്റിപ്പറ്റിയായി. ഓരോ നിമിഷവും അവൻ ഇപ്പോൾ എന്തു ചെയ്യുകയായിരിക്കുമെന്നവർ ഓർക്കും. അച്ഛനോടൊപ്പം പോകുമ്പോൾ അവൻ തന്നെ ക്ഷണിച്ചത് അവരുടെ ഓർമ്മയിലെത്തി. തന്റെ സമ്പാദ്യമത്രയും കൊടുത്ത് ബേബിയെ തിരികെവാങ്ങാൻ അവർ തീരുമാനിച്ചു. വൈകാതെ അവർ പട്ടാളക്കാരന്റെ വീട്ടിലെത്തി. എന്നാൽ ആ പിതാവ് അതിന് വഴങ്ങിയില്ല. പുത്രസ്നേഹത്താൽ മനമലിഞ്ഞ ലേഡി ഡോക്ടർ മറ്റു പോംവഴികളില്ലാത്തതിനാൽ ജോലി രാജിവെച്ച് പട്ടാളക്കാരനോടൊപ്പം ആ വീട്ടിൽ താമസിക്കാനും തുടർന്നും ബേബിക്ക് അമ്മയായിരിക്കാനും അയാളുടെ അനുമതി തേടുന്നു. അങ്ങിനെ

നാല്പത്തഞ്ചാം വയസ്സിൽ ആ പട്ടാളക്കാരന്റെ രണ്ടാം ഭാര്യയായിത്തീർന്ന അവർ ബേബിക്ക് അമ്മയായി തുടർന്നു. മാത്രമല്ല, ഒരു കുഞ്ഞിനെ ഗർഭത്തിൽ ചുമന്ന് പ്രസവിക്കാനുളള അദമ്യമായ ആഗ്രഹവുമുണ്ടായിരുന്ന അപ്പോൾ അവരുടെയുള്ളിൽ.

3.2. വരം

ചിട്ടപ്പെടുത്തിയ പദ്ധതികളോടെയും ജീവിതചര്യകളോടെയും കുടുംബം ഭരിക്കുകയും ആ കുടുംബത്തിന് തന്റെ സ്നേഹവും ജീവനും പകർന്നുകൊടുക്കുകയും ചെയ്യുവെങ്കിലും, കാർക്കശ്യത്തിനു മുൻപിൽ സ്നേഹം അറിയപ്പെടാതെ പോകുന്ന കാഴ്ചയാണ് 'വരം' എന്ന കഥയിൽ പ്രമേയമായിരിക്കുന്നത്. വീട്ടിലെ എല്ലാ കാര്യങ്ങളും താൻ തീരുമാനിക്കുന്നതുപോലെയേ ആകാവൂ എന്നും എല്ലായിടത്തും തന്റെ സജീവസാന്നിദ്ധ്യം പ്രകടമാവണമെന്നും അതിയായി ആഗ്രഹിച്ചവളായിരുന്ന നിർബന്ധമുളളവളായിരുന്ന 'വരം' എന്ന കഥയിലെ മീനാമാമി. പക്ഷെ ഈ കടുംപിടുത്തവും കാർക്കശ്യവും - അത് സ്നേഹത്തിന്റെ പേരിലാണെങ്കിൽ പോലും - ആ കുടുംബത്തെ മുഴുവൻ ശിഥിലമാക്കുന്ന കാഴ്ചയാണ് കഥയിലുളളത്.

വിവാഹം കഴിഞ്ഞ് പതിനഞ്ചു വർഷമായിട്ടും മക്കളുണ്ടാവാതിരുന്ന ദമ്പതിമാർ ഒരവസാനശ്രമമെന്ന നിലയിൽ യോഗിനീ മാതാവിന്റെ

ആശ്രമത്തിൽ അനുഗ്രഹാശിസ്സുകൾക്കായി എത്തുന്നു. പട്ടണവാസിയായ അയാൾക്ക് മനുഷ്യദൈവങ്ങളിൽ വിശ്വാസമില്ല. എന്നാൽ അയാളുടെ ഭാര്യ തെളിവുകൾസഹിതം വാദിച്ച് തന്റെ ആവശ്യം ന്യായമാണെന്ന് സമർത്ഥിക്കുമ്പോൾ അയാൾ അവരോടൊപ്പം പോകാൻ നിർബന്ധിതനാവുന്നു.

യോഗിനീ മാതാവിന്റെ ആശ്രമം നഗരത്തിലെ പ്രധാന സ്ഥാപനങ്ങളിലൊന്നാണ്. അവിടെ ശിഷ്യരുടെയും ഭക്തരുടെയും തിരക്കായിരുന്നു. പല തരക്കാർ, പല ആവശ്യക്കാർ. വെറുതെ ഒരു രസത്തിനു വേണ്ടി കയറിയിറങ്ങുന്നവരും അക്കൂട്ടത്തിലുണ്ടായിരിക്കും. ഏതായാലും ഇത്രയും ആളുകൾ തിങ്ങിക്കൂടുന്ന ആ സ്ഥലവും, അവർ പൂജിക്കുന്ന മാതാവും അയാളിൽ മതിപ്പുളവാക്കുന്നു.

യഥാർത്ഥ ദേവിയെപ്പോലെ തിളങ്ങി വിളങ്ങി വേദിയിൽ പത്മാസനത്തിലിരിക്കുന്ന അമ്മയുടെ പ്രഭാവം ചുറ്റുപാടും പ്രസരിച്ചു. സുമ - അയാളുടെ ഭാര്യ - മറ്റു ഭക്തരോടൊപ്പം ആരാധനയിൽ മുഴുകി. എന്നാൽ തികഞ്ഞ ഭൗതികവാദിയായ താൻ ഈ സ്ത്രീയുടെ മാന്ത്രികശക്തിയിലൊന്നും അകപ്പെടുകയില്ലെന്ന് അയാൾ തീരുമാനിച്ചുറപ്പിച്ചു.

ഭക്തരെ ആശിർവദിക്കുന്നതിൽ മുഴുകിയിരുന്ന യോഗിനീ മാതാവ് പെട്ടെന്ന് വേദി വിട്ടിറങ്ങി, അമ്മയെ ആദരിക്കുകയോ നമസ്കരിക്കുകയോ ചെയ്യാതിരുന്ന ഒരേയൊരാളായ അയാളുടെ സമീപമെത്തി. പൂവും പ്രസാദവും കൈയിൽ കൊടുത്ത് സ്നേഹാർദ്ര സ്വരത്തിൽ []മകനേ ...[] എന്നു വിളിച്ചു. ആ മുഖത്തേക്ക് സൂക്ഷിച്ചുനോക്കിയ അയാൾ, തന്റെ ബാല്യത്തിൽ മകനെപ്പോലെ തന്നെ സ്നേഹിച്ച മീനാമാമിയാണ് അവരെന്ന് തിരിച്ചറിഞ്ഞു. ആഗ്രഹം നിറവേറുമെന്ന് അനുഗ്രഹിച്ച അമ്മ, അവിടെയിരിക്കുന്ന ഏവരേയും പോലെ അയാളെയും മകനായി സ്വീകരിക്കുന്നു.

അവിടെയിരുന്നുകൊണ്ട് അയാൾ മീനാമാമിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

[]തനിക്കു കുട്ടികളുണ്ടാവണ്ടാ. മീനാമാമിയുടെ കുട്ടികളെ തിരിച്ചുകൊടുത്താലും ... അവൾക്ക് ശക്തി നൽകിയാലും എന്ന് []32 അമ്മയുടെ കരസ്പർശനത്താൽ, ഒതുങ്ങിനിന്ന്, കണ്ണടച്ച് പ്രാർത്ഥിച്ചുകൊണ്ടേയിരുന്ന അയാൾ.

പിന്നീടയാൾ മീനാമാമിയുടെ കഥ ഭാര്യയെ കേൾപ്പിക്കുന്നു. മീനാമാമിക്ക് []കലയും പുലിയും പോലെ നാലു മക്കളുണ്ടായിരുന്നു. നാല് ആൺമക്കൾ. എന്നിട്ട് എന്തുഫലം? പാവം. തിന്നു തീർത്ത മനോവേദനയ്ക്കതിരുണ്ടോ? ഇല്ലെങ്കിൽ ഇല്ല എന്ന സങ്കടമേയുള്ളൂ. ഉണ്ടെങ്കിൽ ഉള്ളടത്തോളം ദുഃഖങ്ങൾ. പാവം മീനാമാമി. അവരുടെ കഥകേട്ടാൽ പിന്നെ നീ കുട്ടികൾ വേണമെന്നു പറയുകയേ ഇല്ല.[]

മറുനാട്ടിലുള്ള വലിയ പട്ടണത്തിൽ അച്ഛനമ്മമാരോടൊപ്പം താമസിക്കുമ്പോഴാണ് അടുത്ത ഫ്ലാറ്റിലെ താമസക്കാരായ മീനാമാമിയെയും കുടുംബത്തെയും അയാൾ പരിചയപ്പെടുന്നത്. മീനാമാമിയുടെ വീട് ഐശ്വര്യസമൃദ്ധമായിരുന്നു. മൂത്ത മകൻ ഫുട്ബോൾ കളിക്കാരൻ, രണ്ടാമൻ പഠനത്തിലും കവിതയിലും മിടുക്കൻ. മൂന്നാമൻ ചിത്രരചനയിലും നാലാമൻ സംഗീതത്തിലും സമർത്ഥർ.

മക്കളെ ആരെല്ലാം ആക്കണമെന്ന് മീനാമാമി നേരത്തെ തീരുമാനിച്ചുറച്ചിരുന്നു. വീട്ടിലെ ഭരണം നടത്തിയിരുന്നത് അവരാണ്. വലിയ കണിശക്കാരിയായിരുന്ന മീനാമാമി തന്റെ ഇംഗിതത്തിനപ്പുറം ഒന്നും നടക്കാൻ അനുവദിച്ചിരുന്നില്ല. []ഭരിക്കാൻ പിറന്ന പെൺ പിറന്നവരാണവർ[] എന്ന് തന്റെ അമ്മ മീനാമാമിയെക്കുറിച്ച് പറയുമായിരുന്നതും തന്റെ അമ്മ, മീനാമാമിയുടെ മക്കളെവെച്ചും, അവർ തന്നെ വെച്ചും താരതമ്യം ചെയ്യാറുള്ളതും അയാൾ ഓർത്തു.

നിനച്ചിരിക്കാതെ മീനാമാമിയുടെ കണക്കുകൾ തെറ്റിത്തുടങ്ങി. മൂത്തമകൻ കോളേജിൽ ഒരന്യജാതിക്കാരിയുമായി അടുപ്പമാണെന്നറിഞ്ഞ

മീനാമാമി, അയാളെ നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി കനത്ത സ്ത്രീധനം വാങ്ങി മറ്റൊരു പെണ്ണിനെ വിവാഹം കഴിപ്പിച്ചു. കുറച്ചു നാളുകൾക്കുള്ളിൽ അയാൾ മുഴുഭ്രാന്തനായി. ഇതിന്റെ പ്രതികാരമായി പേരെടുത്ത എഴുത്തുകാരനായ രണ്ടാമത്തെ മകൻ ഒരു മുസ്ലീം പെണ്ണിനെ വിവാഹം കഴിച്ച് പാക്കിസ്ഥാനിലേക്കു പോയി.

ജോലി കിട്ടിയപ്പോൾ അമ്മയുടെ നിർദ്ദേശപ്രകാരം ഉണ്ണി മീനാമാമിയെ കാണാൻ പോയിരുന്നു. 'പാവമായ അമ്മയെ ദുഃഖിപ്പിക്കരുത്', എന്ന ഉപദേശമാണ് അയാൾക്ക് കിട്ടിയത്.

രണ്ടു മക്കളുടെ അനുഭവവും മീനാമാമിയിൽ കാര്യമായ മാറ്റമൊന്നും ഉണ്ടാക്കിയില്ല. മൂന്നാമത്തെവനെ വളരെയൊന്നും പഠിപ്പിച്ചില്ല. വേഗം വിവാഹം കഴിപ്പിച്ചു. ആ മരുമകൾ മീനാമാമിയുടെ തനി പകർപ്പായിരുന്നു; ഭരിക്കാൻ പിറന്നവൾ. മാമിയോടു പിണങ്ങി, വീട്ടിലിരുന്ന സ്വർണ്ണമത്രയും എടുത്ത് അവൾ സ്വന്തം വീട്ടിലേക്കു പോയി.

ഇത്രയുമായപ്പോൾ നാലാമത്തെ മരുമകളുടെ അമ്മാവൻ, ബാക്കി സ്വത്തെല്ലാം മകനെഴുതിക്കൊടുത്ത് സ്വസ്ഥമായിരിക്കാൻ ഉപദേശിച്ചു. എന്നാൽ സ്വത്തുക്കളെല്ലാം വിറ്റ പണം മുഴുവൻ അനാഥാലയത്തിന് കൊടുത്ത് ഭർത്താവിനെയും കൂട്ടി മീനാമാമി തീർത്ഥയാത്രക്കു പോവുകയാണുണ്ടായത്. പിന്നീടവരെ ആരും കണ്ടിട്ടില്ല.

ഉള്ളിന്റെയുള്ളിൽ സ്വന്തം ജീവനേക്കാൾ അധികം മക്കളെ സ്നേഹിക്കുകയും അവരൊക്കെ നല്ല നിലയിൽ ജീവിക്കാനാകണം എന്ന് ആഗ്രഹിക്കുകയും ചെയ്ത മീനാമാമി സ്നേഹിക്കുന്നവരെ അടിമകളാക്കി നിർത്തിയിരുന്നു; അവർ സ്നേഹത്തിന് അടിമയാവുകയും ചെയ്തിരുന്നു. അവരുടെ കാർക്കശ്യം വാക്കുകളിലും പെരുമാറ്റത്തിലുമേ ഉള്ളൂ എന്നും ഹൃദയം പഞ്ഞിപോലെ മൃദുലമാണ് എന്നും ആരും തിരിച്ചറിഞ്ഞില്ല. ആ

അവസ്ഥയാണ് ഈ യോഗിനീ മാതാവിനെ സൃഷ്ടിച്ചത്. അവരിപ്പോൾ തന്റെ മുന്നിലെത്തുന്നവരുടെ സ്നേഹത്തിനടിമയായി എത്രയോ പേരെ തഴുകിക്കൊണ്ടിരിക്കുന്നു, അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

മരത്തൊട്ടിൽ

മാതൃത്വത്തിന്റെ നിർഭരമായ ആർദ്രപ്രകൃതി അന്തർജ്ജനത്തിന്റെ മിക്കവാറും രചനകളെ സ്നിഗ്ദമാക്കുന്നുണ്ട്. മരത്തൊട്ടിൽ എന്നൊരു ചെറിയ കഥയുണ്ട്. ഒരു പ്രഭുകുടുംബത്തിലെ ആയയായ പ്രായം ചെന്ന സ്ത്രീയുടെ അനുഭവചിത്രണമാണത്. സ്വന്തം കുട്ടിയല്ലാതിരുന്നിട്ടും താൻ ധാത്രിത്വം വഹിക്കുന്ന കുട്ടിയോട് അവർക്ക് തോന്നുന്ന അഗാധമായ ഹൃദയബന്ധവും മാതൃവാത്സല്യവുമാണ് ആ കഥയിൽ ആവിഷ്കരിക്കപ്പെടുന്നത്. കുട്ടിയുടെ ജീവിതത്തെ അപേക്ഷിച്ച് പ്രാന്തീകൃതമായ ഒരവസ്ഥയിൽ കഴിയുന്ന ആ സ്ത്രീയിൽ ഉണരുന്ന മാതൃഭാവമാണ് അവിടെ പ്രാധാന്യം നേടുന്നത്. മരത്തൊട്ടിൽ എന്ന കഥയെപ്പറ്റി കെ.എസ്. രവികുമാർ സമ്പൂർണ്ണകൃതികളുടെ അവതാരികയിൽ ഇപ്രകാരം നിരീക്ഷിക്കുന്നു.

തന്റെ അച്ഛന്റെ ബാല്യത്തിൽ ആ വീട്ടിൽ വന്നു കയറിയ ഭൃത്യയായ നങ്ങേലിയെക്കുറിച്ച് കഥാകാരിയ്ക്കുള്ള സ്മരണയാണ് കഥയുടെ രൂപം. അവർക്കു ഏകദേശം പതിമൂന്നു വയസ്സു കഴിഞ്ഞപ്പോൾ കാര്യങ്ങളെല്ലാം സ്വയം ചെയ്യാമെന്നായപ്പോൾ, നങ്ങേലിപ്പെണ്ണിനെക്കുറിച്ച് ഓർക്കേണ്ട കാര്യമുണ്ടായിട്ടില്ല എന്ന് കഥാകാരി തുറന്നു സമ്മതിക്കുന്നു. എന്നാൽ ആ കൂട്ടുകുടുംബത്തിൽ നങ്ങേലിയുടെ വരവിനുശേഷം അറുപത്തിരണ്ടു വർഷത്തിനുള്ളിൽ പിറന്ന കുഞ്ഞുങ്ങളെല്ലാം അവളുടെ മടിത്തട്ടിന്റെ ചൂടറിയുകയും അവളുടെ താരാട്ടിന്റെ ഈണത്തിൽ മയങ്ങുകയും അവളുടെ കൊഞ്ചലിൽ ആകൃഷ്ടരായി വയർ നിറച്ചുണ്ണുകയും ചെയ്തിട്ടുണ്ട്. കഥാകാരിയുടെ അച്ഛന്റെ ബാല്യം മുതൽ അവൾ അവിടെയുണ്ട്. ആ തറവാട്ടിൽ നിന്ന് പോകുന്നതുവരെ വേറൊരു വീട്ടിലെ ചോറ് നങ്ങേലി ഉണ്ടിട്ടില്ല. വിവാഹത്തെക്കുറിച്ച് അവൾ ഓർത്തതേയില്ല. പക്ഷെ, ആ നിത്യകന്യകയ്ക്ക് തന്റേതെന്നവകാശപ്പെടാൻ എക്കാലത്തും ആ തറവാട്ടിൽ

കുഞ്ഞുങ്ങളുണ്ടായിരുന്നു.

എഴുപത്തിമൂന്നാമത്തെ വയസ്സിൽ നങ്കേലി വാർദ്ധക്യസഹജമായ കാരണങ്ങൾ കൊണ്ട് തറവാട്ടിൽ നിന്നു പോകുമ്പോൾ കഥാകാരിയുടെ അനുജന് മൂന്നു വയസ്സായിരുന്നു. അമ്മയുടെ പ്രസവം മാറിയതുകൊണ്ട് ഇനി ആ വീട്ടിൽ കുട്ടികളുണ്ടാവാൻ തൽക്കാലത്തേക്കു സാധ്യത ഇല്ല എന്നറിയാവുന്ന നങ്കേലിപ്പെണ്ണ്, ചെറുപ്പക്കാരായ വേലക്കാരികളുടെ കുത്തുവാക്കുകൾ സഹിച്ചുകൊണ്ട് അപമാനിതയായി അവിടെ തന്നെ ജീവിക്കാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടാണവർ പോകുന്നത്. മാത്രമല്ല, പുതിയ തലമുറയിലെ കുട്ടികൾക്ക് അവളോട് അത്ര പഥ്യവുമില്ല.

വർഷങ്ങൾക്കു ശേഷം കഥാകാരിക്ക് കുഞ്ഞു ജനിച്ചപ്പോൾ അതിന്റെ സംരക്ഷണം ഏറ്റെടുക്കാൻ നങ്കേലി ഈ ഭൂമിയിൽ ഉണ്ടായിരുന്നില്ല. പകരം ഒരു പതിനാലു വയസ്സുകാരി ഭാനുമതിയെ കിട്ടി. പഴയ മരത്തൊട്ടിലിന്റെ സ്ഥാനത്തുവന്ന കയറിയ തുണിത്തൊട്ടിലിന് പക്ഷെ പരിചയം കുറവായിരുന്നു. വാശി പിടിച്ചു കരയുന്ന കുഞ്ഞിനെ പാടിയുറക്കാനോ ആശ്വസിപ്പിക്കാനോ ഉള്ള പ്രാവീണ്യം ഈ പുതിയ തൊട്ടിലിനുണ്ടായിരുന്നില്ല. നങ്കേലിപ്പെണ്ണാണെങ്കിൽ എത്ര വാശിപിടിച്ച് കരയുന്ന കുഞ്ഞിനേയും നിമിഷങ്ങൾക്കുള്ളിൽ ആശ്വസിപ്പിക്കുകയും തന്റെ വാർദ്ധക്യത്തിന്റെ ചുളിവുകൾ വീണ മരത്തൊട്ടിലിൽ കിടത്തി താരാട്ടു പാടിയും കഥകൾ പറഞ്ഞുകൊടുത്തും സന്തോഷിപ്പിക്കുകയും ഉറക്കുകയും ചെയ്യുമായിരുന്നു.

താൻ മാതാവായിട്ടില്ലെങ്കിലും അനുഭവത്തിലൂടെ മാതൃത്വസഹജമായ ഭാവത്തിലെത്തിച്ചേരുകയും തന്മയത്വമായി കുഞ്ഞുങ്ങളോട് ഇടപഴകുകയും ചെയ്തിരുന്ന നങ്കേലിപ്പെണ്ണ് എന്ന 'മരത്തൊട്ടിൽ' ആ തറവാട്ടിലെ കുഞ്ഞുങ്ങൾക്കെല്ലാം സുഖശയനത്തിന്റെ ഊഷ്മളത നൽകിയിരുന്നു. ആ തറവാട്ടിലെ എല്ലാ കുഞ്ഞുങ്ങളേയും തന്റെ കുഞ്ഞുങ്ങളായി കാണാനും സ്നേഹിക്കാനും വാത്സല്യം പകരാനും കഴിഞ്ഞു എന്നതാണ് ഒരു

ദാസിയായിരുന്നിട്ടുകൂടി നങ്ങേലിപ്പെണ്ണിൽ മാതൃത്വഭാവമണയ്ക്കുന്നത്.

സ്നേഹയാചകി

ജീവിതയാതനകളിൽ നട്ടം തിരിഞ്ഞ്, ഗതിയില്ലാത്ത അവസ്ഥയിൽ സ്വയബോധം പോലും നഷ്ടപ്പെടാറായ അനാഥജന്മത്തിനു പോലും സ്നേഹം, അമൃതമായി വർഷിക്കുമെന്നും അതവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരും എന്നും തെളിയിക്കുന്ന മാതൃത്വഗാഥയാണ് []സ്നേഹയാചകി[] എന്ന കഥ.

'പൂതന' എന്ന് നാട്ടുകാർ വിളിക്കുന്ന യാചകി എല്ലാവരാലും വെറുക്കപ്പെട്ടവളായിരുന്നു. അവളുടെ രൂപവും ഭാവവും കാഴ്ചക്കാരിൽ അറപ്പും വെറുപ്പും ഉണ്ടാക്കുന്നതായിരുന്നു. ആരെയും ഭയപ്പെടാത്ത പൂതന ആ ബസ് സ്റ്റാൻഡിലും പരിസരപ്രദേശങ്ങളിലും ഭിക്ഷ യാചിച്ചാണ് ജീവിതം നയിച്ചിരുന്നത്. നീട്ടുന്ന കൈയിനു നേരെ പുച്ഛിച്ചു കടന്നുപോകുന്നവരെയെല്ലാം വായിൽ തോന്നിയതൊക്കെ വിളിച്ചു പറയുമായിരുന്നു പൂതന. ശാപവും ശകാരവും നിറഞ്ഞതായിരിക്കും ആ വാക്കുകൾ. തന്നോട് എതിർത്തവരെയെല്ലാം അവൾ നിർദ്ദയം ശകാരിച്ചുകൊണ്ടിരിക്കും. ഈ ശാപവചനങ്ങളും അസഭ്യവർഷവും ഭയന്ന് ആരും അവളോട് എതിരിടാൻ പോകാതായി. റോഡിൽ തട-ൺണ്ടാക്കിയതിന് ഒരിക്കൽ ഒരു []ാ
ാഫിക് പോലീച്ചകാരൻ അവൾക്ക്
പ[]ണ്ടടി വിധിൺ. ഓരോ അടിയ്ക്കും ശകാരശാപവചനങ്ങളോടെ അവൾ ഏവവാങ്ങി. പിന്നീടൊരിക്കൽ പോലീസ് ഇൻ[]+ർ അവളെ നാ൹കടത്തി. ൻന്നാം ദിവസം അവൾ സ്വ[]നത്ത് തിരിച്ചെത്തി. അതിൽ പിന്നീട് ആ[]ം അവളെ ധ ിക്കാൻ മിനക്കെട്ടില്ല.

ഇരന്നുകിട്ടുന്ന ഒരു കാശുപോലും അവൾ ചെലവാക്കാറില്ല. ഭക്ഷണത്തിനും വസ്ത്രത്തിനും ഉള്ള പോംവഴികൾ അവൾക്കറിയാം. അവൾ ജന്മനാ യാചകി അല്ല. ഭേദപ്പെട്ട കുടുംബത്തിൽ ജനിക്കുകയും അതിനനുസരിച്ച്

ജീവിക്കുകയും ചെയ്തവളാണ് പൂതന. വിധിവൈപരീത്യം കൊണ്ട് ഇങ്ങനെയെല്ലാം ആയിത്തീർന്നു എന്നു മാത്രം. ഒരിക്കൽ വയറു വിശന്നപ്പോൾ ഒരു മരച്ചീനിക്കഷണം ഇരന്ന അവളോട് ഒരു തറവാട്ടമ്മ കുഞ്ഞുപാളയെടുക്കാൻ പറഞ്ഞു. അതിനു ശേഷമാണ് പരസ്യമായി ഇരക്കുന്ന രീതി അവൾ ആരംഭിച്ചത്. ഒരു വീട്ടിലും കയറിച്ചെന്ന് അവൾ യാചിച്ചിട്ടില്ല. സ്വന്തം വൈരൂപ്യവും ഭയങ്കരതയും അവൾക്ക് അന്നം നേടിക്കൊടുത്തുകൊണ്ടിരുന്നു.

അവൾക്കൊരു മകൾ ഉണ്ടായിരുന്നതും അവളുടെ കുഞ്ഞിനേയുംകൊണ്ട് കിഴവി നടക്കുന്നതും കണ്ട ഓർമ്മയുണ്ട് നാട്ടുകാരിൽ ചിലർക്കെങ്കിലും. ഒരുനാൾ മോട്ടോർ ജങ്ഷനിൽ വന്നു നിന്ന ഒരു കാറിനു നേരെ കൈ നീട്ടിയ അവളെ അതിലിരുന്ന മാന്യൻ ആട്ടിയോടിക്കാൻ ശ്രമിച്ചു. ആ വഴിയിൽ ആദ്യമെത്തുന്ന വാഹനമായതുകൊണ്ട് അവർക്കവളെ അറിയില്ലായിരുന്നു. അവൾ ശാപ, ശകാര വചനങ്ങൾ തുടങ്ങുന്നതിനു മുൻപ് കാറിനകത്തിരുന്ന കുട്ടി []അമ്മൂമ്മേ, ഇന്നാ ചക്രം[] എന്ന് കൊഞ്ചിപ്പറഞ്ഞുകൊണ്ട് പണം നീട്ടി. ആ വിളി തന്നെ അവൾക്ക് ധാരാളമായിരുന്നു. ഇരുപത്താറു വർഷങ്ങൾക്കു ശേഷമാണ് ഇന്നവൾ ആ വിളി കേട്ടിരിക്കുന്നത്. പുറത്തേക്കു വരാനിരുന്ന ശകാരവാക്കുകൾ തൊണ്ടയിൽ തന്നെ കുടുങ്ങിപ്പോയി അവൾക്ക്. അവൾ നീട്ടിയ കൈയിലേക്ക് ഒരു വെള്ളിപ്പണം ഇട്ടുകൊടുത്ത ആ ബാലൻ. തനിക്ക് മിഠായി വാങ്ങാൻ ലഭിച്ച പണം വൃദ്ധയ്ക്ക് ആ ബാലൻ-ചന്ദ്രൻ-സ്നേഹപൂർവം നൽകുകയായിരുന്നു.

ആ സംഭവത്തിനു ശേഷം പൂതന ആരെയും വഴക്കു പറയാറില്ല. അവളുടെ നാവിന്റെ ശക്തി ക്ഷയിച്ചു എന്ന് യാത്രക്കാർ കരുതിയിരിക്കണം. പിന്നീട് ആ വഴിയിലൂടെ പോകുന്ന വണ്ടികളൊക്കെ അവൾ സസൂക്ഷ്മം വീക്ഷിക്കാൻ തുടങ്ങി; പ്രത്യേകിച്ച് കാറുകൾ. ചിലപ്പോഴവൾ നിരാശയോടെ കരയുകയും ചെയ്യാറുണ്ട്. പണത്തിനു വേണ്ടി മാത്രമല്ല അവൾ തെണ്ടുന്നതെന്ന് ചുറ്റുമുള്ളവർക്ക് വേഗം മനസ്സിലായി. അമൂല്യമായ സ്നേഹഭിക്ഷയും അവളുടെ

ലക്ഷ്യമാണ്. ചന്ദ്രൻ കൊടുത്ത വെള്ളിപ്പണം ഇടയ്ക്കിടെ എടുത്ത് ചുംബിക്കാറുണ്ട് അവൾ. അപ്പോഴൊക്കെ അവളുടെ കാതിൽ "അമ്മൂമ്മേ" എന്ന സ്നേഹാർദ്രമായ വിളി എത്തും. പിന്നീട് രാവുപകൽ ഭേദമില്ലാതെ അവൾ ആ വഴിയരികിൽ ആരെയോ പ്രതീക്ഷിച്ചെന്നോണം ഇരിക്കാൻ തുടങ്ങി.

ഒരുനാൾ അപ്രതീക്ഷിതമായി വീണ്ടും പൂതന ചന്ദ്രനെ കണ്ടുമുട്ടുന്നു. അന്നവൾ അവനുമായി കൂടുതൽ സംസാരിക്കുന്നു. "ഇന്നു പത്രം വേണ്ടേ അമ്മൂമ്മേ" - എന്ന ചോദ്യം കേട്ടാണ് അവരാ കാറിലേക്ക് ശ്രദ്ധിച്ചതു തന്നെ. ചന്ദ്രൻ അവളെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയാണ്. ഭ്രാന്തിയാണെന്ന് മറ്റുള്ളവർ പറയുന്നത് ശരിയാണോ എന്നായിരുന്നു അവനറിയേണ്ടത്. താൻ ഭ്രാന്തിയല്ലെന്നും വൃദ്ധ ചന്ദ്രനെ അറിയിച്ചു. വീടെവിടെ എന്നറിയുന്നതിനു മുമ്പ് കാറ് പോയ് മറഞ്ഞു. വീട്ടിലെത്തിയപ്പോൾ ചന്ദ്രന്റെ കൈയിൽ പഴകിത്തേഞ്ഞ ഒരു ചക്രം കണ്ട അമ്മ അതിശയിച്ചു. തനിക്കു മിഠായി വാങ്ങാൻ അമ്മൂമ്മ തന്നതാണെന്നും പറഞ്ഞപ്പോൾ അവന്റെ അമ്മ അന്തംവിട്ടുപോയി.

തഹസീൽ മജിസ്ട്രേട്ടിന്റെ വീട്ടുപടിക്കൽ രണ്ടു മൂന്നു നാളുകൾക്കു ശേഷം ഒരുച്ചനേരത്ത് പൂതന പ്രത്യക്ഷപ്പെട്ടു. ചന്ദ്രന്റെ അമ്മയോട് തന്റെ ജീവിതകഥ ചുരുക്കിപ്പറഞ്ഞ പൂതന ദിവസത്തിലൊരിക്കൽ ചന്ദ്രനെ കാണാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. സഹതാപത്തോടെ അവർ അതെല്ലാം കേട്ടുനിന്നു. അല്ലെങ്കിൽ "സ്നേഹാർത്ഥിയായ ഒരു മാതൃഹൃദയത്തെ തിരസ്കരിക്കുകയോ - അവരും ഒരു സ്ത്രീയല്ലേ? മാതാവല്ലേ? മാതൃഹൃദയത്തിന്റെ മാഹാത്മ്യം അറിയില്ലേ" എന്നു കരുതിയിരിക്കാം പൂതനയ്ക്ക് ഒരു മൗനാനുവാദം ലഭിച്ചു.

ഒരു നാൾ അവിചാരിതമായി ചന്ദ്രന്റെ അച്ഛൻ ചന്ദ്രനും കിഴവിയും ഒരുമിച്ചിരുന്ന് കഥ പറഞ്ഞ് കളിക്കുന്നതും കണ്ടെത്തി. അപ്പോൾ തന്നെ പ്യൂണിനെ വിളിച്ച് ആ കിഴവിയെ അടിച്ചോടിക്കാൻ കല്പിച്ചു. ആ പ്യൂൺ ക്രൂരമായി മർദ്ദിച്ച് പൂതനയെ ഓടിച്ചുവിട്ടു. അതിന്റെ വേദന മാറാൻ അഞ്ചാറു

ദിവസമെടുത്തു. ഒരുവിധം ചന്ദ്രന്റെ വീട്ടുപടിക്കലെത്തിയ കിഴവി അവൻ രോഗാതുരനാണെന്നറിഞ്ഞപ്പോൾ വല്ലാതെ ഉത്കണ്ഠപ്പെട്ടു. വിവശയായ അവൾ ആ പാതയിൽ തന്നെ വീണുപോയി.

കുട്ടിയ്ക്ക് തന്നെ അടിച്ചോടിച്ച ദിവസം മുതൽ ദീനമാണെന്നും, അമ്മൂമ്മേ അമ്മൂമ്മേ എന്നാണവൻ ഉറക്കത്തിൽ പോലും വിളിക്കുന്നതെന്നുമുള്ള അറിവ് അവളെ വല്ലാതെ സ്പർശിച്ചു. ഒരുപാട് അപേക്ഷിച്ചിട്ടും അവൾക്ക് ചന്ദ്രനെ കാണാൻ അനുമതി ലഭിച്ചില്ല. അവൾ പിൻപുറത്തുകൂടെ എത്തി ജനാലയ്ക്കരുകിൽ നിന്നുകൊണ്ടവനെ വിളിച്ചു. അതിശയമെന്നോണം അവൻ കണ്ണുമിഴിച്ചു. അവൻ ജീവിതത്തിലേക്ക് തിരിച്ചുവരുന്നതിന്റെ സൂചനയാണെന്ന് ഡോക്ടർ അഭിപ്രായപ്പെട്ടു. അന്നു പകൽ മുഴുവൻ പൂതന അവിടെയുണ്ടായിരുന്നു. വൈകുന്നേരമായപ്പോൾ ചന്ദ്രൻ അന്വേഷിച്ചപ്പോൾ അവളെ അവിടെ കാണാനില്ലായിരുന്നു.

പൂതനയെ - അമ്മൂമ്മയെ - കാണാതെ തന്നെ ആ ജീവൻ യാത്രയായി. രണ്ടുമൂന്നു ദിവസങ്ങൾക്കു ശേഷം ചന്ദ്രന്റെ അച്ഛൻ പുറംവളപ്പിന്റെ ചന്ദ്രനെ സംസ്കരിച്ചിടത്ത് ആ വൃദ്ധയുടെ മൃതശരീരം കണ്ടെത്തുന്നു. ആദർശമയിയായ സ്നേഹയാചകിയായി കഥാകാരി പൂതനയെ മുദ്ര കുത്തുന്നു.

3.5. അമ്മ

അമ്മ എന്ന വാക്കിന്റെ അർത്ഥം സ്നേഹമെന്നാണ്. സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന ഏതു സ്ത്രീയ്ക്കും ഏതു കുഞ്ഞിന്റെയും അമ്മയാകാം. അതിന് ആ കുഞ്ഞിനെ പ്രസവിക്കണമെന്നില്ല; ഈ ആശയമാണ് അമ്മ എന്ന കഥയിലൂടെ അന്തർജ്ജനം അവതരിപ്പിക്കുന്നത്.

ഇൻസ്പെക്ടർ കരുണാകരന്റെയും ഹെഡ്മിസ്ട്രസ് രുഗ്മിണിയമ്മയുടെയും മകനായ ഗോപി മഹാവികൃതിയാണ്. ആരെയും അവർ അനുസരിക്കുകയില്ല; ദേഷ്യം വന്നാൽ കൺമുന്നിൽ കണ്ടതെല്ലാം എറിഞ്ഞുടയ്ക്കും.

ഉദ്യോഗസംബന്ധമായി ദൂരദേശത്തു താമസിക്കുന്ന അച്ഛനോ ഔദ്യോഗികത്തിരക്കുകൾ ഏറെയുള്ള അമ്മയ്ക്കോ ഗോപിയെ വേണ്ടവിധത്തിൽ പരിചരിക്കാൻ സമയമില്ലാത്തതുകൊണ്ട് അവന്റെ കാര്യങ്ങൾ നോക്കാൻ ഒരു ആയയെ നിയമിച്ചു ഇൻസ്പെക്ടർ. ആദ്യമൊന്നും ആയയെ അവന് ഇഷ്ടമായിരുന്നില്ല. എന്നാൽ പിന്നെ പിന്നെ ഗോപി ആയയോട് ഇണങ്ങിത്തുടങ്ങി.

ഗോപിയുടെ ആയ വളരെ സാധുവായ ഒരു സ്ത്രീയാണ്. നാളുകൾ പോകെ അമ്മയേക്കാൾ അവൻ ആയയെ സ്നേഹിച്ചുതുടങ്ങി. രുഗ്മിണിയമ്മ ഇടയ്ക്കു പറയാറുണ്ട്: "അവന്റെ ഭാഗ്യം കൊണ്ടാണ് ഈ ആയയെ കിട്ടിയത്. അവളുടെ സ്വന്തം മകനേക്കാൾ സ്നേഹിക്കുന്നു. എനിക്കൊരിക്കലും തിരിഞ്ഞുനോക്കാൻ സമയമില്ലല്ലോ."

വളരെ അപ്രതീക്ഷിതമായി ഇൻസ്പെക്ടർ കിടപ്പിലായി. ജ്വരബാധയാൽ സ്വയം എഴുന്നേൽക്കാൻ പോലുമാവാത്തവിധം കിടന്നുപോയി അദ്ദേഹം. ലീവെടുത്ത രുഗ്മിണിയമ്മ ഭർത്തൃപരിചരണത്തിൽ മുഴുകി. ഗോപിയുടെയും ആയയുടെയും കാര്യം പരുങ്ങലിലായി. ഭക്ഷണക്കാര്യത്തിൽ അടുക്കളക്കാരി മാധവി കനിയണമായിരുന്നു. എന്നാൽ ആയയ്ക്ക് അവിടെയുള്ള സ്വാതന്ത്ര്യത്തിൽ ആദ്യം തന്നെ അസൂയാലുവായ മാധവി ആയയ്ക്ക് ആവശ്യത്തിന് ഭക്ഷണം കൊടുക്കാതായി. മാത്രമല്ല; കിട്ടുന്ന നേരംകൊണ്ട് ആയയെക്കുറിച്ച് അപവാദങ്ങൾ പറയാനും തുടങ്ങി. ആയ ആരോടും പരാതി പറഞ്ഞില്ല. കുഞ്ഞ് അച്ഛനെ ശല്യം ചെയ്യാതിരിക്കാനായി അവൾ രാവിലെതന്നെ അവനേയും കൂട്ടി പുറപ്പെടും. അവനാവശ്യമുള്ള ഭക്ഷണവും കൊണ്ട് പുറത്തുപോവുന്ന ആയ വൈകുന്നേരമേ തിരിച്ചെത്താറുള്ളൂ.

രോഗം അല്പം ശമിച്ച ഇൻസ്പെക്ടർ മകനെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, വട്ടി നിറച്ച് ആഹാരവും കൊണ്ട് രാവിലെ

ഇറങ്ങിപ്പോകുന്ന ആയ വൈകുന്നേരമെ കുഞ്ഞിനേയും കൊണ്ടുവരൂ എന്നും ഇതൊരു പതിവാണെന്നും വേലക്കാരി ഏഷണി പറഞ്ഞു. എന്നാൽ പകരുന്ന രോഗമായതിനാൽ ഗോപിയെ അവിടെ ഇരുത്താത്തതാണ് നല്ലത് എന്ന അഭിപ്രായമായിരുന്നു ഇൻസ്പെക്ടർക്ക്.

വൈകുന്നേരം ഗോപി വരുമ്പോൾ അവന്റെ സുഹൃത്തു വാസവന്റേതുപോലുള്ള ഷർട്ടും വണ്ടിയും ആവശ്യപ്പെട്ടു. വാങ്ങിച്ചുകൊടുക്കാമെന്ന് അദ്ദേഹം പറയുകയും ചെയ്തു. എന്നാൽ രോഗത്തിന്റെ ചികിത്സയ്ക്കായി വലിയൊരു തുക ചെലവാക്കിയ അദ്ദേഹത്തിനു തുക കണ്ടെത്താൻ തന്നെ അപ്പോൾ പ്രയാസമായിരുന്നു. അതു കുഞ്ഞിനോടു പറയാനും വയ്യ. രുഗ്മിണിയമ്മ കോപിഷ്ടയാകുന്നു. ഈ സാഹചര്യം മുതലെടുത്തുകൊണ്ട് എന്തുകണ്ടാലും ആവശ്യപ്പെടാൻ കുഞ്ഞിനെ പ്രേരിപ്പിക്കുന്നത് ആയയാണെന്ന തന്റെ അഭിപ്രായം പ്രകടിപ്പിച്ചു വേലക്കാരി. അവർ തമ്മിൽ വാക്കുതർക്കമായി. വിഷണ്ണനായ ഗോപി അത്താഴം കഴിക്കാതെ ഉറങ്ങി; ആയയും.

ഇത്രയും പണക്കാരായിട്ടും കുഞ്ഞിനൊരു കളിപ്പാട്ടം വാങ്ങാൻ പണമില്ലെന്നു പറഞ്ഞപ്പോൾ ആയക്കു സഹിച്ചില്ല. അവൾ താനൊന്നു പരിശോധിച്ചു നോക്കാം എന്നു മനസ്സിൽ കരുതി. അടുത്ത നാൾ രാവിലെ വീട്ടിലേക്കു പോകാൻ അനുവാദം ചോദിച്ച് ആയ പോയി. താൻ വരുന്നതുവരെ വാശി പിടിക്കുകയോ കരയുകയോ ചെയ്യരുത് എന്ന അവളുടെ നിർദ്ദേശം അവൻ പാലിക്കുകയും ചെയ്തു. ഏകദേശം നാലു മണിയായപ്പോൾ ഗോപി ആവശ്യപ്പെട്ട വണ്ടിയുമായി ആയ വന്നു. അവനിഷ്ടപ്പെട്ട നീല ഉടുപ്പും അവൾ കൊണ്ടുവന്നിരുന്നു.

കടക്കാരനോട് ഒരു മാസത്തേക്ക് അവധി പറഞ്ഞ് വാങ്ങിക്കൊണ്ടു വന്നതാണെന്നറിഞ്ഞപ്പോൾ ഗോപിയുടെ അച്ഛനും അമ്മയ്ക്കും സന്തോഷമായി.

അവർ ആയയെ പ്രശംസിച്ചു. ഗോപി ഏറെ സന്തോഷവാനായിരുന്നു. ഒരു നാൾ സന്ധ്യയ്ക്ക് പുറത്തുപോയി തിരിച്ചുവന്ന ആയ ഗോപിയുടെ അരഞ്ഞാണം കളഞ്ഞുപോയി എന്ന് അറിയിച്ചപ്പോൾ അതു അവൾ തന്നെ എടുത്തിരിക്കുമെന്നും ആ പണത്തിനാണ് വണ്ടി വാങ്ങിച്ചിരിക്കുക എന്നും മാധവി തന്റെ അസൂയ നിറഞ്ഞ അഭിപ്രായം പ്രകടിപ്പിക്കുന്നു.

കാര്യമറിഞ്ഞ ഇൻസ്പെക്ടറും അവളെ സംശയിച്ചു. അവളെ അവിടെനിന്ന് ഇറക്കിവിട്ടു. ഗോപി കൂടെ കൊണ്ടുപോകണമെന്ന് വാശി പിടിച്ചു കരയാൻ തുടങ്ങി. അവൾക്കും ആ കുഞ്ഞിന്റെ സാമീപ്യമില്ലാതെ വയ്യായിരുന്നു. ഈ സാഹചര്യം മുതലെടുത്ത് മാധവി ഗോപിയുടെ പുതിയ ആയയായി. എന്നാൽ ഗോപിക്ക് അവളെ ഇഷ്ടമില്ലായിരുന്നു. അവൾ കൊടുത്താൽ അവൻ ഭക്ഷണം കഴിക്കാറില്ല; കൈയിൽ കിട്ടിയതെല്ലാം വെച്ച് എറിയും. അവളുടെ കൈ കടിച്ചുമുറിച്ചു. എത്ര ശമ്പളം കിട്ടിയാലും ഈ പണി വയ്യെന്നവൾ തീരുമാനിച്ചു.

ഒന്നു രണ്ടാഴ്ചകൾക്കകം സമയത്തു ഭക്ഷണമോ സന്തോഷമോ കളിയോ ഇല്ലാതെ കണ്ട് രോഗബാധിതനായി. ശ്രുശ്രൂഷയുടെ അഭാവം രോഗം വഷളാക്കി. ഗോപി ആയേ ആയേ എന്ന് എപ്പോഴും പുലമ്പിക്കൊണ്ടിരിക്കും. ഗോപിയുടെ രോഗാവസ്ഥ അറിഞ്ഞാൽ ആയ വരും എന്നറിയാമായിരുന്ന രുഗ്മിണിയമ്മ ഒരു സ്ത്രീയെ അങ്ങോട്ടു പറഞ്ഞയച്ചു. എന്നാൽ അവരവിടെയില്ല എന്നും, ശമ്പളം വീട്ടിൽ കൊടുക്കാതിരിക്കുകയും ചെയ്ത ആയയും അനുജത്തിയും തമ്മിൽ മാനസികമായി സുഖമില്ല എന്നുമാണ് ആ സ്ത്രീ തിരിച്ചുവന്ന് അറിയിച്ചത്. പകൽ മുഴുവൻ മയങ്ങുന്ന ഗോപി, രാത്രിയാകുമ്പോൾ ആയയെ വിളിച്ച് അബോധത്തിൽ വിതുമ്പാൻ തുടങ്ങും.

വീട്ടിലെത്തിയപ്പോൾ വിവരമറിഞ്ഞ ആയ പെട്ടെന്നു തന്നെ ഗോപിയുടെ അടുത്തെത്തി. അവളെ കണ്ടതോടെ രുഗ്മിണിയമ്മയ്ക്ക് ആശ്വാസമായി. അമ്മക്കുവേണ്ടി ആയ വഴികൊടുക്കുംപോലെ രുഗ്മിണിയമ്മ മാറിനിന്നു. തന്നെ വിട്ടിട്ടുപോയ ആയയോടുള്ള പരിഭവവും അവന്റെ പരാതിയും

പറഞ്ഞുതീർന്നപ്പോൾ അവൾ കൊടുത്ത മരുന്ന് വാശിയില്ലാതെ അവൻ കുടിച്ചു. ഒരു വെള്ളിയാഴ്ച ഗോപിയ്ക്ക് വല്ലാത്ത ഒരു ഭാവപ്പകർച്ച കണ്ടു. കിടക്കയിൽ കിടന്നരുളുമായിരുന്ന അവൻ സ്വസ്ഥനായി ഉറങ്ങി.

സന്ധ്യയാകാറായപ്പോൾ ഒരു മുനിസിപ്പൽ ഉദ്യോഗസ്ഥൻ ഒരു മാസം മുമ്പ് റോഡിൽ നിന്ന് കിട്ടിയതാണെന്നു പറഞ്ഞ് കളഞ്ഞുപോയ അരഞ്ഞാണം ഇൻസ്പെക്ടർക്ക് തിരിച്ചുനൽകി. ആയയെ സംശയിച്ചതും, മകന്റെ രോഗകാരണവും എല്ലാം തന്റെ വിധിയായിരുന്നു എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. എല്ലാം ഒരു നിമിത്തം മാത്രം. അർദ്ധരാത്രി കഴിഞ്ഞ് ഉറക്കമുണർന്ന ഗോപി ആയയെ വിളിച്ച് കരയാൻ തുടങ്ങി. അവരുടെ കഴുത്തിൽ കൈ ചുറ്റിപ്പിടിച്ച അവസ്ഥയിൽ തന്നെ അവൻ ജീവൻ വെടിഞ്ഞു.

തന്റെ കർത്തവ്യം അവസാനിച്ച ആയ അമ്മയോട് യാത്രചൊല്ലി പുറപ്പെടുന്നു. അവരെ പിന്നീട് അന്വേഷിക്കുകയുണ്ടായെങ്കിലും കണ്ടെത്താനായില്ല. രണ്ടുമൂന്നു നാൾ മുമ്പ് മുപ്പതോളം വയസ്സുള്ള ഒരു സ്ത്രീയുടെ ശരീരം ആറ്റിലൂടെ ഒഴുകുന്നത് പലരും കാണുകയുണ്ടായി.

കുഞ്ഞിനെ മനസ്സിലാക്കുകയും അവനെ സ്നേഹിക്കുകയും ചെയ്ത ആയയെ ഗോപി അമ്മയേക്കാൾ സ്നേഹിക്കുന്നു. സ്നേഹം നൽകി മാത്രം തിരിച്ചെടുക്കേണ്ട ഒന്നാണെന്ന പാഠം അന്തർജ്ജനം ഈ കഥയിലൂടെ മാതാപിതാക്കളെ പോലും ബോദ്ധ്യപ്പെടുത്തുന്നു.

4. നിരാലംബവാർദ്ധക്യം

പ്രായമായവരെ യുവത്വത്തിന് വേണ്ടാതാവുന്നത് ആധുനിക ജീവിതത്തിൽ വിരളമല്ല. എന്നാൽ അരനൂറ്റാണ്ടു മുമ്പുതന്നെ ഈയൊരു പ്രവണത നമ്മുടെ സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു എന്നതിന് ഉദാഹരണങ്ങളാണ് അന്തർജ്ജനത്തിന്റെ നിരാലംബ വാർദ്ധക്യം പ്രമേയമാക്കിയിട്ടുള്ള കഥകൾ. സാമൂഹിക വിപത്തായ ഈ പ്രമേയം ഉൾക്കൊള്ളുന്ന കഥകൾ സാമൂഹിക കഥകളുടെ പട്ടികയിൽ വേണമെങ്കിൽ

ഉൾപ്പെടുത്താമെങ്കിലും വാർദ്ധക്യത്തിന്റെ ആകുലതകളും വ്യാകുലതകളും വളരെ ആഴത്തിൽ സ്പർശിക്കുന്ന ഈ കഥകൾ ഒരു പ്രത്യേക വിഭാഗമായിക്കണ്ടാണ് ഈ പഠനത്തിൽ അവയെ പ്രത്യേകം പഠനവിധേയമാക്കുന്നത്.

നമ്പൂതിരി സമുദായത്തിൽ കൂട്ടുകുടുംബ വ്യവസ്ഥയും മരുമക്കത്തായവും നിലനിന്നിരുന്നതുകൊണ്ടും നമ്പൂതിരി സ്ത്രീകൾ വിവാഹശേഷം ഭർത്തൃവീട്ടിലേതായിത്തീരുകയും സപത്നിമാരും അവരുടെ മക്കളും ഒക്കെയായി ധാരാളം ആളുകൾ അവിടെ ഉണ്ടാകാൻ സാദ്ധ്യതയുള്ളതുകൊണ്ടും ജീവിതം ദുരിതമയമാണെങ്കിലും ഏകാന്തദുഃഖമോ ഒറ്റപ്പെടലിന്റെ വ്യാകുലതകളോ അവർക്ക് അനുഭവിക്കേണ്ടി വരാറില്ല. അതുകൊണ്ടുതന്നെ വാർദ്ധക്യത്തിൽ നിരാലംബത അനുഭവിക്കുന്നവർ ഇതര സമുദായത്തിലെ വ്യക്തികളായിരുന്നു; പ്രത്യേകിച്ച് ക്രിസ്ത്യൻ സമുദായത്തിലുള്ളവർ. അതിനാലായിരിക്കാം ഈ പ്രമേയം കൈകാര്യം ചെയ്യുന്ന കഥകളെല്ലാം ക്രിസ്ത്യൻ പശ്ചാത്തലത്തിലുള്ളവയായത്.

4.1. ആദിമാതാവിനു കിട്ടിയ ശാപം

അന്നാമ്മ ടീച്ചർ ഒരു റിട്ടയേഡ് സ്കൂൾ ടീച്ചറാണ്. അവരുടെ ഒരേയൊരു മകനാണ് ജോർജ്ജുകുട്ടി. അവനെ ഒത്തിരി സ്നേഹിച്ച് ലാളിച്ച് മറിയപ്പെണ്ണിന്റെ സഹായത്താൽ ചിട്ടയായി വളർത്തി വലുതാക്കി. പഠിക്കാൻ മിടുക്കനായിരുന്ന മകൻ ഡോക്ടറായി. കാലമായപ്പോൾ ഒരു ലേഡി ഡോക്ടറെ വിവാഹം കഴിച്ചു. ജോർജ്ജുകുട്ടി അമേരിക്കയിലേക്കു പോയി. ഗർഭിണിയായിരുന്ന മരുമകൾ - മേരി - പ്രസവിക്കുന്നതുവരെ ടീച്ചറോടൊപ്പമുണ്ടായിരുന്നു. പ്രസവിച്ച് കുഞ്ഞിനെ ടീച്ചറെ ഏല്പിച്ച് അവളും അമേരിക്കയിലേക്കു പോയി. പേരക്കുട്ടിക്ക് - ആനിമോൾ - ആറു വയസ്സാവുന്നതുവരെ സുരക്ഷിതമായി പരിപാലിക്കണം, കോൺവെന്റിലയച്ച് ഇംഗ്ലീഷു പഠിപ്പിക്കണം എന്നെല്ലാം ഏല്പിച്ചാണ് മേരി പോയത്. തനിക്ക് വയസ്സായെങ്കിലും ജോർജ്ജുകുട്ടിയെ വളർത്താൻ സഹായിച്ച മറിയമ്മയുണ്ടല്ലോ സഹായത്തിന് എന്ന് ടീച്ചർ ആശ്വസിച്ചു.

തന്റെ ദൈനംദിന കൃത്യങ്ങളിൽ - ബൈബിൾ വായന, പള്ളിയിൽ പോക്ക് - തടസ്സം വന്നെങ്കിലും വയസ്സുകാലത്ത് തനിക്കു കിട്ടിയ കൂട്ടിൽ അവർ ആഹ്ലാദവതിയായി. ആനിമോൾക്കാണെങ്കിൽ എന്തിനും ഏതിനും വല്യമ്മച്ചി വേണം; സന്ധ്യയായിക്കഴിഞ്ഞാൽ പറയാനുമില്ല. അതുകൊണ്ട് പതിവുള്ള സന്ധ്യാപ്രാർത്ഥനയും കൊന്തയെത്തിക്കലും പലപ്പോഴും മുടങ്ങാറുണ്ട്. വല്ലാതെ വാശി പിടിക്കുമ്പോൾ അമേരിക്കയിലേക്കു പറഞ്ഞയക്കും എന്നു പറഞ്ഞാൽ മതി; കുട്ടി അടങ്ങും. അന്നൊക്കെ വല്യമ്മച്ചിയെ വിട്ടുപോകാൻ കുഞ്ഞിനു മനസ്സില്ലായിരുന്നു. എന്നാൽ അടുത്ത കാലത്തായി അമേരിക്കയെക്കുറിച്ച് മറ്റുള്ളവരിൽ നിന്നും കൂടുതൽ മനസ്സിലാക്കിയ കുട്ടി, അച്ഛനമ്മമാരുടെ ഫോട്ടോ എടുത്തുവെച്ച് ഉമ്മ കൊടുക്കുകയും, അച്ഛന്റെ വിമാനം വരുന്നത് കാത്തിരിക്കുകയും, തനിക്ക് അഞ്ചു വയസ്സാകുന്ന ദിവസത്തെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ആനിമോളുടെ ചോദ്യങ്ങൾ അന്നാമ്മടീച്ചറെ വാസ്തവികതയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആരും ആശ്രയമില്ലാത്തവളാണ് താനെന്ന് ഈ ചോദ്യം കേൾക്കുമ്പോഴാണ് അവർക്ക് ഓർമ്മ വരിക. ആരും ഇണയില്ലാതാവുന്ന അവസ്ഥ അവൾക്ക് ഓർക്കാനേ വയ്യ. അങ്ങിനെ ഒരു അവസ്ഥയുണ്ടാകുമ്പോൾ പതറിപ്പോകാതിരിക്കാൻ അവർ പരിശീലിച്ചുതുടങ്ങി. ആനിമോളെ കൂടെ കിടത്തുക, കഥ പറഞ്ഞുകൊടുക്കുക, ചോറ് കുഴച്ചുകൊടുക്കുക തുടങ്ങിയ പതിവെല്ലാം നിർത്തി. അവൾ അടുത്തുള്ളപ്പോഴും അകലെയാണെന്ന് മനസ്സിനെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരുന്നു. ആനിമോൾ പോയാൽ താൻ എങ്ങനെ ജീവിക്കും എന്ന ചിന്ത അവരെ വ്യാകുലപ്പെടുത്താൻ തുടങ്ങി.

സ്വന്തം മനസ്സിനെ ധൈര്യപ്പെടുത്തിക്കൊണ്ട് ടീച്ചർ മകന് കത്തെഴുതി. കുഞ്ഞിന് ആറു വയസ്സ് തികയാറായി എന്നും അവളെ കൊണ്ടുപോകേണ്ട സമയം അടുത്തുവരുന്നു എന്നും മകനെ ഓർമ്മിപ്പിച്ചു. അടുത്തുതന്നെ അമേരിക്കയിലേക്ക് തിരിച്ചുവരുന്ന സുഹൃത്തിനോടൊപ്പം ആനിമോളെ

അയക്കാനാണ് മകൻ മറുപടിയിൽ എഴുതിയത്; കൂടെ അവൾക്കാവശ്യമുള്ള സാധനങ്ങളുടെ പട്ടികയും.

ടീച്ചർ തന്നെ കുഞ്ഞിനാവശ്യമുള്ള സാധനങ്ങളെല്ലാം പെട്ടിയിൽ എടുത്തുവെച്ചു. അവളെ വിമാനത്താവളത്തിൽ കൊണ്ടുപോയി വിട്ടു. വിമാനം പറന്നുയരാറയപ്പോൾ കുഞ്ഞിക്കൈകൾ വീശി ആനിമോൾ വല്യമ്മച്ചിയോട് "വേഗം വേഗം കാലാട്ടാൻ" ആവശ്യപ്പെട്ടു. വെറുതെ കാല് ആട്ടിക്കൊണ്ടിരുന്നാൽ വിദേശത്തേക്ക് കടൽ കടന്നുപോയാൽ പിന്നെ സ്വദേശത്തേക്ക് തിരിച്ചുവരാനാവില്ലെന്നും ഉള്ള നാട്ടിൻപുറത്തെ വിശ്വാസം ടീച്ചർ കുഞ്ഞിന് പറഞ്ഞുകൊടുത്തിരുന്നു. അതുകൊണ്ടാണ് കുട്ടി വല്യമ്മച്ചിയോട് കാലാട്ടാൻ ആവശ്യപ്പെട്ടത്.

വിവാഹിതനായി പോയ ശേഷം മകനെ കണ്ടിട്ടില്ലാത്ത ടീച്ചർ കുഞ്ഞിനെ കൊണ്ടുപോകാനെങ്കിലും അയാൾ വരുമെന്നു കരുതി. അതും വൃഥാവിലായി. ടീച്ചർ സ്വന്തം മനസ്സിനോടു പറഞ്ഞു : "ആടിത്തുടങ്ങി മോളേ! ആടിയോടി വീഴാറായി! അന്നാമ്മടീച്ചർ തന്റെ നിത്യജീവിതത്തിലേക്ക് തിരിച്ചുപോകുന്ന ദൃശ്യമാണ് പിന്നീട് കാണുന്നത്. അവർ മേശവലിപ്പിൽ നിന്ന് ബൈബിളെടുത്ത്, തട്ടിക്കുടഞ്ഞ് വായിച്ചു : "സ്ത്രീയേ! നീ നൊന്തു പ്രസവിച്ച മക്കൾ നിന്നെ വിട്ടുപോകും. അന്യസ്ത്രീകളെ പ്രാപിക്കും. അവരും നീയുമായി യാതൊരു ബന്ധവുമില്ല..." എന്ന ബൈബിൾ വാക്യത്തിൽ അവർ സമാധാനിച്ചു. ആ ശാപത്തിൽ നിന്നും തനിക്കു മാത്രം മുക്തയാവാൻ സാധിക്കുകയില്ലെന്നും എല്ലാ വാർദ്ധക്യങ്ങളുടെയും അവസ്ഥ ഇതുതന്നെയായിരിക്കുമെന്നും അവർ തന്റെ മനസ്സിനെക്കൊണ്ട് അംഗീകരിപ്പിച്ചു.

4.2. വ്യാകുലസങ്കേതം

ഒരേയൊരു മകന്റെ സന്തോഷത്തിനു വേണ്ടി സ്വത്തുക്കളെല്ലാം വിൽക്കുകയും പട്ടണത്തിൽ അവനോടൊപ്പം താമസമാക്കുകയും ഏറെ വൈകാതെ നരകതുല്യമായ ആ ജീവിതം വെറുത്ത് നാട്ടിലേക്ക് തിരിച്ചുവരുന്ന

മറിയച്ചേടത്തിയാണ് []വ്യാകുലസങ്കേത[]ത്തിലെ പ്രധാന കഥാപാത്രം.

14-ാം വയസ്സിൽ വിവാഹിതയായി ഇരുപത്തൊന്നു വർഷത്തെ കാത്തിരിപ്പിനും നേർച്ചകൾക്കുമൊടുവിൽ ലഭിച്ച പുത്രനാണ് മറിയാമ്മച്ചേടത്തിക്ക് തോമസുകുട്ടി. സന്തുഷ്ട ദാമ്പത്യമായിരുന്നു അവരുടേത്. മകൻ വലുതാവുമ്പോൾ കാര്യങ്ങൾ അവനെ ഏൽപ്പിച്ച് സ്വസ്ഥനാകണമെന്ന് ആശിച്ച അപ്പൻ. എന്നാൽ പഠനത്തിൽ മിടുക്കനായിരുന്ന അവൻ ഉന്നതബിരുദങ്ങൾ നേടി ഉദ്യോഗസ്ഥനായി ദൂരെയുള്ള പട്ടണത്തിലാണ്. അന്തസ്സുള്ള കുടുംബത്തിൽ നിന്ന് വിവാഹവും കഴിച്ചു. രണ്ടു കുട്ടികളുമായി. അപ്പന്റെ മരണം പെട്ടെന്നായതുകൊണ്ട് മരണസമയത്ത് മകൻ അടുത്തില്ലായിരുന്നു. എന്നാലും അവൻ വിമാനത്തിൽ പറന്നു വന്ന് കർമ്മങ്ങൾ എല്ലാം യഥാവിധി ചെയ്തു. അതിൽ മറിയാമ്മച്ചേടത്തിക്ക് സന്തോഷവുമുണ്ട്.

ഭർത്താവ് മരിച്ച് ഏകയായ അമ്മയെ മകൻ പട്ടണത്തിലേക്ക് വിളിച്ചു. എന്നാൽ നാട്ടിൻപുറത്തിന്റെ നന്മകൾ രക്തത്തിൽ അലിയിച്ചു ചേർത്ത മറിയമ്മച്ചേടത്തി അതിന് തയ്യാറായില്ല. കൃഷി കാര്യങ്ങളും മറ്റുമായി അവർ നാട്ടിൽ തന്നെ ജീവിച്ചു. സ്നേഹധനനായ സഹോദരനു ഇതുകൊണ്ട് അവർക്ക് ബുദ്ധിമുട്ടുകൾ അറിയേണ്ടിവന്നിട്ടില്ല. മകൻ വരുമ്പോഴൊക്കെ വസ്തുവകകൾ വിറ്റ് പട്ടണത്തിലേക്കു പോകേണ്ട കാര്യം പറയും. എന്നാൽ കാരണവൻമാരുടെ ആത്മാക്കൾ അലിഞ്ഞുചേർന്ന അന്തരീക്ഷം വിട്ടുപോകാൻ അവർ തയ്യാറല്ല.

പിന്നീട് ഒരിക്കൽകൂടി മകൻ ഇക്കാര്യം പറയുമ്പോൾ അവന്റെ കഷ്ടപ്പാടുകൾ കേൾക്കുമ്പോൾ, അവന്റെ ചിന്തകൾക്കും ആഗ്രഹങ്ങൾക്കും കൂടി തന്റെ ജീവിതത്തിൽ സ്ഥാനമുണ്ടെന്നു തിരിച്ചറിഞ്ഞ മറിയാമ്മച്ചേടത്തി മകന്റെ ആഗ്രഹത്തിനു വഴങ്ങുന്നു. തോമസുകുട്ടിയുടെ പ്രശ്നങ്ങൾ യഥാർത്ഥത്തിൽ ആധുനിക തലമുറയുടെ മുഴുവൻ തന്നെ പ്രശ്നങ്ങളാണെന്ന് മറിയാമ്മച്ചേടത്തിയുടെ സഹോദരൻ തിരിച്ചറിയുകയും തോമസുകുട്ടിയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. ഒടുവിൽ യഥാർത്ഥ വിലയിലും എത്രയോ

കുറഞ്ഞ വിലക്ക് വീടും സ്ഥലവും വിൽക്കുകയും മറിയാമ്മച്ചേടത്തി മകനോടൊപ്പം പട്ടണത്തിലേക്കു പോവുകയും ചെയ്യുന്നു.

പട്ടണത്തിലേക്കു പോകുമ്പോൾ തന്റെ ജീവിതത്തിന്റെ ഭാഗമായ പലതിനേയും മറിയാമ്മച്ചേടത്തിക്ക് നാട്ടിൽ ഉപേക്ഷിക്കേണ്ടി വന്നു. മുറുക്കാൻ ചെല്ലവും കോളാമ്പിയും കൊണ്ടുപോകണമെന്ന ആവശ്യവും മകൻ നിരാകരിച്ചു. ഭാര്യയുടെ സ്വഭാവം ശരിക്കറിയാവുന്നതുകൊണ്ടാണ് അയാൾ അമ്മയുടെ ആവശ്യത്തിനു വഴങ്ങാതിരുന്നത്.

പോകുന്നതിനു മുൻപ് സഹോദരൻ മറിയാമ്മച്ചേടത്തിക്ക് വിലപ്പെട്ട ചില ഉപദേശങ്ങൾ കൊടുക്കുന്നുണ്ട്. നാട്ടിലെ വേരുകൾ പറിച്ചതോർത്ത് അവർ ദുഃഖിച്ചു. എന്നാൽ പട്ടണത്തിൽ മകന്റെ ഫ്ലാറ്റിലെത്തിയപ്പോൾ, അവിടത്തെ ആധുനിക സൗകര്യങ്ങൾ കണ്ടപ്പോൾ അവർ മകന്റെ അന്തസ്സോർത്ത് സന്തോഷിച്ചു. കുറച്ചു ദിവസത്തേക്ക് അവർ ജീവിതം ശരിക്കും ആസ്വദിച്ചു. മകൻ അവരെ പട്ടണം ചുറ്റിക്കാണിച്ചു. സുഹൃത്തുക്കളുടെ വീട്ടിൽ പോയി, സിനിമ കണ്ടു ... എന്നാൽ ഇതിനെല്ലാമിടയിലും അവർക്കു ഒരു പാരതന്ത്ര്യത്തിന്റെ വിഷാദം അനുഭവിക്കുന്നുണ്ടായിരുന്നു.

പിന്നെപ്പിന്നെ വീട്ടിൽ വിരുന്നുകാർ വരുമ്പോൾ അമ്മയെ പുറത്തേക്ക് വിളിക്കാതായി. തന്റെ പഴയ മട്ട് മറ്റുള്ളവർ കാണാതിരിക്കാൻ വീട്ടിലുള്ളവർ ശ്രദ്ധിക്കുന്നുണ്ടെന്ന തോന്നൽ, താനൊരു വേലക്കാരിയാണെന്നു വരെ അവർ പറഞ്ഞു കളയുമേ എന്നുള്ള ഭയം; മറുഭാഷയിലുള്ള അവരുടെ സംസാരം; എല്ലാം കൂടി മറിയാമ്മച്ചേടത്തിക്ക് കുറച്ചുദിവസം കൊണ്ടുതന്നെ വീർപ്പുമുട്ടൽ ആരംഭിച്ചു. വീട്ടിലായിരുന്നപ്പോൾ നല്ല തളിർവെറ്റില കൂട്ടി മുറുക്കിയിരുന്നതിന്റെ സുഖം അവർ ആലോചിച്ചു. ഇവിടെ മുറുക്കിത്തുപ്പാൻ സ്ഥലമില്ല. ഒരിക്കൽ തുപ്പിയത് താഴെ നടന്നുകൊണ്ടിരുന്ന ഒരു പഞ്ചാബിയുടെ തലക്കെട്ടിൽ വീണ് ആകെ പൂകിലായി. മകൻ അന്ന് കോപിച്ച് അമ്മയ്ക്ക് ഈ വൃത്തികെട്ട സ്വഭാവം മാറ്റാൻ പാടില്ലേ? വേണമെങ്കിൽ ഒരു സിഗരറ്റെടുത്തു വലിച്ചുകൊള്ളൂ എന്ന്. ആ

വീട്ടിൽ തന്റെ സ്വകാര്യദുഃഖങ്ങളുമായി മറിയാമ്മച്ചേടത്തി തളയ്ക്കപ്പെട്ടു.

പട്ടണത്തിലെ ഭക്ഷണശീലം വയറിനു പിടിക്കാതായി മറിയാമ്മച്ചേടത്തിക്ക്. കിടക്കയും പുതപ്പും നാറും എന്ന കാരണത്താൽ കുഴമ്പു തേച്ചുള്ള കുളിയും മുങ്ങി. സംസാരിക്കാൻ പോലും ആളില്ല. വീട്ടിലുള്ളവർ പറയുന്ന ഭാഷ അവർക്ക് മനസ്സിലായില്ല. പള്ളിയിൽ പോകാനോ കുർബ്ബാന കൊള്ളാനോ വഴിയില്ലാതെ അവരുടെ ഉള്ളം വിങ്ങി.

മകന്റെ നിർദ്ദേശമനുസരിച്ച് ഫ്ലാറ്റിന്റെ താഴെയുള്ള പാർക്കിൽ പോകുന്നത് പതിവാക്കിയ മറിയാമ്മച്ചേടത്തി പാലക്കാട്ടുകാരി ലക്ഷ്മി അമ്മാളെ പരിചയപ്പെട്ടു. മരുമകളോടും കുടുംബത്തോടും ഒത്തുപോകാനാവാതെ വന്നപ്പോൾ മകനോടു പറഞ്ഞ് ഒരു മുറി വാടകയ്ക്കെടുത്ത് താമസിക്കുകയാണ് ലക്ഷ്മി അമ്മാൾ. വ്യത്യസ്ത മതസ്ഥരാണെങ്കിലും തുല്യ ദുഃഖിതരാണവർ. അതുകൊണ്ട് അവർ വേഗം സുഹൃത്തുക്കളായി. എന്നാൽ "അമ്മച്ചി എന്തിനാണ് ഈ ആവലാതികളോടൊക്കെ കൂട്ടുകൂടാൻ പോകുന്നത്"? ലക്ഷ്മി അമ്മാളിന്റെ മകന്റെ ശമ്പളം എത്രയാണെന്നറിയാമോ? ഇവിടുത്തെയാളിന്റെ പത്തിലൊന്നില്ല. അയാൾ വെറും സ്റ്റെനോ. പിന്നെ ആ വൃത്തികെട്ട പഞ്ചാബി പെണ്ണിനെ കെട്ടിയതുകൊണ്ട് അയാളുടെ കൂട്ടരുതന്നെ അവിടെ കേറ്റത്തില്ല. ഇതൊക്കെ നാലു പേരറിഞ്ഞാൽ നമ്മുടെ സ്റ്റാറ്റസിനു പറ്റിയതല്ലമ്മച്ചി" - എന്നിങ്ങനെ ശമ്പളത്തിന്റെ കണക്കു നോക്കി ആളുകളുമായി സൗഹൃദം സ്ഥാപിക്കുന്ന മരുമകളുടെ പുരോഗമിച്ച കാഴ്ചപ്പാട് ലക്ഷ്മി അമ്മാളുമായുള്ള സൗഹൃദം നഷ്ടപ്പെടാൻ കാരണമായി.

അങ്ങനെയിരിക്കെ ഒരു നാൾ, മരുമകളുടെ "ഡാഡി" പട്ടണത്തിലേക്ക് അവനോടൊപ്പം താമസിക്കാൻ വരുന്നു എന്നും അമ്മച്ചി എന്തെങ്കിലും സൂത്രം പ്രയോഗിച്ച് നാട്ടിലേയ്ക്കയക്കാമെന്നുമുള്ള മകന്റെയും മരുമകളുടെയും സംസാര ശകലം മറിയാമ്മച്ചേടത്തിയുടെ കാതിലെത്തുന്നു. അടുത്ത ദിവസം തന്നെ അവർ ലക്ഷ്മി അമ്മാളുടെ സഹായത്തോടെ ആങ്ങളയ്ക്ക് കാണാൻ ധൃതിയായി

എന്നു കാണിച്ച് കത്തെഴുതി. അതിന് മകന്റെ പേരിൽ വന്ന മറുപടിയിൽ നാട്ടിൽ നടക്കുന്ന ഒരു വിവാഹത്തിന് പെങ്ങളുടെ സാന്നിദ്ധ്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിരുന്നു. അവസരം മുതലാക്കിക്കൊണ്ട് മകൻ അമ്മയെ സഹൃത്തിനോടൊപ്പം നാട്ടിലേക്കയക്കുന്നു.

നാട്ടിലെത്തിയ പെങ്ങളുടെ ശാരീരികാവസ്ഥ കണ്ട് സഹോദരൻ കരഞ്ഞുപോയി. വിവാഹവും തിരക്കും കഴിഞ്ഞപ്പോൾ, വീടു വിറ്റ കിട്ടിയ കാശിൽ മകനറിയാതെ മാറ്റി വച്ചിരുന്ന തുകകൊണ്ട് പെങ്ങൾക്കായി വാങ്ങിയ പുരയിടത്തെക്കുറിച്ച് ആങ്ങള മറിയാമ്മച്ചേടത്തിയോടു പറഞ്ഞു. ഇനി പട്ടണത്തിലേക്ക് തിരിച്ചുപോകേണ്ട എന്നു പറഞ്ഞ ആങ്ങള പഴയ വേലക്കാരിയെ ഏർപ്പാടാക്കിയിട്ടുണ്ടെന്നും കാര്യങ്ങൾ ശ്രദ്ധിക്കാൻ തന്റെ മക്കളുണ്ടെന്നും അവരെ സമാധാനിപ്പിച്ചു.

തുടർന്ന് അങ്ങോട്ട് താമസം മാറുന്നു മറിയാമ്മച്ചേടത്തി. താനിനി പട്ടണത്തിലേക്കില്ലെന്നു കാണിച്ച് തുടർന്നു കത്തെഴുതുന്ന ചേടത്തി അവധിക്കാലത്ത് അവരെ തന്റെ വീട്ടിലേക്ക് ക്ഷണിക്കാൻ മറക്കുന്നില്ല. അങ്ങനെ തന്റെ സ്വസ്ഥതയിലേക്കും സമാധാനത്തിലേക്കും മറിയച്ചേടത്തിയെ തിരിച്ചുകൊണ്ടുവന്ന് കഥാകാരി കഥ അവസാനിപ്പിക്കുന്നു.

4.3. പാതയുടെ അവസാനം

ഒന്നിൽ കൂടുതൽ മക്കളുണ്ടായതുകൊണ്ട്, അവർ തമ്മിലുള്ള മത്സരം കൊണ്ട് വാർദ്ധക്യത്തിൽ ഏകയായിപ്പോയവളാണ് മറിയാമ്മപ്പെമ്പിള. ഒയൊരു മകനുണ്ടായിപ്പോയതുകൊണ്ട് അവന്റെ തിരക്കുകൾക്കിടയിൽ തങ്ങളെ ശ്രദ്ധിക്കാനാവാത്തതുകൊണ്ട് ആശ്രയമറ്റ വാർദ്ധക്യം അനുഭവിക്കേണ്ടി വന്നവരാണ് മുൻപു വിവരിച്ച കഥകളിലെ കഥാപാത്രങ്ങളെങ്കിൽ മക്കളുടെ മത്സരത്തിലകപ്പെട്ട് ഒറ്റയായിപ്പോയവളാണ് []പാതയുടെ അവസാന[]ത്തിലെ മറിയാമ്മപെമ്പിള.

കോഴി കൂവിയെങ്കിലും കാക്ക കരയുന്നതിനു മുമ്പ് പതിവുള്ള ദേവാലയ സന്ദർശനത്തിന് ഇറങ്ങിപ്പുറപ്പെട്ടതാണ് മറിയാമ്മപെമ്പിള. ഒരു കൈയിൽ ഊന്നി നടക്കാനുള്ള വടിയും, മറുകൈയിൽ നെഞ്ചോടടുക്കിപ്പിടിച്ച പ്രാർത്ഥനാപുസ്തകവും. കൈയിലുള്ള വടിയുടെ മുമ്പിലുള്ള കല്ലോ വടിയോ തടഞ്ഞുമാറ്റി, വിറച്ചു വിറച്ച് അവർ മുന്നോട്ടു നടന്നു. അവരുടെ ചെറുപ്പത്തിൽ ഒരു ക്രിസ്ത്യാനിയും ഒരു ഞായറാഴ്ചയും ഈ നേരത്ത് ഉറങ്ങിയിരുന്നില്ല. റോഡിൽ നല്ല തിരക്കായിരിക്കും; ഹിന്ദുക്കൾ ക്ഷേത്രദർശനത്തിനു പോകുന്നതിന്റെയും, ക്രിസ്ത്യാനികൾ പള്ളിയിൽ പോകുന്നതിന്റെയും. എന്നാൽ ഇന്ന് പാത വിജനമാണ്.

മാറത്തടക്കിപ്പിടിച്ചിരുന്ന പ്രാർത്ഥനാപുസ്തകം അവർക്ക് ജീവവായുപോലെയാണ്. പന്ത്രണ്ടാം വയസ്സിൽ വിവാഹവേദിയിൽ വെച്ച് അച്ചൻ കൊടുത്തതാണത്. അതോടൊപ്പം കിട്ടിയ സമ്മാനങ്ങളൊന്നും - അന്നത്തെ മാപ്പിള കൂടി - ഇന്നില്ല. എങ്കിലും ഇത് അവർ നിധിപോലെ സൂക്ഷിച്ചുപോന്നു. ഒരക്ഷരം പോലും വായിക്കാനറിയാത്ത മറിയാമ്മപെമ്പിളയ്ക്ക് പക്ഷെ, ആ പ്രാർത്ഥനാ പുസ്തകത്തിലെ ആദ്യാവസാനം ഹൃദിസ്ഥമാണ്. പുരോഹിതൻമാർ പോലും സംശയനിവാരണത്തിന് അവളെ സമീപിക്കാറുണ്ട്. തന്റെ എല്ലാ കുറവുകൾക്കും പരിഹാരമായി ഈ കൊച്ചുപുസ്തകം മാത്രം ഒരിക്കലും പിരിയാതെ അങ്ങോളമിങ്ങോളം കൂട്ടുനിൽക്കുന്നു.

ശീതക്കാറ്റിൽ തണുത്തു വിറയ്ക്കുന്ന ശരീരം സംരക്ഷിക്കാനായി വസ്ത്രമുമ്പ് കുറച്ചുകൂടി അടുക്കിപ്പുതച്ചു അവർ. വഴിയിലുടനീളം വീണു കിടക്കുന്ന പൂത്തിലഞ്ഞിപ്പൂക്കളിൽ നിന്ന് അഞ്ചാറു പൂക്കൾ പെറുക്കിയെടുത്തു മറിയാമ്മപെമ്പിള. അതെന്തിനെടുത്തു എന്നവൾക്കറിയില്ല. എഴുപതാം വയസ്സിൽ, പതിനേഴു വയസ്സിന്റെ കൗതുകം വന്നുപോയതിലുള്ള കുറ്റബോധത്തോടെ അവർ ആ പൂക്കൾ എറിഞ്ഞു കളഞ്ഞു.

തികഞ്ഞ യാഥാസ്ഥിതികത്വം മനസ്സിൽ സൂക്ഷിക്കുന്ന കഥാപാത്രമാണ്

മറിയാമ്മപെമ്പിള എന്നത് ഇളയമകന്റെ ഭാര്യയുടെ വിവാഹവേഷത്തെയും, ആ പരിഷ്കാരിയോടൊപ്പം പള്ളിയിൽ പോയാൽ ആളുകൾ കളിയാക്കുമെന്നതിനെക്കുറിച്ചും മറിയാമ്മപെമ്പിള പറയുന്നതിൽ നിന്നു വ്യക്തമാണ്. പതിനാലു വയസ്സുള്ളപ്പോൾ വിവാഹിതയായ അവർ രണ്ടുവർഷം കഴിഞ്ഞാണ് ഭർത്തൃവീട്ടിൽ പോയത്. പിന്നീട് രണ്ടു വർഷം വന്നും പോയുമിരുന്നു. അതിനു ശേഷമാണ് ഭർത്താവൊന്നിച്ച് ജീവിച്ചു തുടങ്ങിയത്. അമ്മയുടെയും അച്ഛന്റെയും മുൻപിൽ വെച്ച് അവർ മിണ്ടിയിട്ടേയില്ല. വല്ലപ്പോഴും കിട്ടുന്ന ശ്രദ്ധസമാഗമം മാധുര്യമേറിയതായിരുന്നു. ഇപ്പോഴത്തെ യുവാക്കളുടെ - ഭാര്യാഭർത്താക്കൻമാരുടെ - സ്വതന്ത്രമായ ഇടപെടൽ അവരിൽ വെറുപ്പുണ്ടാക്കുന്നു. അത്തരം സന്ദർഭങ്ങളിൽ മറിയാമ്മപ്പെമ്പിള ഒഴിഞ്ഞുമാറുകയാണ് ചെയ്യാറ്.

പതിനൊന്നു പ്രസവിച്ച ആ മറിയാമ്മപെമ്പിളയ്ക്ക് നിലവിൽ ഏഴു മക്കളുണ്ട്. പക്ഷെ ആരും തന്നെക്കുറിച്ച് ശ്രദ്ധിക്കുന്നില്ലല്ലോ എന്നവൾ പരിതപിച്ചു. പോകുന്ന വഴിയിൽ തന്റെ യൗവ്വന ദിനങ്ങളെക്കുറിച്ചും അമ്മായിയമ്മയെക്കുറിച്ചും അവർ ഓർത്തുപോകുന്നു. "പത്തു മുത ചത്തു പിറന്നവൻ" എന്നാണ് അമ്മായിയമ്മയെക്കുറിച്ച് അന്ന് അയൽക്കാരെല്ലാം പറഞ്ഞിരുന്നത്. തന്റെ ചെറുപ്പത്തിൽ അവർ ചാവാനായി പള്ളിയിൽ നേർച്ചയിട്ടു വന്നിട്ട് ഇരുപതു വർഷം കൂടി കഴിഞ്ഞാണവർ മരിച്ചത്. തന്റെ മരുമക്കളാരെങ്കിലും തന്റെ മരണത്തിനായി ഇങ്ങനെ നേർച്ചയിടാറുണ്ടാവുമോ എന്നവർ സംശയിച്ചു.

തണുപ്പുകൊണ്ടോ തളർച്ചകൊണ്ടോ കാലുകൾ ഇടറിത്തുടങ്ങിയപ്പോൾ അവർ പാതയരുകിലെ ഒരു കല്ലുങ്കിൽ ഇരുന്നു. ആ കല്ലുങ്കിൽ തന്റെ അമ്മായിയമ്മ എത്രയോ തവണ ഇരുന്നിട്ടുണ്ട്. അന്നു താൻ കൂട്ടുകാരോടൊത്ത് പൂച്ചിച്ച് ചിരിച്ച് കടന്നു പോവുകയായിരുന്നു പതിവ്. ഇപ്പോൾ അമ്മായിയമ്മയുടെ സ്ഥാനത്ത് താൻ എത്തിയിരിക്കുന്നു. തന്റെ മരുമക്കളും തന്നെപ്പോലെ പൂച്ചിച്ച് കടന്നുപോകുമായിരിക്കും. "എന്തിനും പോന്ന

യൗവ്വനാഹങ്കാരം ... താരുണ്യത്തിന്റെ കൈകൾ വാർദ്ധക്യത്തിനു വിളമ്പുന്നതെല്ലാം പരിഹാസപാത്രത്തിലായിരിക്കും. മരിച്ചാൽ മതി. മറ്റുള്ളവർക്ക് ഭാരമായി എന്തിന് ഇങ്ങനെ ഇരിക്കുന്നു. മാത്തപ്പൻ വിചാരിക്കും ജോണില്ലേ എന്ന്. അവനോ ... അവന്റെ കെട്ടിയോൾ ... മരുമകളുടെ കീഴിൽ കിടക്കാൻ തനിക്കു വയ്യ ... ഔസേപ്പും ദേവസ്സീം ദൂരെയായിപ്പോയി ... പിന്നെ ഈ പെൺകൊച്ചുങ്ങളെക്കൊണ്ടെന്തു പറ്റും ... മാതാവേ! എനിക്കൊരു മോനേ ഉണ്ടായിരുന്നുള്ളെങ്കിൽ![]

ചിന്തകൾ ഇത്രയുമായപ്പോഴേക്കും നേരം വെളുത്തു തുടങ്ങി. പാതയുടെ അങ്ങേയറ്റത്ത് ആരെല്ലാമോ നടന്നു വരുന്നതവർ കണ്ടു. ധൃതി പിടിച്ച് അങ്ങേയറ്റത്ത് ആരെല്ലാമോ നടന്നു വരുന്നതവർ കണ്ടു. ധൃതി പിടിച്ച് എഴുന്നേറ്റ അവർ ഒരു ദീർഘ നിശ്വാസത്തോടെ, കിതപ്പോടെ വേഗം നടന്നു. പള്ളിമുറ്റത്ത് താനായിരിക്കണം ആദ്യം ചവിട്ടുന്നത് എന്ന് ഈ പ്രായത്തിലും അവർക്ക് വാശിയുണ്ട്. നടക്കുന്നതിനിടയിൽ ചന്തമുക്കിൽ ഓലമറയ്ക്കുള്ളിൽ ഊർദ്ധ്വൻ വലിച്ചു കിടക്കുന്ന രോഗി അവരുടെ ശ്രദ്ധയാകർഷിച്ചു. ആ രോഗി - അന്തോണി - അയാളുടെ ചെറുപ്പത്തിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുന്ന നായാട്ടുകാരനായിരുന്നു. ക്രൂരനായ അയാൾ ഭാര്യയെ പൂർണ്ണ ഗർഭിണിയായിരിക്കെ ചവിട്ടിക്കൊല്ലുകയായിരുന്നു എന്നാണ് ജനസംസാരം. ഭാര്യയുടെ മരണശേഷം അയാളുടെ കഷ്ടകാലം തുടങ്ങി. ഇപ്പോഴിതാ വഴിയരികിൽ ആരും ആശ്രയമില്ലാതെ മരണത്തിനു കീഴടങ്ങാൻ തയ്യാറാവുന്നു.

വീണ്ടും നടന്നുകൊണ്ടിരുന്ന മറിയായമ്മപെമ്പിള തന്റെ ബാല്യകാല സുഹൃത്തായ അന്നയുടെ മരണവിവരം അവരുടെ മകളിൽ നിന്നും അറിയുന്നു. കളിക്കൂട്ടുകാരിയായിരുന്ന അന്നയോട് വഴക്കിട്ടിരുന്നതും, ഭർത്താവിന്റെ തമാശവാക്കുകളിൽ കോപിച്ച് അവളോട് വിദ്വേഷം മനസ്സിൽ വെച്ചിരുന്നതുമെല്ലാം മറിയാമ്മപെമ്പിള ആലോചിച്ചു. തന്നെക്കാൾ രണ്ടു വയസ്സിനിളപ്പമായ അന്ന കൂടി തന്റെ ഭർത്താവിരിക്കുന്ന ലോകത്തേക്ക്

പോയിക്കഴിഞ്ഞു. എന്തുകൊണ്ട് തനിക്കുമാത്രം പോകാറാവുന്നില്ല എന്നവർ വ്യാകുലതയോടെ ചിന്തിച്ചു. ചിന്തകൾക്കിടെ അന്തരീക്ഷത്തിലേക്കുയർന്നു നിന്ന് തങ്ങൾക്ക് വഴി കാട്ടുന്ന കുരിശിനു മുൻപിൽ നടന്ന് നടന്ന് പാത അവസാനിച്ചത് അവരറിഞ്ഞില്ല. തൊട്ടു മുൻപിൽ ഉയർന്നു കാണുന്ന കുരിശിനു മുൻപിൽ തന്നെ അവർ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി.

4.4. മാലയോഗം

കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ ഊരാഴ്മ നിലച്ച് ക്ഷയിച്ചുകൊണ്ടിരിക്കുന്ന ക്ഷേത്രങ്ങൾക്ക് പ്രത്യേക സ്ഥാനമാണുള്ളത്. ഇത് ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു. []മാലയോഗം[] എന്ന കഥയിൽ പ്രധാന പ്രമേയം നിരാശ്രയ വാർദ്ധക്യമനുഭവിക്കുന്ന മാധവി വാരസ്യാരുടെ ജീവിതമാണെങ്കിലും അതോടൊപ്പം ചരിത്രത്തിന്റെ ഭാഗമായ നശിച്ചു തുടങ്ങിയ ക്ഷേത്രങ്ങളിലേക്കും ശ്രദ്ധയാകർഷിക്കുന്ന എഴുത്തുകാരി.

അഞ്ചു പൂജയും മൂന്നു ശീവേലിയുമുള്ള അമ്പലമായിരുന്നു അത്. കർക്കടക പൂജ, വൃശ്ചികവാരം, കാർത്തിക വിളക്ക് എന്നിവ മുടങ്ങാതെ നടന്നിരുന്നു. നടയ്ക്കൽ കൊമ്പനാനയുണ്ടായിരുന്നു. പത്തു മൂവായിരം രൂപയും അത്രതന്നെ പറ നെല്ലും വരവുള്ള ക്ഷേത്രമായിരുന്നു. ഇപ്പോൾ എല്ലാം ക്ഷയിച്ചു. ഭഗവാനും അമ്പലവാസികൾക്കും നമ്പൂതിരിമാർക്കും പട്ടിണി. ശാന്തിക്കാരൻ പകലന്തിയോളം പള്ളിക്കുടത്തിലെ പ്യൂൺ പണി നോക്കി, കുറച്ചു നേരം പാർട്ടി ആഫീസിലും പോയ ശേഷമെ ക്ഷേത്രത്തിലെത്തുകയുള്ളു. ക്ഷേത്രത്തിൽ നിന്ന് വരുമാനമില്ലാതായപ്പോൾ അതിനായി ശാന്തിക്കാരൻ മറ്റു വഴികൾ തേടുന്നു.

ഭഗവാന് മാലകെട്ടുന്ന മാധവി വാരസ്യാർക്ക് എട്ടു മക്കളുണ്ട്. എല്ലാവരും നല്ല നിലയിലാണ്. ഡൽഹിയിൽ ജോലി ചെയ്യുന്ന ഭാസ്കരൻ, തിരുവനന്തപുരത്തുള്ള അച്യുതൻകുട്ടി, ശീമയിലുള്ള ദിവാകരൻ, മദിരാശിയിലുള്ള പാറുട്ടി, ബോംബെയിലുള്ള മാലതി, അങ്ങനെയങ്ങനെ ... ഇവരുടെയാരുടെയെങ്കിലും കൂടെ പട്ടണത്തിലേക്കു പൊയ്ക്കൂടെ എന്ന വല്യ

നമ്പൂതിരിയുടെ ചോദ്യത്തിന്, ഈ അമ്പലച്ചുറ്റില് പൂ പറിച്ചും മാല കെട്ടിയുമാണ് മാധവി വാരസ്യാർ എട്ടു മക്കളെ വളർത്തി വിട്ടതെന്നും, തന്റെ രാജധാനി ഇതാണെന്നും മാലകെട്ടിക്കൊണ്ടിരിക്കുമ്പോൾ ശ്രീരാമസന്നിധിയിൽ തന്നെ മരണമടയണമെന്നാണ് തന്റെ മോഹമെന്നും അവർ മറുപടി പറയുന്നു.

തങ്ങൾ ജീവിച്ചുവന്ന ചുറ്റുപാടിൽ നിന്നും വിട്ടുപോകാൻ മടിക്കുന്ന പഴയ തലമുറയിൽ പെട്ടവർക്ക് ഉദാഹരണമാണ് മാധവി വാരസ്യാർ. പണ്ട് ക്ഷേത്രത്തിലെ കഴകപ്പണിയിൽ നിന്ന് വരുമാനമുണ്ടായിരുന്നു. എന്നാലിപ്പോൾ തന്റെ ഒരു വയറിനു തന്നെ കഷ്ടിയാണ്. ഈ സാഹചര്യം വിട്ട് ദൂരെ പോകുന്ന കാര്യമാലോചിക്കുമ്പോൾ []നിന്റെ മാലയോഗം മുട്ടില്ല[] എന്ന് എപ്പോഴും പറയുമായിരുന്ന വാര്യരുടെ ശബ്ദം അവരുടെ ഓർമ്മയിലെത്തി. കഷ്ടപ്പാടും ദുരിതങ്ങളുമുണ്ടെങ്കിലും മക്കളുടെ അടുത്തേക്ക്, രാജകീയ സുഖങ്ങളിലേക്ക്, പട്ടണത്തിൽ നിന്ന് പട്ടണത്തിലേക്ക് പോകാൻ മാധവി വാരസ്യാർ തയ്യാറല്ല.

നിരാലംബ വാർദ്ധക്യത്തെ പ്രധാന പ്രമേയമാക്കിയും ആനുഷംഗികമായും അവതരിപ്പിച്ചിട്ടുള്ള ഇനിയും ധാരാളം കഥകൾ അന്തർജ്ജനത്തിന്റേതായുണ്ട്. പഠനമേഖല സ്ത്രീകഥാപാത്രങ്ങളായതുകൊണ്ടും പ്രാതിനിത്യ സ്വഭാവമുള്ളവ തെരഞ്ഞെടുത്തതുകൊണ്ടും ഇവിടെ ഇത്രയും കഥകളും അവയിലെ സ്ത്രീകഥാപാത്രങ്ങളെയും അവതരിപ്പിച്ചു എന്നു മാത്രം.

5. രാഷ്ട്രീയം (ദേശീയം)

ലളിതാംബിക അന്തർജ്ജനത്തിന്റെ പ്രസിദ്ധീകൃതമായ ആദ്യ രചനയ്ക്ക് പ്രേരകമായിത്തീർന്ന ഗാന്ധിജിയുടെ പ്രഭാവം പിൽക്കാല രചനകളിലും പ്രകാരാന്തരങ്ങളോടെ വർത്തിക്കുന്നുണ്ട്. ഗാന്ധിയുഗത്തിന്റെ ആദർശങ്ങളും മൂല്യബോധവും അവരെ ഗാഢമായി സ്വാധീനിച്ചിരുന്നു. ഗാന്ധിജിയും അദ്ദേഹത്തിന്റെ ദർശനങ്ങളും തന്നെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെന്ന്

അന്തർജ്ജനം ആത്മകഥയ്ക്ക് ഒരാമുഖത്തിൽ പറഞ്ഞിരിക്കുന്നത് മുമ്പ് ഒരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ?

[]ഗാന്ധിജി പോലും ഭ്രഷ്ടനാക്കപ്പെട്ട ഒരു സ്വതന്ത്ര ഇന്ത്യയാണ് രൂപപ്പെട്ടത്. ആ അവസ്ഥയുടെ ചിത്രങ്ങൾ പല ചെറുകഥകളിലും ചിതറിക്കിടക്കുന്നു. അതിന്റെ ഭീഷണചിത്രം []ഗാന്ധിജിക്കു ശേഷം[] എന്ന കഥയിൽ അന്തർജ്ജനം ആത്മരോഷത്തോടെ വരച്ചുവെച്ചിട്ടുണ്ട്. തന്റെ തലമുറയിലെ മറ്റു കഥാകൃത്തുക്കളെ അപേക്ഷിച്ച് ഗാന്ധി പ്രഭാവം കൂടുതൽ പ്രകടമായ രചനകൾ നടത്തിയിട്ടുള്ളത് ഈ എഴുത്തുകാരിയാണ്.[]

ഗാന്ധിയൻ ദർശനങ്ങളും, സ്വാതന്ത്ര്യസമര ഘട്ടങ്ങളും സ്വാതന്ത്ര്യാനന്തര ഭാരതമെന്ന നഷ്ടസ്വപ്ന ഭൂമികയും അഭയാർത്ഥി പ്രശ്നങ്ങളുമെല്ലാം പ്രമേയമാവുന്ന ധാരാളം കഥകൾ അന്തർജ്ജനം രചിച്ചിട്ടുണ്ടെങ്കിലും സ്ത്രീകഥാപാത്രങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്ന രചനകൾ എണ്ണത്തിൽ കുറവാണ്. എങ്കിലും അവയിലെ കഥാപാത്രങ്ങളുടെ ശക്തി വായനക്കാരെ അമ്പരപ്പിക്കുന്നതാണ്. കൊടുങ്കാറ്റിൽ പെട്ട ഒരില, തീജ്വാലയ്ക്ക് മുമ്പിൽ, ധീരേന്ദു മജുംദാരുടെ അമ്മ എന്നിവയാണ് അവയിൽ ഏറെ ശ്രദ്ധേയമായവ.

5.1. കൊടുങ്കാറ്റിൽ പെട്ട ഒരില

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ദുരന്തചിത്രം സ്ത്രീകളുടെ ഒരു അഭയാർത്ഥി ക്യാമ്പിന്റെ ചിത്രത്തിലൂടെ അവതരിപ്പിക്കുകയാണ് കഥാകാരി. ഒരുപാടു നേതാക്കൾ ചോരയും ജീവനും നൽകി വീണ്ടെടുത്ത സ്വാതന്ത്ര്യം അവരൊന്നും വിഭാവനം ചെയ്തതുപോലെയായിരുന്നില്ല ഇന്ത്യയ്ക്ക് കിട്ടിയത്. വിഭജനവും അതിനെ തുടർന്നുണ്ടായ വർഗീയ കലാപങ്ങളും ഭാരത മണ്ണിനെ ചോരക്കളമാക്കി മാറ്റി. രണ്ടു മതത്തിലും പെട്ടവർ പരസ്പരം കൊന്നും കൊലവിളിച്ചും പക തീർത്തുകൊണ്ടിരുന്നു. ഇതിനിടയിൽ എത്രയോ കുടുംബങ്ങൾ നാഥനില്ലാതായി. എത്രയോ അമ്മമാർക്ക് കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടു. കുഞ്ഞുങ്ങളുടെ മുമ്പിൽ വെച്ച് അമ്മമാരും, അമ്മമാരുടെ കൺമുന്നിൽ മക്കളും മാനഭംഗം ചെയ്യപ്പെട്ടു. വീടുകൾ കത്തിയെരിഞ്ഞു. ഉടുതുണിക്ക്

മറുതുണിയില്ലാതെ ജീവൻ രക്ഷിക്കാനായി അവർ ഓടി. പലരും യുദ്ധത്തടവുകാരായി.

അത്തരത്തിൽ തടവിലാക്കപ്പെട്ട സ്ത്രീകളെ രണ്ടു വിഭാഗവും തിരിച്ചേൽപ്പിച്ചുകൊണ്ടിരുന്നു. തിരിച്ചെത്തിയവർ വീടും വസ്തുവകകളും നഷ്ടപ്പെട്ടവരായിരുന്നു. അവർ അഭയാർത്ഥി ക്യാമ്പുകളിൽ അഭയം പ്രാപിച്ചു. പലർക്കും ചില ബന്ധുക്കളെയെങ്കിലും തിരിച്ചുകിട്ടി. ചിലരാകട്ടെ തിരഞ്ഞുകൊണ്ടേയിരുന്നു. പശ്ചിമബംഗാളിലെ ഒരു ഗ്രാമത്തിൽ നിന്ന് വീണ്ടെടുക്കപ്പെട്ട യുവതികളായിരുന്ന ആ അഭയാർത്ഥിക്യാമ്പിൽ അവസാനം എത്തിപ്പെട്ടത്. അവരിൽ ഒരാൾ മാത്രം വല്ലാതെ ക്ഷീണിതയായിരുന്നു. അവൾ തന്നെക്കുറിച്ചുള്ള ഒരു വിവരവും പുറത്തു പറയാൻ ഇഷ്ടപ്പെട്ടില്ല. ഭക്ഷണം കഴിക്കാൻ കൂട്ടാക്കിയില്ല. തങ്ങളുടെ ദുരന്താനുഭവങ്ങൾ പങ്കിട്ടുകൊണ്ടിരുന്ന മറ്റു അഭയാർത്ഥികളെ പരിഗണിച്ചില്ല.

അവളുടെ മുഖത്ത് ലോകവിദ്വേഷപരമായ എന്തോ ഒരു ഭാവം നിഴലിച്ചിരുന്നു. ദുഃഖമോ, രോഷമോ, വൈരാഗ്യമോ എന്നു തിരിച്ചറിയാനാവാത്ത ആ ഭാവം അവളുടെ മുഖത്ത് നിരന്തരമായി നിലകൊണ്ടു. നാലുനാളായി അവൾ ഭക്ഷണം കഴിച്ചിട്ട്. ഇടയ്ക്കിടക്ക് മുഷ്ടി ചുരുട്ടി വയറിൽ ഇടിക്കാനായി ഒരുങ്ങും. പിന്നീട് എന്തോ ഓർത്തിട്ട് വേണ്ടെന്നു വയ്ക്കും. അവളുടെ ദീനാവസ്ഥ എങ്ങനെയോ ഡോക്ടറുടെ ശ്രദ്ധയിൽ പെട്ടു. പാൽപാത്രം ചുണ്ടോടടുപ്പിച്ചു പിടിച്ച് തന്നെ അനുനയിപ്പിക്കാൻ ശ്രമിക്കുന്ന ഡോക്ടറോടവൾ ചോദിച്ചു : "നിങ്ങൾക്കു രക്ഷിക്കണമെന്നു വിചാരിക്കുന്ന ഒന്നിനെ രക്ഷിക്കും പോലെ നശിപ്പിക്കണമെന്നുള്ളതിനെയും നശിപ്പിക്കാമോ? നാശത്തിൽ നിന്നു ജനിച്ചതിനെ - മൃഗീയമായ ബലാത്ക്കാരത്തിന്റെയും അജ്ഞതയുടെയും ഫലത്തെ - അതു നശിപ്പിച്ച് ഒരു ജീവനെ നിങ്ങൾക്കു രക്ഷിക്കാൻ കഴിയുമോ ഡോക്ടർ?"

ഗാന്ധിശിഷ്യനായ ഡോക്ടർ ഇത്തരം ഒരു ചോദ്യത്തിനുള്ള ഉത്തരം നൽകാൻ തയ്യാറല്ല. ആ അഭയാർത്ഥി ക്യാമ്പിൽ സേവനത്തിനെത്തിയത്. ഭാരതസ്ത്രീയായ നീ കഷ്ടതകളെ അതിജീവിച്ച് ഭാരതം നിലനിൽക്കുന്നതിനായി ആഹാരം കഴിക്കണമെന്നും അവളോട് അപേക്ഷിച്ചു. അതിന്റെ ഫലമായി അന്നവൾ പാൽ കുടിക്കുകയും പിന്നീടെന്നും കൃത്യമായി ഭക്ഷണം കഴിക്കുകയും ചെയ്തു.

ക്യാമ്പിലെ രജിസ്റ്ററിൽ അവളുടെ പേര് ജ്യോതി എന്നു ചേർക്കപ്പെട്ടു. ക്യാമ്പിൽ ആളുകൾ വന്നുകൊണ്ടേയിരുന്നു. അവിടെവെച്ച് അവൾ പല പ്രസവങ്ങളും കണ്ടു. അതിലധികം മരണം. തങ്ങൾക്കുണ്ടായ നഷ്ടങ്ങളുടെയെല്ലാം ഹേതുവിന്റെ ഉത്ഭവം എവിടമാണെന്ന് ക്യാമ്പിലുള്ള ആർക്കും വ്യക്തമായി അറിയില്ല. അവർ സ്വാതന്ത്ര്യസമര നേതാക്കൻമാരെയെല്ലാം - ഗാന്ധിജിയെ അടക്കം - പഴിച്ചുകൊണ്ട് ദിവസങ്ങൾ തള്ളിനീക്കി.

ജ്യോതി ഗർഭിണിയാണെന്ന വിവരം - അവിവാഹിതയായ ഗർഭിണി - ക്യാമ്പിൽ ചുരുക്കം പേർക്കേ അറിയാവൂ. തന്നിൽ പറ്റിപ്പിടിച്ചു വളർന്നുകൊണ്ടിരുന്ന ആ ജീവനെ അവൾ വെറുത്തു. വീർത്തുപൊങ്ങിയ വയർ നിലത്ത് അമർത്തിക്കിടന്നുകൊണ്ട് അവൾ എല്ലാം സഹിച്ചു. അടുത്ത ദിവസം ക്യാമ്പിലെ കക്കൂസിൽ ഒരു പിഞ്ചുകുഞ്ഞിന്റെ ശരീരം പിറന്ന പടി കിടക്കുന്നത് എല്ലാവരും കണ്ടു. തോട്ടികൾ ചപ്പുചവറുകൾക്കിടയിൽ എടുത്തിട്ട് ആ ശരീരം കൊണ്ടുപോയപ്പോൾ ഒരു പെണ്ണും കരഞ്ഞില്ല. ജീവിത മാർഗ്ഗത്തിൽ വന്നു പെടുന്ന പ്രതിബന്ധങ്ങളെന്തായാലും അതിനെയെല്ലാം തട്ടിത്തകർത്തു മുന്നേറാൻ പ്രാപ്തരായിരിക്കുന്ന അഭയാർത്ഥികൾ.

ജ്യോതി പകൽ മുഴുവൻ ക്യാമ്പിനു വെളിയിലുള്ള വിജനസ്ഥലങ്ങളിൽ അലഞ്ഞു നടന്നു. രാത്രി ആളൊഴിഞ്ഞ മൂലയിൽ കഴിച്ചു കൂട്ടും. ഒരു നാൾ

അവൾക്ക് അസഹ്യമായ നടുവേദനയുണ്ടായി. പ്രസവവേദനയാണെന്നവൾ ഭയന്നു. എന്നാൽ ഒന്നും സംഭവിച്ചില്ല. ക്യാമ്പിലെ ആർക്കും സംശയമുണ്ടായില്ല. രോഗം ആ ക്യാമ്പിൽ ഒരു സവിശേഷ സംഭവമായിരുന്നില്ല.

ഒരുനാൾ രാത്രി അസമയത്ത് ജ്യോതിക്ക് അസ്വാഭാവികമായ വേദന അനുഭവപ്പെട്ടു. പകൽ മീറ്റിങ്ങു നടന്ന വിജനസ്ഥലത്തായിരുന്നു അവൾ. അവൾക്ക് അവിടെ നിന്നും എഴുന്നേൽക്കാനായില്ല. ആ വേദനയ്ക്കിടയിൽ അവൾ പലതും ഓർത്തു. തന്റെ അമ്മ, അച്ഛൻ, ഗ്രാമം. ഗ്രാമത്തിന്റെ മുഴുവൻ ഓമനയായി താൻ വളർന്നത്. പർദ്ദ ഉപേക്ഷിച്ചത്. പഠിക്കാൻ പോയത്. നിശ്ചയിച്ച വിവാഹം വേണ്ടെന്നു വെച്ചത്. പിന്നീട് സ്വാതന്ത്ര്യസമരത്തിലും അതിന്റെ പേരിൽ അവശതയനുഭവിക്കുന്നവരെ സഹായിച്ചും അവള്ഡ രാപകൽ ഭേദമില്ലാതെ അലഞ്ഞുനടന്നു. തന്റെ കൂടെയുള്ളവരെ സഹോദരൻമാരെന്നു വിശ്വസിച്ച് കൂടെ കഴിഞ്ഞു. അതിന്റെ ഫലമാണ് അവളുടെ വീർത്ത വയറ്.

പ്രകൃതിയുടെ സൃഷ്ടികർമ്മത്തിൽ ഓരോ സ്ത്രീയും അവളുടെ പങ്കു നിർവ്വഹിക്കണം എന്ന കർത്തവ്യബോധം അമ്മ ഉപദേശിച്ചുകൊടുക്കുന്നതായി അവൾക്കു തോന്നി. അല്പനേരത്തിനുള്ളിൽ അവളിൽ നിന്ന് ആ ജീവൻ വേർപെട്ട് വേറൊന്നായി. ഇരുട്ടിന്റെ മറവിൽ നടന്ന ആ സൃഷ്ടി പുലരുമ്പോഴേക്കും ഒരടയാളവും ബാക്കിയില്ലാത്തവിധം അവസാനിപ്പിക്കാൻ അവൾ തീരുമാനിച്ചു. കഴുത്തു ഞെരിച്ചുകൊല്ലാമെന്നും മരച്ചുവട്ടിൽ കുഴിച്ചിടാമെന്നും ജ്യോതി തീരുമാനിച്ചു. താൻ ചുമന്ന കുരിശ് താൻ തന്നെ ഇറക്കുന്നതാണ് ശരിയെന്നവൾക്കു തോന്നി.

തന്റെ തീരുമാനം നടപ്പാക്കാനായി അവൾ ഇരുട്ടിൽ തപ്പിപ്പിടിച്ച് അതിനെ തൊട്ടു. പക്ഷെ, ആ ശരീരത്തിൽ തൊട്ടപ്പോഴേക്കും അത് ഉച്ചത്തിൽ കരയാൻ തുടങ്ങി. ആ കരച്ചിൽ കേട്ട് ക്യാമ്പിലുള്ളവരെല്ലാം ഉണരുമെന്നവൾ ഭയന്നു. അതുകൊണ്ട് കുഞ്ഞിന്റെ വായ പൊത്താനവൾ കൈവെച്ചു. ഇക്കിളി

നിറഞ്ഞ മാർദ്ദവം അവളെ ഞെട്ടിച്ചു. പൂവിനേക്കാൾ മൃദുവായ ആ ശരീരത്തിനുള്ളിലെ ജീവൻ ഇല്ലാതാക്കാൻ അവൾക്കായില്ല. നേരം വെളുക്കുമ്പോൾ ക്യാമ്പിലുള്ളവർ കണ്ടെത്തുകയും കുട്ടികളില്ലാത്ത ആരെങ്കിലും കുഞ്ഞിനെ സ്വന്തമാക്കുകയും ചെയ്യുമെന്നവർ കരുതി. അതിനെ അവിടെ ഉപേക്ഷിച്ചുപോകാൻ തീരുമാനിച്ച് നടന്നകന്ന അവളെ ആ കുഞ്ഞിന്റെ കരച്ചിൽ തിരിച്ചുകൊണ്ടുവന്നു. ഒച്ച ഇടറി കരച്ചിൽ അടഞ്ഞുപോയ ആ കുഞ്ഞിന്റെ ശരീരം അവൾ ഉമ്മവെച്ച് ചൂടു പിടിപ്പിച്ചു. കുഞ്ഞിനെ എടുത്ത് അവൾ ക്യാമ്പിലേക്ക് നടന്നുപോയി.

താൻ ഗർഭിണിയാണെന്ന് ലോകമറിഞ്ഞാലുണ്ടാകുന്ന അപമാനത്തിൽ നിന്നും രക്ഷപ്പെടാനും, ഇഷ്ടമില്ലാത്തവരിൽ നിന്ന് ഏറ്റുവാങ്ങേണ്ടി വന്ന വിദ്വേഷബീജത്തെ വളർത്താൻ ഇഷ്ടമില്ലാത്തതുകൊണ്ടുമാണ് അവൾ അതിനെ ഉപേക്ഷിക്കാൻ തീരുമാനിച്ചത്. എന്നാൽ മാതൃത്വം എന്ന വികാരം അവളെ അതിൽ നിന്നെല്ലാം മുക്തയാക്കുകയും പുത്രഹത്യ എന്ന പാപത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു.

തീജ്വാലയ്ക്കു മുന്നിൽ

അനർഹമായി വീണുകിട്ടുന്ന പ്രശംസയ്ക്കു മുന്നിൽ ഞെളിഞ്ഞുനിന്ന് സ്വന്തം കഴിവുകളെക്കുറിച്ച് ആത്മപ്രശംസ ചെയ്യുന്ന സാധാരണക്കാർക്ക് അപവാദമായി ജയലക്ഷ്മി എന്ന കഥാപാത്രത്തെ അവതരിപ്പിക്കുകയാണ് [തീജ്വാലയ്ക്കു മുന്നിൽ] എന്ന കഥയിൽ.

ദേശീയപ്രസ്ഥാനത്തിന്റെ അലകൾ കോളേജുകളിലും സ്കൂളുകളിലും അലയടിച്ചിരുന്ന കാലം. കോളേജ് വളപ്പിൽ വെച്ച് ജയ് വിളിച്ചതിനും സമരത്തിന് പ്രേരിപ്പിച്ചതിനുമായാണ് ജയലക്ഷ്മിക്ക് സസ്പെൻഷൻ കിട്ടിയത്. ഇതിനെത്തുടർന്ന് സമരം രൂക്ഷമായി. വിദ്യാർത്ഥികൾ ഒറ്റക്കെട്ടായി. കോളേജ് അനിശ്ചിതകാലത്തേക്ക് പൂട്ടേണ്ടതായി വന്നു അവർക്ക്. മറ്റു കോളേജുകളിലെ പോലും വിദ്യാർത്ഥികൾ പോലും ജയലക്ഷ്മിക്ക് ജയ്

വിളിച്ചുതുടങ്ങി.

ഇത്രയുമായപ്പോഴേക്കും നിയമവും നേതാക്കൻമാരും ഉണർന്നു. പത്രങ്ങൾക്ക് പുതിയ വാർത്തയുണ്ടായി. പ്രതിഷേധ യോഗങ്ങളും പത്രപ്രസ്താവനകളും തുടർന്നുകൊണ്ടിരുന്നു. പൊതുവേദിയിലെ പ്രസംഗത്തിന് ജയലക്ഷ്മിയെ അറസ്റ്റ് ചെയ്യുമെന്ന വാർത്ത പരന്നു. എന്നാൽ ഒടുവിൽ മാപ്പു പറയാതെ തന്നെ നിരുപാധികം അധികൃതർ കോളേജിൽ തിരിച്ചെടുത്തു. അഭിനന്ദന ഘോഷയാത്രയും ആശംസകളും ഇടതടവില്ലാതെ നടന്നു. ഒരൊറ്റ ദിവസം കൊണ്ട് ഒരേയൊരു സംഭവം കൊണ്ട് ജയലക്ഷ്മി വീരനായികയായി.

ആളുകൾ എന്തിന് തനിക്ക് ജയ് വിളിക്കുന്നു എന്നും, മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി തനിക്കെന്ത് പ്രത്യേകതയാണുള്ളതെന്നും അവൾ ആലോചിച്ചുകൊണ്ടിരുന്നു. തന്നെ സഹപാഠികളെല്ലാം വീരനായികയാക്കിയതും ആരാധനയോടെ നോക്കുന്നതും അവൾക്ക് അസഹനീയമായി. ഒന്നു ജയ് വിളിക്കുക മാത്രം. അതും കോളേജു മതിൽക്കെട്ടിനപ്പുറം നടക്കുന്ന ആവേശകരമായ ജയഘോഷങ്ങളുടെ മാറ്റൊലിയായിട്ട്. പക്ഷെ അതേറ്റു വിളിച്ചത് ആദ്യം അവളായിപ്പോയി. അവളുടെ ശബ്ദത്തിന് മാറ്റൊലികളുണ്ടായി. അങ്ങനെ അവൾ നായികയായി.

എന്നാൽ അദ്ധ്വാനിക്കാതെ കിട്ടിയ ഈ പ്രശസ്തി ജയയെ തളർത്തി. ആ തളർച്ച ജീവിതത്തിൽ ഒരു ഉറച്ച തീരുമാനമെടുക്കാൻ അവളെ പ്രേരിപ്പിച്ചു. തന്റെ മനസ്സിന്റെ പ്രണയലോലമായ ചിന്തകൾ അടർത്തി മാറ്റാനും ആ സ്ഥാനത്ത് ദേശീയ പ്രസ്ഥാനത്തെ കുടിയിരുത്താനും അവൾ തീരുമാനിച്ചു. അതിന്റെ ഫലമായി തനിയ്ക്ക് അതുവരെ ലഭിച്ചതും ആരും കാണാതെ ഒളിച്ചുവെച്ചിരുന്നതുമായ പ്രണയലേഖനങ്ങൾ എടുത്ത് അവൾ തീയിട്ടു. ആ തീജ്വാലയ്ക്കു മുന്നിൽ പതറാത്ത മനസ്സുമായി അവൾ നിന്നു. തീവെളിച്ചം കണ്ട് ഞെട്ടിയുണർന്ന രാധ, ജയയുടെ വസ്ത്രത്തിന് തീ പിടിച്ചുപോയെന്നു ഭയന്നു. വിറച്ചുകൊണ്ടു നിൽക്കുന്ന രാധയോട് "എന്റെ വസ്ത്രങ്ങൾക്കല്ല

ഹൃദയത്തിനാണിന്ന് തീ പിടിച്ചത്. അവിടെ ആവശ്യമില്ലാത്ത ചവറുകളെല്ലാം കൂടിക്കിടന്ന് ഒരു തീപ്പൊരി. ഒരൊറ്റ തീപ്പൊരിയേ വീണുള്ളൂ. നശിക്കുവാനുള്ളവ നശിക്കയും ജ്വലിക്കാനുള്ളവ ജ്വലിക്കയും ചെയ്യട്ടെ. ഈ പാവനമായ വഹ്നിശിഖയിൽ കൈവെച്ചു ദൈവം സാക്ഷിയായി - ആത്മസാക്ഷിയായി ഞാനിതാ സത്യം ചെയ്യുന്നു : വഞ്ചനയുടെ പുറപ്പകിട്ടിൽ ഇന്നു നേടിയ സ്തുതിഗീതങ്ങൾക്ക് പകരമായി സ്വതന്ത്രവും സുന്ദരവുമായ ഒരു മാതൃഭൂമിക്ക് ജയ് വിളിക്കുന്നതുവരെ മറ്റൊന്നിലും ഞാൻ ശ്രദ്ധിക്കുന്നില്ല. എന്റെ ദേശത്തെ ഏറ്റവുമെളിയ പൗരനുപോലും ജീവിതസൗകര്യം കിട്ടുന്നതുവരെ അനർഹമായ സുഖസൗകര്യങ്ങൾ സ്വീകരിക്കയുമില്ല[] - എന്ന തന്റെ ദൃഢനിശ്ചയം അറിയിക്കുകയും ചെയ്യുന്നു.

പ്രശംസയിൽ അഹങ്കരിച്ച് ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ പോലും അലസരാകുന്ന ആളുകളുടെ ചുറ്റുപാടിൽ വ്യതിരിക്തമായ ഒരു കാഴ്ചപ്പാടുമായി നിലനിൽക്കുന്ന അന്തർജ്ജനത്തിന്റെ ജയലക്ഷ്മി എന്ന കഥാപാത്രം.

5.3. ധീരേന്ദ്രമജുംദാരുടെ അമ്മ

ചുവന്ന പട്ടുടുത്ത് സിന്ദൂരം നിറുകയിലിട്ട് വിവാഹോചിത വേഷവുമായി മൂടിക്കെട്ടിയ മജുംദാർ കുടുംബത്തിൽ ശാന്ത എത്തിയത് അവരുടെ ഒൻപതാം വയസ്സിലായിരുന്നു. അൻപതു വയസ്സുവരെ ആ വീടു വിട്ട് പുറത്തിറങ്ങിയിട്ടില്ല. അതിനിടയിൽ ഏഴാണും രണ്ടു പെണ്ണുമായി ഒൻപതു മക്കളുടെ അമ്മയായി. തികച്ചും രാജഭക്തരായിരുന്ന മജുംദാർ കുടുംബത്തിന് പല സ്ഥലത്തും ദേശവഴികളുണ്ട്. സെമീന്ദാരികളുണ്ട്. ദേശാദ്ധ്യക്ഷസ്ഥാനമുണ്ട്. കൂടാതെ ശാന്തി മജുംദാരുടെ ഭർത്താവ് റാവു ബഹാദുറും ഓണററി ജഡ്ജിയും ഇംഗ്ലീഷ് സർക്കാരിന്റെ ഉപദേശക സമിതിയിലെ അംഗവുമായിരുന്നു. മൂത്ത മകൻ പഠിക്കാൻ മിടുക്കനായതുകൊണ്ട് അവനെ ഐസിഎസ്സുകാരനാക്കണമെന്ന് മാതാപിതാക്കൾ മോഹിച്ചു.

അദ്ധ്യായം മൂന്ന്

ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ

ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ

ലളിതാംബിക അന്തർജ്ജനത്തിന്റെ രചനകളുടെ ഒരുസംക്ഷിപ്ത വിവരണ മാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നിർവ്വഹിച്ചത്. കവിത, കഥ, നോവൽ, പുരാണസ്ത്രീകഥാപാത്ര പഠനം, ആത്മകഥ എന്നീ മേഖലകളിൽപ്പെട്ട രചനകളുടെ ഒരു സാമാന്യാവലോകനം നടത്തുക എന്നതായിരുന്നു ഉദ്ദേശ്യം. ചെറുകഥകളെ മാത്രമെടുത്ത് പരിശോധിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്. പഠനമേഖല സ്ത്രീ കഥാപാത്രങ്ങൾ മാത്രമായതുകൊണ്ട് കഥകളിൽ നിന്ന് പ്രാതിനിധ്യ സ്വഭാവമുള്ളവ തിരഞ്ഞെടുത്ത് അവയിലെ സ്ത്രീകഥാപാത്രങ്ങളെ പഠനവിധേയ മാക്കുന്നു.

പല വിഭാഗത്തിൽ പെടുത്താവുന്ന 140-ഓളം ചെറുകഥകൾ ലളിതാംബിക അന്തർജ്ജനം രചിച്ചിട്ടുണ്ട്. പഠനത്തിന്റെ സൗകര്യത്തിനുവേണ്ടി അവയെ സാമുദായികം, സാമൂഹികം, മാതൃത്വം, നിരാലംബ വാർദ്ധക്യം, ദേശീയം എന്നീ മേഖലകളിലായി വേർതിരിച്ചിരിക്കുന്നു.

അനുഭവതീക്ഷ്ണതയുടെ ചൂടും ചൂരും കൂടുതലുള്ളതുകൊണ്ടായിരിക്കാം സാമുദായിക കഥകളിലാണ് അന്തർജ്ജനത്തിന്റെ കഥനവൈഭവം ശക്തമായി തെളിയുന്നത്. ഒരു കഥാകാരി എന്ന നിലയിൽ അവർ പ്രശസ്തയായതും അവരുടെ സാമുദായിക കഥകളിലൂടെയാണ്. "വൃദ്ധൻ നമ്പൂതിരിയുടെ നാലാമത്തേയോ അഞ്ചാമത്തേയോ ഭാര്യയായി വന്ന് ദാമ്പത്യസൗഖ്യം ഒട്ടും അനുഭവിക്കാതെ വൈധവ്യത്തിന്റെ ചാരം മൂടിയ ഇരുണ്ട ജീവിതത്തിലേക്ക് മറയേണ്ടിവന്ന നമ്പൂതിരിയുവതികൾ അക്കാലത്ത് ഏറെയുണ്ടായിരുന്നു. അകത്തളത്തിലെ അത്തരം അടിമകളുടെ കദനകഥകൾ എഴുതിക്കൊണ്ടാണ് ലളിതാംബിക അന്തർജ്ജനം മലയാള ചെറുകഥയിൽ ശ്രദ്ധിക്കപ്പെടുന്നത്."[1] എന്ന് അന്തർജ്ജനത്തിന്റെ ചെറുകഥകളുടെ സമ്പൂർണ്ണ സമാഹാരത്തിന്റെ

അവതാരികയിൽ ഡോ. കെ.എസ്. രവികുമാർ ചൂണ്ടിക്കാട്ടുന്നു. അന്തർജ്ജനത്തിന്റെ ഓജസ്സും ശക്തിയും തെളിയുന്നത് ഈ വിഭാഗത്തിൽപ്പെട്ട കഥകളിലൂടെയായതുകൊണ്ട് ആദ്യം സാമുദായിക കഥകളെ പഠനവിധേയമാക്കുന്നു.

സാമുദായിക കഥകൾ

അന്തർജ്ജനം ചെറുകഥകൾ രചിക്കാനിടയാക്കിയ സാഹചര്യവും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുമെല്ലാം കഴിഞ്ഞ അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്. അന്തർജ്ജനത്തിന്റെ സാമുദായിക കഥകളിൽ ശക്തമായതും, അവരെ ചെറുകഥാരംഗത്ത് പ്രശസ്തയാക്കിയതുമായ യാത്രാവസാനം, വിധിബലം, പ്രതികാരദേവത, ഇത് ആശ്വാസ്യമാണോ, മൂടുപടത്തിൽ, പ്രസാദം, അധിവേദനം, ജീവിതവും മരണവും, കുറ്റസമ്മതം എന്നീ കഥകളാണ് ഈ വിഭാഗത്തിൽ സവിശേഷപഠനത്തിന് വിധേയമാക്കുന്നത്.

യാത്രാവസാനം

1930ൽ എഴുതി, "മലയാളരാജ്യം" വാരികയിൽ പ്രസിദ്ധീകരിച്ച "യാത്രാവസാനം" എന്ന കഥ എഴുതാനുണ്ടായ പ്രചോദനവും, സാഹചര്യവും മറ്റും മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ കഥയിലെ നായിക "ശ്രീദേവി" ഇരുപതു വയസ്സുള്ള ഒരു യുവ വിധവയാണ്. തനിക്കും സമുദായത്തിൽ ഭ്രമിക്കു തന്നെയും ഭാരമായ ജീവിതം പേറിക്കൊണ്ടിരിക്കുന്ന ആ യുവവിധവയ്ക്ക് രണ്ടുനാഴികയ്ക്കപ്പുറത്തുള്ള അമ്മാത്തോളമുള്ള ലോകമേ അറിയൂ. അതിനപ്പുറമുള്ള ലോകത്തെക്കുറിച്ചുള്ള അറിവ് അവൾക്കാവശ്യമില്ലായിരുന്നു. കാരണം അവളൊരു നമ്പൂതിരി സ്ത്രീയായതുതന്നെ. ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം വിധിവിഹിതം എന്നു സമാധാനിക്കാൻ തന്റെ മുൻതലമുറയെപ്പോലെതന്നെ ശീലിച്ചവളാണ് അവളും. വിധവയുടെ ജീവിതം, നരകതുല്യമാണെന്നു തിരിച്ചറിയേണ്ട ആവശ്യമില്ലായിരുന്നു അവൾക്ക്. കാരണം അവരെ സംബന്ധിച്ചിടത്തോളം ആചാരവിശ്വാസങ്ങൾ ജീവിതം തന്നെയായിരുന്നു.

പതിനൊന്നാം വയസ്സിൽ വിവാഹിതയായതാണവൾ. ഒരു വയസ്സൻ

ബ്രാഹ്മണനന് അവളെ ധർമ്മവേളി (സ്ത്രീധനമില്ലാത്ത വിവാഹം) കഴിച്ചുകൊടുത്ത് സഹോദരൻ കൃതാർത്ഥനായി. ഭർത്തൃഗൃഹത്തിലെ എതിർപ്പു നിമിത്തം കൂടിവെപ്പു നടന്നില്ല. വിവാഹശേഷം ഒന്നരവർഷമേ അവളുടെ ഭർത്താവ് ജീവിച്ചിരുന്നുള്ളൂ. പക്ഷേ, മരിക്കുന്നതുവരെ അയാൾ ഇടയ്ക്കിടയ്ക്ക് അവിടെ വന്നുപോവാറുണ്ടായിരുന്നു.

തന്റെ കഴുത്തിൽ താലി കെട്ടിയ ആൾ എന്ന നിലയ്ക്ക് ചിലപ്പോഴൊക്കെ ആ വൃദ്ധന്റെ രൂപം ഓർമ്മയിൽ വരാറുണ്ടെന്നത് ഒഴിച്ചാൽ ഭർത്താവിന്റെ മരണശേഷവും വിശേഷവിധിയായി അവൾക്കൊന്നും തോന്നിയിരുന്നില്ല. ജ്യേഷ്ഠന്റെ ഒരു പത്നിയും അവളുമൊഴിച്ച് ബാക്കി ആ കുടുംബത്തിലെ അംഗങ്ങളെല്ലാം വസൂരിബാധയാൽ മരണമടഞ്ഞു. വിധവ എന്ന പ്രത്യേക പരിഗണനയാൽ മാത്രം ജ്യേഷ്ഠത്തി അവളെ തന്നോടൊപ്പം നിർത്തി. അങ്ങനെ ഒരുവിധം ജീവിതം തള്ളിനീക്കിക്കൊണ്ടിരിക്കെ വൈശാഖമാസത്തിലെ ഏകാദശി തൊഴാനായി ആ പ്രദേശത്തെ അന്തർജ്ജനങ്ങളെല്ലാം ഗുരുവായൂർക്ക് പോകാൻ പദ്ധതിയിട്ടു. തന്നെക്കൂടി കൊണ്ടുപോവാൻ ജ്യേഷ്ഠത്തിയോട് കെഞ്ചി അപേക്ഷിച്ചിട്ടും, വഴിയിൽ അവൾ ഒരു ഭാരമായിത്തീരും എന്ന ഭയത്താൽ അവർ ഒരു വിധത്തിലും സമ്മതിച്ചില്ല. തന്റെ യാത്രച്ചിലവിനുള്ള പണമുണ്ടാക്കി സംഘനേതാവുമായി സംസാരിച്ചപ്പോൾ ഒരുവിധം സമ്മതം കിട്ടിയ മട്ടായി. ശ്രീദേവി സന്തുഷ്ടയായി ഇരുപതു വയസ്സിനിടെ ആദ്യമായാണ് അവൾക്ക് ഇങ്ങിനെ ഒരു യാത്ര ഒത്തുവന്നിരിക്കുന്നത്. യാത്രയുടെ ക്ലേശങ്ങളും പ്രതിബന്ധങ്ങളും എല്ലാം പറഞ്ഞ് പിന്നെയും ജ്യേഷ്ഠത്തി അവളെ പിൻതിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ വഴങ്ങിയില്ല. തനിക്കുള്ള വസ്ത്രങ്ങൾ ഭാണ്ഡമായി കെട്ടിയെടുത്ത് അവൾ യാത്രയ്ക്ക് തയ്യാറായി.

ജീവിതത്തിൽ ഏറെ ദൂരം നടന്നു ശീലിച്ചിട്ടില്ലാത്ത അവൾ ആദ്യദിവസത്തെ യാത്രകൊണ്ടുതന്നെ ക്ഷീണിച്ചവശയായി. മാത്രമല്ല പനിയും ആരംഭിച്ചു. വിശ്രമിക്കാനായി കയറിച്ചെന്ന ഒരില്ലത്തിന്റെ പുറംതിണ്ണിയിൽ മുണ്ടുവിരിച്ച്, പുതമുണ്ടിന്റെ അറ്റംകൊണ്ട് പുതച്ച് അവൾ കിടന്നു. അല്പം ചൂടുവെള്ളം കിട്ടിയാൽ കൊള്ളാമെന്നുള്ള ആശ അവൾ മനസ്സിൽ ഒതുക്കി. പിറ്റേന്നു രാവിലെ എല്ലാവരും തയ്യാറായിട്ടും ശ്രീദേവി എഴുന്നേൽക്കില്ലെന്നു കണ്ട ജ്യേഷ്ഠത്തി കോപാന്ധയായി.

അവൾക്ക് പനിയുണ്ടെന്നു മനസ്സിലായ അവർ അങ്കലാപ്പിലായി. അവൾ കാരണം തന്റെ യാത്ര കൂടി മുടങ്ങുമോ എന്നായി അവരുടെ ഭയം. ഏതായാലും ക്ഷേത്രദർശനം എന്ന മോഹം അദമ്യമായതുകൊണ്ട് ശ്രീദേവി സാവധാനം എഴുന്നേറ്റ് അവരെ അനുധാവനം ചെയ്തു. റെയിൽവേ സ്റ്റേഷനിലേക്കുള്ള യാത്ര അവളെ ഏറെ ക്ഷീണിതയാക്കി. അക്കൂട്ടത്തിൽ തീവണ്ടി കാണാത്തവളായി അവൾ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വണ്ടിയിൽ കയറിപ്പറ്റിയ അവൾ മറ്റുള്ളവരുടെ നിർദ്ദേശമനുസരിച്ച് നിലത്ത് ചുരുണ്ടുകൂടിക്കിടന്നു.

ദിവസങ്ങൾ കടന്നുപോയത് അവളറിഞ്ഞില്ല. കണ്ണുതുറന്നപ്പോൾ ചുറ്റും അപരിചിതരെയാണ് കണ്ടത്. തലയുയർത്തി കൂടെയുള്ളവരെ തേടിയ അവൾക്ക് ആരെയും കണ്ടെത്താനായില്ല. അവർ മനഃപൂർവം തന്നെ ഉപേക്ഷിക്കുകയോ, ഇറങ്ങുന്ന തിരക്കിൽ തന്നെ മറക്കുകയോ ചെയ്തിരിക്കുന്നു. അന്വേഷിച്ചുവരാൻ തനിക്കാരുമില്ല. വല്ല വിധത്തിലും തിരികെ നാട്ടിലെത്തിയാലും ഭ്രഷ്ടയായ തന്നെ സമുദായം സ്വീകരിക്കുകയുമില്ല - ഇപ്രകാരമുള്ള ചിന്തകളുമായി, തലപൊക്കാനാവാതെ കിടന്ന അവൾക്ക് തീവണ്ടി നിന്ന സ്റ്റേഷനിൽ ഇറങ്ങേണ്ടിവന്നു; അത് മദ്രാസ് ആയിരുന്നു.

ടിക്കറ്റ് കാണിച്ചു പുറത്തിറങ്ങിപ്പോകാൻ ആജ്ഞാപിച്ച ഉദ്യോഗസ്ഥനെ അവൾ നിസ്സഹായയായി ഒന്നു നോക്കുക മാത്രം ചെയ്തു. ഭാണ്ഡവും പുതപ്പും കുടയുമായി പുറത്തിറങ്ങിനിന്ന അവൾ ഭയന്നു വിറയ്ക്കാൻ തുടങ്ങി. ടിക്കറ്റിനായി ചോദിച്ചു കൊണ്ടിരുന്ന അയാളെ ഭയന്ന് ദയനീയമായി നോക്കിക്കൊണ്ടുനിന്നിരുന്ന അവളെ ഒടുവിൽ ദയ തോന്നി അയാൾ വിട്ടയച്ചു. ഒരു കൈയിൽ ഓലക്കുട, മറ്റേ കൈയിൽ തലമൂടി പുതച്ച ചേലപ്പുതപ്പ്, കാതിൽ ചെവിടോടു ചേർന്നാടുന്ന ചുറ്റ്. മലയാളത്തിലെ ഗ്രാമവാസികൾ സാധാരണ ഈ വേഷത്തെ ഗൗനിക്കാറില്ലായിരിക്കാം. എന്നാൽ പരിഷ്കൃതരായ മദ്രാസ് നഗരത്തിലെ പാന്ഥൻമാർ ഈ വിചിത്രവേഷത്തെ പുച്ഛിച്ചുനോക്കാൻ തുടങ്ങി.[2] ആ പരിഷ്കൃതനഗരത്തിൽ അവൾക്ക് പലതും അനുഭവിക്കേണ്ടിവന്നു. ഭിക്ഷ

ക്കാരിയാണെന്നും മോഷ്ടാവാണെന്നും പറഞ്ഞ് പലരും ആക്ഷേപിക്കാൻ തുടങ്ങി. ഒന്നു വിശ്രമിക്കാനുള്ള ഇടംപോലും കണ്ടെത്താൻ അവൾക്കായില്ല. വഴക്കുപറഞ്ഞ് പുറത്താക്കിയ വീടിന്റെ മുകൾനിലയിൽ താമസിച്ചിരുന്ന ഒരു യുവാവ്, അവളൊരു നമ്പൂതിരി യുവതിയാണെന്നു തിരിച്ചറിഞ്ഞ് ഒടുവിൽ സഹായഹസ്തവുമായി വന്നു.

ജ്വരബാധിതയായ അവളെ അയാൾ ആസ്പത്രിയിലാക്കി. ചികിത്സകൾക്ക് ഏർപ്പാടാക്കി. അയാൾ - പ്രഭാകരൻ നമ്പൂതിരിപ്പാട് - മദ്രാസ് മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. വിദ്യാർത്ഥിയായിരുന്നു. ആറേഴു ദിവസങ്ങൾക്കു ശേഷം അവളുടെ അസുഖം കുറഞ്ഞുതുടങ്ങി. ദേശം വിട്ടുപോന്ന് മുറനാട്ടിലെത്തിയ തനിക്ക് ഇനി സ്വദേശത്തേക്ക് തിരിച്ചുപോവാനാവില്ലെന്നും, ഭ്രഷ്ടയായി ജീവിക്കുന്നതിനേക്കാൾ മരണമാണ് അഭികാമ്യമെന്നു പറഞ്ഞ അവളെ അയാൾ സമാധാനിപ്പിച്ചു; അവളെ വിവാഹം ചെയ്യാൻ താൻ തയ്യാറാണെന്നും അറിയിച്ചു.

ഒരു വിധവയ്ക്ക് ഇത്തരം ഒരു സാധ്യതയുണ്ടെന്നുള്ള അറിവ് അവളെ ആദ്യം അമ്പരപ്പിച്ചെങ്കിലും പിന്നീട് ആശ്വസിപ്പിച്ചു. മരണം മാത്രമേ പോംവഴിയുള്ളൂ എന്നു ധരിച്ചിരുന്ന അവൾക്ക് ജീവിക്കാനുള്ള അവസരമാണ് അയാളുണ്ടാക്കിക്കൊടുത്തത്. ആ ആശുപത്രിമുറിയിൽ വെച്ച് പ്രഭാകരൻ നമ്പൂതിരിപ്പാട് തന്റെ കൈവിരലിലെ മോതിരം അവളുടെ വിരലിലണിയിച്ച് അവളെ തന്റെ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുപോന്നു. ആർപ്പുവിളിയോ, ആർഭാടമോ മന്ത്രോച്ചാരണമോ ഇല്ലാതെ അവൾ അയാളുടെ ജീവിതസഖിയായി.

കുറച്ചു മാസങ്ങൾക്കു ശേഷം ഒരു ദിവസം മദ്രാസ് മെയിലിൽ വരുന്ന അവരെ സ്വീകരിക്കാനായി ഒട്ടേറെ യുവതീയുവാക്കൾ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നു. പുതമുണ്ടിനും മറക്കുടയ്ക്കും പകരം പരിഷ്കൃതവേഷധാരിണിയായി വന്നെത്തിയ ശ്രീദേവിയെയും പ്രഭാകരൻ നമ്പൂതിരിപ്പാടിനേയും അവർ ജയാരവങ്ങളോടെ എതിരേറ്റു.

അക്കാലം വരെ ഒരു വിധവാവിവാഹം പോലും നടന്നിട്ടില്ലാത്ത നമ്പൂതിരി

സമുദായത്തിലെ ഒരു യുവതിയാണ് ഇത്തരം ഒരു പ്രമേയം സ്വീകരിച്ച് ശക്തമായ ഒരു ചെറുകഥ രചിച്ചത്. നാലു ഭാഗങ്ങളാക്കി തിരിച്ച് രചിക്കപ്പെട്ടിരിക്കുന്ന കഥയുടെ ആദ്യഭാഗത്ത് നായികയായ ശ്രീദേവിയെ പരിചയപ്പെടുത്തുകയും യാത്രയുടെ ഒരുക്കങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു, രണ്ടാം ഭാഗത്ത് തീവണ്ടിയാത്രയും ഒറ്റപ്പെടലും. നമ്പൂതിരി യുവാവിനെ കണ്ടെത്തലും അയാളുടെ സഹായവും വിവരിക്കുന്ന മൂന്നാം ഭാഗത്ത് അവളുടെ ആസ്പത്രിജീവിതവും പ്രഭാകരൻ നമ്പൂതിരിയുമായുള്ള സംഭാ ഷണവും വിവാഹവും അവതരിപ്പിക്കുന്നു. നാലാം ഭാഗത്ത് നാട്ടിലേക്കുള്ള തിരിച്ചു വരവാണ് ചിത്രീകരിച്ചിരിക്കുന്നത്.

വിധിബലം

തങ്ങളുടെ അനിയന്ത്രിതമായ സ്വൈരജീവിതത്തിനുതകുന്ന തരത്തിലുള്ള ആചാരങ്ങളും വിശ്വാസങ്ങളും പ്രമാണങ്ങളായി എടുത്തുകാട്ടി സമുദായത്തിനകത്തും പുറത്തും സദാചാരരഹിതമായ ജീവിതം നയിച്ച നമ്പൂതിരി സമുദായത്തിലെ പുരുഷൻമാർ, വെറും സംശയത്തിന്റെ പേരിൽ പോലും അവരുടെ സ്ത്രീകളെ സ്മാർത്തവിചാരം ചെയ്ത് സമുദായത്തിനു പുറത്താക്കിയിരുന്നു. സ്മാർത്തവിചാരം എന്ന സാമുദായികാചാരത്തെ ആധാരമാക്കി ലളിതാംബിക അന്തർജ്ജനം രചിച്ച ശക്തമായ കഥകളിലൊന്നാണ് വിധിബലം.

കാഴ്ചയിൽതന്നെ സഹതാപം തോന്നിക്കുന്ന രീതിയിൽ അസ്ഥിമാത്ര ശേഷമായ ഒരു മനുഷ്യജീവി കീറിപ്പറിഞ്ഞ ചാക്കുകഷണങ്ങൾക്കുള്ളിൽ ഞരങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. അടുപ്പത്ത് തിളച്ചുകൊണ്ടിരിക്കുന്ന കഞ്ഞിയ്ക്കോ, രോഗവിമുക്തി നൽകുന്ന മരുന്നുകൾക്കോ ഇനി ആ ശരീരത്തിൽ കാര്യമായൊന്നും ചെയ്യാനില്ലാ. ഒരന്ത്യാഭിലാഷംസാധ്യമായേക്കുമെന്നുള്ള പ്രതീക്ഷയാണ് മരണമുഹൂർത്തത്തെ നീട്ടിക്കൊണ്ടുപോകുന്നതെന്നു വേണമെങ്കിൽ പറയാം. ഈ കൂടിലിൽ വന്നതിനു ശേഷമുള്ള ജീവിതവും അതിനു മുമ്പുള്ള ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്ന ഒട്ടേറെ സംഭവങ്ങളുടെ ഓർമ്മകളാണ് അതിനാധാരം.

ആസന്നമരണയായി കിടക്കുന്ന ആ മനുഷ്യജീവി ഇപ്പോൾ ഒരു മുസ്ലീം

സ്ത്രീയാണ്. എന്നാൽ ആ നാട്ടിലെ നാടുവാഴിയുടേതിനു തുല്യമായ അധികാരാവകാശങ്ങളുള്ള ഇല്ലത്തെ അമ്മത്തമ്പുരാട്ടിയായിരുന്നു അവർ ഒരുകാലത്ത്. സുന്ദരിയും ചെറുപ്പക്കാരിയുമായ മറ്റൊരു സ്ത്രീയെ വിവാഹം ചെയ്തുകൊണ്ടുവന്നപ്പോൾ ഭർത്താവിന് അവരെ വേണ്ടെന്നായി. സപത്നീമത്സരത്തിനൊടുവിൽ ഏഷണിയുടെ ഫലമായി ആദ്യവേളിയെ - അമ്മത്തമ്പുരാട്ടിയെ - കൈകൊട്ടിപ്പുറത്താക്കി പടിയടച്ച് പിണ്ഡം വെച്ചു.

പത്തു വയസ്സായ തന്റെ മകനേ കൂടെ അയയ്ക്കാൻ കരഞ്ഞപേക്ഷിച്ച അവരുടെ വാക്കുകൾ ആരും ചെവിക്കൊണ്ടില്ല. താൻ നൊന്തുപ്രസവിച്ച കുഞ്ഞിനെ ഇല്ലത്തു വിട്ട് പോവേണ്ടിവന്ന അവർക്ക് ഒരു മുസൽമാന്റെ ഭാര്യയായി മറ്റൊരു കുടുംബജീവിതം നയിക്കേണ്ടിവന്നു. കാലക്രമേണ ആ ജീവിതവുമായി പൊരുത്തപ്പെട്ട് അവർക്ക് ഈ ബന്ധത്തിലും മക്കളുണ്ടായി.

ഇന്ന് ആ അമ്മത്തമ്പുരാട്ടിയുടെ ചാത്ത-ശ്രാദ്ധമാണ് ഇല്ലത്ത്. അതിന്റെ സദ്യ ഉണ്ട് വീട്ടിലേക്ക് പകർച്ച കൊണ്ടുപോകുന്ന ഒരമ്മയുടെയും മകളുടെയും വാക്കുകളിലൂടെയാണ് ഈ സംഭവങ്ങൾ വ്യക്തമാവുന്നത്. ജീവിച്ചിരിക്കുന്നവർക്ക് ബലിയിടുന്ന നമ്പൂതിരിമാരുടെ ക്രൂരതയിൽ സംശയാലുവായ മകൾക്ക് സംശയനിവൃത്തി വരുത്തുന്ന അമ്മയുടെ വാക്കുകൾ ശ്രദ്ധേയമാണ് - □നിനക്കെന്തറിയാം? പടി അടച്ചു പിണ്ണാം വെച്ച് അന്നേ ചത്തപോലെ പെലേം കൊണ്ടില്ലേ്യ? ഇപ്പോഴൊണ്ടോ എന്തോ - വല്ല പൊഴേലും ചാടി ചത്തോ! അതോ വല്ലോരും തല്ലിക്കൊന്നോ! ഈശ്വരാ! പത്തുജന്മം പട്ടിയായി ജനിച്ചാലും ഈ നമ്പൂരാരുടെ എടേല് പെണ്ണായി പെറക്കല്ലേ പഹവാനേ!□[3] അത്രമാത്രം ദയനീയമായിരുന്നു ആചാരവിശ്വാസബന്ധിതമായ ആ സമുദായത്തിലെ സ്ത്രീജീവിതം.

തന്റെ ശരീരത്തിൽ നിന്നു ജീവൻ വിട്ടുപോകണമെങ്കിൽ ഒരാഗ്രഹം സാധിക്കണമെന്ന് ഉമ്മ മകൾ പാത്തുമ്മയോട് പറയുന്നു. വൈസ്രവണത്ത്

മനയിലെ വലിയ നമ്പൂതിരിപ്പാടിനെ ഒരു നോക്കു കാണണം. ആ ദർശന സാധ്യത്തോടെ മാത്രമേ തന്റെ ശരീരത്തിൽ നിന്ന് ആത്മാവ് വിട്ടുപോവുകയുള്ളൂ എന്നാണ് അവരുടെ ഉറച്ച വിശ്വാസം. അതിനായി മാത്രമാണവർ കാത്തുകിടക്കുന്നതും.

പറമ്പിൽ ആകെയുള്ള വിളയായ ചേനയും വാഴക്കുലയും കാഴ്ചയ്ക്കായി എടുത്ത് ഇല്ലത്തെ നമ്പൂതിരിയെക്കൊണ്ട് തന്റെ ഉമ്മയുടെ ആഗ്രഹം സാധിപ്പിക്കാനായി പാത്തുമ്മ അപ്പോൾ തന്നെ ഇറങ്ങിപ്പുറപ്പെടുന്നു. കാര്യസ്ഥനും നമ്പൂതിരിക്കും പ്രത്യേകം പ്രത്യേകം കാഴ്ചകളർപ്പിച്ച അവൾ നമ്പൂതിരിയുടെ മുന്നിൽ തന്റെ ആവശ്യം പരോക്ഷമായി അവതരിപ്പിക്കുന്നു. മറ്റൊരു കുടിയാൻ തങ്ങളുടെ കുടിയിരുപ്പിൽ വന്ന് ശല്യം ചെയ്യുകയാണെന്നും, അയാളെ അടക്കി നിർത്തണമെങ്കിൽ വല്യ നമ്പൂതിരി നേരിട്ടെത്തിയാലേ സാധിക്കൂ എന്നും അറിയിക്കുന്ന അവൾ ഒഴിവു കിട്ടുമ്പോൾ അദ്ദേഹം തങ്ങളുടെ കുടിയിലേക്ക് എഴുന്നള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

പിറ്റേന്നു ചെല്ലാം എന്ന നമ്പൂതിരിയുടെ ഉറപ്പിൻമേൽ പാത്തുമ്മ തിരിച്ച് വീട്ടിലെത്തി കാര്യങ്ങൾ ഉമ്മയെ അറിയിക്കുന്നു. ഉമ്മയ്ക്ക് സന്തോഷമായി. അടുത്ത നാൾ വൈകീട്ട് നമ്പൂതിരിപ്പാട് കാര്യസ്ഥനോടൊപ്പം വീട്ടിലെത്തുന്നു. അതിനടുത്തുള്ള പാട്ടഭൂമി സന്ദർശിക്കുക എന്നതായിരുന്നു അവരുടെ വരവിന്റെ ഉദ്ദേശ്യം. എന്നാൽ ആ മുസ്ലീം കുടിലിൽ നിന്നുയർന്ന കരച്ചിലിന്റെ കാരണമന്വേഷിച്ച ജന്മിയോട് ഉമ്മ രോഗിണിയാണെന്ന കാര്യവും, സഹായത്തിന് മറ്റാരുമില്ലെന്ന കാര്യവും പാത്തുമ്മ അറിയിക്കുന്നു.

അയിത്തമായാൽ കുളിച്ചാൽ മതി എന്ന പരിഹാരമാർഗ്ഗം അറിയാവുന്ന ജന്മി ആ വീട്ടിലേക്കു ചെല്ലാൻ തയ്യാറായി. അവിടെ ചെന്ന് ആ അസ്ഥിമാത്ര ശരീരത്തെ കണ്ടപ്പോൾ അദ്ദേഹത്തിന് അതിനോട് സഹാനുഭൂതി തോന്നി.

എന്നാൽ വർഷങ്ങൾക്കുമുമ്പ് പത്തുവയസ്സുകാരനായിരുന്ന ഓമനപ്പുത്രന്റെ സ്പർശനത്തിൽ താൻ അനുഭവിച്ച നിർവൃതി ഇപ്പോഴും ആ അമ്മയുടെ മനസ്സിൽ

മായാതെ കിടപ്പുണ്ടായിരുന്നു. അതു നൽകിയ ആത്മബലമാണ് അവരെ ഇത്രനാൾ ജീവിക്കാൻ പ്രേരിപ്പിച്ചതുതന്നെ. അവസാനമായി ആ സ്പർശം ലഭിച്ചുകൊണ്ടുവേണം ഈ ലോകത്തോടു യാത്ര പറയാനും. അവർ പുത്രനോട് തന്റെ ആഗ്രഹം അറിയിച്ചു : "എത്ര നാളായി ഞാൻ കാണാൻ കൊതിക്കുന്നു. ഇവിടെ വരൂ ഉണ്ണി. എന്നെ ഒന്നു തൊട്ടാൽ മതി. പത്തുവയസ്സിൽ തൊട്ടതല്ലേ."[4] ഇതോടെ നമ്പൂതിരിപ്പാടിന് എല്ലാം വ്യക്തമായി. എന്നാലും കൈകെട്ടി പുറത്താക്കപ്പെട്ട് ഇത്രകാലം ഒരു മ്ലേച്ഛനോടൊപ്പം ജീവിച്ച സ്ത്രീയെ - അതു തന്റെ അമ്മയായാൽ പോലും - തൊടാൻ നമ്പൂതിരിപ്പാടിന് വൈമനസ്യമായിരുന്നു. ഉള്ളിൽ അടക്കാനാവാത്ത ദുഃഖവും. അദ്ദേഹം ആരോടും ഒന്നും മിണ്ടാതെ തിരിഞ്ഞ് കുറെദൂരം ഓടി. എന്നാൽ പിന്നീട് വീണ്ടുവിചാരമുണ്ടായി തിരിച്ചുവരുകയും പുത്രനിർവ്വിശേഷമായ കർത്തവ്യബോധത്തോടെ തുളസിയിലയിട്ട വെള്ളം ആ വൃദ്ധയുടെ വായിൽ ഒഴിച്ചുകൊടുക്കുകയും ചെയ്തു. ആ വൃദ്ധ, പ്രായപൂർത്തിയായ തന്റെ മകളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ നമ്പൂതിരിപ്പാടിനോട് അപേക്ഷിക്കുന്നു. എല്ലാവരേയും ഈശ്വരൻ സംരക്ഷിച്ചുകൊള്ളുമെന്ന് പറഞ്ഞ നമ്പൂതിരിപ്പാടിനോട്, ഈശ്വരൻ ഉണ്ടെങ്കിൽ ഒരു തെറ്റും ചെയ്യാത്ത തനിക്ക് ഈ ഗതി വരുമായിരുന്നോ എന്ന് അവർ തിരിച്ചുചോദിക്കുന്നു. 'എവിടെയായാലും തന്റെ മടിയിലാണല്ലോ ഇപ്പോൾ കിടക്കുന്നത്, അതുകൊണ്ടുതന്നെ സമാധാനിച്ചോളൂ' എന്ന മകന്റെ വാക്കുകൾ അമ്മയ്ക്ക് ആശ്വാസമാവുകയും, അവർ എന്നേക്കുമായി കണ്ണടയ്ക്കുകയും ചെയ്തു.

താൻ ഈ മുസ്ലീം ഗൃഹത്തിൽ വന്നതോ, അവിടെ നടന്നതോ ആരുമറിയരുതെന്നും വേണ്ട പ്രായശ്ചിത്തം താൻ ചെയ്തുകൊള്ളാമെന്നും പറഞ്ഞ നമ്പൂതിരിപ്പാട് ആ വീട്ടിലെ കാര്യങ്ങൾക്ക് ഒരു കുറവും വരുത്തരുതെന്ന് കാര്യസ്ഥനോട് പ്രത്യേകം ചട്ടം കെട്ടുന്നു. അമ്മയെ കണ്ടതിന്റെ പ്രായശ്ചിത്തമായി തന്റെ കുറെ സമ്പാദ്യം കൈവിട്ടുപോയെങ്കിലും ഒരു മകന്റെ കർത്തവ്യം നിറവേറ്റി എന്ന സംതൃപ്തി അദ്ദേഹത്തിന് ആശ്വാസമേകി.

ചെയ്യാത്ത തെറ്റിന് ശിക്ഷിക്കപ്പെട്ട് സമുദായത്തിൽ നിന്നു ഭ്രഷ്ടയാക്കപ്പെടുകയും ഇല്ലത്തുനിന്ന് കൈകൊട്ടി ഇറക്കിവിടുകയും ചെയ്ത വിവരം കേട്ടറിഞ്ഞ് വന്നു ചേരുന്ന മുസ്ലീംകളിൽ ഒരുവന്റെ ഭാര്യയായി ശിഷ്ടജീവിതം ജീവിച്ചു തീർക്കാൻ വിധിക്കപ്പെടുകയും ചെയ്യുക എന്നത് അന്നത്തെ നമ്പൂതിരി സ്ത്രീകളിൽ നിർഭാഗ്യവതികളായ ചിലരുടെ നിയോഗമായിരുന്നു. അത്തരത്തിലുള്ളവരുടെ പ്രതിനിധിയാണ് വിധിബലത്തിലെ []അമ്മാത്തോൽ[].

പ്രതികാരദേവത

വിധിബലത്തിലെ നായികയെ ജീവിച്ചിരിക്കെ മരിച്ചതായി കണക്കാക്കി കൈകൊട്ടി പുറത്താക്കുകയാണ് ചെയ്യുന്നതെങ്കിൽ പ്രതികാരദേവതയിലെ നായികയെ സ്മാർത്തവിചാരം ചെയ്ത് ഭ്രഷ്ട് കല്പിച്ച് പുറത്താക്കുകയാണ് ചെയ്യുന്നത്. അതിനുള്ള കുറ്റം അവർ അറിഞ്ഞുകൊണ്ടു ചെയ്യുകയാണുതാനും. അതിനുള്ള പ്രേരണ നൽകിയതാവട്ടെ സ്വന്തം ഭർത്താവും.

ഒരു രാത്രി, ഗൃഹകൃത്യമെല്ലാം തീർത്ത് മക്കളെ ഉറക്കിയതിനു ശേഷം അവശേഷിക്കുന്ന ദിനചര്യയായ എഴുത്ത് എന്ന ജോലിയിലേക്ക് കടന്നപ്പോൾ എന്തിനെക്കുറിച്ച് എഴുതണം ചിന്തയായി കഥാകാരിക്ക്. അങ്ങനെ ആലോചനയിലാണ്ടിരിക്കുമ്പോൾ അടച്ചുകുറ്റിയിട്ടിരുന്ന മനസ്സിന്റെ വാതായനങ്ങൾ തള്ളിത്തുറന്ന് ഒരു സ്ത്രീരൂപം മുന്നിലെത്തുകയും തന്റെ കഥ പറയാമെന്ന് കഥാകാരിയോട് പറയുകയും ചെയ്യുന്നു. പേരുപറയാൻ ആവശ്യപ്പെട്ട കഥാകാരിയോട് മനുഷ്യൻ എന്ന പദത്തെത്തന്നെ താൻ വെറുക്കുന്നു എന്നും, ആ നാമധേയത്തിലേക്കു മടങ്ങാൻ താനിഷ്ടപ്പെടുന്നില്ല, പ്രത്യേകിച്ചും സ്ത്രീയായിട്ട്, എന്നും അറിയിച്ച അവർ തന്റെ കഥ പറയുന്നു.

19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലേക്ക് കഥാകാരിയുടെ ശ്രദ്ധ തിരിച്ചുകൊണ്ട് അവർ താൻ []കുറിയേടത്തു താത്രി[]യാണെന്ന് പരിചയപ്പെടുത്തുന്നു. ഒരു കാലത്ത് പറയാൻ പാടില്ലാത്ത പേരായി അമ്മമാർ ഓർമ്മിപ്പിച്ചിരുന്ന ആ പേരുകാരിയുടെ ജീവിതകഥ ഏവരാലും വെറുക്കപ്പെട്ടതായിരുന്നു.

ആചാരാനുഷ്ഠാനങ്ങൾ കർശനമായി പരിപാലിക്കുന്ന ഒരു കുടുംബത്തിലാണവൾ പിറന്നത്. മുതിർന്നവരെയും ദൈവത്തെയും ആചാരങ്ങളെയും ഒരുപോലെ അനുസരിച്ചിരുന്നു. "തിരണ്ട പെൺകുട്ടികൾ താത്രിയെ നോക്കി പഠിക്കണം" എന്ന് സ്വന്തം തറവാട്ടിലെ പെൺകുട്ടികളെ മുത്തശ്ശിമാർ ഉപദേശിക്കാൻ തക്കവിധം രാത്രി സുചരിതയായിരുന്നു. യൗവ്വനോന്മുഖനായ കാമനകൾ ഇല്ലാത്തതുകൊണ്ടല്ല, അവ മറ്റാരുമറിയാതെ മറയ്ക്കാൻ പ്രാപ്തയായിരുന്ന താത്രി. വയസ്സനല്ലാത്ത ഒരു മൂസ്സാമ്പൂരിയുടെ ആദ്യവേളിയാവാനുള്ള ഭാഗ്യം അവൾക്കുണ്ടായി. അത് അവളുടെ ചിട്ടയായ ജീവിതത്തിനുള്ള പാരിതോഷികമായി എല്ലാവരും വാഴ്ത്തുകയുണ്ടായി. നിത്യവൃത്തിക്കു നിവൃത്തിയുള്ള ഒരില്ലമായിരുന്ന ഭർത്താവിന്റേത്. തികഞ്ഞ മനഃസമാധാനത്തോടെതന്നെ അവൾ ദാമ്പത്യജീവിതം നയിച്ചുവന്നു. വൈകാരിക തീക്ഷ്ണതയുള്ള ഭർത്താവിന്റെ ഇഷ്ടത്തിനനുസരിച്ച് തന്റെ വികാരങ്ങളെ അവൾ വളർത്തിയെടുത്തു. അയാളുടെ ഇഷ്ടത്തിനൊത്ത്, എല്ലാ നമ്പൂതിരി സ്ത്രീകളെയും പോലെ അവളും സ്വന്തം ജീവിതം ചിട്ടപ്പെടുത്തി. സന്തോഷസുരഭിലമായ ദാമ്പത്യത്തിന്റെ ആദ്യനാളുകൾ അതിവേഗം കടന്നുപോയി.

ഭർത്താവിന് തന്നിലുള്ള ആസക്തി കുറയുന്നുണ്ടോ എന്ന സംശയം ഏതാനും നാളുകൾക്കുള്ളിൽ തന്നെ അവൾക്കുണ്ടായി. ചില ദിവസങ്ങളിൽ അയാൾ രാത്രി ഇല്ലത്തു വരാതായി. വാരത്തിനോ പൂരത്തിനോ പോയിരിക്കാം എന്നവൾ ആശ്വസിച്ചു. എല്ലാ നമ്പൂതിരിമാരെയും പോലെ അദ്ദേഹവും വാര്യത്തോ കോലോത്തോ സംബന്ധം തരപ്പെടുത്തിയിരിക്കാം എന്നവൾ ധരിച്ചു. വല്ലപ്പോഴും കണ്ടുമുട്ടുമ്പോൾ കരഞ്ഞുകൊണ്ട് തന്റെ ദുഃഖങ്ങൾ അയാളെ അറിയിച്ചുകൊണ്ടിരുന്നു. "ഒരു തകർന്ന ഹൃദയത്തിന്റെ ദയനീയമായ യാചനയ്ക്കു മുന്നിൽ നിസ്സാരതയോടെ അങ്ങേരും ചിരിക്കും ... പുരുഷൻ സ്വതന്ത്രനാണ്. സുഖിക്കുവാനാണവന്റെ ജീവിതം. താലികെട്ടിയെന്നു വെച്ച് ഒരൊറ്റപ്പെണ്ണിന്റെയടുക്കൽ - ഒരരസികയായ ആത്തേമ്മാരുടെ അടുക്കൽ മാത്രം - കളയാനുള്ളതല്ല അയാളുടെ യൗവ്വനം"[5] - ഭർത്താവിനെക്കുറിച്ച് അങ്ങനെയൊക്കെ ആശ്വസിക്കാൻ ശ്രമിച്ച താത്രിക്ക് തന്റെ ജന്മത്തോടുതന്നെ വെറുപ്പുതോന്നിത്തുടങ്ങി. "ഞാനെന്തിന് ഒരാത്തേമ്മാരായി

ജനിച്ചു? കേരളത്തിലുള്ള മറ്റേതെങ്കിലും ഒരു ജാതിയിൽ ജനിക്കായിരുന്നില്ലേ? ... ഇദ്ദേഹത്തിന്റെ ഗർവ്വിന് ഇതേ മട്ടിൽ മറുപടി പറയാവുന്ന ഏതെങ്കിലുമൊരു ജാതിയിൽ?[6] അങ്ങനെയെല്ലാം ആലോചിച്ചെങ്കിലും ഭർത്താവിന്റെ ആയുസ്സിനു വേണ്ടിയും അയാളുടെ പ്രേമം ലഭിക്കാൻ വേണ്ടിയും അവൾ നിത്യവും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഒരു നാൾ അയാൾ ഇല്ലത്തേക്ക് ഒരു സ്ത്രീയെ കൂട്ടിക്കൊണ്ടുവന്നു. താത്രിയെക്കൊണ്ട് ആ സ്ത്രീയ്ക്ക് ഭക്ഷണം വിളമ്പിക്കുകയും തങ്ങൾ കിടക്കുന്ന അതേ അറയിൽ അവർക്കായി കിടക്ക വിരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അവൾക്കത് സഹിക്കാനായില്ല. കോപാവേശത്താൽ ആ സ്ത്രീയെ വേശ്യ എന്നും തേവിടിശ്ശി എന്നും വിളിച്ച് താത്രി അധിക്ഷേപിച്ചു. അതിന്റെ ഫലം ക്രൂരമായ മർദ്ദനമായിരുന്നു. അതും അവൾ സഹിച്ചു. എന്നാൽ [അവളൊരു തേവിടിശ്ശിയാണെന്നറിഞ്ഞുകൊണ്ടു തന്നെയാണ് കൊണ്ടുവന്നത്. തേവിടിശ്ശികളെയാണെനിക്കിഷ്ടം. നീയുമൊരു തേവിടിശ്ശിയാക് "[7] - എന്ന അയാളുടെ വാക്കുകൾ കേട്ട് അവൾ മരവിച്ചുപോയി. കുലീനയായ, പതിദേവതയായ ഒരു പത്നിയോട്, താൻ സ്നേഹിക്കണമെങ്കിൽ നീയൊരു വേശ്യയാവ് എന്നു കല്പിച്ച ഭർത്താവിനോട് അവൾക്ക് പുച്ഛവും പ്രതികാരചിന്തയും തോന്നി. കുറച്ചുനാൾ ആരോടും മിണ്ടാതെ, പ്രതികാരാഗ്നി ഉള്ളിൽ ജ്വലിപ്പിച്ച് അവിടെത്തന്നെ കഴിച്ചുകൂട്ടിയ താത്രി വൈകാതെ പിറന്ന ഇല്ലത്തേക്ക് തിരിച്ചുപോയി.

അവിടത്തെ അവസ്ഥ വളരെ പരിതാപകരമാണെന്ന് അവൾ കണ്ടു. [പരമാർത്ഥത്തിൽ ഈ നമ്പൂതിരി ഗൃഹങ്ങളെല്ലാം തന്നെ ഒരേതരം കാരാഗൃഹങ്ങളല്ലേ ... ഒന്നിനു മറ്റൊന്നിൽ നിന്ന് എന്താണ് മെച്ചം? അച്ഛൻ മരിച്ചെങ്കിലും അഞ്ചമ്മമാർ ജീവിച്ചിരിപ്പുണ്ടായിരുന്നു. ഏട്ടൻ ആയിടെ സ്വർഗ്ഗം പ്രാപിച്ച നാലാം വേളിയുടെ സ്ഥാനത്തേക്കായി ആളെ തേടി നടക്കുന്നു. ഏടത്തിമാർ രണ്ടുപേർ വിധവകളായി കൂടെത്തന്നെയുണ്ട്. മൂന്നാമതൊരാൾ നമ്പൂതിരിയുടെ മർദ്ദനം മൂലം ഭ്രാന്തുപിടിച്ച് അലഞ്ഞു നടക്കുന്നു. രണ്ടനിയത്തിമാർ വളർന്നുമുറ്റി ഇല്ലത്തിനൊരു ഭാരവും അമ്മയ്ക്ക് ദുരിതവുമായിരിപ്പുണ്ട്. അക്കൂട്ടത്തിൽ

ഞാനും ചെന്നുകൂടി, പൊരിയുന്ന ചട്ടിയിൽ നിന്നും എരിയുന്ന തീയിലേക്ക്.[8] അന്നത്തെ മിക്കവാറും നമ്പൂതിരിഗൃഹങ്ങളുടെ അവസ്ഥതന്നെയായിരുന്ന അവളുടെ ഇല്ലത്തിനും. അവരോടൊപ്പം ഇല്ലത്തെ ഒരംഗമായിക്കൂടിയ അവളുടെ മനോഗതം യൗവ്വനത്തിന് അനുയോജ്യമായ തരത്തിൽ സ്വാഭാവികമായും ചലിച്ചുതുടങ്ങി - [ഈ സങ്കടങ്ങൾക്കിടയിൽ സ്വല്പം ആശ്വാസമാർഗ്ഗങ്ങൾ തേടുവാനാരായാലും കൊതിക്കില്ലേ. സമുദായം അനുവദിച്ചിട്ടുള്ള പരിധിവരെയെങ്കിലും എത്തുവാൻ ... എന്റെ പ്രായം യൗവ്വനമാണ്. ശരീരം അരോഗമാണ്. ഭർത്താവ് കൊണ്ടു നടക്കാറുള്ള വെപ്പാട്ടിമാരെക്കാളൊക്കെ സുന്ദരിയാണ് ഞാനെന്നഹങ്കാരവുമുണ്ട്. എന്നാലും തല ചീകുകയും ചായ്പൊട്ടും തൊട്ട് പുറത്തെ അഴിവാതിലിലൂടെ ഒളിഞ്ഞുനോക്കുകയും ചെയ്യുമ്പോൾ ആദ്യമൊക്കെ ലോകം കാണാനുള്ള കൊതിയും ഏറിയാൽ എന്റെ സൗന്ദര്യം ആരെങ്കിലുമൊന്നു കണ്ടുകൊള്ളട്ടെ എന്ന നിർദ്ദോഷമായ കൗതുകവുമല്ലാതെ മറ്റൊന്നും ഉള്ളിലുണ്ടായിരുന്നില്ല[9] എന്നവൾ തുറന്നു സമ്മതിക്കുന്നു.

എന്നാൽ നാളുകൾ പോകെ അവളെക്കുറിച്ച് അപവാദങ്ങൾ ഉയർന്നുതുടങ്ങി. അമ്മവരെ അവളെ ശപിച്ചു. അവൾ അടുക്കളിയിൽ കയറുന്നതിനെ ഏടത്തിമാർ വിലക്കി. എന്തിനുള്ള ശിക്ഷയാണെന്നറിയാതെ പരിഭ്രമിച്ച അവൾക്ക്, കിളിവാതിലിലൂടെ തന്റെ മുഖം കണ്ട് മറ്റുള്ളവർ ഭ്രമിക്കുന്നതിൽ തന്റെ തെറ്റെന്ത് എന്നു മനസ്സിലായില്ല. മനസ്സിൽ പക കത്തിയുയരാൻ തുടങ്ങി. സമുദായത്തിലെ എല്ലാ പുരുഷൻമാരോടുമുള്ള പകയുടെ പേരിൽ സമുദായത്തിലെ എല്ലാ സ്ത്രീകൾക്കും വേണ്ടി താത്രി ഇറങ്ങിപ്പുറപ്പെട്ടു. അതിനു പുറകിൽ ഒരു ദൃഢനിശ്ചയമുണ്ടായിരുന്നു. താൻ ഭ്രഷ്ടയാക്കപ്പെടുകയാണെങ്കിൽ അത് നിരപരാധിയായിട്ടായിരിക്കരുത്. തന്നോടൊപ്പം കുറ്റം ചെയ്യുന്നവരെല്ലാം ഭ്രഷ്ടരാവണം. പുരുഷനു മാത്രമല്ല, സ്ത്രീക്കും അധഃപതിക്കാനറിയാമെന്ന് സമുദായത്തെ കാണിച്ചുകൊടുക്കുകയും ആ പിഴയ്ക്കലും പിഴപ്പിക്കലും കുറെക്കൂടി ശക്തമായിട്ടായിരിക്കുമെന്ന് ഏവരേയും ബോധിപ്പിക്കുകയും അതിന്റെ പുറകിലെ ലക്ഷ്യമായിരുന്നു. ദൂഷിച്ചവൾ മാത്രമല്ല, ദൂഷിപ്പിച്ചവൾ കൂടി

തുല്യശിക്ഷയ്ക്കർഹരാണെന്ന അവളുടെ നീതിബോധം പുരുഷവർഗ്ഗത്തെ ഒരു പാഠം പഠിപ്പിക്കണം എന്ന തീരുമാനത്തെ ഊട്ടിയുറപ്പിച്ചു.

അന്നുരാത്രി മുതൽ ഉത്സവപ്പറമ്പുകളിൽ പുതിയ വാരനാരിയായി അവൾ വിലസാൻ തുടങ്ങി. തന്റെയടുക്കലെത്തുന്നവരോട് താൻ വിവാഹിതയാണെന്നും തനിക്ക് ഭർത്താവുണ്ടെന്നും അവൾ പറയായ്കയല്ല. അതവൾക്ക് ആരാധകർ കൂടാൻ ഉപകരിച്ചു. തന്നെ സമീപിക്കുന്നവരിൽ നിന്നെല്ലാം ഒരു ഉപഹാരം - അടയാളം - അവൾ ബോധപൂർവ്വം കൈപ്പറ്റിയിരുന്നു. എന്നെങ്കിലും ഒരു കാലത്ത് വിചാരണവേളയിൽ തെളിവില്ലാതെ ആരും രക്ഷപ്പെടരുതല്ലോ. പേരുകേട്ട പല ഇല്ലങ്ങളിലേയും ശ്രേഷ്ഠരായ നമ്പൂതിരിമാർ അവളുടെ ചൂടും ചൂരും തേടിയെത്തി. ഒടുവിലൊരുനാൾ അവൾ പ്രതീക്ഷയോടെ കാത്തിരുന്ന ആൾ - അവളുടെ ഭർത്താവ് - എത്തിച്ചേർന്നു.

അവളോടൊപ്പമുണ്ടായിരുന്ന നിമിഷങ്ങൾ ആനന്ദനിർവൃതിദായകമായിരുന്നെന്നും ജീവിതത്തിലാദ്യമായിട്ടാണ് ഇങ്ങനെ അസുലഭ നിർവൃതി അനുഭവിച്ചതെന്നും അയാൾ സന്തോഷത്തോടെ പറയുകയും ആ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ അയാളുടെ മോതിരം സമർത്ഥമായി അവളുടെ വിരലുകളിൽ എത്തിയിരുന്നു. പിന്നീട് അവൾ അയാളെ ഭൂതകാലത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അഞ്ചുവർഷം മുൻപ് തന്റെ ഭാര്യയായിരുന്ന, താൻ അപമാനിച്ച, താത്രിയാണിത് എന്നറിഞ്ഞ അയാൾ അവിടെ നിന്ന് ഇറങ്ങി ഓടി.

കേരളക്കരയാകെ ഇളക്കിമറിച്ച സ്മാർത്തവിചാരമാണ് പിന്നീട് നടന്നത്. തെളിവു സഹിതം അവൾ തന്നെ സമീപിച്ച ഏവരുടേയും പേരുകൾ നിരത്തി. കേവലം ഒരു പകപോക്കലായിരുന്നില്ല അത്. ദുരാചാരങ്ങളുടെയും മർദ്ദനങ്ങളുടെയുമിടയിൽ പെട്ടു കഷ്ടതയനുഭവിക്കുന്ന നമ്പൂതിരിസ്ത്രീകളുടെ മുഴുവൻ പ്രതികാരമായിരുന്നു താത്രി നിർവ്വഹിച്ചത്. അവൾക്കൊപ്പം, കേരളത്തിലങ്ങോളമിങ്ങോളമുള്ള

വിവിധ സമുദായങ്ങളിലെ ആഢ്യൻമാരായ പുരുഷൻമാരും ഭ്രഷ്ടരാക്കപ്പെട്ടു.

ഇന്ന്, ഈ അർദ്ധരാത്രിയിൽ താത്രി കഥാകാരിയുടെ മുന്നിലെത്തിയിരിക്കുന്നത് ചില ചോദ്യങ്ങൾക്കുള്ള ഉത്തരം കിട്ടാൻ വേണ്ടിയാണ്. മാംസദാഹത്തിന്റെ ലഹരിയിൽ പെട്ടു സ്ത്രീയെ പിഴപ്പിക്കുന്ന പുരുഷനോ, അവരോടെതിർക്കുവാൻ വേണ്ടി സ്വയം പിഴച്ചുപോവുന്ന സ്ത്രീയോ, ആരാണധികം കുറ്റക്കാരെന്ന്. ആരെയാണ് സ്ത്രീകൾ കൂടുതൽ വെറുക്കുക എന്നവർക്കറിയണം. വർഷം ഏറെ കഴിഞ്ഞെങ്കിലും ഇപ്പോഴെങ്കിലും തനിക്കതിനു മറുപടി വേണമെന്ന് കഥാകാരിയോട് താത്രി ആവശ്യപ്പെടുന്നു.

എന്നാൽ പുരുഷനോടെതിർക്കാൻ സ്വയം ഇറങ്ങിത്തിരിച്ച അവർ ആശ്വാസ്യമായ ഒരു മാർഗ്ഗമല്ല സ്വീകരിച്ചതെന്നും സഹജീവികളായ നമ്പൂതിരി സ്ത്രീകളെ ഉദ്ധരിക്കുക എന്ന ലക്ഷ്യമാണവർ വിചാരിച്ചതെങ്കിലും ആ സ്ത്രീകൾ ഒന്നടക്കം അവരെ വെറുക്കുകയും അവരുടെ പേരു പറയാൻ പോലും ഭയക്കുകയുമാണ് ചെയ്തതെന്നുമുള്ള കഥാകാരിയുടെ അഭിപ്രായം താത്രിയിൽ പുനർചിന്തയ്ക്ക് വഴിയൊരുക്കുന്നു. ഏതൊരു അനീതിക്കും അനാചാരത്തിനും എതിരെ ഒറ്റയ്ക്കൊറ്റയ്ക്കുള്ള പ്രവർത്തനങ്ങൾ ഒരിക്കലും വിജയിക്കില്ലെന്നും അത് ഒരു പക്ഷെ താത്രിയുടേതുപോലെ വിപരീതഫലം ഉളവാക്കുമെന്നും കഥാകാരി ഈ കഥയിലൂടെ വ്യക്തമാക്കുന്നു.

മൂടുപടത്തിൽ

ആചാരങ്ങളേയും വിശ്വാസങ്ങളേയും അച്ചട്ടം അനുസരിച്ചിരുന്ന പെൺകുട്ടിയായിരുന്ന മൂടുപടത്തിലെ []പാപ്പി[]. വിവാഹത്തെക്കുറിച്ച് സ്വപ്നങ്ങൾ കാണുന്ന പ്രായത്തിൽ അവിചാരിതമായി അവളുടെ മനസ്സിലേക്ക് ഒരു പുരുഷൻ തള്ളിക്കയറി വന്നു. അവളുടെ അച്ഛന്റെ മരുമകൻ. ഒരു ശിവരാത്രി ദിവസം ഇളംകാറ്റേറ്റ് നിശീഥിനിയുടെ സംഗീതം ശ്രവിച്ച് വീട്ടിനു പുറത്ത് മുല്ലത്തറയിൽ ദൂരേക്ക് നോക്കി ആലോചനയിലാണ്ടിരിക്കുകയായിരുന്ന പാപ്പി. ആ സമയത്ത്

അയാൾ അവിടെയെത്തുകയും പ്രേമപൂർവ്വം അവളോട് സംസാരിക്കുകയും ചെയ്തു. കളിക്കൂട്ടുകാരനും, തന്റെ ഭാവിവരൻ എന്ന് മാതാപിതാക്കൾ തീരുമാനിക്കുകയും ചെയ്തിരിക്കുന്ന അയാളോട് ഇടപഴകാൻ കിട്ടിയ സാഹചര്യം അവളെ സ്വയം വിസ്മൃതിയിലാക്കി. അവൾ അയാളുടെ കരവലയത്തിലമർന്നു; അവൾ അയാളുടെ മേൽ ചാഞ്ഞ്, അയാളുടെ ആശ്ലേഷത്തിലാണ്ട് അങ്ങനെ നിന്നു. പരിസരബോധ മുണ്ടായപ്പോൾ ഓടി അകത്തെത്തി. പിറ്റേന്ന് പുലരും മുമ്പേ അയാൾ പട്ടണത്തിലേക്ക് പോയി. തലേന്നാൾ നടന്ന സംഭവം ആരും അറിയരുതേ എന്ന് അവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു, ഉള്ളുരുകി പ്രാർത്ഥിച്ചു.

ആ യുവാവ് ദേശീയപ്രസ്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു ജയിലിലായി. അതോടെ അവളുടെ വിവാഹ സ്വപ്നം അസ്തമിച്ചു. വിവാഹാലോചനകൾ പലതും വന്നുകൊണ്ടിരുന്നു. നമ്പൂതിരി സമുദായത്തിൽ ജയിലിൽ പോയി ഭ്രഷ്ടനായ ഒരാൾക്കും ആചാരമനുസരിച്ച് വിവാഹം കഴിക്കാൻ അവകാശമില്ല. ഏറെ നാൾ കഴിയുംമുമ്പ് അച്ഛൻ മരണമടഞ്ഞു. അപ്പൻ സംബന്ധവീട്ടിലെ കാര്യങ്ങളിൽ മുഴുകി; അമ്മ മാത്രം അവളെ ഓർത്ത് പരിതപിച്ചു. അവളാകട്ടെ, മറ്റൊരു വിവാഹം നടക്കരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരു പുരുഷനാൽ സ്പർശിക്കപ്പെട്ട അവൾ മറ്റൊരു പുരുഷനുമായുള്ള വിവാഹം ഭയന്നു.

ഒരു നാൾ തിരുന്നാവായയ്ക്കു പോയ അപ്പൻ പെട്ടെന്ന് തിരിച്ചുവന്നപ്പോൾ കൂടെ ഒരു വയസ്സൻ നമ്പൂതിരിയുമുണ്ടായിരുന്നു. അതിഥിയായിരിക്കുമെന്നേ അവൾ കരുതിയുള്ളൂ. അടുത്ത ദിവസം രാവിലെ ഓട്ടുവളയും മൈലാഞ്ചിയുമായി അമ്മ വന്നപ്പോൾ അവൾക്കു മനസ്സിലായി, ആ വയസ്സൻ തന്റെ വരനാണെന്ന്. ആ വിവാഹം അവളുടെ അഭിപ്രായമാരായാതെ തന്നെ നടത്തപ്പെട്ടു. തുടർന്ന് കൂടിവെപ്പും നടന്നു. ‘ആർപ്പുവിളിയില്ല, അലങ്കാരമില്ല. ഒരു നിലവിളക്കുപോലും സ്വീകരണത്തിനായി കൊളുത്തപ്പെട്ടില്ല. തിരുന്നാവായയ്ക്കുപോയ വയസ്സൻ മൂസ്സാമ്പൂരി, നാലാം വേളിയുമായി തിരിച്ചുവന്നപ്പോൾ അകത്തളത്തിൽ മൂന്നു മുഖങ്ങൾ കാറുകൊണ്ടു കുറുത്തു നിന്നിരുന്നു. കൊടുങ്കാറ്റ്-ഇടി-പേമാരി-അവളെ എതിരേറ്റ വാദ്യഘോഷങ്ങൾ ഇവയാണ്.’[10] മദ്ധ്യവയസ്സോടടുത്ത മറ്റു മൂന്നു

ഭാര്യമാരും അവളെ ഭയന്നു. സുന്ദരിയും ചെറുപ്പക്കാരിയുമായി അവൾ ഭർത്താവിനെ വശീകരിക്കുമെന്ന് അവർ കരുതിയെങ്കിലും അവൾ ഭർത്താവിനെ പരിഗണിച്ചതേയില്ല. വിളിച്ചാൽ മിണ്ടുകയോ അടുത്തുചെല്ലുകയോ ചെയ്തില്ല. മർദ്ദനം പോലും സഹിക്കേണ്ടിവന്നു അവൾക്ക്. പക്ഷെ, കരിങ്കല്ലുപോലെ അവൾ ഉറച്ചുനിന്നു. "ഇവളെന്തൊരു വല്ലാത്ത പെണ്ണാണ്. അയാൾ വൃദ്ധനായിരിക്കാം. വിരൂപനായിരിക്കാം. എന്നാലും അവളുടെ ഭർത്താവല്ലേ - ഇജ്ജന്മത്തെ ഈശ്വരൻ? പിന്നെ എന്തുകൊണ്ടവൾ സ്നേഹിക്കുന്നില്ല, പൂജിക്കുന്നില്ല, അതിനുവേണ്ടി മത്സരിക്കുന്നില്ല?"[11] ഇതായിരുന്നു അങ്ങുമിങ്ങും മന്ത്രിക്കാനാരംഭിച്ചവരുടെ ചിന്താഗതി.

അവൾ ആരോടും മിണ്ടിയില്ല; ആരെയും പരിഗണിച്ചില്ല. മുടി ചീകുകയോ പൊട്ടു വെയ്ക്കുകയോ ചെയ്തില്ല. താനൊരു സുമംഗലിയാണെന്ന ചിന്തതന്നെ ഇല്ലായിരുന്നു അവൾക്ക്. ആരോടും മത്സരിക്കാനും പരിതപിക്കാനും പോയില്ല. നാളുകൾ പോകെ പുത്തില്ലത്തെ പുതിയ അന്തർജ്ജനത്തിന് ഭ്രാന്താണെന്ന് ആളുകൾ പറഞ്ഞുതുടങ്ങി.

വളരെ നാളുകൾക്കു ശേഷം മറ്റൊരു ശിവരാത്രി നാൾ അന്തർജ്ജന സമാജത്തിനെത്തിയ സ്ത്രീകളുടെ കൂടെ ചേരാതെ രാത്രിയിലെ ഇരുട്ടിന്റെ മറവിൽ മുല്ലത്തറയ്ക്കരുകിൽ നിന്നു കരഞ്ഞുകൊണ്ടിരുന്ന പാപ്പിയെ കഥാകാരി കാണുകയും, അവളുടെ ഏകാന്തദുഃഖത്തിന്റെ കാരണമന്വേഷിക്കുകയും ചെയ്തു. ഏറെ നിർബന്ധിച്ചപ്പോൾ അവൾ തന്റെ ജീവിതത്തിൽ ഒരിക്കൽ മാത്രമുണ്ടായിട്ടുള്ള പുരുഷസ്പർശനത്തിന്റെ കഥ പറയുന്നു. താനിപ്പോഴും ആ സ്പർശനത്തിന്റെ സ്മരണയിലാണെന്നും, ഒരു പുരുഷനെ ആരാധിച്ച മനസ്സും അയാൾ സ്പർശിച്ച ശരീരവുമായി മറ്റൊരു പുരുഷനോടൊപ്പം തനിക്ക് ജീവിക്കാനാവില്ലെന്നും അത് മഹാപാപമാണെന്നും കൂടി പാപ്പി തുടർന്ന് പറയുന്നു. ആ പാപത്തിൽ നിന്ന് രക്ഷപ്പെടാനായി താൻ ഭ്രാന്തിയായി അഭിനയിക്കുകയാണെന്ന സത്യവും അവൾ തുറന്നറിയിക്കുന്നു.

അവളുടെ ഈ അനുഭവകഥനം കഥാകാരിയെ ഞെട്ടിച്ചു. കാരണം "ഒരു നമ്പൂതിരി യുവതി ഇതിനു മുൻപ് ആരോടും ഇങ്ങനെ ചോദിച്ചതായി കേട്ടിട്ടില്ല. ഒരന്യപുരുഷനെ ദർശിക്കുക മാത്രമല്ല സ്പർശിക്കുക കൂടി ചെയ്തിട്ടുള്ള കന്യക അപരന്റെ പത്നിയാവുന്നതു പാപമല്ലേ? അതു ചാരിത്രഭംഗമല്ലേ? സ്മൃതികൾ, ആചാരങ്ങൾ, പുരോഹിതൻമാർ, നിസ്സംശയം വിധിക്കും - അവൾ - അവനും കൂടി - പതിതരെന്ന്."[12] അതുകൊണ്ടാണ് കഥാകാരി അവളെ പിറന്ന ഇല്ലത്തേക്കു പോവാൻ നിർബന്ധിച്ചത്. നാളുകൾക്കുള്ളിൽ അവൾ പോവുകയും ചെയ്തു.

അഞ്ചാറുവർഷങ്ങൾക്കു ശേഷം പുത്തില്ലത്ത് പാപ്പി തിരിച്ചുവന്നിരിക്കുന്ന വാർത്തയറിഞ്ഞ് കഥാകാരി അവളെ സന്ദർശിക്കുന്നു. അസ്ഥിമാത്രയായ അവളെ അവളുടെ നിർബന്ധമനുസരിച്ചാണ് കൊണ്ടുവന്നതെന്നും വഞ്ചിയിൽ കിടത്തിയാണ് രോഗിണിയായ അവളെ എത്തിച്ചതെന്നും മറ്റുള്ളവർ പറഞ്ഞ് കഥാകാരി അറിയുന്നു. ഏറിയാൽ ആ ഒരു രാത്രിയ്ക്കപ്പുറം ജീവിതമില്ലാത്ത അവസ്ഥയിലായിരുന്നു പാപ്പി.

മറ്റാരും അടുത്തില്ലാത്ത അവസരത്തിൽ പാപ്പി തന്റെ ഭ്രതകാലത്തിലെ സ്വപ്നപുരുഷനെക്കുറിച്ച് കഥാകാരിയോടു പറയുന്നു. അയാൾ ജയിൽ മോചിതനായി, പ്രായശ്ചിത്തം ചെയ്ത് വീണ്ടും ബ്രാഹ്മണ്യത്തിലേക്ക് നടഞ്ഞുകയറുകയും പാപ്പിയുടെ അപ്പന്റെ മകളുടെ സംബന്ധക്കാരനാവുകയും ചെയ്തു. മാത്രമല്ല, പാപ്പിയുടെ മുൻപിൽ തന്നെ അവർ പാട്ടുപാടി ഉല്ലസിച്ച് ചിരിച്ചുകളിച്ചു സന്തോഷത്തോടെ ജീവിക്കുന്നു. അവൾക്കത് സഹിക്കാവുന്നതിലപ്പുറമായിരുന്നു. അതുകൊണ്ട് അവസാന കാലത്തെങ്കിലും തന്റെ വൃദ്ധനായ ഭർത്താവിനടുത്തെത്താനും അയാളോട് മാപ്പിരക്കാനും അവൾ ആഗ്രഹിക്കുന്നു. ആ കിഴവന്റെ കാൽക്കൽ തലവെച്ച് കണ്ണീരോടെ മാപ്പിരക്കുന്നു. അങ്ങനെ അനല്പമായ മനഃസമാധാനത്തോടെയും ശാന്തതയോടെയും ആ ആത്മാവ് ഭ്രമിയിൽ നിന്ന് യാത്ര പറയുന്നു.

ഇത് ആശ്വാസ്യമാണോ?

വാക്കുകൊണ്ടുമാത്രം സ്ത്രീസ്വാതന്ത്ര്യം അംഗീകരിക്കുകയും കാര്യത്തോടടുക്കുമ്പോൾ അതിനെതിരെ അമർഷം കൊള്ളുകയും ചെയ്യുന്ന നമ്പൂതിരി സമുദായത്തിലെ യുവാക്കൾക്കുള്ള ശക്തമായ ഒരു താക്കീതാണ് [ഇത് ആശ്വാസ്യമാണോ] എന്ന കഥ. സമുദായത്തിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യം വേണമെന്ന് വാദിക്കുകയും അതിനനുസരിച്ച് തന്റെ ഭാര്യ പാപ്പിയ്ക്ക് ആ സ്വാതന്ത്ര്യമനുവദിക്കുകയും ചെയ്ത സമുദായപരിഷ്കർത്താവിന്റെ പരിവേഷമുള്ള വ്യക്തിത്വമാണ് ഈ കഥയിലെ നായകൻ എൻ.പി. മകന്റെ സ്വഭാവത്തിലെ ഈ അയവിൽ അമ്മയ്ക്ക് - യാഥാസ്ഥിതികർക്ക് ശക്തമായ അമർഷമുണ്ട്. മകനെ ദേഷ്യം പിടിപ്പിക്കാനുള്ള ഒരായുധമായി പലപ്പോഴും മരുമകൾക്കു കൊടുത്ത ഈ സ്വാതന്ത്ര്യം അവർ ഉപയോഗിക്കാറുണ്ട്.

ഉച്ചയുറക്കം കഴിഞ്ഞ് കോട്ടുവായിട്ടുകൊണ്ട് വന്ന അയാൾക്കു മുന്നിൽ കാപ്പി എത്താതിരുന്നപ്പോൾ അയാൾ കോപാകുലനായി. കോപം വർദ്ധിപ്പിക്കുന്ന വാക്കുകളുമായി അമ്മയും രംഗത്തെത്തിയപ്പോൾ അയാൾ പാപ്പിയോട് കയർത്തു. താൻ നൽകുന്ന സ്വാതന്ത്ര്യം അവർ ദുർവിനിയോഗം ചെയ്യുകയാണെന്നായിരുന്നു അയാളുടെ ശകാരത്തിന്റെ പൊരുൾ. എന്നാൽ ഭാര്യയ്ക്ക് കൊടുക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനുള്ളതുമാത്രമാവരുതെന്ന് പാപ്പിയും തിരിച്ചടിക്കുന്നു. സ്ത്രീയ്ക്ക് വേണ്ട പരിഗണനയും പരിചരണവും ലഭിച്ചില്ലെങ്കിൽ ആ സ്വാതന്ത്ര്യം കൊണ്ടൊരു ഫലവുമില്ലെന്നവൾ തുടർന്നു പറയുന്നു. പുതിയ തലമുറ സ്വാതന്ത്ര്യത്തിൽ വളരാൻ ആഗ്രഹിക്കുമ്പോൾ പഴയ തലമുറ - യാഥാസ്ഥിതികത്വം - അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കുകയാണ്.

എൻ.പി.യുടെ പരിഷ്കാരാശയങ്ങൾ കുറച്ചുനാളേ നിലനിന്നുള്ളൂ. ആദ്യത്തെ ആവേശം കെട്ടടങ്ങിയപ്പോൾ സമുദായ പരിഷ്കർത്താക്കളൊക്കെ സാവധാനം പിൻവലിയാൻ തുടങ്ങി. കൂട്ടത്തിൽ അയാളും പ്രായശ്ചിത്തം ചെയ്ത് സമുദായത്തിന്റെ ആചാരക്കൂട്ടിലേക്ക് തിരിച്ചുകയറി. അവൾ - പാപ്പി - പഴയ

അന്തഃപുരവാസിനിയായി. എന്നാൽ കുറഞ്ഞ നാൾ കൊണ്ടു നേടിയ ജ്ഞാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വെളിച്ചം അവളുടെ മനസ്സിനെ പ്രകാശമാനമാക്കി. അവളുടെ ഭർത്താവ് ഒരു എഴുത്തുകാരനാണ്. സമുദായത്തിലെ പ്രശ്നങ്ങളാണ് അയാൾ കൂടുതലും എഴുതിയിരുന്നത്. ഒരുനാൾ പത്രത്തിൽ വന്ന ലേഖനം അവൾ അയാളെ കാണിക്കുകയും അയാളുടെ അഭിപ്രായം ശരിയല്ലെന്ന് വാദിക്കുകയും ചെയ്തു. ആണുങ്ങളെഴുതിക്കൊടുത്ത് കാണാപ്പാഠം പഠിച്ചേ അന്തർജ്ജനങ്ങൾക്ക് പ്രസംഗിക്കാനാവൂ എന്ന് ആ ലേഖനത്തിൽ അയാൾ എഴുതിയിരുന്നു. എന്നാൽ ഭർത്താവ് എഴുതുന്നതുതന്നെ മറ്റുള്ളവരുടെ അഭിപ്രായങ്ങളാണെന്നുള്ള അവളുടെ കണ്ടെത്തൽ അയാളെ കോപിഷ്ടനാക്കി. എത്രതന്നെയായാലും സ്ത്രീകൾക്ക് ലേഖനങ്ങളെഴുതാൻ മാത്രമുള്ള കഴിവില്ലെന്ന തന്റെ വാദത്തിൽ ഉറച്ചുനിന്നു അയാൾ. ഒന്നുകിൽ ഏതെങ്കിലും പുരുഷൻമാർ എഴുതിക്കൊടുക്കുന്നുണ്ടായിരിക്കും, അല്ലെങ്കിൽ ഏതെങ്കിലും പുരുഷൻ സ്ത്രീ നാമത്തിൽ എഴുതുന്നതാവും എന്നയാൾ ശക്തിയായി വാദിച്ചു. ഭർത്താവ് ഗാഢനിദ്രയിലായ ശേഷം അടുത്ത മുറിയിലെത്തിയ അവൾ വിളക്കിന്റെ തിരി നീട്ടി വേഗം വേഗം എന്തോ എഴുതാൻ തുടങ്ങി.

അടുത്ത ദിവസത്തെ പത്രത്തിൽ തന്റെ ലേഖനത്തിന് ഒരന്തർജ്ജനം എഴുതിയ മറുപടി കണ്ട എൻ.പി. ഞെട്ടി. പക്ഷെ അതും ഒരു പുരുഷൻ എഴുതിയതാണെന്ന് അയാൾ തറപ്പിച്ചു പറഞ്ഞു. അപ്പോൾതന്നെ സ്നേഹിതൻമാരെ വിളിച്ചുവരുത്തി ചർച്ച ചെയ്ത്, പലരുടേയും അഭിപ്രായം സമന്വയിപ്പിച്ച് ഒരു ലേഖനം രൂപപ്പെടുത്തിയെടുത്ത് അടുത്ത ദിവസത്തെ പത്രത്തിൽ തന്നെ പ്രസിദ്ധീകരിക്കാൻ ഏർപ്പാടാക്കി. നമ്പൂതിരി സ്ത്രീകൾക്ക് സ്വയം ലേഖനമെഴുതാനോ പ്രസംഗിക്കാനോ കഴിവില്ലെന്ന് അയാളെഴുതിയ ലേഖനത്തിന് , തങ്ങളുടെ താങ്ങില്ലാതെ സമുദായത്തിലെ ഒരു വ്യക്തിക്കും - പ്രത്യേകിച്ചു സ്ത്രീകൾക്ക് - നിലയുറപ്പില്ലെന്നു വീമ്പടിക്കുന്നു. അതങ്ങനെ യാവട്ടെ. എന്നാലും അഭിമാനബോധമുണ്ടാക്കിയിട്ട് അധിക്ഷേപിക്കുന്നത് ചികിത്സിച്ചു ഭേദമാക്കിയിട്ട് കൊല്ലുന്നതുപോലെയാണ്. സുഖലോലുപമായ ഇന്നത്തെ യുവലോകം തങ്ങളുടെ സൗകര്യത്തിനു മാത്രം വേറെ ചില പൊടിക്കൈകൾ ചെയ്ത് സ്ത്രീകളെ സ്വന്തം

പാവകളാക്കാമെന്ന് വിചാരിക്കുന്നു. ശരി, സമ്മതിക്കാം. എന്നാൽ അടുക്കളയിലിട്ടുകൊണ്ട് അബലകളെന്നു പഴിക്കുന്നത് കഷ്ടമല്ലേ? ഞങ്ങൾക്കു ലേഖനമെഴുതാൻ പഠിപ്പില്ല. പ്രസംഗിച്ചു ശീലമില്ല. എന്നാൽ ഇതെല്ലാം നേടുവാനവസരമുള്ള കൊലകൊമ്പൻമാർക്കു പോലും സ്വന്തം സെക്രട്ടറിയില്ലാതെ എഴുതാനും പറയാനും വയ്യെന്നുള്ളത് പരസ്യമായ രഹസ്യമാണല്ലോ?[13] അഞ്ചാറു ദിവസങ്ങൾക്കു ശേഷം വന്ന മറുപടി ലേഖനം ഇങ്ങനെ തുടരുന്നു.

ആ ലേഖനത്തിനു മറുപടിയെഴുതാൻ അയാൾ വെമ്പി. എന്നാൽ തന്റെ സുഹൃത്തുക്കളെ ഒന്നിച്ചു ചേർത്ത് ചർച്ച ചെയ്യാൻ അയാൾക്കായില്ല. പലരും പല വഴി പോയിരുന്നു. തനിയെ ഇരുന്നിട്ട് അയാൾക്കൊന്നും എഴുതാനും കഴിഞ്ഞില്ല. അയാൾ മറ്റുള്ളവരുടെയെല്ലാം ആശയങ്ങൾ ക്രോഡീകരിക്കുക മാത്രമാണ് ഇതുവരെ ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ആ ലേഖനത്തിനു പ്രത്യാഖ്യാനം തയ്യാറാക്കാൻ വിധം അയാളുടെ തലയ്ക്ക് വെളിച്ചം കിട്ടിയില്ല.

അന്നു രാത്രി അയാൾ അത്താഴമുണ്ടില്ല. നിരാശനായി കിടക്കയെ അഭയം പ്രാപിച്ചു. ഭർത്താവിന്റെ നിരാശാഭരിതമായ മുഖം പാപ്പിയെ വേദനിപ്പിച്ചെങ്കിലും അവൾ അത് പുറത്തു കാണിച്ചില്ല. ഗാഢനിദ്രയിലായിരുന്ന അയാൾ ഒരു സ്ത്രീ തന്നെ ഞെക്കിക്കൊല്ലുന്ന സ്വപ്നം കണ്ട് ഞെട്ടിയുണർന്നപ്പോൾ പാപ്പിയെ അവിടെ കാണാനില്ല. അടുത്ത മുറിയിലിരുന്ന് അന്നത്തെ ലേഖനത്തിന് മറുപടിയെഴുതുന്ന പാപ്പിയെ അയാൾ കണ്ടെത്തി. സംഭാഷണത്തിനിടയിൽ ഭർത്താവിന്റെ ലേഖനങ്ങളെ വിമർശിച്ചെഴുതിയിരുന്ന അന്തർജ്ജനം താൻ തന്നെയാണെന്നവൾ സമ്മതിച്ചു. എന്നാൽ തന്റെ ഭർത്താവ് വിവശനാവുന്നതും മറുപടിയെഴുതാനാവാതെ അന്തർജ്ജന സമൂഹത്തിന് മുന്നിൽ പരാജയപ്പെടുന്നതും അവൾക്കു സഹിക്കുമായിരുന്നില്ല. അതുകൊണ്ടാണ് അയാൾക്കുവേണ്ടി അവൾ തന്നെ ലേഖനമെഴുതാൻ തയ്യാറായത്.

അന്തർജ്ജനങ്ങളുടെ അഭിമാനമാണ് ഭർത്താവിനെതിരെ എഴുതാൻ

ആദ്യമായി അവളെ പ്രേരിപ്പിച്ചത്. ഉറങ്ങിക്കിടന്നവരെ വിളിച്ചുണർത്താൻ കാണിച്ച മര്യാദ തുടർന്ന് അവർക്കു വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കാൻ കാണിക്കാതിരുന്നതാണ് അന്തർജ്ജനങ്ങൾക്കുവേണ്ടി എഴുതാൻ അവളെ പ്രചോദിതയാക്കിയത്. ചിന്തിക്കാനും പറയാനുമുള്ള പ്രേരണയും ആവേശവും നൽകിയിട്ട് നിങ്ങളൊന്നും പറയരുതെന്നും നിങ്ങൾക്കൊന്നും പറയാനാവില്ലെന്നും ആക്ഷേപിച്ച് വായടപ്പിയ്ക്കുന്ന തരത്തിലുള്ള നയത്തെയാണ് പാപ്പി എതിർത്തത്.

കുറ്റസമ്മതം

ബാല്യവിവാഹത്തിന്റേയും വിധവാ ജീവിതത്തിന്റേയും ക്രൂരവും ദയനീയവുമായ ഒരു ചിത്രമാണ് "കുറ്റസമ്മതം" എന്ന കഥയിൽ അന്തർജ്ജനം അവതരിപ്പിക്കുന്നത്. സ്മാർത്തവിചാരത്തിനായി അഞ്ചാംപുരയിൽ താമസിപ്പിച്ചിരിക്കുന്ന നായികയുടെ കുറ്റസമ്മതത്തിന്റെ രീതിയിലാണ് കഥയുടെ അവതരണം. വിധവയും ഗർഭിണിയുമായ അവൾ തന്റെ ഈ അവസ്ഥയ്ക്ക് താൻ മാത്രമാണ് തെറ്റുകാരിയെന്നും മറ്റാർക്കും അതിൽ പങ്കില്ലെന്നും പറയുമ്പോൾ തുല്യപങ്കാളിയെ സംരക്ഷിക്കുന്നതിലെ അനൗചിത്യം അവൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നു സ്മാർത്തർ. എന്നാൽ അത്തരമൊരാളെക്കുറിച്ച് തനിക്കൊന്നും അറിയില്ല എന്നായിരുന്നു അവളുടെ മറുപടി.

തനിയ്ക്ക് പതിനൊന്നു വയസ്സും മൂന്നു മാസവുമുള്ളപ്പോൾ അച്ഛന് പുതിയതായി കിട്ടിയ മുപ്പതു വയസ്സായ സ്ത്രീയുടെ അച്ഛനുമായി അവളുടെ വിവാഹം - മാറ്റക്കല്യാണം - ഉറപ്പിക്കുകയായിരുന്നു. അച്ഛന്റെ പുതിയ ഭാര്യ രോഗിണിയായിരുന്നതുകൊണ്ട് അധികനാൾ കഴിയും മുമ്പ് മരണമടഞ്ഞു. അവളുടെ ഭർത്താവിനാകട്ടെ അവൾ ഒരു ശല്യമായി. അതിനാൽ ഭർതൃഗൃഹത്തിൽ അവൾക്ക് അധികനാൾ കഴിച്ചുകൂട്ടേണ്ടി വന്നില്ല. പിറന്നില്ലത്തേക്കു പോന്ന അവൾക്ക്, അമ്മ അച്ഛന്റെ പ്രിയപത്നിയാ യതുകൊണ്ട് വലിയ ബുദ്ധിമുട്ടുകളുണ്ടായില്ല.

വല്ലപ്പോഴും ഇല്ലത്തെത്തുന്ന ഭർത്താവിന്റെ മുന്നിൽ ഒരിക്കൽ മാത്രം, മുത്തശ്ശി

നിർബന്ധിച്ചപ്പോൾ പോയി. ഒരിക്കലേ ആ മുഖം കണ്ടിട്ടുള്ളൂ. മുത്തശ്ശി എത്ര നിർബന്ധിച്ചിട്ടും അയാളുടെ കിടപ്പറയിൽ അവൾ കയറിയിട്ടില്ല. രണ്ടു വർഷങ്ങൾക്കു ശേഷം അയാൾ മരണമടഞ്ഞു. കൂട്ടുകാരോടൊപ്പം കളിച്ചുകൊണ്ടിരുന്ന അവളെ പിടിച്ചുകൊണ്ടുപോയി എന്തൊക്കെയോ കർമ്മങ്ങൾ ചെയ്യിക്കുകയും മന്ത്രങ്ങൾ ചൊല്ലിക്കുകയും ചെയ്തു. "ഇരിക്കണമ്മ" വന്ന് കഴുത്തിലെ ചരടു മുറിക്കാൻ ശ്രമിച്ചപ്പോൾ മാത്രം അതു തരില്ലെന്നവൾ വാശി പിടിച്ചു. കാരണം അതിൽ പിടിച്ചായിരുന്നു അവൾ മന്ത്രം ജപിക്കാറുള്ളത്. പിന്നീട് അച്ഛൻ നല്ലൊരു മാല വാങ്ങാനം ചെയ്തപ്പോൾ അവൾ സമ്മതിച്ചു. മാലയും താലിയും തമ്മിലുള്ള അന്തരം മനസ്സിലാക്കാനാവാത്ത പ്രായമായിരുന്നു അന്ന്.

പിന്നീട് വിധവയുടെ ജീവിതം അവൾ പരിചയിച്ചു. "അഷ്ടമംഗല്യമോ വിളക്കോ ഞാൻ തൊടരുത്. കണ്ണെഴുതുകയും കുറിയിടുകയും പാടില്ല. ഒരിക്കലേ ഉണ്ണാവൂ ... ഇങ്ങനെ ഉടുപ്പിലും നടപ്പിലും ഭാവത്തിലും വേണ്ടതെല്ലാം മുത്തശ്ശി പറഞ്ഞുതന്നു. ആ മടിയിൽ ഞാൻ കിടക്കും. പഴങ്കഥകൾ കേൾക്കും. ആയിടയ്ക്കാണ് ശ്രീകൃഷ്ണന്റെയും ഗോപികമാരുടെയും വൃന്ദാവനത്തിന്റെയും മറ്റും കഥകൾ ഞാൻ ആദ്യം അറിയുന്നത്. തെല്ലൊരു വിഷാദഭാവത്തിൽ മുത്തശ്ശി തുടരും : ഭഗവാനേ! ഗുരുവായൂരപ്പാ! കൃഷ്ണാന്ന് ജപിച്ചോണം. നിന്റെ ജന്മം അതാണ്."[14]

തുടർന്ന് ഇല്ലത്തെ തേവാരത്തിന്റെ ജോലിയെല്ലാം അവളിലായി. പൂജാപാത്രങ്ങൾ വൃത്തിയാക്കലും മാലകെട്ടലും ചാർത്തലും വിഗ്രഹങ്ങൾ അണിയിച്ചൊരുക്കുകയും അങ്ങനെ അങ്ങനെ ... അവൾക്കേറ്റവും ഇഷ്ടപ്പെട്ടത് വിഷ്ണുവിഗ്രഹമായിരുന്നു. ചിലപ്പോഴെങ്കിലും അവൾ അവയിലെ നിർമ്മാല്യമാല യെങ്കിലും മുടിയിൽ ചൂടാൻ ആഗ്രഹിച്ചു. ഒരു പൊട്ടു തൊടാൻ, ഒരു കുറി ചാർത്താൻ അവൾ ആഗ്രഹിച്ചു. എന്നാൽ ആശകളുടെ കത്തിക്കരിഞ്ഞ ചാരമല്ലാതെ മറ്റൊന്നും അവൾക്ക് അണിയാവുന്നതായി ലഭിച്ചില്ല.

മുത്തശ്ശി മരണക്കിടക്കയിൽ വെച്ച് മുതിർന്നവരോട് തന്നെ സൂക്ഷിക്കണമെന്നു പറഞ്ഞപ്പോൾ അതിന്റെ പൊരുൾ അവൾക്കു മനസ്സിലായില്ല.

എന്നാൽ ഏട്ടന്റെ വിവാഹം കഴിഞ്ഞ് സുന്ദരിയായ ഏട്ടത്തിയെ കൂടിവെച്ചു കഴിഞ്ഞതോടെ അവളിൽ ചെറിയ മാറ്റം വന്നത് അവൾ തന്നെ ദർശിച്ചു. അവരുടെ കളിചിരികൾ, അവൾക്കു മുന്നിൽ അവരുടെ കിടപ്പറയുടെ വാതിൽ അടയുന്നത് എല്ലാം അവളിൽ നൊമ്പരമുണ്ടാക്കി. പതിനൊന്നാം വയസ്സിൽ വിവാഹിതയായി പതിനാലാം വയസ്സിൽ വിധവയായവളാണ് അവൾ. യൗവ്വനത്തിലേക്ക് കാലൂന്നിയപ്പോഴാണ് വികാരങ്ങൾ എങ്ങനെ തന്നെ സ്വാധീനിക്കുന്നു എന്നവൾ മനസ്സിലാക്കിയത്. അമ്മയുടെ മരണം വരെ ജ്യേഷ്ഠത്തിയുമായി മത്സരിച്ചും വഴക്കടിച്ചും അവിടെ കഴിഞ്ഞുകൂടി. പിന്നീട് തനിക്കുകൂടി അവകാശപ്പെട്ട സ്വന്തം ഇല്ലത്തേക്ക് - ഭർത്തൃഗൃഹത്തിലേക്ക് - പോയി. അവിടത്തെ ദാരിദ്യത്തിലും കഷ്ടപ്പാടിലും അവളും ഒരംഗമായി പങ്കുചേർന്നു.

ഭർത്താവിന്റെ മറ്റു ഭാര്യമാർക്കും മക്കൾക്കും ഒപ്പം അവളും ഒരംഗമായി. മക്കളില്ലാത്തതുകൊണ്ട് അവൾക്ക് മറ്റാരെയും പരിഗണിക്കേണ്ടതായി വന്നില്ല. പിന്നീട് അവളുടെ ജീവിതം സുകൃത മരണത്തിന് തന്നെ സമർപ്പിക്കാനുള്ളതായിരുന്നു. ഒരു വിധവയ്ക്ക് അനുയോജ്യമായ എല്ലാ വ്രതങ്ങളും പൂജകളും അവൾ ചിട്ടയോടെ ചെയ്യാൻ തുടങ്ങി. ക്ഷേത്രദർശനവും പൂജകളും വ്രതങ്ങളും പുരാണ പാരായണവുമായി അവളുടെ ജീവിതം മുന്നോട്ടു നീങ്ങി. വർഷാവർഷം ക്ഷേത്രത്തിൽ നടക്കുന്ന ഭാഗവത സപ്താഹത്തിൽ പുരാണപാരായണം കേൾക്കാൻ അവളും പോകാറുണ്ട്.

കൃഷ്ണനും ഗോപികമാരും ചേർന്നുള്ള ലീലാവിലാസങ്ങളും കൃഷ്ണന്റെ ധീരപ്രവൃത്തികളും കേട്ടിരിക്കുന്നത് അവളെ സംബന്ധിച്ചിടത്തോളം അതുല്യമായ ഒരനുഭവമായിരുന്നു. വായന കേൾക്കുന്നതിനേക്കാൾ ചെറുപ്പക്കാരനായ വായനക്കാരനെ കാണുന്നതിൽ അവൾക്ക് താല്പര്യം വർദ്ധിച്ചുകൊണ്ടിരുന്നു. സൗകര്യത്തിനു കിട്ടിയ മുഖക്കണ്ണാടിയിൽ തന്റെ പ്രതിരൂപം കണ്ട് സംതൃപ്തിയടയാൻ തുടങ്ങി അവൾ. വിളർച്ചയിലും വ്യാകുലതയിലും ഒരാകർഷണീയത ആ മുഖത്ത് മങ്ങിക്കിടക്കുന്നുണ്ട് എന്ന് അവൾ മനസ്സിലാക്കി. തുടർന്നുണ്ടായ സംഭവങ്ങൾ നായിക ഇങ്ങനെ വിവരിക്കുന്നു. □പിറ്റേന്നു കുളി കഴിഞ്ഞപ്പോൾ മുടി മിനുക്കാൻ മറന്നില്ല. ഭസ്മക്കുറിക്കു പകരം ഒരു നേർത്ത

ചന്ദനഗോപിയാക്കി. പച്ച വിടാത്ത പത്തു പൂമാല ഭംഗിയായി തിരുകിവെച്ച് കുടയും പുതപ്പുമെടുത്ത് പതിവു പോലെ അമ്പലത്തിലേക്കു പോയി. മണ്ഡപമുഖപ്പിൽ ആരോ ജപിക്കുന്നു. ആ ശബ്ദത്തിനെന്തു മാധുര്യമാണ്. കുട ചെരിച്ചു പിടിച്ച് തഞ്ചത്തിൽ ഞാനൊന്നെത്തിനോക്കിപ്പോയി - അദ്ദേഹവും നോക്കുന്നു. മുമ്പില്ലാത്ത ഒരു സ്വാസ്ഥ്യം അപ്പോഴെന്നെ ബാധിച്ചു. എനിക്ക് കാലുകൾ ഇടറുന്നു. കണ്ണുനേരെ തെളിയുന്നില്ല. അടുത്ത പ്രദക്ഷിണവും കൂടി മുഴുവനാക്കാതെ ഞാൻ തിരിച്ചുപോന്നു കളഞ്ഞു[15] - ഈ ഒരവസ്ഥ ഇതിനു മുമ്പൊരിക്കലും അവൾക്കുണ്ടായിട്ടില്ല. യൗവ്വനാരാംഭത്തിനു ശേഷം ഒരു പുരുഷസാമീപ്യം അവൾക്കുണ്ടായിട്ടില്ല. അവൾക്ക് അവളെത്തന്നെ ഭയമായിത്തുടങ്ങി. പിന്നീട് വായനക്കു പോയാൽ പിന്നിൽ മാത്രം ഇരിക്കാനവൾ ശ്രദ്ധിച്ചു.

ഏഴര വെളുപ്പിന് കുളിച്ച് നിർമ്മാല്യം തൊഴുന്നത് അവൾക്കെന്നുമുള്ള ശീലമാണ്. കുറച്ചു ദിവസങ്ങളായി, കുളിച്ചുകൊണ്ടിരിക്കുമ്പോൾ അടുത്ത കടവിൽ നിന്ന് കേൾക്കാനിമ്പമുള്ള ഒരു കീർത്തനം കേൾക്കാറുണ്ട്. കുളിക്കുന്ന സമയത്തിനപ്പുറം അതൊരാകർഷണമായി മനസ്സിൽ കൊണ്ടുനടന്നിട്ടില്ലെന്ന് അവൾ സത്യം ചെയ്തുപറയുന്നു.

ഒരു നാൾ, നേരം പുലർന്നു എന്നു തെറ്റിദ്ധരിച്ചാണ് അവൾ കുളക്കടവിലേക്കോടിയത്. പതിവു തെറ്റി എന്ന പരിഭ്രമത്താൽ തുണയ്ക്ക് വരാറുള്ള പെൺകുട്ടിയെപ്പോലും വിളിക്കാൻ മറന്നുപോയി. നേരം വെളുത്തതറിയാതെ ഉറക്കത്തിൽ പെട്ടുപോയതു നിമിത്തം തന്റെ ഭജനം മുടങ്ങുക എന്ന കാര്യം ആലോചിക്കാൻ പോലുമാവില്ലായിരുന്നു. വിടരുന്ന പൂക്കളുടെ സുഗന്ധവും ഇളം തെന്നലും ഏകാന്തതയും അവളുടെ മനസ്സിനെ സംഗീതസാന്ദ്രമാക്കി. അവൾ കൃഷ്ണനേയും ഗോപികമാരെയും അവരുടെ ലീലാവിലാസങ്ങളും പാവനപ്രണയവും മുരളീനാദവും എല്ലാം ഓർത്തു നിൽക്കെ ചെറുപ്പത്തിൽ പഠിച്ച അഷ്ടപദിഗാനം അറിയാതെ പാടിപ്പോയി. പാട്ടിൽ ,സ്വയം ലയിച്ച് ഒരു തരം മൂർച്ഛിതാവസ്ഥയിലായ അവളെ ആരോ പിറകിൽ നിന്ന് കൈ ചുറ്റിപ്പിടിച്ചപ്പോൾ

ആദ്യം ഒന്ന ഞെട്ടിയെങ്കിലും ഒരു പക്ഷെ അത് ഭഗവാൻ തന്നെയായിരിക്കുമോ എന്നവൾ സംശയിച്ചു. ജീവിതത്തിൽ ഇതുവരെ അറിഞ്ഞിട്ടില്ലാത്ത ആ ചൂടിനും ശക്തിക്കും അനുഭ്രതിക്കും മുൻപിൽ എതിർക്കാൻ പോലുമാവാതെ അവൾ സ്വയം അടിയറവു പറഞ്ഞു.

പ്രകൃതിയുടെ ചോദനയ്ക്കു മുന്നിൽ യൗവ്വനയുക്തയായ താൻ തോറ്റുപോയത് തെറ്റാണെങ്കിൽ അതിന്റെ ശിക്ഷയ്ക്കായി ഈ ജന്മം മുഴുവൻ നൽകാൻ തയ്യാറാണെന്ന് അവൾ ഉറന്ന പറയുകയും, ആ സന്ദർശനം ആവർത്തിച്ചോ, അതാരായിരുന്ന ഈ വക ചോദ്യങ്ങൾ ദയവു ചെയ്ത് ചോദിക്കരുതെന്ന് അപേക്ഷിക്കുകയും ചെയ്യുന്ന.

അധിവേദനം

ഇല്ലത്തെ മൂത്ത പുത്രൻ മൂസ്സാന്മൂരി - വീണ്ടും വീണ്ടും വിവാഹം കഴിക്കുന്നതിനെയാണ് അധിവേദനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സന്തതി നില നിർത്താനും സ്വത്ത് ഭാഗിച്ചു പോകാതിരിക്കാനും നമ്പൂതിരി സമുദായം കണ്ടെത്തിയ മാർഗ്ഗമായിരുന്ന മൂത്ത പുത്രൻ മാത്രം സ്വസമുദായത്തിൽ നിന്ന വിവാഹം കഴിക്കുക എന്നത്. ഈ വിവാഹം എത്ര വേണമെങ്കിലും ആകാം. ആദ്യവിവാഹം 'വേളി' എന്നും പിന്നീടുള്ളവ 'അധിവേദനം' എന്നുമാണ് അറിയപ്പെട്ടിരുന്നത്. ഈ അധിവേദന സമ്പ്രദായത്തെ പരിഹസിക്കുകയും വിമർശിക്കുകയും ചെയ്യുകയാണ് അധിവേദനം എന്ന കഥയിൽ ചെയ്യുന്നത്.

മുല്ലശ്ശേരി രാമൻ നമ്പൂതിരിക്ക് രണ്ടാം വേളി നിശ്ചയിച്ച വിവരം അത്ഭുതത്തോടും അമ്പരപ്പോടും കൂടി ആളുകൾ ശ്രവിച്ചു. അവരുടെ അമ്പരപ്പിന കാരണം ഒരു നമ്പൂതിരി രണ്ടാമത് വിവാഹം കഴിക്കുന്ന എന്നതോ, ആദ്യഭാര്യയെ ഉപേക്ഷിക്കുന്ന എന്നതോ അല്ല. തികഞ്ഞ ഉത്പതിഷ്ണുവും സമുദായ പരിഷ്കർത്താവും അധിവേദനം നിരോധിക്കണം എന്ന് പ്രസംഗിച്ചു നടക്കുന്നയാളുമായ രാമൻ നമ്പൂതിരിയാണ് രണ്ടാമതും വിവാഹിതനാവാൻ പോകുന്നത് എന്നതാണ്. അയാൾ സമുദായത്തിലെ അനാചാരങ്ങൾക്കും

അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടുന്ന യുവജനസംഘത്തിന്റെ നേതാവാണ്.

അഞ്ചുവർഷം മുമ്പാണ് പന്ത്രണ്ടു വയസ്സുള്ള സാവിത്രിയെ വിവാഹം കഴിച്ചത്. പണത്തിന് അത്യാവശ്യമായതുകൊണ്ട് പ്രായവ്യത്യാസം അയാൾ പരിഗണിച്ചില്ല. വിവാഹകർമ്മങ്ങൾക്കൊടുവിൽ കൈയിൽ വന്നുചേർന്ന അയ്യായിരം രൂപയുമായി ആ ഇല്ലത്തിന്റെ പടിയിറങ്ങിയ അയാൾ, ആ ചെറിയ കുട്ടിയെ പിതാവിൽ നിന്നു പിരിക്കുന്നത് പാപമാണെന്നും അവളോട് ഇപ്പോൾ തന്നെ ഭാര്യയോടെന്നപോലെ പെരുമാറുന്നത് നിന്ദ്യമാണെന്നുമുള്ള ഞായം സുഹൃത്തുക്കൾക്കു മുമ്പിൽ അവതരിപ്പിച്ച് പിന്നീടവിടേയ്ക്ക് പോയില്ല. ഒരു സമുദായ പരിഷ്കർത്താവിന് അനുയോജ്യമായ ന്യായീകരണമായിരുന്നു അത്.

പേരിനുവേണ്ടിയുള്ള വിദ്യാഭ്യാസത്തിനിടയ്ക്ക് പേരും പെരുമയും ധാരാളം ലഭിച്ചിട്ടുള്ള രാമൻ നമ്പൂതിരിയ്ക്ക് സരസമായി സംസാരിക്കാനറിയാമായിരുന്നു. സുഹൃത്തുക്കൾക്കിടയിൽ പ്രിയപ്പെട്ടവനായിരുന്ന അയാൾ ദുർവ്യയക്കാരനായിരുന്നതുകൊണ്ട് പണത്തിന് എപ്പോഴും ആവശ്യം നേരിട്ടുകൊണ്ടിരുന്നു. പാരമ്പര്യ സ്വത്തെല്ലാം നശിച്ച് കടം കയറിത്തുടങ്ങിയ സമയത്താണ് ധനസമ്പാദനത്തിന് നമ്പൂതിരി യുവാക്കളുടെ എളുപ്പമാർഗ്ഗമായ വിവാഹത്തിന് അയാൾ തുനിഞ്ഞത്. അയ്യായിരം രൂപ സ്ത്രീധനം വാങ്ങിയാണ് സാവിത്രിയെ വിവാഹം കഴിച്ചത്. കടംവീട്ടലും ധാരാളിത്തവുമായപ്പോൾ ആ തുക അതിവേഗം തീരുകയും വീണ്ടും കടക്കാരനാവുകയും ചെയ്തു. ഇനിയെന്തു വഴി എന്നാലോചിക്കുമ്പോഴാണ് പണത്തിനായി ഭാര്യാഗൃഹത്തിൽ ചോദിക്കണമെന്ന് സുഹൃത്തുക്കൾ നിർദ്ദേശിച്ചത്.

അപ്പോൾ തന്നെ അയാൾ പണത്തിനുള്ള ആവശ്യം കാണിച്ച് സാവിത്രിയുടെ ഇല്ലത്തേക്ക് കത്തെഴുതി. അയ്യായിരം രൂപ കൂടി ആവശ്യപ്പെട്ട അയാൾക്ക് തൽക്കാലം പണമില്ലെന്നും ഉടൻ കൂടിവെപ്പു നടത്തണം എന്നും കാണിച്ചുകൊണ്ടുള്ള മറുപടിയാണ് കിട്ടിയത്. കൂടിവെപ്പു നടത്താൻ തയ്യാറില്ലായിരുന്ന അയാൾ വലിയൊരു തുക സ്ത്രീധനം വാങ്ങി, ആദ്യഭാര്യയുടെ സമ്മതം നോക്കാതെ തന്നെ മറ്റൊരു വിവാഹം - അധിവേദനം - നടത്തണം എന്ന

സുഹൃത്തിന്റെ അഭിപ്രായത്തെക്കുറിച്ച് ആലോചിക്കുന്നു. []... പരിഹസിക്കുന്നു. എന്തു പരിഹസിക്കാനിരിക്കുന്നു? പ്രസംഗിക്കുമ്പോലെയാണോ എല്ലാവരും പ്രവർത്തിക്കുന്നത്. പ്ലാറ്റ്ഫോറത്തിൽ കേറുമ്പോൾ പ്രസരിപ്പോടെ എന്തും പറയും. പക്ഷേ, പ്രായോഗികമാകുന്നത് മറ്റു വിധത്തിലാണ്. []16 ഈ അഭിപ്രായം മുഖവിലയ്ക്കെടുത്ത അയാൾ പണത്തിനുള്ള ആവശ്യത്തിനു മുൻപിൽ ആദർശവും പ്രസംഗവും ദുഷ്പേരും എല്ലാം നിസ്സാരമായി കരുതുന്നു. ശ്രദ്ധനായ അയാൾ സുഹൃത്തുക്കളുടെ അഭിപ്രായത്തിനു വഴങ്ങി ഒടുവിൽ വിവാഹത്തിനു സമ്മതം മൂളി.

രാമൻ നമ്പൂതിരിയുടെ വിവാഹവാർത്തയറിഞ്ഞ സാവിത്രി ചിന്താധീനയായി. തന്റെ ജ്യേഷ്ഠപത്നിയോട് ഇക്കാര്യത്തെക്കുറിച്ച് അവൾ കൂടിയാലോചന നടത്തി. ഒരിക്കൽ പോലും കാണുക കൂടിയുണ്ടായിട്ടില്ലാത്ത ആളാണെങ്കിൽ പോലും അദ്ദേഹം തന്നെ ഉപേക്ഷിക്കുകയാണെന്ന അറിവ് അവളെ വേദനിപ്പിച്ചു. അതിൽ നിന്ന് അദ്ദേഹത്തെ തടയാനെന്തുവഴി എന്നാണ് അവൾ ആലോചിച്ചു കൊണ്ടിരുന്നത്.

സാവിത്രിയുടെ ജ്യേഷ്ഠനും പത്നിയും ചേർന്ന് ഇതിനെക്കുറിച്ച് നേരത്തെത്തന്നെ ആലോചിച്ചിരിക്കുന്നു. ജ്യേഷ്ഠത്തിയുടെ അമ്മാവന്റെ മകളെയാണ് അയാൾ വിവാഹം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. ആ പെൺകുട്ടിയ്ക്കോ അവളുടെ സഹോദരൻമാർക്കോ ഈ അധിവേദനത്തിൽ താല്പര്യമില്ല. വിവാഹത്തിന് അഞ്ചുനാളുകൾ കൂടി അവശേഷിക്കെ ജ്യേഷ്ഠത്തിയും അനുജത്തിയും ചേർന്ന് രാമൻ നമ്പൂതിരിയെ ഒരു പാഠം പഠിപ്പിക്കാനുള്ള തീരുമാനമെടുക്കുന്നു.

നിശ്ചയിച്ച ദിവസം നിശ്ചിത മുഹൂർത്തത്തിൽ ആ വിവാഹം നടത്തപ്പെട്ടു. പാണിഗ്രഹണസമയത്ത് അയാൾ സാവിത്രിയുടെ പിഞ്ചുകൈ ഓർക്കുകയും, പണത്തിനായി, അവളുടെ അനുവാദമില്ലാതെ മറ്റൊരു വിവാഹം കഴിച്ചത് ശരിയായില്ലെന്ന് കുറ്റബോധത്തോടെ ചിന്തിക്കുകയും ചെയ്തു. എത്രയും വേഗം അവളെയും വിളിച്ചുകൊണ്ടുവരുമെന്നും രണ്ടുപേരെയും ഒരുപോലെ

സ്നേഹിക്കുമെന്നും മനസാ നിശ്ചയിച്ചു.

വിവാഹം കഴിഞ്ഞ ഉടനെ തന്നെ കൂടിവെപ്പും നടത്തി. വിവാഹത്തിന് അയാളുടെ സുഹൃത്തുക്കളെല്ലാം സന്നിഹിതരായിരുന്നു. ആദ്യാവസാനക്കാരായി നിന്നത് സാവിത്രിയുടെ സഹോദരനും പത്നിയും തന്നെയാണ്. പച്ചപ്പരിഷ്കാരിയായിരുന്ന സഹോദരനു വന്ന മാറ്റമാണിതെന്ന് എല്ലാവരും കണക്കാക്കി. രാമൻ നമ്പൂതിരിയും ഒരു കാലത്ത് പരിഷ്കാരിയും പുരോഗമനവാദിയുമായിരുന്നുവല്ലോ.

വിവാഹത്തിന്റെ നാലാം ദിവസം, വധൂവരൻമാരുടെ ആദ്യസമാഗമ മുഹൂർത്തത്തിൽ, മുഖം മറച്ചിരിക്കുന്ന നവോഢയുടെ വിരലുകൾ മുഖത്തുനിന്നും സാവധാനം അടർത്തി മാറ്റിയപ്പോൾ, രണ്ടാം ഭാര്യയാവുന്നതിലെ ദുഃഖം കൊണ്ടെന്ന വണ്ണം കണ്ണീരൊഴുക്കുന്ന മുഖമാണ് കണ്ടത്. സാവിത്രിയെക്കുറിച്ചോർത്ത് ദുഃഖിക്കേണ്ടെന്നും താനൊരിക്കലും അവളെ ഓർക്കില്ലെന്നും തനിക്കിനി വേറൊരു വധു ഇല്ലെന്നും സമാധാനിപ്പിച്ച രാമൻ നമ്പൂതിരിയോട് നവവധു, തന്നെ ഉപേക്ഷിച്ച് സാവിത്രിയെ സ്വീകരിക്കാനാവശ്യപ്പെടുന്നു.

ആ മുഖം പെട്ടെന്ന് ഓർമ്മയിലെത്തിയ രാമൻ നമ്പൂതിരി തന്റെ നവവധു, താൻ അഞ്ചുവർഷം മുമ്പ് വിവാഹം കഴിച്ച് ഉപേക്ഷിച്ച സാവിത്രി തന്നെയാണെന്ന് തിരിച്ചറിഞ്ഞു. തന്നെ അകാരണമായി ഉപേക്ഷിച്ച ഭർത്താവിനു മുൻപിൽ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ട് തന്റെ ഭാഗ്യം പരീക്ഷിക്കുമെന്നവൾ അയാളോടറിയിച്ചു. അയാൾ ആദ്യം സംഭ്രമിച്ചെങ്കിലും പിന്നീട് സന്തുഷ്ടനായി. പ്രിയതമയുടെ കൈകൾ കൂട്ടിപ്പിടിച്ചുകൊണ്ട് അയാൾ പറഞ്ഞു : "സംസർഗ്ഗം ചപലനാക്കിയെങ്കിലും ഭവതിയെ ഇതുവരെ ഞാൻ മറന്നിട്ടില്ലായിരുന്നു. ഇത്രമാത്രം പ്രണയവും പ്രവൃത്തിധൈര്യവുമുള്ള ഒരു പത്നിയെ കൈവിട്ടുകളഞ്ഞ ഞാൻ എന്തൊരു മടയനായിരുന്നു ... ഈയൊരു തെറ്റ് ഇനി ഒരിക്കലും ആവർത്തിക്കപ്പെടാതിരിക്കട്ടെ."[17]

തന്റെ തെറ്റു മനസ്സിലാക്കിയ രാമൻ നമ്പൂതിരി പണത്തോടുള്ള ആർത്തി ഉപേക്ഷിച്ച് പത്നീസ്നേഹമുള്ളവനായി മാറുന്ന കാഴ്ചയാണ് കഥാന്ത്യത്തിലുള്ളത്.

നമ്പൂതിരി സമുദായത്തിൽ അക്കാലത്തു നിലനിന്നിരുന്ന ദുരാചാരങ്ങൾ മിക്കതും അന്തർജ്ജനം തന്റെ രചനകൾക്ക് വിഷയമാക്കിയിട്ടുണ്ട്. അത്തരം കഥകളെല്ലാം വളരെ ശക്തമാണതാനും. ഒരേ പ്രമേയം അവതരിപ്പിച്ചിട്ടുള്ള ഒന്നിലേറെ കഥകളുള്ളതുകൊണ്ട് തെരഞ്ഞെടുത്ത ഏതാനും കഥകൾ മാത്രമാണ് ഇവിടെ പഠനവിധേയമാക്കിയിരിക്കുന്നത്.

സാമൂഹികം

ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തോടു ബന്ധപ്പെടുത്തിയിട്ടല്ലാതെ സ്ത്രീജീവിതത്തിന്റെ ദുരിതങ്ങളും ത്യാഗങ്ങളും ആവിഷ്കരിക്കുന്ന ഒട്ടേറെ കഥകൾ രചിച്ചിട്ടുണ്ട് അന്തർജ്ജനം. സ്ത്രീയുടെ നിലപാടിൽ നിന്നുകൊണ്ട് അവളുടെ ദുരിതങ്ങളേയും അതിന്നാധാരമായ സാമൂഹിക വ്യവസ്ഥകളേയും വിമർശിക്കുകയാണ് ഇത്തരം കഥകളിലൂടെ ചെയ്തിരിക്കുന്നത്. അത്തരത്തിൽപെട്ട ഏതാനും കഥകൾ പരിശോധിക്കാം.

വിവാഹമുഹൂർത്തം

ആദർശവൽക്കരിക്കപ്പെട്ട വിവാഹം, ദാമ്പത്യം തുടങ്ങിയ സ്ഥാപനങ്ങളെ അതീവം ശക്തിയോടെ വിമർശിക്കുന്ന കഥയാണ് 'വിവാഹമുഹൂർത്തം'. വിവാഹമുഹൂർത്തം പ്രതീക്ഷിച്ച് സുന്ദരസ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന വിജയമാണ് ഈ കഥയിലെ നായിക. താല്പര്യത്തോടെ വായിക്കാനാരംഭിച്ച നോവലിലെ ക്ലൈമാക്സ് അറിയാനോ, പൂർത്തിയാക്കാതെ പണി നിർത്തി വെച്ചിരിക്കുന്ന കൈലേസിൽ ആഗ്രഹിച്ചവിധം ചെമ്പനീർ മുകുളം തുന്നിച്ചേർക്കാനോ ഇതുവരെ തോന്നാത്ത ഒരു പരിഭ്രമം ഇപ്പോഴവളെ അനുവദിക്കുന്നില്ല. പക്ഷെ, താനൊരപരിഷ്കൃത വധുവാണെന്നു സമ്മതിക്കാനും അവൾക്കു മനസ്സു വന്നില്ല.

ജന്നൽ തുറന്ന് പുറത്തേക്കു നോക്കിയ അവൾ സ്വർഗ്ഗസമാനമായി വിതാനിച്ചിരിക്കുന്ന കല്യാണപ്പന്തൽ കണ്ടു. സംഗീതമേളം തകർക്കുന്ന സദീർപ്പു ര. പൂമാലയുടെയും സുഗന്ധദ്രവ്യങ്ങളുടെയും പരിമളം നിറഞ്ഞ അന്തരീക്ഷം. എല്ലാംകൊണ്ടും അവൾ വിവാഹലോകത്തെത്തിക്കഴിഞ്ഞു. പെണ്ണുകാണൽ ചടങ്ങുപോലും വളരെ നാടകീയമായിട്ടാണ് അവൾക്കനുഭവപ്പെട്ടത്. തികഞ്ഞ പുരോഗമനചിന്താഗതിയുള്ള ഒരു കുടുംബമായിരുന്നു അവളുടേത്. അതുകൊണ്ടാണ് അത്തരത്തിൽ ഒരു പെണ്ണുകാണൽ ചടങ്ങ് സംഘടിപ്പിച്ചത്. അയാളെ അവൾ പല്പപോഴും കണ്ടിട്ടുണ്ട്. നിരത്തിൽ വെച്ചും കോളേജ് വളപ്പിൽ വെച്ചും ആ കണ്ണുകൾ തന്റെ കണ്ണുകളുമായി കൂട്ടിമുട്ടിയിട്ടുണ്ട്. പക്ഷെ അപ്പോഴൊന്നും ഇത്തരത്തിലുള്ള ഒരു ഘട്ടം തരണം ചെയ്യേണ്ടി വരുമെന്നവൾ വിചാരിച്ചില്ല. കലാലയത്തിലെ ഏതൊരു വിദ്യാർത്ഥിനിയും അസൂയപ്പെടുന്ന തരത്തിലുള്ളതാണ് അവളുടെ ഈ നേട്ടം. മറ്റേതൊരു വിദ്യാർത്ഥിയെക്കാളും സുന്ദരനും സമർത്ഥനും ധനവാനുമാണയാൾ. അയാളെ വിവാഹം കഴിക്കാനായി ബിരുദങ്ങൾ വേണ്ടെന്നു വയ്ക്കാൻ തയ്യാറായിരുന്നു അവൾ.

അന്നുമുതൽ ഇന്നലെവരെ തന്റെ സൗഭാഗ്യത്തെക്കുറിച്ച് അവൾ പലതരം സ്വപ്നങ്ങൾ കണ്ടിരുന്നു. ഇനി അഞ്ചു മണിക്കൂർ കൂടി കഴിഞ്ഞാൽ ആ സുമംഗള മുഹൂർത്തമായി. മുറിയിൽ ചുമരിൽ തൂക്കിയ ഫോട്ടോകളിലൂടെ തങ്ങളുടെ സ്മരണ നിലനിർത്തുന്ന അപ്പൂപ്പനേയും അമ്മൂമ്മയേയും അവൾ മനസാ ഭക്തിപൂർവ്വം പ്രണമിച്ചു. അച്ഛന്റെയും അമ്മയുടെയും വിവാഹഫോട്ടോ, അല്പനേരം കഴിഞ്ഞാൽ തന്റെ ജീവിതത്തിൽ നടക്കാൻ പോകുന്ന സുപ്രധാന സംഭവവുമായി കൂട്ടി യോജിപ്പിക്കാനുള്ള പ്രേരണ നൽകി അവൾക്ക്.

തുടർന്ന് വിരുന്നുകാരുടെ വരവായി. ആദ്യമായി അവളെ ആശംസിക്കാനെത്തുന്നത് കളിക്കൂട്ടുകാരിയും അമ്മാവന്റെ മകളുമായ ഭാനുവാണ്. പതിമൂന്നാമത്തെ വയസ്സിൽ വിവാഹിതയായി വിദേശത്തുപോയ അവൾ ആറു വർഷത്തിനു ശേഷം നാലുമക്കളുടെ മാതാവായി തിരിച്ചുവന്നിരിക്കുന്നു. ചുറുചുറുക്കും

ആത്മവിശ്വാസവും സൗന്ദര്യവും എല്ലാം നഷ്ടപ്പെട്ട് ഒരു സാധാരണ വീട്ടമ്മയായി, പ്രാരാബ്ധക്കാരിയായി ഇപ്പോൾ തന്റെ മുന്നിൽ നിൽക്കുന്നത് പഴയ ഭാനുവാണെന്നു വിശ്വസിക്കാൻ തന്നെ പ്രയാസമായിരുന്നു വിജയത്തിന്.

ഭാനുവിന്റെ ഈ അവസ്ഥയുടെ കാരണമന്വേഷിച്ച വിജയത്തിനോട് "ദീനമൊന്നുമില്ല, വിജയം! പിന്നെ ഒരു വീട്ടുകാരിയായി താമസമാക്കിയാൽ ഇങ്ങനെയൊക്കെയേ ഇരിക്കൂ. പഴയപോലെ നേരത്തിനു കുളിക്കാനോ, ഉണ്ണാനോ, ഉല്ലസിക്കാനോ സാധിക്കുമോ? താമസിയാതെ നിനക്കും എല്ലാം അറിയാമല്ലോ?"[18] - എന്നാണ് ഭാനുവിന്റെ മറുപടി. . വിവാഹം എന്നത് നേരത്തിന് കുളിക്കാനോ ഭക്ഷണം കഴിക്കാനോ ഉല്ലസിക്കാനോ ഉള്ള അവസരങ്ങൾക്ക് വിഘാതമായി നിൽക്കുന്ന ഒന്നാണെന്ന് വിജയം ഇതുവരെ കരുതിയിരുന്നില്ല. "സകല മാധുര്യങ്ങളും നിറഞ്ഞ ഒരു മംഗളകർമ്മം. സ്ത്രീപുരുഷ ജീവിതങ്ങളെ സമ്പൂർണ്ണതയിലേ ക്കെത്തിക്കുന്ന മഹനീയമായ ഒരാത്മബന്ധം. വായിച്ച പുസ്തകങ്ങളും പഠിപ്പിച്ച ഉപാദ്ധ്യായരും എല്ലാം അങ്ങനെയാണവളെ ധരിപ്പിച്ചിരുന്നത്. ... അത്ര ശ്രേഷ്ഠമായ ആ സങ്കേതം ഇത്ര വിരസവും അസ്വതന്ത്രവുമായ കാരാഗൃഹമെന്നോ അനുഭവമുള്ളവർ പറയുന്നത്?"[19] - വിജയത്തിന്റെ ചിന്തകൾ ആ വഴിക്കായി. വിവാഹത്തെക്കുറിച്ച് വിരുദ്ധമായ ഒരു നിലപാടെടുക്കാനോ അതിനെ അഹിതമായി കാണാനോ അവൾക്കാവുന്നില്ല. എന്നാൽ തുടർന്നും തന്റെ ജീവിതത്തിലെ ദുരിതങ്ങളെയും പ്രതിബന്ധങ്ങളെയും കുറിച്ച് ഭാനു വാതോരാതെ പറഞ്ഞുകൊണ്ടിരുന്നു.

ആറുവർഷം കൊണ്ട് അറുപതു വയസ്സായവളെപ്പോലെ ഭാനു സംസാരിക്കുന്നത് അതിശയത്തോടെ കേട്ടുകൊണ്ടിരുന്ന വിജയം. തന്നെക്കാൾ ഒരു വയസ്സിന് ഇളപ്പമുള്ള ഭാനു ഇപ്പോൾ ജീവിതാനുഭവങ്ങൾ കൊണ്ട് തന്റെ മുത്തശ്ശിയായിരിക്കുന്നു എന്നു തോന്നി അവൾക്ക്. സമയത്തെക്കുറിച്ച് ബോധമില്ലാത്തവിധം അവൾ ചിന്താധീനയായി.

അപ്പോഴാണ് കല്യാണവീട്ടിലെ കോലാഹലങ്ങളെയും സംഗീതത്തെയും

മറികടന്നുകൊണ്ട് അടുത്ത വീട്ടിലെ കുടുംബകലഹം അവളുടെ കാതിലെത്തിയത്. സ്ത്രീയുടെ അടക്കാനാവാത്ത കോപനൈരാശ്യങ്ങളും പുരുഷന്റെ അധികാരസ്വരവും, തന്റെ ജീവിതം നശിപ്പിച്ച പുരുഷനു നേരെയുള്ള അവളുടെ ശാപവചനങ്ങളും അതിനെ എതിർക്കുന്ന ഭർത്താവിന്റെ വാദഗതികളും അവളുടെ കാതിലേക്ക് അലച്ചെത്തി. അവരുടെ പ്രണയവിവാഹവും അന്നത്തെ സംഭവങ്ങളും അവൾ ഓർത്തു. തനിക്കുകൂടി ഹർഷമുണ്ടാക്കിയിരുന്ന അവരുടെ വിവാഹത്തിന്റെ ആദ്യനാളുകൾ ഇത്രവേഗം നരകതുല്യമായി മാറിയോ എന്ന് അവൾ അതിശയിക്കുന്നു.

തനിക്ക് ഇങ്ങനെയൊരു ഗതി വരരുതെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വിജയത്തിന്റെ മുന്നിലേക്ക് കുറെയേറെ കത്തുകളും ടെലഗ്രാമുകളുമായി വേലക്കാരി കടന്നുവന്നു. എല്ലാം അവൾക്കുള്ള മംഗളാശംസകളും വിവാഹസമ്മാനങ്ങളുമായിരുന്നു. ഭാനുവിന്റെ അനുഭവങ്ങളും അയൽവീട്ടിലെ കലഹവും അവളെ വല്ലാതെ തളർത്തിയിരുന്നു. എങ്കിലും കത്തുകളിലൊന്നിൽ തന്റെ ഉറ്റ സ്നേഹിതയുടെ കൈയക്ഷരം കണ്ടപ്പോൾ അവൾ അത് കൈയിലെടുത്തു.

തലേന്നുതന്നെ എത്തിച്ചേരാമെന്ന് വാക്കു നൽകിയിരുന്ന ശാരി എന്ന ആത്മസുഹൃത്ത് കത്തിലൂടെ മംഗളാശംസ നേരുന്നതിലെ ദേഷ്യമടക്കി, വിജയം അത് ഉറന്നു വായിക്കാൻ തുടങ്ങി. തങ്ങളുടെ രണ്ടുപേരുടേയും ആത്മസുഹൃത്തായിരുന്ന മാലതി-മാലുക്കുട്ടി-യുടെ രോഗവും ഗർഭഛിദ്രവും തുടർന്നുണ്ടായ മരണവുമായിരുന്നു ആ കത്തിലെ വിവരങ്ങൾ. മാലതിയുടെ ഭർത്താവ് സ്നേഹസമ്പന്നനായിരുന്നുവെന്നും അവളുടെ വേർപാട് അയാളെ ഭ്രാന്തനാക്കുമെന്ന് താൻ ഭയക്കുന്നു എന്നും ശാരി എഴുതിയിരുന്നു.

ആശുപത്രിയിൽ മാലതിക്കൊപ്പം നിൽക്കുകയും അവളുടെ മരണനിമിഷത്തിന് സാക്ഷിയാവുകയും ചെയ്തതുകൊണ്ട് ഒരു

സന്തോഷസന്ദർഭത്തിൽ തനിക്കിപ്പോൾ പങ്കെടുക്കാനാവില്ലെന്നും തന്നോടു ക്ഷമിക്കണമെന്നും, മാലതിയുടെ ആത്മാവ് വിജയത്തോടൊപ്പം വിവാഹവേദിയിൽ ഉണ്ടാകുമെന്നും പറഞ്ഞ് ആശംസകൾ നേർന്ന്, കത്ത് അവസാനിപ്പിച്ചിരിക്കുന്നു.

തന്റെ ആത്മസഖിയായ മാലതിക്ക് ഇങ്ങനെയൊരു ദുരന്തം നേരിട്ടതിൽ വിജയം വല്ലാതെ ദുഃഖിച്ചു. വിവാഹത്തിന്റെ പരിണതമായ അവസ്ഥാന്തരത്തിലുള്ള അപകടം മൂലം തന്റെ പ്രിയസുഹൃത്തിനു നേരിട്ട ദുരന്തത്തിൽ അവൾ വല്ലാതെ നടുങ്ങി. വിഷാദത്തെക്കാൾ കൂടുതൽ ഭയമായിരുന്നു അവളെ അപ്പോൾ കീഴടക്കിയത്. താൻ കണ്ടിട്ടില്ലാത്ത ഗർഭിണിയായ മാലതിയെയും രോഗഗ്രസ്തമായ അവളുടെ അവസ്ഥയും, ഭർത്താവിന്റെ മടിയിൽ തലവെച്ചുള്ള അവളുടെ ദാരുണ ശയനവും എല്ലാം വിജയം ഭാവനയിൽ കണ്ടു. മണി ആറടിക്കുന്നത് അവൾ നടുക്കത്തോടെ അറിഞ്ഞു.

ഒരു ദേവകന്യകയെപ്പോലെ അണിഞ്ഞൊരുങ്ങി വിവാഹവേദിയിൽ പ്രത്യക്ഷപ്പെടാനായി ഒരുക്കിവെച്ച ആടയാഭരണങ്ങൾ അവൾ ഭയത്തോടെ മാത്രം നോക്കി. അഞ്ചു മണിക്കൂർ കൊണ്ട് അമ്പതുവർഷത്തെ ജീവിതപരിചയത്തിന്റെ കനം അവളിൽ നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. അവൾ വസ്ത്രം മാറാതെ അണിഞ്ഞൊരുങ്ങാതെ ഒരേ ഇരിപ്പു തുടർന്നു. വരന്റെ ഷോഷയാത്ര അടുത്തെത്തിയപ്പോൾ വിരുന്നുകാരെല്ലാം വധുവിനെ അന്വേഷിക്കാൻ തുടങ്ങിയപ്പോൾ അമ്മ മകളെ തേടിയെത്തി. ഇതുവരെ ഒരുങ്ങാത്തതിനു കാരണം ചോദിച്ച അമ്മയോട് അവൾ പറഞ്ഞു. "ഞാൻ ഒരുങ്ങിയിരിക്കുകയാണമ്മേ! ഇതുപോലെയുള്ള ഒരവസരത്തിൽ സ്ത്രീഹൃദയത്തിന് എത്രത്തോളമാകാമോ, അത്രത്തോളം ശരിയായിത്തന്നെ ..."[20]

വിവാഹം എന്ന സ്ഥാപനത്തെക്കുറിച്ച് സുന്ദരസ്വപ്നങ്ങൾ നെയ്യുകൊണ്ടിരുന്ന വിജയത്തിന് കുറച്ചുനേരം തനിക്കു ചുറ്റും നടക്കുന്ന യാഥാർത്ഥ്യങ്ങളിലേക്ക് മനസ്സു തിരിച്ചപ്പോൾ അതിനോട് വിരക്തി തോന്നി. സ്വൈരജീവിതത്തിന് വിഘാതമായി നിൽക്കുന്ന അനുഭവങ്ങളുണ്ടാക്കുന്നതാണ് ചിലപ്പോഴെങ്കിലും

വിവാഹം എന്നതുകൊണ്ട് അവൾ തനിക്ക് വിവാഹമേ വേണ്ടെന്ന തീരുമാനമെടുത്തു.

റീയലിസം

നിലവിലിരിക്കുന്ന സാൻമാർഗ്ഗിക നീതിയെയും സാമ്പത്തികബന്ധങ്ങളെയും എതിർത്ത് കവിതയും കഥയും ലേനങ്ങളുമെഴുതുന്ന ഒരു റീയലിസ്റ്റിക് എഴുത്തുകാരന്റെയും, വിദ്യാസമ്പന്നയും പുരോഗമന ചിന്താഗതിക്കാരിയുമായ സതി എന്ന അയാളുടെ ഭാര്യയുടെയും അവരുടെ ജീവിതത്തിന്റെയും കഥ പറയുകയാണ് □റീയലിസം□ എന്ന കഥയിൽ. കവിയുടെ അഭിപ്രായത്തിൽ ലോകത്ത് ചാരിത്ര്യനിഷ്ഠയുള്ള ഒരു സ്ത്രീയോ, സന്മാർഗ്ഗസ്ഥിരതയുള്ള ഒരു പുരുഷനോ ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. മാത്രമല്ല, സ്ത്രീപുരുഷബന്ധത്തിന്റെ അതിര് വിവാഹമെന്ന പേരിൽ നിയന്ത്രിക്കുന്നത് പുരുഷന്റെയും സമുദായത്തിന്റെയും സ്വാർത്ഥമനസ്ഥിതിയാണെന്നുകൂടി അയാൾ വിലയിരുത്തി. അയാളുടെ തൂലിക, കാണുന്നതിനെയെല്ലാം അതുപോലെതന്നെ ചിത്രീകരിച്ചുകൊണ്ടിരുന്നു. ഒരു 'റീയലിസ്റ്റിക് കവി' എന്ന പേരിൽ അയാൾ പ്രശസ്തനായി.

സതി എന്ന കുലീനയും അനാഘ്രാതയുമായ കന്യകയെയാണ് അയാൾ വിവാഹം കഴിച്ചത്. അവൾക്ക് പഠിപ്പും സംഗീതവാസനയുമുണ്ട്, സരസമായി സംസാരിക്കാനുമറിയാം. മധുവിധു നാളുകളുടെ പ്രഭ മങ്ങിത്തുടങ്ങിയപ്പോൾ ജോലിയില്ലാതെ ആവില്ലെന്നായി. അങ്ങനെ അയാൾ പത്രമോഫീസിൽ ജോലി നേടുകയും അതിനായി വീട്ടിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്തു. ഭർത്താവിന്റെ രചനകളെല്ലാം വായിക്കുകയും വിലയിരുത്തി അഭിപ്രായം പറയുകയും ചെയ്യുമായിരുന്ന സതി. അവൾ പറയും : □അങ്ങയുടെ ആകൃതിയെക്കാൾ ആദർശങ്ങളാണെന്നെ ആകർഷിച്ചത്. എത്ര സ്വതന്ത്രവും സ്വച്ഛന്ദവുമായൊരു ജീവിതപദ്ധതി! സ്ത്രീപുരുഷബന്ധത്തിൽ ഇത്ര സമത്വസുന്ദരമായൊരു മാർഗ്ഗമുപദേശിച്ച അങ്ങ് നിശ്ചയമായും ഞങ്ങളുടെ ആരാധ്യപുരുഷൻ തന്നെ.□[21]

ആദ്യമെല്ലാം അവൾ നൽകിയ ഈ സർട്ടിഫിക്കറ്റിൽ ഞെളിഞ്ഞിരുന്ന അയാൾ പിന്നെപ്പിന്നെ അവളുടെ വാദഗതികൾക്കു മുന്നിൽ മുട്ടുകുത്തുന്ന

അവസരങ്ങളുണ്ടായി. എഴുതുന്നതെല്ലാം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട തല്ലെന്നും സ്ത്രീകൾ കുറച്ചൊക്കെ അസ്വതന്ത്രകളായിരിക്കുന്നതാണ് കുടുംബജീവിത ത്തിന് നല്ലതെന്നുമുള്ള അയാളുടെ പുതിയ വാദഗതികളോട് അവൾ യോജിക്കുന്നില്ല. വീട്ടിൽ നിന്ന് വിട്ടുനിൽക്കേണ്ടി വരുന്ന അയാൾക്ക് ക്രമേണ അവളിൽ സംശയം ജനിക്കുന്നു. അതിന്റെ സത്യാവസ്ഥ കണ്ടുപിടിക്കാനായി ഇരുട്ടിന്റെ മറവിൽ വീട്ടിലെത്തുന്ന അയാൾ ഇളിഭ്യനാവുന്നു. മുറുക്കാൻ വാങ്ങാനായി അരി മോഷ്ടിച്ച് പുറത്തു കടന്ന അടുക്കളക്കാരിയെ, ഭാര്യയുടെ ജാരനാണെന്നു കരുതി പിടിക്കുടുന്ന അയാൾ തന്റെ തെറ്റു മനസ്സിലാക്കി ഭാര്യയെ സംശയിച്ചതിന് മാപ്പു പറയുന്നു. എന്നാൽ തന്നോടല്ല, സാഹിത്യലോകത്തോടാണ് മാപ്പിരക്കേണ്ടതെന്ന് പറയുന്ന അവൾ ആദർശം പ്രസംഗിച്ചു നടന്ന് യാഥാസ്ഥിതികമായി പെരുമാറുന്ന ഈ മുഖംമൂടി വലിച്ചു മാറ്റി, സന്മാർഗ്ഗത്തെ തരം താഴ്ത്താതെ, സ്വാർത്ഥം പുലർത്താതെ സമുദായത്തിനും സമൂഹത്തിനും ഗുണകരമാവും വിധം എഴുതുകയും ജീവിക്കുകയും ചെയ്യാൻ അയാളെ പ്രേരിപ്പിക്കുന്നു.

വ്യക്തികൾക്കെന്നപോലെ സമുദായത്തിനും സമൂഹത്തിനും പൊതുവായ ചില സ്വാർത്ഥതകളും നിയമസംഹിതകളും ഉണ്ടെന്നും അവയെ നിയന്ത്രിക്കാൻ സ്ത്രീപുരുഷൻമാർക്കാവില്ലെന്നും ഉള്ള നിജസ്ഥിതിയിലേക്ക് അയാളുടെ ചിന്തയെ കൊണ്ടുചെന്നെത്തിക്കുവാൻ സതിക്ക് കഴിയുന്നു.

ഏഴാമിടം

റിയലിസം എന്ന കഥയ്ക്ക് ഏറെക്കുറെ വിപരീതമായി നിൽക്കുന്ന കഥയാണ് 'ഏഴാമിടം'. പരിഷ്കാരിപ്പെണ്ണുങ്ങളോടു പുച്ഛമായിരുന്ന കഥാപാത്രമാണ് ഏഴാമിട ത്തിലെ വിശ്വനാഥമേനോൻ. സ്ത്രീകൾ പരിഷ്കാരികളാവുന്നതോ, അവർ സമൂഹമദ്ധ്യ ത്തിൽ പ്രത്യക്ഷപ്പെടുന്നതോ സഹിക്കാത്ത അയാൾ കിഴക്കൻ പ്രദേശത്തുള്ള ഒരു കുഗ്രാമത്തിലെ മലനാടൻ പ്രഭുവിന്റെ മരുമകളെയാണ് വധുവായി സ്വീകരിച്ചത്. അവളാകട്ടെ, ക്ഷേത്രത്തിലെ പ്രസാദമായ ഭസ്മചന്ദനാദികൾ ധരിച്ച്, പുളിയിലക്കരയൻ പുടവയും, പഴയ രീതിയിലുള്ള റവുക്കയും നേരിയതുമായി എപ്പോഴും പരിഭ്രമത്തോടെ അടുപ്പിൻമൂട്ടിൽ ഒതുങ്ങിക്കൂടി. ഇതിന്റെ പേരിൽ

സുഹൃത്തുക്കളുടെ മുൻപിൽ അയാൾ പലപ്പോഴും അവഹേളിതനായെങ്കിലും വീണതു വിദ്യയാക്കി അയാൾ അവളുടെ അച്ചടക്കത്തെ വാനോളം പുകഴ്ത്തിക്കൊണ്ടിരുന്നു. അയാളുടെ വസ്ത്രധാരണം ആംഗ്ലോ ഇന്ത്യൻ രീതിയിലുള്ളതാണ്. പൊടിമീശയും പുതുക്രാപ്പും ചുണ്ടിൽ സിഗരറ്റുമായാണ് അയാളുടെ നടപ്പ്. ഭാര്യയുടെ നേരെ വിപരീതം.

സുഹൃദ്സദസ്സുകളിൽ വെച്ച് തമാശക്കായിരുന്ന അയാൾ ആദ്യമാദ്യം സ്ത്രീസ്വാതന്ത്ര്യത്തെ എതിർത്തത്. പിന്നീട് അത് തന്റെ നയമായി അയാൾ ഏറ്റെടുക്കുകയായിരുന്നു. സ്ത്രീക്ക് സമൂഹ മദ്ധ്യത്തിൽ ഇറങ്ങി നടക്കേണ്ട ആവശ്യമില്ലെന്ന് അയാൾ ഘോര ഘോരം പ്രസംഗിച്ചു. എന്നാൽ ജാനകിക്കുട്ടി - അയാളുടെ ഭാര്യ - ആവശ്യത്തിലധികം ഒതുക്കമുള്ളവളായെന്ന തിരിച്ചറിവ് അയാളിൽ കുറ്റബോധമുണ്ടാക്കി. തന്റെ ഭാര്യയ്ക്ക് കുറച്ചുകൂടി പരിഷ്കാരം ആവാമായിരുന്നു എന്നയാൾ മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു.

ക്രമേണ അയാളുടെ സ്നേഹിതൻമാരും അവരുടെ ഭാര്യമാരും അയാളുടെ വീട്ടിലേക്കുള്ള സന്ദർശനം ഒഴിവാക്കിത്തുടങ്ങി. ആളുകളെ കണ്ടാൽ അകത്തുകയറി ഒളിക്കുന്ന ജാനകിക്കുട്ടിയെ കാണാൻ അവരാരും ഇഷ്ടപ്പെട്ടില്ല. ഭാര്യയെന്ന നിലയിൽ ഭർത്താവിനെ പരിചരിക്കുന്നതിൽപ്പോലും അവൾ ലജ്ജയാൽ വിമുഖത കാണിച്ചു. സ്വയം തിരഞ്ഞെടുത്തവളായതുകൊണ്ട് അയാൾക്ക് സമാധാനിക്കുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

ഒരു നാൾ ജോസഫിന്റെ ഭാര്യ, മിസ്. രത്നകുമാരിയുടെ പ്രസംഗം കേൾക്കാൻ ജാനകിക്കുട്ടിയെ കൂട്ടിച്ചെല്ലാൻ മേനോനോടു പറഞ്ഞു. എന്നാൽ "ഞാൻ മുമ്പു പറയാറില്ലേ, എനിക്കീ പെണ്ണുങ്ങളുടെ അധികപ്രസംഗം കേൾക്കുന്നതിഷ്ടമല്ലെന്ന്! ആടിക്കുഴഞ്ഞു നടക്കുന്ന ഇവരുടെ കൂട്ടത്തിൽ ഭാര്യയെയൊട്ടു കൊണ്ടു വരികയുമില്ല"[22] - എന്നായി മേനോൻ. മിസ്സിസ്. ജോസഫിനോട് ഇങ്ങനെ പറഞ്ഞെങ്കിലും രത്നകുമാരി പറയുന്നതെന്താണെന്നു കേൾക്കാൻ താല്പര്യമുള്ളതുകൊണ്ട് അയാൾ അവിടെ പോയി. പ്രസംഗിക്കാനായി രത്നകുമാരി

പ്ലാറ്റ്ഫോറത്തിൽ കയറി. രത്നകുമാരിക്ക് ജാനകിക്കുട്ടിയുടെ ഛായയുണ്ടെന്നു കണ്ട് മേനോൻ അതിശയിച്ചു. "സഹധർമ്മിണി" എന്ന പദത്തിലൂന്നിക്കൊണ്ട് രത്നകുമാരി നടത്തിയ പ്രസംഗത്തിൽ മേനോൻ പോലും ലയിച്ചുപോയി. തിരികെ വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ, എന്തെങ്കിലും വായിച്ചാലും കേട്ടാലും മനസ്സിലാക്കാൻ പാകത്തിലെങ്കിലും തന്റെ ഭാര്യയെ പഠിപ്പിക്കണമെന്നയാൾ തീരുമാനമെടുത്തു.

പൊതുസ്ഥലങ്ങളിൽ ധരിക്കാൻ പാകത്തിന് സാരിയും ബ്ലൗസും ചെരിപ്പും എല്ലാം ഭാര്യക്കായി വാങ്ങിയാണ് അന്ന് മേനോൻ വീട്ടിലെത്തിയത്. എന്നാൽ അവയെല്ലാം വെറുപ്പോടെ തട്ടിമാറ്റി തനിക്ക് മുണ്ടും റവുക്കയും തന്നെ മതി എന്നവർ തീർത്തു പറഞ്ഞു. തന്റെ കൂടെ പുറത്തിറങ്ങുമ്പോൾ ധരിക്കാനാണിവയൊക്കെ എന്നു പറഞ്ഞ് അയാൾ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും താൻ പുറത്തിറങ്ങാൻ ഇഷ്ടപ്പെടുന്നില്ല എന്നവൾ അറിയിച്ചു. "ആണുങ്ങളുടെ മുമ്പിൽ നിന്ന് ആടിക്കുഴയുന്ന ഈ പെണ്ണുങ്ങളുടെ കാര്യം എനിക്കു കേൾക്കുകയേ വേണ്ട. അവരുടെ കൂട്ടത്തിലൊട്ടു പോവുകയും വേണ്ട"[23] - ജാനകിക്കുട്ടി തറപ്പിച്ചു പറഞ്ഞ ഈ വാക്കുകൾ മുമ്പെന്നോ താൻ പറഞ്ഞ അതേ വാക്കുകളാണെന്നു മനസ്സിലാക്കിയ മേനോൻ ഞെട്ടി. ദുർവ്വാശിയിലുദിച്ച ദുരന്തത്തിന്റെ ഫലം ഇപ്പോഴയാൾ മനസ്സിലാക്കി. രൂപസാദൃശ്യമുള്ള രത്നത്തെയും ജാനകിക്കുട്ടിയെയും അയാൾ താരതമ്യം ചെയ്തു. രണ്ടുപേരും തമ്മിൽ എന്തൊരന്തരം?

പിന്നീടയാൾ രത്നകുമാരിയുടെ പ്രസംഗങ്ങൾ മുടങ്ങാതെ കേട്ടുതുടങ്ങി. അവരോട് ഒരുതരം ആരാധനയായി. ഒരിക്കൽ രത്നകുമാരിയെ അടുത്തുകണ്ടപ്പോൾ തന്റെ ഭാര്യയെക്കുറിച്ച് പറയുകയും അവളെ ബോധവൽക്കരിക്കാൻ രത്നകുമാരിയുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. സ്ത്രീ സ്വാതന്ത്ര്യവിരോധിയായ മേനോന്റെ ഭാര്യയുമായി താൻ ഇടപഴകുന്നത് ശരിയല്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ച രത്നകുമാരിയോട് "ഞാനൊരു സ്ത്രീസ്വാതന്ത്ര്യ വിരോധിയായിരുന്നു. പക്ഷെ, അത് ഈ നഗരത്തിലെ പരിഷ്കാരപ്പമ്പാവകളുടെ വിലാസനടപടികളെ അപലപിക്കുന്നതിനു വേണ്ടിയാണ്. ഒരു സ്ത്രീ - ഒരു ഭാര്യ - തന്റെ ഭർത്താവിന്റെ ജീവിതാദർശങ്ങൾ മനസ്സിലാക്കി സഹധർമ്മണിയാവുന്നില്ലെങ്കിൽ അവർ

തമ്മിലുള്ള ദാമ്പത്യം എത്ര ദാമ്പത്യമാണ്?[24] എന്നയാൾ കുറ്റബോധത്തോടെ ചോദിക്കുന്നു. ഈ വാക്കുകൾ മേനോന്റെ വർത്തമാനകാലജീവിതത്തെ പ്രകടമാക്കിയതിനാൽ അപ്പോൾ തന്നെ ജാനകിക്കുട്ടിയെ കാണാൻ രത്നകുമാരി തയ്യാറായി.

വീട്ടിലെത്തി ഏറെ കഴിയും മുമ്പ് രത്നകുമാരി തന്നെയാണ് ജാനകിക്കുട്ടി എന്നയാൾക്ക് മനസ്സിലായി. പുരോഗമനവാദിയായ മിസ്. രത്നം കോളേജുദിനങ്ങളിൽ മേനോനിൽ അനുരക്തയായിരുന്നു. എന്നാൽ സ്ത്രീ സ്വാതന്ത്ര്യവിരോധിയായ അയാൾ, തന്നെ ഇഷ്ടപ്പെടുകയില്ലെന്നു മനസ്സിലാക്കിയ അവൾ പട്ടണത്തിൽ നിന്നു കുറെ അകലെ താമസിക്കുന്ന അമ്മാവന്റെ സഹായം തേടി ജാനകിക്കുട്ടിയാവുകയായിരുന്നു. "പുരോഗമനം ആശിക്കുന്ന പുരുഷലോകം സ്ത്രീജനങ്ങളെ അടിച്ചമർത്തുന്നതു തനിക്കു തന്നെയും സ്വയംകൃതാനർത്ഥമാണെന്ന തത്വം എന്റെ ജീവിതചര്യകൊണ്ട് ഞാനങ്ങയെ മനസ്സിലാക്കി."[25] - അതായിരുന്നു ജാനകിക്കുട്ടിയുടെ (മിസ്. രത്നത്തിന്റെ) ലക്ഷ്യവും.

കൊടുങ്കാറ്റിൽ നിന്ന്

നിസ്സഹായയാവുന്ന സ്ത്രീ, ശക്തിയുടെ പ്രതീകമായിത്തീരുന്ന സന്ദർഭങ്ങളും അപൂർവ്വമായി ഉണ്ടാവും എന്നതിനു തെളിവാണ് 'കൊടുങ്കാറ്റിൽ നിന്ന് ' എന്ന കഥ. സമൂഹത്തിൽ അന്തസ്സും ധനസ്ഥിതിയുമുള്ള വക്കീലിന്റെ മകളാണ് മേഴ്സി എന്ന സാധു പെൺകുട്ടി. മേഴ്സി എന്ന പദത്തിന്റെ അർത്ഥം തന്റെ ജീവിതത്തിൽ പകർത്തിക്കാണിക്കാനായി ജീവിക്കുന്നവൾ, കൂട്ടുകാർക്കെല്ലാം വേണ്ടപ്പെട്ടവൾ. രാജൻ എന്ന വികൃതിയായ കൂട്ടുകാരന്റെ തമാശയിൽ അവൾ ബോധരഹിതയായി. രക്തം കണ്ടാൽ ദുർബ്ബലയാവുകയും തലചുറ്റുകയും ചെയ്തിരുന്ന അവളുടെ മുൻപിലേക്ക്, മരത്തിനു മുകളിൽ നിന്ന് അവൻ വീഴുന്നു. രക്താഭിഷിക്തനായി കിടക്കുന്ന അവനെ കണ്ട് അവൾ ബോധഹീനയാവുന്നു. ദിവസങ്ങൾക്കു ശേഷം ആശുപത്രിയിൽ അവൾ കണ്ണു തുറന്നത് ജ്വരബാധിതയായിട്ടാണ്. രണ്ടുപേരുടെയും പഠനം അതോടെ അവസാനിച്ചു.

അച്ഛന്റെ സ്ഥലം മാറ്റമായപ്പോൾ ബേബി-കഥാകാരി - ആ പ്രദേശത്തോട് യാത്ര പറഞ്ഞു. ഏതാനും വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടിയ ഒരു സുഹൃത്തിൽ നിന്ന് മേഴ്സി, വിവാഹനിശ്ചയത്തിന്റെ പിറ്റേന്ന് ഒരു കോൺഗ്രസ് പ്രവർത്തകനോടൊപ്പം ഒളിച്ചോടിയെന്ന വിവരമറിഞ്ഞു. ആ പ്രവർത്തകൻ രാജൻ തന്നെയായിരിക്കുമെന്നവർ ഉറപ്പിച്ചു.

വർഷങ്ങൾക്കു ശേഷം ഉദ്യോഗവുമായി ബന്ധപ്പെട്ട് വിദൂരമായ ഒരു സ്ഥലത്ത് കഥാകാരി എത്തിപ്പെട്ടു. പ്രശാന്തസുന്ദരമായ ആ പ്രദേശത്ത് രാത്രിയുടെ ഏകാന്തതയിൽ വൈദേശികസാഹിത്യഗ്രന്ഥങ്ങളുമായി സല്ലപിച്ചിരിക്കുമ്പോൾ എന്നും ഒരു ഗാനവീചി അവരുടെ കാതിൽ വന്നലയ്ക്കാറുണ്ട്. ആ ഗാനത്തിന്റെ ഉറവിടം അറിയണമെന്നുണ്ടായിരുന്നു അവർക്ക്. പക്ഷെ, ആ വീട് തേടിപ്പോകാൻ ഔദ്യോഗികപ്രൗഢി അവരെ അനുവദിച്ചില്ല. ഒരു നാൾ വേലക്കാരിയിൽ നിന്ന് ആ വീടിന്റെ ഒരേകദേശ ചിത്രവും വീട്ടുകാരിയുടെ അവസ്ഥയും കഥാകാരി മനസ്സിലാക്കി. ആ ഗൃഹനാഥയുടെ ഭർത്താവ് ഒരു വിപ്ലവകാരിയായിരുന്നുവെന്നും അയാളിപ്പോൾ ജയിലിലാണെന്നും, അവരിപ്പോൾ ഒരു കുഞ്ഞുമായി തനിച്ചു താമസിക്കുകയാണെന്നും വേലക്കാരി പറഞ്ഞു. രാത്രിയിൽ തന്റെ ശരീരത്തിന്റെ ചൂടുതേടിയെത്തുന്ന കാപാലികൻമാരിൽ നിന്ന് രക്ഷപ്പെടാനാണ് അവർ പാട്ടുപെടുന്നതെന്നും വേലക്കാരി അറിയിച്ചു.

ആ ഏകാന്തഗായികയെ കാണാൻ കഥാകാരിക്ക് ആഗ്രഹം തോന്നി. തിരക്കുകൾ കാരണം അതിനുള്ള സാഹചര്യം ഒത്തുവന്നില്ല. ഒരു ഞായറാഴ്ച ഉച്ചയ്ക്ക് ഉച്ചത്തിലുള്ള അലർച്ച കേട്ട് കഥാകാരി ഭയന്നു. ജോലികൾ മാറ്റിവെച്ച് അവർ അവിടേക്ക് നടന്നു. തീപ്പൊരി പാറുന്ന കൺമിഴികളിൽ തീവ്രമായ വിഷാദാത്മകതയോടെ, ഇടിമുഴക്കം പോലുള്ള ശബ്ദത്തിൽ, കരച്ചിലിന്റെ ലയവിശേഷത്തോടെ ഉള്ളിലേയ്ക്കല്പം വലിഞ്ഞ ചെഞ്ചുണ്ടുകളിൽ ഗദ്ഗദത്തിന്റെ വിറയലോടെ തന്നോടടുക്കുന്നവരെ ആട്ടിയോടിക്കുന്ന മേഴ്സിയെയാണവർ കണ്ടത്. നടുങ്ങി നിൽക്കുന്ന ബേബിയോടവൾ പറഞ്ഞു : ഇതൊരു കാഴ്ചയെന്നോ ബേബിച്ചേച്ചി. ഇതാണ് ഭ്രതദയ. ഇതാണ് ജീവകാരുണ്യം. ഇതാണ് മേഴ്സിയുടെ മറ്റൊരു രൂപാന്തരം. നിങ്ങൾ പറയാറില്ലേ, മാൻകിടാവെന്ന്. മാൻപേടയ്ക്ക് പെൺപുലിയായി

മാറാമെന്ന് അവസാനം ഞാൻ തെളിയിച്ചു. ആളുകൾ കണ്ടുപഠിയ്ക്കട്ടെ. എത്ര നിസ്സഹായയായ ഒരു സ്ത്രീയുടെയും അഭിമാനത്തോടു തൊട്ടുകളിച്ചാൽ ഇതാണനുഭവമെന്ന്.[26] മേഴ്സി ക്രൂവൽ ആകുന്ന ഒരു രംഗത്തിന് സാക്ഷിയാകേണ്ടി വന്ന ബേബിക്ക്, അവൾ മൂന്നു കൊലപാതകം നടത്തിയതായി അറിയാൻ കഴിഞ്ഞു. തനിക്കു ശേഷം നിരാലംബയായിപ്പോകുമായിരുന്ന തന്റെ കുഞ്ഞിനെക്കൂടി വധിച്ചുകളഞ്ഞു അവൾ.

വിചാരണത്തടവുകാരിയായിരിക്കെ, ജയിലിൽ വെച്ചവൾ ആത്മഹത്യ ചെയ്തു. ആയിടെതന്നെ രാജൻ എന്ന തടവുകാരനും മരണമടയുകയുണ്ടായി. സ്വന്തം കുഞ്ഞിനെ കൊന്ന പാപകർമ്മത്തെ എങ്ങനെ ന്യായീകരിക്കുമെന്ന സംശയം പലരും ഉന്നയിക്കുന്നു. [അത്തരം പരിതസ്ഥിതികളിൽ അങ്ങിനെയുള്ള നിർഭാഗ്യജീവികൾ ചെയ്തു പോവുന്ന ക്രൂരകൃത്യങ്ങൾ പാപമാകുമോ, നീചമാകുമോ, നികൃഷ്ടമാകുമോ?][27] - ഒരുപാടു ചോദ്യങ്ങൾ വായനക്കാരന്റെ മുന്നിലേയ്ക്കെറിഞ്ഞുകൊടുത്തു കൊണ്ടാണ് കഥാകാരി കഥ അവസാനിപ്പിക്കുന്നത്.

ചക്രവർത്തിയുടെ സമ്മാനം

ആധുനിക നഗരജീവിതത്തിന്റെ ഒരു യഥാർത്ഥചിത്രമാണ് 'ചക്രവർത്തിയുടെ സമ്മാനം' എന്ന കഥയിൽ കാണുന്നത്. നാട്ടിൻപുറത്തുകാരിയായ മീര, എന്നെങ്കിലുമൊരിക്കൽ, അങ്ങു ദൂരെ തന്റെ നാട്ടിൽ വിശാലമായ ആകാശത്തിനു കീഴിൽ, ഏകാന്തതയിൽ തനിക്ക് മതിവരുവോളം നൃത്തം ചെയ്യണം എന്ന് ആഗ്രഹിക്കുന്നു. എന്നാൽ നിശാക്ലബ്ബുകളിൽ മദ്യം നുകർന്ന് ഉറയ്ക്കാത്ത കാൽവെപ്പുകളോടെ ആരുടെയെങ്കിലുമൊക്കെ തോളിൽ തൂങ്ങി റോക്ക് എൻ റോൾ ചെയ്യുന്നതാണ് സംസ്കാരസമ്പന്നതയുടെയും പരിഷ്കാരത്തിന്റെയും അടയാളം എന്നു ധരിക്കുന്നവരുടെ മൂഢസ്വർഗ്ഗത്തിലാണ് അവളും ചെന്നെത്തുന്നത്.

രാജസ്ഥാനിലെ റാണിയായ മീര, കൊട്ടാരങ്ങളും സുഖങ്ങളും എല്ലാം ത്യജിച്ച്, ശ്യാമവർണ്ണന്റെ ക്ഷേത്രസന്നിധിയിൽ ആടിയും പാടിയും ജീവിതം ആസ്വദിക്കുകയായിരുന്നു. അവളുടെ പാട്ടിൽ പ്രേമം മാത്രമേയുള്ളൂ. കൃഷ്ണഭക്തയായ മീര തന്റെ

ശ്വാസത്തിലേക്കു പോലും കൃഷ്ണപ്രണയം ആവാഹിച്ചു കഴിഞ്ഞിരുന്നു. അക്കാലത്താണ് അവളുടെ പാട്ടിൽ ലയിച്ചുപോയ മുഗൾ ചക്രവർത്തി തന്റെ രത്നാഹാരം അവൾക്ക് സമ്മാനിച്ചത്. പ്രേമസ്വരൂപനായ കൃഷ്ണനുവേണ്ടി അവൾ അതു സ്വീകരിച്ചു. എന്നാൽ പിറ്റേന്ന് ചക്രവർത്തിയുടെ രത്നഹാരം മീരയുടെ കഴുത്തിൽ കണ്ട് എല്ലാവരും അവൾക്കെതിരെ തിരിയുകയും അവളെ ഭ്രഷ്ടയെന്നു മുദ്ര കുത്തുകയും ചെയ്തു. അവൾക്ക് ശിക്ഷയായി വിഷപാനമാണ് കല്പിച്ചത്. അമൃതതുല്യമായി കരുതി അവൾ അത് കുടിച്ചു. ആ ജന്മം അവിടെ അവസാനിച്ചെങ്കിലും മീരമാർ ജനിച്ചുജീവിച്ചുകൊണ്ടേയിരിക്കുന്നു.

ആ പഴയ മീരയുടെ ആരാധികയാണ് കഥാനായികയായ മീര. എല്ലാം മറന്ന് നൃത്തത്തിൽ ലയിക്കാനാഗ്രഹിച്ചവൾ. എന്നാൽ നൃത്തപഠനം അവസാനിക്കുന്നതിനു മുമ്പുതന്നെ ഭർതൃമതിയായി പട്ടണത്തിലെത്തിച്ചേർന്നു അവൾ.

ക്ലബ്ബിൽ ഒറ്റയ്ക്കിരിക്കുന്ന അവളെ ഭർത്താവിന്റെ സുഹൃത്ത് അയാളോടൊപ്പം നൃത്തം ചെയ്യാൻ നിർബന്ധിക്കുമ്പോൾ അവൾ സ്വന്തം ശിരസ്സിൽ അടിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: "അല്ല. കലയുടെ ലോകത്തിൽ വിഭിന്നതകളില്ല. അവിടെ ചക്രവർത്തിയും ഭിക്ഷുവുമില്ല. കേവലം കലാകാരനും ആസ്വാദകനും മാത്രം. അക്ബർ ചക്രവർത്തി ആരാധകനായിരുന്നു. അതുകൊണ്ടാണ് മീര ആ സമ്മാനം സ്വീകരിച്ചത്. നിങ്ങളൊക്കെ റാണമാർ ... അന്തസ്സിനുവേണ്ടി പാട്ടും കൂത്തുമൊക്കെ കൊണ്ടുനടക്കുന്നു. പക്ഷേ, ആത്മാവിൽ തട്ടിയ ഒരു പല്ലവി പാടിയാൽ മതി, മട്ടുമാറും."[28] ഇതുകേട്ട ഭർതൃസുഹൃത്ത് ശങ്കർ നിസ്സാരമാക്കിത്തള്ളി ചിരിച്ചുകൊണ്ടു പറഞ്ഞു : "നിങ്ങൾ കൂടുതൽ സെന്റിമെന്റലായതാണ് വിഷമം. നോക്കൂ മിസ്സിസ് ശർമ്മ! ജീവിതം ആസ്വദിക്കാനുള്ളതാണ്. അതു ലഹരിയാണ്. മിസ്റ്റർ ശർമ്മയ്ക്കതറിയാം. അദ്ദേഹം ആനന്ദനൃത്തം ചവിട്ടുന്നതു കണ്ടില്ലേ? വരൂ! നമുക്കും എൻജോയ് ചെയ്യാം."[29] അയാളുടെ ഇംഗിതത്തിനു വഴങ്ങി അയോളോടൊപ്പം റോക്ക് എൻ റോൾ ചെയ്യാനായി പോകുന്ന മീര. "നിയമത്തിന്റെ ബന്ധനമില്ല. ധർമ്മാധർമ്മ വിചിന്തനമില്ല. ഭ്രതകാലത്തിന്റെ വേരുകൾ പറിച്ചെറിഞ്ഞു ഭാവിയുടെ ഭാരമില്ലാതെ, കേവലം ഈ നിമിഷത്തിന്റെ തേരിൽ ഞാനൊന്നു നർത്തനം ചെയ്യട്ടെ

- ഞാൻ മാത്രമായ ഞാൻ ...[30]

നാട്ടിൻപുറത്ത്, അനന്തമായ ആകാശത്തിനു കീഴെ, നക്ഷത്രങ്ങളെ സാക്ഷിയാക്കി, ഏകാന്തതയിൽ തനിക്ക് സ്വയം മറന്ന് നൃത്തം ചെയ്യണം എന്ന ആഗ്രഹത്തിന് പിന്നീട് പ്രസക്തിയില്ലാതാവുന്നു. അവളും പട്ടണത്തിലെ കാപട്യത്തിന്റെ ഒരു ഘടകമാവുന്നു.

യുഗസന്ധി

ഒരു കഥയിലൂടെതന്നെ രണ്ടു പ്രമേയം അവതരിപ്പിക്കുന്ന അസാധാരണ രചനാവൈഭവമാണ് [യുഗസന്ധി] എന്ന കഥയിൽ പ്രകടമാവുന്നത്. ദേവകിയമ്മ ടീച്ചറുടെ നിരാലംബവാർദ്ധക്യവും, മരുമകന്റെ സാമൂഹിക കാപട്യത്തിനിരയാവേണ്ടിവന്ന മകളുടെ അമ്മയായ സരോജിനി ടീച്ചറുടെ ജീവിതവും ഒരേ കഥയിൽ കഥാകാരി സമർത്ഥമായി അനാവരണം ചെയ്തിരിക്കുന്നു.

റിട്ടയർമെന്റിനു ശേഷം ഏകാന്തജീവിതം നയിക്കുകയാണ് ദേവകിയമ്മടീച്ചർ. അകന്ന ബന്ധുവും നിരാശ്രയയുമായ അമ്മാളുക്കുട്ടിയാണ് തുണ. ആഗ്രഹിച്ചവനോടൊപ്പമല്ലാത്ത വിവാഹം നടന്നതു മുതൽ ജീവിതം തന്നോടു കാണിച്ച നീതികേടിൽ അമർഷമുണ്ട് ദേവകിയമ്മടീച്ചർക്ക്. ഈ വാർദ്ധക്യത്തിൽ തനിക്കു മുന്നേ മൺമറഞ്ഞവർക്കു വേണ്ടി ബലിയർപ്പിക്കാനെങ്കിലും സാധിക്കുന്നതിൽ കൃതാർത്ഥയാണവർ. തനിക്കു വേണ്ടപ്പെട്ടവരുടെ ആത്മാക്കൾക്കുവേണ്ടി താൻ ചെയ്യുന്നതു പോലെ തനിക്കുവേണ്ടി ആരെങ്കിലും ചെയ്യാനുണ്ടാവുമോ എന്ന ആശങ്കയുണ്ടവർക്ക്. കാലം മാറുന്നതിനനുസരിച്ച് ആചാരങ്ങളും കുടുംബബന്ധങ്ങളുടെ കെട്ടുറപ്പും അയയുന്നതിൽ വേലാതിയുണ്ട് ടീച്ചർക്ക്.

വീട്ടുകാരുടെ ഇഷ്ടത്തിനനുസരിച്ച് വിവാഹം കഴിച്ച് പഠിച്ച സ്കൂളിൽ തന്നെ ജോലിക്കു ചേരുകയായിരുന്നു ദേവകിയമ്മ ടീച്ചർ. ആദ്യമെല്ലാം തറവാടു മഹിമയുടെ പേരിൽ, ജോലിക്കു പോകുന്നതിനെ വീട്ടിൽ പലരും എതിർത്തു. പക്ഷെ പിന്നീട്

തന്റെ വരുമാനം അവർക്കെല്ലാം ആശ്രയമായി. ആരെയും പേടിക്കാതെ ശരിയെന്നു തോന്നുന്നത് ചെയ്യുന്ന ജീവിതമാണ് യഥാർത്ഥ ജീവിതമെന്ന് ടീച്ചറുടെ മകൾ പണ്ടേ അവരോട് പറയുമായിരുന്നു. അവൾ വളർന്നു വലുതായപ്പോൾ ഇഷ്ടപ്പെട്ടയാളെ വിവാഹം കഴിച്ച് നാടുവിട്ടുപോയി. നിലയും വിലയും കാറും ബംഗ്ലാവുമായി ജീവിക്കുന്നു. അവളുടെ ഒരേയൊരു മകൻ പഠിക്കാനായി വിദേശത്തുപോയിട്ട് തിരിച്ചുവന്നില്ല. അവളുടെ മകൾ, ആടിയും പാടിയും സൊസൈറ്റി ലേഡിയായി വിലസുന്നു. അവളുടെ കുടുംബജീവിതവും സുഖകരമല്ല.

ഗതകാലങ്ങളിലൂടെയും നിരാലംബ വർത്തമാനകാലത്തിലൂടെയും യാത്ര ചെയ്തുകൊണ്ടിരുന്ന ടീച്ചറെ, ശിഷ്യയും സ്കൂളിൽ തനിക്കു പകരം വന്നവരുമായ സരോജിനി ടീച്ചർ കാണാനെത്തുന്നു. അവർക്കു പറയാനുള്ളത് മകൾ മായയുടെ പട്ടണ ജീവിതത്തെക്കുറിച്ചുള്ള വ്യാകുലതകളാണ്. അരലക്ഷം രൂപയും അൻപതു പവൻ ആഭരണവും നൽകി പട്ടണത്തിലെ ഉദ്യോഗസ്ഥനു വിവാഹം ചെയ്തുകൊടുക്കുമ്പോൾ മകളുടെ ജീവിതം ധന്യമായി എന്ന് സരോജിനിടീച്ചർ വ്യാമോഹിച്ചു. ഉദ്യോഗക്കയറ്റത്തിനും ബിസിനസ്സ് നേട്ടങ്ങൾക്കുമായി ഭാര്യയുടെ ശരീരം വിനിയോഗിച്ച ഒരു നീചനാണ് മരുമകൻ എന്ന് മകളുടെ മദ്യലഹരിയിൽ കുഴഞ്ഞ നാവിലൂടെ തന്നെ കേൾക്കുമ്പോൾ സരോജിനിടീച്ചർ തകർന്നു പോവുന്നു. രണ്ടാമതൊന്നാലോചിക്കാതെ അവർ അവളെ നാട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. മായയുടെ ദുരനുഭവത്തോട് ദേവകി ടീച്ചർ പ്രതികരിക്കുന്നത് ഇങ്ങനെയാണ് : "യുഗയുഗാന്തരങ്ങളായി നമ്മൾ ഇങ്ങനെയാണല്ലോ കൂട്ടീ കഴിയുന്നത്, പുരുഷൻ നമ്മളോട് ഇണങ്ങിയില്ലെങ്കിൽ നമ്മൾ അവനോട് ഇണങ്ങുന്നു. കൂട്ടികൾ പിറക്കുന്നു. കുടുംബമുണ്ടാകുന്നു. ഈ ധീരതയില്ലെങ്കിൽ ജീവിതമെവിടെയാണ് ?"[31] ദേവകി ടീച്ചർ, അനാദികാലം മുതൽ പൊരുത്തപ്പെട്ടു ജീവിക്കാനുള്ള സ്ത്രീയുടെ സാമർത്ഥ്യത്തെപ്പറ്റി പറയുമ്പോൾ, എങ്ങനേയും പിടിച്ചുനിൽക്കാനായി, സ്വന്തം ശരീരം ഉപയോഗിച്ചും ഭർത്താവിന് ഉദ്യോഗക്കയറ്റവും ബിസിനസ്സ് നേട്ടങ്ങളും ഉണ്ടാക്കിക്കൊടുക്കാൻ നിയോഗിക്കപ്പെടുന്ന പെൺകുട്ടികളുടെ ജീവിതം അനാവരണം ചെയ്യുന്ന സരോജിനിടീച്ചർ. രണ്ടും ഒരേ സമൂഹത്തിന്റെ വ്യത്യസ്ത

മുഖങ്ങൾ മാത്രം.

തന്റെ നിരാശ്രയത്വമോർത്ത് വ്യാകുലപ്പെടുന്ന ദേവകിയമ്മ ടീച്ചറുടെ മുൻപിലേക്ക്, വർഷങ്ങൾക്കു മുമ്പ് വിദേശത്തു പഠിക്കാൻ പോയി ഇതുവരെ തിരിച്ചുവരാതിരുന്ന പേരമകൻ എത്തിച്ചേരുകയും, അവന് ഏതോ മദാമ്മയുമായുണ്ടായിരുന്ന ദാമ്പത്യത്തിന്റെ ശേഷിപ്പായ കുഞ്ഞിനെ അമ്മൂമ്മയ്ക്ക് സമ്മാനമായി നൽകുകയും ചെയ്യുന്നു. അടുത്ത ദിവസത്തെ ശ്രാദ്ധകർമ്മത്തിന് ബലിയിടാൻ തയ്യാറാകുന്ന അനന്തര തലമുറയെ കാണുമ്പോൾ, താൻ നിരാശ്രയയോ അനാഥയോ അല്ലെന്ന ധൈര്യം നിറയുന്നു ദേവകി ടീച്ചറുടെ മനസ്സിൽ.

തിരികെ വരൂ

[]അഗ്നിപുഷ്പങ്ങൾ[] എന്ന സമാഹാരത്തിൽ []ഉദയത്തിനു നേരെ[] എന്ന പേരിൽ പ്രസിദ്ധീകരിച്ച കഥയാണ് 'തിരികെ വരൂ' എന്ന പേരിൽ സമ്പൂർണ്ണ സമാഹാരത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. സ്ത്രീസ്വാതന്ത്ര്യാശയങ്ങൾ മലയാള സമൂഹത്തിൽ പ്രചരിക്കാൻ തുടങ്ങിയ കാലത്തെയും അതിനു വേരുറപ്പിക്കാനാവാതിരുന്ന പരിതസ്ഥിതിയെയും അന്തർജ്ജനം ഈ കഥയിൽ, അകലെ മാറിനിന്നുകൊണ്ട് നമുക്ക് പരിചയപ്പെടുത്തുന്നു.

കഥയിലെ നായിക ഭാനുമതിയമ്മ, വിവാഹം പോലും വേണ്ടെന്നുവച്ച് സ്ത്രീകളുടെ സാമൂഹികമായ ഉന്നമനത്തിനായി ഇറങ്ങിപ്പുറപ്പെട്ട ഒരു ആദർശവനിതയാണ്. വിവാഹം കഴിക്കാതെയും പുരുഷന്റെ പിൻതുണയില്ലാതെയും ഒരു സ്ത്രീക്ക് സമൂഹത്തിൽ പലതും ചെയ്യാൻ കഴിയുമെന്ന് കാണിച്ചുകൊടുക്കാൻ സധൈര്യം തയ്യാറായവരാണ് ഭാനുമതി. വിവാഹം എന്ന സ്ഥാപനത്തോടും അതു നൽകുന്ന പ്രാരാബ്ദങ്ങളോടും കഷ്ടപ്പാടുകളോടും അവർക്ക് പുച്ഛമായിരുന്നു എന്നത് കുടുംബിനിയായ കഥാകാരിയോട് അവർക്കുണ്ടായിരുന്ന നിലപാടിൽ നിന്ന് വ്യക്തമാണ്.

കഥാകാരിക്ക് ഭാനുമതിയോട് നൂറു ശതമാനവും യോജിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവരുടെ ആത്മാർത്ഥതയും അഭിമാനബോധവും കഥാകാരിയെ സ്പർശിച്ചിരുന്നു. ഗതികേടുകൊണ്ട് സാമൂഹ്യപരിഷ്കരണത്തിന് ഇറങ്ങിത്തിരിച്ചവളായിരുന്നില്ല ഭാനുമതി. സ്ത്രീകളെപ്പറ്റിയുള്ള പരിഹാസം മാറ്റാനും അവരുടെ പരിമിതികൾ പരിഹരിക്കാനും തന്റെ ജീവിതം ഉഴിഞ്ഞുവെക്കുകയായിരുന്നു അവർ. അന്തസ്സുള്ള ഒരു തറവാട്ടിലെ അംഗമായിരുന്ന അവർ പണവും പഠിപ്പും ഉള്ളവളായിരുന്നു. നിസ്വാർത്ഥമായ സാമൂഹിക സേവനത്തിനിറങ്ങിപ്പുറപ്പെട്ട് കഷ്ടപ്പാടും ചീത്തപ്പേരും വാങ്ങിച്ചുകൂട്ടേണ്ട ഗതികേടൊന്നും അവർക്കുണ്ടായിരുന്നില്ല.
എന്നിട്ടും തന്റെ ജന്മം കൊടുത്ത് കഴിയുന്നത്ര സഹായം സ്ത്രീസമൂഹത്തിനു നൽകാൻ അവർ തയ്യാറായി. ഈ ആത്മാർത്ഥയാണ് കഥാകാരിയുടെ മനസ്സിൽ അവർക്കൊരു സ്ഥാനം നേടിക്കൊടുത്തത്.

സമാന ചിന്താഗതിയുള്ള പെൺകുട്ടികളെ ഒരുമിച്ചു ചേർത്ത് ഒരു സംഘടനയുണ്ടാക്കി അവരെ ബോധവൽക്കരിക്കുകയാണ് ആദ്യം തന്നെ ഭാനുമതി ചെയ്തത്. അതിനായി ഒരു വീടു വാടകയ്ക്കെടുത്ത് അത് തങ്ങളുടെ പ്രവർത്തന കേന്ദ്രമാക്കി. ഒഴിവുസമയത്ത് നൂൽനൂൽപ്പും നെയ്ത്തും തുന്നൽക്ലാസും നടത്തി. സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ട രീതിയിൽ പല സംരഭങ്ങളും അവിടെ ഒരുക്കി. അതുവരെ സ്ത്രീകളെക്കുറിച്ച് ഒന്നിനും കൊള്ളാത്തവർ എന്നു പറഞ്ഞ് പരിഹസിച്ചിരുന്നവർ തന്നെ ഇവർ മോശമില്ലല്ലോ എന്നു പറയാൻ തുടങ്ങി.

സ്ത്രീകൾക്ക് സ്ത്രീകളെന്ന നിലയിൽ അഭിമാനിക്കാവുന്ന ഒരു സ്ഥാപനം. അവിടെ ജാതിഭേദമില്ല; ധനികദരിദ്ര വ്യത്യാസമില്ല. 'സദന'ത്തിലെ നിയമങ്ങളനുവദിക്കുന്ന ഏതു സ്ത്രീക്കും അവിടെ അംഗമാവാം. ഭാനുമതിക്കുവേണ്ടി ജീവൻ കൊടുക്കാൻ പോലും അംഗങ്ങൾ തയ്യാറായിരുന്നു.

ഭാനുമതിയമ്മ രാഷ്ട്രീയപ്രവർത്തകയല്ലായിരുന്നു. പക്ഷെ രാഷ്ട്രീയനേതാക്കളുടെയും ഭാര്യമാർക്കും സഹോദരിമാർക്കും വരെ സദനം

അഭയസ്ഥാനമായിരുന്നു. ആ നേതാക്കൾ പലരും അവിടെ വന്നുപോകാറുണ്ടെന്ന കേട്ടുകേൾവിയാൽ രഹസ്യപ്പോലീസിന്റെ നിരീക്ഷണത്തിലായി സദനം. അതോടെ സദനത്തിന്റെ പ്രശസ്തി വർദ്ധിക്കുകയായിരുന്നു.

ഭാനുമതി ലൗകിക വിദ്വേഷിയല്ല. അവരുടെ പെരുമാറ്റങ്ങളിൽ പാരുഷ്യമുണ്ടായിരുന്നില്ല. കുലീനവും നിസ്സംഗവുമായ അച്ചടക്കം ഉണ്ടായിരുന്നതാനും. അവർ സന്യാസിനിയായിരുന്നില്ല. പലതരക്കാരുമായും അവർക്കിടപെടേണ്ടതുണ്ട്. അതുകൊണ്ടുതന്നെ കരുതൽ ആവശ്യമാണ്. ഒരു സ്കൂൾ മിസ്ട്രസ്സിന്റെ ഗൗരവവും തറവാട്ടമ്മയുടെ തന്റേടവും ഒരുമിച്ച് യോജിപ്പിച്ചുകൊണ്ടുമാത്രമേ അവർ ബാഹ്യലോകത്തിറങ്ങിയിട്ടുള്ളൂ.

ഇത്രയും കർക്കശസ്വഭാവക്കാരിയായ ഭാനുമതിയുടെ ഏറ്റവുമടുത്ത സുഹൃത്ത് രാധ എന്ന കവയിത്രിയായിരുന്നു. എപ്പോഴും പാട്ടുമൂളിക്കൊണ്ടു നടക്കുന്ന, ചങ്ങമ്പുഴയുടെ പ്രേമഗീതങ്ങളിൽ ആകൃഷ്ടയായ രാധയെ ഭാനുമതി ഏറെ ഇഷ്ടപ്പെട്ടിരുന്നു.

കുടുംബബന്ധങ്ങളുടെ തിരക്കിൽപെട്ട് കുറെ നാളത്തേക്ക് സദനത്തിൽ പോകാൻ കഥാകാരിക്ക് കഴിഞ്ഞില്ല. പിന്നീട് രാധയുടെ വാക്കുകളിലൂടെയാണ് സദനത്തിൽ വന്ന മാറ്റങ്ങൾ കഥാകാരി അറിയുന്നത്. ഇതിനിടയിൽ സാമൂഹ്യപരിഷ്കരണശ്രമങ്ങൾക്ക് പൊതുവെ ഒരു മന്ദത അനുഭവപ്പെട്ടിരുന്നു. അത് സദനത്തെയും ബാധിച്ചു. പഴയ പ്രവർത്തകരിൽ പലരും പിരിഞ്ഞുപോയി. പുതുതായി വന്നവർക്ക് ആത്മാർത്ഥതയും കുറവായിരുന്നു. ഒരു രാഷ്ട്രീയപാർട്ടിയുടെ സഹായം കൂടുതലുണ്ടായിരുന്നതുകൊണ്ട് എതിർപാർട്ടിയോട് അനുഭാവമുണ്ടായിരുന്നവർക്ക് പിണക്കമായി. പലരും ഭാനുമതിയെക്കുറിച്ച് അപവാദങ്ങൾ വരെ പറഞ്ഞുതുടങ്ങി.

താൻ കേട്ടതൊന്നും മുഖവിലയ്ക്കെടുക്കാൻ കഥാകാരി തയ്യാറല്ലായിരുന്നു.

അതുകൊണ്ടുതന്നെ ഒരുനാൾ അവർ സദനത്തിലെത്തി. രാധയുടെ വാക്കുകൾ സ്ഥിരീകരിക്കുംപോലെ ഭാനുമതിയുടെ മുഖത്ത് അവർ ഒരു ശോകഛായ ദർശിച്ചു. പതിവില്ലാത്തവിധം കഥാകാരിയുടെ ഇളയകുഞ്ഞിനെ അന്ന് ഭാനുമതി കൈയിലെടുത്ത് ലാളിക്കുകയുമുണ്ടായി.

അവിചാരിതമായുണ്ടായ രോഗപീഡയും അതിന്റെ അനന്തരഫലങ്ങളുമായി കഥാകാരിക്ക് കുറെക്കാലം പുറംലോകവുമായുള്ള ബന്ധം അറ്റുപോയിരുന്നു. ഇടയ്ക്കെപ്പോഴോ, ഭാനുമതി സദനം വിട്ട് പുറത്തെവിടെയോ ഉള്ള ഒരു പ്രസിദ്ധ ആശ്രമത്തിലേക്ക് പോയി എന്നുകേട്ടപ്പോൾ, അവരുടെ സേവനം ഒരു ചെറിയ പ്രദേശം മാത്രമല്ല രാജ്യം മുഴുവൻ അർഹിക്കുന്നുണ്ട് എന്നേ തോന്നിയുള്ളൂ. അതിനുശേഷം ഏറെനാൾ കഴിഞ്ഞ് ഒരു തീവണ്ടിയാത്രയ്ക്കിടയിൽ അവിചാരിതമായി രാധയെ കണ്ടുമുട്ടിയ കഥാകാരി അവളിൽ നിന്ന് ഒരുപാടു വിവരങ്ങൾ അറിയുന്നു. സദനത്തിന്റെ തകർച്ചയ്ക്കു ശേഷം വീട്ടിലേക്കു തിരിച്ചുപോയ അവൾ ഏറെ താമസിയാതെ വിവാഹിതയായി. മൂന്നു കുട്ടികളുടെ അമ്മയുമായി. അടുത്തുള്ള ഒരു സ്കൂളിൽ അദ്ധ്യാപികയാണ് അവളിപ്പോൾ. ജീവിതത്തിലെ തിരക്കുകളും പ്രാരാബ്ധങ്ങളും അവളെ മാറ്റിയിട്ടുണ്ടെങ്കിലും പുതിയ ജീവിതത്തിലും അവൾ സംതൃപ്തയാണെന്ന് കഥാകാരി തിരിച്ചറിഞ്ഞു.

പക്ഷെ, സ്ത്രീസമൂഹത്തിനാകമാനം കുറച്ചിലുണ്ടാക്കുന്ന വിധത്തിൽ ഭാനുമതിയുടെ ജീവിതം മാറിപ്പോയെന്ന് രാധയിൽ നിന്നറിഞ്ഞ കഥാകാരി ഞെട്ടിപ്പോയി. സ്ത്രീ അച്ചടക്കത്തോടെ ജീവിക്കണമെന്നും അവൾക്ക് അലങ്കാരങ്ങളോ ആഡംബരങ്ങളോ ആവശ്യമില്ലെന്നും നിഷ്കർഷിച്ചിരുന്ന ഭാനുമതി [വിവാഹിതയാവാതെ പ്രസവിച്ചു] എന്ന വാർത്തയാണ് രാധയിൽ നിന്ന് അവർ അറിഞ്ഞത്.

സദനം വിട്ട് ദൂരെയുള്ള പ്രശസ്തമായ ആശ്രമത്തിലേക്ക് പോയ ഭാനുമതി ആദ്യമായി രാധയ്ക്കെഴുതിയ കത്തിൽ തന്നെ നിരാശയാണ് നിഴലിച്ചിരുന്നത്. തനിക്കു സംഭവിച്ച ഏതോ തകർച്ചയെ അവർ പരോക്ഷമായി

സൂചിപ്പിക്കുന്നുണ്ടായിരുന്നു. ഭാനുമതിയിൽ ഉണ്ടായ അസ്വാഭാവികമായ ഈ നിരാശയുടെ കാരണം കണ്ടെത്തണമെന്ന് തീരുമാനിച്ച രാധ ആ പട്ടണത്തിലെത്താനായി കാത്തിരുന്നു. ഏഴെട്ടുമാസത്തെ കാത്തിരിപ്പിനു ശേഷം ഒരു ഇന്റർവ്യൂവിന്റെ പേരിൽ അവൾക്കവിടെ പോകാനായി. ആശ്രമത്തിൽ അന്വേഷിച്ചപ്പോൾ പുച്ഛസ്വരത്തിലുള്ള മറുപടിയാണ് ലഭിച്ചത്. ഭാനുമതി രണ്ടുമാസം മുമ്പ് അവിടെ നിന്ന് പോയി എന്ന് അവർ അറിയിച്ചു. ജീവിതവും ചിന്തകളും ആദർശവും സ്വപ്നങ്ങളും എല്ലാം തകർന്നടിഞ്ഞ ഭാവത്തിൽ ഒരു നരുന്തുകുഞ്ഞിനേയും മടിയിൽ വെച്ച് ഒരാസ്പത്രിവരാന്തയിൽ ഇരിക്കുന്ന ഭാനുമതിയെയാണ് ഒടുവിൽ അവൾക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. അടുത്ത വണ്ടിക്കുതന്നെ നാട്ടിൽ തിരിച്ചെത്തിയ രാധ അധികം വൈകാതെ വിവാഹിതയായി.

കഥാകാരിയാകട്ടെ, ഭാനുമതിയോട്, യാത്രയ്ക്കിടയിലെപ്പോഴോ കൈമോശം വന്ന ആത്മബലം വീണ്ടെടുത്ത്, തെറ്റിനെ തെറ്റായി അംഗീകരിച്ച് അതിൽനിന്ന് ശരിയിലേക്കുള്ള ശക്തി വീണ്ടെടുത്ത് ഉന്മേഷത്തോടെ പ്രവർത്തനമേഖലയിലേക്ക് തിരിച്ചുവരാൻ അഭ്യർത്ഥിക്കുന്നു.

സാമുദായിക അനാചാരങ്ങളിലൊതുങ്ങി നിൽക്കാതെ അന്തർജ്ജനത്തിന്റെ ഭാവന സമൂഹത്തിന്റെ വിവിധ മേഖലകളിലേക്ക് തിരിഞ്ഞതിന്റെ ഫലമാണ് അവരുടെ സാമൂഹിക കഥകൾ. ഈ വകുപ്പിൽ പെടുത്താവുന്ന കഥകൾ ധാരാളമുണ്ടെങ്കിലും സ്ത്രീകഥാപാത്രങ്ങൾക്കു പ്രാധാന്യമുള്ളവ മാത്രമേ ഇവിടെ പഠനവിധേയമാക്കിയിട്ടുള്ളൂ.

മാതൃത്വം

മാതൃത്വത്തിന്റെ മഹനീയഗാഥകളായി നിലകൊള്ളുന്ന ധാരാളം കഥകളുണ്ട് അന്തർജ്ജനത്തിന്റേതായി. ഏതൊരു സ്ത്രീയും അമ്മയാവുമ്പോഴേ മഹനീയയും സംപൂർണ്ണയുമാകുന്നുള്ളൂ എന്ന അഭിപ്രായം വിളിച്ചോതുന്നവയാണ് ഈ കഥകൾ.

ജീവിതത്തിലൊരിക്കലും മാതൃത്വം എന്ന മഹനീയഭാവം അനുഭവിക്കാൻ അവസരം ലഭിക്കാത്തവർ, യൗവ്വനകാലത്ത് ആ മഹനീയതയെ തള്ളിപ്പറഞ്ഞവർ, മറ്റുള്ളവർ പ്രസവിച്ച കുഞ്ഞുങ്ങൾക്ക് സ്തന്യം നൽകി ആ സംതൃപ്തി അനുഭവിച്ചവർ തുടങ്ങി മാതൃത്വത്തിന്റെ വിവിധ ഭാവങ്ങളിലുള്ള കഥാപാത്രങ്ങളെ അന്തർജ്ജനത്തിന്റെ കഥാപ്രപഞ്ചത്തിൽ കണ്ടെത്താനാവും.

അവിവാഹിത

വിവാഹം എന്ന സ്വപ്നത്തെ എതിർക്കുകയും, വിവാഹിതരായ സ്ത്രീകളുടെ ദുരിതങ്ങളെ പുച്ഛിക്കുകയും, ഗർഭം, പ്രസവം എന്നീ പ്രകൃതി നിയമങ്ങളെ പരിഹസിക്കുകയും ചെയ്തിരുന്ന ലേഡി ഡോക്ടറുടെ കഥ പറയുകയാണ് []അവിവാഹിത[] എന്ന കഥയിൽ. ആരുടെയും കഷ്ടതകളിൽ അവളുടെ കരൾ അലിയുകയില്ലായിരുന്നു. ഒരിക്കൽ കൗമാരപ്രായം കഴിഞ്ഞിട്ടില്ലാത്ത ഒരു പെൺകുട്ടി പ്രസവവേദനയുമായി അവരുടെ ആശുപത്രിയിൽ എത്തുന്നു. വേദനയോടു മല്ലിട്ട് നാളുകൾ കഴിച്ചുകൂട്ടിയതിന്റെ ലക്ഷണങ്ങൾ അവളിൽ പ്രകടമായിരുന്നു. ഡോക്ടറുടെ സാമർത്ഥ്യത്താൽ ഓപ്പറേഷനിലൂടെ ആ കുഞ്ഞിനെ പുറത്തെടുക്കാൻ കഴിഞ്ഞെങ്കിലും അത് മരിച്ചിരുന്നു. ആ അമ്മയുടെ തളർന്ന കിടപ്പും വേദനയും ദുഃഖവും ഡോക്ടറെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. ബാല്യവിവാഹവും അതിൽ നിന്നുദിക്കുന്ന പ്രശ്നങ്ങളും ഭർത്താവിന്റെ സ്വാർത്ഥതയും മാതാപിതാക്കളുടെ ഭാരമൊഴിവാക്കലും എല്ലാം അവരുടെ ചിന്തക്ക് വിധേയമായി . ഇത്തരം ദുരിതങ്ങൾക്കെല്ലാം കാരണം നിലവിലുള്ള ചില അനാചാരങ്ങളാണെന്നവർ മനസ്സിലാക്കി. മറ്റുള്ളവർക്കുവേണ്ടി ഉഴിഞ്ഞിടേണ്ടിവരുന്ന സ്ത്രീജീവിതത്തെക്കുറിച്ച് ഓർത്തപ്പോൾ തന്റെ ജീവിതത്തിൽ അത്തരം അവസ്ഥകൾക്ക് സ്ഥാനമുണ്ടാവില്ലെന്നവൾ തീരുമാനിച്ചു. പുരുഷനുമായുള്ള 'കൂട്ടേർപ്പാടിൽ' നഷ്ടങ്ങൾ മാത്രം ഏറ്റുവാങ്ങുന്ന ഒരു സ്ത്രീയാകാൻ ആ ഡോക്ടർ തയ്യാറല്ലായിരുന്നു. തന്റെ ചികിത്സ തേടിയെത്തുന്ന ഓരോ ഗർഭിണിയോടും ഗർഭപ്രസവങ്ങളുടെ ക്ലേശങ്ങൾ വിവരിക്കുകയും അതിൽ നിന്ന് ഇനിയെങ്കിലും പിൻതിരിയാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു അവർ.

വർഷങ്ങൾ കഴിഞ്ഞു. ഡോക്ടർ പ്രശസ്തയാവുകയും ശമ്പളവും സ്ഥാനമാനങ്ങളും ഉയരുകയും ചെയ്തു. അവർ ഇപ്പോൾ ആ ആശുപത്രിയിലെ പ്രധാന ഡോക്ടറായ മിസ്സിയമ്മയാണ്. അവിവാഹിതയായി തുടരുന്ന അവർക്ക് ഒട്ടേറെ ആലോചനകൾ വരുന്നുണ്ടെങ്കിലും അവർ താല്പര്യം കാണിക്കുന്നില്ല. ഒരു നാൾ തന്റെ ആശുപത്രിയിൽ വെച്ച് പ്രസവിക്കുകയും തുടർന്ന് ജ്വരബാധിതയാവുകയും ചെയ്ത സ്ത്രീ മരണക്കിടക്കയിൽ വെച്ച് ഡോക്ടറോട് തന്റെ ജീവിതകഥ പറയുന്നു. താൻ മരിച്ചാൽ പട്ടാളക്കാരനായ ഭർത്താവ് തേടിയെത്തുന്നതുവരെ തന്റെ കുഞ്ഞിനെ സംരക്ഷിക്കാൻ കനിവുണ്ടാകണമെന്ന് അവൾ അപേക്ഷിക്കുന്നു. ഡോക്ടർ ആ സ്ത്രീക്ക് വാക്കു കൊടുക്കുകയും വൈകാതെ ആ സ്ത്രീ മരണത്തിന് കീഴടങ്ങുകയും ചെയ്യുന്നു.

ഡോക്ടറുടെ വീട്ടിൽ ആ കുഞ്ഞ് - ബേബി വളർന്നുകൊണ്ടിരുന്നു. അതിനനുസരിച്ച് ഡോക്ടറുടെ മനസ്സിലും ചില മാറ്റങ്ങൾ പ്രകടമായി. പതുക്കെപതുക്കെ അവർ അവനെ ഇഷ്ടപ്പെട്ടുതുടങ്ങി. അവന്റെ സുഖസൗകര്യങ്ങളിൽ അവർ ശ്രദ്ധാലുവായി. പ്രസവിക്കരുതെന്ന് ഇപ്പോഴൊന്നും അവർ ഒരു സ്ത്രീയോടും പറയാറില്ല. ആ മഹാവേദനയിൽ നിന്നുദിച്ച ആനന്ദമാണ് ബേബി എങ്കിൽ അത് എല്ലാ സ്ത്രീകളും കൊതിക്കുമെന്നവർക്കു ബോധ്യമായി. പക്ഷെ അതിനെതിരെ ശക്തമായ ആദർശം കൊണ്ടു നടന്നിട്ട് ഇപ്പോൾ അതു ആഗ്രഹിക്കാൻ അവർക്കാവില്ല. അഥവാ ആഗ്രഹമുണ്ടെങ്കിലും പുറത്തുപ്രകടിപ്പിക്കാനാവാത്തതിന്റെ പരിഹാരമായി ബേബിയെ കൂടുതൽ സ്നേഹിച്ച് അവൾ ദിവസങ്ങൾ തള്ളിനീക്കി.

ഒരു ദിവസം ബേബിയുടെ പിതാവായ പട്ടാളക്കാരൻ ഡോക്ടറെ തേടിയെത്തി. തന്റെ കുഞ്ഞിനെ ആവശ്യപ്പെട്ട അയാളോട് ഡോക്ടർ അതിനുള്ള തെളിവ് ആവശ്യപ്പെട്ടു. എല്ലാ സർട്ടിഫിക്കറ്റുകളും നിരത്താമെന്നും എന്നാൽ അതിനേക്കാ ളെല്ലാം വലിയ തെളിവ് അവൻതന്നെയാണെന്നും പറഞ്ഞ അയാൾ അവനെ വിളിക്കാൻ ആവശ്യപ്പെട്ടു. ഇതുയും നാൾ തന്റെ സ്വന്തമെന്നു കരുതിയ ബേബി തന്റേതല്ലാവുന്ന അവസ്ഥ അവർക്കോർക്കാൻ പോലും വയ്യായിരുന്നു. ഈ

സമയത്ത് അവിടേയ്ക്കോടി വന്ന കുഞ്ഞ് അയാളോട് അപരിചിതനോടെന്നവണ്ണം പെരുമാറുന്നു. ജീവിതത്തിലെ ഏക ധനം അവനാണെന്നും അവനെ വിട്ടുതരണമെന്നും അപേക്ഷിച്ച അയാളോട് കുഞ്ഞിന് സമ്മതമാണെങ്കിൽ കൊണ്ടുപൊയ്ക്കോളളാൻ ഡോക്ടർ പറഞ്ഞു. അയാൾ പുറത്തുപോയി, കുഞ്ഞിനെ പ്രലോഭിപ്പിക്കാനായി ഏതാനും കളിപ്പാട്ടങ്ങൾ വാങ്ങി തിരിച്ചുവന്നു. കുഞ്ഞ് അയാളോടിണങ്ങുകയും പിന്നീട് കൂടെ പോകാൻ തയ്യാറാവുകയും ചെയ്തു.

അവന്റെ അസാന്നിദ്ധ്യം ഡോക്ടറെ ദുഃഖിതയാക്കി. അവൻ തന്റേതല്ലെങ്കിലും താൻ അവന്റേതായിത്തീർന്നെന്ന് ബോദ്ധ്യപ്പെട്ട ലേഡിഡോക്ടർ വ്യാകുലയായി. പ്രസവത്തേയും മാതൃത്വത്തേയും എന്നും തളളിപ്പറഞ്ഞിരുന്ന ലേഡി ഡോക്ടർ ഇപ്പോൾ അതിനായി കൊതിച്ചു. ഒറ്റയ്ക്കിരിക്കുമ്പോൾ അവരുടെ ചിന്തകൾ കുഞ്ഞിനെ ചുറ്റിപ്പറ്റിയായി. ഓരോ നിമിഷവും അവൻ ഇപ്പോൾ എന്തു ചെയ്യുകയായിരിക്കു മെന്നവർ ഓർക്കും. അച്ഛനോടൊപ്പം പോകുമ്പോൾ അവൻ തന്നെ ക്ഷണിച്ചത് അവ രുടെ ഓർമ്മയിലെത്തി. തന്റെ സമ്പാദ്യമത്രയും കൊടുത്ത് ബേബിയെ തിരികെവാങ്ങാൻ അവർ പട്ടാളക്കാരന്റെ വീട്ടിലെത്തി. എന്നാൽ ആ പിതാവ് അതിന് വഴങ്ങിയില്ല. പുത്രസ്നേഹത്താൽ മനമലിഞ്ഞ ലേഡി ഡോക്ടർ മറ്റു പോംവഴികളില്ലാത്തതിനാൽ ജോലി രാജി വെച്ച് പട്ടാളക്കാരനോടൊപ്പം ആ വീട്ടിൽ താമസിക്കാനും തുടർന്നും ബേബിക്ക് അമ്മയായിരിക്കാനും അയാളുടെ അനുമതി തേടുന്നു. അങ്ങിനെ നാല്പത്തഞ്ചാം വയസ്സിൽ ആ പട്ടാളക്കാരന്റെ രണ്ടാം ഭാര്യയായിത്തീർന്ന അവർ ബേബിക്ക് അമ്മയായി തുടർന്നു. മാത്രമല്ല, ഒരു കുഞ്ഞിനെ ഗർഭത്തിൽ ചുമന്ന് പ്രസവിക്കാനുളള അദമ്യമായ ആഗ്രഹവുമുണ്ടായിരുന്നു അപ്പോൾ അവരുടെയുളളിൽ.

വരം

ചിട്ടപ്പെടുത്തിയ പദ്ധതികളോടെയും ജീവിതചര്യകളോടെയും കുടുംബം ഭരിക്കുകയും ആ കുടുംബത്തിന് തന്റെ സ്നേഹവും ജീവനും പകർന്നുകൊടുക്കുകയും ചെയ്തുവെങ്കിലും, കാർക്കശ്യത്തിനു മുൻപിൽ സ്നേഹം അറിയപ്പെടാതെ പോകുന്ന കാഴ്ചയാണ് 'വരം' എന്ന കഥയിൽ പ്രമേയമായിരിക്കുന്നത്. വീട്ടിലെ എല്ലാ

കാര്യങ്ങളും താൻ തീരുമാനിക്കുന്നതുപോലെയേ ആകാവൂ എന്നും എല്ലായിടത്തും തന്റെ സജീവസാന്നിദ്ധ്യം പ്രകടമാവണമെന്നും അതിയായി ആഗ്രഹിച്ചവളായിരുന്ന നിർബന്ധമുള്ളവളായിരുന്ന 'വരം' എന്ന കഥയിലെ മീനാമാമി. പക്ഷെ ഈ കടുംപിടുത്തവും കാർക്കശ്യവും - അത് സ്നേഹത്തിന്റെ പേരിലാണെങ്കിൽ പോലും - ആ കുടുംബത്തെ മുഴുവൻ ശിഥിലമാക്കുന്ന കാഴ്ചയാണ് കഥയിലുള്ളത്.

വിവാഹം കഴിഞ്ഞ് പതിനഞ്ചു വർഷമായിട്ടും മക്കളുണ്ടാവാതിരുന്ന ദമ്പതിമാർ ഒരവസാനശ്രമമെന്ന നിലയിൽ യോഗിനീ മാതാവിന്റെ ആശ്രമത്തിൽ അനുഗ്രഹാശിസ്സുകൾക്കായി എത്തുന്നു. പട്ടണവാസിയായ അയാൾക്ക് മനുഷ്യ ദൈവങ്ങളിൽ വിശ്വാസമില്ല. എന്നാൽ അയാളുടെ ഭാര്യ തെളിവുകൾസഹിതം വാദിച്ച് തന്റെ ആവശ്യം ന്യായമാണെന്ന് സമർത്ഥിക്കുമ്പോൾ അയാൾ അവരോടൊപ്പം പോകാൻ നിർബന്ധിതനാവുന്നു.

യോഗിനീ മാതാവിന്റെ ആശ്രമം നഗരത്തിലെ പ്രധാന സ്ഥാപന ങ്ങളിലൊന്നാണ്. അവിടെ ശിഷ്യരുടെയും ഭക്തരുടെയും തിരക്കായിരുന്നു. പല തരക്കാർ, പല ആവശ്യക്കാർ. വെറുതെ ഒരു രസത്തിനു വേണ്ടി കയറിയിറങ്ങുന്നവരും അക്കൂട്ടത്തിലുണ്ടായിരിക്കും. ഏതായാലും ഇത്രയും ആളുകൾ തിങ്ങിക്കൂടുന്ന ആ സ്ഥലവും, അവർ പൂജിക്കുന്ന മാതാവും അയാളിൽ മതിപ്പു ളവാക്കുന്നു. യഥാർത്ഥ ദേവിയെപ്പോലെ തിളങ്ങി വിളങ്ങി വേദിയിൽ പത്മാസനത്തിലിരിക്കുന്ന അമ്മയുടെ പ്രഭാവം ചുറ്റുപാടും പ്രസരിച്ചു. സുമ - അയാളുടെ ഭാര്യ - മറ്റു ഭക്തരോടൊപ്പം ആരാധന യിൽ മുഴുകി. എന്നാൽ തികഞ്ഞ ഭൗതികവാദിയായ താൻ ഈ സ്ത്രീയുടെ മാന്ത്രിക ശക്തിയിലൊന്നും അകപ്പെടുകയില്ലെന്ന് അയാൾ തീരുമാനിച്ചുറപ്പിച്ചു.

ഭക്തരെ ആശിർവദിക്കുന്നതിൽ മുഴുകിയിരുന്ന യോഗിനീ മാതാവ് പെട്ടെന്ന്

വേദി വിട്ടിറങ്ങി, അമ്മയെ ആദരിക്കുകയോ നമസ്കരിക്കുകയോ ചെയ്യാതിരുന്ന ഒരേയൊരാളായ അയാളുടെ സമീപമെത്തി. പൂവും പ്രസാദവും കൈയിൽ കൊടുത്ത് സ്നേഹാർദ്ര സ്വരത്തിൽ []മകനേ ...[] എന്നു വിളിച്ചു. ആ മുഖത്തേക്ക് സൂക്ഷിച്ചുനോക്കിയ അയാൾ, തന്റെ ബാല്യത്തിൽ മകനെപ്പോലെ തന്നെ സ്നേഹിച്ച മീനാമാമിയാണ് അവരെന്ന് തിരിച്ചറിഞ്ഞു. ആഗ്രഹം നിറവേറുമെന്ന് അനുഗ്രഹിച്ച അമ്മ, അവിടെയിരിക്കുന്ന ഏവരേയും പോലെ അയാളെയും മകനായി സ്വീകരിക്കുന്നു.

അവിടെയിരുന്നുകൊണ്ട് അയാൾ മീനാമാമിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. []തനിക്കു കുട്ടികളുണ്ടാവണ്ടാ. മീനാമാമിയുടെ കുട്ടികളെ തിരിച്ചുകൊടുത്താലും ... അവൾക്ക് ശക്തി നൽകിയാലും എന്ന് []32 അമ്മയുടെ കരസ്പർശനത്താൽ, ഒതുങ്ങിനിന്ന്, കണ്ണടച്ച് പ്രാർത്ഥിച്ചുകൊണ്ടേയിരുന്ന അയാൾ.

പിന്നീടയാൾ മീനാമാമിയുടെ കഥ ഭാര്യയെ കേൾപ്പിക്കുന്നു. മീനാമാമിക്ക് []കലയും പുലിയും പോലെ നാലു മക്കളുണ്ടായിരുന്നു. നാല് ആൺമക്കൾ. എന്നിട്ട് എന്തുഫലം? പാവം. തിന്നു തീർത്ത മനോവേദനയ്ക്കതിരുണ്ടോ? ഇല്ലെങ്കിൽ ഇല്ല എന്ന സങ്കടമേയുള്ളൂ. ഉണ്ടെങ്കിൽ ഉള്ളുടത്തോളം ദുഃഖങ്ങൾ. പാവം മീനാമാമി. അവരുടെ കഥകേട്ടാൽ പിന്നെ നീ കുട്ടികൾ വേണമെന്നു പറയുകയേ ഇല്ല.[]

മറുനാട്ടിലുള്ള വലിയ പട്ടണത്തിൽ അച്ഛനമ്മമാരോടൊപ്പം താമസിക്കുമ്പോഴാണ് അടുത്ത ഫ്ലാറ്റിലെ താമസക്കാരായ മീനാമാമിയെയും കുടുംബത്തെയും അയാൾ പരിചയപ്പെടുന്നത്. മീനാമാമിയുടെ വീട് ഐശ്വര്യസമൃദ്ധമായിരുന്നു. മൂത്ത മകൻ ഫുട്ബോൾ കളിക്കാരൻ, രണ്ടാമൻ പഠനത്തിലും കവിതയിലും മിടുക്കൻ. മൂന്നാമൻ ചിത്രരചനയിലും നാലാമൻ സംഗീതത്തിലും സമർത്ഥർ.

മക്കളെ ആരെല്ലാം ആക്കണമെന്ന് മീനാമാമി നേരത്തെ തീരുമാനിച്ചുറച്ചിരുന്നു. വീട്ടിലെ ഭരണം നടത്തിയിരുന്നത് അവരാണ്. വലിയ കണിശക്കാരിയായിരുന്ന മീനാമാമി തന്റെ ഇംഗിതത്തിനപ്പുറം ഒന്നും നടക്കാൻ അനുവദിച്ചിരുന്നില്ല. []ഭരിക്കാൻ പിറന്ന പെൺ പിറന്നവരാണവർ[] എന്ന് തന്റെ

അമ്മ മീനാമാമിയെക്കുറിച്ച് പറയുമായിരുന്നതും തന്റെ അമ്മ, മീനാമാമിയുടെ മക്കളെവെച്ചും, അവർ തന്നെ വെച്ചും താരതമ്യം ചെയ്യാറുള്ളതും അയാൾ ഓർത്തു.

നിനച്ചിരിക്കാതെ മീനാമാമിയുടെ കണക്കുകൾ തെറ്റിത്തുടങ്ങി. മൂത്തമകൻ കോളേജിൽ ഒരന്യജാതിക്കാരിയുമായി അടുപ്പമാണെന്നറിഞ്ഞ മീനാമാമി, അയാളെ നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി കനത്ത സ്ത്രീധനം വാങ്ങി മറ്റൊരു പെണ്ണിനെ വിവാഹം കഴിപ്പിച്ചു. കുറച്ചു നാളുകൾക്കുള്ളിൽ അയാൾ മുഴുഭ്രാന്തനായി. ഇതിന്റെ പ്രതികാരമായി പേരെടുത്ത എഴുത്തുകാരനായ രണ്ടാമത്തെ മകൻ ഒരു മുസ്ലീം പെണ്ണിനെ വിവാഹം കഴിച്ച് പാക്കിസ്ഥാനിലേക്കു പോയി.

ജോലി കിട്ടിയപ്പോൾ അമ്മയുടെ നിർദ്ദേശപ്രകാരം ഉണ്ണി മീനാമാമിയെ കാണാൻ പോയിരുന്നു. 'പാവമായ അമ്മയെ ദുഃഖിപ്പിക്കരുത്' എന്ന ഉപദേശമാണ് അയാൾക്ക് കിട്ടിയത്.

രണ്ടു മക്കളുടെ അനുഭവവും മീനാമാമിയിൽ കാര്യമായ മാറ്റമൊന്നും ഉണ്ടാക്കിയില്ല. മൂന്നാമത്തെവനെ വളരെയൊന്നും പഠിപ്പിച്ചില്ല. വേഗം വിവാഹം കഴിപ്പിച്ചു. ആ മരുമകൾ മീനാമാമിയുടെ തനി പകർപ്പായിരുന്നു; ഭരിക്കാൻ പിറന്നവൾ. മാമിയോടു പിണങ്ങി, വീട്ടിലിരുന്ന സ്വർണ്ണമത്രയും എടുത്ത് അവൾ സ്വന്തം വീട്ടിലേക്കു പോയി.

ഇത്രയുമായപ്പോൾ നാലാമത്തെ മരുമകളുടെ അമ്മാവൻ, ബാക്കി സ്വത്തെല്ലാം മകനെഴുതിക്കൊടുത്ത് സ്വസ്ഥമായിരിക്കാൻ ഉപദേശിച്ചു. എന്നാൽ സ്വത്തുക്കളെല്ലാം വിറ്റ പണം മുഴുവൻ അനാഥാലയത്തിന് കൊടുത്ത് ഭർത്താവിനെയും കൂട്ടി മീനാമാമി തീർത്ഥയാത്രക്കു പോവുകയാണുണ്ടായത്. പിന്നീടവരെ ആരും കണ്ടിട്ടില്ല.

ഉള്ളിന്റെയുള്ളിൽ സ്വന്തം ജീവനേക്കാൾ അധികം മക്കളെ സ്നേഹിക്കുകയും അവരൊക്കെ നല്ല നിലയിൽ ജീവിക്കാനാകണം എന്ന് ആഗ്രഹിക്കുകയും ചെയ്ത

അദ്ധ്യായം നാല്

അഗ്നിസാക്ഷിയിലെ സ്ത്രീ കഥാപാത്രങ്ങൾ

അഗ്നിസാക്ഷിയിലെ സ്ത്രീ കഥാപാത്രങ്ങൾ

ലളിതാംബിക അന്തർജ്ജനത്തിന്റെ ചെറുകഥകളിലെ സ്ത്രീകഥാപാത്രങ്ങളെ പ്രാതിനിധ്യസ്വഭാവത്തോടെ പരിചയപ്പെടുത്തുകയും ആവശ്യമുള്ളിടത്ത് വിശകലനം ചെയ്യുകയുമാണ് കഴിഞ്ഞ അദ്ധ്യായത്തിൽ ചെയ്തത്. ഒരു സാഹിത്യകാരി എന്ന നിലയിൽ, തന്റെ 67-ാം വയസ്സിൽ അന്തർജ്ജനത്തിന് ധാരാളം പുരസ്കാരങ്ങൾ നേടിക്കൊടുക്കുകയും സാഹിത്യവിഹായസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിക്കൊടുക്കുകയും ചെയ്ത []അഗ്നിസാക്ഷി[] എന്ന നോവലിലെ സ്ത്രീകഥാപാത്രങ്ങളെ പരിചയപ്പെടുത്തുക യാണ് ഈ അദ്ധ്യായം കൊണ്ടുദ്ദേശിക്കുന്നത്. അന്തർജ്ജനം രചിച്ചിട്ടുള്ള ഒരേയൊരു നോവലാണ് []അഗ്നിസാക്ഷി[].

അഗ്നി

നോവലിന്റെ ആദ്യം മുതൽ അവസാനം വരെ നിറഞ്ഞു നിൽക്കുന്ന ഒരു സജീവസാന്നിദ്ധ്യമാണ് അഗ്നി. അഗ്നി സ്ത്രീ കഥാപാത്രമല്ല, എങ്കിലും ആനുഷംഗികമായി അഗ്നിയെക്കുറിച്ച് പറയേണ്ടത് ഈ പഠനത്തിൽ അത്യാവശ്യമാണ്. നോവലിന്റെ ആദ്യം മുതൽ അവസാനം വരെ നിറഞ്ഞുനിൽക്കുന്ന ശക്തമായ ഒരു കഥാപാത്രമായിട്ടാണ് []അഗ്നി[]യെ അവതരിപ്പിച്ചിരിക്കുന്നത്. ഹോമാഗ്നിക്കു മുന്നിൽ ആവണപ്പലകയിലിരുന്ന്, അഗ്നിയെ സാക്ഷിയാക്കി, വരൻ വധുവിന്റെ കഴുത്തിൽ പവിത്രമായ മംഗല്യസൂത്രം ധരിപ്പിച്ചുകൊണ്ട് ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്നു. പവിത്രവും ധന്യവുമായിത്തീരേണ്ട ഒരു ജീവിതത്തിന് സാക്ഷിയാവുക എന്ന ധർമ്മം നിർവ്വഹിക്കുന്നത് പഞ്ചഭൂതങ്ങളിൽ ഒന്നായ അഗ്നിയാണ്. നോവലിലെ പ്രധാന കഥാപാത്രമായ തേതി, ഈ അഗ്നിയെ തന്റെ പ്രിയതമനോടൊപ്പം തന്നെ ജീവിതത്തിലേക്ക് സ്വീകരിക്കുന്നു. പല സന്ദർഭങ്ങളിലും ഈ അഗ്നി അവർക്ക് ആശ്വാസമാവുന്നു. ദാമ്പത്യത്തിന്റെ ധന്യത സമ്മാനിക്കുന്നു. നോവലിന്റെ അവസാനം, വിവാഹദിവസം ഭർത്താവണിയിച്ച []മംഗല്യസൂത്രം[] വർഷങ്ങൾക്കുശേഷം, താൻ എന്നും നെഞ്ചിൽ സൂക്ഷിക്കുകയും മുന്നിൽ എരിയുകയും ചെയ്തുകൊണ്ടിരിക്കുന്ന അഗ്നിയിലിട്ട് സ്വാഹ ചെയ്തെടുത്ത് തന്റെ

സ്നേഹിതയുടെ - അല്ല, തന്റെ തന്നെ - പേരക്കുട്ടിയ്ക്ക് സമ്മാനമായി നൽകുന്നു. മാനമ്പള്ളി ഇല്ലത്ത് തന്നെ കൂടി വെച്ചതു മുതൽ തന്റെ ഹൃദയത്തിന്റെ ഒരു കോണിൽ കൂടിയേറിയ ഈ അഗ്നി തേതിയ്ക്ക്, അവസാനം വരെയും ആശ്രയമാവുന്നു. പവിത്രമായ മംഗല്യസൂത്രത്തെ രണ്ടാം തലമുറയ്ക്ക് കൈമാറുന്നിടം വരെ []അഗ്നി[] സജീവ സാന്നിദ്ധ്യമാവുന്നു.

നോവലിന്റെ 17-ാം അദ്ധ്യായത്തിൽ തേതിക്ക് ഈ അഗ്നി, പഞ്ചഭൂതങ്ങളിൽ ഒന്ന് എന്ന നിലവിട്ട് ഉയർന്ന്, താൻ നിരസിച്ചിട്ടും എക്കാലവും തന്നോടൊപ്പം തന്റെ ജീവനിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഒരു വ്യക്തിയുടെ പ്രതീകമായി മാറുന്നു. അവിടെ ആയിരത്തിരിയും, ഹോമാഗ്നിയും വിവാഹദിനത്തിന്റെ ഓർമ്മയിലേയ്ക്ക് അവരെ കൊണ്ടുപോകുന്നു. ഹോമം കഴിഞ്ഞ് ഭർത്താവ് നിറുകയിൽ തിലകം ചാർത്തിയ തോർത്ത് അവർ കോരിത്തരിക്കുന്നു. സന്യാസിനിയായ വൃദ്ധയ്ക്ക് ഈ ചിന്ത പാപകരമായി തോന്നിയില്ല. എന്നാൽ തനിക്കു ഭക്തർ സമർപ്പിക്കുന്ന ഭക്ഷണസാധന ങ്ങളിൽ ഒരംശം ആദ്യം തന്നെ ഹോമാഗ്നിയിൽ അർപ്പിക്കുന്നതിനെക്കുറിച്ച് ചോദിച്ചവരോട് []എനിക്കു ശാസ്ത്രത്തെപ്പറ്റി അറിയില്ല. യുക്തിയുമറിയില്ല. കേവലം മനസ്സിൽ തോന്നുന്നത് ചെയ്യുന്നു എന്നേയുള്ളൂ. എന്റെ അന്നത്തിന്റെ ഒരംശം വിശ്വജീവനു സമർപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അഗ്നി വിശപ്പിന്റെ പ്രതീകമാണ്. ഇതു സങ്കല്പം. പക്ഷെ, തൃപ്തിയാവുന്നു.[]1 (ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, പു. 102) പക്ഷേ, താൻ പറഞ്ഞതിൽ പാതിയെ സത്യമുള്ളൂ എന്ന് അവർക്കു തന്നെ അറിയാമായിരുന്നു. []അവർ താൻ വിളമ്പിയൂട്ടേണ്ടിയിരുന്ന ആരെയോ സങ്കല്പിച്ചാണ് ഈ ഹോമം നടത്തിയിരുന്നതെന്ന് അന്തരാത്മാവു പറഞ്ഞു. ഈ ആൾ താൻ ഉണ്ണുന്നതിനു മുൻപ് വിശ്വദേവതകളെ ധ്യാനിച്ച് എന്നും അന്നം കൊടുത്തിരുന്നു. കീടപിപീലികാദികൾ വരെ അതിൽപ്പെട്ടും എന്നാണ് പറയാറ്. സർവ്വസംഗങ്ങളും ത്യജിച്ചിട്ടും തനിക്കു തന്നെത്തന്നെ ജയിക്കാൻ കഴിയുന്നില്ലല്ലോ എന്നു ഖേദിച്ചുകൊണ്ടുതന്നെ മാതാജി ഈ ഹോമം മുടങ്ങാതെ നടത്തിയിരുന്നു.[]2 (ടി.പു. 102) - മാനമ്പള്ളി ഇല്ലത്തേക്ക് കൂടികയറുന്നതിനാധാരമായ മംഗല്യസൂത്ര ധാരണത്തിന് സാക്ഷിയായ അഗ്നിയെ എത്ര കരുതലോടെയാണ് ദാമ്പത്യത്തിന്റെ

പ്രതീകമാക്കി നോവലിസ്റ്റ് മാറ്റിയിരിക്കുന്നതെന്ന് വ്യക്തമാക്കാനാണ് അഗ്നിയെപ്പറ്റി ഇത്രയും പരാമർശിച്ചത്.

തേതി

അഗ്നിസാക്ഷി എന്ന നോവലിൽ പ്രധാന കഥാപാത്രം തേതി-ദേവകി-ആണ്. മാനമ്പള്ളി മനയ്ക്കലെ മൂത്ത സന്താനമായ ഉണ്ണിനമ്പൂതിരി അഗ്നിസാക്ഷിയായി വേളികഴിച്ച പുതുശ്ശേരി ഇല്ലത്തെ നമ്പൂതിരിപ്പെൺകുട്ടി. ദേവകി എന്ന പേരിന് ചന്തം കുറയുന്നതുകൊണ്ട് തേതി എന്നാക്കി ചുരുക്കപ്പേർ വിളിക്കുന്നു. കാരണം നമ്പൂതിരി സ്ത്രീയ്ക്ക് ചന്തമുള്ള പേര് നിഷിദ്ധമാണ്. പിറവി നമ്പൂതിരി സമുദായത്തിലായിരുന്നെങ്കിലും ഉത്പതിഷ്ണുവായ സഹോദരൻ പി.കെ.പി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പുതുശ്ശേരി കുട്ടൻ നമ്പൂതിരി, അനുജത്തിയെ അന്ധവിശ്വാസങ്ങളുടെയും അനാചാര ങ്ങളുടെയും ചൂടും പുകയും ഏൽക്കാതെ സ്വതന്ത്രവായു നൽകിയാണ് വളർത്തിയത്. നമ്പൂതിരി സ്ത്രീയ്ക്ക് നിഷിദ്ധമായിരുന്ന എഴുത്തും വായനയും പഠിപ്പിച്ച്, താൻ വായിക്കുന്ന ഗ്രന്ഥങ്ങളുടെയെല്ലാം ഉള്ളടക്കം പറഞ്ഞുകൊടുത്ത്, മതചിന്തകൾക്കു കൂടി അതീതയായിട്ടാണ് അവളെ വളർത്തിയത്. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന പുതുശ്ശേരി ഇല്ലത്തെ തേതി, ഇരവി രവി നമ്പൂതിരിപ്പാട് എന്ന പ്രതാപിയായ അപ്പൻ നമ്പൂതിരി ഭരണം നടത്തുന്ന മാനമ്പള്ളി ഇല്ലത്തെ ഉണ്ണിനമ്പൂതിരി എന്ന ദേവന് വേളിയായി വന്നത് വിധിനിയോഗം മാത്രം. മാനമ്പള്ളി സ്വരൂപം പണത്തിലും പ്രതാപത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഒരില്ലമായിരുന്നു. ഉണ്ണിയുടെ അച്ഛന് കാര്യപ്രാപ്തി ഇല്ലാത്തതിനാൽ, മുറയല്ലെങ്കിലും, അപ്പൻ ഭരണം നടത്തിപ്പോന്നു. ആരുടെ മുന്നിലും തോൽക്കാനറിയാത്ത, തോൽപ്പിച്ചു മാത്രം ശീലമുള്ള, ബ്രാഹ്മണ്യത്തിന്റെ - പരമാധികാരത്തിന്റെ - പ്രതിനിധിയാണ് ഇരവിരവി നമ്പൂതിരി. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, മാമൂലുകൾക്കും മറികടക്കാനാവാത്ത വിധം ഉയർത്തിക്കെട്ടിയതായിരുന്നു മാനമ്പള്ളി ഇല്ലത്തിന്റെ ചുറ്റുമതിലും. അതുകൊണ്ടുതന്നെ അനാചാരങ്ങൾ അവിടെ ആചാരങ്ങളായി; അന്ധവിശ്വാസങ്ങൾ വിശ്വാസ പ്രമാണങ്ങളായി; ചെയ്യുന്നതെന്തായാലും അതെല്ലാം മാമൂലുകളായി.

ഇല്ലത്തെ കാര്യങ്ങൾ നോക്കാൻ അത്യാവശ്യം കണക്കും കയ്യും മാത്രം മതിയെന്ന അഭിപ്രായത്താൽ ഉണ്ണിയ്ക്ക് നവീന വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. പുരാണപാരായണത്തിനും പാട്ടം പിരിവിനും ആവശ്യമുള്ളത്ര വിദ്യാഭ്യാസമേ അയാൾക്ക് സ്വായത്തമാക്കാനായുള്ളൂ. അപ്പന്റെ മകളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ കച്ചേരിമാളികയിൽ മാഷ് വന്നപ്പോൾ "ഉണ്ണിക്കൂടി പഠിയ്ക്കട്ടെ" എന്ന നേത്യാരമ്മയുടെ അഭിപ്രായത്തിന് "മാനമ്പള്ളിയില്ലത്തെ നമ്പൂരാർക്ക് ം്ലേച്ഛഭാഷ പഠിക്കാൻ അത്ര ആയിട്ടില്ല. അല്ലേ, ഇനി വേണങ്കിൽ അന്യേൻ ഉണ്ടല്ലോ, അയാൾ മതി."[3] (ടി.പു. 22) എന്നായിരുന്നു അപ്പന്റെ മറുപടി. അപ്പനെ സംബന്ധിച്ചിടത്തോളം മാനമ്പള്ളി ഇല്ലത്തിന്റെ പാരമ്പര്യം നിലനിർത്തേണ്ട ഉണ്ണിയായിരുന്നു പ്രധാനം. ഉണ്ണി ആചാരവിശ്വാസങ്ങളുടെ മതിൽക്കെട്ടിനപ്പുറം പോകുന്നത് അദ്ദേഹത്തിന് ചിന്തിക്കാൻ പോലുമാവില്ലായിരുന്നു. പാരമ്പര്യം, പ്രധാനം എന്നീ പദങ്ങൾ ഇവിടെ ശക്തമാണ്. കാരണം മാനമ്പള്ളി ഇല്ലം അപ്പന്റെ കാലശേഷം കൊണ്ടുനടക്കേണ്ടവൻ ആണ് ഉണ്ണി. അതുകൊണ്ടയാൾക്ക് പ്രാധാന്യമേറുന്നു. നമ്പൂതിരി സമുദായത്തിലെ ആചാരമനുസരിച്ച്, മൂത്തവനായ ഉണ്ണിയിലൂടെ വേണം അടുത്ത തലമുറ നിലനിൽക്കാൻ. അതുകൊണ്ട് അയാൾ പാരമ്പര്യത്തിന്റെ ചങ്ങലയിലെ ശക്തമായ ഒരു കണ്ണിയാണ്. അതുകൊണ്ടുതന്നെ എല്ലാവരും ഉറ്റുനോക്കുന്നത് ഉണ്ണിയിലേക്കാണ്. അയാൾ ഇല്ലത്തെ മാമൂലുകൾ പാലിക്കാൻ കടപ്പെട്ടവനാണ്. ഈ വിശ്വാസം അയാളിൽ വളർത്തിയെടുക്കുന്നതിൽ ഇല്ലത്തുള്ളവർ വിജയിച്ചു. ആത്യന്തികമായി ഉണ്ണി എന്ന വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ മാമൂലുകളുടെ പങ്ക് നിസ്സാരമായിരുന്നില്ല.

മാനമ്പള്ളി ഇല്ലത്തേക്ക് ഉണ്ണിയുടെ വേളിയായിട്ടാണ്, നീണ്ടു നിബിഡമായ കൺപീലികളുള്ള, മാന്തളിർ നിറമുള്ള, ചുരുണ്ട മുടിയുള്ള, കൃശഗാത്രിയായ ആ യുവതി - തേതി - കടന്നുവന്നത്. തന്റെ ഇല്ലത്തേതിൽ നിന്ന് വളരെ വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളുള്ള ഒരു ഇടമാണ് മാനമ്പള്ളിയില്ലം എന്ന് വന്നുകയറി ഒന്നുരണ്ടു ദിവസങ്ങൾക്കുള്ളിൽ തന്നെ തേതി മനസ്സിലാക്കിയിരുന്നു. അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും മുറുകെപ്പിടിച്ച്, ജീവിതം

ജീവിച്ചുതീർക്കുന്ന ആളുകളാണ് മാനമ്പള്ളിയിലുള്ളതെന്ന് തേതി വളരെ വേഗം തന്നെ മനസ്സിലാക്കി. ഈ ലോകജീവിതത്തിൽ തനിക്കും കൂടെയുള്ളവർക്കും സമാധാനവും സന്തോഷവും നൽകാതെ പരലോകത്തിലേക്ക് മിഴികളൂന്നി മോക്ഷാർത്ഥികളായി ജീവിക്കുന്നവരാണ് ഉണ്ണിയടക്കം മാനമ്പള്ളിയിലുള്ളവർ എന്ന് തേതി ഗ്രഹിച്ചു. ഈ അറിവ് അവളെ വല്ലാതെ നിരാശയാക്കി.

തന്റെ അവസ്ഥ മനസ്സിലാക്കിയ തേതിയ്ക്ക് പക്ഷേ ഉണ്ണിയോട് വെറുപ്പില്ല. ഉണ്ണിയുടെ ഗുണഗണങ്ങൾ അപ്പന്റെ മകളിൽ നിന്ന് അവൾ നന്നായി മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. മാത്രമല്ല അപ്പന്റെയും അമ്മയുടെയും മറ്റു പ്രായമായവരുടേയും പാവ മാത്രമാണ് ഉണ്ണി എന്ന് പല സന്ദർഭങ്ങളിലും തേതിയ്ക്ക് വ്യക്തമായിരുന്നു. അതുകൊണ്ടുതന്നെ ഇത്ര വലിയ ഇല്ലത്ത് ഇത്ര വലിയ വ്യക്തിയുടെ ഭാര്യയാവാൻ തനിയ്ക്ക് യോഗ്യതയുണ്ടോ എന്ന് അവൾ ആത്മപരിശോധന നടത്തുന്നു. മുതിർന്ന തലമുറയെ അക്ഷരം പ്രതി അനുസരിക്കുന്ന ഉണ്ണി, ഭാര്യ എന്ന നിലയിൽ തന്നോട് കടമ നിർവ്വഹിക്കുന്നില്ല എന്ന കാര്യത്തിൽ തേതിയ്ക്ക് പരിഭവമുണ്ട്. "ഏട്ടന് ആരേം സ്നേഹല്യാന്ന് തോന്നുണ്ട. ഒക്കെ പേടിയാ. അഫനെ ... അമ്മെ ... ആചാരങ്ങളെ ... ദൈവത്തെപ്പോലും പേടിയാണേട്ടന് ... ഓപ്പ പറയുംപോലെ, ഇതിനകത്തു കഴിഞ്ഞാൽ ഞാനും പേടിച്ചു പ്രാന്തുപിടിച്ചുപോവുംന്നു തോന്നുന്നു."[4] (ടി.പു. 27) ഉണ്ണിയെക്കുറിച്ചും, ആ ഇല്ലത്തെ അന്തരീക്ഷത്തെക്കുറിച്ചും തേതി രൂപപ്പെടുത്തിയെടുത്ത അഭിപ്രായമാണ് ഇത്. എന്നാൽ ഉണ്ണിക്ക്, തന്റെ ജീവിതത്തിൽ ഭാര്യയ്ക്കുള്ള സ്ഥാനം എന്താണെന്നറിയാം. പക്ഷെ, അയാൾ നിസ്സഹായനാണ്. ഭാര്യയും ഭർത്താവും ഇടപഴകുകയും സ്നേഹിക്കുകയും ചെയ്യുന്ന കാര്യത്തിൽ മറ്റുള്ളവർക്കെന്താണ് എന്ന ചോദ്യത്തിന് വളരെ വ്യക്തമായ മറുപടിയാണ് ഉണ്ണി അപ്പന്റെ മകൾക്കു കൊടുക്കുന്നത്: "ഒന്നൂല്യായിരിക്കും. പക്ഷേ ... നമുക്ക് നമ്മുടെ ഇഷ്ടം നോക്കിയാൽ പോരല്ലോ. മറ്റുള്ളോരുടെ ഹിതം കാക്കണമല്ലോ! മാനമ്പള്ളിയില്ലത്ത് ഇതൊന്നും കീഴ്നടപ്പില്ല. ഇബ്ടെ സുഖത്തിനല്ല, ധർമ്മത്തിനാണ് ഗൃഹസ്ഥാശ്രമം. ഭോഗത്തിനല്ല, ത്യാഗത്തിനാണ് ദാമ്പത്യം. ജീവിതം ഒരു യജ്ഞമാണ് കുട്ടീ. അഗ്നിഹോത്രമാണ്. ഒടുവിൽ ഏടത്തിയ്ക്കും ഇതു മനസ്സിലാവും."[5] (ടി.പു. 29) ഇതിലൂടെ ഉണ്ണി എന്ന

കഥാപാത്രത്തിന്റെ നിലപാടും മനോഭാവവും നോവലിസ്റ്റ് വ്യക്തമാക്കിയിരിക്കുന്നു.

ഭ്രാന്തിച്ചെറിയമ്മയുടെ മരണശേഷം ദീക്ഷയെടുക്കാനുറച്ച ഉണ്ണിയുടെ തീരുമാനം തേതിയിലുണ്ടാക്കിയ പ്രതികരണം ഇങ്ങനെയായിരുന്നു : "കുറ്റല്ല ചെറിയമ്മ ഭ്രാന്തിയായത്. ഇങ്ങനെയാണെങ്കിൽ ഞാനും ഭ്രാന്തിയായേക്കും." തെല്ലു നിർത്തി തുടർന്നു : ഭ്രാന്തിയായില്ലെങ്കിൽ ഭ്രഷ്ടായാലും മതിയല്ലോ. അല്ലേ?"[6] (ടി.പു. 31) ആചാരങ്ങളെ അനുസരിച്ചു ജീവിക്കുന്ന നമ്പൂതിരി സ്ത്രീ ഭ്രാന്തിയും, അവയെ മറികടക്കുന്ന നമ്പൂതിരി സ്ത്രീ ഭ്രഷ്ടയും ആവുക എന്ന ആത്യന്തികഫലം നോവലിസ്റ്റ് തേതിയുടെ വാക്കുകളിലൂടെ വ്യക്തമാക്കിയിരിക്കുന്നു.

മാനമ്പള്ളി ഇല്ലത്തു വന്നിട്ട് കുറച്ചു നാളുകൾക്കുള്ളിൽ തന്നെ ജീവിതം നരകതുല്യമായി മാറുകയാണെന്നു മനസ്സിലാക്കിയ തേതി തന്റെ സഹോദരന് കത്തയയ്ക്കുന്നു. എന്നാൽ ഈ പ്രവൃത്തി ആചാരലംഘനമാണ് നമ്പൂതിരി സ്ത്രീയ്ക്ക്. അതുകൊണ്ടാണ് പോസ്റ്റ് ചെയ്യാനും മറുപടി എത്തിക്കാനും അവൾ അപ്പന്റെ മകളുടെ സഹായം തേടുന്നത്. തനിക്ക് മനുഷ്യരുടെ കഥകൾ പറഞ്ഞുതന്നിട്ട് തന്നെ ഒരു ദേവന് വേളി കഴിച്ചു കൊടുത്ത സഹോദരനോടുള്ള അമർഷം തേതി മറച്ചുവെയ്ക്കുന്നില്ല. തേതി പിറന്നില്ലത്തേയ്ക്കു പോയപ്പോൾ സാരിയും ബ്ലൗസും ധരിച്ചു എന്ന് ആരോ പറഞ്ഞുകേട്ട ഇല്ലത്തെ സ്ത്രീകൾ അവളുടെ മുണ്ടുപെട്ടി കുത്തിത്തുറന്ന് പരിശോധിക്കുന്നു. നമ്പൂതിരി സ്ത്രീയ്ക്ക് മറ്റുള്ളവരെപ്പോലെ മാന്യമായി വസ്ത്രം ധരിക്കാൻ പോലും അവകാശമില്ലായിരുന്ന അക്കാലത്ത്. ഈ സംഗതികളെല്ലാം ക്രമേണ തേതിയെ പുകയുന്ന ഒരഗ്നിപർവ്വതമാക്കി മാറ്റുകയായിരുന്നു. അവൾ ഓപ്പയുടെ പ്രസംഗങ്ങളിൽ അസൂയാലുവായി, താനൊരാണായിരുന്നെങ്കിൽ തന്റെ ഭാര്യയ്ക്ക മാത്രമല്ല, എല്ലാ സ്ത്രീകൾക്കും സ്വാതന്ത്ര്യം കൊടുത്തേനേ എന്ന് വ്യാമോഹിക്കുന്നു. എന്നാൽ പി.കെ.പി. നമ്പൂതിരിയെപ്പോലെ ഒരുപാട് നമ്പൂതിരി യുവാക്കൾ അന്ന് സമുദായത്തിന്റെ പുരോഗമനത്തിനു വേണ്ടിയും സ്വാതന്ത്ര്യത്തിനു വേണ്ടിയും പ്രവർത്തിച്ചിരുന്നു. എന്നിട്ട് അവർക്കാർക്കും ആരെയും സ്ഥിരമായി മോചിതരാക്കാൻ കഴിഞ്ഞില്ല. അത്ര ശക്തമായിരുന്നു നമ്പൂതിരി സമുദായത്തിലെ

മാമൂൽകോട്ട. അതിന്റെ മറ്റൊരു മുഖമാണ് ജയിലിൽ പോയ പി.കെ.പി.യുടെ ഇല്ലത്തേയ്ക്ക് (പിറന്നില്ലത്തേക്ക്) പോകരുതെന്ന് തേതിയ്ക്ക ലഭിച്ച കടുത്ത താക്കീത്.

അപ്പന്റെ മകൾ തങ്കം, തനിക്കുവന്ന വിവാഹാലോചനയെ എതിർത്ത് പട്ടണത്തിൽ പഠിക്കാൻ പോവാനുള്ള സമ്മതം ഉണ്ണി മുഖേന അപ്പനിൽ നിന്നും കരസ്ഥമാക്കിയപ്പോൾ തനിക്കു വേണ്ടുന്നതൊക്കെ പിടിച്ചുവാങ്ങാൻ വേണ്ടി ഏതു സമരമുറയും സ്വീകരിക്കാൻ തയ്യാറായ തന്റേടക്കാരിയാക്കി, വിജാതീയ പുത്രിയായ അവളെ അവതരിപ്പിച്ച നോവലിസ്റ്റ്, നമ്പൂതിരി യുവതിയായ തേതിയെ ഒന്നും പിടിച്ചു വാങ്ങാൻ അറിഞ്ഞുകൂടാത്ത പരാജിതയായ നായികയായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. "തനിക്കു വേണമെന്നുള്ളവയെ പിടിച്ചുവാങ്ങാൻ വേണ്ടി ഏതു സമരവും ചെയ്യുവാൻ തങ്കം തയ്യാറായിരുന്നു. ജീവിതം ഒരു സമരമാണ്; തനിക്കും ഏടത്തിക്കും പി.കെ.പി. നമ്പൂതിരിക്കുമെല്ലാമതേ. ഏടത്തിക്കു പിടിച്ചുവാങ്ങാൻ അറിഞ്ഞുകൂടായിരുന്നു. പരാജിതയായ നായികയായിരുന്നു അവർ"[7] (ടി.പ. 40) എന്നാണ് നോവലിസ്റ്റ് രണ്ടുപേരുടേയും സ്വഭാവത്തെ താരതമ്യപ്പെടുത്തി പറയുന്നത്. തുടർന്ന് തങ്കവും തേതിയും വേർപിരിയുന്ന ഘട്ടത്തിൽ "നമ്മൾ ഒന്നാണെന്നെന്നെ തോന്നുണ്" - എന്ന് തങ്കത്തിന്റെ നേട്ടത്തിൽ സ്വയം മറന്ന് ആഹ്ലാദിക്കുന്നു. തേതിയുടെ വേഷം, രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ അവതരിപ്പിച്ചതിൽ നിന്നും വളരെ വ്യത്യസ്തമായാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ കാണുന്നത്. "മുഷിഞ്ഞ മുണ്ടും ഞൊറിഞ്ഞുടുത്ത്, മുടി മേലോട്ടു തിരുകി, മെലിഞ്ഞു വിളർത്ത ആ യുവതി, കാഴ്ചയിൽ ഒരു തപസ്വിനിയെ പ്പോലെ തോന്നിച്ചു."[8] (ടി.പ. 43) മാനമ്പള്ളി സ്വരൂപത്തിലെ തേതിയുടെ ജീവിതത്തിന്റെ ഒരു നേർചിത്രമാണ് അവരുടെ വേഷവിധാനത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ലോകദുഃഖങ്ങൾ മുഴുവൻ തന്റേതാണെന്ന നിലയ്ക്കുള്ള ഏറ്റുവാങ്ങൽ തേതിയെ ചിരിക്കാനറിയാത്തവളാക്കി മാറ്റുന്നു. തന്റെ ജീവിതത്തിന്റെ ഭാവി മുന്നിൽ കണ്ടുകൊണ്ടാണ് തങ്കവുമായി പിരിയുന്ന സന്ദർഭത്തിൽ "ഞാൻ പ്രസവിക്കുമെന്നു തോന്നുന്നില്ല, തങ്കം. അതിനു വഴിയില്ല. പക്ഷേ നിന്റെ കുട്ടി എന്റെയും കുട്ടിയായിരിക്കും. അതു പെണ്ണാണെങ്കിൽ എന്റെ പേരിടണേ; ഇല്ലെങ്കിൽ അതിന്റെയും മകൾക്ക്," എന്നഭ്യർത്ഥിക്കുകയും, "നമ്മളിലാർക്കെങ്കിലുമൊരാൾക്ക്

കൂട്ടിയുണ്ടായാൽ രണ്ടുപേരുടേതുമാണ്',[9] (ടി.പു. 65) എന്നൊരു വാശ്വാനം തങ്കത്തിൽ നിന്നു വാങ്ങുകയും ചെയ്യുന്നത്. എഴുത്തും വായനയും ഉത്പതിഷ്ണത്വവും ഉണ്ടായതുകൊണ്ടുമാത്രം ജീവിതം സംതൃപ്തമാവില്ലെന്നും അതെല്ലാം വിളയിക്കാൻ പാകത്തിനുള്ള ഭൂമിക ആവശ്യമാണെന്നുമാണ് ഈ വാശ്വാനനേട്ടത്തിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നത്. അന്നത്തെ മിക്ക നമ്പൂതിരി സ്ത്രീകളുടെയും ജീവിതത്തിന്റെ നേർചിത്രമാണിത്. വിടപറയും നേരം 'നിനക്കു നന്മ ഭവിക്കട്ടെ കുട്ടീ! നിന്നെപ്പോലെയുള്ള തന്റേടം എനിക്കു ലഭിച്ചില്ലല്ലോ!' എന്നു ഖേദിക്കുന്ന മട്ടിൽ നിൽക്കുന്ന തേതിയെയാണ് നോവലിസ്റ്റ് കാട്ടിത്തരുന്നത്.

മറ്റേതൊരു നമ്പൂതിരി സ്ത്രീയെയും പോലെ തേതിയും നമ്പൂതിരി സമുദായത്തിലെ എല്ലാ ആചാരങ്ങളേയും വിശ്വാസങ്ങളേയും അനുസരിച്ച് നാലുകെട്ടിനുള്ളിൽ ഒതുങ്ങിക്കൂടാനാണ് പിന്നീട് തീരുമാനിക്കുന്നത്. ഭാര്യ എന്ന നിലയിൽ ഉണ്ണിയിൽ നിന്നു ലഭിക്കേണ്ട പരിഗണനകൾ ലഭിക്കാത്തതിൽ പരാതിയുണ്ടെങ്കിലും മാനമ്പള്ളിയിൽ ഒതുങ്ങിക്കൂടാൻ തന്നെ അവൾ മനസാ തീരുമാനിക്കുന്നു. അതുകൊണ്ടാണ് 'സഹിക്കാൻ ഞാൻ ശ്രമിക്കുയാണ് ഓപ്പേ! പുലർച്ചേ കുളിക്കും, തേവാരം കഴിക്കും, അടുക്കളപ്പണി ചെയ്യും. നൊയ്മ്പു നോൽക്കും, ജലപ്പിശാച്ചു മുത്തശ്ശിയോടു പോലും തർക്കുത്തരം പറയാറില്ല'[10] (ടി.പു. 36) എന്ന് തന്റെ സഹോദരനെഴുതിയ കത്തിൽ സൂചിപ്പിച്ചത്. ഒന്നും വായിക്കാനില്ലാതെ വീർപ്പു മുട്ടുമ്പോഴും മാനമ്പള്ളിയിലെ (നമ്പൂതിരി സമുദായത്തിലെ) സമ്പ്രദായങ്ങളോട് ഒരു അന്തർജ്ജന വധു എന്ന നിലയിൽ പൊരുത്തപ്പെടാൻ ശ്രമിക്കുകയായിരുന്നു തേതി.

തന്റെ പെറ്റമ്മയ്ക്ക് സുഖമില്ലെന്ന അറിയിപ്പു വന്നപ്പോൾ മാനമ്പള്ളിയിലുള്ള ആത്തേമ്മാരെ ഭ്രഷ്ടരുടെ അടുത്തേക്ക് അയയ്ക്കില്ലെന്നായി അപ്പനും ഉണ്ണിയുടെ അമ്മയും മറ്റു വൃദ്ധസ്ത്രീകളും. പക്ഷേ ഇപ്പോൾ, 'എന്നാൽ എനിക്കും ഭ്രഷ്ടാണ്. ഞാനും പോവും' എന്ന് ധൈര്യപൂർവ്വം പറഞ്ഞ് ഒരു പുത്രിയുടെ കടമ നിർവ്വഹിക്കാൻ പിറന്നില്ലത്തേക്ക് പുറപ്പെടുകയാണ് തേതി. ഭ്രഷ്ടനായ പി.കെ.പി.യുടെ ഇല്ലത്തേക്ക് പോയാൽ തേതിയും ഭ്രഷ്ടയാവും എന്ന ആചാരം നിലനിൽക്കേയാണ് തേതി ധീരമായ ഈ തീരുമാനം എടുക്കുന്നത്. അതാവട്ടെ,

മറ്റാരും പരിചരിക്കാനില്ലാതെ രോഗശയ്യയിൽ കിടക്കുന്ന സ്വന്തം അമ്മയെ പരിചരിക്കാനും. ഭർത്താവാകട്ടെ, ഈ സന്ദർഭത്തിൽ, ഒന്നും മിണ്ടാതെ അമ്മയുടെയും ഭാര്യയുടെയും മുഖത്ത് മാറി മാറി നോക്കി നിൽക്കുക മാത്രം ചെയ്യുന്നു. എതിരു നിൽക്കുന്ന ഭർത്തൃഗൃഹത്തിന്റെ പടിയിറങ്ങാൻ തീരുമാനിച്ച തേതി ഭർത്താവിന്റെയും അമ്മയുടെയും കാൽക്കൽ വീണ് നമസ്കരിച്ച്, ഭവിഷ്യത്തെന്തായാലും നേരിടാനുറച്ച് ഇറങ്ങിപ്പോയി. അങ്ങനെ തേതിയും ഭ്രഷ്ടയാവുന്നു.

ദേവകി മാനമ്പള്ളി

ഇതുവരെ തേതി എന്ന സങ്കുചിത ഭാവത്തിലേക്ക് ഉൾവലിഞ്ഞിരുന്ന ധീരനായിക ‘ദേവകി മാനമ്പിള്ളി’യെന്ന ശക്തമായ മറ്റൊരു ഭാവത്തിൽ പുനർജ്ജനിക്കുന്നു. ഭ്രഷ്ടരായവർ പ്രായശ്ചിത്തം ചെയ്താൽ കുലത്തിലേക്ക് തിരിച്ചുവരാം എന്നൊരു നീക്കുപോക്ക് നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്നു. അതനുസരിച്ച് അവരെ തിരിച്ചുകൊണ്ടുവരാൻ അപ്പന്റെ മരണശേഷം അപ്പന്റെ മകളും അനിയൻ നമ്പൂതിരിയും ശ്രമിക്കുന്നുണ്ടെങ്കിലും ‘ഞാൻ വരാമനിയാ. ഏട്ടനു വേണ്ടി വളരെ ദൂരം പിന്നോട്ടു വരാം. എന്നാൽ എനിക്കു വേണ്ടി ഏട്ടൻ കുറെ മുന്നോട്ടു വന്നേ കഴിയൂ. പഴയ തേതിക്കുട്ടി ആത്തേമ്മാരായി കുടയും ചൂടി തലയും താഴ്ത്തി നടക്കുവാൻ ഇനി എനിക്കു പറ്റില്ല. ഞാൻ സഭയ്ക്കു പോവും, പ്രസംഗിക്കും, അയിത്തം പാലിക്കില്ല. ഏട്ടനും അമ്മയ്ക്കും ഇതൊക്കെ രസാവ്വോ? സ്വജനങ്ങളും സമ്മതിക്ക്യോ? മാനമ്പള്ളിയില്ലത്തെ നാലുകെട്ടിനകത്തു കൂട്ടോം കറീംണ്ടാക്കാൻ പാടില്ല. ഏട്ടൻ വിളിച്ചാൽ ഞാൻ വരാം. പക്ഷേ, പ്രായശ്ചിത്തം ചെയ്യില്ല. ഈ വിവരം പറയൂ. സമ്മതിച്ചാൽ വരാം.’[11] (ടി.പ. 66) എന്നായിരുന്ന തേതിയുടെ ധീരമായ മറുപടി. പക്ഷേ ധർമ്മപത്നിയുടെ അഭിമാനബോധവും വിട്ടുവീഴ്ചയില്ലായ്മയും നന്നായറിയാവുന്നവനും, തന്റെ ദൗർബ്ബല്യവും കീഴടങ്ങൽ സ്വഭാവവും നിമിത്തം അമ്മയുടെയും ആചാരങ്ങളുടെയും വരുതി വിട്ടു നിൽക്കാൻ പ്രാപ്തിയില്ലാത്തവനുമായ ഉണ്ണിനമ്പൂതിരി, തന്റെ അന്തർജ്ജനത്തെ കൂട്ടിക്കൊണ്ടു വരുവാൻ വേണ്ടി ഒരിക്കലും പുതുശ്ശേരിയില്ലത്തേക്കു പോയില്ല. അതേ സമയം സന്തതി നിലനിർത്താനായി മറ്റൊരു വിവാഹത്തിന് അപ്പനും, അമ്മയും

നിർബന്ധിക്കുമ്പോൾ, "ഇല്ല, ഞാനില്ലാതെ തേതിക്കുട്ടിക്കു ജീവിതമുണ്ടായിരിക്കാം. പക്ഷേ അവരില്ലാതെ എനിക്കു ജീവിതമില്ല; മാനമ്പള്ളി ഉണ്ണി നമ്പൂതിരി പഴമക്കാരനും വിഡ്ഢിയും മന്ദനുമായിരിക്കാം. പക്ഷേ അയാൾ അഗ്നിസാക്ഷിയായി വേളി കഴിച്ച പത്നിയെ ഉപേക്ഷിക്കാൻ മാത്രം ക്രൂരനല്ല എന്ന് അവരെ അറിയിച്ചേക്കുക. സ്നേഹിക്കുന്നവർക്കു വേണ്ടി എന്തുമെന്നും കാത്തിരിക്കാൻ അയാൾക്കറിയാമെന്നും"[12] (ടി.പ. 53) എന്ന ഉണ്ണിയുടെ വാക്കുകളിലൂടെ അയാളുടെ ദൃഢചിത്തതയും ഭാര്യയെ അടിമയായി കാണുവാനല്ല അയാളെന്നും വ്യക്തമാവുന്നു.

സ്വന്തം ഇല്ലത്തുതന്നെ ഒന്നിൽ കൂടുതൽ ഭാര്യമാരെ താമസിപ്പിച്ചുകൊണ്ട് മൂസ്സാമൂരിമാർ നാലും അഞ്ചും വിവാഹങ്ങൾ കഴിക്കുകയും, അതോടൊപ്പം ഇതര സമുദായങ്ങളിലെ സ്ത്രീകളുമായി രഹസ്യബന്ധങ്ങൾ പുലർത്തുകയും ചെയ്യുന്നത് കുറ്റകരമായി കാണാതിരുന്ന നമ്പൂതിരി സമുദായം, ഇത്തരം ചെയ്തികളെ പ്രോത്സാഹി പ്പിക്കുകയാണ് ചെയ്തിരുന്നത്. എന്നിരിക്കെ, അഗ്നിസാക്ഷിയായി വിവാഹം ചെയ്ത സ്ത്രീയെ മറന്നുകൊണ്ട് തനിക്ക് മറ്റൊരു സ്ത്രീയോടൊപ്പമുള്ള ജീവിതം വേണ്ട എന്നു തീരുമാനിക്കുന്ന ഉണ്ണി തീർച്ചയായും പുരുഷമേധാവിത്വത്തിന്റെ വക്താവല്ല; മറിച്ച് സ്ത്രീയ്ക്ക് അവർ അർഹിക്കുന്ന പരിഗണന - അത് പുറമെ കാട്ടാനാവില്ലെങ്കിലും - മനസ്സിൽ നൂറു ശതമാനവും നൽകുന്നവനാണ്.

ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും അടിമപ്പെട്ടു ജീവിക്കുന്ന നമ്പൂതിരി സമുദായത്തിന്റെ കൊള്ളരുതായ്മകൾ പൊളിച്ചുകാണിക്കാനായി തേതി യുവജനസംഘത്തോടൊപ്പം ചേർന്ന് 'ദേവകി മാനമ്പള്ളി' എന്ന പേരിൽ പുതിയ രൂപഭാവത്തിലേക്ക് ചേക്കേറുന്നു. സമുദായ പരിഷ്കരണമാണ് ഇവിടെ അവരുടെ പ്രവർത്തന മേഖല. അതുകൊണ്ടുതന്നെ ഘോഷ ബഹിഷ്കരിച്ച്, മറക്കുട ദൂരെയെ റിഞ്ഞ് പൊതുജനമദ്ധ്യത്തിൽ നിന്ന് പ്രസംഗിക്കാൻ അവർക്ക് ധൈര്യമുണ്ടാവുന്നു. കുഞ്ഞുനാളിൽ സഹോദരൻ തന്റെ മനസ്സിൽ കൊളുത്തിവെച്ച കൈത്തിരി കത്തിപ്പടരാനുള്ള ഒരു സാഹചര്യം കൈവന്നതിന്റെ സന്തോഷത്തിലായിരുന്നു ദേവകി മാനമ്പള്ളി. "ഒരു ജാതിയുടേയോ, ഒരു മതത്തിന്റേയോ

സമുദായത്തിന്റേയോ ആളല്ല ഞാൻ; നൂറ്റാണ്ടുകളായി മർദ്ദനമനുഭവിക്കുന്ന സ്ത്രീവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയാണ്. മൂടുപടം നീക്കി മുൻപിൽ നിൽക്കുന്ന ഈ സത്യത്തെ നോക്കി നിങ്ങൾക്കു ശപിക്കുകയോ അനുഗ്രഹിക്കുകയോ ചെയ്യാം. പക്ഷേ, ഞങ്ങളുടേതായ ഈ ദുഃഖഭാരം നിങ്ങളുടെ സൃഷ്ടിയാണെന്ന് ഓർമ്മവേണം.[13] (ടി.പു. 55) ദേവകി മാനമ്പള്ളിയുടെ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങളുടെ പത്രക്കുറിപ്പ് കോളേജിലെ ലേഡീസ് ഹോസ്റ്റലിലെ അന്തേവാസികൾ വായിച്ച് അത്ഭുതപ്പെടുന്നതാണ് സന്ദർഭം. പല സ്ഥലങ്ങളിലും അവർ പ്രസംഗം നടത്തിയിരുന്നു. കൂട്ടുകാരികൾ നിർബന്ധിച്ചിട്ടും അപ്പന്റെ മകൾ ആ പ്രസംഗം കേൾക്കാൻ അവർക്കൊപ്പം പോകാറില്ല. കാരണം കൂട്ടുകാർക്ക് ദേവകി മാനമ്പള്ളി സമുദായപരിഷ്കർത്താവും സാമൂഹ്യപ്രവർത്തകയുമാണ്. എന്നാൽ എന്തുകൊണ്ട് തേതി ദേവകി മാനമ്പള്ളിയായി മാറി എന്നതിനു പുറകിലുള്ള വ്യക്തിപരമായ സത്യങ്ങളറിയാവുന്ന തങ്കത്തിന് ആ പ്രസംഗങ്ങൾ കേൾക്കാൻ പോവാൻ മനസ്സു വന്നിരുന്നില്ല.

ദേവകി മാനമ്പള്ളിയുടെ ഇത്തരം പ്രസംഗങ്ങൾ യാഥാസ്ഥിതിക നമ്പൂതിരിസമുദായത്തിനേറ്റ കനത്ത പ്രഹരമായിരുന്നു. ജീർണ്ണത ബാധിച്ച ആചാരങ്ങളേയും വിശ്വാസങ്ങളേയും നശിപ്പിക്കാൻ പി.കെ.പി. നമ്പൂതിരിയെപ്പോലു ള്ളവർ രൂപം കൊടുത്ത യുവജനസംഘത്തിലെ അംഗങ്ങൾ ശ്രമിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. മാനമ്പള്ളി ഇല്ലത്തെ അനിയൻ നമ്പൂതിരി കുടുമ മുറിച്ച കൊടുംപാതകം പോലും ദേവകി മാനമ്പള്ളിയുടെ രംഗപ്രവേശത്തോടെ സംസാരവിഷയമല്ലാതായി. പക്ഷേ, വളരെ വേഗം ദേവകി മാനമ്പള്ളി പ്രശസ്തയാവുക യാണുണ്ടായത്. അവർ വ്യക്തി എന്നതിൽക്കവിഞ്ഞ് പ്രസ്ഥാനമായി മാറിക്കഴിഞ്ഞിരുന്നു. ഇതേ സമയം മാനമ്പള്ളി ഇല്ലത്ത് തേതിയെ സ്മാർത്തവിചാരം ചെയ്യാനുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരുന്നു. തേതിയെ ഭ്രഷ്ടയാക്കി ഉണ്ണിയെ ക്കൊണ്ട് വീണ്ടും വേളി കഴിപ്പിക്കാനുള്ള ശ്രമം ഉണ്ണിയുടെ ദൃഢനിശ്ചയത്തിനു മുൻപിൽ പാളിപ്പോയി. അവിടം മുതൽ അപ്പൻ നമ്പൂതിരി എന്ന ഉരുക്കുകോട്ടയുടെ ശക്തി ക്ഷയിക്കാൻ തുടങ്ങി. അധികം വൈകാതെ അത് ആ മനുഷ്യന്റെ മരണത്തിൽ കലാശിച്ചു.

വളരെ ചുരുങ്ങിയ കാലം മാത്രമേ ദേവകി മാനമ്പള്ളിയെന്ന സമുദായ പരിഷ്കർത്താവിന്റെ ഭാവത്തിൽ നായിക നോവലിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ. ആദ്യകാലത്തെ ആവേശം അടങ്ങിയതോടെ സമുദായ പരിഷ്കരണശ്രമങ്ങളും തളരുകയാണല്ലോ ഉണ്ടായത്. "സാമുദായിക പ്രവർത്തനങ്ങളുടെ ആവേശം ഒരു കൊടുങ്കാറ്റായാണല്ലോ ചുഴന്നടിച്ചത്. പുരോഗതിയുടെ പാതയിൽ വിലങ്ങടിച്ചുനിന്ന കുറെ മരങ്ങൾ വീണു. വീടുകൾ തകർന്നു. വഴി ഒരുങ്ങി. വിപ്ലവത്തിന്റെ ചിറകിൽ കുറെ ജീവിതങ്ങൾ മുന്നോട്ടു പോയി. പക്ഷേ, ഒരു കൊടുങ്കാറ്റിനും സ്ഥിരമായി നിൽക്കാനാവില്ല. വന്നതുപോലെ വേഗത്തിലായിരുന്നു തിരിച്ചുപോക്കും. ആദ്യകാലത്തെ ആവേശലഹരി കെട്ടടങ്ങിയപ്പോൾ പലരും പല തട്ടകത്തിലായി നിന്നു പയറ്റിത്തുടങ്ങി. ആളുകൾ തമ്മിൽ തമ്മിൽ പിറുപിറുത്തു. സഭയും പത്രവും മുടങ്ങി. രാഷ്ട്രീയപ്പാർട്ടികളോടു ചായ്വുള്ളവർ അങ്ങോട്ടു തിരിഞ്ഞു. അല്ലാത്തവർ പഴയതിലേറെ വലിയ യാഥാസ്ഥിതികരായി. ഘോഷ ഉപേക്ഷിച്ച അന്തർജ്ജനങ്ങളിൽ പലരും വീണ്ടും കുട പിടിച്ചു പുതപ്പു ചുറ്റി അമ്പലങ്ങളിലും തീർത്ഥങ്ങളിലും അലഞ്ഞു നടന്നു."[14] (ടി.പു. 67) സമുദായം എന്നു പറഞ്ഞു മരിക്കാൻ നടന്ന ചെറുപ്പക്കാരിൽ ചിലരുടെ നില ദയനീയമായിരുന്നു എന്ന് പ്രസ്താവിക്കുന്ന നോവലിസ്റ്റ് തുടർന്ന് പി.കെ.പി. നമ്പൂതിരിയുടെ ദയനീയ ചിത്രം അവതരി പ്പിക്കുന്നുണ്ട്.

ദേവി ബഹൻ

ദേവകി മാനമ്പള്ളിയ്ക്കാകട്ടെ, മടങ്ങാൻ കൂടില്ലാതാവുകയും ഉള്ള കൂട്ടിൽ ഒതുങ്ങാനാവാത്തത്ര വലുപ്പമാവുകയും ചെയ്തു. സ്വാതന്ത്ര്യത്തെ ജീവനിലുമധികം സ്നേഹിക്കുന്ന ദേവകി മാനമ്പള്ളി, അതോടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതാൻ, ഗാന്ധിജിയുടെ ശിഷ്യയായിത്തീരാൻ, തീരുമാനിക്കുകയും ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമാവുകയും ചെയ്തു. "അങ്ങനെ "തേതിയേടത്തി" എന്ന "ദേവകി മാനമ്പള്ളി" "ദേവി ബഹൻ" ആയി മാറിയിരിക്കുന്നു. സമുദായത്തിൽ നിന്ന് രാഷ്ട്രീയത്തിലേക്ക് വളർന്നിരിക്കുന്നു. ഇനിയിവിടെ ഒരു തിരിച്ചുപോക്കു സാധ്യമല്ല."[15] (ടി.പു. 68)

തേതി എന്ന ദേവകി മാനമ്പള്ളിയെന്ന ദേവി ബഹന്റെ മൂന്നാംഭാവം അവതരിപ്പിക്കുന്നിടം മുതൽ നോവലിസ്റ്റ് ഇന്ത്യൻ സ്വാതന്ത്ര്യസമരവും ദേശീയപ്രസ്ഥാനവും ചിത്രീകരിക്കുന്നു. ക്വിറ്റിന്ത്യാസമരവും നിരോധനാജ്ഞകളും നിസ്സഹകരണങ്ങളും ഈ ഭാഗത്ത് നിറഞ്ഞു നിൽക്കുന്നു. ക്വിറ്റിന്ത്യാ സമരകാലത്ത് കൗമാരപ്രായക്കാരുടെ വീരവാനരസേനയും സ്ത്രീകളുടെ നാരിസേവാസമിതിയും യുവാക്കളുടെ രക്തസാക്ഷിസംഘവും ചേർന്നു നയിച്ച ഒരു റാലിയിൽ, ക്ലോക് ടവറിൻമേൽ കയറി ഇന്ത്യയുടെ ത്രിവർണ്ണപതാക പറത്തിയ വീരവാനര സേനാംഗത്തിന്റെ ധീരസാഹസിക പ്രവൃത്തി, ദേശീയബോധമുള്ള ആരിലും രോമാഞ്ചമുണ്ടാക്കത്തക്കവിധം നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നു. ഇതിൽ നാരീസേവാസമിതിയെ നയിച്ചിരുന്നത് ദേവി ബഹൻ ആയിരുന്നു. ആ ബാലനെ-വീരകുമാരനെ-പട്ടാളക്കാർ വെടിവെച്ചിട്ടപ്പോൾ തിക്കും തിരക്കും പരിഗണിക്കാതെ, പോലീസിന്റെയും പട്ടാളത്തിന്റെയും നിറതോക്കുകൾ അവഗണിച്ചുകൊണ്ട് അവന്റെ ശരീരം കൈക്കലാക്കി വാരിപ്പുണർന്ന ആ ധീരവനിതയ്ക്ക് അന്ന് പോലീസുകാർ ലാത്തികൊണ്ട് നെറ്റിയിൽ നൽകിയ അടിയുടെ വടു ഗാന്ധിജിയിൽ പോലും ആദരവുണർത്തി എന്നു പറയുമ്പോൾ ദേവീബഹനിലെ ദേശീയ ബോധവും സ്വാതന്ത്ര്യവാഞ്ഛയും സാഹസികതയും വളരെ പ്രകടമാണ്. എന്നാൽ ദേവിബഹന് വളരെ ശുദ്ധമായ ഒരുദ്ദേശ്യവും അതിനു പുറകിലുണ്ടായിരുന്നു; മരണം വരിയ്ക്കൽ. □സമസ്തവും ഉപേക്ഷിച്ചു മരണത്തിന്റെ വായിലേയ്ക്കു സ്വയം തള്ളിക്കയറിച്ചെന്നതാണ്. എത്ര തവണ ആത്മഹത്യയ്ക്കു ശ്രമിച്ചു! എന്നിട്ടും മരിച്ചില്ല. പാപഭീതിയല്ല. യാദൃശ്ചികതയാണ് എവിടെയും തന്നെ രക്ഷിച്ചതെന്നു തോന്നുന്നു.□[16] (ടി.പു. 95) എന്ന് അവർ തന്നെ നോവലിന്റെ അവസാനഭാഗത്ത് ഈ സംഭവത്തെക്കുറിച്ചോർക്കുന്നുണ്ട്.

തേതി □സുമിത്രാനന്ദജി□ എന്ന നാലാം ഭാവം സ്വീകരിക്കുന്നതുവരെയുള്ള എല്ലാ സംഭവങ്ങളും യാദൃശ്ചികത മാത്രമായിരുന്നുവെന്ന് നായികയെക്കൊണ്ടുതന്നെ പറയിക്കുന്ന നോവലിസ്റ്റ് പോകാൻ ഒരിടവുമില്ലാതെ; ഭർത്താവ്,

സഹോദരൻ, കുടുംബം എല്ലാം നഷ്ടപ്പെട്ടു കാടുകയറിയതാണ് താനെന്നും മറ്റൊരു നിവൃത്തിയുമില്ലാത്ത ഘട്ടങ്ങളിൽ കൂടുമാറ്റങ്ങൾ നടത്തിയതാണ് തന്റെ വ്യത്യസ്ത വ്യക്തിത്വങ്ങളെന്നും കൂടി തേതിയെക്കൊണ്ട് ഉറന്നു പറയിക്കുന്നുണ്ട്.

മിസ്സിസ് നായർ എന്ന തങ്കത്തിന്റെ - അപ്പന്റെ മകളുടെ - പേരക്കുട്ടികൾക്ക് ട്യൂഷനെടുക്കാൻ വരുന്ന കല്യാണീദേവിയിലൂടെയാണ് നായികയുടെ ദേവിബഹൻ എന്ന മൂന്നാം വ്യക്തിത്വത്തെ കഥാകാരി പൂർണ്ണമായും അനാവരണം ചെയ്യുന്നത്. സ്വാതന്ത്ര്യാനന്തരം സേവാശ്രമവും അനുയായികളുമായി ഒതുങ്ങിക്കൂടിയ ഗാന്ധിജി, അധികം വൈകാതെ ഒരു മതാന്ധന്റെ ക്രൂരതയ്ക്കിരയായി ഇഹലോകവാസം വെടിയുന്നു. പിന്നീട് സേവാശ്രമത്തിന്റെ ഭാഗമായ മഹിളാശ്രമത്തിന്റെ പ്രവർത്തനങ്ങളുടെ നേതൃത്വം ദേവിബഹൻ ഏറ്റെടുത്തു. ആശ്രമത്തിലെ ചട്ടങ്ങളിലും ചിട്ടകളിലും അവർ ഒട്ടേറെ നിയന്ത്രണങ്ങൾ വരുത്തി. ഭോഗവാസനകളുടെ കാറ്റ് ആശ്രമത്തിലെ അന്തേവാസികളിലും ഏറ്റിരുന്ന കാലം. അവർ അവിടത്തെ ചട്ടങ്ങൾ ഉഗ്രതരമാക്കി. സന്മാർഗ്ഗശുദ്ധിയില്ലാത്ത ഒരു നേതാവ് ആശ്രമത്തിൽ വരുന്നതിനെ അവർ വിലക്കി. ആശ്രമഭരണസമിതിയിലെ ഒരംഗത്തിന്റെ ബാഗിൽ നിന്നും ചീർപ്പും ഹെയറോയിലും പൗഡറും എടുത്തു ദൂരെയെറിഞ്ഞു. സാമൂഹ്യസേവകരായ യുവാക്കളിൽ പലരോടും കർക്കശമായി പെരുമാറി."[17] (ടി.പു. 77)

പക്ഷേ, ഇതിന്നിടയിലും ദേവി ബഹനു ചില പ്രത്യേകതരം ദൗർബ്ബല്യങ്ങളുണ്ടായിരുന്നു. ചില പ്രത്യേക തരക്കാരെ അവർ വിശേഷിച്ച് ഇഷ്ടപ്പെട്ടു. ഇഷ്ടപ്പെടുന്ന വരെ വിശ്വസിക്കും; വിശ്വസിക്കുന്നവർക്കു വേണ്ടി ജീവൻ ത്യജിക്കുകയും ചെയ്യും. ഇത്തരത്തിൽ ദേവി ബഹന്റെ വിശ്വാസം നേടിയെടുത്തവളാണ് പടിഞ്ഞാറൻ പാക്കിസ്ഥാനിൽ നിന്നുവന്ന അഭയാർത്ഥി ബാലിക. മിസ്സിസ് നായരുടെ - തങ്കത്തിന്റെ - മുഖച്ഛായയും അവൾക്കേകദേശമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ദേവി ബഹൻ അവളെ തങ്കം എന്നു പേരിട്ടു വിളിച്ചു. അവൾക്ക് എല്ലാ കാര്യങ്ങളിലും പരിഗണന നൽകി തന്നോടൊപ്പം ചേർത്തു നിർത്തി. അങ്ങനെയിരിക്കെ ഏറെനാളത്തെ ദേശസേവനത്തിന്റെ പാരമ്പര്യം

അവകാശപ്പെട്ടുകൊണ്ട് ദക്ഷിണദേശത്തുകാരനായ, അരുണൻ എന്ന ഒരു യുവാവ് ആശ്രമത്തിലെത്തി. ഗ്രാമപുനരുദ്ധാരണത്തിനായി അയാൾ ഏർപ്പാടാക്കിയ നാടകത്തിലെ നായികയാവാൻ തങ്കത്തെ അയയ്ക്കാനുള്ള വിശാലമനസ്സു കൂടി ദേവിബഹനുണ്ടായി. "ദേവി ബഹന് ആ യുവാവിനെ ഇഷ്ടമായി. അയാൾക്ക് അവരറിയുന്ന മറ്റു വല്ലവരുടേയും ഛായയുണ്ടായിരുന്നോ ആവോ?"[18] (ടി.പു. 78) എന്നു പറയുമ്പോൾ തന്റെ മനസ്സിൽ കുടിയിരിക്കുന്ന ശുപഭാവങ്ങളെ എന്തിന്റെ പേരിലായാലും ഇറക്കിവിടാൻ ദേവിബഹനു കഴിഞ്ഞിരുന്നില്ല എന്നുകൂടി നോവലിസ്റ്റ് സൂചിപ്പിക്കുന്നു.

"അരുണനെപ്പോലെ ആത്മാർത്ഥതയുള്ള പ്രവർത്തകരെ നിരാശരാക്കുന്നത് കഷ്ടമാണ്. അയാളെപ്പോലെ പത്തു ചെറുപ്പാക്കാരുണ്ടെങ്കിൽ മതി, നാടു രക്ഷപ്പെടും. എത്ര സത്യസന്ധനായ യുവാവ്"[19] (ടി.പു. 78) അരുണനെന്ന് വ്യാജപ്പേരുള്ള തീവ്രവാദിയെ പോലീസ് തേടിയെത്തുന്നതുവരെ ദേവിബഹന് അയാളെക്കുറിച്ചുള്ള അഭിപ്രായം ഇതായിരുന്നു. എന്നാൽ തേതിക്ക് ഉണ്ണി നമ്പൂതിരിയെ എന്നപോലെ ദേവി ബഹന് അരുണനെന്ന തീവ്രവാദിയെയും ശരിക്കും മനസ്സിലാക്കാനായില്ല എന്ന് ഈ പ്രസ്താവന തന്നെ വ്യക്തമാക്കുന്നു. ആളുകളെ അന്ധമായി വിശ്വസിക്കുകയും വിശ്വസിക്കുന്നവർക്കു വേണ്ടി എത്രും ത്യജിക്കുകയും ചെയ്യുക എന്നത് ഏതൊരു വ്യക്തിത്വത്തിന്റെയും പക്വതയില്ലായ്മയ്ക്ക് തെളിവാണ്.

അരുണനെ തേടി പോലീസ് വന്നപ്പോൾ ദേവിബഹൻ നിസ്സംഗയായി പറഞ്ഞ മറുപടി അവരുടെ വ്യക്തിത്വത്തിനു നേരെയുള്ള ചോദ്യചിഹ്നമാണ്. "ഞങ്ങൾ ഗാന്ധിജിയുടെ അനുയായികളാണ്. ആശ്രയം തേടി വരുന്നവർക്ക് അഭയം കൊടുക്കണമെന്നാണ് ബാപ്പുജി പറഞ്ഞിരുന്നത്. അയാൾ നല്ലവനാണെന്നു തോന്നി. നല്ല പ്രവർത്തകനുമായിരുന്നു. നഗരത്തിൽ ഒരത്യാവശ്യത്തിനു പോകുകയാണെന്നു പറഞ്ഞ് ബാഗ് ഇവിടെ വെച്ച് പോയി. കൂടുതലൊന്നുമറിയില്ല"[20] (ടി.പു. 79) ഗാന്ധിജിയുടെ അരുമശിഷ്യയായ ദേവിബഹൻ - അനുയായികളുടെ ഭോഗവാസന കളെ കണിശമായി എതിർക്കുന്ന ദേവി ബഹൻ - എവിടെ നിന്നോ വന്ന ഒരു പുരുഷനെ, ആളും തരവുമറിയാതെ

സ്ത്രീകൾ മാത്രമുള്ള ആശ്രമത്തിൽ താമസിപ്പിച്ചതേ തെറ്റ് ; അയാളെ അന്ധമായി വിശ്വസിച്ച് തങ്കം എന്ന അരുമശിഷ്യയെ അയാളോ ടൊപ്പം നാടകത്തിനായി അയച്ചത് അതിലും വലിയ തെറ്റ്. ഇത്തരം പ്രവൃത്തികളൊന്നും ഒരിക്കലും ദേവി ബഹനിൽ നിന്ന് പ്രതീക്ഷിക്കാവുന്നതല്ല.

അരുണൻ പോയി ഏതാനും നാളുകൾക്കുള്ളിൽ താൻ ചെയ്ത തെറ്റിനെ മറ്റൊരു തെറ്റുകൊണ്ട് ശരിയാക്കാൻ ശ്രമിക്കുന്ന തങ്കത്തിനെയാണ് ദേവി ബഹൻ കാണുന്നത്. അവൾ പ്രസവിച്ച അരുണന്റെ കുഞ്ഞിനെ കഴുത്തു ഞെരിച്ചുകൊല്ലാൻ ശ്രമിക്കുമ്പോൾ അങ്ങനെ ചെയ്യരുതെന്നും ഈ തെറ്റിന് കാരണക്കാരി താനാണെന്നും അതിനാൽ അതിന്റെ പ്രായശ്ചിത്തം താനാണ് ചെയ്യേണ്ടതെന്നും തങ്കത്തോട് അവർ പറയുന്നു. ജീവിതകാലം മുഴുവൻ തപസ്സു ചെയ്ത് ഈ പാപത്തിന്റെ കറ കഴുകിക്കളയാൻ ഇറങ്ങിപ്പുറപ്പെടുകയാണ് ദേവിബഹൻ. പിന്നീട് സ്വയം പീഡനത്തിന്റെ ദിവസങ്ങളായിരുന്നു വെന്നും ദേശാന്തരഗമനം നടത്തി തീർത്ഥങ്ങളാടിയ ദേവി ബഹൻ ഇപ്പോൾ ശ്രദ്ധാനന്ദ സരസ്വതിയുടെ ആശ്രമത്തിൽ അന്തേവാസിനിയാണെന്നും ദേവി ബഹൻ എന്ന മൂന്നാം ഭാവത്തിൽ നിന്നും [സുമിത്രാനന്ദജി] എന്ന യോഗിനിയായി മാറിയ അവർ സ്വയം ദേവിയായിരിക്കുന്നു എന്നും കല്യാണിദേവി പറയുന്നിടത്ത് ദേവി ബഹന്റെ അവതരണം അവസാനിക്കുന്നു.

തുടർന്ന് 15-ാമത്തെ അദ്ധ്യായത്തിലാണ് ദേവി ബഹന്റെ സന്യസ്തജീവിതാരംഭം നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. സന്യാസം സ്വീകരിക്കുന്നതിനു മുമ്പായി പൂർവ്വാശ്രമത്തിന്റെ എല്ലാ ബന്ധനങ്ങളും അറുത്തു മാറ്റേണ്ടതുണ്ട്. ദേവി ബഹനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ മൂന്നു ഭാവങ്ങളിലും അവരുടെ ശക്തിയായിരുന്ന മംഗല്യസൂത്രമായിരുന്നു ഏറ്റവും വലിയ ബന്ധനം. അത് അതിന്റെ ഉടമസ്ഥനു മാനമ്പിള്ളി ഉണ്ണിനമ്പൂതിരിക്ക് അയച്ചുകൊടുക്കുന്നു. അതോടൊപ്പം അയച്ച എഴുത്തിന്റെ ഉള്ളടക്കം, അവരുടെ യഥാർത്ഥ മനോഭാവത്തെയും വ്യക്തിത്വത്തെയും അനാവരണം ചെയ്യുന്നു എന്ന നിലയിൽ ഏറെ പ്രസക്തമാണ്.

സുമിത്രാനന്ദജി

നദിയ്ക്ക് തിരിച്ചൊഴുകാനാവാത്തതുപോലെയാണ് തന്റെ ജീവിതത്തിലും സംഭവിച്ചിരിക്കുന്നതെന്നും ഒരു ദിവസം പോലും ഭർത്തൃസ്മരണയില്ലാതെ താൻ ജീവിച്ചിട്ടില്ലെന്നും, യൗവ്വനത്തിന്റെയും ഉത്പതിഷ്ണത്വത്തിന്റെയും തിളപ്പിൽ താൻ അദ്ദേഹത്തിൽ ദോഷങ്ങളായി കണ്ടവയെല്ലാം യഥാർത്ഥത്തിൽ ഗുണങ്ങളായിരുന്നുവെന്ന് വൈകിയാണെങ്കിലും വ്യക്തമായതായും തേതി സമ്മതിക്കുന്നു. ഞാൻ നാളെ സന്യസിക്കുകയാണ്. ഈ ജന്മം ത്യജിച്ച് മറ്റൊന്നു കൈക്കൊള്ളുന്നു. ജീവിത ത്തിന്റെ കർമ്മബന്ധമായി ഞാനെന്നുമണിഞ്ഞിരുന്ന ഈ മുദ്ര തിരിച്ചേല്പിക്കുന്നു. ഇത് എന്നും എന്റെ രക്ഷയായിരുന്നു, ആശ്വാസമായിരുന്നു, കവചമായിരുന്നു. ഇതിൽ പിടിച്ചുകൊണ്ടു ഞാൻ ലക്ഷം ലക്ഷം ഉരു നാമം ജപിച്ചിട്ടുണ്ട്. ഇതു കഴുത്തിൽ മുറുക്കിമുറുക്കി കെട്ടിയിരിക്കവേ സനാഥയാണെന്ന ധൈര്യം തോന്നിയിരുന്നു. പക്ഷേ, ഇന്ന് ഈ നിർണ്ണായകനിമിഷത്തിൽ മറ്റെല്ലാ ബന്ധനങ്ങൾക്കും മുമ്പെ ഇതും അഴിച്ചുമാറ്റേണ്ടിയിരിക്കുന്നു, മന്ത്രപവിത്രമായ മംഗല്യസൂത്രം. ഇതു മടക്കി സ്വീകരിച്ച് അനുഗ്രഹിച്ചാലും. ഇനി മേലാൽ തേതിക്കുട്ടിയല്ല, സുമിത്രാനന്ദയേയുള്ളൂ..... നമസ്കാരം!...”[21] (ടി.പു. 91) നായികയുടെ സ്വയം സമർപ്പണത്തിന്റെ ഈ ഘട്ടത്തിലാണ് അവരുടെ വ്യക്തിത്വത്തിന്റെ മുഖംമൂടികൾ അഴിഞ്ഞു വീഴുന്നത്. അവരെ സംബന്ധിച്ചിടത്തോളം തേതിക്കുട്ടിയിൽ നിന്ന് നേരെ സുമിത്രാനന്ദയിലാണ് എത്തുന്നത്. ഇടയിൽ സംഭവിച്ച രണ്ടു ഭാവമാറ്റങ്ങളും സന്ദർഭങ്ങളുടെ സമ്മർദ്ദം കൊണ്ട് വന്നുചേർന്നവയാണ്. വന്നുചേർന്നവയെ സ്വയരക്ഷയ്ക്കെന്നോണം വരിച്ചു എന്നു മാത്രം. കഥയുടെ ആദ്യഭാഗത്തിൽ ഒരുപാടു തവണ തിരിച്ചുപോക്കിനെക്കുറിച്ച് ആലോചിച്ചുവെന്നും, ഹിമവാനിൽ നിന്നു പതിച്ച ഭാഗീരഥിയെപ്പോലെ, തിരിച്ചു പോകാൻ നിവൃത്തിയില്ലായിരുന്നെന്നും തുറന്നെഴുതുന്നു. അനാചാര, അന്ധവിശ്വാസ നിബിഡമെങ്കിലും ഉണ്ണിയുടെ സാമീപ്യമുള്ള മാനമ്പള്ളി ഇല്ലത്തെ ജീവിതം തേതിയ്ക്ക് ഒരാശ്വാസമായിരുന്നെന്ന് ഇതിലൂടെ വ്യക്തമാവുന്നു. മറ്റു പല ഭാവങ്ങളിലൂടെയും മാറി മാറി യാത്രചെയ്തപ്പോഴാണ് മാനമ്പള്ളിയിലെ ജീവിതമായിരുന്നു നന്നായിരുന്നതെന്ന് അവർ തിരിച്ചറിയുന്നത്. അപ്പോഴേയ്ക്കും തിരിച്ചുപോകാനാവാത്ത വിധം അവർ ജനങ്ങളുടേതായിക്കഴിഞ്ഞിരുന്നു.

ഗംഗാനദീതീരത്തിൽ നിന്ന് സാവധാനം പ്രവാഹജലത്തിലേയ്ക്കിറങ്ങി സ്വയം ഇല്ലാതാവുന്ന ഒരവസ്ഥയിലേക്ക് വിലയം പ്രാപിക്കാൻ വെമ്പിയ ദേവി ബഹനെ ശ്രദ്ധാനന്ദജി രക്ഷപ്പെടുത്തി സ്വന്തം ആശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുവരികയും ദുഃഖമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പുന്ന, ആത്മനിർവൃതിദായകമായ പ്രവൃത്തിയിലൂടെ മോക്ഷം വരിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. അങ്ങനെയാണ് ദേവി ബഹൻ സുമിത്രാനന്ദയാകാൻ തീരുമാനിക്കുന്നത്. ഇവിടെയും മൂന്നാം ഭാവത്തിൽ നിന്നും നാലാം ഭാവത്തിലേയ്ക്കുള്ള കൂടുമാറ്റം യാദൃച്ഛികതയാണെന്നു കാണാം.

അങ്ങനെയിരിക്കെ തികച്ചും യാദൃച്ഛികമായി ഒരു തീർത്ഥാടകയുമായുള്ള സമാഗമം ഉണ്ടാകുന്നു. ആ തീർത്ഥാടക സുമിത്രാനന്ദജിയെ തേടിനടന്ന് അവസാനം ആ സന്നിധിയിൽ എത്തിപ്പെടുകയായിരുന്നു. ആ സന്യാസിനിയുടെ പൂർവ്വാശ്രമത്തെക്കുറിച്ച് അന്വേഷിച്ചറിഞ്ഞ് തന്റെ സംശയത്തിന് നിവാരണമുണ്ടാക്കാൻ ശ്രമിച്ചപ്പോഴാവട്ടെ, ഒരു സന്യാസിനിയ്ക്ക് പൂർവ്വാശ്രമമില്ലെന്നും അതിനെക്കുറിച്ചൊന്നും ചോദിക്കരുതെന്നും കടുപ്പിച്ചു പറഞ്ഞ് സുമിത്രാനന്ദജി അവിടെനിന്ന് എഴുന്നേറ്റുപോകുന്നു. അന്നു രാത്രി മുഴുവൻ അവർ, തന്റെ ജീവിതത്തിൽ സംഭവിച്ച യാദൃച്ഛികതകളെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. ആശ്രമ പരിസരത്തുള്ള ഉടജത്തിൽ നിന്നു കേൾക്കുന്ന ശിവസ്തോത്രത്തിന്റെ ഉറവിടത്തിന് ഒരു നമ്പൂതിരി യുവാവിന്റെ മുഖച്ഛായയുണ്ടാവുന്നു. "പ്രദോഷ സന്ധ്യാസമയത്തു കുളിച്ചുവന്ന്, ഈറൻകുടുമ കെട്ടി ഇടതുവശത്തേക്കു ചായ്ച്ചിട്ടു ചമ്രം പടിഞ്ഞിരിക്കുന്നു. മാറിൽ രുദ്രമായ പൂണുൽ. നെറ്റിയിൽ ഭസ്മക്കുറി. ഭക്തിയുടെ സ്വർഗ്ഗീയലഹരിയിൽ കണ്ണുകൾ മേലോട്ടുയർന്നിരിക്കുന്നു."[22] (ടി.പു. 94) ഈ മുഖം എത്രകാലം കഴിഞ്ഞാലും തന്റെ മനസ്സിൽ നിന്ന് മാഞ്ഞുപോകാനാവില്ലെന്നവർക്ക് വ്യക്തമാവുന്നു.

സുമിത്രാനന്ദജിയെ സന്യാസജീവിതത്തിലേയ്ക്ക് കൈ പിടിച്ചു കൂട്ടിക്കൊണ്ടുവന്ന ശ്രദ്ധാനന്ദജി പോലും അവസാനകാലത്ത് പൂർവ്വാശ്രമത്തിന്റെ ചോദനകൾക്ക് വശംവദനാകുന്നുണ്ട്. അതായത് പൂർവ്വാശ്രമത്തെക്കുറിച്ച്

ചിന്തിക്കുന്നത് പാപമാ ണെന്ന സന്യാസത്തിന്റെ മൂഢനിയമത്തെ സുമിത്രാനന്ദജി മുറുകെപ്പിടിക്കുമ്പോൾ അതത്ര പാപമല്ലെന്ന് ശ്രദ്ധാനന്ദജിയുടെ പ്രവൃത്തി സ്ഥിരീകരിക്കുന്നു. അന്നു രാത്രി മുഴുവൻ സുമിത്രാനന്ദജി മറ്റാരുമറിയാതെ പൂർവ്വാശ്രമത്തിലേക്ക് മനസ്സുകൊണ്ട് ഒരു തിരിച്ചുപോക്ക് നടത്തുകയാണ്.

"സമുദായത്തെ ഉദ്ധരിക്കണമെന്നു മോഹിച്ചു. നാടിനെ ഉദ്ധരിക്കണമെന്നു മോഹിച്ചു. ആദർശസുരഭിലമായ ഒരു നവലോകം കെട്ടിപ്പടുക്കണമെന്നു മോഹിച്ചു. എന്നിട്ട് എന്തായി? കേവലം ഒരന്തേവാസിനിയുടെ തെറ്റിനെച്ചൊല്ലിയാ മാത്രമാണോ താൻ ലോകം ത്യജിച്ചത്? അതോ തന്റെ തന്നെ കർമ്മഫലങ്ങൾ തിരിഞ്ഞടിച്ച തിലുള്ള പ്രായശ്ചിത്തമോ? മനസ്സു ചഞ്ചലമായിരുന്നു. ഒക്കെ എറിഞ്ഞു തകർത്തുകളയു വാനുള്ള ക്രോധം, വിഷാദം, നിസ്സഹായത. എറിയാൻ ഒന്നേ കൈയിലുണ്ടായി രുന്നുള്ളല്ലോ - ഞെരിഞ്ഞു തകർന്ന സ്വന്തം ജീവിതം."[23] (ടി.പു. 95) അതിനെ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടപ്പോഴാണ് യാദൃച്ഛികമായി സന്യാസത്തിലേക്കുള്ള വഴി തുറന്നത്.

അന്നു പകൽ കണ്ട തീർത്ഥാടകയെ കണ്ടെത്താനും ആലിംഗനം ചെയ്യാനും അവരുടെ മനസ്സു വെമ്പി. അവർ തനിക്കു തരുമായിരുന്ന സ്നേഹവും, താൻ തിരഞ്ഞു നടന്നിരുന്ന സകലതും അവരിൽ നിന്നേറ്റു വാങ്ങാൻ സുമിത്രാനന്ദജി വെമ്പുകയായിരുന്നു. സ്നേഹമെന്ന വികാരത്തെക്കുറിച്ചോർ ക്കുമ്പോഴാണ് ഒരിക്കൽ തന്റെ കാതിലെത്തിയ വികാരനിർഭരമായ വാക്കുകൾ അവർ ഓർക്കുന്നത്. "സ്നേഹമെന്നത് ഒരു വികാരമല്ല, തേതിക്കുട്ടീ; അത് ഒരു തരം സ്വഭാവമാണ്, അനുഭൂതിയാണ്, ലയനമാണ്. അത് മനസ്സിലാക്കാത്തവർക്ക് ആർക്കും സുഖം കിട്ടുകയില്ല."[24] (ടി.പു. 96) ഇതു മനസ്സിലാക്കാത്തതായിരുന്നു അവരുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണവും. തന്റെ ഭർത്താവിന്റെ മഹനീയത മനസ്സിലാക്കാൻ തനിക്ക് അന്നാകുമായിരുന്നില്ല. അന്നു പലപ്പോഴും അവർ ഓർത്തിട്ടുണ്ട് : "എന്തിനാണ് താൻ ഇത്ര വലിയ തറവാട്ടിൽ വന്നുകൂടിയത്? ഇത്രയും നല്ല ഭർത്താവിനെ കിട്ടിയതെ ന്തിനാണ്? കടമകളുടെ ഒരു ചങ്ങല തന്നെ തങ്ങളെ കെട്ടിയിടുന്നു. കുറെക്കൂടി പാവപ്പെട്ട കുടുംബത്തിൽ, കുറച്ചു തന്റേടക്കാരനും ലമ്പടനുമായ പുരുഷന്റെ

ക്കുടെയാണെങ്കിൽ കൂടി ഇതിലും ഭേദമാകുമായിരുന്നു എന്നു തോന്നി. അയാൾ തന്നെ തല്ലിയേക്കാം, അവഗണിച്ചേക്കാം. പക്ഷേ, വല്ലപ്പോഴുമെങ്കിലും വികാരം കൊള്ളുകയും ഓമനിക്കുകയും ചെയ്തേനേ. താൻ വള്ളത്തോൾ കവിത വായിക്കുമ്പോൾ ഇദ്ദേഹം ഗീത ഉദ്ധരിച്ചു മടുപ്പിച്ചുകളയുന്നു.[25] (ടി.പു. 97)

തന്റെ ജീവിതം പല ഘട്ടങ്ങളിലൂടെ കടന്നുവന്നതിന്റെ അടിസ്ഥാനകാരണം ഈ അസംതൃപ്തിയായിരുന്നുവെന്ന് സുമിത്രാനന്ദജി തിരിച്ചറിയുന്ന പല സന്ദർഭങ്ങളിൽ ഒന്നാണിതും. തന്റെ നിസ്സഹായതയെക്കുറിച്ച് ഉണ്ണി പലപ്പോഴും വാചാലനായിട്ടുണ്ട്. അത്തരം ഒരു സന്ദർഭത്തിൽ, "തേതിക്കുട്ടി കാത്തിരുന്ന മുഷിയണുണ്ടാവും, ല്ലേ? എന്താ ചെയ്ക? തേവാരം കഴിയുമ്പോളേയ്ക്കും കാര്യസ്ഥൻമാരുടെ വരവാകും. കണക്കുകളുണ്ടാവും. അപ്പൻ പലതും ഉപദേശിക്കും. എനിക്കാണെങ്കിൽ ഇതൊന്നും ഒരു വസ്തു മനസ്സിലാകുന്നുമില്ല. എന്നാലും കടമ പാലിക്കണ്ടേ?"[26] (ടി.പു. 97) എന്നു പറഞ്ഞ ഉണ്ണിയോട് പരിഭവത്തോടെ തേതി ചോദിക്കുന്നു : "ഈ കടമ എന്നു പറയണതു സ്വന്തം പത്നിയോടു പാടില്ല എന്നു ഗീത പറഞ്ഞിട്ടുണ്ടോ? അപ്പനും കാര്യസ്ഥൻമാർക്കും മറ്റാളുകളുണ്ട്. എനിക്കോ? ഇജ്ജന്മത്ത് ഇനി ഇവിടുന്നല്ലാതെ മറ്റാരാണുള്ളത്?"[27] (ടി.പു. 97) അതിനു മറുപടിയായി അവളുടെ പുറം തലോടിക്കൊണ്ട്, "ഞാനും നീയും ഒന്നാണ്, തേതിക്കുട്ടി! നമുക്ക് ഏതു നേരവും ഒരുമിച്ചിരിക്കാൻ പറ്റിയെന്നു വരില്ല. പക്ഷേ, നമ്മൾ ഒന്നാണ്. അതറിഞ്ഞാൽ ദുഃഖിക്കേണ്ടി വരില്ല"[28] (ടി.പു. 97) - എന്ന് ഉണ്ണി ആശ്വസിപ്പിക്കുന്നുണ്ട്. ഉണ്ണിയുടെ വാക്കുകൾ വെറും വാക്കല്ല എന്നു കാണിക്കാനുതകുന്ന സന്ദർഭമാണ് പൂത്തിരുവാതിര നാളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള വിവരണം.

എന്നാൽ അമൂല്യമായ ആ തിരിച്ചറിവ് കൈവരാൻ അവസരം കിട്ടാതിരുന്ന തേതി അതുമൂലം ഏറെ ദുഃഖങ്ങൾ സഹിക്കേണ്ടിവന്നു. "വിപ്ലവകാരിയായ സഹോദരനിൽ നിന്നു വീണുകിട്ടിയ വെളിച്ചത്തിന്റെ ഒരു തിരി അവളുടെ മനസ്സിൽ ജ്വലിച്ചു. വാശി, അഭിമാനം, ആകാംക്ഷ. തന്റെ മാത്രമല്ല, തന്റെ സമുദായത്തിന്റെയും രാജ്യത്തിന്റെയും മോചനത്തിന് അവൾ കൊതിച്ചു. ജീവിതത്തെപ്പറ്റി - സ്വാതന്ത്ര്യത്തെപ്പറ്റി - വേഷവിധാനത്തെ പ്പറ്റിപ്പോലും നൂറുനൂറ് ആവലാതികളുണ്ട്.

പ്രതിഷേധമുണ്ട്. ഒരു മാറ്റത്തിനു വേണ്ടി അവൾ വെമ്പി.[29] (ടി.പു. 97) ഈ വെമ്പലാണ് യാദൃച്ഛികസന്ദർഭങ്ങളിലൂടെ ഇല്ലം വിട്ടിറങ്ങാനും ഇന്നുള്ള അവസ്ഥയിലേക്ക് എത്തിച്ചേരാനും കാരണമായത്.

ജീവിതം ഇത്രയും മുന്നോട്ടു പോയപ്പോഴാണ് ആരും ഒരിക്കലും ആത്യന്തികമായി സ്വതന്ത്രരല്ലെന്ന് അവർ തിരിച്ചറിയുന്നത്. "ആചാരങ്ങളുടെ ബന്ധനം, നിയമത്തിന്റെ ബന്ധനം, ആശകളുടെ ബന്ധനം, സ്നേഹത്തിന്റെ പോലും ഒരു തരം വിലങ്ങായാണല്ലോ അനുഭവപ്പെടാറ്. പാവപ്പെട്ട മനുഷ്യാത്മാവിന് ഇതിൽ നിന്ന് മോചനമില്ലേ?"[29] (ടി.പു. 98) എന്നവർ ചിന്തിക്കുന്നു.

തന്നിൽ അന്തർലീനമായിരിക്കുന്ന അതൃപ്തിയുടെ മൂലകാരണം തേടുന്ന സുമിത്രാനന്ദജി ചെന്നെത്തുന്നത് വളരെ പരിപാവനമായ ഒരു സന്നിധിയാലാണ്. തന്നെ ഈ അവസ്ഥയിലെത്തിച്ച അതൃപ്തികളിൽ പ്രധാനമായും ഉരുത്തിരിഞ്ഞുവരുന്നത് രണ്ടു വികാരങ്ങളാണെന്നവർ തിരിച്ചറിയുന്നു : "കാമത്തെ ജയിക്കാൻ വേണ്ടി ജനിച്ചവളായിരുന്നോ താൻ? ആവോ! അന്തർമണ്ഡലത്തിന്റെ അഗാധതയിൽ പരതിനോക്കി. അന്ന് ആ മണിമച്ചകത്തു വെച്ചുണ്ടായ കാമത്തിന്റെ അസംതൃപ്തിയായിരുന്നോ തന്നെ വഴിതിരിച്ചത്? അവസാനം താൻ ആ വികാരത്തെ ജയിച്ചു. വെറുത്തു. നിരസിച്ചു. കാമം എന്ന പേരു കേട്ടാൽ പോലും കലിയായിരുന്നു. പക്ഷെ, സർവ്വ ജീവജാലങ്ങളിലും അന്തർലീനമായ സൃഷ്ടിവാസനയെ വെറുക്കാൻ കഴിഞ്ഞുവോ? അവർ നെടുവീർപ്പോടെ ആശ്രമപരിസരത്തിൽ നോക്കി : ശിഷ്യകൾ, സന്തതികൾ, മാതാജി, അമ്മ - അതേ, സ്ത്രീയുടെ ഏതു ജീവിതാഭിലാഷത്തിനും അവസാനം ഈ കടവിലടുത്തെങ്കിലേ നിർവൃതിയുള്ളൂ"[31] (ടി.പു. 98) "എന്റെ മക്കളേ!" എന്നു വിളിച്ച് സർവ്വ ജീവജാലങ്ങളെയും ചുംബിക്കാൻ ആഗ്രഹിച്ചു അവർ. പക്ഷെ ആർക്കും അമ്മയെ വേണ്ടെന്നും എല്ലാവർക്കും ഗുരു, യോഗിനി എന്നീ ഭാവങ്ങളോടെയുള്ള ആരാധനയും, അതിൽ നിന്നുള്ള അനുഗ്രഹവും മാത്രം മതി എന്നും അവർ ഗ്രഹിച്ചു. നിറഞ്ഞ മനസ്സോടെ "അമ്മേ" എന്നു വിളിക്കുന്ന ഒരു കുഞ്ഞിനെ യെങ്കിലും കണ്ടെത്താനവർക്കായില്ല.

വളരെ ആശ്ചര്യത്തോടെയാണ് യോഗിനി ഈ അവസ്ഥകൾ രണ്ടും തന്റെ ജീവിതത്തിലുണ്ടായിട്ടില്ലെന്ന് തിരിച്ചറിയുന്നത്. "കാമം" എന്ന് പൊതുവെ പറയുന്ന സൃഷ്ടിവാസനയും അതിന്റെ പരിണതഫലമായ സൃഷ്ടിയും തന്നിലൂടെ നടന്നിട്ടില്ലെന്നും ഇവ രണ്ടിന്റേയും അഭാവം ഇപ്പോഴും തന്നിലുണ്ടെന്നും അവർ തിരിച്ചറിയുന്നു. തന്റെ ഈ അവസ്ഥാപരിണതികൾക്കെല്ലാം കാരണമായി ലൈംഗികമായ അസംതൃപ്തിയും മാതൃത്വപൂർത്തിയുടെ അഭാവവുമാണ് ആത്യന്തികമായി അവർ കണ്ടെത്തുന്നത്.

കഴിഞ്ഞ രാത്രിയിൽ, അവിചാരിതമായി, താൻ പൂർവ്വാശ്രമത്തിലേയ്ക്ക് മനസ്സുകൊണ്ടു നടത്തിയ തിരിച്ചുപോക്കിനാൽ തന്റെ പ്രഭാതകർമ്മങ്ങൾ എല്ലാം തെറ്റിയിരിക്കുന്നു എന്നു മനസ്സിലാക്കിയ മാതാജി ഗംഗാനദിയിൽ ആണ്ടുമുങ്ങി വന്ന് ഗുരുദേവന്റെ ചിത്രത്തിനു മുന്നിലെത്തി പ്രാർത്ഥിക്കുന്നു. പക്ഷെ, ആ ഗുരുദേവന്റെ മുഖത്തിനു പകരം തന്റെ മനസ്സിൽ എന്നും കൂടെയുണ്ടായിരുന്ന മറ്റൊരു രൂപം മുന്നിൽ നിൽക്കുന്നതായി സുമിത്രാനന്ദജി ആശ്ചര്യപൂർവ്വം തിരിച്ചറിയുന്നു - "ഇല്ല. അങ്ങയിൽ നിന്ന് എനിക്ക് മോചനമില്ല. അങ്ങാണ് എന്റെ ഈശ്വരൻ, ഗുരു, നേതാവ്! മാപ്പു തരൂ, ഗുരുദേവാ! ഈ പാപിയെ സ്വീകരിച്ചാലും. അന്ന് അങ്ങു പറഞ്ഞിരുന്നല്ലോ, സ്നേഹം വിയോഗമറിയില്ലെന്ന്. അങ്ങ് ഒരിക്കലും എന്നിൽ നിന്ന് വേർപെട്ടിട്ടില്ല. അങ്ങയെപ്പറ്റി ധ്യാനിക്കുന്നതുപോലെ സുകൃതം മറ്റെന്തുണ്ട്?"[32] (ടി.പു. 99) ദാമ്പത്യജീവിതത്തിന്റെ ബാക്കിപത്രങ്ങളിൽ നിന്ന് തനിക്കൊരിക്കലും മോചനമില്ലെന്ന തിരിച്ചറിവ്, മന്ത്രം ചൊല്ലി നിഷേധിച്ചാൽ അറ്റുപോകുന്നതല്ല മാനുഷിക ബന്ധങ്ങൾ എന്ന തിരിച്ചറിവിലേക്ക് അവരെ എത്തിക്കുന്നു. അന്നത്തെ പ്രാർത്ഥനായോഗത്തിൽ അവർ ഒന്നും സംസാരിച്ചില്ല. അവസാനം പാപപരിഹാരാർത്ഥം താൻ ഒരു വ്രതം സ്വീകരിക്കുന്നു എന്നു മാത്രം പറഞ്ഞു. ഒരു ശംഖിൽ കൊള്ളുന്ന ജലവും മൂന്നു തുളസിയിലയും ഭക്ഷിച്ചുകൊണ്ട് മൗനമായി പന്ത്രണ്ടു ദിവസത്തേയ്ക്കായിരുന്നു വ്രതനിഷ്ഠ. ഒരു പക്ഷേ സ്വയം വിലയം പ്രാപിക്കുക (മരണം വരിക്കുക) എന്ന ലക്ഷ്യത്തിലേക്കുള്ള അവസാനശ്രമമായിരുന്നിരിക്കണം ഈ വ്രതചര്യ.

അഗ്നിയെ സംബന്ധിക്കുന്നതെല്ലാം തനിക്ക് ഉന്മേഷം പകരുന്ന ഒന്നായിത്തീർന്നത് എന്നു മുതലാണെന്ന് യോഗിനിയ്ക്കറിയില്ല. അഗ്നി അവരുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ് - ചെറുപ്പം മുതൽ തന്നെ. കുഞ്ഞായിരുന്നപ്പോൾ അമ്മയോടും സഹോദരനോടുമൊപ്പം കെട്ടുവഞ്ചിയിൽ ഗുരുവായൂർ ദർശനത്തിനു പോയത് അവർ ഓർത്തു. പുഴയോരത്തെയും പുഴയിലെയും കാഴ്ചകൾ ആസ്വദിച്ചു കൊണ്ടിരിക്കെ തീരത്തൊരിടത്ത് നിറയെ മെഴുകുതിരികൾ പ്രകാശിക്കുന്ന ഒരമ്പലം ശ്രദ്ധയിൽ പെട്ടു. മണിനാദവും, അമ്മയുടെ നന്മയെ വാഴ്ത്തുന്ന പ്രാർത്ഥനയും കേട്ട ബാലിക ജ്യേഷ്ഠനോട് അവിടെയിറങ്ങി തൊഴാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അത് അമ്പലമല്ല എന്നും നസ്രാണികളുടെ പ്രാർത്ഥനാസ്ഥലമാണെന്നും, ആഗ്രഹമുണ്ടെങ്കിൽ ഇറങ്ങി തൊഴാമെന്നും ജ്യേഷ്ഠൻ അറിയിച്ചതനുസരിച്ച് അവർ അമ്മയറിയാതെ ജ്യേഷ്ഠനോടൊപ്പം അവിടെയിറങ്ങി ദർശനം നടത്തി. ആ സമയത്ത് ജ്യേഷ്ഠൻ ആ ദേവാലയത്തിലെ മാതാവിന്റെ മഹനീയതയെക്കുറിച്ച് വിവരിച്ചുകൊടുത്തു. ആരുടെ അമ്മ, ശ്രീകൃഷ്ണന്റെയോ, ശ്രീരാമന്റെയോ? എന്ന് സംശയം ചോദിച്ച കുട്ടിയോട്, "അല്ല കുട്ടീ, ശ്രീ യേശുവിന്റെ അമ്മയായ മറിയത്തിന്റെ പ്രതിമയാണിത്. ലോകത്ത് ഇത്ര ഭാഗ്യമുള്ള ഒരു സ്ത്രീ വേറെ ഉണ്ടായിട്ടില്ല. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കു വേണ്ടി ബലിയാടായ ഒരു പുത്രനുണ്ടായല്ലോ അവർക്ക്[33] (ടി.പു. 105) എന്നു വിശദീകരിക്കുകയും ഉണ്ടായി. അന്ന് മനസ്സിൽ [ആഹാ, എത്ര നല്ല അമ്മ! എന്തൊരന്തസ്സാണ്! എനിക്കും ഇതുപോലെ ഒരമ്മയാവണം][34] (ടി.പു. 105) എന്നുറപ്പിച്ചു. മാതൃത്വത്തിന് - വിഖ്യാതമായ മാതൃത്വത്തിന് - വേണ്ടിയുള്ള ത്വര അന്നു മുളയിട്ടതാണ് മനസ്സിൽ. പക്ഷെ, ജീവിതം ഇത്രയേറെ തലങ്ങളും അവസ്ഥകളും പിന്നിട്ടിട്ടും അതുമാത്രം നേടിയെടുക്കാൻ അവർക്കായില്ല. ഇപ്പോൾ, ഈ രാത്രിയിൽ, അവർ തങ്കത്തിന്റെ മകനെക്കുറിച്ച് - തനിക്കു കൂടി അവകാശപ്പെട്ട മകനെക്കുറിച്ച് ഓർക്കുന്നു.

ശ്രാവണ ദ്വാദശി ദിവസം. അമ്മ പാരാണ വീടുന്നതിന്നാണ്. അമ്മയുടെ ആരോഗ്യത്തിൽ ഉത്കണ്ഠാകുലരായ അനുയായികൾ - ഭക്തർ - അമ്മയ്ക്ക് ആപത്തൊന്നും വരാതിരിക്കാനും അമ്മയെ വെറുപ്പിച്ച സ്ത്രീ, പൂർവാശ്രമത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ച തെറ്റിന് തങ്ങൾക്ക് മാപ്പു തരണേയെന്നും പ്രാർത്ഥിച്ചു

കൊണ്ടിരിക്കുകയായിരുന്നു. ഭക്തരെ അനുഗ്രഹിക്കുന്നതിൽ മുഴുകിയിരുന്ന അമ്മ, പെട്ടെന്ന് ബോധരഹിതയായി, "എന്റെ ഏടത്തിയമ്മ ..." എന്നു ജല്പിച്ചുകൊണ്ട് ബോധരഹിതയായി പുറകിൽ വീണു കിടക്കുന്ന സ്ത്രീയുടെ അടുത്തെത്തി. അവരുടെ ശിരസ്സിൽ തലോടി, "ഭദ്രേ ആശ്വസിക്കൂ, പരമാത്മാവു നിന്നെ രക്ഷിക്കട്ടെ", എന്നാശിർവദിച്ചു. അവരുടെ സമീപത്തു നിന്നിരുന്ന മാന്യൻ പറഞ്ഞു : "സാരമില്ല, പതിവുള്ളതാണ്, മാറിക്കോളും". യോഗിനീമാതാവാകട്ടെ, അവർക്കു വേണ്ടി ജപിച്ചുകൊണ്ടേ ഇരുന്നു. സാവധാനം കൺമിഴിച്ച വൃദ്ധ താൻ വീണ്ടും അവരെ തേടിയെത്തിയ തെറ്റിന് മാപ്പിരക്കുകയും, ചെറുപ്പത്തിൽ തനിക്കുണ്ടായിരുന്ന ഗുരുവിനെപ്പറ്റി പറയുകയും ആ ഗുരുവിന്റെ അനുഗ്രഹവും ഭാര്യയിൽ എന്നും സംപ്രീതമായിരുന്ന അദ്ദേഹത്തിന്റെ മനസ്സും അറിയിക്കാനാണ് വീണ്ടും വന്നതെന്ന് അറിയിക്കുകയും ചെയ്തു. ആ ഗുരുവിന്റെ വിയോഗവാർത്ത ശ്രവിച്ച യോഗിനി, പോയവർ ഭാഗ്യവാൻമാരാണെന്നും, ജീവിച്ചിരിക്കുന്നവർ ശോച ്യരാണെന്നുമുള്ള തന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നു.

ആ വൃദ്ധ, പണ്ടൊരിക്കൽ തന്റെ സഖിയ്ക്കു താൻ കൊടുത്ത വാക്കു പാലിക്കാനാവാത്തതിൽ മാപ്പിരന്നു. ഇന്ന് തന്റെ മകനെയും അവന്റെ മകളെയും - ദേവു (ദേവകി) - കൂട്ടിയാണ് വന്നിരിക്കുന്നതെന്ന് അറിയിച്ചു; കുട്ടികളെ സ്വീകരിച്ച് അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. പരമാത്മാവിന്റെ സന്നിധിയിൽ പുണ്യപാപങ്ങളില്ലെന്ന് യോഗിനി അവർക്ക് സദ്വചനം ഉപദേശിച്ചു. പിന്നീട് ആ വൃദ്ധ, താൻ നിധിപോലെ സൂക്ഷിച്ച ആ താലി യോഗിനിയുടെ കൈയിലേല്പിക്കുന്നു. അവരത് സൂക്ഷിച്ചുനോക്കി. തുടർന്ന് "അഗ്നയേ, ഇദം നമ" എന്നു മന്ത്രിച്ച് തന്റെ മുന്നിലെ അഗ്നികുണ്ഡത്തിൽ സമർപ്പിച്ചു. പിന്നീട് വിരലുകൾ കൊണ്ട് തോണ്ടിയെടുത്ത് ഉള്ളംകൈയിലിട്ട് തിരുമ്മി ശുദ്ധി ചെയ്ത് ദേവുവിന്റെ കൈയിൽ വെച്ചുകൊടുത്തു. - "കുട്ടീ, ഇതാ ഇതു വാങ്ങൂ! ഇതു തനി തങ്കമാണ്! കലർപ്പു കൂട്ടരുത്, ഉരുക്കിയടിച്ചു നിന്റെ തലമുറയ്ക്ക് ഇഷ്ടമുള്ളതു പണിയൂ; ഒന്നു സൂക്ഷിക്കണം. ഒരിക്കലും ഇതിന്റെ മാറ്റു കുറയ്ക്കരുത് ... സ്വസ്തി ഭവതു! സ്വസ്തി; സ്വസ്തി! ..."[35] (ടി.പു. 110) അവർ അവളെ അനുഗ്രഹിച്ചു.

ഒരിക്കൽ അഗ്നിസാക്ഷിയായി തന്റെ കഴുത്തിൽ അണിയിക്കപ്പെട്ട പരിപാവനമായ ആ മംഗല്യസൂത്രം അഗ്നിസാക്ഷിയായിത്തന്നെ അവർ അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്തു. പിന്നീടവർ സ്വയം നഷ്ടപ്പെട്ടതുപോലെ നിന്നപ്പോൾ വൃദ്ധയുടെ പിന്നിൽ ഒതുങ്ങിനിന്നിരുന്ന മാന്യൻ - അപ്പു - അമ്മയുടെ - യോഗിനിയുടെ - കാലുകളിൽ എന്നെ സ്വീകരിക്കൂ എന്നു പറയുന്നതുപോലെ, ഞാനിതാ വന്നിരിക്കുന്നു എന്നു പറയുന്നതുപോലെ, അഭയം പ്രാപിച്ചു; അവരുടെ കാല്ക്കൽ സ്വയം സമർപ്പിതനായി.

മാതാജിയാകട്ടെ തന്റെ പാദങ്ങളിൽ തലമുട്ടിച്ച് പ്രണമിച്ച് സമർപ്പിതനായ ആ പുത്രനെ - ശിഷ്യനല്ല, ആരാധകനല്ല, സാക്ഷാൽ പുത്രൻ തന്നെ - സ്വീകരിച്ച് അയാളുടെ ശിരസ്സിൽ കൈവെച്ച്, മുടിയിഴകളിൽ വിരലോടിച്ച്, വിതുമ്പുന്ന ചുണ്ടുകളിൽ ഉച്ചരിക്കാത്ത ശബ്ദമായി മകനേ ... എന്റെ മകനേ ... എന്ന് വരാനിരിക്കുന്ന തലമുറകൾ മുഴുവൻ കേൾക്കത്തക്കവിധം മനസ്സുകൊണ്ടുരുവിട്ടു. പ്രപഞ്ചത്തിന്റെ അനന്തതയോളം ആ അമ്മയുടെയും മകന്റെയും വിളികൾ എത്തിയിരിക്കണം. പ്രകൃതിയുടെ സർവ്വാംഗങ്ങളിൽ നിന്നും സ്തന്യം ഊറിവരും പോലെയുള്ള ഒരു ശുഭ മുഹൂർത്തമായിരുന്നു അത്. അവിടെ ഒരു തപസ്സിന്റെ അന്ത്യമായി; പുതിയ യുഗത്തിന്റെ പിറവിയായി; സ്വസ്തിവാചകം പോലും നിശ്ശബ്ദമായിപ്പോയി.

ഏതൊന്നിൽ നിരാശയായി താൻ ജീവിതത്തിൽ വിവിധ അവസ്ഥകളിലൂടെ യാത്ര ചെയ്തുവോ, അത് ഇപ്പോൾ തന്റെ കാല്ക്കൽ പകൽപോലെ, പ്രപഞ്ചം പോലെ സത്യമായി സ്വയം സമർപ്പിതമായി വന്നുചേർന്നിരിക്കുന്നു. പുത്രലാഭത്താൽ അമ്മ സന്തുഷ്ടയായി; സാഫല്യമടഞ്ഞവളായി.

മിസ്സിസ് കെ.എം.കെ. നായർ (തങ്കം)

"അഗ്നിസാക്ഷി"യെന്ന നോവലിലെ ഇതിവൃത്തം മുന്നോട്ടുപോകുന്നത് തങ്കം നായർ (മിസ്സിസ് കെ.എം.കെ. നായർ) എന്ന വിജാതീയയായ ഒരു സ്ത്രീയുടെ

കാഴ്ചപ്പാടിലൂടെയാണ്. അതുകൊണ്ടുതന്നെ രണ്ടാം സ്ഥാനം അർഹിക്കുന്ന നായികയായി അവർ നോവലിലുടനീളം മിഴിവോടെ നിൽക്കുന്നു. ആദ്യത്തെ അദ്ധ്യായത്തിൽ ഗംഗാനദിയുടെ പശ്ചാത്തലത്തിൽ തുടങ്ങി അവസാന അദ്ധ്യായത്തിൽ മോഹാലസ്യത്തിനടിമയാവുകയും, അമ്മയുടെ അനുഗ്രഹത്താൽ ഉണർന്ന് തന്റെ അനന്തരതലമുറകളെ അമ്മയുടെ കാൽക്കൽ അർപ്പിക്കുകയും ചെയ്യുന്ന വൃദ്ധയുടെ അവസ്ഥവരെ നീണ്ടുനിൽക്കുന്ന അവരുടെ ജീവിത ചിത്രണത്തിൽ, ഒരുപാട് അനുഭവങ്ങളിലൂടെയും അവസ്ഥകളിലൂടെയും കടന്നുവന്ന ഇരുത്തം വന്ന ഒരു തറവാട്ട മ്മയുടെ മട്ടും മിഴിവും ഈ കഥാപാത്രത്തിനു നൽകാൻ നോവലിസ്റ്റിനായിട്ടുണ്ട്.

നോവലിന്റെ ആരംഭത്തിൽ, ജീവിതത്തിൽ തന്നെ ഏറെ മനസ്സിലാക്കുകയും തുണയ്ക്കുകയും ചെയ്തിട്ടുള്ള, തന്റെ ജ്യേഷ്ഠസഹോദരന്റെ സ്ഥാനമുള്ള, ഉണ്ണിയുടെ ചിതാഭസ്മം ഗംഗയുടെ മാറിൽ നിമജ്ജനം ചെയ്ത് ദേവുവിനെക്കൊണ്ട് പിതൃതർപ്പണം ചെയ്യിക്കാനാണ് അവർ സ്നാനഘട്ടത്തിൽ എത്തുന്നത്. അവിടെവെച്ച്; തികച്ചും യാദൃച്ഛികമായി അവർ ഒരു കാലത്ത് ഉണ്ണിയുടെ ഭാര്യയായിരുന്ന, ഇന്ന് ഇന്ത്യ മുഴുവൻ ആരാധിക്കുന്ന യോഗിനിയെ കണ്ടെത്തുന്നു. അതോടെ തന്നിൽ അർപ്പിതമായ കർത്തവ്യം നിറവേറ്റി തിരിച്ചുപോകാനിരുന്ന അവർ യാത്ര മാറ്റിവെച്ച് യോഗിനീ സന്ദർശനത്തിന് അവസരം പ്രതീക്ഷിച്ചിരിക്കുന്നു. അതിനിടയിൽ അവർ അനുവാചകരെ പഴയ മാനമ്പള്ളി ഇല്ലത്തേക്കും അവിടത്തെ ജീവിതത്തിലേക്കും കൂട്ടിക്കൊണ്ടുപോകുന്നു.

മാനമ്പള്ളി ഇല്ലത്ത്, ഉണ്ണിയുടെ ഭാര്യയായി തേതി കുടികയറുന്നത് നാം കാണുന്നത് തങ്കം നായരുടെ കണ്ണുകളിലൂടെ - ഓർമ്മയിലൂടെ-യാണ്. ആ കുടിവെപ്പു സമയത്ത് വിജാതീയ സന്തതി എന്ന നിലയിൽ തങ്കത്തിനുണ്ടായ അനുഭവം അക്കാലത്ത് നമ്പൂതിരി സംബന്ധത്തിൽ നായർ സ്ത്രീയിലുണ്ടായ ഏതൊരു കുട്ടിയുടെയും അനുഭവമായിരുന്നു. വിജാതീയമക്കളെ നികൃഷ്ട ജന്മങ്ങളായാണ് അന്ന് നമ്പൂതിരിമാർ കണക്കാക്കിയിരുന്നത്. അവർക്ക് അച്ഛന്റെ സ്വത്തിൽ അവകാശമില്ല എന്നു മാത്രമല്ല, അച്ഛനെ തൊടാൻ അനുവാദമോ അച്ഛന്റെ

ലാളനയേൽക്കാനുള്ള ഭാഗ്യമോ ലഭിച്ചിരുന്നില്ല. പ്രായപൂർത്തിയാകുന്നതോടെ ഏതെങ്കിലും നമ്പൂതിരിയേയോ, നാടുവാഴിയേയോ സ്വപ്നം കാണാം; തലവിധിയനുസരിച്ച് വന്നു ചേരുന്ന പുരുഷന്റെ ബീജം ഗർഭപാത്രത്തിലേറ്റു വാങ്ങി മറ്റൊരു തലമുറയ്ക്ക് ജന്മം നൽകാം. ഇത്തരത്തിൽ തുടർന്നുപോന്ന ദുരന്തജീവിതത്തിന്റെ മൂകസാക്ഷികളായി അന്ന് ഒരുപാടുപേർ സമൂഹത്തിൽ ജീവിച്ചിരുന്നു.

എന്നാൽ മാനമ്പള്ളി ഇല്ലത്തെ ഭരണകർത്താവായ അപ്പന്റെ - ഇരവിരവി നമ്പൂതിരിയുടെ - മകളായതുകൊണ്ട്, ചില പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും, തങ്കത്തിന് ചില്ലറ സ്വാതന്ത്ര്യം അനുവദിച്ചു കിട്ടിയിരുന്നു. പക്ഷെ, അത് പുറംലോകം അറിയരുതെന്ന് മാത്രം. കടുത്ത ശുദ്ധാശുദ്ധം പാലിക്കുന്ന നമ്പൂതിരിമാർ ഏറെപ്പേർ ഉണ്ടായിരുന്നതുകൊണ്ടും, ഒരു മംഗള മുഹൂർത്തത്തിൽ വിജാതീയ സന്തതിയുടെ സാന്നിദ്ധ്യം അശുഭമാണെന്ന വിശ്വാസമുണ്ടായിരുന്നതുകൊണ്ടും ഉണ്ണിനമ്പൂതിരിയുടെ വേളിയിൽ അവൾക്ക് പങ്കെടുക്കാനായില്ല. അതിന്റെ ഫലമായി, വാശിക്കാരനായ അപ്പന്റെ ആ മകൾ പിന്നീട് തേതി ക്ഷണിക്കുന്നതുവരെ ഇല്ലത്തേക്കു കടന്നിട്ടില്ല.

അക്കാലത്തെ സമ്പ്രദായമനുസരിച്ച് നമ്പൂതിരിമാർ നായർ വീട്ടിൽ സംബന്ധത്തിനെത്തുകയാണ് പതിവ്. എന്നാൽ മാനമ്പള്ളി ഇല്ലത്തെ ഭരണ കർത്താവായ ഇരവിരവി നമ്പൂതിരി നായരുവീട്ടിലെ അമ്മാളുക്കുട്ടിയെ ഇല്ലത്തെ പത്തായപ്പുരയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. മാത്രമല്ല, ഭാര്യയ്ക്ക് ആഡംബര പൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുന്നുമുണ്ട് അദ്ദേഹം. വായിക്കാൻ പത്രമാസികകൾ, മകളെ താമസസ്ഥലത്തു വന്നു പഠിപ്പിക്കാൻ അദ്ധ്യാപകൻ എല്ലാം അദ്ദേഹം ഏർപ്പാടാക്കി. നേത്യാരമ്മ വായിച്ചശേഷം പുസ്തകങ്ങൾ തേതിക്ക് എത്തിക്കുന്നത് തങ്കമാണ്. നാട്ടുനടപ്പില്ലാത്ത ഇക്കാര്യങ്ങളൊന്നും അംഗീകരിക്കാൻ മാനമ്പള്ളി ഇല്ലത്തിന്റെ അകത്തളത്തിലുള്ളവർക്കായില്ല. അവർ മുറുമുറുപ്പോടെ മാത്രമേ ഇതെല്ലാം നോക്കിക്കണ്ടിരുന്നുള്ളൂ. സ്ത്രീകൾക്ക് അക്ഷരാഭ്യാസം നിഷിദ്ധമെന്നു കരുതുന്ന മാനമ്പള്ളി ഇല്ലത്തെ സ്ത്രീകൾ തങ്കത്തെ

ുറിച്ചുനോക്കുകയും പരിഹസിക്കുകയും ചെയ്യുന്നുണ്ടെങ്കിലും തങ്കം അതൊന്നും കാര്യമായെടുത്തിരുന്നില്ല; കാരണം അവൾ അവിടുത്തെ അപ്പന്റെ മകളാണ് !

ക്രമേണ തങ്കവും തേതിയും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമായി. തേതിയുടെ ഓപ്പയ്ക്കുള്ള കത്തുകൾ തങ്കംവഴി പോയി, മറുപടി അവൾ വഴിക്ക് എത്തുക എന്നതും പതിവായി. അതിലൂടെ തങ്കം, പി.കെ.പി. നമ്പൂതിരിയെ നേരിൽക്കാണാതെ തന്നെ ആരാധിക്കാൻ തുടങ്ങുന്നു. പി.കെ.പി. നമ്പൂതിരിയുടെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും നമ്പൂതിരിമാർക്ക് വിജാതീയ സ്ത്രീകളിലുണ്ടാവുന്ന സന്തതികളോടുള്ള അദ്ദേഹത്തിന്റെ സമീപനവും അവളെ ആകർഷിക്കുന്നു. തേതിയുമായുള്ള ആത്മബന്ധം വളർന്നു ശക്തിപ്രാപിച്ച ഘട്ടത്തിൽ, തനിക്കാണാദ്യം മകളുണ്ടാവുന്നതെങ്കിൽ അവൾ തേതിയുടേതു കൂടിയായിരിക്കുമെന്നും അവൾക്ക് തേതിയുടെ പേരിടാമെന്നും തേതിക്ക് വാക്കു നൽകുകവരെ ചെയ്യുന്നുണ്ട് തങ്കം.

ഈ ബന്ധം ശക്തമായി തുടരുന്ന ഘട്ടത്തിലാണ് വാശിപിടിച്ചു നേടിയ പഠനം എന്ന മഹത്തായ ലക്ഷ്യവുമായി തങ്കം പട്ടണത്തിലേക്ക് പോകുന്നത്. അതിനുശേഷം തമ്മിൽ കാണുകയുണ്ടായിട്ടില്ല. പിന്നീട് തങ്കം തേതിയെക്കുറിച്ച് പറയുന്നതെല്ലാം മറ്റുള്ളവർ പറഞ്ഞറിഞ്ഞ സംഭവങ്ങൾ മാത്രമാണ്.

പഠനത്തിനുള്ള അനുവാദം വാശിപിടിച്ചു നേടിയെടുക്കാൻ കഴിഞ്ഞുവെങ്കിലും അപ്പന്റെ മരണത്തോടെ ആ പഠനം മുടങ്ങുകയും ചെയ്തു. അവൾക്ക് തുടർന്ന് പഠിക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്ക് തേതി വീടുവിട്ടു പോവുകയും ചെയ്തിരുന്നു.

വിജാതീയ സന്തതികൾ നേരിടേണ്ടിവന്ന ഏറ്റവും വലിയ ദുര്യോഗം നോവലിസ്റ്റ് വരച്ചുകാണിക്കുന്നത് അപ്പന്റെ മരണസന്ദർഭത്തിലാണ്. അച്ഛൻ മരിച്ചതറിഞ്ഞ് എത്തിയ തങ്കത്തിന് അവസാന ശ്വാസത്തിലെങ്കിലും അദ്ദേഹത്തിന്റെ സ്പർശനം ലഭിക്കാൻ ഭാഗ്യമുണ്ടായി. പക്ഷേ, അവളെ തൊട്ടതിന്റെ അശുദ്ധവുമായി ഉടൽ വേർപെട്ടുപോയ ആത്മാവിനെ ശുദ്ധി ചെയ്യാൻ

നമ്പൂതിരിമാർക്ക് പ്രത്യേക കർമ്മങ്ങൾ ചെയ്യേണ്ടിവന്നു. അവളെയും അമ്മയേയും പടികടത്തിവിട്ട് പുണ്യാഹം തളിച്ചിട്ടേ ശേഷക്രിയകൾ ചെയ്യാവൂ എന്ന തീരുമാനം - നമ്പൂതിരി സമുദായത്തിലെ കർക്കശമായ ആചാരം - രണ്ടു മനുഷ്യമനസ്സുകളെ എത്രമാത്രം പിടിച്ചു നീറ്റുന്നു എന്നത് നോവലിസ്റ്റ് വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്.

ഉറപ്പിച്ച വിവാഹം വേണ്ടെന്നു പറഞ്ഞ് പഠിക്കാൻ പോകണമെന്നു വാശി പിടിച്ചപ്പോൾ അച്ഛന്റെ കൈയിൽ നിന്നു കിട്ടിയ അടിയുടെ വേദനയും, ഒരവധിക്കാലത്ത് വീട്ടിൽവെച്ച് അച്ഛന്റെ തലോടലേറ്റപ്പോഴത്തെ സ്വപ്നതുല്യമായ അനുഭവവും തങ്കം നായർക്ക് വയസ്സുകാലത്തും മറക്കാനാവാത്ത മാധുര്യമുള്ള ഓർമ്മകളാണ്. വിജാതീയമക്കൾക്ക് ഇത്തരം ചില സ്വപ്നതുല്യമായ അനുഭവങ്ങൾ മാത്രം അവശേഷിപ്പിച്ചുകൊണ്ട് അച്ഛൻ നമ്പൂതിരിമാർ കാലയവനികയ്ക്കുള്ളിൽ മറയുന്നു.

വിവാഹിതയായി ദൂരെയുള്ള പട്ടണത്തിലേയ്ക്ക് പോയതിനു ശേഷം അമ്മയിലൂടെയാണ് നാട്ടിലെ വിശേഷങ്ങൾ തങ്കം അറിഞ്ഞിരുന്നത്. തേതി മാനമ്പള്ളി ഇല്ലം വിട്ടുപോയ ശേഷം അവർക്കു നേരിടേണ്ടി വന്ന ഭ്രഷ്ടിനെക്കുറിച്ചും പ്രായശ്ചിത്തം ചെയ്ത് തിരിച്ചെടുക്കാനുള്ള ആലോചനകളെക്കുറിച്ചുമെല്ലാം തങ്കം അറിഞ്ഞത് അമ്മയിലൂടെയാണ്. അപ്പന്റെ മരണശേഷം തേതി ഒരു സംസാര വിഷയമേ അല്ലാതായി, മാനമ്പള്ളി ഇല്ലത്ത്. ഭർത്താവിന്റെ ജോലിത്തിരക്കു മൂലം നാട്ടിലേക്കുള്ള തങ്കത്തിന്റെ വരവും ചുരുങ്ങി. വിശേഷങ്ങളും വിവരങ്ങളും അന്വേഷിക്കുന്നതും അറിയുന്നതും വിരളമായി. അതുകൊണ്ടുകൂടിയാണ്, ഉണ്ണാമൻ എന്ന് ഒരു കാലത്ത് മാനമ്പള്ളി ഇല്ലത്തുള്ളവർ വിളിച്ചിരുന്ന റിട്ടയേർഡ് പട്ടാളക്കാരൻ ഡൽഹിയിൽ തന്റെ താമസസ്ഥലത്തെത്തി ദേവകി മാനമ്പള്ളിയുടെ വിലാസം തരാമോ എന്ന് ചോദിച്ചപ്പോൾ കുറ്റബോധം കൊണ്ട് തങ്കത്തിന്റെ - മിസ്സിസ്സ് നായരുടെ - തല താഴ്ന്നുപോയത്.

ഇടയ്ക്കെപ്പോഴെങ്കിലും നാട്ടിൽ പോയിരുന്ന സന്ദർഭങ്ങളിൽ ഉണ്ണിയേയും

തേതിയേയും ഒരുമിപ്പിക്കാൻ തങ്കം ശ്രമിക്കുന്നുണ്ട്. എന്നാൽ തങ്ങൾ രണ്ടു ധ്രുവങ്ങളിലാണെന്ന് അവരവർ മനസ്സിലാക്കിയതുകൊണ്ട് ആ ശ്രമം വ്യർത്ഥമാവുന്നു. ഒടുവിൽ ദേവുവിനേയും കൂട്ടി തറവാട്ടിലെത്തിയ തങ്കം കാണുന്നത് സർവ്വാത്മനാ ചെങ്ങനാട്ടപ്പനു സമർപ്പിതനായ ഉണ്ണിയെയാണ്. തങ്കം ഉണ്ണിയെ തന്നോടൊപ്പം പട്ടണത്തിലേക്കു ക്ഷണിക്കുന്നുണ്ടെങ്കിലും അയാൾ ആ ക്ഷണം സ്നേഹപൂർവം നിരസിക്കുന്നു. അത് അവസാനത്തെ കൂടിക്കാഴ്ചയായിരുന്നു. പിന്നീട് തങ്കത്തിന് അനിയൻ നമ്പൂതിരിയുടെ കൈപ്പടയിലുള്ള കത്തും പാർസലുമാണ് ലഭിക്കുന്നത്. അതിൽ മരണത്തിനു മുമ്പ് ഉണ്ണി തങ്കത്തിനെഴുതിവെച്ച കത്തും, തേതി സന്യാസം സ്വീകരിക്കുന്നതിനു മുൻപ് ഉണ്ണിക്കയച്ച കത്തും മംഗല്യസൂത്രവും അനിയൻ നമ്പൂതിരിയുടെ കുറിപ്പുമുണ്ടായിരുന്നു.

ആ കുറിപ്പിൽ സൂചിപ്പിച്ചിരുന്ന ഉണ്ണിയുടെ ആഗ്രഹമനുസരിച്ച് അപ്പുവിനെയും ദേവുവിനെയും കൂട്ടി, തങ്കം ഗംഗാതീരത്തെത്തിയിരിക്കുകയാണ്; ദേവുവിന്റെ കൈകൊണ്ട് തർപ്പണം നൽകാൻ. അവിടെ വെച്ചാണ് യോഗിനീമാതാവിനെ കാണുന്നത്. ഇതിനു മുൻപ് പലതവണ കണ്ടു, കണ്ടില്ല എന്ന മട്ടിൽ, വിളിച്ചാൽ കേൾക്കുന്ന അകലത്തിൽ അവരെ കണ്ടിട്ടുണ്ടെങ്കിലും ഭർത്താവിന്റെ ഉദ്യോഗവും പദവിയും തേതിയോടടുക്കുന്നതിൽ നിന്നും തങ്കത്തെ വിലക്കി. ഇന്നിപ്പോൾ സ്നാനഘട്ടത്തിൽ വെച്ച് യോഗിനി തങ്കത്തിന്റെ അന്വേഷണത്തിൽ കോപാകുലയായി ആശ്രമത്തിലേക്ക് തിരിച്ചുപോയി. മകനോടഭ്യർത്ഥിച്ച് യോഗിനിയുടെ ആശ്രമം കണ്ടെത്തി വീണ്ടും അവരെ കാണാനുള്ള സാവകാശം നേടിയെടുക്കുന്നു, മിസിസ്. കെ.എം.കെ. നായർ.

യോഗിനി, വ്രതം അവസാനിപ്പിച്ച് പാരണ വീടുന്ന ദിവസം തങ്കം നായർ മകനോടും പേരക്കുട്ടിയൊടുമൊപ്പം ആശ്രമത്തിലെത്തി. അമ്മയുടെ ആശിർവാദം വാങ്ങുന്ന ഭക്തരെയും അവരെ ആശിർവദിക്കുന്ന അമ്മയേയും നോക്കിക്കൊണ്ടിരിക്കെ തങ്കം നായർ ബോധരഹിതയായി വീഴുന്നു. യോഗിനിയാകട്ടെ, അവരുടെ അടുത്തെത്തുകയും പണ്ടെന്നോ കണ്ടുമറന്ന ആ പെൺകിടാവിനെ സാവധാനം തലോടുകയും അവരുടെ തലയെടുത്ത് മടിയിൽ

വെച്ച് ആശ്വസിപ്പിക്കുകയും ചെയ്തു. ഇത് പതിവുള്ളതാണെന്ന മകന്റെ വാക്കുകൾക്ക് യോഗിനി ചെവികൊടുക്കുന്നില്ല. അവർ ആ സ്ത്രീയെ ആശ്വസിപ്പിച്ചുകൊണ്ടേ ഇരുന്നു. കണ്ണുതുറന്ന തങ്കം നായർ തന്നെ ഉറ്റുനോക്കുന്ന യോഗിനിയെയാണ് കാണുന്നത്.

തന്റെ സർവ്വപാപങ്ങളും ഏറ്റുപറഞ്ഞ് മാപ്പിരക്കുന്ന തങ്കം നായർ താൻ നിധിപോലെ സൂക്ഷിച്ചുപോന്ന മംഗല്യസൂത്രം അതിന്റെ ഉടമയ്ക്ക് തിരിച്ചേൽപ്പിക്കുന്നു. ആ പവിത്രവസ്തുവിന്റെ ഉടമസ്ഥാവകാശമുണ്ടായിരുന്ന തന്റെ സഹോദരൻ ഭാര്യയോടു പറയാനാഗ്രഹിക്കുന്ന ചില കാര്യങ്ങൾ തന്നെ അറിയിച്ചിരുന്നെന്ന് അവർ യോഗിനിയോടു പറയുന്നു. "എന്നെങ്കിലുമൊരിക്കൽ നീ നിന്റെ ദേവിയെ കാണും, പ്രസാദം സ്വീകരിക്കും. അപ്പോൾ എന്റെ അനുഗ്രഹവും കൊടുക്കുക്ക! എന്നിട്ടു പറയൂ : ഞാൻ അവരിൽ എന്നും പ്രസന്നനായിരുന്നു ... എന്നും ..."[36] (ടി.പു. 109) അദ്ദേഹത്തിന്റെ അവസാന വാക്കുകൾ മിസ്സിസ്. നായർ യോഗിനിയെ അറിയിച്ചു. ആ ഗുരു ഇപ്പോൾ എവിടെയാണെന്ന യോഗിനിയുടെ ചോദ്യത്തിന് ആ ആരാധിക തൊണ്ടയിടറിക്കൊണ്ട് മറുപടി പറഞ്ഞു : "അദ്ദേഹം ഇന്നില്ല, അമ്മേ! അവിടുന്ന് ഈ ലോകത്തിന്റെ അല്ലായിരുന്നു. വന്ന ലോകത്തേയ്ക്ക് തിരികെപോയി. പോവും മുമ്പു പറഞ്ഞു, "എന്റെ അനന്തരാവകാശി ഒരു സ്ത്രീയായിരുന്നു, നിന്റെ മകളാണ് അതിന്റെ തുടർച്ച' എന്ന്. അവൾക്കു ദേവകി എന്നാണ് പേര്. "ദേവകീ പുത്ര രക്ഷിക്കണേ!" എന്നു പ്രാർത്ഥിച്ചാണത്രേ അദ്ദേഹം മരിച്ചത്. "[37] (ടി.പു. 109)

"ഞാൻ ഈ വയസ്സുകാലത്ത് തീർത്ഥാടനത്തിനിറങ്ങിയതു വെറുതെയല്ലമ്മേ! വളരെ പാപങ്ങൾ ചെയ്തിട്ടുണ്ട്. ഉറ്റവരെ മറന്നു; സുഖഭോഗങ്ങളിൽ ഭ്രമിച്ചു. ധനം കൊണ്ടും മനം കൊണ്ടും അഹങ്കരിച്ചു. എല്ലാറ്റിനും വലുതായി സത്യഭംഗം ചെയ്ത പാതകിയുമാണ് ഞാൻ. ചെറുപ്പകാലത്തേ എനിക്കൊരു സഖിയുണ്ടായിരുന്നു. സഖിയല്ല, ബന്ധു. ബന്ധുവല്ല; പ്രാണനിലും പ്രാണൻ. അവർക്കു ഞാൻ വാക്കു കൊടുത്തിരുന്നു. എന്റെ കുട്ടികൾ അവരുടേതുമാണെന്ന്, ഒരിക്കലുമൊരിക്കലും തമ്മിൽ മറക്കില്ലെന്ന്. എന്നിട്ടു സുഖലഹരിയിൽ മയങ്ങി എല്ലാം വിസ്മരിച്ചു. ...

ആ പാപം പരിഹരിക്കാൻ കൂടിയാണ് ഈ യാത്ര തിരിച്ചത്. ഭാഗ്യവശാൽ അവിടുത്തെ കണ്ടു. അവിടേയ്ക്കെല്ലാമറിയാമല്ലോ. അവിടുന്ന ദേവിയാണല്ലോ. ക്ഷമിച്ചു എന്ന് ഒരൊറ്റ വാക്ക് അരുളിച്ചെയ്യു.! ഈ കുട്ടികളെ സ്വീകരിക്കു! അനുഗ്രഹിക്കു![38] (ടി.പു. 109) എന്ന അപേക്ഷയോടെയാണ് വൃദ്ധ - മിസ്സിസ്. നായർ - മംഗല്യസൂത്രം യോഗിനിയുടെ കൈയിൽ വെച്ചുകൊടുക്കുന്നത്.

യോഗിനിയാവട്ടെ, അന്തഃക്ഷോഭങ്ങൾ അടക്കിക്കൊണ്ട് ഈ പറഞ്ഞുകേട്ടതൊന്നും വലിയ കാര്യമില്ലെന്ന മട്ടിൽ, ആ മംഗല്യസൂത്രം തന്റെ മുൻപിൽ ജ്വലിച്ചു നിൽക്കുന്ന അഗ്നിക്ക് (ഉണ്ണിയുടെ പ്രതീകമാവുന്ന ഇവിടെ അഗ്നി) സമർപ്പിക്കുകയും തന്റെ വിരൽ കൊണ്ട് തോണ്ടിയെടുത്ത് ഉളളംകൈയിലിട്ട് തുടച്ചുമിനുക്കി ദേവുവിന് സമ്മാനിക്കുകയും ചെയ്യു. ഈ സമയം വൃദ്ധയുടെ പുറകിൽ നിന്ന മാന്യൻ അപ്പു മുന്നോട്ടു വന്ന് ആത്മസമർപ്പണം എന്നപോലെ യോഗിനിയുടെ കാൽക്കൽ പ്രണമിക്കുകയും []അമ്മേ[] എന്ന് ആദരവോടെ, സ്നേഹത്തോടെ, അലിവോടെ വിളിക്കുകയും ചെയ്യു.

അമ്മ മകനെ എന്നപോലെ യോഗിനി അയാളെ സ്വീകരിച്ചു. പ്രകൃതിമാതാവിന്റെ മാറിൽ നിന്നുപോലും സ്തന്യം ചുരന്ന വരാവുന്ന അത്രയും വികാര നിർഭരമായ സന്ദർഭം. കണ്ടുനിന്നവർക്കാർക്കും ഒന്നും മനസ്സിലായില്ല. ദുഃഖിതയായ ആരാധിക - അവർക്കു വേണ്ടപ്പെട്ട സഹോദരതുല്യനായ ഏതോ ഒരു പുരുഷൻ - അദ്ദേഹത്തിന്റെ ദാമ്പത്യം, മരണം - ഇത്രയുമേ കണ്ടുനിന്നവർക്ക് മനസ്സിലായുളളൂ. ശാരീരികമായി തളർന്ന ആരാധികയെ യോഗിനി സമാശ്വസിപ്പിച്ച് അനുഗ്രഹിക്കുന്നു. എന്നാൽ ചിരകാലമായി സമ്പർക്കമില്ലാതിരുന്ന രണ്ട് ആത്മമിത്രങ്ങളുടെ കൂടിച്ചേരലും, അവരുടെ ഹൃദയങ്ങളുടെ സംഭാഷണവും വളരെ ഭംഗിയായി നോവലിസ്റ്റ് ആവിഷ്കരിച്ചിരിക്കുന്നു. പണ്ടെന്നോ കൊടുത്ത വാക്കു പാലിച്ച സംതൃപ്തിയായിരുന്നു തങ്കം നായരുടെ മുഖത്ത്. സ്വസ്തിവാചകം പോലും നിരർത്ഥകമാവുന്നത്ര വാചാലമായിരുന്നു അമ്മയുടെയും മകന്റേയും പരസ്പരമുളള അംഗീകാരം.

ഏട്ടൻമ്മ

[]അഗ്നിസാക്ഷി[]യിൽ പ്രാധാന്യം കൊണ്ട് മൂന്നാം സ്ഥാനത്തു നിൽക്കുന്നത് []ഏട്ടൻമ്മ[] എന്നു തങ്കം പരാമർശിക്കുന്ന ഉണ്ണിയുടെ അമ്മയാണ്. ഭർത്താവ് ഒരു സാധു ബ്രാഹ്മണനായതുകൊണ്ടു മാത്രം അകത്തളത്തിൽ ആവശ്യത്തിൽ കൂടുതൽ ശക്തി നേടിയെടുത്ത കഥാപാത്രമാണ് ഏട്ടൻമ്മ. അകത്തളത്തിന്റെയും അടുക്കളയുടെയും ഭരണം മുഴുവൻ നിയന്ത്രിച്ചിരുന്നത് ഏട്ടൻമ്മയാണ്. ജലപ്പിശാചു മുത്തശ്ശിയും ഭ്രാന്തിച്ചെറിയമ്മയുമെല്ലാം അവരുടെ ആജ്ഞാശക്തിക്കു കീഴിലാണ്. ആചാരങ്ങളെ മുറുകെപ്പിടിക്കാൻ വ്യഗ്രത കാണിക്കുന്ന ഒരു കഥാപാത്രമാണ് ഏട്ടൻമ്മ. അവയെല്ലാം അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെന്ന് അറിഞ്ഞുകൊണ്ടോ അറിയാതെയോ അവർ അവയെ ആചാരങ്ങളും വിശ്വാസങ്ങളുമായിത്തന്നെ കണ്ട് പരിപാലിച്ചുപോന്നു.

അപ്പൻനമ്പൂതിരി നേത്യാരമ്മയെ പത്തായപ്പുരമാളികയിൽ താമസിപ്പിച്ചിരിക്കുന്നത് ഇഷ്ടപ്പെടാത്ത ഏട്ടൻമ്മ, വിജാതീയരോടു കർക്കശമായ അകലം പാലിച്ചിരുന്നു. കടുത്ത ശുദ്ധാശുദ്ധം ദീക്ഷിച്ചിരുന്ന അവർ പുരോഗമനാശയങ്ങളെ ഒരു വിധത്തിലും അകത്തളത്തിലേക്ക് അടുപ്പിച്ചിരുന്നില്ല. തേതിക്കു വായിക്കാനായി പുസ്തകങ്ങൾ കൊണ്ടുവരുമ്പോൾ തങ്കത്തിനു നേരെ കടുത്ത ശാപവചനങ്ങൾ ഉരുവിടുകയും ക്രൂരമായ നോട്ടങ്ങൾ പായിക്കുകയും ചെയ്യുന്നതിനു പുറമെ തേതിയുടെ ആങ്ങളയായ പി.കെ.പി. സമുദായപരിഷ്കർത്താവും സ്വാതന്ത്ര്യസമരഭടനുമായതിന്റെ പേരിൽ തേതിയെ ശപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

സന്തത്യർത്ഥമാണ് ഒരു നമ്പൂതിരി വേളി കഴിക്കുന്നതെന്നും, അതുകൊണ്ടു തന്നെ ഭാര്യാ സമാഗമം നല്ല നാളും നേരവും നോക്കിവേണം നടത്താൻ എന്നുമുള്ള ആചാരത്തിന്റെ മറവിൽ ഉണ്ണി തേതിയുടെ അറയിലേക്ക് പോകുന്നത് പല ദിവസങ്ങളിലും ഉണ്ണിയുടെ അമ്മ വിലക്കിയിരുന്നു. ഇത്തരം ചിട്ടകളൊക്കെ പാലിച്ചിട്ടും താൻ നാലു പ്രസവിച്ചില്ലേ എന്നായിരുന്നു അവരുടെ ന്യായം. തേതി

പിറന്നില്ലത്തേക്ക് പോയപ്പോൾ സാരിയുടുത്ത ഭംഗി നോക്കി എന്ന് ആരോ പറഞ്ഞുകേട്ട കാര്യം വിശ്വസിച്ച്, തേതിയുടെ മുണ്ടുപെട്ടി കുത്തിത്തുറന്നുനോക്കിയ വരാണ് ഏട്ടന്റമ്മ.

പി.കെ.പി. നമ്പൂതിരി ജയിലിൽ പോയശേഷം തേതിയെ പിറന്നില്ലത്തേക്ക് പോകുന്നതിൽ നിന്ന് വിലക്കിയ ഉണ്ണിയുടെ അമ്മ, തേതി കേൾക്കെ പി.കെ.പി.യെ ശപിക്കുകയും ചെയ്യുന്നു. തേതിയുടെ അമ്മയ്ക്ക് ദീനമാണെന്നും ആസന്നമരണയാണെന്നും അറിയിക്കാൻ ആളുകൾ വന്നപ്പോൾ പോലും ഭ്രഷ്ടിന്റെ പേരിൽ സ്വന്തം അമ്മയെ പരിചരിക്കാൻ പോകുന്നതിൽ നിന്ന് തേതിയെ പിന്നീട് മാനമ്പള്ളിയിലേക്ക് തിരിച്ചുവിളിക്കാൻ ഏട്ടന്റമ്മ തയ്യാറായില്ല. മാത്രമല്ല സന്തതി നിലനിർത്താനായി മറ്റൊരു വിവാഹത്തിന് ഉണ്ണിയെ നിർബന്ധിച്ചുകൊണ്ടുമിരുന്നു. രണ്ടാം വിവാഹത്തിന് ആദ്യഭാര്യയുടെ അനുവാദം ആവശ്യമാണെന്ന ആചാരമനുസരിച്ച് തേതിയെ വിവരമറിയിക്കാനും സമ്മതമല്ലെങ്കിൽ നാടുവിട്ടു പോകാൻ പ്രേരിപ്പിക്കാനും ഏഷണിക്കാരികളെ അയക്കാൻ പോലും അവർ മടിക്കുന്നില്ല. തങ്കത്തിന്റെ വാക്കുകളിൽ നോവലിസ്റ്റ് ഇക്കാര്യം അവതരിപ്പിക്കുന്നു. "വരണോരോടും പോണോരോടും ഒക്കെ അവർ ഏടത്തിയമ്മയുടെ കുറ്റം പറയാൻ തുടങ്ങി. ഏടത്തിയമ്മയ്ക്ക് സൗന്ദര്യമില്ല, സ്വഭാവഗുണമില്ല. മച്ചിയാണ്. ഇതിന്റെ തല തെറിച്ചുപോയെങ്കിൽ എന്റെ ഉണ്ണിയ്ക്കെങ്കിലും ഗുണം വന്നേനെ! ചെങ്ങനാട്ടപ്പാ അതിനു യോഗം വരുത്തണേ! സന്തതി പാലിക്കണേ!"[39] (ടി.പു. 88) ഉണ്ണിയ്ക്ക് എവിടന്നോ വേളി നിശ്ചയിച്ചു എന്നുപോലും ഒരിക്കലവർ പ്രചരിപ്പിച്ചു. "പക്ഷേ അതിന് ആദ്യത്തെ മൂശേഠയുടെ സമ്മതം വേണല്ലോ. അവൾ തുടർന്നിരുന്നേ ക്രിയ നടക്കൂ. തറവാടു കുട്ടിച്ചോറാക്കീലോ ഓൾ. ഓൾക്ക് എങ്ങടെങ്കിലും കടന്നുപോവരുതോ? ... ഒരു നേരത്തെ ചോറിനു വേണ്ടി, ഒരു പഴയ മുണ്ടിനുവേണ്ടി ഏതു നുണയും പ്രചരിപ്പിക്കുന്ന സ്വജനങ്ങളുണ്ടായിരുന്നു നമ്പൂരാർക്ക് ഏഷണിക്കാർ."[40] (ടി.പു. 89) ഈ ക്രൂരതയ്ക്കു പുറകിൽ നഷ്ടപ്പെട്ടുപോയേയ്ക്കാവുന്ന മകന്റെ ജീവിതത്തെക്കുറിച്ചുള്ള വേവലാതിയും അന്യം നിന്നു പോയേക്കാവുന്ന തറവാടിന്റെ സന്തതി സൂകൃതത്തെക്കുറിച്ചുള്ള ചിന്തയും മാത്രമായിരുന്നു ഉണ്ടായിരുന്നത്.

പ്രായശ്ചിത്തം ചെയ്താൽ ഭ്രഷ്ടായവർക്ക് സമുദായത്തിലേക്ക് തിരിച്ചുവരാം എന്നുള്ള ആചാരത്തെ തേതിയുടെ കാര്യത്തിൽ അപ്പൻ നമ്പൂതിരിയും മറ്റുള്ളവരും അരമനസ്സോടെ അംഗീകരിക്കുന്നുണ്ടെങ്കിലും അവളെ ഇല്ലത്തേക്കു കൊണ്ടുവന്നാൽ താനിവിടെ തുടരില്ല എന്ന ഭീഷണിയിൽ ഏട്ടന്റമ്മ ആ ആലോചന മുളയിലേ നുള്ളിക്കളയുന്നു. അങ്ങനെ തേതിയെ മാനമ്പള്ളി ഇല്ലം എന്നേയ്ക്കുമായി ഉപേക്ഷിച്ചു.

ഇങ്ങനെ ആചാരക്കോട്ടയുടെ നെടുംതൂണായി നിലകൊണ്ടിരുന്ന ഏട്ടന്റമ്മയുടെ അവസാനകാലം വളരെ ദയനീയമായിരുന്നു. ഉണ്ണിയെ രണ്ടാം വേളിയ്ക്ക് നിർബന്ധിച്ചുകൊണ്ടിരുന്ന അവർ അനുസരണശീലനായ മകന്റെ മുൻപിൽ ജീവിതത്തിലാദ്യമായി തോറ്റു. ‘‘ഇത്രയും ഓജസ്വിനിയായ ഏട്ടന്റമ്മ ഒടുവിൽ പക്ഷവാതം പിടിപെട്ട് അഞ്ചെട്ടുകൊല്ലം കിടന്ന് അനിയന്റെ പത്നിയുടെ അനേകം കുത്തുവാക്കുകൾ കേട്ടാണത്രേ മരിച്ചത്.’’[41] (ടി.പു. 89) സമപ്രായക്കാരിയും സഹപാഠിയുമായിരുന്ന മാധവിയിൽ നിന്നാണ് തങ്കം ഇക്കാര്യങ്ങളെല്ലാമറിയുന്നത്. ‘‘അത്ര ദുഷ്ടത്തിയായിരുന്നു. താൻ ചെയ്തത് താൻ അനുഭവിച്ചു. ഉണ്ണിത്തമ്പുരാന്റെയും ചെറ്യേ തമ്പുരാട്ടിയുടെയും മനം നൊന്തത് ഫലിക്കാതിരിക്കുമോ?’’[42] (ടി.പു. 89) നാട്ടുകാർക്കുപോലും ഏട്ടന്റമ്മയോട് നീരസമായിരുന്നെന്ന് മാധവിയുടെ ഈ വാക്കുകളിൽ നിന്ന് വ്യക്തമാവുന്നു.

ദുഷ്ടതയാണെന്നറിഞ്ഞുകൊണ്ട്, മകനേയും മരുമകളേയും ദ്രോഹിക്കണം എന്നുദ്ദേശിച്ചായിരിക്കില്ല അവർ ഇത്തരം ദ്രോഹപ്രവൃത്തികൾ ചെയ്തിരുന്നത്. അവർ ജനിച്ചുവളർന്ന സാഹചര്യവും, കൂടി കയറിയ നാലുകെട്ടും, ഇത്തരം കാര്യങ്ങളൊക്കെ ആചാരമായി അനുവർത്തിച്ചുപോന്ന നമ്പൂതിരിയില്ലങ്ങളിലെ ജീവിതവും ഇതൊക്കെ നന്മ ലാക്കാക്കി ചെയ്യുന്നതാണ് എന്നു വിശ്വസിപ്പിച്ച് അവരെ ചെയ്യാൻ പ്രേരിപ്പിക്കുകയായിരുന്നു. സമുദായത്തിന്റെയും തറവാടിന്റെയും സുകൃതം മാത്രമേ അവർ ലക്ഷ്യമാക്കിയിരുന്നുള്ളൂ എന്നതാണ് വസ്തുത.

ഭ്രാന്തിച്ചെറിയമ്മ

നോവലിലെ മറ്റൊരു കഥാപാത്രമാണ് ഭ്രാന്തിച്ചെറിയമ്മ. മാനമ്പള്ളി ഇല്ലത്ത് കുടികയറി വരുമ്പോൾ സുന്ദരിയും സൗമ്യശീലയുമായിരുന്ന അവർ. അന്നവർക്ക് ഭ്രാന്തുണ്ടായിരുന്നില്ല. ഒരു കാലിന് ലേശം ഏന്തുണ്ടായിരുന്നു. മുത്തപ്പന്റെ പത്നിയായിരുന്ന അവർ. തന്റെ സ്വതന്ത്ര ജീവിതത്തിലെ ഇംഗിതങ്ങൾക്ക് എതിരു നിന്നിരുന്ന ചെറിയമ്മയുടെ കണ്ണ് എറിഞ്ഞുപൊട്ടിക്കുകയും കാത് വലിച്ചുപൊട്ടിക്കു കയും ചെയ്ത മുത്തപ്പൻ. അവരേക്കാൾ പ്രായമുള്ള മക്കൾ അവരുടെ ഭർത്താവിനു ണ്ടായിരുന്നു. വാരിയത്തെ മാധവി വാരസ്യാരുമായി സംബന്ധം വേറെയും. വാരസ്യാരുടെ സൗന്ദര്യവും ആജ്ഞാശക്തിയും മുത്തപ്പനെ അവരുടെ അടിമയാക്കി. സുന്ദരിയും യൗവ്വനയുക്തയുമായ ചെറിയമ്മ എന്നും വാരിയത്തെ പടിക്കൽ ചെന്ന് ബഹളമുണ്ടാക്കുമായിരുന്നു. തന്റെ ഭർത്താവിനോടൊത്തേ താനും വസിക്കൂ എന്നു വാശിപിടിച്ചു നടന്നിരുന്ന ചെറിയമ്മയെ മുത്തപ്പൻ ക്രൂരമായി മർദ്ദിക്കുമായിരുന്നു. മർദ്ദിക്കാനായിട്ടെങ്കിലും വേട്ട നമ്പൂതിരി തൊടുന്നത് ഭാഗ്യമായി കരുതിയ അവർ വഴക്കുണ്ടാക്കുക പതിവായി. മുത്തപ്പൻ അവരെ വീടിനു ചുറ്റും ഓടിച്ച് അടിക്കു മായിരുന്നു. ഇത്തരം ഒരു വഴക്കു കഴിഞ്ഞാൽ പിന്നീട് കുറേ നാളത്തേക്ക് ശല്യമുണ്ടാ വില്ല. "വേട്ട നമ്പൂതിരിയെ ഒരന്തിക്കെങ്കിലും കൂട്ടുകിട്ടിയില്ലെങ്കിൽ ആർക്കായാലും തനിയേ പ്രാന്താവില്ലേ?"[43] (ടി.പു. 31) - നേത്യാരമ്മയുടെ ഈ വാക്കുകളിൽ നിന്ന് വേളികഴിച്ചുകൊണ്ടുവരുന്ന സ്ത്രീകളോട് നമ്പൂതിരിമാർ എത്ര നികൃഷ്ടമായാണ് പെരുമാറിയിരുന്നതെന്ന് വ്യക്തമാവുന്നു.

ഉണ്ണി കുട്ടിയായിരുന്നപ്പോൾ ഒരു നാൾ ഈ കൊടിയ പീഡനത്തിൽ നിന്ന് അവരെ രക്ഷിച്ചു. അടിക്കുന്ന വടി പിടിച്ച് ഇനി തന്നെ അടിച്ചോളൂ എന്ന് മുത്തപ്പനോടു പറഞ്ഞു. അന്നു മുതൽ ചെറിയമ്മയ്ക്ക് ഉണ്ണിയോട് വലിയ വാത്സല്യമാണ്. കുട്ടികളില്ലാത്ത താൻ മരിച്ചാൽ കർമ്മങ്ങൾ ചെയ്യാനും ദീക്ഷിക്കാനും സമ്മതമാണ് എന്ന് ഉണ്ണിയിൽ നിന്ന് അവർ ഉറപ്പും വാങ്ങി. ഭർത്താവിന്റെ പരിഗണന ലഭിക്കാതിരിക്കുകയും, അയാളുടെ വഴിവിട്ട ജീവിതവും അതിനെച്ചൊല്ലിയുള്ള വഴക്കും അസഹനീയമാംവിധം തുടർന്നുപോകുകയും

ചെയ്തപ്പോൾ അവർ ക്രമേണ ഭ്രാന്തിയായി. ഭ്രാന്തിയായിട്ടും, കൊടുത്ത വാക്കു പാലിക്കാനായി, അവർ മരിച്ചപ്പോൾ, പലരും വിലക്കിയിട്ടും ഉണ്ണി സംവത്സരദീക്ഷടെയുക്കാൻ തയ്യാറായി.

നേത്യാരമ്മ

നോവലിലെ മറ്റൊരു കഥാപാത്രമാണ് നേത്യാരമ്മ. തകർച്ചയിലേക്ക് കൂപ്പു കുത്തിക്കൊണ്ടിരുന്ന നായരുവീട്ടിലെ അമ്മാളുക്കുട്ടിയെ, മാനമ്പള്ളി അപ്പൻ നമ്പൂതിരി കണ്ടു ഭ്രമിച്ചത് അവരുടെ തറവാടിന്റെ സുകൃതമായി. അപ്പനിലൂടെ തറവാടിനും തനിക്കും പലതും നേടിയെടുക്കാൻ അവർക്കു കഴിഞ്ഞു. മറ്റൊരു നമ്പൂതിരിയില്ലത്തും പതിവില്ലാത്തവിധം അപ്പൻ അമ്മാളുക്കുട്ടിയെ മാനമ്പള്ളി പത്തായപ്പുരയിൽ താമസിപ്പിച്ചു. ഇല്ലത്തിനകത്തും പുറത്തും പിറുപിറുപ്പിനും അമർഷത്തിനും അത് കാരണമായെങ്കിലും പ്രതാപിയായ അപ്പൻ വകവെച്ചില്ല. പൊന്നുതമ്പുരാന്റെ പട്ടമഹിഷിക്കുപോലും കിട്ടാത്ത സുഖസൗകര്യങ്ങളാണ് അവർക്ക് അദ്ദേഹം ഒരുക്കിയത്. അക്ഷരാഭ്യാസമുള്ള അവർക്കായി അക്ഷരവിരോധിയായ അപ്പൻ പത്രമാസികകൾ വരുത്തിക്കൊടുത്തു. എല്ലാംകൊണ്ടും സന്തോഷവും സമാധാനവുമുള്ള ഒരു ദാമ്പത്യമായിരുന്നു അമ്മാളുക്കുട്ടിയുടേത്. പൊതുവെ സംബന്ധബന്ധങ്ങളിൽ ജീവിതം ആസ്വദിച്ചിരുന്ന നമ്പൂതിരിമാർ പലേടത്തുമായി ഇത്തരം ബന്ധങ്ങൾ തുടർന്നുകൊണ്ടിരിക്കും. എന്നാൽ ഇരവിരവി നമ്പൂതിരിക്ക് മറ്റൊരു ബന്ധമോ, അതിൽ മക്കളോ ഉള്ളതായി നോവലിൽ ഒരിടത്തും സൂചിപ്പിക്കുന്നില്ല. അതിനർത്ഥം തന്റെ സാമർത്ഥ്യത്താൽ ഭർത്താവിനെ തന്നിൽതന്നെ പിടിച്ചുനിർത്താൻ അമ്മാളുക്കുട്ടിക്കു കഴിഞ്ഞിരുന്നു എന്നും, എല്ലാ അർത്ഥത്തിലും ഭാര്യയ്ക്ക് അവർ അർഹിക്കുന്ന സ്ഥാനം അപ്പൻ കൊടുത്തിരുന്നു എന്നുമാണ്. ആ നിലയ്ക്ക് അവർ ഭാഗ്യവതിയാണ്.

ഭർത്താവിൽ സ്വാധീനം ചെലുത്തി അദ്ദേഹത്തിന്റെ കടുംപിടിത്തങ്ങളിൽ അയവു വരുത്താൻ അവർക്കു കഴിഞ്ഞിരുന്നു. ഭർത്താവിനെ ഇടയ്ക്കിടെ വർത്തമാന കാലത്തിലേക്ക് - വർത്തമാന ജീവിതത്തിലേക്ക് - കൂട്ടിക്കൊണ്ടുവരാൻ ശ്രമിച്ചിരുന്നു നേത്യാരമ്മ. മകളുടെയും അനിയൻ നമ്പൂതിരിയുടെയും

പഠനകാര്യത്തിൽ, മകളുടെ വിവാഹകാര്യത്തിൽ എല്ലാം ഭർത്താവിനു മേൽ സ്വാധീനം ചെലുത്താൻ അവർക്ക് കഴിഞ്ഞിരുന്നു. നമ്പൂതിരി സമുദായത്തിൽ അനാചാരങ്ങളുടെയും അന്ധവിശ്വാസ ങ്ങളുടെയും പേരിൽ അക്കാലത്ത് സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരുന്ന നരകയാതന ഇതരസമുദായങ്ങളിലെ സ്ത്രീകൾക്കുണ്ടായിരുന്നില്ല എന്നുതന്നെയാണ് ഇതു നൽകുന്ന സൂചന.

അച്ഛന്റെ മരണത്തിൽ അലമുറയിട്ടു കരയുന്ന മകളുടെ കൈയും പിടിച്ചുകൊണ്ട് മാനമ്പള്ളി മനയുടെ പടിപ്പുര വിട്ടിറങ്ങുമ്പോൾ, ഭർത്തൃവിയോഗം അവരെ ദുഃഖിപ്പിച്ചിരുന്നുവെങ്കിലും ഭാവിയെക്കുറിച്ചോർത്ത് അവർ വേവലാതിപ്പെട്ടിരുന്നില്ല. നായരുവീട്ടിലെ കാരണവരുടെ ദയാദാക്ഷിണ്യ ത്തിനടിമപ്പെട്ട് ജീവിക്കാനിടവരാത്ത വിധം, ഭർത്താവ് ജീവിച്ചിരുന്ന കാലത്തുതന്നെ അവർ തന്റെയും മകളുടെയും ഭാവി സുരക്ഷിതമാക്കിയിരുന്നു. അതുകൊണ്ടുതന്നെ ഭർത്താവിന്റെ മരണശേഷം നായരു വീട്ടിലായിരുന്നു താമസമെങ്കിലും, ശേഷിക്കുന്ന കാലവും പ്രതാപൈശ്വര്യ ങ്ങളോടെ കഴിഞ്ഞുകൂടാനും നായരുവീട്ടിലെ അവകാശികളിൽ നിന്ന് മുനയുള്ള നോട്ടവും കുത്തുവാക്കുകളും ഏൽക്കാതെ ജീവിക്കാനും അവർക്കു സാധിച്ചു. ഭർത്താവിന്റെ മരണശേഷം അധികം വൈകാതെ മകളെ മാന്യമായ നിലയിൽ വിവാഹം ചെയ്തയക്കാനും ശേഷിക്കുന്ന കാലം അവരുടെ സന്തോഷകരമായ ദാമ്പത്യത്തിൽ സംതൃപ്തമായി അവരോടൊപ്പം ജീവിതം കഴിച്ചുകൂട്ടാനും നേത്യാരമ്മയ്ക്ക് കഴിഞ്ഞു. എന്നാൽ സംബന്ധബന്ധങ്ങൾ എല്ലായ്പ്പോഴും ഇത്തരത്തിൽ വിജയകരമായി ത്തീരാറില്ല. ഇരവിരവി നമ്പൂതിരിപ്പാട് മാനമ്പള്ളി ഇല്ലത്തെ ഭരണകാര്യങ്ങൾ നിർവ്വ ഹിക്കുന്നയാളായതുകൊണ്ടും ഭാര്യയെ കൂടെ താമസിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടും മാത്രമാണ് നേത്യാരമ്മയ്ക്ക് ഈ സൗഭാഗ്യങ്ങൾ ലഭ്യമായത്. നമ്പൂതിരിമാരുമായി സംബന്ധത്തിലേർപ്പെടുന്ന നായർ സ്ത്രീകളുടെയും ആ ബന്ധത്തിലുണ്ടാകുന്ന മക്കളുടെയും ദയനീയ സ്ഥിതി മുൻപൊരദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ടല്ലോ.

നോവലിലെ മറ്റു രണ്ടു സ്ത്രീ കഥാപാത്രങ്ങളാണ് ജലപ്പിശാചുമുത്തശ്ശിയും കല്യാണീദേവിയും. ശ്രദ്ധാശ്രദ്ധം ദീക്ഷിക്കുന്നതിൽ മാത്രം ശ്രദ്ധയുള്ളതുകൊണ്ട് ഇടയ്ക്കിടെ തറവാട്ടിലെ കുളത്തിൽ ആണ്ടു മുങ്ങിക്കയറി വരുന്നതുകൊണ്ടാണ് മുത്തശ്ശിയമ്മയെ ജലപ്പിശാചു മുത്തശ്ശി എന്നു വിളിച്ചിരുന്നത്. അയിത്താചാരത്തിന് അമിതപ്രാധാന്യം കൊടുക്കുന്ന കഥാപാത്രമാണ്

അദ്ധ്യായം അഞ്ച്

അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങൾ : വിശകലനം

അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങൾ : വിശകലനം

മലയാള സാഹിത്യത്തറവാട്ടിലേയ്ക്ക് കവിതയിലൂടെ വലതുകാൽ വച്ച് കയറിച്ചെല്ലുകയും കഥ, നോവൽ, നാടകം, ബാലസാഹിത്യം, പുരാണകഥാപാത്ര പഠനം, ആത്മകഥ എന്നീ മേഖലകളിലൊക്കെ വ്യാപരിച്ച് അവിടെയെല്ലാം സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുകയും, അങ്ങനെ സാഹിത്യലോകത്ത് ശാശ്വതപ്രതിഷ്ഠ നേടിയെടുക്കുകയും ചെയ്ത എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം. അന്തർജ്ജനത്തിന്റെ കഥാലോകത്തു നിന്ന് തെരഞ്ഞെടുത്ത കഥകളെയും അവയിലെ സ്ത്രീകഥാപാത്രങ്ങളെയും മൂന്നാം അദ്ധ്യായത്തിലും [അഗ്നിസാക്ഷി] എന്ന നോവലിലെ സ്ത്രീകഥാപാത്രങ്ങളെ നാലാം അദ്ധ്യായത്തിലും പരിചയപ്പെടുത്തിക്കഴിഞ്ഞു. മേല്പറഞ്ഞ രചനകളെ ആധാരമാക്കി, അന്തർജ്ജനത്തിന്റെ സ്ത്രീകഥാപാത്രങ്ങളുടെ വിശകലനം നടത്തുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്.

കഥകൾ

അന്തർജ്ജനത്തിന്റെ കഥാലോകത്തു നിന്ന് തെരഞ്ഞെടുത്ത 26 കഥകളെയാണ് അഞ്ചു വിഭാഗങ്ങളിലാക്കി, മൂന്നാം അദ്ധ്യായത്തിൽ പരിചയപ്പെടുത്തിയത്. ഈ കഥകളിലെ സ്ത്രീകഥാപാത്രങ്ങളുടെ ജീവിതാവസ്ഥയും കാഴ്ചപ്പാടുകളുമാണ് ഈ കഥകളെ വിവിധ വിഭാഗങ്ങളായി തരം തിരിക്കാൻ ആധാരമാക്കിയിരിക്കുന്നത്. സാമുദായികം, സാമൂഹികം, മാതൃത്വം, നിരാലംബ വാർദ്ധക്യം, ദേശീയം എന്നീ വകുപ്പുകളിലായിട്ടാണ് കഥകളും അവയിലെ കഥാപാത്രങ്ങളും അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കഥകളുടെ തിരഞ്ഞെടുപ്പു നടത്തിയിരിക്കുന്നത് പ്രാതിനിധ്യസ്വഭാവമനുസരിച്ചാണ്. ഇവയിലെ സ്ത്രീകഥാപാത്രങ്ങളുടെ പഠനത്തിലൂടെ അന്തർജ്ജനത്തിന്റെ സാഹിത്യരചനയുടെ ലക്ഷ്യത്തിലേക്കും, ജീവിതവീക്ഷണത്തിലേക്കും എത്തിച്ചേരാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

സാമുദായിക കഥകൾ

ലളിതാംബിക അന്തർജ്ജനം കവിതാലോകത്തു നിന്ന് കഥാലോകത്തെത്തുന്നത് തന്റെ സമുദായത്തിലെ സ്ത്രീജീവിതങ്ങൾ കഥയിലൂടെ അവതരിപ്പിച്ചുകൊണ്ടാണ്. കണ്ടുപരിചയിച്ചതും അനുഭവിച്ചറിഞ്ഞതുമായ സാമുദായികാനാചാരങ്ങൾ നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ ജീവിതത്തെ ഏറെ ദുരിതപൂർണ്ണമാക്കുന്നുണ്ടെന്ന തിരിച്ചറിവാണ് അവയെ കഥയുടെ ക്യാൻവാസിലൂടെ അവതരിപ്പിക്കാൻ അന്തർജ്ജനത്തെ പ്രേരിപ്പിച്ചത്. "വേദനയനുഭവിക്കുന്ന മനുഷ്യാത്മക്കളോടുള്ള സഹാനുഭൂതിയാണ് എന്നും എന്നെ കലാസൃഷ്ടിക്കു പ്രേരിപ്പിച്ചിട്ടുള്ളത്."[1] - എന്ന് "അഗ്നിസാക്ഷി" എന്ന നോവലിന്റെ അനുബന്ധത്തിൽ തന്റെ രചനയ്ക്കാധാരമായ വസ്തുതകളെ വിവരിക്കുന്നതിനിടയിൽ കഥാകാരി സൂചിപ്പിക്കുന്നുണ്ട്. അന്തർജ്ജനത്തിന്റെ കഥാലോകത്ത് ഏറെ ശക്തം എന്നു പറയാവുന്നത് ഈ സാമുദായിക കഥകളാണു താനും.

'യാത്രാവസാനം' എന്ന ആദ്യകഥ നമ്പൂതിരി സമുദായത്തെ ഏറെ ദുഷിപ്പിച്ച ബാല്യവിവാഹം, പ്രായവ്യത്യാസം നോക്കാതെയുള്ള വിവാഹം, വിധവാ ജീവിതം, വിധവാ വിവാഹ നിഷേധം എന്നിങ്ങനെ നമ്പൂതിരി സമുദായത്തിലെ പല മൂഢവിശ്വാസങ്ങളേയും അനാചാരങ്ങളേയും ചോദ്യം ചെയ്യുന്നതാണ്. പതിനൊന്നു വയസ്സിൽ വിവാഹിതയായ ശ്രീദേവി ഒന്നര വർഷമേ ഭർത്തൃമതിയായിരുന്നുള്ളൂ. പിന്നീട് വിധവയായി. എട്ടര വർഷമായി വിധവയുടെ നികൃഷ്ടജീവിതം നയിച്ചുകൊണ്ടിരിക്കയാണവൾ. ഇതിനു കാരണമായത് ബാല്യത്തിൽ തന്നെ വൃദ്ധബ്രാഹ്മണനു പ്രായവ്യത്യാസം നോക്കാതെ അവളെ വിവാഹം ചെയ്തുകൊടുത്തതാണ്.

പുറംലോകവുമായി അവൾക്കൊരു ബന്ധവുമുണ്ടായിരുന്നില്ല എന്നത് അക്കാലത്ത് ഒരത്ഭുതമായിരുന്നില്ല. ഏതു നമ്പൂതിരി സ്ത്രീക്കും പുറംലോകത്തെക്കുറിച്ച് ശ്രീദേവിക്കറിയാവുന്നതൊക്കത്തന്നെയെ

അറിയാമായിരുന്നുള്ളൂ. പിറന്ന ഭവനം, ഭർത്തൃഭവനം, അവയ്ക്കടുത്തുള്ള ക്ഷേത്രങ്ങളും ബന്ധുഗൃഹങ്ങളും. അതിനപ്പുറത്തേക്ക് നീണ്ടു പരന്നു കിടക്കുന്ന ഒരു ലോകത്തെക്കുറിച്ച് ചിന്തിക്കുന്നതുതന്നെ അക്കാലത്ത് പാപമായി കരുതപ്പെട്ടിരുന്നു.

ഇങ്ങനെയുള്ള ശ്രീദേവിയാണ് അവിചാരിതമായ സംഭവപരമ്പരകൾ ക്കൊടുവിൽ മദ്രാസിലെത്തിച്ചേരുകയും പ്രഭാകരൻ നമ്പൂതിരിയുടെ കൈകളിൽ സുരക്ഷിതയാവുകയും ചെയ്യുന്നത്. മറക്കുടയും ഭാണ്ഡവും പുതമുണ്ടുമായി, ടിക്കറ്റില്ലാതെ യാത്രചെയ്തതിന് ഇൻസ്പെക്ടർക്കു മുമ്പിൽ ഭയന്നു വിറച്ചു നിൽക്കുന്ന അന്തർജ്ജനത്തിന്റെ രൂപം മലയാളിക്ക് പരിചിതമാണെങ്കിലും തമിഴർക്ക് തീർത്തും അപരിചിതമാണ്. അതുകൊണ്ടാണ് ഭ്രാന്തിയായും മോഷ്ടാവായും ഭിക്ഷക്കാരിയായും അവൾ മുദ്രകുത്തപ്പെട്ടത്.

വിധവയായ തന്നെ ആശുപത്രിയിൽ വെച്ച് അനാർഭാടമായി പ്രഭാകരൻ നമ്പൂതിരി വിവാഹം കഴിച്ചത് അവൾക്കു തന്നെ അവിശ്വസനീയമായി തോന്നിയിരുന്നു. വിധവയായ നമ്പൂതിരി സ്ത്രീയ്ക്ക് മരണം മാത്രമേ കാമ്യമായിട്ടുള്ളൂ എന്നാണ് അവൾ ധരിച്ചുവച്ചിരുന്നത്. ആ ധാരണയാണ് അവളുടെ വിവാഹത്തിലൂടെ പൊളിച്ചെഴുതപ്പെട്ടത്. എന്നാൽ ഈ കഥയിലെ നായകൻ സാമുദായിക വിപ്ലവം മാത്രം മുന്നിൽ കണ്ടുകൊണ്ടല്ല അവളെ വിവാഹം ചെയ്യുന്നത്, അവളെ കണ്ടപ്പോഴുണ്ടായ പ്രലോഭനവും അവളോടു തോന്നിയ സഹതാപവും ഒക്കെ അതിനു കാരണമായിട്ടുണ്ടാവാം. എന്നാൽ വിധവാ വിവാഹത്തിന്റെ പേരിൽ നമ്പൂതിരി സമുദായത്തിന്റെ അന്തരീക്ഷം ആകെ കലുഷമായിരുന്ന കാലത്ത്, ശ്രീദേവിയെയും കൂട്ടി പ്രഭാകരൻ നമ്പൂതിരി ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുന്നത് ചിത്രീകരിക്കുമ്പോഴാണ് സാമുദായിക പരിഷ്കരണം സംബന്ധിച്ച് കഥാകൃത്തിനുണ്ടായിരുന്ന വിപ്ലവാശയം സഫലമാവുന്നത്. ‘‘ഇന്നല്ലെങ്കിൽ നാളെ, തന്റെ സമുദായത്തെ ഗ്രസിച്ചിരിക്കുന്ന ഈ തമോപടലം പടികടന്നു പോകുമെന്നും ഒരു പുതിയ സൂര്യോദയം നടുമുറ്റത്തുണ്ടാകുമെന്നും ശുഭാപ്തി വിശ്വാസിയാവാനവർക്കു കഴിഞ്ഞു. അതുകൊണ്ടാണ് ആദ്യത്തെ കഥയിൽ തന്നെ വിപ്ലവകരമായ

ഒരാശയത്തിനവർ സാഫല്യം നൽകിയത്; ശ്രീദേവിയെ പ്രഭാകരൻ നമ്പൂതിരിയെ കൊണ്ടു പുനർവിവാഹം ചെയ്യിച്ചതിലൂടെ[2] - എന്ന് ഡോ. കുര്യാസ് നിരീക്ഷിക്കുന്നുണ്ട്. നരകതുല്യ ജീവിതം നയിക്കുന്ന തന്റെ സമുദായത്തിലെ വിധവകൾക്ക് ഒരു പുതുജീവിതത്തെക്കുറിച്ച് സ്വപ്നം കാണാനുള്ള സാഹചര്യമൊരുക്കിക്കൊടുക്കുകയായിരുന്നു അന്തർജ്ജനം ചെയ്തത്.

"പലപ്പോഴും സംശയത്തിന്റേയും വ്യഥാപവാദത്തിന്റേയും പേരിൽ ഭാര്യയേയോ സഹോദരിയേയോ സ്വന്തം ശരീരത്തിൽ നിന്ന് പൊട്ടിക്കിളിർത്ത ഓമന മകളെത്തന്നെയുമോ "സാധന"മെന്ന നിലയിൽ സ്മാർത്തനു വിട്ടൊഴിഞ്ഞു കൊടുത്ത്, അവരുടെ വിധിപ്രകാരം സകല നാഡീബന്ധങ്ങളും അറുത്തുമുറിച്ച് പിണ്ഡം വെച്ച് പടിക്കു പുറത്തിറക്കി ഏതു കടുവായോ കരടിയോ കൊണ്ടുപോകട്ടെയെന്ന് ഉപേക്ഷിക്കുന്ന ആ ശുദ്ധീകരണമാർഗ്ഗം എത്ര ക്രൂരമാണെങ്കിൽ കൂടി, എത്ര ആത്മപീഡ നിറഞ്ഞതു കൂടിയാണ് ! "[3] - സ്മാർത്തവിചാരം എന്ന ദുരാചാരത്തെക്കുറിച്ച് കെ. സുരേന്ദ്രൻ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു.

സ്മാർത്തവിചാരം എന്ന ശക്തവും ശപ്തവുമായ ഈ അനാചാരത്തിന് ഇരയായിത്തീരുന്ന ഒരന്തർജ്ജനവും അവൾക്ക് മോചനം നൽകാൻ കരുണയും തന്റേടവും കാണിക്കുന്ന ഒരു നമ്പൂതിരി യുവാവും ചേർന്ന് "വിധിബലം" എന്ന കഥ വികാരസാന്ദ്രമാക്കിയിരിക്കുന്നു. സാപത്ന്യത്തിന്റെ തീച്ചൂളയിൽ എരിഞ്ഞുകൊണ്ടിരുന്ന അമ്മാത്തോലിന്റെ ജീവിതം ഒടുവിൽ സപത്നിയുടെ ഏഷണിയുടെ ഫലമായി ഉരുക്കുമൂശയായ "സ്മാർത്തവിചാരം" എന്ന തീച്ചൂള വരെ എത്തുകയും, കുറ്റവാളിയായി വിധിക്കപ്പെട്ട അവൾ കുട തല്ലിപ്പൊളിച്ച് പടിയിറക്കി വിടപ്പെടുകയും ചെയ്യുന്നു. ഒരു മുസൽമാന്റെ ഭാര്യയായി, അയാളുടെ കുഞ്ഞുങ്ങളെ പ്രസവിച്ച് ശിഷ്ടജീവിതം കഴിച്ചുകൂട്ടേണ്ടിവരുന്ന അവരുടെ ദുരിതപൂർണ്ണമായ ജീവിതത്തിന്റെ അന്ത്യനാളുകളിലേയ്ക്കാണ് കഥാകാരി വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

അമ്മത്തോൽ ദുരിതമായമായ തന്റെ ജീവിതത്തിന്റെ പരിസമാപ്തി കാത്തിരിക്കുമ്പോൾ പോലും പിരിഞ്ഞുപോരേണ്ടി വന്ന സമയത്ത് പത്തു വയസ്സുള്ള ഓമനമകൻ നൽകിയ സ്പർശനത്തിന്റെ ചൂടും മാധുര്യവും മനസ്സിൽ കാത്തു സൂക്ഷിക്കുന്നുണ്ട്. അത് ഒരിക്കൽ കൂടി നേടണം എന്ന അദമ്യമായ ആഗ്രഹം മനസ്സിലുള്ളതുകൊണ്ടാണ് അവരുടെ ആത്മാവ് ദേഹം വിട്ടുപോവാതെ പിടിച്ചുനിൽക്കുന്നത്. മകളുടെ സമയോചിതമായ പ്രവൃത്തിയിലൂടെ ആ ദർശനവും സ്പർശനവും അവർക്ക് ലഭ്യമാവുന്നു. ആ നിർവൃതിയോടെയാണവർ ഈ ലോകത്തോടു യാത്ര പറഞ്ഞത്. അതിന്റെ പുണ്യവും നിയോഗവുമാവട്ടെ, ആചാരവിശ്വാസങ്ങളുടെ കാവലാളായ ഒരു നമ്പൂതിരി ജന്മിയിൽ വന്നു ചേരുന്നു.

"സ്മാർത്തവിചാരം" എന്ന ദുരാചാരത്തിന്റെ നിഷ്ഠുരത അന്തർജ്ജനത്തിന്റെ പല കഥകളിലും അനാവൃതമായിട്ടുണ്ട്. "ഈശ്വരാ! പത്തു ജന്മം പട്ടിയായി ജനിച്ചാലും ഈ നമ്പൂരാരുടെ എടേല് പെണ്ണായി പിറക്കല്ലേ പഹവാനേ!"[4] - എന്ന് "വിധിബല"ത്തിലെ ദാസിയെക്കൊണ്ട് പറയിക്കുന്ന കഥാകാരി, നമ്പൂതിരി സമുദായത്തിനു പുറത്ത് നിലനിന്നിരുന്ന സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയാണ് ചെയ്യുന്നത്. തങ്ങളുടെ സ്വതന്ത്രവിഹാരത്തിനു വേണ്ടി സ്ത്രീകളെ കേവലം സംശയത്തിന്റെ പേരിൽ പോലും ഭ്രഷ്ട് കല്പിച്ച് സമുദായത്തിനു പുറത്താക്കുന്ന നമ്പൂതിരി സമുദായത്തിലെ ക്രൂരവിനോദത്തെ അന്തർജ്ജനം ഈ കഥയിൽ ചോദ്യം ചെയ്യുന്നു. അതോടൊപ്പം പുത്രനാണെങ്കിലും ആ സമുദായത്തിലെ ആചാര വിശ്വാസങ്ങളുടെ കാവലാളായ ഒരു നമ്പൂതിരിയെക്കൊണ്ടുതന്നെ ഭ്രഷ്ടയുടെ അന്ത്യാഭിലാഷം സാധിപ്പിച്ചുകൊടുക്കുമ്പോൾ അത്തരം ആചാരവിശ്വാസങ്ങളുടെ നിരർത്ഥകത ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയാണ് അന്തർജ്ജനം ചെയ്തത്.

"സ്മാർത്തവിചാര"ത്തിന്റെ ക്രൂരമുഖം മറ്റൊരു കോണിലൂടെ കാണിച്ചുതരികയും സ്മാർത്തവിചാരത്തിലേയ്ക്ക്, കഥാപാത്രത്തെ നയിക്കുന്ന സാമുദായിക ജീവിത സാഹചര്യങ്ങളെ വിമർശിക്കുകയും ചെയ്യുകയാണ് "പ്രതികാരദേവത" എന്ന കഥയിൽ ചെയ്തിരിക്കുന്നത്. കഥയുടെ തലക്കെട്ടു സൂചിപ്പിച്ചിരിക്കുന്നപോലെ

ഇതിലെ നായിക അക്ഷരാർത്ഥത്തിൽ പ്രതികാരദേവതയായി മാറുകയാണ് ചെയ്യുന്നത്. കഥയ്ക്ക് ആധാരമായി ഒരു സംഭവകഥയുണ്ട്. എങ്കിലും കഥാകാരി സ്വന്തമായ ചില വ്യാഖ്യാനങ്ങൾ അതിനു നൽകുന്നുണ്ട്.

സമുദായത്തിന്റെ ചിട്ടകളും ആചാരങ്ങളും വിശ്വാസങ്ങളും ഒന്നും ചോദ്യം ചെയ്യാതെ അനുവർത്തിച്ചുപോന്നവളായിരുന്നു ഈ കഥയിലെ താത്രി എന്ന കഥാപാത്രം. വിവാഹിതയായി ഭർത്തൃഗൃഹത്തിലെത്തിയ ശേഷവും അവൾ തന്റെ ചര്യകളിൽ നിന്ന് വ്യതിചലിക്കുന്നില്ല. അവളോടു മത്സരിക്കാൻ സപത്നിമാരില്ല അവിടെ. എന്നാൽ ഭർത്താവിന്റെ വഴിവിട്ട ജീവിതരീതി അവളെ ദുഃഖിതയാക്കുന്നു. എല്ലാം ക്ഷമയോടെ സഹിച്ചുവെങ്കിലും ഒടുവിൽ ഭർത്താവിനും അയാൾ കൂട്ടിക്കൊണ്ടുവന്ന വേശ്യയ്ക്കും കിടക്ക വിരിക്കേണ്ടിവരുമ്പോൾ താത്രി പ്രതികരിക്കുന്നു. ആ പ്രതികരണം അവളെ സ്മാർത്തവിചാരത്തിൽ കൊണ്ടുചെന്നെത്തിക്കുന്നു.

തെറ്റു ചെയ്ത സ്ത്രീ സ്മാർത്തവിചാരത്തിലൂടെ ശിക്ഷയേറ്റു വാങ്ങുമ്പോൾ ആ തെറ്റിൽ തുല്യ പങ്കാളിയായ പുരുഷൻ രക്ഷപ്പെടുകയും തന്റെ സ്വൈരജീവിതം തുടരുകയും ചെയ്യുന്നതിലെ അനീതിയാണ് താത്രിയുടെ കഥ അനാവരണം ചെയ്യുന്നതിലൂടെ കഥാകൃത്ത് വെളിപ്പെടുത്തുന്നത്. തന്നോടൊപ്പം ഭ്രഷ്ടരാകേണ്ട പുരുഷൻമാരിൽ നിന്ന് താത്രി സമർത്ഥമായി അടയാളങ്ങൾ കരസ്ഥമാക്കുമ്പോൾ അവർ ഒരിക്കലും രക്ഷപ്പെടരുതെന്ന കഥാകാരിയുടെ കാഴ്ചപ്പാടാണ് വ്യക്തമാവുന്നത്. ഒരു കാലത്ത് അറിയാതെ പോലും പറഞ്ഞുപോവരുതെന്ന് നമ്പൂതിരി സമുദായത്തിലെ പെൺകുട്ടികളെ അവരുടെ അമ്മമാർ നിഷ്കർഷിച്ചിരുന്നതാണ് □കുറിയേടത്തു താത്രി□ എന്ന നാമം. കുറ്റവിചാരണയ്ക്കിടയിൽ തന്നോടൊപ്പം തെറ്റു ചെയ്തവരുടെ മുഴുവൻ പേരുകളും താത്രി തെളിവു സഹിതം വിളിച്ചുപറയുകയും അവരെ ഭ്രഷ്ടരാക്കുകയും ചെയ്യുന്നുണ്ട്.

രാത്രികാലങ്ങളിൽ ഇല്ലത്തെത്താതിരിക്കുന്നത് ശീലമാക്കിക്കൊണ്ടിരുന്ന ഭർത്താവിനോട് തന്റെ സങ്കടങ്ങൾ അറിയിച്ചപ്പോൾ അയാളുടെ മറുപടി, താലി

കെട്ടിയെന്നു വെച്ച് ഒരൊറ്റപ്പെണ്ണിന്റെയടുക്കൽ - ഒരരസികയായ ആത്തേമ്മാരുടെ അടുക്കൽ മാത്രം കളയാനുള്ളതല്ല അയാളുടെ യൗവ്വനം എന്നായിരുന്നു. സമുദായത്തിൽ പതിവുള്ള സംബന്ധരീതിയെ ആചാരമായിത്തന്നെ ഉൾക്കൊള്ളാൻ ദുഃഖത്തോടെയാണെങ്കിലും താത്രി തയ്യാറായിരുന്നു. എന്നാൽ നീയും വേശ്യയാക് എന്ന ഭർത്താവിന്റെ ഭർത്സനം താങ്ങാനായില്ല താത്രിക്ക്. പ്രതികാരദേവത യിലെ നായിക നെരിപ്പോടല്ല, ഒരു ടൈംബോംബാണ്. ഒരു പരിധിവരെ മാത്രമേ സഹന ത്തിന്റെ നിഷ്ക്രിയത അവൾക്കു നിലനിർത്തിക്കൊണ്ടു പോകാൻ കഴിയുമായിരുന്നുള്ളൂ. കണ്ണീരു വറ്റിയപ്പോൾ പ്രതികാരേച്ഛയുടെ അഗ്നി നീറിക്കത്തിപ്പിടിച്ചു. ചവിട്ടിയാൽ ചീറിക്കൊത്തുന്ന പാമ്പുപോലെയാണ് അപമാനിക്കപ്പെട്ട സ്ത്രീഹൃദയത്തിന്റെ പ്രതികാരവാഞ്ഛ എന്ന് വെളിപ്പെടുത്തുകയാണ് പ്രതികാരദേവത എന്ന കഥയിലൂടെ അന്തർജ്ജനം ചെയ്തത്.

സാമുദായിക കഥകളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന ശക്തമായ മറ്റൊരു കഥയാണ് മൂടുപടത്തിൽ. മൂടുപടം കൊണ്ട് മൂടപ്പെട്ടിരിക്കുന്ന ഒരു അന്തർജ്ജന ത്തിന്റെ ചേതനയറ്റ ശരീരത്തിന് അന്ത്യാഞ്ജലിയർപ്പിക്കുന്ന സന്ദർഭത്തിൽ ആ ശരീരത്തിനുടമയായിരുന്ന സ്ത്രീയുടെ ജീവിതത്തെക്കുറിച്ച് ആഖ്യാതാവിൽ ഉണരുന്ന സ്മരണകളുടെ രൂപത്തിലാണ് അന്തർജ്ജനം മൂടുപടത്തിൽ എന്ന കഥ അവതരി പ്പിച്ചിരിക്കുന്നത്.

മരണശേഷമെങ്കിലും അവരെ സ്വസ്ഥമായി ഉറങ്ങാൻ അനുവദിക്കൂ എന്ന അപേക്ഷയോടെയാണ് കഥാകാരി പാപ്പിയുടെ ജീവിതത്തിലേയ്ക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്. വിവാഹത്തെക്കുറിച്ച് സ്വപ്നം കാണുന്ന പ്രായത്തിൽ മനസ്സിലെത്തിയ യുവാവിൽ തന്റെ ഭാവിവരനെ ദർശിക്കുകയും അദ്ദേഹത്തിന്റെ സ്നേഹാർദ്രമായ സ്പർശനം ഏറ്റുവാങ്ങുകയും ചെയ്തവളാണ് പാപ്പി. വിധിനിയോഗ ത്താൽ അയാൾ സ്വാതന്ത്ര്യസമരത്തിൽ ചേർന്ന പ്രവർത്തിച്ചതിന്റെ ഫലമായി ജയിലിലായി, ഭ്രഷ്ടനാവുകയാണുണ്ടായത്. അച്ഛന്റെ മരണശേഷം, കുടുംബഭാരമേറ്റ അപ്പൻ, ഒരു വൃദ്ധ ബ്രാഹ്മണന് അവളെ വിവാഹം കഴിച്ചുകൊടുത്ത് തന്റെ ഭാരമൊഴിവാക്കി.

പരപുരുഷന്റെ ദർശനം മാത്രമല്ല സ്പർശനം കൂടി ഏറ്റു വാങ്ങിയിട്ടുള്ള അവൾ, മറ്റൊരാളോടൊപ്പം ദാമ്പത്യജീവിതം നയിക്കുന്നത് പാപമായി കരുതുന്നു. അതുകൊണ്ടുതന്നെ വൃദ്ധനായ ഭർത്താവിന്റെ നാലാം വേളിയായി അയാളുടെ ഇല്ലത്തെത്തിയ അവൾ അയാളെ പരിഗണിച്ചില്ല. മാത്രമല്ല, അയാളിൽ നിന്ന് രക്ഷപ്പെടാൻ ഭ്രാന്ത് അഭിനയിക്കുകയും ചെയ്തു. അപ്രതീക്ഷിതമായി ഇക്കാര്യങ്ങളെല്ലാം പാപ്പിയിൽ നിന്നു തന്നെയറിഞ്ഞ കഥാകാരി അവളെ പിറന്ന ഇല്ലത്തേക്കു പോകാൻ നിർബന്ധിച്ചു.

പിന്നെയും ആറേഴ വർഷങ്ങൾക്കു ശേഷം രോഗിണിയായി പാപ്പി സ്വന്തം ഇല്ലത്തേക്ക് - ഭർത്തൃഗൃഹത്തിലേക്ക് - തിരിച്ചുവരുന്നു. ജയിൽ മോചിതനായ ശേഷം പ്രായശ്ചിത്തം ചെയ്ത് സമുദായത്തിലേയ്ക്ക് തിരിച്ചു വരാൻ കഴിഞ്ഞ, പൂർവ്വകാല കാമുകൻ, അപ്പന്റെ മകളെ വിവാഹം കഴിച്ചു. അവരുടെ സന്തോഷസുരഭിലമായ ജീവിത മുഹൂർത്തങ്ങൾക്ക് പാപ്പിക്ക് സാക്ഷിയാകേണ്ടി വന്നു. ഈ അവസ്ഥയാണ് യഥാർത്ഥത്തിൽ അവളെ രോഗിണി - ഹിസ്റ്റീരിയാക് - ആക്കിയത്. വിധവയ്ക്ക് പുനർവിവാഹം നിഷേധിക്കുന്നതും വൃദ്ധന് ബാലികയെ വിവാഹം ചെയ്യാൻ സാഹചര്യം ഒരുക്കുന്നതുമായ യാഥാസ്ഥിതികത്വമാണ് ഇവിടെ പാപ്പിയെ രോഗിണിയാക്കിയത്. ഈ സാഹചര്യം മാറാത്തിടത്തോളം കാലം, വിധവയ്ക്ക് പുനർവിവാഹം നിഷേധിക്കുന്ന നമ്പൂതിരി സമുദായത്തിന് []ഹിസ്റ്റീരിയ[] എന്ന രോഗം ശാപമായി തുടരും എന്ന ഡോക്ടറുടെ അഭിപ്രായം, യാഥാസ്ഥിതികത്വത്തോട് അന്തർജ്ജനത്തിനുള്ള അഭിപ്രായമാണ്.

അവസാനകാലം സ്വന്തം ഇല്ലത്ത് (ഭർത്തൃഗൃഹം) കഴിച്ചുകൂട്ടണമെന്ന പാപ്പിയുടെ അഭിലാഷം സാധിപ്പിക്കാൻ വേണ്ടിയാണ് അവളെ ആ ഗ്രാമത്തിലേക്ക് വീണ്ടും കൊണ്ടുവന്നിരിക്കുന്നത്. താൻ മനസ്സിൽ കൂടിവെച്ചിരുന്ന പുരുഷൻ തന്റെ അപ്പന്റെ മകളെ വിവാഹം കഴിച്ച് തന്റെ കൺമുന്നിൽ സന്തോഷകരമായ ദാമ്പത്യജീവിതം നയിക്കുന്നത് കണ്ടുകൊണ്ടിരിക്കാൻ

അവൾക്ക് കഴിഞ്ഞില്ല. ആ സാഹചര്യത്തിൽ നിന്നുള്ള രക്ഷപ്പെടലായിട്ടാണ് ഇപ്പോഴത്തെ രോഗം ആരംഭിച്ചത്. ക്രമേണ ആ അവസ്ഥ അവളെ യഥാർത്ഥത്തിൽ രോഗിയാക്കി. ഭർതൃഗൃഹത്തിൽ എത്തിച്ചേർന്ന അവൾ ഭർത്താവിനോട് ചെയ്ത അപരാധങ്ങൾക്ക് മനസ്സാ മാപ്പ് അപേക്ഷിക്കുകയും അയാളുടെ സാന്നിദ്ധ്യമുള്ള ഇല്ലത്തു വെച്ച് മരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അനല്പമായ ആഹ്ലാദത്തോടെയാണ് ആ ആത്മാവ് ഈ ഭ്രമിയിൽ നിന്ന് യാത്ര പറഞ്ഞത് എന്നു പറഞ്ഞുകൊണ്ടാണ് കഥാകാരി കഥ അവസാനിപ്പിച്ചിരിക്കുന്നത്.

പാപ്പിയുടെ ജീവിതത്തിൽ യഥാർത്ഥത്തിൽ വില്ലനായി വർത്തിക്കുന്നത് വൃദ്ധനായ ഭർത്താവല്ല, ഇഷ്ടപ്പെട്ട പുരുഷനെ വിവാഹം കഴിക്കാൻ തടസ്സം നിന്ന സാമുദായിക സാഹചര്യം കൂടിയാണ്. ഭ്രഷ്ടനായ ഒരുവനെ വിവാഹം കഴിക്കാൻ സമുദായാചാരങ്ങൾ അനുവദിക്കാത്ത സാഹചര്യത്തിലാണ് ഒരു വയസ്സൻ നമ്പൂതിരിയുടെ നാലാം വേളിയായി അവൾക്ക് വേഷമിടേണ്ടിവന്നത്. എന്നാൽ കർമ്മം കൊണ്ടോ ധർമ്മം കൊണ്ടോ അയാളുടെ ഭാര്യയാവാതിരിക്കാൻ അവൾ ശ്രമിച്ചു. അതിനുവേണ്ടി ഭ്രാന്തഭിനയിച്ചു. ഇത്തരം അഭിനയം രക്ഷപ്പെടലിനുള്ള ഒരു ഉപായമായി അന്നത്തെ നമ്പൂതിരി സമുദായത്തിലെ പല സ്ത്രീകളും കൈക്കൊണ്ടിരുന്നു. പാപ്പിക്ക് പിന്നീടുണ്ടാകുന്ന ഹിസ്റ്റീരിയ ഈ ഭ്രാന്തിന്റെ മറ്റൊരു വകഭേദം മാത്രം. മനസ്സുകൊണ്ട് അംഗീകരിക്കാനാവാത്ത ജീവിതസാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ അന്നത്തെ പല നമ്പൂതിരി യുവതികൾ സ്വീകരിച്ചിരുന്ന ഉപായങ്ങളാണ് ഭ്രാന്തും ഹിസ്റ്റീരിയയും എന്ന് പാപ്പിയുടെ കഥയിലൂടെ അന്തർജ്ജനം സൂചിപ്പിക്കുന്നു.

നമ്പൂതിരി സമുദായത്തിൽ ഉടലെടുത്ത സംഘടനാപ്രവർത്തനങ്ങളുടെ ഫലമായി രൂപം കൊണ്ടതാണ് സമുദായത്തിലെ സ്ത്രീകൾക്ക് സ്വതന്ത്രമായ ജീവിതം ഉണ്ടാകണമെന്ന ആശയം. എന്നാൽ യുവാക്കളിൽ പലരും വാക്കിൽ മാത്രമാണ് ഇതിനെ അംഗീകരിച്ചത്. പ്രവൃത്തി നേരെ വിപരീതമായിരുന്നു. അത്തരം യുവജനങ്ങളുടെ പ്രതിനിധിയാണ് []ഇത് ആശ്വാസ്യമാണോ[] എന്ന കഥയിലെ

എൻ.പി. എന്ന കഥാപാത്രം. ഭാര്യയ്ക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നവനാണ് താനെന്ന് മറ്റുള്ളവരുടെ മുമ്പിൽ മേനി നടിക്കുകയേ വേണ്ടൂ അയാൾക്ക്. തങ്ങളുടെ സ്വകാര്യജീവിതത്തിൽ എപ്പോഴെങ്കിലും ഭാര്യ അല്പം തന്റേടം കാണിക്കുന്നുണ്ടോ എന്നു സംശയം തോന്നിയാൽ അയാൾ പൊട്ടിത്തെറിക്കും. ഇക്കാര്യത്തിൽ യാഥാസ്ഥിതികത്വത്തിന്റെ പിൻബലവും അയാൾക്ക് സഹായത്തിനെത്തും.

സ്ത്രീയ്ക്ക് അവൾ അർഹിക്കുന്ന തരത്തിലുള്ള പരിഗണനയും പരിചരണവും ലഭിക്കുമ്പോൾ മാത്രമേ അവൾക്ക് യഥാർത്ഥ സ്വാതന്ത്ര്യം ലഭിക്കുന്നുള്ളൂ എന്ന വാദഗതിക്കാരിയാണ് ഭാര്യ പാപ്പി. അത്തരം ഒരു സ്വാതന്ത്ര്യമാണവൾ ഭർത്താവിൽ നിന്ന് പ്രതീക്ഷിക്കുന്നതും.

ലേഖനവും മറുലേഖനവുമായി നടന്നുകൊണ്ടിരുന്ന ആശയസമരത്തിനിടയ്ക്ക് സ്ത്രീയുടെ ശക്തി തെളിയിക്കുന്ന തരത്തിലും തന്റെ കഴിവിനെ പരിഹസിക്കുന്ന തരത്തിലുമായി ഒരുനാൾ പ്രത്യക്ഷപ്പെട്ട ഒരു ലേഖനത്തിന് മറുപടി എഴുതാനുള്ള ആശയങ്ങൾ സുഹൃത്തുക്കളിൽ നിന്ന് ലഭിക്കുകയോ തന്റെ ബുദ്ധിയിൽ ഉദിക്കുകയോ ചെയ്യാതെ വന്നപ്പോൾ അയാൾ ആകെ അസ്വസ്ഥനായി; ഊണും ഉറക്കവും ഇല്ലാതായി. രാത്രി ഉറക്കത്തിൽ സ്വപ്നം കണ്ട് ഞെട്ടിയുണർന്ന അയാൾ അടുത്ത മുറിയിൽ ഇരുന്ന് തനിക്കെതിരെ വേണ്ടി ലേഖനമെഴുതുന്ന പാപ്പിയെയാണ് കണ്ടത്. ഇതുവരെ ഭർത്താവിന്റെ ലേഖനങ്ങൾക്ക് മറുപടി എഴുതിയിരുന്നത് താനാണെന്നും ഇപ്പോൾ അദ്ദേഹം സമൂഹമദ്ധ്യത്തിൽ അപഹാസ്യനാവുന്നത് സഹിക്കാനാ വില്ലെന്നുമുള്ള പാപ്പിയുടെ വാക്കുകൾ എൻ.പിയെ ചിന്തിക്കാൻ പ്രേരിപ്പിച്ചു.

നമ്പൂതിരി സ്ത്രീകൾക്കും ബുദ്ധിയും വിവേകവുമുണ്ടെന്നും അത് വളർന്നു വികസിക്കാനുള്ള ഒരു വേദി മാത്രമേ സമുദായം നൽകേണ്ടതുള്ളൂ എന്നും പാപ്പിയുടെ കഥയിലൂടെ സമുദായത്തെ ബോദ്ധ്യപ്പെടുത്തുകയാണ് അന്തർജ്ജനം ചെയ്തത്. സ്ത്രീയ്ക്കു കൊടുക്കുന്ന സ്വാതന്ത്ര്യം പുരുഷന്റെ ദാക്ഷിണ്യമാണെന്ന മട്ടിലുള്ള നമ്പൂതിരി യുവാക്കളുടെ പെരുമാറ്റം ആത്മാഭിമാനമുള്ള അന്തർജ്ജനങ്ങൾ സഹിക്കില്ലെന്നും

അതിനെിരെ ഉണർന്ന പ്രവർത്തിക്കാൻ തയ്യാറാവുമെന്നുമുള്ള അന്തർജ്ജനത്തിന്റെ വിശ്വാസമാണ് ഈ കഥയ്ക്ക് ആധാരം.

[]സ്ത്രീയ്ക്ക് ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പുരുഷനോടൊപ്പം സ്ഥാനം നേടാൻ കഴിയട്ടെ എന്ന ശ്രീമതി അന്തർജ്ജനം ആഗ്രഹിക്കുന്നു. തന്റെ ഭർത്താവിനെ എതിർക്കുകയും അങ്ങനെ പുരുഷവർഗ്ഗത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നവളാണ് ഈ കഥയിലെ പാപ്പി. പിന്നെപ്പിന്നെ ഭർത്താവിന്റെ ദുഃഖത്തിൽ പാപ്പിയുടെ മനസ്സഴിയുന്നു; അവൾ ഭർത്താവിനെ സഹായിക്കാനൊരുങ്ങുന്നു. ഈ കഥകൾ വായിച്ചു കഴിയുമ്പോൾ നാം സ്വയം ചോദിച്ചു പോകും : എന്താണ് ശ്രീമതി. അന്തർജ്ജനത്തിന്റെ വിപ്ലവബോധത്തിന്റെ മട്ടും മാതിരിയും? ഒരു വിപ്ലവകാരിയുടെ സന്ധിയില്ലാത്ത സമരാസക്തി അവർ പ്രകടിപ്പിക്കുന്നില്ല. അത് അവരിലെ സ്ത്രീക്ക് ഉൾക്കൊള്ളാൻ വയ്യാത്ത ഭാവവുമാകുന്നു. വിരുദ്ധശക്തികളെ, വ്യത്യസ്ത ഭാവങ്ങളെ, കൂട്ടിയിണക്കാനും സമന്വയിപ്പിക്കാനും ശുദ്ധ റൊമാന്റിക്കായ അന്തർജ്ജനം ആഗ്രഹിക്കുന്നു.[]5 അന്തർജ്ജനത്തിന്റെ രചനകളുടെ വൈശിഷ്ട്യങ്ങൾ പരിശോധിച്ച് ശ്രീ. എം. അച്യുതൻ രേഖപ്പെടുത്തിയ അഭിപ്രായമാണ് ഇത്.

ബാല്യവിവാഹവും അതിന്റെ അനുബന്ധമായ വൈധവ്യവും തുടർന്നുണ്ടായ സ്മാർത്തവിചാരവും പ്രമേയമാക്കുന്ന കഥയാണ് []കുറ്റസമ്മതം[]. ഇതിലെ നായിക ഒരു മാറ്റക്കല്യാണത്തിന്റെ രക്തസാക്ഷി കൂടിയാണ്. അവൾക്ക് പതിനൊന്നു വയസ്സുള്ളപ്പോഴാണ് അച്ഛന് മുപ്പതു വയസ്സുള്ള ഒരു സ്ത്രീയെ കൂടി ഭാര്യയായി കിട്ടിയത്. അതിനു പകരമായി അവരുടെ അച്ഛന്റെ വേളിയാകേണ്ടിവന്ന ഈ ബാലികയ്ക്ക്. അച്ഛന്റെ പുതിയ വേളി രോഗിണിയായതിനാൽ താമസിയാതെ മരണമടഞ്ഞു. അതോടെ അവൾ വൃദ്ധ ഭർത്താവിന് ഒരു ഭാരമായി. രണ്ടു വർഷത്തിനു ശേഷം അയാൾ മരണമടഞ്ഞതോടെ, ഏകദേശം പതിനാലു വയസ്സുള്ള അവൾ - താലിയും മാലയും തമ്മിലുള്ള വ്യത്യാസം അറിയുന്നതിനു മുൻപുതന്നെ വിധവയായി

വൈധവ്യത്തിന്റെ തീച്ചൂളയിലേക്ക് എടുത്തെറിയപ്പെട്ട അവളുടെ ജീവിതം ഒരു നമ്പൂതിരി വിധവയുടെ കൃത്യമായ നിഷ്ഠയോടെ നീങ്ങിക്കൊണ്ടിരിക്കവേ, പ്രകൃതിസഹജമായ കാമനകൾ അവളുടെ മനസ്സിൽ ചില ചലനങ്ങളുണ്ടാക്കി. ജീവിതത്തിലൊരിക്കലും അറിഞ്ഞിട്ടില്ലാത്ത ആ അനുഭൂതികൾ തന്റെ വൈധവ്യത്തെക്കുറിച്ചോർക്കുന്നതിൽ നിന്നും അവളെ പിൻതിരിപ്പിച്ചു. അതിന്റെ ഫലമായിട്ടാണ് കുറ്റസമ്മതവുമായി അഞ്ചാംപുരയിൽ സാധനമായി അവൾ ഇപ്പോൾ പാർപ്പിക്കപ്പെട്ടിരിക്കുന്നത്. പ്രകൃതി സർവ്വ ജീവജാലങ്ങളിലും ഉണർത്തിവിടുന്ന വികാരങ്ങൾക്ക് താൻ അടിമപ്പെട്ടുപോയി എന്ന യാഥാർത്ഥ്യത്തിന് സമുദായം നൽകുന്ന ഏതു ശിക്ഷയും ഏറ്റുവാങ്ങാൻ തയ്യാറായി നിൽക്കുകയാണിവിടെ നായിക. പക്ഷെ, ആ വികാരങ്ങൾക്ക് തന്നെ വിധേയമാക്കിയ ആളെക്കുറിച്ചോ അയാളുമായുള്ള ബന്ധം തുടർന്നിരുന്നോ എന്നതിനെക്കുറിച്ചോ തന്നോട് ഒന്നും ചോദിക്കരുതെന്നും താനൊന്നും പറയുകയില്ലാ എന്നും അവൾ പ്രഖ്യാപിക്കുന്നു.

പ്രതികാരദേവതയിലെ []സാധനം[] തന്നോടൊപ്പം തന്നെ ദുഷിപ്പിച്ചവർ കൂടി ഭ്രഷ്ടരാകണമെന്ന് ആഗ്രഹിക്കുമ്പോൾ കുറ്റസമ്മതത്തിലെ സാധനം, ജീവിതത്തിലാദ്യമായി തനിക്ക് മാനുഷികമായ വികാരങ്ങളുടെ അനുഭൂതികൾ സമ്മാനിച്ച ആ വ്യക്തി തെറ്റുകാരനല്ലെന്ന് ഉറച്ചു വിശ്വസിക്കുകയും സമുദായത്തിലെ കീഴ്വഴക്കമനുസരിച്ച് താൻ മാത്രം ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറാവുകയും ചെയ്യുന്നു. സ്മാർത്തവിചാരം എന്ന ദുരാചാരത്തിന്റെ മുഖത്ത് കാറിത്തുപ്പുന്നതോടൊപ്പം പൊരുത്തപ്പെടലിന്റെയും വിധേയത്വത്തിന്റെയും വക്താവായിത്തീരുന്ന കുറ്റസമ്മതത്തിലെ കഥാപാത്രം. മാനുഷിക വികാരങ്ങൾക്ക് വിധേയരാവുന്നത് കുറ്റമാണെങ്കിൽ അതിനുള്ള ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറാണെന്ന് ഉറന്നു പറയുമ്പോൾ, ചെയ്തുപോയ പ്രവൃത്തിയിലുള്ള കുറ്റബോധമല്ല ശിക്ഷ ഏറ്റുവാങ്ങാൻ അവളെ പ്രേരിപ്പിക്കുന്നത്. കേവല മനുഷ്യൻ എന്ന നിലയ്ക്ക് പ്രകൃതിയുടെ ചോദനകൾക്ക് വിധേയരാവുക എന്നത് വിധവയായ നമ്പൂതിരി സ്ത്രീയെ സംബന്ധിച്ചിടത്തോളം ശിക്ഷ ഏറ്റുവാങ്ങത്തക്കവിധമുള്ളതും അപരാധമാണെന്ന യാഥാസ്ഥിതികത്വ നിയമങ്ങൾക്കു നേരെയുള്ള നിർഭീകമായ നിലപാടാണ്.

പരിഷ്കാരം പ്രസംഗിച്ചു നടക്കുകയും അതിനു വിപരീതമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ചില പൊള്ളയായ ആദർശവാദികളെ പരിഹസിക്കുകയും അവർക്ക് വീണ്ടുവിചാരത്തിന് വഴിയൊരുക്കുകയുമാണ് 'അധിവേദനം' എന്ന കഥയിൽ കഥാകാരി ചെയ്യുന്നത്. അധിവേദനത്തെ എതിർത്ത് യോഗങ്ങളും പ്രസംഗങ്ങളും നടത്തിയിരുന്ന രാമൻ നമ്പൂതിരി, പണത്തിന് തിടുക്കം വന്നപ്പോൾ സുഹൃത്തുക്കളുടെ നിർദ്ദേശപ്രകാരം രണ്ടാം വിവാഹം കഴിക്കുന്നതാണ് കഥയുടെ പ്രമേയം.

ആദ്യവിവാഹം കഴിഞ്ഞ് സ്ത്രീധനവും വാങ്ങിപ്പോയ അയാൾ പിന്നീട് ഭാര്യയെ തിരിഞ്ഞു നോക്കിയിട്ടില്ല. അഞ്ചുവർഷത്തിനു ശേഷം പണത്തിനാവശ്യം വന്നപ്പോൾ വീണ്ടും വിവാഹിതനാവാൻ അയാൾ തയ്യാറായി. ഈ വിവരമറിഞ്ഞ സാവിത്രി - ആദ്യഭാര്യയുടെ ഇല്ലക്കാർ അയാളെ ഒരു പാഠം പഠിപ്പിക്കാനൊരുങ്ങുകയും, അധിവേദനം ഇഷ്ടപ്പെടാത്ത രണ്ടാം വധുവിന്റെ ഇല്ലക്കാരുമായി കൂടിയാലോചിച്ച് സാവിത്രിയെ തന്നെ വധുവാക്കുകയും ചെയ്യുന്നു. വിവാഹാവേളയിൽ വധുവിന്റെ കരം ഗ്രഹിക്കുമ്പോൾ അയാൾക്ക് പക്ഷെ, കുറ്റബോധമുണ്ട്. രണ്ടു ഭാര്യമാരെയും താൻ ഒരുപോലെ പരിഗണിക്കും എന്നായാൾ മനസാ തീരുമാനിക്കുന്നു.

അഞ്ചുവർഷം മുമ്പ് താൻ വേളികഴിച്ചുപേക്ഷിച്ചു പോയവൾ തന്നെയാണ് തനിക്ക് വീണ്ടും വധുവായി വന്നിരിക്കുന്നതെന്നുള്ള തിരിച്ചറിവ് അയാളിൽ കുറ്റബോധമുണർത്തുന്നു. പ്രസംഗിച്ചു നടന്നത് ജീവിതത്തിൽ പകർത്തി കാണിക്കാതിരുന്നതിനും സാവിത്രിയോട് ക്രൂരത കാണിച്ചതിനും അയാൾ കുറ്റബോധത്തോടെ മാപ്പിരക്കുന്നു.

വിവാഹം കഴിക്കുന്ന സ്ത്രീയോട് ധാർമ്മികമായ കടപ്പാടും ഉത്തരവാദിത്വവും കാണിക്കാത്ത നമ്പൂതിരി സമുദായത്തിലെ പുരുഷൻമാർക്കു നേരെയുള്ള ശക്തമായ

ഒരു പ്രഹരമായിരുന്നു ഈ കഥ. പുരുഷന്റെ അഹങ്കാരത്തിന്റെ പത്തി താഴ്ത്തുന്ന ഒരു ചിത്രമാണ് അന്തർജ്ജനം ഈ കഥയിൽ വരച്ചു കാണിക്കുന്നത്.

സാമൂഹിക കഥകൾ

വിവാഹം, കുടുംബം തുടങ്ങിയവയെല്ലാം സാമൂഹിക ജീവിതത്തിലെ സദാചാരമൂല്യങ്ങളെയും കെട്ടുറപ്പിനേയും ഉദ്ദേശിച്ച് രൂപപ്പെടുത്തിയിട്ടുള്ളവയാണ്. സ്ത്രീക്കും പുരുഷനും അവിടെ തുല്യപങ്കാളിത്തമാണ് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ സ്ത്രീസഹജമായ ഭീരുത്വം, അറിവില്ലായ്മ, വിധേയത്വം എന്നിവയാൽ സ്ത്രീ എപ്പോഴും ഒതുങ്ങിക്കൂടാൻ ആഗ്രഹിക്കുന്നു; അല്ലെങ്കിൽ സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ അവൾ അങ്ങിനെ ആയിത്തീരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനായാണ് അന്തർജ്ജനം തന്റെ രചനകളിലൂടെ ശ്രമിച്ചത്.

മൂല്യങ്ങളോടു കലഹിക്കുന്ന രചനകളിലൂടെയും കൃത്യമായ സാമൂഹിക ഇടപെടലുകളിലൂടെയും ഒരു സ്ത്രീയുടെ സാന്നിദ്ധ്യം കേരളീയ ജീവിതത്തിൽ അടയാളപ്പെടുത്തിയ വ്യക്തിത്വമാണ് ശ്രീമതി. ലളിതാംബിക അന്തർജ്ജനം . "നൂറ്റാണ്ടുകളായി അവഗണനയും അപമാനവും പീഡനങ്ങളും അനുഭവിച്ച അന്തർജ്ജനങ്ങളുടെ ജീവിത ചിത്രണം നിർവ്വഹിച്ചു എന്നതു മാത്രമല്ല അന്തർജ്ജനത്തിന്റെ വ്യതിരിക്തത. മറിച്ച്, കൃത്യമായ ദിശാബോധത്തോടു കൂടിയ സാമൂഹിക ഇടപെടലുകളും നിർവ്വഹിച്ചു എന്നതുമാണ്. [6] മലയാള സാഹിത്യ സാമൂഹ്യ മണ്ഡലങ്ങളിൽ അന്തർജ്ജനത്തിനുള്ള സ്ഥാനം വിലയിരുത്തിക്കൊണ്ട് ഒലീന ഏ.ജി. ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ഒരു പ്രധാന വഴിത്തിരിവാണ് വിവാഹവും, കുടുംബജീവിതവും. സന്തോഷവും സമാധാനവും ഉള്ള കുടുംബജീവിതം സ്വർഗ്ഗീയമാകുന്നു. എന്നാൽ പലപ്പോഴും ഇത്തരം ഒരു അവസ്ഥയിൽ എത്തിച്ചേരാൻ മിക്കവർക്കും കഴിയാറില്ല. അതിന്റെ കാരണം വ്യക്തികളുടെ പിടിവാശികളോ, മേൽക്കോയ്മാ മനോഭാവമോ സാമൂഹികതിന്മകളോ ആവാം. അത്തരം ചില അവസ്ഥകളിലേയ്ക്ക് ശ്രദ്ധ തിരിക്കുകയാണ് അന്തർജ്ജനത്തിന്റെ സാമൂഹിക

കഥകൾ ചെയ്യുന്നത്. സാമൂഹികമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ധാരാളം കഥകൾ അന്തർജ്ജനം രചിച്ചിട്ടുണ്ട്. അവയിൽ സ്ത്രീകഥാപാത്രങ്ങൾക്ക് പ്രാധാന്യമുള്ള കഥകളിൽ നിന്ന് പ്രാതിനിത്യസ്വഭാവം പരിഗണിച്ച് പരിചയപ്പെടുത്തിയവയുടെ
വിശകലനമാണ് ഇവിടെ നടത്തുന്നത്.

വ്യവസ്ഥാപിതമായ വിവാഹത്തെ സ്വപ്നം കാണുകയും സ്വപ്നതുല്യമായ ദാമ്പത്യജീവിതത്തിലേക്ക് കാലെടുത്തു വെയ്ക്കാൻ ഒരുങ്ങുകയും ചെയ്യുന്ന വിജയം എന്ന കഥാപാത്രത്തെയും അവളുടെ കാഴ്ചപ്പാടുകൾക്കു വരുന്ന മാറ്റത്തേയുമാണ് 'വിവാഹമുഹൂർത്തം' എന്ന കഥയിൽ അവതരിപ്പിക്കുന്നത്. അഞ്ചു മണിക്കൂറുകൾക്കു ശേഷം നടക്കാൻ പോകുന്ന തന്റെ വിവാഹത്തെക്കുറിച്ചും വിജയത്തിന് ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു. വരനായി വരുന്ന വ്യക്തിയെ ലഭിക്കാനായി ബിരുദങ്ങൾ പോലും ത്യജിക്കാൻ അവൾ തയ്യാറായിരിക്കുന്നു. ആധുനിക രീതിയിൽ ആരെയും അതിശയിപ്പിക്കും വിധത്തിലായിരുന്ന അവളുടെ പെണ്ണുകാണൽ ചടങ്ങു നടന്നത്. അതിനു ശേഷം അവൾ ദിവസങ്ങളെണ്ണി കഴിച്ചുകൂട്ടുകയായിരുന്നു. ഒരു അപ്സരസ്സിനെപ്പോലെ അണിഞ്ഞൊരുങ്ങാൻ പാകത്തിന് ആടയാഭരണങ്ങൾ സജ്ജമാക്കിയിരിക്കുന്നു. ആഗ്രഹത്തോടെ കാത്തിരുന്ന ആ മുഹൂർത്തം അടുക്കാറായപ്പോൾ അവൾക്ക് എന്തെന്നില്ലാത്ത പരിഭ്രമം. ജീവിതത്തിന്റെ അനിവാര്യമായ ഈ വഴിത്തിരിവിൽ എത്തിനിൽക്കുന്ന ആർക്കും തോന്നുന്ന പരിഭ്രമം.

വിവാഹമുഹൂർത്തത്തിനായി ശേഷിക്കുന്ന അഞ്ചു മണിക്കൂറിനുള്ളിൽ, വിജയത്തിന് കേൾക്കേണ്ടി വന്നതും അറിയേണ്ടി വന്നതുമായ കാര്യങ്ങൾ വിവാഹത്തെക്കുറിച്ച് അവൾക്കുണ്ടായിരുന്ന കാഴ്ചപ്പാട് തിരുത്താൻ കാരണമായി. ബാല്യകാലസുഹൃത്തും അമ്മാവന്റെ മകളുമായ ഭാനുവിൽ നിന്ന്, ദാമ്പത്യജീവിതം പലപ്പോഴും സ്ത്രീയുടെ സ്വൈരജീവിതത്തിന് ഭംഗം വരുത്തും എന്ന വസ്തുത അവൾ ഗ്രഹിച്ചു. ഒരുകാലത്ത് തന്നിൽപോലും ഹർഷവും അസൂയയും ഉണ്ടാക്കിയിരുന്ന അയൽപക്കത്തെ ദമ്പതിമാരുടെ കലഹവും അതിനിടയിൽ ഉയർന്നുകേട്ട

ഭർത്സനങ്ങളും ദാമ്പത്യജീവിതം ഇങ്ങനേയും വഴിമാറിപ്പോവാം എന്ന പുതിയ ചിന്തയിലേയ്ക്ക് അവളെ എത്തിച്ചു. ഏറ്റവുമൊടുവിൽ തന്റെ സുഹൃത്ത് ശാരിയുടെ കത്തിലൂടെ അറിയാനിടയായ മാലു എന്ന ആത്മസുഹൃത്തിന്റെ മരണവും അതിലേക്ക് നയിച്ച ദുരന്താനുഭവങ്ങളും വിജയത്തെ ഭയചകിതയാക്കി. ഇപ്പോഴത്തെ സ്വതന്ത്രജീവിതത്തിന് വിഘാതമായി ദുരനുഭവങ്ങൾ സമ്മാനിക്കാനിടയുള്ള ഒന്നായിത്തീരാം വിവാഹം എന്ന ചിന്ത വിവാഹം എന്ന സ്ഥാപനത്തിന് തന്റെ ജീവിതത്തിൽ സ്ഥാനമില്ലെന്നു തീരുമാനിക്കാൻ വിജയത്തെ പ്രേരിപ്പിക്കുന്നു.

സാമൂഹിക സാമുദായിക മര്യാദകൾ പാലിച്ചുകൊണ്ടുതന്നെ ഭർത്താവും ഏഴു മക്കളുമടങ്ങുന്ന കുടുംബത്തെ വിജയകരമായി നയിച്ചിരുന്ന അന്തർജ്ജനം ഒരിക്കലും വിവാഹം എന്ന സ്ഥാപനത്തോട് എതിർപ്പുള്ള വ്യക്തിയല്ല. ജീവിതത്തിൽ ഉണ്ടാകാനിടയുള്ള അനിഷ്ടങ്ങളെ ഏറ്റുവാങ്ങാൻ ധൈര്യമില്ലാതെ, വിവാഹം തന്നെ വേണ്ടെന്നു വയ്ക്കുകയും അത് പുരോഗമന ചിന്തയുടെയും സ്ത്രീവിമോചനാശയത്തിന്റെയും മുഖമുദ്രയാണെന്ന് ഉയർത്തിക്കാട്ടുകയും ചെയ്തിരുന്ന പലരും അന്നത്തെ സമൂഹത്തിലുണ്ടായിരുന്നു. വിവാഹമുഹൂർത്തം, അവിവാഹിത, തിരികെ വരൂ എന്നീ കഥകളിലെ കഥാപാത്രങ്ങൾ ഈ വസ്തുതയും വ്യക്തമാക്കുന്നുണ്ട്. പുരോഗമനാ ശയത്തിന്റെ മുഖംമൂടിയണിഞ്ഞ ഇത്തരം വ്യക്തിത്വങ്ങൾക്ക് ജീവിതത്തിന്റെ യഥാർത്ഥം ബോദ്ധ്യമാക്കിക്കൊടുക്കുകയാണ് □വിവാഹമുഹൂർത്തം□ എന്ന കഥയിലൂടെ അന്തർജ്ജനം ചെയ്തിരിക്കുന്നത്.

പ്രസംഗിക്കുന്നതിനും എഴുതുന്നതിനും വിരുദ്ധമായി തന്റെ ജീവിതത്തെ ചിട്ടപ്പെടുത്തുന്ന എഴുത്തുകാരനെയും, ഇതിലെ വൈരുദ്ധ്യം ചോദ്യം ചെയ്യുന്ന അയാളുടെ ഭാര്യയേയുമാണ് □റീയലിസം□ എന്ന കഥയിൽ അവതരിപ്പിക്കുന്നത്. സമൂഹത്തിൽ സദാചാരം നിലനിൽക്കുന്നില്ലെന്ന് പ്രസംഗത്തിലൂടെയും എഴുത്തിലൂടെയും പ്രഖ്യാപിക്കുന്ന കവിയ്ക്ക് സ്വന്തം ജീവിതം സദാചാര നിഷ്ഠമായിരിക്കണം എന്നു നിർബന്ധമാണ്. സമൂഹത്തിൽ സദാചാരമില്ലെന്ന് പ്രസംഗിക്കുന്ന അയാൾ തന്റെ ഭാര്യ ശീലാവതിയായിരിക്കണമെന്നാഗ്രഹിക്കുന്നു.

വീട്ടിൽ നിന്നു വിട്ടുനിൽക്കേണ്ടി വരുന്ന അയാൾക്ക് ഭാര്യയിൽ സംശയം ജനിക്കുന്നു. ഒടുവിൽ ജനമദ്ധ്യത്തിൽ ഇളിഭ്യനാവുന്നതുവരെ അയാൾ സംശയാലുവായി തുടരുന്നു.

സംശയം വെച്ചു പുലർത്തിയതിന് ഭാര്യയോട് മാപ്പിരക്കുന്ന അയാളോട്, സമൂഹത്തോട് മാപ്പിരക്കാൻ ആവശ്യപ്പെടുന്ന ഭാര്യ. താളം തെറ്റിയ ഒരു ജീവിത വീക്ഷണത്തിന്റെ വക്താവാണ് ഇതിലെ എഴുത്തുകാരൻ. സമൂഹത്തിൽ മാന്യമ്മന്യതയും ആദർശനാട്യവും പേറി തലയുയർത്തിപ്പിടിച്ചു നടന്നിരുന്നവരെ കുത്തി നോവിക്കുന്ന തരത്തിലുള്ള ഈ കഥ അന്തർജ്ജനത്തിന്റെ ആക്ഷേപഹാസ്യ ഭാവനയ്ക്ക് ഉദാഹരണമാണ്. "ലോകനിയമങ്ങളെ അവഗണി ക്കുന്ന റിയലിസ്റ്റുകളെ നമ്മുടെ കഥാകാരി ആദരിക്കുന്നില്ല. സ്ത്രീകൾക്കു ചാരിത്യമാവശ്യമില്ലെന്നു വാദിച്ചു കഥ ചമയ്ക്കുന്ന ആൾ തന്റെ ഭാര്യ ചാരിത്ര്യവതി യായിരിക്കാൻ ആഗ്രഹിക്കുന്നതും, സ്ത്രീപുരുഷസമത്വത്തിനു വേണ്ടി പ്രസംഗപീഠങ്ങ ളിൽ ശബ്ദം മുഴക്കുന്നയാൾ സ്വന്തം ഭവനത്തിൽ സ്ത്രീകളെ അടിമകളാക്കി വെക്കുന്നതും അപഹാസ്യമാണല്ലോ. അത്തരം ഒരു ഭർത്താവിനെക്കൊണ്ട്, അയാളുടെ ഭാര്യയായ സതി, അയാൾ എഴുതിയ കഥകളെല്ലാം ചുട്ടുകളയിക്കുന്നത് ഇന്നത്തെ പല എഴുത്തുകാർക്കും പാഠമാകേണ്ട താണ്"[7] - അന്തർജ്ജനത്തിന്റെ കഥകളെക്കുറിച്ചുള്ള പഠനത്തിൽ വിദ്വാൻ പി.ആർ. ശങ്കരപ്പിള്ള ഇങ്ങനെ നിരീക്ഷിച്ചിരിക്കുന്നു.

സ്ത്രീസ്വാതന്ത്ര്യത്തെ ആക്ഷേപിക്കുകയും, തന്റെ മനസ്സിലോ ജീവിതത്തിലോ അതിന് സ്ഥാനമില്ലെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള മി. മേനോൻ എന്ന കഥാപാത്രത്തെ സാമൂഹ്യജീവിതത്തിലെ അടിസ്ഥാനരീതി എന്തെന്ന് അയാളുടെ ഭാര്യ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയാണ് "ഏഴാമിടം" എന്ന കഥയിൽ. സ്ത്രീ സമൂഹമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നതും പുരുഷനുമായി സൗഹൃദങ്ങൾ സ്ഥാപിക്കുന്നതും അവളുടെ അച്ചടക്കരാഹിത്യത്തിനുള്ള തെളിവാണ് എന്ന് കോളേജു ജീവിത കാലഘട്ടത്തിൽ തന്നെ പ്രസംഗിച്ചു നടന്നിരുന്ന വ്യക്തിയാണ് മി. മേനോൻ. തന്റെ ആദർശങ്ങൾക്ക് യോജിക്കുന്ന വിധത്തിൽ അയാൾ ഒരു

മലനാട്ടുപെണ്ണിനെ വിവാഹം കഴിക്കുകയും ചെയ്തു. അല്പനാളുകൾക്കുള്ളിൽ തന്നെ തന്റെ ധാരണകൾ തെറ്റാണെന്നും താൻ പ്രസംഗിച്ചു നടന്നതൊന്നുമല്ല സാമൂഹ്യജീവിതത്തിലെ അടിസ്ഥാന മൂല്യങ്ങൾ എന്നും അയാൾ അറിഞ്ഞു. കാലത്തിനനുസരിച്ച് സാമൂഹികജീവിതത്തിലെ മൂല്യസങ്കല്പങ്ങളിൽ മാറ്റങ്ങൾ ഉണ്ടാവണമെന്നു തിരിച്ചറിയുകയും അതിനനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർക്കു മാത്രമേ സമൂഹജീവിതത്തിൽ മാന്യതയ്ക്കവകാശമുള്ളൂ എന്ന് ്അനുവാചകരെ ബോദ്ധ്യപ്പെടുത്തുകയാണ് കഥാകാരിയുടെ ലക്ഷ്യം.

തന്റെ ഭാര്യ ജാനകിക്കുട്ടി, മറ്റുള്ളവരോട് - സ്ത്രീകളോടു പോലും - സംസാരിക്കാനും ഇടപെടാനും വിമുഖത കാട്ടുമ്പോൾ, മറ്റു സ്ത്രീകളെപ്പോലെ വസ്ത്രം ധരിക്കാതിരി ക്കുമ്പോൾ, തന്നോടൊപ്പം പുറത്തിറങ്ങാൻ മടിക്കുമ്പോൾ എല്ലാം അയാൾ ആദർശവും ജീവിതവും തമ്മിലുള്ള പൊരുത്തക്കേടിനെപ്പറ്റി കൂടുതൽ കൂടുതൽ ബോധവാനായി ക്കൊണ്ടിരിക്കുകയാണ്. ഒടുവിൽ സ്ത്രീയ്ക്ക് സമൂഹത്തിലും പുരുഷന്റെ ജീവിതത്തിലും ഉള്ള സ്ഥാനത്തെക്കുറിച്ച് മിസ്. രത്നം അയാളെ ബോധവാനാക്കുന്നു. തന്റെ ഭാര്യയെ കൂടി ബോധവത്കരിക്കാൻ രത്നത്തിന്റെ സഹായം തേടുമ്പോഴാണ് ജാനകിക്കുട്ടിയും രത്നവും ഒരാൾ തന്നെയാണെന്ന് അയാൾ തിരിച്ചറിയുന്നത്.

സമൂഹത്തിൽ മുഖം രക്ഷിക്കാനായി മുമ്പു പ്രസംഗിച്ചുനടന്ന ആദർശങ്ങളിൽ ഉറച്ചുനിൽക്കുകയും, മാറിയ കാലത്തിന് അനുയോജ്യമല്ലെന്നറിഞ്ഞിട്ടുകൂടി അവ മുറുകെ പിടിക്കുകയും ചെയ്ത് ഒടുവിൽ കുറ്റബോധം കൊണ്ട് വീർപ്പുമുട്ടുന്ന ഒരു വിഭാഗം ചെറുപ്പക്കാരുടെ പ്രതിനിധിയാണ് മി. മേനോൻ. □റീയലിസം□ എന്ന കഥയിൽ ഭാര്യ ഭർത്താവിനെ യഥാർത്ഥ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നു. □ഏഴാമിട□ത്തിലും ഭർത്താവിനെ വർത്തമാനകാല ജീവിതത്തിലേക്ക് കൊണ്ടുവരികയും തന്റെ ആദർശങ്ങളുടെ പൊള്ളത്തരം അയാളെ മനസ്സിലാക്കി ക്കൊടുക്കുകയും ചെയ്യുന്നത് ഭാര്യയാണ്. കഥയുടെ ആരംഭം മുതൽ നിശ്ശബ്ദയായിരിക്കുകയും ഭർത്താവിന്റെ ആദർശങ്ങൾ അക്ഷരംപ്രതി അനുസരിക്കുകയും ചെയ്ത ജാനകിക്കുട്ടി, കഥാന്ത്യത്തിൽ തന്റെ യഥാർത്ഥ വ്യക്തിത്വത്തിലൂടെ ഭർത്താവിന്റെ സാമൂഹ്യജീവിതത്തിലെ ധാരണകളും

സ്ത്രീയെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും തിരുത്തിക്കൊടുത്ത് തന്റെ ശക്തി തെളിയിക്കുന്നു.

സാമൂഹ്യജീവിതത്തിലെ ആദർശങ്ങൾ എപ്പോഴും മാറുന്ന കാലത്തിനും ജീവിതത്തിനും അനുസരിച്ചുള്ളവയായിരിക്കണം എന്ന തന്റെ കാഴ്ചപ്പാട് ശക്തമായി അവതരിപ്പിക്കാൻ ഈ രണ്ടു കഥകളിലെയും സ്ത്രീകഥാപാത്രങ്ങളിലൂടെ അന്തർജ്ജനത്തിന് സാധിച്ചിട്ടുണ്ട്.

സമൂഹത്തിൽ ഒറ്റപ്പെടുന്ന സ്ത്രീക്കു നേരെ തിരിയുന്ന പുരുഷന്റെ കാമാർത്തമായ കണ്ണുകളെ നേരിടാൻ ശക്തി സ്വരുക്കൂട്ടിയ സ്ത്രീയുടെ കഥയാണ് കൊടുങ്കാറ്റിൽ നിന്ന് . വ്യത്യസ്തമതക്കാരനായ രാജനെ ഇഷ്ടപ്പെടുകയും അയാളോടൊപ്പം ജീവിതം നയിക്കാൻ ആഗ്രഹിച്ച് വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ച് ഇറങ്ങിപ്പുറപ്പെടുകയും ചെയ്തവളാണ് സ്വഭാവത്തിലെ സവിശേഷതകൊണ്ട് മേഴ്സി എന്ന പേരിന് അർഹയായ ഈ കഥയിലെ പെൺകുട്ടി. മേഴ്സി എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം - ദയ - അവളുടെ സ്വഭാവത്തിന്റെ സവിശേഷതയായിരുന്നു.

നാട്ടിൽ നിന്നു മാറി ദൂരെയൊരിടത്ത് താമസിക്കുവെ വിപ്ലവകാരിയായ രാജൻ പോലീസ് പിടിയിലാവുന്നു. കുഞ്ഞിനേയും കൊണ്ട് ഒറ്റക്കു താമസിക്കുന്ന തന്നിൽ നോട്ടമിട്ടിരിക്കുന്ന സാമൂഹ്യവിരുദ്ധരിൽ നിന്ന് സ്വയം രക്ഷിക്കാനായി മേഴ്സി രാത്രി മുഴുവൻ പാട്ടുപാടിക്കൊണ്ടിരിക്കുന്നു. ഒടുവിൽ ഒരു ദിവസം അവളെ ആക്രമിക്കാനെത്തിയ ണ്ടുപേരെ അവൾ വെട്ടുകത്തിയ്ക്കിരയാക്കി. താൻ ജയിലിൽ പോയാൽ തന്റെ കുഞ്ഞ് അനാഥമാകും എന്നതുകൊണ്ട് തന്റെ കുഞ്ഞിനെയും അവൾ കൊന്നു. മേഴ്സി 'ക്രൂവൽ' ആയ ജീവിതത്തിലെ ആദ്യ സന്ദർഭമായിരുന്നു അത്. തന്റെ ചാരിത്ര്യത്തിന് മഹത്തരമായ സ്ഥാനം കല്പിക്കുന്ന ഏതു സ്ത്രീയും ചെയ്തുപോകുന്ന കൃത്യമാണ് അവളും ചെയ്തത്. എന്നാൽ ഒരു ഉറുമ്പിനെപോലും നോവിക്കാൻ കഴിയാതിരുന്ന മേഴ്സിയാണ് ഇവിടെ സ്ത്രീശക്തിയുടെ പ്രതീകമായി

മാറിയിരിക്കുന്നത്.

ഒറ്റയ്ക്ക് ഒരു യുവതിയ്ക്ക് - അതും ദുർബ്ബലയായവൾക്ക് - ഈ സമൂഹത്തിൽ പിടിച്ചുനിൽക്കാൻ പ്രയാസമാണ്. തനിക്കു വെല്ലുവിളിയായിത്തീർന്ന അത്തരം ഒരു സന്ദർഭത്തെ നേരിടേണ്ടി വന്നപ്പോൾ, തന്റെ ശരീരത്തിന്റെ ചൂടു തേടിവന്നവരെ അവൾ സ്വയരക്ഷയ്ക്കായി-ചാരിത്ര്യരക്ഷയ്ക്കായി വകവരുത്തുന്നു. സ്വന്തം ചാരിത്ര്യം രക്ഷിക്കാനായി അവളിലെ സ്ത്രീത്വം അവൾക്ക് കരുത്തു നൽകുന്നു. അതേ സമയം സ്വന്തം കുഞ്ഞിനെ അനാഥത്വത്തിലേക്ക് വലിച്ചെറിയാൻ അവളിലെ മാതൃത്വം അവളെ അനുവദിക്കുന്നില്ല.

വിചാരണത്തടവുകാരിയായിരിക്കെ അവൾ ജയിലിൽ ആത്മഹത്യ ചെയ്തു. അതിനും കുറച്ചു ദിവസം മുൻപാണ് രാജൻ ജയിലിൽ വെച്ച് മരണമടഞ്ഞത്. സ്ത്രീക്കും പ്രതികരിക്കാനറിയാമെന്ന് കുറഞ്ഞകാലത്തെ തന്റെ ജീവിതത്തിലൂടെ തെളിയിക്കുന്ന മേഴ്സി സ്ത്രീയുടെ കരുത്തിന്റെ പ്രതീകമാകുന്നു.

സ്ത്രീയെ കാമാവേശത്തോടെ നോക്കിക്കാണുകയും സമീപിക്കുകയും ചെയ്യുന്ന സാമൂഹിക വൈകല്യത്തിനു നേരെയുള്ള ഒരു താക്കീതായിട്ടാണ് കൊടുങ്കാറ്റിൽ നിന്ന് എന്ന കഥ അവതരിപ്പിച്ചിട്ടുള്ളത്.

സ്ത്രീയും പുരുഷനും സമൂഹത്തിൽ തുല്യരാണ് എന്ന ആധുനിക വീക്ഷണത്തിന്റെ ഒരു നഗരചിത്രമാണ് ചക്രവർത്തിയുടെ സമ്മാനം എന്ന കഥ. പരിഷ്കാരത്തിന്റെ മൂർത്തിമത് ഭാവമായ പട്ടണത്തിലെ, ഉദ്യോഗസ്ഥനായ, മിസ്റ്റർ ശർമ്മയുടെ നാട്ടിൻപുറത്തുകാരിയായ ഭാര്യയാണ് മിസിസ്. ശർമ്മ. നാട്ടിൻപുറവും അവിടത്തെ നന്മകളും രൂപപ്പെടുത്തിയെടുത്ത അവളുടെ ജീവിതം പട്ടണജീവിതത്തിനനുസരിച്ച് ചിട്ടപ്പെടുത്താൻ അവൾക്കു കഴിയുന്നില്ല. എന്നാൽ മദ്യലഹരിയിൽ കുഴയുന്ന കാലുകളോടെ, മറ്റൊരു സ്ത്രീയോടൊപ്പം നൃത്തം ചെയ്യുന്ന ഭർത്താവിന്റെ പ്രവൃത്തിയിൽ തെറ്റുകാണാനും അവൾക്കാവുന്നില്ല. അവൾക്ക് ഒരേയൊരു മോഹമേയുള്ളൂ. നിർമ്മലമായ ആകാശത്തിനു താഴെ, തന്റെ

നാട്ടിൻപുറത്തിന്റെ നൈർമ്മല്യമുള്ള വിസ്തൃതമായ ഏകാന്തതയിൽ നക്ഷത്രങ്ങളെ സാക്ഷിയാക്കി മതിയാവോളം നൃത്തം ചെയ്യണം. ഈയൊരു സ്വപ്നത്തിന്റെ നിർവൃതിയിലിരിക്കുമ്പോഴാണ് ഭർത്താവിന്റെ സുഹൃത്ത്, മിസ്റ്റർ. ശങ്കർ അയാളോടൊപ്പം നൃത്തം ചെയ്യാൻ അവളെ ക്ഷണിക്കുന്നത്.

പട്ടണവാസികളുടെ കാഴ്ചപ്പാടിൽ ജീവിതം []എൻജോയ് [] ചെയ്യാനുള്ളതാണ്. ഈ ആസ്വാദനത്തിനിടയിൽ സ്ത്രീപുരുഷ വ്യത്യാസവും സദാചാര മൂല്യങ്ങളും അപ്രസക്തമാവുന്നു. ജീവിതമൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന പലർക്കും സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കേണ്ടിവരും എന്നതിനുദാഹരണമാണ് മിസ്റ്റർ. ശങ്കറിനൊപ്പം റോക്ക് എൻ റോൾ ചെയ്യാൻ തയ്യാറാവുന്ന മിസ്സിസ്. ശർമ്മയുടെ അവസ്ഥ. ഇഷ്ടപ്പെടാത്ത പല സാഹചര്യങ്ങളേയും അഭിമുഖീകരിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടിവരുന്ന പട്ടണ ജീവിതമാണ് []ചക്രവർത്തിയുടെ സമ്മാന[]ത്തിലൂടെ അനാവൃതമാകുന്നത്. സ്ത്രീപുരുഷ സമത്വം എന്ന ആശയത്തിന്റെ ഒരു വികൃതമായ മുഖം കൂടി ഈ കഥ അനാവരണം ചെയ്യുന്നുണ്ട്.

സ്വന്തം വ്യക്തിപരമായ ഉയർച്ചയ്ക്കുവേണ്ടി ഭാര്യയുടെ സൗന്ദര്യവും ശരീരവും അന്യർക്ക് കാഴ്ചവെയ്ക്കുന്ന പുരുഷന്റെ സ്വാർത്ഥമനോഭാവത്തെ - ആ സാമൂഹിക തിന്മയെ-യാണ് []യുഗസന്ധി[] എന്ന കഥയ്ക്ക് പ്രമേയമായിരിക്കുന്നത്. ഒരേയൊരു മകളെ താൻ ആഗ്രഹിച്ചവിധം ആർഭാടമായി വിവാഹം കഴിപ്പിച്ച് പട്ടണത്തിലേക്ക് ഭർത്താവിനോടൊപ്പം അയച്ചപ്പോൾ ജീവതം സഫലമായതിന്റെ സന്തോഷമനുഭവിച്ച സരോജിനി ടീച്ചർ. എന്നാൽ അവളുടെ തകർന്ന ജീവിതത്തിന്റെ കഥ, മദ്യലഹരിയിൽ കുഴഞ്ഞ അവളുടെ നാവിൽ നിന്നു തന്നെ കേൾക്കേണ്ടി വന്നപ്പോൾ ടീച്ചർ അനുഭവിച്ച മാനസിക സംഘർഷം വാക്കുകൾക്ക് അതീതമായിരുന്നു. അവർ മകളെ നാട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോന്നു.

സ്ത്രീയുടെ ശരീരം വില്പനച്ചരക്കായി കാണുകയും തന്റെ നേട്ടങ്ങൾക്കുള്ള ചവിട്ടുപടിയാക്കുകയും ചെയ്യുന്ന പുരുഷന്റെ അധാർമ്മികതയെ ചോദ്യം

ചെയ്യുകയാണ് ഈ കഥയിൽ ചെയ്തിരിക്കുന്നത്. നാട്ടിൻപുറത്തിന്റെ നന്മകളിൽ ജീവിക്കുകയും ആ നന്മകൾ മനസ്സിൽ പേറിക്കൊണ്ട് വിവാഹജീവിതത്തിലേയ്ക്ക് ഇറങ്ങിത്തിരിക്കുകയും ചെയ്തവളാണ് ഈ കഥയിലെ മായ. ഭർത്താവിന്റെ സ്വാർത്ഥതയും വ്യക്തിത്വ ധ്വംസനവും അസഹനീയമായിട്ടും പ്രതിഷേധസ്വരമുയർത്താതെ അതിനു വശംവദയാ കാനേ അവൾക്കു കഴിയുന്നുള്ളു. തന്നെ സുരക്ഷിതമായ കൈകളിൽ ഏൽപ്പിച്ചു എന്ന സംതൃപ്തിയോടെ ജീവിയ്ക്കുന്ന അമ്മയെ വേദനിപ്പിക്കാൻ അവൾക്കാവുന്നില്ല. അതുകൊണ്ടാണ് ഭർത്താവിന്റെ തന്നോടുള്ള സമീപനം അവൾ അമ്മയെ അറിയിക്കാതിരുന്നത്.

താൻ അനുഭവിക്കുന്ന ഭാര്യയുടെ സുന്ദരശരീരം പ്രയോജനപ്പെടുത്തി തന്റെ വ്യക്തിജീവിതത്തിൽ നേട്ടങ്ങൾ ഉണ്ടാക്കാം എന്ന പുരുഷന്റെ ക്രൂരമായ സ്വാർത്ഥചിന്തയുടെയും സദാചാരധ്വംസനത്തിന്റെയും വിരൂപമായ മുഖം തുറന്നുകാണിക്കുന്ന ഈ കഥ. നഗരജീവിതത്തിലെ തിരക്കുകൾക്കും സംഘർഷ ത്തിനുമിടയിൽ വിലകെട്ടുപോവുന്ന സ്ത്രീത്വത്തിന്റെയും ചാരിത്ര്യത്തിന്റെയും മുഖം കൂടിയാണ് ഈ കഥയിൽ അനാവരണം ചെയ്തിരിക്കുന്നത്.

സമ്പന്നതയുടെ മടിയിൽ പിറന്ന സുന്ദരിയും വിദ്യാസമ്പന്നയുമായ ഭാനുമതി എന്ന യുവതിയുടെ ജീവിതാദർശങ്ങളും അതിനനുസരിച്ച് രൂപപ്പെടുത്തിയ കർമ്മമേഖലയും ഒടുവിലെ ജീവിത പരിണതിയുമാണ് []തിരികെ വരൂ[] എന്ന കഥയുടെ പ്രമേയം. ലൗകികജീവിതത്തോട് വിരക്തി ഇല്ലാത്തവളായിട്ടും ഭാനുമതി വിവാഹം വേണ്ടെന്നുവച്ചു. വിദ്യാസമ്പന്നയായിട്ടും സമൂഹത്തിലെ യുവതികളെ സംഘടിപ്പിക്കു ന്നതിലും അവർക്ക് ജീവിതമാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതിലും അവൾ വ്യാപൃതയായി. മറ്റുജോലികൾ കിട്ടാൻ സാദ്ധ്യതകളേറെയുണ്ടായിട്ടും ഭാനുമതി അതിനൊന്നും ശ്രമിച്ചില്ല. സ്ത്രീശക്തിയുടെ സാദ്ധ്യതകൾ സമൂഹത്തിനു കാണിച്ചുകൊടുക്കുക യായിരുന്നു അവളുടെ ലക്ഷ്യം. അതിനുള്ള സംരഭങ്ങളൊക്കെ വിജയത്തിലേക്ക് കുതിക്കുകയും ചെയ്തിരുന്നു.

ഒരു പുരുഷനെ വിവാഹം കഴിച്ച് അവന്റെ കുട്ടികളെ പ്രസവിച്ച് അവർക്കു വേണ്ടതെല്ലാം ചെയ്തുകൊടുത്ത് ഉരുകിത്തീരുന്ന ഒരു ജന്മമാകാൻ ഭാനുമതി തയ്യാറല്ലായിരുന്നു. എന്നാൽ വർഷങ്ങൾക്കു ശേഷം ഭാനുമതിയുടെ സുഹൃത്തായ രാധ, ഒരു കുഞ്ഞിനേയും മടിയിൽ വെച്ച് സ്വയം നഷ്ടപ്പെട്ട അവസ്ഥയിൽ ആശുപത്രി വരാന്തയിലിരിക്കുന്ന അശരണയായ ഭാനുമതിയെ കണ്ടെത്തുന്നു. താൻ രൂപപ്പെടുത്തിയ []സദന[]ത്തിൽ നിന്ന് ദൂരെയുള്ള പട്ടണത്തിലേയ്ക്ക് തന്റെ സേവനം വ്യാപിപ്പിക്കാൻ പുറപ്പെട്ടതായിരുന്നു ഭാനുമതി. അതിന്റെ പരിണതി ഈ അവസ്ഥയിലായിത്തീർന്നു. അവിവാഹിതയായ ഭാനുമതി ഒരു കുഞ്ഞിന്റെ അമ്മയായി തന്റെ വ്യക്തിത്വത്തിനും സ്ത്രീ സമൂഹത്തിനും സദാചാരമൂല്യങ്ങൾക്കും എല്ലാം തന്നെ കളങ്കം ചാർത്തി.

സ്ത്രീസ്വാതന്ത്ര്യവും സ്ത്രീപുരുഷസമത്വവും പ്രസംഗിച്ചു നടക്കാൻ ആരംഭിക്കുന്ന ഒരു കാലഘട്ടത്തെയാണ് ഈ കഥയിൽ അന്തർജ്ജനം അവതരിപ്പിക്കുന്നത്. ആദർശങ്ങൾ എത്രകണ്ട് പ്രസംഗിച്ചു നടന്നാലും പ്രകൃതിയുടെ ചോദനകൾക്ക് മനുഷ്യന് വശംവദനാകാതിരിക്കാൻ കഴിയില്ല എന്ന നഗ്നസത്യം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. സ്ത്രീ വിമോചനാശയങ്ങൾ ശക്തമായി മനസ്സിലേയ്ക്ക് ആവാഹിക്കാനോ, ഏറ്റെടുത്ത ചുമതലകളിൽ ഉറച്ചുനിൽക്കാനോ കഴിയാതിരുന്ന ചുരുക്കം ചിലരുടെയെങ്കിലും ജീവിത പരിണതി ഈ വിധമായിരുന്നു എന്ന് തുറന്നു വെളിപ്പെടുത്തുകയാണ് ഇവിടെ അന്തർജ്ജനം ചെയ്യുന്നത്. ഒരിക്കലും സ്ത്രീവിമോചനത്തിന്റെ വക്താവായിട്ടിരുന്നിട്ടില്ലാത്ത അന്തർജ്ജനത്തിന്റെ മനസ്സ്, പ്രകൃതി ചോദനകൾക്ക് വശംവദയാകുകയും സ്ത്രീയെന്ന നിലയിൽ തന്റെ കടമകളും കർത്തവ്യങ്ങളും പൂർണ്ണതയോടെ നിർവ്വഹിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളെ അവതരിക്കുമ്പോഴെ സംതൃപ്തമാവുന്നുള്ളൂ എന്നാണ് ഈ കഥ വ്യക്തമാക്കുന്നത്.

മാതൃത്വം

സ്ത്രീയെ സമ്പൂർണ്ണയാക്കുന്ന ഘടകങ്ങളിൽ പ്രധാനമായത് മാതൃത്വമാണ്. മാതൃത്വത്തിന്റെ മഹനീയത വിളിച്ചോതുകയും അതിന്റെ അലഭ്യത സ്ത്രീത്വത്തിന്റെ അപൂർണ്ണതയ്ക്ക് കാരണമാകും എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന കഥകൾ

അന്തർജ്ജനത്തിന്റെ കഥാലോകത്ത് കണ്ടെത്താനാവും. കഥയുടെ പ്രമേയം എന്തുമാകട്ടെ, അതിൽ മാതൃത്വത്തിന് അനർഘമായ ഒരു സ്ഥാനം നൽകാൻ പലപ്പോഴും കഥാകാരി ശ്രമിച്ചുകാണുന്നുണ്ട്. മക്കളെ പ്രസവിക്കുന്നതും വളർത്തുന്നതും ഒരു ഭാരമായി കാണാതെ, ഒരു നല്ല കുടുംബിനിയായിക്കൊണ്ടു തന്നെ കഥാലോകത്തും വിജയം വരിക്കാൻ സാധിച്ചിട്ടുള്ള അപൂർവ്വം എഴുത്തുകാരികളിൽ പ്രമുഖ സ്ഥാനം അന്തർജ്ജനത്തിനു തന്നെയാണ്. "അമ്മ" എന്ന പദം എല്ലാ അർത്ഥത്തിലും സമ്പൂർണ്ണമാക്കിയിട്ടുള്ള അപൂർവ്വ വ്യക്തിത്വങ്ങളിൽ നിന്നു മാത്രമേ മാതൃത്വത്തിന്റെ ഇത്തരം മഹനീയഗാഥകൾ പുറപ്പെടുകയുള്ളൂ.

അമ്മ, മകൾ, ഭാര്യ, കാമുകി എന്നീ തലങ്ങളിൽ സ്ത്രീയുടെ സത്വത്തെ പരീക്ഷിക്കുന്ന കഥകൾ അന്തർജ്ജനത്തിന്റെ കഥകളിൽ വിരളമല്ല. ഇവയിൽ വിജയത്തിന്റെ വെന്നിക്കൊടി പാറിക്കാൻ കഴിഞ്ഞത് "അമ്മ" എന്ന സ്ഥാനത്തു നിർത്തി സ്ത്രീത്വത്തെ അപഗ്രഥിക്കുന്ന കഥകൾക്കു തന്നെയാണ്. ഇതിന്റെ കാരണം ശ്രീ. പി.ഏ. വാര്യർ ഇപ്രകാരം രേഖപ്പെടുത്തുന്നു : "മാതൃത്വമാകുന്ന സ്ത്രീത്വത്തിന്റെ മഹത്തായ സിദ്ധി. എന്നുവെച്ചാൽ മാതൃത്വം എന്ന പദം ഉൾക്കൊള്ളുന്ന എല്ലാം തന്നെ. അന്തർജ്ജനത്തിന്റെ പഞ്ചാരയുമ്മ മുതലായ കഥകൾ മാതൃത്വത്തിന്റെ കഥകളാണ്. കൊച്ചോമനയുടെ കുസൃതി ഞങ്ങളിൽ സച്ചിദാനന്ദം കണ്ടെത്തുന്ന - ആട്ടിൻകുട്ടിയുടെ തുള്ളാട്ടം കണ്ടും അമ്മേ വിളികേട്ടും മുല ചുരത്തുന്ന - അമ്മയുടെ അഗാധവാത്സല്യമാണ് ആ കഥകളുടെ അന്തഃസത്ത. സ്നേഹവാത്സല്യങ്ങളുടെ സീമാരേഖകൾക്കു വലുപ്പം വെയ്ക്കുകയാണ് - കുളത്തിലെറിഞ്ഞ കല്ലു സൃഷ്ടിക്കുന്ന ചിറ്റോളങ്ങളുടെ ചുറ്റളവു കാണെക്കാണെ വലുതായി വരുന്നില്ലേ, അതുപോലെ."[8] ഓരോ അനുഭവമുഹൂർത്തങ്ങളും അന്തർജ്ജനത്തിന്റെ മനസ്സിൽ സ്നേഹവാത്സല്യങ്ങളുടെ അതിരിന് ആക്കം കൂട്ടിയിരുന്നു എന്നും അതുകൊണ്ടാണ് അനശ്വരമായ മാതൃസ്നേഹ ത്തിന്റെ ഗാഥകളെഴുതാൻ അവർക്കായതെന്നും ഉള്ള ശ്രീ. വാര്യരുടെ നിരീക്ഷണം യുക്തിയുക്തമായിട്ടുണ്ട്.

സ്നേഹവും വാത്സല്യവും മനസ്സിൽ ഊറിവരുമ്പോൾ അത് സമർപ്പിക്കാൻ

സ്ത്രീയ്ക്ക് മക്കൾ വേണം. താൻ പ്രസവിച്ചതല്ലെങ്കിൽ കൂടി തന്റെ സ്നേഹം കളങ്കമില്ലാത്ത താണെന്ന് തിരിച്ചറിഞ്ഞ് തന്നെ അമ്മയായി അംഗീകരിക്കുന്ന ഒരു ശിശുവായാലും മതി. കുഞ്ഞിന് ജന്മം നൽകുന്നതിലൂടെയും അതിനെ വാത്സല്യവും സ്നേഹവും നൽകി വളർത്തുന്നതിലൂടെയും ലഭിക്കുന്ന ആത്മനിർവൃതി തേടി ആദർശങ്ങൾ ബലികഴിച്ച് ഇറങ്ങിപ്പുറപ്പെട്ട കഥാപാത്രങ്ങൾ അന്തർജ്ജനത്തിന്റെ കഥാലോകത്തുണ്ട്. യൗവ്വനത്തിൽ വിവാഹവും ഗർഭം, പ്രസവം തുടങ്ങിയ ദുരിതങ്ങളും വേണ്ടെന്നു വച്ചവർ, വിവാഹജീവിതവും മാതൃത്വവും ലഭിക്കാതെ പോയവർ, ആ അനുഭവങ്ങളെ തള്ളിപ്പറഞ്ഞവർ, താൻ പ്രസവിച്ചതല്ലെങ്കിലും തന്റെ സ്തന്യം മറ്റു കുഞ്ഞുങ്ങൾക്കായി കൂടി ചുരത്താൻ ഭാഗ്യമുണ്ടായവർ, അപ്രതീക്ഷിതമായി ഒരു കുഞ്ഞിന്റെ മാതൃസ്ഥാനം വഹിക്കാനായവർ, നിഷ്കളങ്കനായ ബാലന്റെ സ്നേഹാർദ്രമായ ഒരു വിളിക്കു മുമ്പിൽ കീഴടങ്ങിയവർ അങ്ങനെ നിരവധി ഭാവങ്ങളിൽ മാതൃത്വത്തിന്റെ മഹനീയ ഗാഥകൾ അന്തർജ്ജനത്തിന്റെ കഥാലോകത്ത് ദർശിക്കാനാവും.

"മാതൃത്വം" സ്ത്രീയ്ക്ക് നൽകുന്ന പരിപൂർണ്ണതയും സംതൃപ്തിയുമാണ് "അവിവാഹിത" എന്ന കഥയുടെ പ്രമേയം. നല്ല പ്രായത്തിൽ വിവാഹത്തെയും ഗർഭം, പ്രസവം തുടങ്ങിയ ദുരിതങ്ങളെയും തള്ളിപ്പറയുകയും തന്റേയരികിൽ പരിശോധനയ്ക്കെത്തുന്ന ഗർഭിണികളെ അവർ ഗർഭിണികളായതിന്റെ പേരിൽ ശകാരിക്കുകയും ചെയ്തിരുന്നു, ഇതിലെ കഥാപാത്രമായ ലേഡി ഡോക്ടർ. പുരുഷനുമായുള്ള സഹവർത്തിത്വത്തിൽ നേട്ടം പുരുഷനും ദുരിതം സ്ത്രീയ്ക്കുമാണെന്ന് അവർ കണക്കാക്കുകയും തന്റെ ജീവിതത്തിൽ അത്തരം ഒരേർപ്പാട് വേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അപ്രതീക്ഷിതമായി, പ്രസവിച്ച ഉടനെ മരണമടഞ്ഞ ഒരു യുവതിയുടെ കുഞ്ഞിനെ, അവൾക്കു നൽകിയ വാക്കിന്റെ അടിസ്ഥാനത്തിൽ സംരക്ഷിക്കേണ്ടി വരുന്നു ഡോക്ടർക്ക്. ദിവസങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കെ, ആ കുഞ്ഞിനെ താൻ സ്നേഹിക്കുന്നില്ലെങ്കിലും അവൻ തന്നെ സ്നേഹിക്കുന്നതായി തിരിച്ചറിഞ്ഞ ഡോക്ടർ അവന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധാലുവായി. അതോടെ രണ്ടുപേരും കൂടുതൽ അടുത്തു.

വൈകാതെ കുഞ്ഞിന്റെ അച്ഛനായ പട്ടാളക്കാരൻ അവനെ അന്വേഷിച്ച് ഡോക്ടറുടെ അടുത്തെത്തി. ഒട്ടേറെ വാഗ്വാദങ്ങൾക്കു ശേഷം, കുഞ്ഞിനു സമ്മതമാണെങ്കിൽ കൊണ്ടുപൊയ്ക്കോളളാൻ അനുവദിച്ച ഡോക്ടർക്ക് അവൻ തന്നെ വിട്ടുപോവില്ലെന്ന വിശ്വാസമുണ്ടായിരുന്നു. എന്നാൽ അവനെ പ്രലോഭിപ്പിക്കുന്ന തരത്തിലുളള കളിപ്പാട്ടങ്ങളുമായി അയാൾ വന്നപ്പോൾ അവൻ അയാളോടിണങ്ങുകയും പിന്നീട് അയാൾക്കൊപ്പം പോവുകയും ചെയ്തു.

കുഞ്ഞിന്റെ അസാന്നിദ്ധ്യം ഡോക്ടറെ വേദനിപ്പിച്ചു. തന്റെ സമ്പാദ്യമത്രയും കൊടുത്ത് അവനെ തിരികെ ചോദിക്കാനവർ പുറപ്പെട്ടു. എന്നാൽ ഈ ലോകത്ത് തനിക്ക് ആകെയുളള സമ്പാദ്യമായ അവനെ നൽകാൻ അയാൾ തയ്യാറല്ലായിരുന്നു. അവനെ തനിക്കു നഷ്ടപ്പെടുമെന്നുറപ്പായ ഡോക്ടർ മറ്റു പോംവഴികളൊന്നുമില്ലെന്നു വന്നപ്പോൾ തന്റെ നാല്പത്തഞ്ചാം വയസ്സിൽ ആ പട്ടാളക്കാരന്റെ രണ്ടാംഭാര്യയാവാൻ തയ്യാറാവുന്നു. ഒട്ടേറെ ദുരിതമനുഭവിച്ചാലേ ഒരു കുഞ്ഞിന്റെ നിഷ്കളങ്കമായ സ്നേഹം നേടാൻ കഴിയൂ എന്നു വന്നപ്പോൾ അതിനവർ മടിച്ചില്ല. ആ ദുരിതങ്ങൾ ഏറ്റുവാങ്ങാൻ ഇപ്പോൾ അവരുടെ മനസ്സ് സജ്ജമായിക്കഴിഞ്ഞിരുന്നു.

"സമുദായ പശ്ചാത്തലമില്ലാത്ത, കേവലമായ മമതാബന്ധങ്ങളുടെ വിഭിന്ന മുഖങ്ങൾ ആവിഷ്കരിക്കുന്ന രചനകൾ അന്തർജ്ജനത്തിന്റെ കഥകളിലെ മറ്റൊരു മുഖ്യമായ വിഭാഗമാണ്. [അവിവാഹിത] എന്ന കഥ ഇത്തരത്തിൽ മാതൃത്വം മമതാബന്ധത്തിന്റെ വിശുദ്ധകുരിശു ചുമക്കുന്ന ഒരു ഡോക്ടറുടെ കഥയാണ്."[9] അന്തർജ്ജനത്തിന്റെ രചനകളുടെ പ്രത്യേകതകളെക്കുറിച്ച് പഠനം നടത്തുന്നിടത്ത് ഡോ. ലീലാവതി നിരീക്ഷിച്ച വസ്തുതയാണ് ഇത്.

നല്ല പ്രായത്തിൽ വിവാഹം എന്ന സ്ഥാപനത്തോട് ഡോക്ടർക്ക് എതിർപ്പുണ്ടായത് അവർ പുരുഷവിദ്വേഷിയായതുകൊണ്ടല്ല; തന്റെ മുൻപിലെത്തുന്ന സ്ത്രീകളുടെ ദുരിതങ്ങൾ കണ്ടിട്ടാണ്. എന്നാൽ അവിചാരിതമായി തന്റെ

ജീവിതത്തിലേയ്ക്ക കടന്നുവന്ന കുഞ്ഞിന്റെ സ്നേഹം അനുഭവിക്കാനിടയാവുകയും പിന്നീട് അത് നഷ്ടപ്പെടുകയും ചെയ്തപ്പോൾ അതു തിരിച്ചുകിട്ടാൻ വേണ്ടി മുമ്പ് താൻ തള്ളിപ്പറഞ്ഞ വിവാഹത്തെ അനുകൂലിക്കാൻ അവർ തയ്യാറായി. നിഷ്കളങ്കതയിൽ ചാലിച്ച സ്നേഹം മാതൃത്വത്തോടു ചേരുമ്പോൾ അത് കൂടുതൽ ദൃഢവും അർത്ഥപൂർണ്ണവുമാവുന്നു എന്ന് ഈ കഥ തെളിയിക്കുന്നു.

മക്കളെ ഒരുപാടു സ്നേഹിക്കുകയും, ആ സ്നേഹം പ്രകടിപ്പിക്കാൻ അറിയാതിക്കുകയും ചെയ്യുന്നത് ചില അമ്മമാരുടെ ദൗർബ്ബല്യമാണ്. []വരം[] എന്ന കഥയിലെ മീനാമാമി ഈ വകുപ്പിൽ പെടുത്താവുന്ന കഥാപാത്രമാണ്. അവർക്ക് കലയും പുലിയും പോലെ നാലു മക്കളുണ്ടായിരുന്നു. ഓരോരുത്തരും ഓരോ മേഖലയിൽ സമർത്ഥർ. മക്കളെ താൻ ഉദ്ദേശിച്ചിടത്ത് എത്തിച്ച് അവരുടെ ജീവിതം ഭദ്രമാക്കണമെന്ന് മീനാമാമി ആഗ്രഹിച്ചു. ആ ആഗ്രഹം സഫലമാക്കാനുള്ള യാത്രയ്ക്കിടയിൽ മക്കൾ കൈവിട്ടുപോകാതിരിക്കാനായി ആ അമ്മ അവരോട് കർക്കശമായി പെരുമാറി. ഈ കാർക്കശ്യം അമ്മയ്ക്ക് തങ്ങളോടുള്ള സ്നേഹക്കുറവായി തെറ്റിദ്ധരിച്ച്, മക്കൾ അവരെ ധിക്കരിച്ച് അവരവരുടെ വഴിക്കു തിരിഞ്ഞു. ഇതു മനസ്സിലാക്കിയ അമ്മ മൂത്ത മകനെ തന്റെ വരുതിയിലാക്കാൻ ശ്രമിച്ചെങ്കിലും അത് ഫലവത്തായില്ല; മാത്രമല്ല, അവന്റെ ജീവിതം തുലഞ്ഞു. അതിന്റെ പ്രതികാരമെന്നോണം മറ്റു മക്കളും അവർക്കെതിരായി. ആത്യന്തികമായി ആ അമ്മയ്ക്ക് മക്കളുടെ സ്നേഹം തിരിച്ചുകിട്ടിയില്ല, എന്നു മാത്രമല്ല അവരുടെ പെരുമാറ്റത്തിലെ കാർക്കശ്യം മക്കളുടെ ജീവിതം അവരുദ്ദേശിച്ച വഴിക്കല്ലാതെ പലവഴിക്കു നീങ്ങാൻ
കാരണവുമായി. ഒടുവിൽ ഭർത്താവുമൊത്ത് തീർത്ഥയാത്രയ്ക്കു പോകുന്നു മീനാമാമി.

ആ തീർത്ഥയാത്രയ്ക്കിടയിൽ എപ്പോഴോ എവിടെയോ വെച്ച് അവർ തന്റെ തെറ്റു മനസ്സിലാക്കുന്നു. തുടർന്ന് നെഞ്ചിൽ സ്നേഹാമൃതം ചുരത്തുന്ന യോഗിനിയാവുന്നു അവർ. തന്റെ മുൻപിലെത്തുന്നവരെ സ്നേഹിച്ചും അനുഗ്രഹിച്ചും നിർവൃതിയടയുന്ന ആ അമ്മയ്ക്ക് താൻ ജന്മം കൊടുത്ത മക്കൾക്കായി പ്രത്യക്ഷത്തിൽ സ്നേഹാമൃതം ചുരത്താനായില്ല; പരോക്ഷമായി ആ നെഞ്ചിലൂറിയിരുന്ന അമൃത് ആ

മക്കൾ കണ്ടതുമില്ല.

മക്കൾ ഉന്നതനിലയിലെത്തിക്കാണണം എന്ന് മാതാപിതാക്കൾ ആഗ്രഹിക്കുന്നത് ഒരിക്കലും തെറ്റല്ല. എന്നാൽ മീനാമാമി ചെയ്തതുപോലെ മാതൃസ്നേഹം നെഞ്ചിലൊളിപ്പിച്ച് കടുംപിടുത്തത്തോടെ തന്റെ ലക്ഷ്യത്തിലേയ്ക്ക് അവരെ നയിക്കുന്നത് തെറ്റുതന്നെയാണ് എന്ന് മീനാമാമിയുടെ കഥയിലൂടെ വ്യക്തമാക്കുന്ന കഥാകാരി. പുറമെ പ്രകടിപ്പിക്കാനാവാത്ത സ്നേഹം വ്യർത്ഥമാണെന്നും താഴെ വീണ ചിതറിയ ചില്ലുപാത്രം പോലെ അത് ചിലപ്പോൾ ജീവിതത്തെ നശിപ്പിച്ചേക്കും എന്നുമുള്ള കഥാകാരിയുടെ കാഴ്ചപ്പാടാണ് മീനാമാമിയുടെ ചിത്രണത്തിലൂടെ അവതരിക്കപ്പെട്ടിരിക്കുന്നത്.

അറുപത്തിരണ്ടു വർഷക്കാലം ഒരേ കുടുംബത്തിൽ ജോലി ചെയ്യുകയും ഗർഭിണിയാവുകയോ പ്രസവിക്കുകയോ ചെയ്യാതെ അക്കാലമത്രയും ആ വീട്ടിൽ ജനിച്ച കുഞ്ഞുങ്ങൾക്കെല്ലാം അമ്മയായിത്തീരുകയും ചെയ്തവളാണ് []മരത്തൊട്ടിൽ[] എന്ന കഥയിലെ നങ്ങേലിപ്പെണ്ണ്. മനസ്സുകൊണ്ട് നങ്ങേലി ആ വീട്ടിലെ ഇളംതലമുറകൾക്കെല്ലാം അമ്മയാണ്; കർമ്മംകൊണ്ട് അവരുടെ വേലക്കാരിയും. കുട്ടികളെ കുളിപ്പിക്കുകയും ഭക്ഷണം കഴിപ്പിക്കുകയും താരാട്ടുപാടി ഉറക്കുകയും ചെയ്യുന്നത് നങ്ങേലിയാണ്. അമ്മയുടെ വാത്സല്യം കുട്ടികൾ കൂടുതൽ ആഗ്രഹിക്കുന്ന സന്ദർഭങ്ങളാണ് ഇതെല്ലാം. എന്നാൽ ആ വീട്ടിലെ കുട്ടികൾക്ക് മാതൃനിർവിശേഷമായ വാത്സല്യം പകർന്നുകൊടുക്കാനും തന്റെ പരുപരുത്ത കൈകളാകുന്ന മരത്തൊട്ടിലിൽ കിടത്തി അവരെ താരാട്ടുപാടി ഉറക്കാനും ഭാഗ്യമുണ്ടായത് നങ്ങേലിയ്ക്കാണ്.

സ്വന്തം ജീവിതത്തിലെ അനുഭവങ്ങളാണ് നങ്ങേലി പെണ്ണിന്റെ കഥയെഴുതാൻ കഥാകാരിയെ പ്രേരിപ്പിച്ചത്. തന്റെ ദാസിയായി, നങ്ങേലി ഉണ്ടായിരുന്ന കാലത്തൊന്നും കഥാകാരിക്ക് അവളോട് ദയയും സ്നേഹവും തോന്നിയിരുന്നില്ല എന്നത് കഥയിൽ നിന്നുതന്നെ വ്യക്തമാവുന്നുണ്ട്. എന്നാൽ കഥകൾ കേൾക്കാനും, ആന കളിക്കാനും ദാസിയോട് സ്നേഹം കൂടിയാലേ പറ്റൂ.

കാവ്യസാദ്ധ്യത്തിനുള്ള വെറും പ്രകടനമാണ് ആ സ്നേഹം. എന്നാൽ അതിൽ യഥാർത്ഥ സ്നേഹത്തിന്റെ നൈർമ്മല്യം കണ്ടെത്തുകയാണ് നങ്ങേലി. അത് അവളെ അവിടെതന്നെ തുടരാൻ പ്രേരിപ്പിക്കുന്നു.

വാർദ്ധക്യസഹജമായ രോഗങ്ങളുടെ ആക്രമണത്തിനിരയായി നങ്ങേലി ആ ഇല്ലം വിട്ടുപോയിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അവർ ജീവിച്ചിരിപ്പുമില്ല. പക്ഷെ നങ്ങേലി ചെയ്ത സേവനങ്ങൾ, അവർ പകർന്നു നൽകിയ സ്നേഹം, അതിന്റെ മഹത്വം എല്ലാം ഇപ്പോൾ കഥാകാരി മനസ്സിലാക്കുന്നു. നങ്ങേലി പോയശേഷം പകരം വന്ന വേലക്കാരി പതിനാലു വയസ്സുള്ള ഒരു പെൺകുട്ടിയായിരുന്നു. എഴുപത്തിമൂന്നു വയസ്സിന്റെ അനുഭവ സമ്പത്തിനു മുന്നിൽ പതിനാല് വയസ്സ് എത്രയോ നിസ്സാരം. നങ്ങേലി പ്പെണ്ണിന്റെ കൈകൾ മൂന്ന് തലമുറകൾക്ക് മരത്തൊട്ടിലായിരുന്നു. ആ നെഞ്ചിലൂറിയ സ്നേഹം നുകർന്ന കുട്ടികൾ അവരുടെ കൈകളാകുന്ന മരത്തൊട്ടിലിന്റെ സ്നേഹമസൃണതയിൽ വാശിപിടിക്കാതെ ഉറങ്ങിയിരുന്നത് കഥാകാരി ഓർക്കുന്നു.

തിരിച്ചുകിട്ടിയാലും ഇല്ലെങ്കിലും നെഞ്ചിലെ സ്നേഹം ആവോളം കോരിക്കൊടുത്ത് മാതൃനിർവിശേഷമായ നിർവൃതി അറിഞ്ഞവളാണ് ഈ കഥയിലെ നങ്ങേലിപ്പെണ്ണ്. ഒരു ദാസിയ്ക്ക് സ്നേഹം തിരിച്ചു പ്രതീക്ഷിക്കാനവകാശമില്ല എന്നറിഞ്ഞുകൊണ്ടു തന്നെ, അതിൽ അല്പം പോലും പരിഭവിയ്ക്കാതെ തന്റെ നിർമ്മലസ്നേഹം അളവില്ലാതെ പകർന്നുകൊടുത്ത് ധന്യയാവുകയാണ് നങ്ങേലി പ്പെണ്ണ് ചെയ്തത്. ആ തറവാട്ടിലെ കുഞ്ഞുങ്ങളെയെല്ലാം അവർ തന്റെ കുഞ്ഞുങ്ങളാ യാണ് കാണുന്നത്. മാതൃത്വം എന്ന സാർവ്വലൗകികമായ ഭാവത്തിന്റെ ഉത്തമദൃഷ്ടാന്തമാണ് അന്തർജ്ജനത്തിന്റെ ഈ കഥാപാത്രം.

വർഷങ്ങളായി ഭിക്ഷാടനത്തിലൂടെ ഉപജീവനം നടത്തുകയും നാട്ടുകാരാൽ 'പൂതന' എന്നു വിളിക്കപ്പെടുകയും ചെയ്തിരുന്ന സ്ത്രീ, ഒരു ബാലന്റെ []അമ്മൂമ്മേ[] എന്ന സ്നേഹാർദ്രമായ സംബോധനയിൽ സ്നേഹയാചകിയായി മാറുന്ന കാഴ്ചയാണ്

[]സ്നേഹയാചകി[] എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഉപജീവനത്തിന് തന്റെ ഭീകരരൂപം പ്രയോജനപ്പെടുത്തിയതുകൊണ്ടും ഭിക്ഷ നൽകാത്തവരെ ശകാരിച്ചിരുന്നതുകൊണ്ടുമാണ് അവൾക്ക് പൂതന എന്ന പേര് വീണത്. എന്നാൽ ചന്ദ്രൻ എന്ന ബാലന്റെ സ്നേഹനിർഭരമായ []അമ്മൂമ്മേ[] എന്ന വിളിയും അതോടൊപ്പം അവൻ സ്നേഹപൂർവം നൽകിയ ഭിക്ഷയും അവളിലെ മാതൃത്വത്തെ ഉണർവിലെത്തിച്ചു.

വർഷങ്ങൾക്കു മുമ്പ് തന്റെ കൂടെയുണ്ടായിരുന്ന പേരക്കുട്ടിയ്ക്ക് സമാനനായി അവൾ ചന്ദ്രനെ കാണുകയും അവനെ മാതൃനിർവിശേഷമായ സ്നേഹത്തോടെ വീണ്ടും വീണ്ടും കാണാനാഗ്രഹിക്കുകയും ചെയ്യുന്നു. സാധാരണ കുട്ടികൾ കണ്ടാൽ ഭയ പ്പെടുന്ന രൂപഭാവങ്ങളെ പൂതനയ്ക്ക് ചന്ദ്രൻ ഭിക്ഷ നൽകുന്നത് കുഞ്ഞുമനസ്സിലും ദയ, അലിവ്, സ്നേഹം എന്നീ വികാരങ്ങൾക്കു സ്ഥാനമുണ്ടെന്ന വസ്തുതയെയാണ് കാണിക്കുന്നത്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സുന്ദരമായ രൂപം ആവശ്യമി ല്ലെന്ന സാമാന്യ തത്വത്തിലേക്ക് കഥാകാരി വായനക്കാരുടെ ശ്രദ്ധയാകർഷിക്കുന്നു.

സ്നേഹം, ദയ തുടങ്ങിയ വികാരങ്ങൾ മനസ്സിൽ അലിഞ്ഞുചേർന്നിരുന്നതു കൊണ്ടാണ് രോഗാവസ്ഥയിലും ചന്ദ്രൻ []അമ്മൂമ്മേ[] എന്നു പുലമ്പിക്കൊണ്ടിരുന്നത്. എതിർപ്പുകളെ അവഗണിച്ച് പിൻവശത്തെ ജനലിലൂടെ ചന്ദ്രനെ കാണാനെത്തിയ പൂതനയുടെ വിളി അവനെ അബോധാവസ്ഥയിൽ നിന്ന് ഉണർത്തുമ്പോൾ വീട്ടിലുള്ളവർക്കെല്ലാം സന്തോഷമാവുന്നു. അച്ഛനമമ്മയ്ക്കും ഉണ്ടാക്കാൻ കഴിയാത്ത സ്വാധീനം ആ കുഞ്ഞുമനസ്സിലുണ്ടാക്കാൻ പൂതന എന്ന യാചകിക്കു കഴിഞ്ഞിരിക്കുന്നു. എന്നാൽ പിന്നീട് അവളെ കാണാതെ തന്നെ ഈ ലോകത്തോട് യാത്ര പറഞ്ഞ ചന്ദ്രന്റെ കുഴിമാടത്തിനരികിൽ അടുത്ത ദിവസം അവളുടെ ശവശരീരം കാണാനിട യാവുമ്പോൾ ആ കുഞ്ഞുഹൃദയവുമായി എത്ര ആഴത്തിലുള്ള മമതാബന്ധമാണ് ആ ഭിക്ഷക്കാരി സ്ഥാപിച്ചിരുന്നത് എന്ന് വ്യക്തമാവുന്നു.

സ്നേഹത്തിന് ശരീരസൗന്ദര്യത്തിന്റെ അകമ്പടി ആവശ്യമില്ലെന്നും, മാതൃത്വഭാവത്തിലുള്ള സ്നേഹത്തിന് ആകർഷണീയത കൂടുമെന്നും, ഹൃദയദ്രവീകരണ ശക്തിയുള്ളതാണ് മാതൃസ്നേഹമെന്നും അന്തർജ്ജനം ഈ കഥയിലൂടെ വ്യക്തമാക്കുന്നു; മാത്രമല്ല ഇവിടെ പൂതന എന്ന യാചകിയുടെ ലക്ഷ്യം ധനഭിക്ഷയല്ല; മറിച്ച് സ്നേഹഭിക്ഷയാണ്. അത് കിട്ടിയപ്പോൾ അവൾ ആളാകെ മാറി. നിഷ്കളങ്ക സ്നേഹം മനുഷ്യനെ എത്രത്തോളം മാറ്റിമറിക്കും എന്നതിനു കൂടി ഉദാഹരണമാണ് ഈ കഥ.

ദൈനംദിന ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ സ്വന്തം കുഞ്ഞിനെ പരിപാലിക്കാൻ സമയം കണ്ടെത്താനാവാത്ത ആധുനിക തലമുറയിലെ മാതാപിതാക്കൾ ക്കുള്ള താക്കീതാണ് []അമ്മ[] എന്ന കഥ. തങ്ങളുടെ സൗകര്യക്കുറവു കാരണം മകനെ നോക്കാൻ ആയയെ ഏർപ്പാടാക്കുമ്പോൾ അവന്റെ കാര്യങ്ങൾ മുടക്കം കൂടാതെ നടക്കണം എന്നേ ഗോപിയുടെ അച്ഛനമ്മമാർ കരുതിയുള്ളൂ. അവരെ തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ള സേവനമാണ് ആയയിൽ നിന്ന് ലഭിച്ചതും. ആയയും ഗോപിയുമായുള്ള അടുപ്പം തന്റെ സ്ഥാനം നഷ്ടപ്പെടുത്തിയേക്കുമോ എന്ന ഭയത്താൽ അടുക്കളക്കാരി പ്രയോഗിക്കുന്ന ഏഷണികൾ ആദ്യമൊന്നും ഫലവത്താവുന്നില്ല.

ചികിത്സയ്ക്കായി വലിയൊരു സംഖ്യ ചെലവായ സാഹചര്യത്തിൽ ഗോപി ആവശ്യപ്പെടുന്ന സാധനങ്ങൾ വാങ്ങിക്കൊടുക്കാൻ നിർവാഹമില്ലാതെ വിഷമിക്കുന്ന മാതാപിതാക്കൾ ആയയുടെ അവസരോചിതമായ പ്രവൃത്തിയിൽ സന്തുഷ്ടരാവുന്നു. എന്നാൽ അരഞ്ഞാണം കളഞ്ഞുപോയ വിവരം യജമാനനെ അറിയിക്കുമ്പോൾ അടുക്കളക്കാരിയുടെ ഏഷണി ഫലം കാണുന്നു. ആയ പുറത്താക്കപ്പെട്ടു. അടുക്കളക്കാരിയെ ആദ്യം മുതലേ ഇഷ്ടമില്ലാത്ത ഗോപി അവളെ അനുസരിക്കാതിരുന്നത് അവനെ രോഗശയ്യയിലാക്കി. വിവരമറിഞ്ഞ് ആയ വന്നപ്പോൾ അവന്റെ അമ്മയ്ക്ക് സമാധാനമായി. അവിടെ ആയ അമ്മയും, അമ്മ ആയയുമായി മാറുന്നു. അന്നു സന്ധ്യയ്ക്കു തന്നെ അരഞ്ഞാണം തിരിച്ചുകിട്ടുന്നു. യജമാനന്റെ തെറ്റിദ്ധാരണ അതോടെ തീരുന്നു. എന്നാൽ ആ രാത്രി തന്നെ

ആയയുടെ സാമീപ്യത്തിൽ ആ കുഞ്ഞ് മരണമടയുകയാണുണ്ടായത്. ദുഃഖം സഹിക്കാനാവാതെ ആയ തകർന്ന ഹൃദയത്തോടെ അവിടെ നിന്നിറങ്ങുന്നു. ആ കുഞ്ഞിനെക്കുറിച്ചുള്ള മധുരസ്മരണകൾ അവനു പിന്നാലെ യാത്ര തിരിക്കാനാണ് അവളെ പ്രേരിപ്പിക്കുന്നത്.

എത്രയൊക്കെ ആത്മാർത്ഥത കാണിച്ചാലും യജമാനവർഗ്ഗം അതിന്റെ കാർക്കശ്യം കാണിക്കുക തന്നെ ചെയ്യും എന്നതിനു തെളിവാണ് ഇതിലെ ആയയുടെ പുറത്താക്കൽ. തെറ്റിദ്ധരിക്കപ്പെട്ടതിലുള്ള വേദനയോടെതന്നെയാണവൾ തിരിച്ചെത്തുന്നതും. എന്നാൽ അതിനെല്ലാം അപ്പുറമായിരുന്നു അവൾക്ക് ആ കുഞ്ഞിനോടുള്ള സ്നേഹം. ആയ എന്ന ശമ്പളക്കാരിയായല്ല അവളവനെ സ്നേഹിച്ചത്. സമയക്കുറവിനാൽ അവന്റെ കാര്യങ്ങൾ നോക്കാൻ കഴിയാത്ത അമ്മയുടെ സ്ഥാനത്തു നിന്നുകൊണ്ടാണ് അവൾ അവന്റെ കാര്യങ്ങൾ ശ്രദ്ധിച്ചത്. അതുകൊണ്ടുതന്നെയാണ് അവളുടെ അസാന്നിദ്ധ്യം അവനെ രോഗിയാക്കിയത്. അവരുടെ സ്നേഹം മാതൃപുത്ര ബന്ധം പോലെ ദൃഢമായിരുന്നതിനാലാണ് അവനു പുറകെ ഈ ലോകത്തോടു യാത്ര പറയാൻ അവൾ തീരുമാനിച്ചത്. കൊടുക്കുന്ന സ്നേഹം എത്രയോ ഇരട്ടിയായി തിരിച്ചുകിട്ടുമെന്ന് ഗോപിയുടെ നിഷ്കളങ്ക സ്നേഹവും ആയയുടെ മാതൃനിർവിശേഷമായ സ്നേഹവും തെളിയിക്കുന്നു. സ്നേഹം തെറ്റിദ്ധരിക്കപ്പെടുന്നത് വേദനാജനകമാണെന്ന ഉപദേശം കൂടി ഈ കഥയിലുണ്ട്.

മാതൃത്വത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്ന ഒട്ടേറെ കഥകൾ ഇനിയും അന്തർജ്ജനത്തിന്റേതായിട്ടുണ്ട്. മലയാള കഥാസാഹിത്യത്തറവാട്ടിലെ അമ്മയുടെ സ്ഥാനം അലങ്കരിച്ചിരുന്ന അന്തർജ്ജനത്തിന്റെ കഥകളിൽ മാതൃത്വഭാവം മുന്നിട്ടു നിൽക്കുന്നത് സ്വാഭാവികമാണല്ലോ.

നിരാലംബ വാർദ്ധക്യം

ചില ഹിന്ദു സമുദായക്കാർക്കിടയിലെ കൂട്ടുകുടുംബ വ്യവസ്ഥിതി ആ സമുദായങ്ങളിലെ നിരാലംബ വാർദ്ധക്യങ്ങളുടെ എണ്ണം കുറയ്ക്കാൻ

സഹായകമായിട്ടുണ്ടെങ്കിൽ , ജീവിതോപാധിക്കായി പുതിയ മേച്ചിൽപ്പുറങ്ങൾ തേടൽ ക്രൈസ്തവമതവിശ്വാസികൾക്കിടയിൽ നിരാലംബവൃദ്ധരുടെ എണ്ണം കൂട്ടാൻ കാരണമായിത്തീർന്നിട്ടുണ്ട്. ഹൈന്ദവമതത്തിൽ കൂട്ടുകുടുംബം, മരുമക്കത്തായം എന്നീ വ്യവസ്ഥിതികൾ ഗുണകരമായി വർത്തിച്ചപ്പോൾ ആധുനികമായ അണുകുടുംബ വ്യവസ്ഥിതിയുടെ ദൂഷ്യഫലങ്ങൾ അനുഭവിക്കുകയായിരുന്നു അന്നുമുതൽക്കേ ക്രിസ്തീയ ഭവനങ്ങൾ. തന്റെ ജീവിതച്ചുറ്റുപാടിൽ ഹിന്ദുക്കൾ കഴിഞ്ഞാൽ ക്രിസ്ത്യാനികളാണ് അധികമുണ്ടായിരുന്നത് എന്ന വസ്തുത അവരുടെ ജീവിതം നോക്കിക്കാണാൻ അന്തർജ്ജനത്തിന് സാഹചര്യമൊരുക്കി. അതുകൊണ്ടു തന്നെ നിരാലംബവാർദ്ധക്യത്താൽ വിഷമിക്കുന്ന സ്ത്രീകളെ പ്രധാന കഥാപാത്രങ്ങളാക്കി അന്തർജ്ജനം എഴുതിയിട്ടുള്ള കഥകളിൽ മിക്കതും ക്രിസ്തീയഭവനങ്ങൾ പശ്ചാത്തലമായിട്ടുള്ളവയാണ്.

അന്തർജ്ജനം ഭർത്താവിനോടൊപ്പം രാമപുരത്തെ വീട്ടിൽ കഴിച്ചുകൂട്ടിയ അവസാന വർഷങ്ങൾ ഒരു പരിധിവരെ ഏകാന്തത നിറഞ്ഞതായിരുന്നു. കോട്ടയം ജില്ലയിലെ രാമപുരത്ത് വയലിനക്കരെയുള്ള ഏകാന്തത നിറഞ്ഞ വീട്ടിൽ അന്തർജ്ജനം ഭർത്താവിനോടൊന്നിച്ചു ജീവിക്കുന്നു. മക്കളും അവരുടെ മക്കളും പേരക്കുട്ടികളുമെല്ലാം പുറംനാടുകളിലാണ്. ഒരു മകൾ മാത്രമേ ഇപ്പോൾ അവരുടെ കൂടെ താമസിക്കുന്നുള്ളൂ. 'കുറച്ചു കൃഷിയൊക്കെ ഉള്ളതുകൊണ്ട് ഏകാന്തത അറിയാറില്ല.' അന്തർജ്ജനം വിഷാദത്തോടെ പറഞ്ഞു. വാർദ്ധക്യത്തേക്കാളും രോഗങ്ങളേക്കാളുമൊക്കെ ഇപ്പോൾ അവരെ അലട്ടുന്നത് ഏകാന്തതയാണെന്ന് എനിക്കു തോന്നി. അവർ കാത്തിരിക്കുകയാണ്. വർഷത്തിലൊരിക്കൽ മക്കളും മക്കളുടെ മക്കളും അവരുടെ മക്കളും എല്ലാവരും ഒത്തുകൂടി ഉത്സവപ്പറമ്പാക്കുന്ന ഏതാനും ദിവസങ്ങൾക്കുവേണ്ടി. ആ മുത്തശ്ശി ക്ഷമയറ്റ് കാത്തിരിക്കുകയാണ്. [10] കലാകൗമുദി വാരികയുടെ ന്യൂസ് സർവീസ് വിഭാഗം അന്തർജ്ജനത്തിന്റെ ജീവിതത്തിലൂടെ നടത്തിയ ഒരു നിരീക്ഷണയാത്രയിൽ കൗമുദി ലേഖകൻ അവരുമായി നടത്തിയ അഭിമുഖത്തിന്റെ ഒരു ഭാഗമാണ് ഇവിടെ ചേർത്തിരിക്കുന്നത്.

നിരാലംബവാർദ്ധക്യം പ്രമേയമാകുന്ന കഥകൾ രചിക്കാൻ നിമിത്തമായത് വാർദ്ധക്യത്തിൽ അനുഭവിച്ച ഈ ഏകാന്തതയായിരിക്കണം. തന്റെ അനുഭവം സമൂഹത്തിൽ തനിക്കു ചുറ്റും ജീവിക്കുന്ന ചിലർക്കെങ്കിലും ഉണ്ട് എന്ന് കണ്ടെത്തിയപ്പോൾ ആ അവസ്ഥ ചിത്രീകരിക്കാനുള്ള അദമ്യമായ ആഗ്രഹം ഉടലെടുത്തിരിക്കണം. അതിന്റെ ഫലമാവാം വാർദ്ധക്യത്തോടടുത്തപ്പോൾ എഴുതിയ ഈ കഥകൾ.

"സ്ത്രീയേ! നീ നൊന്തു പ്രസവിച്ച മക്കൾ നിന്നെ വിട്ടുപോകും. അന്യസ്ത്രീകളെ പ്രാപിക്കും. അവരും നീയുമായി യാതൊരു ബന്ധവുമില്ല. ..."[11] എന്ന ബൈബിൾ വചനത്തോടെ അവസാനിക്കുന്ന []ആദിമാതാവിനു കിട്ടിയ ശാപം[] എന്ന കഥ അന്നാമ്മ ടീച്ചർ എന്ന റിട്ടയേഡ് സ്കൂൾ ടീച്ചറുടെ വാർദ്ധക്യത്തിലെ നിരാശ്രയത്വത്തിന്റെ അവസ്ഥ ചിത്രീകരിക്കുന്നു. ഏക ആശ്രയമായിരുന്ന ആനിമോളെ ഏറെ സ്നേഹിച്ചും ലാളിച്ചും, അവർ തന്റെ ഏകാന്തതയുടെ തടവറയിൽ നിന്ന് മോചനം നേടിയിരുന്നു. എന്നാൽ അവൾക്ക് ആറു വയസ്സാകുന്നതുവരെ നോക്കാനാണ് മകനും മരുമകളും അവരെ ഏല്പിച്ചിരുന്നത്. സ്കൂളിൽ ചേർക്കുന്നതുവരെ കുട്ടികളെ പരിപാലിക്കുന്നത് അമേരിക്കയിൽ ചെലവേറിയ കാര്യമാണ്. വാർദ്ധക്യസഹജമായ അരുതായ്മകളുണ്ടെങ്കിലും ടീച്ചർ ആനിമോളുടെ സംരക്ഷണം ഏറ്റെടുത്തത് മകനെ വളർത്താൻ സഹായിച്ച മറിയപ്പെണ്ണുണ്ടല്ലോ കൂടെ എന്ന ആശ്വാസത്തിലായിരുന്നു.

ആനിമോളോടൊപ്പമുള്ള ആറുവർഷക്കാലം ടീച്ചർക്ക് യൗവ്വനം തിരിച്ചുകിട്ടിയതുപോലുള്ള അനുഭവമായിരുന്നു. വിവാഹിതനായ ഉടനെ അമേരിക്ക യിലേക്കു പോയ മകൻ, ഏഴുവർഷങ്ങൾക്കു ശേഷം കുഞ്ഞിനെ കൊണ്ടുപോവാനെ കിലും നാട്ടിൽ വരുമെന്ന അവരുടെ പ്രതീക്ഷ അസ്ഥാനത്തായി. സുഹൃത്തിനോടൊപ്പം കുഞ്ഞിനെ പറഞ്ഞയക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള മകന്റെ കത്തുവന്നു. ടീച്ചർ തന്നെ അവളെ വിമാനം കയറ്റിവിട്ടു. വീട്ടിൽ മടങ്ങിയെത്തി തന്റെ പഴയ ദിനചര്യക ളിലേക്ക് തിരിച്ചുപോകുന്ന ടീച്ചർ ബൈബിളെടുത്ത് പകുത്ത്

വായിക്കുന്ന ആദ്യവാചകം തന്നെ ഏകാന്തതയിൽ ദുഃഖിക്കേണ്ട ആവശ്യമില്ലെന്ന് ഉപദേശിക്കുന്ന സുവിശേഷവാക്യങ്ങളായിരുന്നു. തലമുറകളായി തുടർന്നു വരുന്ന ഈ വിധിയിൽ നിന്ന് ആർക്കും മോചനമുണ്ടാവില്ലെന്ന് സൂചിപ്പിക്കുന്ന ഈ ബൈബിൾ വചനം അന്നാമ്മടീച്ചറെ ആശ്വസിപ്പിക്കുന്നു.

സ്വന്തം ജീവിതം സുരക്ഷിതമാക്കുന്നതിനിടയിൽ, തനിക്ക് അതിന് സാഹചര്യമൊരുക്കിയ മാതാപിതാക്കളോടുള്ള നന്ദിയും കടപ്പാടും സ്നേഹവും പാടേ വിസ്മരിക്കുന്നതാണ് ഈ കഥയിലെ മകനും മരുമകളും. പണം സമ്പാദിക്കുന്നതിന്റെയും ആഡംബരജീവിതം നയിക്കുന്നതിന്റെയും തിരക്കിൽ, കടന്നു പോന്ന വഴികളിലേയ്ക്ക് തിരിഞ്ഞുനോക്കാൻ സമയവും സന്മനസ്സും ഇല്ലാത്ത ആധുനിക തലമുറയുടെ പ്രതിനിധികളാണ് ഇവർ.

□ഡൽഹിയിൽ എന്റെ ഫ്ലാറ്റിൽ കുറച്ചുദിവസം താമസിച്ചപ്പോൾ അയൽപക്കത്തെ ആളുകളുടെ ജീവിത പശ്ചാത്തലം അമ്മ ചോദിച്ചു മനസ്സിലാക്കിയിരുന്നു. അന്ന്, മകന്റെ വാക്ക് വിശ്വസിച്ച് നാട്ടിലെ സ്വത്ത് വിറ്റ് അയാളുടെ ഡൽഹി യിലെ ഫ്ലാറ്റിൽ കഴിയുന്ന വിധവയുടെ ഏകാന്തതയെപ്പറ്റി ഒരു കഥ പിറന്നു□[12] - □വ്യാകുല സങ്കേതം□ എന്ന കഥയുടെ ആശയം ഈ കഥാകാരിയുടെ മനസ്സിൽ വാർന്നുവീണതിനെപ്പറ്റി മകൻ പറഞ്ഞതാണിത്.

ഈ കഥയിലെ മറിയാമ്മച്ചേടത്തി, വാർദ്ധക്യത്തിന്റെ ആകുലതകളുണ്ടെങ്കിലും നാട്ടിൻപുറത്തിന്റെ നന്മകളിൽ ശ്വാസം കണ്ടെത്തി ജീവിക്കുന്ന കഥാപാത്രമാണ്. ആരാലും ചോദ്യം ചെയ്യപ്പെടാത്ത തന്റെ നന്മയുടെ സാമ്രാജ്യത്തിന്റെ അധിപതിയാണ വർ. നന്മയുടെ പ്രതീകങ്ങളായ ആങ്ങളയും മക്കളും സഹായത്തിനുണ്ടാ യിരുന്നതുകൊണ്ട് അവർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്നിരുന്നുമില്ല. സമാധാനപൂർണ്ണമായി ആ ജീവിതം മുന്നോട്ടുപോയിക്കൊണ്ടിരിക്കെയാണ് അമ്മയെ ഒറ്റയ്ക്കാക്കിപ്പോകാൻ മനസ്സുവരുന്നില്ല എന്ന നാട്യത്തോടെ മകൻ വീടും പുരയിടവും വിൽക്കാൻ തുടരെത്തുടരെ അവരെ നിർബന്ധിക്കുന്നതും ഒടുവിൽ മനസ്സില്ലാമനസ്സോടെ

അവരതിന് വഴങ്ങുന്നതും.

മകന്റെ ഇംഗിതത്തിനു വഴങ്ങി പട്ടണത്തിലേക്ക് പോകുമ്പോൾ തന്റെ ജീവിതത്തിലെ ദൗർബ്ബല്യങ്ങളായ പലതും അവർക്ക് നാട്ടിൽ ഉപേക്ഷിക്കേണ്ടിവന്നു. പട്ടണപ്പരിഷ്കാരത്തിൽ സ്വയം മതിമറന്നു ജീവിക്കുന്ന മകന്റെ കുടുംബത്തിന് നാട്ടിൻപുറത്തിന്റെ നന്മകൾ മനസ്സിലാക്കാനാവാത്തതായിരുന്നു അതിനു കാരണം. പുതുമോടിയിൽ അവർ സന്തോഷവതിയായിരിക്കുകയും മകന്റെ ജീവിതസൗകര്യങ്ങളിൽ അഭിമാനിക്കുകയും ചെയ്തു. എന്നാൽ കുറച്ചുനാളുകൾക്കുള്ളിൽ അവർ കൂട്ടിലടച്ച കിളിയുടെ അവസ്ഥയിലായി. നാട്ടിൻപുറത്തിന്റെ വിശാലത പട്ടണത്തിലെ []ം[] വട്ടത്തിൽ അവർക്ക് ഒരു ദുഃഖസ്മൃതിയായി. ഒത്തുകിട്ടിയ സൗഹൃദം മരുമകളുടെ സ്റ്റാസ്സിന്റെ അളവു കോലിന് ഇണങ്ങാത്തതുകൊണ്ട് നഷ്ടമാവുകയും ചെയ്തു. മരുമകളുടെ []ഡാഡി[]യുടെ പട്ടണജീവിതത്തിന് മറിയാമ്മ തടസ്സമാകും എന്നതിനാൽ അവരെ സൂത്രത്തിൽ നാട്ടിലേയ്ക്കയയ്ക്കാൻ പദ്ധതിയിട്ട മകനെയും മരുമകളെയും അമ്പരപ്പിച്ചുകൊണ്ട് മറിയാമ്മയുടെ ആങ്ങളയുടെ കത്തുവന്നു. അതിനെ തുടർന്ന് മറിയാമ്മ നാട്ടിൽ തിരിച്ചെത്തി.

തനിക്കായി ആങ്ങള വാങ്ങിച്ചിട്ടിരിക്കുന്ന വീട്ടിൽ ശിഷ്ടജീവിതം കഴിച്ചുകൂട്ടാൻ തയ്യാറാകുന്ന മറിയാമ്മയ്ക്ക് വാർദ്ധക്യത്തിന്റെ അസുഖങ്ങളോ ഏകാന്തതയോ വലിയ പ്രശ്നമായി തോന്നുന്നില്ല. കാരണം അവർക്ക് ജീവിതത്തിലൊരിക്കലും - പട്ടണത്തിലായിരുന്ന കുറച്ചുകാലം ഒഴികെ - ഒറ്റപ്പെട്ടവളാണെന്ന തോന്നൽ ഉണ്ടായിട്ടില്ല.

മകന്റെ സ്നേഹവും സാമീപ്യവും വേണ്ടത്ര അനുഭവിക്കാൻ കഴിയുന്നില്ല എന്ന ആധി മനസ്സിൽ കൊണ്ടുനടന്നിരുന്ന മറിയാമ്മ, ആ സ്നേഹം സ്വാർത്ഥതയുടെ മുഖംമൂടി മാത്രമാണെന്നറിഞ്ഞപ്പോൾ വല്ലാതായി. അതുകൊണ്ടാണ് അവർ ആങ്ങളയുടെ സഹായത്തോടെ നാട്ടിലേക്ക് തിരിച്ചുപോകാൻ ശ്രമിച്ചത്.

□മക്കളാൽ അവഗണിക്കപ്പെടുന്ന വാർദ്ധക്യം ഒരു സമീപകാല യാഥാർത്ഥ്യമാണ്. അണുകുടുംബങ്ങളുടെ രൂപീകരണത്തോടെ പ്രായമായവർ ഒരു ഭാരമായിത്തീരുന്നു. പലപ്പോഴും സാമ്പത്തിക സമൃദ്ധിക്കുള്ളിലും വൃദ്ധയായ അമ്മ നാട്ടിൽ ഒറ്റയ്ക്ക് താമസിക്കേണ്ടി വരുന്നു. അതുളവാക്കുന്ന വൈകാരിക സുരക്ഷിതമില്ലായ്മയും അതിന്റെ നേരെയുള്ള പ്രതികരണങ്ങളും ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുലസങ്കേതം, സാഫല്യം തുടങ്ങിയ ചെറുകഥകളിൽ കാണാം□[13] - അന്തർജ്ജനത്തിന്റെ കഥകളിലെ നിരാലംബവാർദ്ധക്യത്തെക്കുറിച്ച് കെ.എസ്. രവികുമാർ ഇങ്ങനെ വിലയിരുത്തിയിട്ടുണ്ട്.

□വ്യാകുലസങ്കേതത്തി□ലെ മറിയാമ്മച്ചേടത്തി നാട്ടിൽ ഒറ്റയ്ക്കല്ല. സഹായത്തിന് വേലക്കാരിയും, എപ്പോഴും എന്തു സഹായത്തിനും സ്വാർത്ഥലേശമില്ലാതെ ഓടിയെത്തിയിരുന്ന സ്നേഹസമ്പന്നരായ സഹോദരന്റെ കുടുംബമുണ്ട്. അവർ വ്യാകുലത അനുഭവിച്ചത് പട്ടണത്തിൽ ജീവിക്കേണ്ടിവന്ന നാളുകളിൽ മാത്രമാണ്. നാട്ടിൻപുറത്തിന്റെ സുഖശീതളിമയും പട്ടണജീവിതത്തോട് അന്തർജ്ജനത്തിനുള്ള വിമുഖതയും ഈ കഥയിൽ അന്തർജ്ജനം അനാവരണം ചെയ്തിരിക്കുന്നു.

ഒന്നിൽ കൂടുതൽ മക്കളുള്ളതുകൊണ്ട് വാർദ്ധക്യത്തിൽ സഹായത്തിന് ആരോരുമില്ലാതായിപ്പോയ മറിയാമ്മപ്പെമ്പിളയുടെ കഥയാണ് □പാതയുടെ അവസാനം□. മക്കൾ തമ്മിലുള്ള മത്സരമാണ് അവരുടെ ഒറ്റപ്പെടലിനു കാരണം. വാർദ്ധക്യാവസ്ഥയിലായ അമ്മയുടെ സംരക്ഷണം ഏറ്റെടുക്കാൻ അവരാരും തയ്യാറാവുന്നില്ല. തന്റെ ഭർത്താവും സമപ്രായക്കാരും എല്ലാം മറ്റൊരു ലോകത്തേക്ക് യാത്രയായിട്ടും തനിക്കു മാത്രം ഈ ഭൂമിയിൽ ജീവിക്കേണ്ടി വന്നതിന്റെ വ്യാകുലത അവർ വല്ലാതെ അനുഭവിക്കുന്നുണ്ട്. തന്റെ ജീവിത പ്രാതയുടെ അവസാനം എവിടെയാണാവോ എന്ന് ദുഃഖത്തോടെ ചിന്തിക്കുന്ന മറിയാമ്മപ്പെമ്പിളയെ അവതരിപ്പിക്കുമ്പോൾ, ആധുനിക ജീവിതത്തിന്റെ തിരക്കിൽപ്പെട്ട് പ്രായമായവരെ ശ്രദ്ധിക്കാൻ കഴിയാത്ത പുതിയ തലമുറയുടെ നേരെ വിമർശനത്തിന്റെ കൂരമ്പുകൾ പായിക്കുകയാണ് കഥാകാരി ചെയ്യുന്നത്. ഇന്നത്തെ യുവത്വം മുൻതലമുറയിലെ

വാർദ്ധക്യത്തെ അവഗണിക്കുമ്പോൾ ഇന്നത്തെ ബാല്യം നാളത്തെ വാർദ്ധക്യത്തെ അവഗണിക്കുമെന്ന് മറിയാമ്മപ്പെമ്പിള്ളയുടെ അനുഭവങ്ങളിലൂടെ, വെളിപ്പെടുത്തുന്ന കഥാകാരി. നാളെ തങ്ങൾക്കു നേരിടേണ്ടി വരുന്ന അവഗണന ഏറ്റുവാങ്ങാൻ തയ്യാറായിരിക്കുക എന്ന ഒരു താക്കീതുകൂടി കഥാകാരി ഈ കഥയിലൂടെ യുവതലമുറയ്ക്ക് നൽകുന്നുണ്ട്.

അമ്മയെ തങ്ങളോടൊപ്പം കൊണ്ടുപോകാൻ മക്കൾ തയ്യാറാണെങ്കിലും തന്റെ ദൗർബല്യമായ നാട്ടിൻപുറത്തെയും, ജീവിതോപാധിയായ ക്ഷേത്രത്തേയും വിട്ടുപോകാൻ കഴിയാത്ത []മാലയോഗ[]ത്തിലെ മാധവി വാരസ്യാർ സ്വന്തം വേരുകളോട് മമത കാണിക്കുന്ന പഴയ തലമുറയുടെ പ്രതീകമാണ്. ക്ഷേത്രത്തിൽ മാലകെട്ടി ഉപജീവനം കഴിക്കുന്ന അവർ വിവാഹിതയായി അവിടെ വന്ന ശേഷം ആ സ്ഥലം വിട്ടുപോയിട്ടില്ല. എട്ടുമക്കളെ പ്രസവിച്ചതും, വളർത്തി വലുതാക്കിയതും ആ നാട്ടിൻപുറത്തു തന്നെ ജീവിച്ചുകൊണ്ടാണ്. ഇപ്പോൾ മക്കളെല്ലാം ഉയർന്ന ഉദ്യോഗവും ജീവിതനിലവാരങ്ങളുമായി വിവിധ പട്ടണങ്ങളിൽ വസിക്കുന്നു.

'വാരസ്യാർക്ക് മക്കളുടെ കൂടെ പൊയ്ക്കൂടെ' എന്ന വല്യമ്മൂരിയുടെ ചോദ്യം, തന്റെ ഭർത്താവ് മരണസമയത്ത് പറഞ്ഞ കാര്യം ഓർക്കാൻ അവരെ പ്രേരിപ്പിച്ചു. ക്ഷേത്രത്തിലെ ദേവന് മാലകെട്ടിക്കൊടുത്ത് മാലയോഗം മുട്ടാതെ കാക്കണം എന്ന ഉപദേശം (അന്നത്തിനുള്ള വഴിയാണത് എന്ന ഉപദേശം) ശിരസാ വഹിച്ച അവർ വാർദ്ധക്യസഹജമായ ആകുലതകളും വ്യാകുലതകളും എല്ലാം സഹിച്ച് സ്വന്തം കാലിൽ നിന്ന് ജീവിതം കഴിച്ചുകൂട്ടുന്ന ആത്മാഭിമാനമുള്ള പഴയ തലമുറയുടെ പ്രതീകമാണ്. മക്കളെ കാണാൻ കഴിയാത്തതിൽ ദുഃഖമുണ്ടെങ്കിലും തന്നെക്കുറിച്ച് വേവലാതിപ്പെടാൻ അവർക്ക് സാഹചര്യമൊരുക്കിക്കൊടുക്കാതെ മരണം വരെ അദ്ധ്വാനിച്ച് അഭിമാനത്തോടെ ജീവിക്കണം എന്ന് ആഗ്രഹിക്കുന്ന വൃദ്ധ മനസ്സിന്റെ പ്രതീകമാണ് മാധവി വാരസ്യാർ.

വാർദ്ധക്യത്തിന്റെ നിരാലംബത പ്രമേയമാക്കിയ ധാരാളം കഥകൾ ഇനിയും അന്തർജ്ജനത്തിന്റേതായിട്ടുണ്ട്. 'ഭാഗ്യം', 'സാഫല്യം', 'വിശ്വരൂപം' എന്നീ

കഥകൾ ഉദാഹരണം. എന്നാൽ എടുത്തു പറയത്തക്ക മിഴിവുറ്റവരല്ല അവയിലെ സ്ത്രീകഥാ പാത്രങ്ങൾ എന്നതുകൊണ്ട് അവയെ ഈ പഠനത്തിൽ ഒഴിവാക്കിയിരിക്കുന്നു.

സ്വാർത്ഥലാഭങ്ങൾക്കും സ്വന്തം സുഖസൗകര്യങ്ങൾക്കും വേണ്ടി വേരുകൾ മറക്കുകയും നടന്നു വന്ന വഴിയെ പുച്ഛിച്ചു തള്ളുകയും ചെയ്യുന്ന യുവതലമുറയെയും അവതരിപ്പിക്കുന്ന കഥകൾ, []ഇന്നത്തെ യുവത്വത്തിന് നാളെ ഇതാണ് ഗതി[] എന്ന് അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നുണ്ട് നാട്ടിൻപുറത്തിന്റെ നന്മയും സമൃദ്ധിയും ആത്മാർത്ഥതയും ജീവരക്തത്തിൽ അലിയിച്ചുചേർത്ത ഒരെഴുത്തുകാരിക്ക് വാർദ്ധക്യങ്ങളെ നഗരത്തിലെ നാലു ചുമരുകൾക്കുള്ളിൽ തളച്ചിടുന്നതിനോടു യോജിക്കാനാവില്ല. ഈ കഥകളിലെയെല്ലാം മുഖ്യ കഥാപാത്രങ്ങൾ നാട്ടിൻപുറത്തിനോടുള്ള മമതാബന്ധത്തിൽ ഉറച്ചുനിൽക്കുന്നത്. "അവഗണനയും സ്നേഹശൂന്യതയും സമ്മാനിക്കുന്ന മക്കളെ ശപിക്കാനെന്നല്ല പഴിക്കാൻ പോലും കഴിയാത്തവരാണ് അന്തർജ്ജനത്തിന്റെ കഥകളിലെ അമ്മമാർ". വൃദ്ധസദനങ്ങൾ കൂൺപോലെ മുളച്ചുപൊന്തിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഈ കഥകളുടെ പുനർവായനയ്ക്കും പഠനത്തിനും കൂടുതൽ പ്രസക്തിയുണ്ട്. അത്തരത്തിലുള്ള സമഗ്രമായ പഠനം ഇനിയും നടക്കേണ്ടിയിരിക്കുന്നു.

ദേശീയം

സാമുദായിക കഥകളോടൊപ്പം പ്രാധാന്യം നൽകി പഠിക്കേണ്ടുന്ന ഒരു വിഭാഗമാണ് അന്തർജ്ജനത്തിന്റെ രാഷ്ട്രീയകഥകൾ. സമുദായത്തിലെ അനാചാരങ്ങൾ തന്നെ എത്രമാത്രം പ്രകോപിപ്പിച്ചിട്ടുണ്ടെന്ന് അന്തർജ്ജനം പലയിടത്തും സൂചിപ്പിച്ചിട്ടുണ്ട്. വാക്കുകളിലും പല കഥകളുടെയും ആശയങ്ങളിലും പ്രകടമായിട്ടുള്ള വസ്തുതയാണിത്. അതോടൊപ്പം തന്നെ അന്തർജ്ജനത്തെ പ്രകോപിപ്പിക്കുകയും പ്രചോദിപ്പിക്കുയും ചെയ്ത ഒന്നാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനം. ഗാന്ധിജിയും അനുയായികളും നയിക്കുന്ന സ്വാതന്ത്ര്യസമരവും സ്വദേശി പ്രസ്ഥാനവും ക്വിറ്റ് ഇന്ത്യാ സമരവും എല്ലാം തന്നിൽ എത്രമാത്രം

സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് []ആത്മകഥയ്ക്ക് ഒരാമുഖം[] എന്ന രചനയിൽ അന്തർജ്ജനം പലയിടങ്ങളിലായി വിശദീകരിക്കുന്നുണ്ട്. അന്തർജ്ജനം ആദ്യമായി എഴുതിയ ലേഖനം കൊ. വർഷം 1098 കർക്കിടകം-ചിങ്ങം (1922 ആഗസ്റ്റ്) ലക്കം ശാരദയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. []അഭിനവപാർത്ഥസാരഥി[] എന്ന പേരിൽ എഴുതപ്പെട്ട ഈ ലേഖനം ഗാന്ധിജിയെ പാർത്ഥസാരഥിയായി ചിത്രീകരിച്ചുകൊണ്ടുള്ളതാണ്.

[]സ്വാതന്ത്ര്യലബ്ധിക്കു ശേഷം അന്തർജ്ജനം രചിച്ച കഥകളിൽ പ്രതീക്ഷാഭംഗത്തിന്റെ പേരിലുള്ള രോഷവും മൂല്യങ്ങൾ അവമതിക്കുന്നതിലുള്ള ആത്മവേദനയും ഇടകലരുന്നു. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വളർച്ചയും അതിനിടയിൽ തകരുന്ന മാനുഷികതയുടെ ആർദ്രതകളും പിൽക്കാല രചനകളിൽ സ്പന്ദിക്കുന്നു.[]14 അന്തർജ്ജനത്തിന്റെ ദേശീയബോധത്തെക്കുറിച്ച് കെ.എസ്. രവികുമാർ രേഖപ്പെടുത്തിയിരിക്കുന്ന ഈ അഭിപ്രായം സ്വാതന്ത്ര്യാനന്തരഭാരതത്തെ ആധാരമാക്കി അവർ എഴുതിയിട്ടുള്ള കഥകളുടെ കാര്യത്തിൽ വളരെ പ്രസക്തമാണ്.

ചെറിയ പ്രായത്തിൽ തന്നെ മഹാത്മാഗാന്ധിയുടെ ആദർശങ്ങൾ ഉൾക്കൊള്ളുകയും ആ ആദർശങ്ങളിൽ വിശ്വസിച്ച് ജീവിതം ചിട്ടപ്പെടുത്താൻ വ്യഗ്രത കാണിക്കുകയും അതിനായി വാശി പിടിക്കുകയും ചെയ്യുന്ന ഒരു കൊച്ചു പെൺകുട്ടിയെ അന്തർജ്ജനത്തിന്റെ ആത്മകഥയിൽ ദർശിക്കാനാവും.

മനസ്സുകൊണ്ട് എന്നും ഗാന്ധിജിയോടൊപ്പം സഞ്ചരിക്കുകയും ചെയ്തിട്ടുള്ള ഒരു സ്വാതന്ത്ര്യകാംക്ഷിയെ അന്തർജ്ജനത്തിന്റെ പലരചനകളിലും കണ്ടെത്താനാവും. തന്റെ വ്യക്തിത്വവും കാഴ്ചപ്പാടും രൂപപ്പെടുത്തുന്നതിൽ ഗാന്ധിജിക്കുള്ള സ്വാധീനം ആത്മകഥയ്ക്ക് ഒരാമുഖം എന്ന രചനയിൽ കഥാകാരി തന്നെ പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരതം ദേശീയനേതാക്കൾ വിഭാവനം ചെയ്തിരുന്നതിൽ നിന്ന് തികച്ചും വിപരീതമായപ്പോൾ അതിന്റെ ഭീകരത കഥാകാരിയെ വല്ലാതെ സ്പർശിക്കുകയും

ദുഃഖിപ്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യാനന്തര ഭാരതം ദേശീയബോധമുള്ള പൗരൻമാർക്ക് സമ്മാനിച്ചത് നഷ്ടസ്വപ്നങ്ങളായിരുന്നു. സ്വാതന്ത്ര്യാനന്തരഭാരതത്തിലുണ്ടായ വർഗീയ ലഹളയുടെ കൂടിലതകളും ദുരന്തങ്ങളും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട പാവങ്ങൾ അന്തർജ്ജനത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റി. അതുകൊണ്ടുതന്നെ ദേശീയബോധം തുടിക്കുന്ന അവരുടെ കഥകളിൽ ഏറിയ പങ്കും സ്വാതന്ത്ര്യാനന്തര ഭാരതത്തെ ചിത്രീകരിക്കുന്നവയാണ്.

"സ്വാതന്ത്ര്യസമരാനന്തര-വിപ്ലവാനന്തര-ജീവിതത്തെ ആദർശരഹിത രാഷ്ട്രീയം എങ്ങനെ ചവിട്ടിത്തേക്കുന്നു എന്ന് ദശകങ്ങൾക്കു മുമ്പുതന്നെ അന്തർജ്ജനം എഴുതി. പീഡിപ്പിക്കപ്പെടുന്ന മാനവികത തുടിക്കുന്ന കഥകൾ പിൽക്കാലത്ത് അവർ രചിച്ചു. അനാഥ വിപ്ലവവും, പങ്കിലമായ ആദർശങ്ങളും കപടനാട്യങ്ങളും പിന്നീട് കഥാകർത്രിയെ അന്തർമുഖിയാക്കി"[15] - അന്തർജ്ജനത്തിന്റെ കഥകളുടെ സവിശേഷത കൾ പരിശോധിച്ചുകൊണ്ട് പി. വത്സല ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

തന്റെ സങ്കല്പസൃഷ്ടികളിൽ കൂടുതൽ ഇഷ്ടപ്പെടുന്നത് എന്ന് കഥാകാരി തന്നെ അഭിപ്രായപ്പെട്ടിട്ടുള്ള കഥയാണ് "കൊടുങ്കാറ്റിൽ പെട്ട ഒരില". സ്വാതന്ത്ര്യാനന്തര വിഭക്ത ഭാരതം സമ്മാനിച്ച വർഗീയലഹളകളും അഭയാർത്ഥി ക്യാമ്പുകളും അവിവാഹിതകളായ അമ്മമാരും അവരുടെ വിഹ്വലതകളുമൊക്കെയാണ് ഈ കഥയുടെ പ്രമേയം. സ്വാതന്ത്ര്യാനന്തരമുണ്ടായ വർഗീയ ലഹളയിൽ ഇരുരാജ്യങ്ങളിലെയും ഒട്ടേറെ ആളുകൾ എതിരാളികളാൽ തടവുകാരാക്കപ്പെട്ടിരുന്നു. അത്തരം ആളുകളെ പരസ്പരം കൈമാനാനുള്ള വ്യവസ്ഥകൾ നിലവിൽ വന്നു. അതിന്റെ ഫലമായി പശ്ചിമബംഗാളിലെ ഒരു ഗ്രാമത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ടവളാണ് ജ്യോതി എന്ന് അഭയാർത്ഥി ക്യാമ്പിലെ രജിസ്റ്ററിൽ പേരു ചേർക്കപ്പെട്ട അവിവാഹിതയും ഗർഭിണിയുമായ പെൺകുട്ടി. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ഭീകരചിത്രമാണ് ഇത്തരം അഭയാർത്ഥി ക്യാമ്പുകൾ ഉറന്നു കാണിക്കുന്നത്.

ഭക്ഷണമോ മരുന്നോ കഴിക്കാൻ കൂട്ടാക്കാതെ പ്രതിഷേധം രേഖപ്പെടുത്തുന്ന ജ്യോതി മരണം എന്ന ലക്ഷ്യത്തിലെത്താനാണ് ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. തീർത്തും സ്വതന്ത്രയായി വളരുകയും സ്വതന്ത്ര ചിന്താഗതികൾ മനസ്സിൽ സൂക്ഷിക്കുകയും ചെയ്തിരുന്ന ജ്യോതിക്ക്, താൻ സഹോദരൻമാരെപ്പോലെ കരുതി വിശ്വസിച്ച് കൂടെ താമസിപ്പിച്ച കാപാലികർ സമ്മാനിച്ച വിഷബീജമാണ് ഇപ്പോൾ അവളുടെ ഉദരത്തിൽ വളരുന്നത്. അതുകൊണ്ടു തന്നെ അതിനോടവൾക്ക് വെറുപ്പാണ് തോന്നിയത്. ആയിടെ ക്യാമ്പിലെ കക്കൂസിൽ നിന്ന് കണ്ടെടുത്ത് തോട്ടികൾ കൊണ്ടുപോയ പിഞ്ചുകുഞ്ഞിന്റെ ശരീരം, അവൾ ചെയ്യാൻ പോകുന്ന തെറ്റിനെ ന്യായീകരിച്ചുകൊണ്ട് അവളുടെ മനസ്സിന് കരുത്ത് നൽകുന്നു. എന്നാൽ താൻ പ്രസവിച്ച കുഞ്ഞിനെ കൊല്ലാനായി കൈനീട്ടിയ അവൾക്ക് ആ പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല. മാതൃമല്ല; മാതൃസഹജമായ ഒരു സ്നേഹം അവളിൽ ഉടലെടുക്കുകയും ചെയ്തു. ജ്യോതി ആ കുഞ്ഞിനെ വളർത്താൻ തീരുമാനിച്ചു.

പ്രസവം നടക്കുന്നതുവരെ തന്റെ ഉദരത്തിൽ തുടിച്ചിരുന്ന ആ ജീവനെക്കുറിച്ച് അവൾക്ക് ഒരു താല്പര്യവും തോന്നിയിരുന്നില്ല. എന്നാൽ പ്രസവശേഷം തന്നിൽ നിന്നു വേർപെട്ട് അത് ഒരു സ്വതന്ത്ര ജീവനായി മാറിക്കഴിഞ്ഞപ്പോൾ തെറ്റൊന്നും ചെയ്യാത്ത അതിനെ നശിപ്പിക്കാൻ അവൾക്ക് മനസ്സു വന്നില്ല. മാതൃത്വം എന്ന അവസ്ഥ സ്ത്രീയുടെ ചിന്താഗതികളെ എങ്ങനെ മാറ്റിമറിക്കുന്നു എന്നുകൂടി അന്തർജ്ജനം ഈ കഥയിൽ വ്യക്തമാക്കുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലുണ്ടായിക്കൊണ്ടിരുന്ന വർഗീയലഹളകൾ, അഭയാർത്ഥിക്യാമ്പുകളിലെ ദുരിതങ്ങൾ, മാനഭംഗത്തിനിരയായ സ്ത്രീകളുടെ ദൈന്യം ഇവയെക്കുറിച്ചുള്ള വാർത്തകൾ അന്തർജ്ജനത്തിന്റെ മനസ്സിനെ വല്ലാതെ സ്പർശിച്ചിരുന്നുവെന്ന് അവരുടെ പല കഥകളും വ്യക്തമാക്കുന്നു. അവയെ വിട്ടുവീഴ്ചയില്ലാതെ തുറന്നെതിർക്കാനും കഥകളിൽ ശ്രമിച്ചിട്ടുണ്ട്. അതിനു പറ്റിയ കഥാപാത്രങ്ങളെയും സൃഷ്ടിച്ചിട്ടുണ്ട്.

എന്നാൽ ശിശുഹത്യ എന്നുള്ള മഹാപരാധം ചെയ്യാൻ - അതും പോറ്റേണ്ട

കൈകൾ കൊണ്ടുതന്നെ നിർവ്വഹിക്കാൻ-അവരുടെ സ്നേഹാർദ്രമായ മനസ്സ് അനുവദിക്കുന്നില്ല എന്നത് ജ്യോതിയുടെ തീരുമാനത്തിൽ നിന്ന് തെളിയുന്നു. അന്തർജ്ജനം എന്ന വ്യക്തിയുടെ ദീനദയാലുത്വത്തിനും സഹാനുഭൂതിയ്ക്കും തെളിവാണ് ഈ കഥയുടെ ക്ലൈമാക്സ്.

അർഹിക്കാത്ത പ്രശംസ അപ്രതീക്ഷിതമായി ലഭിച്ചപ്പോൾ അല്പദിവസം അതിൽ ലയിച്ചുപോയെങ്കിലും അതിലെ പൊള്ളത്തരം മനസ്സിലാക്കി വീണ്ടുവിചാരത്തോടെ പെരുമാറുന്ന ജയലക്ഷ്മിയുടെ കഥ പറയുകയാണ് []തീജ്വാലയ്ക്കു മുൻപിൽ[] എന്ന കഥയിൽ. സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ കോളേജുമതിൽ ക്കെട്ടിനകത്ത് എത്തിക്കുക മാത്രമാണ് ജയലക്ഷ്മി ചെയ്തത്. എന്നാൽ തുടർന്നുണ്ടായ സംഭവങ്ങൾ അവളെ പ്രശസ്തയാക്കി. ഈ പ്രശസ്തിയുടെ കാരണമന്വേഷിച്ച അവൾക്ക്, യഥാർത്ഥ സമരഭടൻമാരുടെ ത്യാഗത്തിന്റെയും ധീരതയുടെയും മുമ്പിൽ തന്റെ സംഭാവന എത്രയോ നിസ്സാരമാണ് എന്ന് ബോദ്ധ്യമായി. സ്വാതന്ത്ര്യസമരത്തിൽ സജീവ പങ്കാളിയാകാൻ ഇതോടെ ജയലക്ഷ്മി തീരുമാനിക്കുന്നു.

സമർത്ഥയായ വിദ്യാർത്ഥിനിയായിരുന്നതുകൊണ്ട് അവൾക്ക് ധാരാളം പ്രണയലേഖനങ്ങൾ ലഭിച്ചിരുന്നു. അവൾ അവയെല്ലാം ചുട്ടുകരിക്കാനൊരുങ്ങുന്നു. ആ അഗ്നിജ്വാലകളെ സാക്ഷിയാക്കി ഭാരതം സ്വതന്ത്രമാകുന്നതുവരെ തനിക്കു വിശ്രമമില്ലെന്നും രാജ്യത്തെ സാധാരണ പൗരനുകൂടി അടിസ്ഥാന ജീവിതസൗകര്യങ്ങൾ ലഭിക്കുന്നതുവരെ താൻ സുഖഭോഗങ്ങൾ അനുഭവിക്കുകയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നു.

ഇത് യഥാർത്ഥത്തിൽ അന്തർജ്ജനത്തിന്റെ തന്നെ പ്രതിജ്ഞയാണ്. മനസ്സുകൊണ്ട് അനുഭാവമുണ്ടെങ്കിലും ദേശീയപ്രസ്ഥാനത്തിലോ സ്വാതന്ത്ര്യസമരത്തിലോ മുന്നിട്ടിറങ്ങി മുഴുവൻ സമയം പ്രവർത്തിക്കുക എന്നത് അവരെ സംബന്ധിച്ച് അസാധ്യമായിരുന്നു. ആ നിലയ്ക്ക് ഒരു എഴുത്തുകാരിക്ക് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി തന്റെ രചനകളിലൂടെ നിർവ്വഹിക്കണം എന്നു

തീരുമാനിച്ചിരിക്കണം. അതിന്റെ ഫലമായിരിക്കാം ഈ കഥ. യുവതലമുറയ്ക്ക് ഉണർവും ഊർജ്ജവും പകരുകയും ദേശീയപ്രസ്ഥാനത്തിലേയ്ക്ക് അവരെ ആകർഷിക്കുകയും ചെയ്യുക എന്നത് അക്കാലത്തെ പ്രമുഖ സാഹിത്യകാരൻമാരും തങ്ങളുടെ സാഹിത്യരചനയുടെ ലക്ഷ്യമാക്കിയിരുന്നു. ഇത്തരം കഥകളുടെ സൃഷ്ടിയിലൂടെ അന്തർജ്ജനവും തന്റെ പങ്ക് നിർവ്വഹിച്ചിരിക്കുന്നു.

സ്വാതന്ത്ര്യസമരത്തിലും സ്വാതന്ത്ര്യലബ്ധിക്കു ശേഷമുണ്ടായ വർഗീയ ലഹളകളിലുമായി അഞ്ചു മക്കളെ ഭാരതത്തിനു വേണ്ടിയും നാലു മക്കളെ പാക്കിസ്ഥാനു വേണ്ടിയും ബലി നൽകിയ ഒരമ്മ താൻ ഇന്ത്യക്കാരിയാണോ പാക്കിസ്ഥാൻകാരി യാണോ എന്നറിയാതെ ഉഴലുകയും താൻ ഭാരതപൗരിയാണെന്ന് തീരുമാനിക്കുകയും ചെയ്യുന്നതാണ് []ധീരേന്ദുമജ്ജംദാരുടെ അമ്മ[] എന്ന കഥയിലെ പ്രമേയം.

മകൻ രഹസ്യമായി വീട്ടിൽകൊണ്ടുവന്നു പാർപ്പിച്ച []യോഗിനി[] തിരികെ പോകാൻ നേരം, ആൾ ഗവൺമെന്റ് തേടിക്കൊണ്ടിരിക്കുന്ന ഒരു വിപ്ലവകാരി യാണെന്ന സത്യം ആ അമ്മ മനസ്സിലാക്കുന്നു. ആരോഗ്യവും ബുദ്ധി സാമർത്ഥ്യവും ഉള്ള ചെറുപ്പക്കാർ നാടിനു വേണ്ടി മരിക്കാൻ വരെ തയ്യാറാവുന്നു എന്ന അറിവാണ് ശാന്തിമജ്ജംദാറിൽ ദേശീയബോധമുണർത്തുന്നത്. ഭർത്താവിന്റെ എതിർപ്പു ണ്ടായിട്ടും അദ്ദേഹമറിയാതെ അവർ വിപ്ലവകാരികളെ സഹായിച്ചുകൊണ്ടിരുന്നു. സമ്പന്നമായിരുന്ന മജ്ജംദാർ കുടുംബം സ്വാതന്ത്ര്യലബ്ധിയുടെ സമയമായപ്പോഴേ ദരിദ്രമായിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കു ശേഷമുണ്ടായ വർഗീയലഹളയിൽപെട്ട് ആ അമ്മ ഇന്ത്യയിലുള്ള ഒരു അഭയാർത്ഥി ക്യാമ്പിലെത്തിച്ചേരുന്നു. കിഴക്കൻ ബംഗാളുകാരി യായ തന്നെ, ഒരഭയാർത്ഥിയായി പരിഗണിച്ചത് അസഹ്യമായി തോന്നി. പെറ്റു വളർത്തിയ മക്കളെയെല്ലാം നാടിനുവേണ്ടി ബലികൊടുത്ത ഒരമ്മ എങ്ങനെ ആ നാട്ടിൽ അഭയാർത്ഥിയാവും എന്ന ചോദ്യമാണ് ശാന്തിമജ്ജംദാർ ഉന്നയിക്കുന്നത്. താൻ ഇന്ത്യക്കാരിയോ പാക്കിസ്ഥാൻകാരിയോ അല്ലെന്നും ഭാരതത്തിന്റെ പുത്രിയാണെന്നും കരുതി അവർ പിന്നീട് സ്വയം സമാധാനിക്കുന്നു.

നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വന്തം മക്കളെ ബലികൊടുത്തവളാണ് താനെന്നു ശാന്തി മജുംദാർ അഭിമാനത്തോടെയാണ് പറയുന്നത്. എന്നാൽ അത്തരം അനേകം ബലികൾ നൽകി സ്വാതന്ത്ര്യം നേടിയെടുത്തതോടെ കിട്ടിയ സ്വാതന്ത്ര്യം, തമ്മിൽ തമ്മിൽ കൊന്നും കൊലവിളിച്ചും ഭീകരമായ ഒരന്തരീക്ഷം സൃഷ്ടിച്ചപ്പോൾ നിരാലംബയായിത്തീർന്ന ഒരമ്മയെ ശാന്തിമജുംദാരിൽ നമുക്ക് കാണാനാവും.

അഭയാർത്ഥി, വിദേശി എന്നീ പേരുകളിൽ ആ ധീരവനിതയെ മുദ്രകുത്തുമ്പോൾ ഇതേ ദുഃഖമനുഭവിച്ചുകൊണ്ട് അഭയാർത്ഥിക്യാമ്പിൽ കഴിയുന്ന ആയിരക്കണക്കിന് അമ്മമാരുടെ നാവായി ആ അമ്മ പ്രതികരിക്കുന്നു. അഭയാർത്ഥിക്യാമ്പിലെത്തി ച്ചേരുന്ന ഏവരേയും കേവലം അഭയാർത്ഥികളായി മുദ്രകുത്തുന്ന നയം അന്തർജ്ജനത്തിലുണ്ടാക്കിയ വേദനയാണ് ഈ കഥയ്ക്ക് ആധാരം.

ലളിതാംബിക അന്തർജ്ജനം എന്ന പേരിനു നേരെ []സാമുദായിക കഥകളുടെ ശില്പി[] എന്ന് എഴുതിച്ചേർക്കാനുള്ള പ്രവണതയാണ് മലയാള സാഹിത്യവിമർശകരിൽ പൊതുവെ കണ്ടിട്ടുള്ളത്. സാമുദായിക കഥകൾ എഴുതിക്കൊണ്ടാണ് അന്തർജ്ജനം തന്റെ രചനാപാടവം തെളിയിച്ചത് എന്നത് ശരിതന്നെ. എന്നാൽ സാമുദായിക കഥകളെപ്പോലെതന്നെ ശക്തമാണ് അവരുടെ മറ്റു മേഖലകൾ അടിസ്ഥാനമാക്കിയുള്ള കഥകളും. സമൂഹവും, മാതൃത്വവും, നിരാലംബവാർദ്ധക്യവും, ദേശീയതയും പ്രമേയങ്ങളാവുന്ന കഥകളുടെ രചനയിലെല്ലാം തന്നെ കരുത്തുറ്റ ഒരു തൂലികയുടെ ശക്തി ദർശിക്കാവുന്നതാണ്.

സമുദായത്തിലെ അനാചാരങ്ങളെ ചോദ്യം ചെയ്യുന്നവയാണ് അന്തർജ്ജനത്തിന്റെ സാമുദായിക കഥകൾ. അന്തർജ്ജനം സാഹിത്യരചന ആരംഭിച്ച കാലത്തെ സാമുദായിക പശ്ചാത്തലത്തിൽ അത്തരം കഥകൾ ആവശ്യവുമായിരുന്നു. എന്നാൽ സമുദായം കുറെയെല്ലാം പുരോഗമിച്ചതോടെ അവർ തന്റെ ശ്രദ്ധ മറ്റു മേഖലകളിലേക്കു തിരിച്ചു. അതോടെ സാമൂഹിക പ്രശ്നങ്ങളും മാതൃത്വത്തിന്റെ മമതാബന്ധങ്ങളും, വാർദ്ധക്യത്തിലെ നിരാലംബതയും,

സ്വാതന്ത്ര്യസമരവും, സ്വാതന്ത്ര്യാനന്തര ഭാരതവും എല്ലാം അവരുടെ സർഗ്ഗഭാവനയ്ക്ക് വിഷയമായി. അതുകൊണ്ടുതന്നെയാണ് മലയാളസാഹിത്യലോകത്ത് മറ്റൊരു കഥാകാരിക്കും നേടിയെടുക്കാനാവാത്ത വിധം തറവാട്ടമ്മയുടെ സ്ഥാനം അന്തർജ്ജനം നേടിയെടുത്തതും.

അന്തർജ്ജനത്തിന്റെ കഥകളിൽ നിന്നും തെരഞ്ഞെടുത്തവയിലെ സ്ത്രീകഥാപാത്രങ്ങളുടെ വിശകലനമാണ് ഇവിടെ നടത്തിയത്. [അഗ്നിസാക്ഷി] എന്ന നോവലിലെ സ്ത്രീകഥാപാത്രങ്ങളുടെ വിശകലനമാണ് തുടർന്നു നിർവ്വഹിക്കുന്നത്.

അഗ്നിസാക്ഷി

എഴുത്തുകാരി എന്ന നിലയിൽ ലളിതാംബിക അന്തർജ്ജനം ചെയ്ത സേവനം സ്വന്തം സമുദായത്തിലെ സ്ത്രീകളിൽ മാനസികമായ ഉണർവുണ്ടാക്കി അവരുടെ കുടുംബജീവിതത്തിലും സാമുദായിക ജീവിതത്തിലും ആശാസ്യങ്ങളായ മാറ്റങ്ങൾ വരുത്താൻ വേണ്ട പ്രേരണ നൽകി എന്നതാണ്. തികഞ്ഞ ലക്ഷ്യബോധത്തോടെയാണ് അന്തർജ്ജനം സാഹിത്യസപര്യയ്ക്ക് പുറപ്പെട്ടത്. നമ്പൂതിരി സമുദായത്തിലെ ദുരാചാരങ്ങളേയും ജീർണ്ണതകളേയും തലമുറകളായി അവയെ മൂടി കിടന്നിരുന്ന മറ നീക്കിക്കാണിക്കുകയും വിമർശിക്കുകയും സമുദായപരിഷ്കരണശ്രമങ്ങൾക്കു പ്രേരണ നൽകുകയുമായിരുന്നു അവരുടെ ലക്ഷ്യം.

അനുഗ്രഹീതമായ സർഗ്ഗപ്രതിഭ കൈമുതലായി ഉണ്ടായിരുന്നതുകൊണ്ട് സാഹിത്യലോകത്തേക്ക് തന്റേടത്തോടെ പ്രവേശിക്കാൻ അന്തർജ്ജനത്തിനു സാധിച്ചു. ആ പ്രതിഭയുടെ ശക്തിതന്നെ അവർക്ക് സാഹിത്യലോകത്ത് ശാശ്വത പ്രതിഷ്ഠ നേടിക്കൊടുക്കുകയും ചെയ്തു.

അന്തർജ്ജനത്തിനു മുൻപ് നമ്പൂതിരി സമുദായത്തിലുണ്ടായ എഴുത്തുകാരെല്ലാം തന്നെ നമ്പൂതിരി ഇല്ലങ്ങളിലെ പഴകിദ്രവിച്ച ആചാരമതിലുകൾ തകർത്തുകളയുക എന്ന ലക്ഷ്യത്തോടെ സാഹിത്യസപര്യ നടത്തിയവരാണ്. അവർ എഴുത്തിലൂടെ മാത്രമല്ല പ്രവൃത്തിയിലൂടെയും അതിനു ശ്രമിച്ചു. ആ

പ്രവർത്തനങ്ങളുടെ പ്രത്യാഘാതവും അനന്തരഫലങ്ങളുമാണ് []അഗ്നിസാക്ഷി[] എന്ന നോവലിന്റെ രചനയ്ക്ക് പിന്നിലെ പ്രേരണാഘടകം എന്നു പറയാം. തന്റെ അറുപത്തിഏഴാം വയസ്സിൽ അന്തർജ്ജനം പ്രസിദ്ധീകരിച്ച []അഗ്നിസാക്ഷി[] എന്ന നോവൽ അന്തർജ്ജനത്തിന്റെ മാസ്റ്റർപീസാണ്. 1976ൽ പ്രകാശിതമായ ഈ കൃതി അന്തർജ്ജനത്തിന് അതുവരെ ലഭിക്കാതിരുന്ന ഒരുപാടു പ്രശംസകളും അവാർഡുകളും നേടിക്കൊടുത്ത് മലയാള സാഹിത്യത്തറവാടിന്റെ മുത്തശ്ശിയായി പ്രതിഷ്ഠിച്ചു.

[]അഗ്നിസാക്ഷി[] എന്ന നോവൽ കാതലായ രണ്ടു കാര്യങ്ങളിൽ അധിഷ്ഠിതമാണ്. വിശാലമായ അർത്ഥത്തിൽ നോവലിൽ അവതരിപ്പിക്കപ്പെടുന്ന []കാമം[] എന്ന വികാരവും അതിനേക്കാൾ വിപുലവും വിശാലവുമായ അർത്ഥത്തിൽ കാമത്തിന്റെ അനന്തരഫലമെന്ന നിലയ്ക്കുള്ള മാതൃത്വം എന്ന അവസ്ഥയും. എന്നാൽ ഇതുരണ്ടും തേതിയെ സംബന്ധിച്ചിടത്തോളം അന്യമാണ്. വേളിയും കുടിവെപ്പും കഴിഞ്ഞ് ഏതാനും നാളുകൾക്കുള്ളിൽ തന്നെ ഒരു സ്ത്രീ എന്ന നിലയിൽ തനിക്കു കിട്ടേണ്ട ഒരു പരിഗണനയും ഉണ്ണിയിൽ നിന്ന് ലഭിക്കുകയില്ലെന്ന് തേതി മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. ഈ അസംതൃപ്തി തേതി കടന്നുപോരുന്ന വഴികളിലും മാറുന്ന രൂപഭാവങ്ങളിലും നിഴലിച്ചുകാണുന്നുണ്ട്.

തേതി, മാനമ്പള്ളി ഇല്ലത്തുനിന്ന് ഇറങ്ങിപ്പോകുമ്പോൾ സമുദായത്തിലെ യാഥാസ്ഥിതികക്കോട്ടയുടെ അടിത്തറയുടെ ആദ്യത്തെ കല്ല് ഇളകിവീഴുന്നു. ഒരു പുത്രിയുടെ കടമ നിർവ്വഹിക്കാൻ സ്വന്തം ഇല്ലത്തേക്ക് പോകുന്ന തേതി, ഇനിയും താൻ മാനമ്പള്ളിയിൽ തുടർന്നാൽ ഉള്ളിലെ അഗ്നിപർവ്വതം അവിടെ പൊട്ടിയൊലിക്കും എന്ന് ഭയക്കുന്നു. അതിന്റെ സൂചനയായിട്ടാണ് ഉണ്ണിയുടെ സംവത്സരദീക്ഷയുടെ സമയത്ത് താൻ മറ്റൊരു ഭ്രാന്തിച്ചെറിയമ്മയോ, താത്രിയോ ആയി മാറാൻ സാദ്ധ്യതയുണ്ടെന്ന് തേതി നേത്യാരമ്മയോടും തങ്കത്തിനോടും പറയുന്നത്. അതിൽ നിന്നും രക്ഷ നേടാനാണ് കിട്ടിയ സന്ദർഭം മുതലെടുത്ത് തേതി സ്വന്തം ഇല്ലത്തേക്ക് പോയത്.

ഇതിനിടെ ദേശീയപ്രസ്ഥാനത്തിൽ പങ്കാളിയായി തേതിയുടെ ജ്യേഷ്ഠൻ പി.കെ.പി. നമ്പൂതിരി ജയിലിൽ പോയിരുന്നു. ജയിലിൽ പോയ നമ്പൂതിരി ഭ്രഷ്ടനായതുകൊണ്ട് അയാളുടെ ഇല്ലത്തേക്ക് പോവരുതെന്നും, പോയാൽ തേതിയും ഭ്രഷ്ടയാവും എന്നുമുള്ള ശക്തമായ താക്കീതിനെ അവഗണിച്ചുകൊണ്ടാണ് തേതി ഇറങ്ങിപ്പോയത്. ആ താക്കീത് നിലനിൽക്കുന്നതുകൊണ്ടു തന്നെയാണ് മാനമ്പള്ളിയിലേക്ക് തിരിച്ചുചെല്ലാതെ സാമുദായിക പരിഷ്കരണപ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ തേതി തയ്യാറായത്. അപ്പോൾ മുതൽ തേതി ദേവകി മാനമ്പള്ളിയായി. തന്നപ്പോലെ തന്നെ, ആചാരക്കുരുക്കുകൾക്കുള്ളിൽ ദാമ്പത്യവും യൗവ്വനവും ഹോമിക്കേണ്ടി വന്നിരുന്ന നൂറുകണക്കിന് സഹോദരിമാർക്കു വേണ്ടിക്കൂടിയാണ് തേതി പുതിയ കർമ്മമണ്ഡലത്തിലേക്ക് ഇറങ്ങിത്തിരിച്ചത്. ആ രംഗത്ത് കുറെയൊക്കെ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും പരിഷ്കരണാശയങ്ങൾ പൂർണ്ണമായും നടപ്പിൽ വരുത്താൻ തേതിയുൾപ്പെട്ട യുവജനസംഘത്തിന് സാധിച്ചില്ല. ആവേശത്തിന്റെ തിരയിളക്കം അവസാനിച്ചപ്പോൾ മിക്കവരും വന്നതിനേക്കാൾ വേഗത്തിൽ തിരിച്ചുപോയി പ്രായശ്ചിത്തം ചെയ്ത് തങ്ങളുടെ പഴയ ജീവിതമേഖലയിൽ തുടർന്നു. യാഥാസ്ഥിതികത്വത്താൽ അന്ധമായ ഒരു സമുദായത്തോട് തനിച്ചുനിന്ന് പൊരുതുക എളുപ്പമല്ലെന്നും മനസ്സിലാക്കിയിരുന്നു. എന്നാൽ മറ്റുള്ളവരെപ്പോലെ തിരിച്ചു പോയി സ്വസ്ഥജീവിതം നയിക്കാവുന്ന സാഹചര്യം അവർക്കില്ലായിരുന്നു. കൂടാതെ സമുദായപ്രവർത്തനങ്ങളിലൂടെ പേരും പ്രശസ്തിയും നേടിയ ശേഷം ആദർശങ്ങളെ ബലികഴിച്ച് പ്രായശ്ചിത്തം ചെയ്ത് മാനമ്പള്ളിയിലേക്ക് തിരിച്ചുപോകാൻ അവർക്ക് സാധ്യവുമായിരുന്നില്ല. ഭാര്യയും കുട്ടികളുമടങ്ങുന്ന ജ്യേഷ്ഠന്റെ കുടുംബത്തിന്റെ ഔദാര്യത്തിൽ കഴിയാനും ദേവകി മാനമ്പള്ളി ഇഷ്ടപ്പെട്ടില്ല. ഇതിനെല്ലാം പുറമെ മാനമ്പള്ളിയിൽ നിന്നു വരുന്ന, ഉണ്ണിയുടെ അമ്മയുടെ ഏഷണിക്കാരായ ദൂതിമാർ മുഖേന അറിഞ്ഞ കാര്യങ്ങൾ, നാട്ടിൽ നിന്ന് ദൂരെ എവിടേയ്ക്കെങ്കിലും പോകാൻ ഉണ്ണിയുടെ അമ്മ കൊടുത്തയച്ച നിർദ്ദേശം ഇവയെല്ലാം ഒരു പുതിയ പ്രവർത്തനമേഖല തേടേണ്ടതിന്റെ അനിവാര്യത ദേവകി മാനമ്പള്ളിയെ ബോദ്ധ്യപ്പെടുത്തി. ഈ അന്വേഷണത്തിന്റെ ഫലമായി കണ്ടെത്തിയ പ്രവർത്തനരംഗമായിരുന്നു ദേശീയപ്രസ്ഥാനവും സ്വാതന്ത്ര്യസമരവും.

ദേശീയപ്രസ്ഥാനത്തിൽ പങ്കാളിയായ ദേവകി മാനമ്പള്ളിക്ക് ഭർത്താവിന്റെ തറവാട്ടുപേര് തന്റെ പേരിന്റെ ഭാഗമായിരിക്കുന്നത് ഒരു ഭാരമായി തോന്നിയപ്പോൾ അത് ഒഴിവാക്കി. തുടർന്ന് അവർ []ദേവി ബഹൻ[] എന്ന് പേരിൽ അറിയപ്പെടാൻ തുടങ്ങുന്നു. തന്റെ ഭൂതകാലം മറ്റുള്ളവരിൽ നിന്നും മറച്ചുവെയ്ക്കുക എന്ന ലക്ഷ്യം അതിനു പുറകിൽ ഉണ്ടായിരുന്നിരിക്കാം. ദേവി ബഹൻ ഗാന്ധിജിക്ക് പ്രിയപ്പെട്ട ശിഷ്യയായി മാറി. ഗാന്ധിജി നൽകിയ പരീക്ഷണങ്ങളൊക്കെ വിജയകരമായ് പൂർത്തിയാക്കിയ ദേവിബഹൻ ദേശീയപ്രസ്ഥാനത്തിലെ നാരീസേവാ സമിതിയുടെ നായികയായി. ക്വിറ്റ് ഇന്ത്യാസമരകാലത്തുണ്ടായ വീരകുമാരന്റെ മരണവും അനന്തരസംഭവങ്ങളും ഗാന്ധിജിയുടെ മനസ്സിൽ ദേവി ബഹനുള്ള സ്ഥാനം ഉറപ്പിച്ചു. എന്നാൽ വർഷങ്ങൾക്കു ശേഷമാണ്, ഏറെ നാളായി മനസ്സിൽ സൂക്ഷിച്ച []സ്വയം ഇല്ലാതാവുക[] എന്ന ലക്ഷ്യത്തിലേക്കുള്ള കാൽവെപ്പായിരുന്നു ക്വിറ്റ് ഇന്ത്യാ സമരകാലത്തെ സംഭവം എന്ന് അവർ തുറന്നു പറയുന്നത്.

സ്വയം ഇല്ലാതാവാൻ ദേവി ബഹനെ പോലുള്ള ഒരു രാഷ്ട്രീയപ്രവർത്തക തീരുമാനിക്കണമെങ്കിൽ അതിന് തക്കതായ കാരണം ഉണ്ടായിരിക്കും. അവരുടെ പ്രവർത്തന മേഖലയിൽ അതിനു പ്രേരിപ്പിക്കുന്ന സംഭവങ്ങളോ സാഹചര്യങ്ങളോ ഉണ്ടായിട്ടില്ല. അപ്പോൾ ദേവി ബഹൻ എന്ന സ്വാതന്ത്ര്യസമരനായിക, ആത്മഹത്യ എന്ന ചിന്ത മനസ്സിൽ സൂക്ഷിച്ചതിന് ഭൂതകാലജീവിതവുമായി ബന്ധമുണ്ട് എന്ന് വ്യക്തം.

മാനമ്പള്ളിയിലെ ഉണ്ണിനമ്പൂതിരിയെ തേതിയ്ക്ക് അത്ര ഇഷ്ടമായിരുന്നു. അമ്മയെ ശുശ്രൂഷിക്കാനായി ഇറങ്ങിപ്പോരുമ്പോൾ പുരുഷോചിതമായ ഒരു പ്രതികരണം ഉണ്ണിയിൽ നിന്ന് തേതി പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഭാര്യയുടെയും അമ്മയുടെയും മുഖത്ത് മാറിമാറി നോക്കിക്കൊണ്ട് നിർവികാരനായി നിന്നതല്ലാതെ തേതിയെ പിന്താങ്ങുന്ന ഒരു വാക്കുപോലും ഉണ്ണി പറയുകയുണ്ടായില്ല. പിന്നീട് സമുദായ പരിഷ്കരണപ്രവർത്തനങ്ങളുടെ

ചൂടാറിയപ്പോൾ, നമ്പൂതിരിസമുദായത്തിന്റെ ജീവിതാന്തരീക്ഷം കുറെയൊക്കെ പുരോഗമിച്ചു കഴിഞ്ഞിരുന്ന സാഹചര്യത്തിൽ, പ്രായശ്ചിത്തം ചെയ്യാതെ തന്നെ, മാനമ്പള്ളിയിലേക്ക് ഉണ്ണിനമ്പൂതിരി തന്നെ കൂട്ടിക്കൊണ്ടുപോവും എന്ന് ദേവകി മാനമ്പള്ളി കണക്കു കൂട്ടിയിരുന്നു. എന്നാൽ ഉണ്ണിയ്ക്ക് രണ്ടാംവിവാഹത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നു എന്നും, നാട്ടിൽ തന്റെ സാന്നിദ്ധ്യം അതിന് തടസ്സമാവും ആ ഇല്ലക്കാർ കരുതുന്നു എന്നുമുള്ള അറിവ് ദേവകി മാനമ്പള്ളിയെ നിരാശയാക്കി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴും മനസ്സിന്റെ അടിത്തട്ടിൽ വിങ്ങിക്കൊണ്ടിരുന്ന ഈ നിരാശ [ഇനി ജീവിതം വേണ്ട] എന്നു ചിന്തിക്കാൻ ദേവി ബഹനെ പ്രേരിപ്പിച്ചിരിക്കാം.

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കും ഗാന്ധിജിയുടെ മരണത്തിനും ശേഷം സേവാശ്രമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത ദേവിബഹൻ ആദ്യമായി ചെയ്യുന്നത് അവിടത്തെ അന്തേവാസികളെ ചപലവികാരങ്ങളിൽ നിന്നു മോചിപ്പിക്കുകയാണ്. [കാമം] എന്നത് ചപലമായ ഒരു വികാരമാണ് എന്നും അതിനെ കീഴടക്കിയേ അടങ്ങൂ എന്നും തന്റെ മനസ്സിനെ തന്നെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു ഈ ശുദ്ധീകരണത്തിന്റെ ലക്ഷ്യം. എന്നാൽ തങ്കം എന്ന തന്റെ അനുയായിയുടെ അനുഭവത്തിലൂടെ, എത്ര നിഷ്കർഷിച്ചാലും സന്ദർഭവും സാഹചര്യവും ഒത്തുവന്നാൽ മറനീക്കി പുറത്തുവരുന്ന സ്ഥായിയായ ഒരു വികാരമാണ് കാമം എന്ന് ദേവിബഹന് ബോദ്ധ്യപ്പെട്ടു. കാമം എന്ന വികാരത്തെ കീഴ്പ്പെടുത്താൻ തുനിഞ്ഞിറങ്ങിയിട്ട്, ആ വികാരത്തിന് പരാജയമേ ഉണ്ടാവില്ല എന്ന് തിരിച്ചറിഞ്ഞപ്പോൾ ദേവിബഹൻ തളർന്നുപോയി.

തന്റെ ശക്തമായ താക്കീതിനെ അവഗണിച്ചുകൊണ്ട് തങ്കത്തിലൂടെ കാമം എന്ന വികാരം വിജയഭേരി മുഴക്കുന്നതും അതിന്റെ ഫലമായി തങ്കത്തിനു കൈവന്ന മാതൃത്വവും ദേവി ബഹനിൽ പരാജയഭീതിയുണ്ടാക്കി. അതുകൊണ്ടാണ് ചെയ്ത തെറ്റിന് പരിഹാരമെന്നോണം ജീവിതം മുഴുവൻ തപസ്സനുഷ്ഠിക്കാൻ തയ്യാറായി ദേവി ബഹൻ സേവാശ്രമം വിട്ട് ഇറങ്ങിപ്പുറപ്പെട്ടത്.

തെറ്റു ചെയ്തയാളെ പുറത്താക്കുക എന്ന സാമാന്യനിയമം കൈവിട്ട് അതിന് സാഹചര്യമൊരുക്കിയവൾ എന്ന നിലയിൽ തെറ്റ് സ്വയം ഏറ്റെടുത്ത് ദേവി ബഹൻ ആശ്രമം വിട്ടുപോകുന്നത് തങ്കത്തിന്റെ ഈ അവസ്ഥയ്ക്ക് കാരണക്കാരി താനാണ് എന്ന കുറ്റബോധം കൊണ്ടല്ല. കാമം എന്ന വികാരത്തെ ജയിച്ചു എന്ന് അഹങ്കരിച്ചിരുന്ന അവരുടെ മനസ്സിന്റെ തിരിച്ചറിവാണ് അവിടന്നു പോകാൻ അവരെ പ്രേരിപ്പിക്കുന്നത്. ആശ്രമത്തിലെ അന്തേവാസികൾക്കിടയിൽ കർശനമായ നിഷ്ഠകൾ നടപ്പാക്കിയതിലൂടെ കാമത്തെ അതിജീവിച്ചവൾ എന്ന അവസ്ഥയിൽ എത്തിച്ചേർന്നി രുന്നു ദേവി ബഹൻ. ആ വികാരത്തെ ഏതു ജീവജാലങ്ങൾക്കും വെറുക്കാനും അതിജീവിക്കാനും ആവില്ല എന്ന തിരിച്ചറിവിൽ സ്വന്തം മുഖം രക്ഷിക്കേണ്ടത് ദേവി ബഹന്റെ ആവശ്യമായി വന്നു. അതുകൊണ്ട് അവർ സ്വയം ശിക്ഷിക്കാൻ തയ്യാറാവുക യായിരുന്നു.

എന്നാൽ ജീവിതകാലം മുഴുവൻ തപസ്സുചെയ്ത് പ്രായശ്ചിത്തം ചെയ്യും എന്നുപറഞ്ഞ് ഇറങ്ങിപ്പുറപ്പെട്ട ദേവിബഹന് എവിടെ നിന്നും സ്വസ്ഥത ലഭിക്കുന്നില്ല. കുറെ നാളത്തെ തീർത്ഥാടനത്തിനു ശേഷവും തനിക്ക് വാസമുറപ്പിക്കാൻ അനുയോജ്യമായ ഒരിടമോ മനസ്സിന് സ്വസ്ഥതയോ കണ്ടെത്താൻ അവർക്കായില്ല. ഈ സാഹചര്യത്തിലും ഒരുതരം നിരാശ അവരെ മഥിക്കുന്നുണ്ട്. ഈ നിരാശ മുമ്പു പലപ്പോഴും ആഗ്രഹിച്ചതുപോലെ സ്വയം ഇല്ലാതാവുന്ന ഒരവസ്ഥയിലെത്തിച്ചേരാൻ വീണ്ടും അവരെ പ്രേരിപ്പിക്കുന്നു. ഗംഗാനദിയിൽ ഇറങ്ങി മുങ്ങിത്താണുകൊണ്ടിരുന്ന ദേവി ബഹനെ മരണത്തിന്റെ കാണാക്കയത്തിൽ നിന്ന് തലനാരിഴയ്ക്ക് സ്വാമി ശ്രദ്ധാനന്ദജി രക്ഷിച്ചുകൊണ്ടുപോരുന്നു. ജീവിതത്തിൽ സമാധാനം കണ്ടെത്താൻ കഴിയാത്തതാണ് തന്നെ ഇതിനു പ്രേരിപ്പിച്ചത് എന്ന സത്യം സ്വാമി ശ്രദ്ധാനന്ദജിയോടു തുറന്നു പറയുമ്പോൾ 'ഇതിനേക്കാൾ വേദന അനുഭവിക്കുന്ന എത്രയോ പേർ ഈ ഭൂമിയിലുണ്ടെന്നും അവർക്ക് സമാധാനം നൽകാൻ കഴിഞ്ഞാൽ സ്വന്തം മനസ്സിനേയും സമാധാനിപ്പിക്കാം' എന്നുമുള്ള ശ്രദ്ധാനന്ദജിയുടെ ഉപദേശം തള്ളിക്കളയാനാവാതെയാണ്, ഒരു പരീക്ഷണമെന്ന

നിലയ്ക്ക് ഗുരുവിന്റെ ശിഷ്യയാവുന്നത്.

നോവലിലെ പതിനഞ്ചാമദ്ധ്യായം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഉണ്ണിയുടെ മരണവാർത്ത സൂചിപ്പിച്ചുകൊണ്ട് തങ്കത്തിന് അനിയൻ നമ്പൂതിരിയുടെ കത്തു വരുന്നത് ഈ അദ്ധ്യായത്തിലാണ്. ദേവിബഹൻ സന്യാസിനിയായി []സുമിത്രാനന്ദ[] എന്ന പുതിയ ഭാവത്തിലേക്ക് ചേക്കേറുന്നതും ഈ അദ്ധ്യായത്തിലാണ് നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നത്.

സന്യാസം സ്വീകരിക്കുന്നതിനു തലേദിവസം തന്റെ പൂർവ്വാശ്രമത്തിലെ ബന്ധങ്ങളും ബന്ധനങ്ങളും മുഴുവൻ അറുത്തുമാറ്റണം എന്ന നിർബന്ധമുള്ളതു കൊണ്ടു മാത്രം ദേവിബഹൻ കഴുത്തിൽ നിന്ന് മംഗല്യസൂത്രം അഴിക്കുന്നു. തന്റെ ശക്തിയായിരുന്ന, തന്നിൽ ചൈതന്യമായി വർത്തിച്ചിരുന്ന, ഭർത്തൃവിയോഗമറിയാതിരിക്കാനും ഭർത്താവിന്റെ ദീർഘായുസ്സിനുവേണ്ടി പ്രാർത്ഥിക്കാനും തന്നിൽ നിയാമക ഘടകമായി അവശേഷിച്ചിരുന്ന []മംഗല്യസൂത്രം[] - അഗ്നിസാക്ഷിയായി വർഷങ്ങൾക്കു മുമ്പ് ഉണ്ണി, തേതിക്കുട്ടിയുടെ കഴുത്തിൽ അണിയിച്ച മംഗല്യസൂത്രം - തിരിച്ചേൽപ്പിച്ച് പുതിയ ജീവിതത്തിലേക്ക് നടന്നുകയറുകയാണ് ദേവിബഹൻ - സുമിത്രാനന്ദയായി. ഈ സന്ദർഭത്തിൽ മംഗല്യസൂത്രത്തിനോടൊപ്പം ദേവിബഹൻ ഉണ്ണിക്ക് ഒരു കത്തയയ്ക്കുന്നുണ്ട്.[16] നോവലിന്റെ കഥാതന്തുവായി മാറുന്ന ഈ കത്ത് നോവലിസ്റ്റിന് സ്നേഹത്തെക്കുറിച്ചുള്ള ദർശനം ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ടുകൂടി ഈ കത്ത് പ്രാധാന്യമർഹിക്കുന്നു. ജീവിതത്തിൽ ഇത്രയേറെ ദൂരം പിന്നിട്ടപ്പോഴാണ്, യൗവ്വനത്തിൽ ദോഷങ്ങളായി കണ്ടവയെല്ലാം യഥാർത്ഥത്തിൽ ഗുണങ്ങളായിരുന്നുവെന്ന് ദേവി ബഹന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഉണ്ണിയുടെ ജീവിതത്തിലേക്ക് തിരിച്ചുപോകാൻ ആഗ്രഹമുള്ളതുകൊണ്ടുതന്നെ പലതവണ അതിനെക്കുറിച്ച് ആലോചിച്ചു എന്നും, ഹിമവാനിൽ നിന്നു പതിച്ച ഭാഗീരഥിയുടേതുപോലെ തിരിച്ചുപോകാൻ കഴിയാത്ത ഒരവസ്ഥയിലായിപ്പോയി തന്റെ ജീവിതമെന്നും, ഒരുനാൾ പോലും ഭർത്തൃസ്മരണയിലല്ലാതെ താൻ ജീവിച്ചിട്ടില്ല എന്നും ദേവി ബഹൻ ഉറന്നു സമ്മതിക്കുന്നത് ഈ സന്ദർഭത്തിലാണ്. വാക്കുകൊണ്ടു നിഷേധിച്ചാലും മാനുഷികബന്ധങ്ങൾ ഇല്ലാതാവുന്നില്ല എന്ന സത്യം മനസ്സിലാക്കാൻ അവർക്ക്

ഇത്രയും വർഷം ബലികൊടുക്കേണ്ടി വന്നു.

സമുദായപരിഷ്കരണ പ്രവർത്തനകാലത്ത്, 'അമ്മയുടെ വാക്കുകേട്ട് ജീവിക്കുന്നവൻ' എന്ന നിലയിൽ തേതിക്ക് ഉണ്ണിയോട് പുച്ഛം തോന്നിയിരുന്നു. പിന്നീട് ഉണ്ണിയുടെ അന്വേഷണം ആത്മീയ മേഖലയിലായിരുന്നു എന്നു ബോദ്ധ്യപ്പെട്ടപ്പോഴേക്കും ജീവിതം കൈയിൽനിന്ന് വഴുതിപ്പോയിരുന്നു. ഇപ്പോൾ താനും ഉണ്ണിയുടെ പാത പിന്തുടരാൻ ആരംഭിച്ചിരിക്കുന്നതുകൊണ്ട് രണ്ടുപേരും തമ്മിലുള്ള അകൽച്ച ഇല്ലാതായിരിക്കുന്നു എന്നും തമ്മിൽ കാണാനും സ്പർശിക്കാനും കൂടി പാകത്തിൽ ഉണ്ണിയുമായി മാനസിക ഐക്യം താൻ നേടിയെടുത്തിരിക്കുന്നു എന്നും ദേവകി മാനമ്പള്ളി സമ്മതിക്കുന്നു. തന്റെ തെറ്റുകൾക്കും എടുത്തുചാട്ടങ്ങൾക്കും എല്ലാം മാപ്പ് നൽകി തന്നെ അനുഗ്രഹിക്കണം എന്ന് അപേക്ഷിക്കുകയാണ് ഈ കത്തിലൂടെ ദേവിബഹൻ ചെയ്യുന്നത്.

തുടർന്നുവരുന്ന രണ്ടദ്ധ്യായങ്ങളിൽ സന്യാസജീവിതമാരംഭിച്ച് വർഷങ്ങൾക്കു ശേഷം തങ്കത്തിനെ കണ്ടുമുട്ടിയ സുമിത്രാനന്ദജി, തന്റെ ഭൂതകാല ഭാവങ്ങളിലേയ്ക്ക് - തേതിക്കുട്ടിയായും, ദേവകി മാനമ്പള്ളിയായും ദേവി ബഹനായും ജീവിച്ച കാലങ്ങളിലേക്ക് - മനസ്സുകൊണ്ട് തിരികെ നടക്കുന്നുണ്ട്. പല സന്ദർഭങ്ങളിലും തികച്ചും യാദൃച്ഛികതയാണ് തന്റെ ജീവിതത്തിലുണ്ടായ അവസ്ഥാപരിണതികൾക്ക് കാരണമെന്ന് സുമിത്രാനന്ദജി തുറന്നു സമ്മതിക്കുന്നുണ്ട്. മാനമ്പള്ളിയിൽ നിന്ന് ഇറങ്ങിപ്പോന്നതും, സമുദായ സേവനരംഗത്തിറങ്ങിയതും, ദേശീയപ്രസ്ഥാനത്തിൽ പങ്കാളിയായതും ഒടുവിൽ സന്യാസം സ്വീകരിച്ചതും അടക്കം തന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം യാദൃച്ഛികസംഭവങ്ങളുടെ പരിണതഫലങ്ങൾ മാത്രമായിരുന്നെന്ന് അവർ വെളിപ്പെടുത്തുന്നു.

നോവലിന്റെ അവസാനം ഏറ്റവും ഒടുവിൽ തങ്കത്തെ വീണ്ടും കണ്ടുമുട്ടുന്നതും തന്റെ ശരീരത്തിൽ നിന്ന് അഴിച്ചുമാറ്റിയ താലി തന്റെ കൈയിൽ വീണ്ടും വന്നു

പെടുന്നതും, അത് അടുത്ത തലമുറയ്ക്ക് സമ്മാനമായി നൽകുന്നതും കൂടി യാദൃച്ഛിക സംഭവങ്ങളായി നമുക്ക് കണക്കാക്കാം. ഉണ്ണിയേട്ടന്റെ ബലിർമ്മങ്ങൾക്കായി വന്ന് തിരിച്ചുപോകാനിരുന്ന തങ്കം, സുമിത്രാനന്ദ എന്ന യോഗിനിയെ കണ്ടതും, പൂർവ്വാശ്രമത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവർ കോപിഷ്ടയായതും എല്ലാം ഈ യാദൃച്ഛികതയിലേക്കു നയിച്ച നിമിത്തമായിരുന്നു. ഏതായാലും അതിന്റെ ഫലമായി വർഷങ്ങൾക്കു മുമ്പ് തേതിയേടത്തിക്കു കൊടുത്ത വാക്കുപാലിക്കാൻ തങ്കത്തിന് കഴിയുന്നു. അപ്പു, മാനമ്പള്ളി ഇല്ലത്തെ കുഞ്ഞാത്തോലിന്റെ മുമ്പിൽ വർഷങ്ങൾക്കു ശേഷം സമർപ്പിക്കപ്പെടുമ്പോൾ 'തന്റെ കൂട്ടികൾ തേതിയേടത്തിയുടേതു കൂടിയായിരിക്കു'മെന്ന വാക്ക് പാലിക്കപ്പെടുകയായിരുന്നു. കുഞ്ഞാത്തോൽ അപ്പുവിന്റെ സ്വന്തം അമ്മയായിത്തീരുന്ന കാഴ്ചയാണ് നോവലിന്റെ അവസാനത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. പ്രകൃതിയുടെ മാറിൽ നിന്നുപോലു സ്തന്യം ഊറിവരാൻ തക്കവണ്ണം ഹൃദയം ഹൃദയത്തെ, ജീവൻ ജീവനെ, അമ്മ മകനെ, സ്വീകരിക്കുകയായിരുന്നു അപ്പോൾ. മാതാവാകാൻ കഴിയാത്തതിലുള്ള ദുഃഖം എന്നും മനസ്സിൽ കൊണ്ടു നടന്നിരുന്ന അവർക്ക് മറ്റൊരു മാതാവിനും ലഭിക്കാത്ത ആത്മനിർവൃതിയാണ് നോവലിന്റെ അവസാനത്തിൽ അനുഭവിക്കാൻ കഴിയുന്നത്.

അഗ്നിസാക്ഷിയിലെ പ്രധാന സ്ത്രീകഥാപാത്രമായ തേതി, അവസ്ഥാന്തരങ്ങൾ പിന്നിടുമ്പോഴും ഒരിക്കലും സ്ത്രീമോചനത്തിന്റെ വക്താവാകുന്നില്ല. അവരുടെ ആദ്യകാലത്തെ സാമുദായിക പ്രവർത്തനങ്ങളിൽ അനാചാരങ്ങളുടെ തീക്ഷ്ണവലയത്തിൽ പെട്ട് ദുരിതമനുഭവിക്കുന്ന അന്തർജ്ജനങ്ങൾക്ക് മോചനം നൽകുക എന്ന ഉദ്ദേശമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് സമുദായ പരിഷ്കരണശ്രമ ങ്ങളുടെ ചൂടാറിയപ്പോൾ അവർ ദേശസേവനത്തിന് ഇറങ്ങിത്തിരിച്ചത്. തന്റെ മനസ്സിലെ നിരാശയോടും സേവാശ്രമത്തിൽ താനേർപ്പെടുത്തിയ നിഷ്കളോടും പൊരുത്തപ്പെട്ടുകൊണ്ട് അവിടെ പ്രവർത്തിക്കാനാവില്ല എന്നു ബോദ്ധ്യപ്പെട്ടപ്പോൾ സന്യാസം സ്വീകരിച്ചു. പിന്നീട് മുന്നിൽ സങ്കടവുമായെത്തുന്നവർക്കെല്ലാം സ്ത്രീപുരുഷഭേദമില്ലാതെ അവർ

ആശ്വാസം നൽകിയിരുന്നു.

നമ്പൂതിരി സമുദായത്തിൽ ആചാരങ്ങളുടെയും അനാചാരങ്ങളുടെയും ഇടയിൽ നരകജീവിതം അനുഭവിച്ചിരുന്നത് സ്ത്രീകളായിരുന്നതുകൊണ്ടാണ് അന്തർജ്ജനം ആ സ്ത്രീകളെ പ്രധാന കഥാപാത്രമാക്കി അവർക്കുവേണ്ടി കഥകളെഴുതിയത്. ആ കഥകളിലൂടെ അവർ ഓരോ അനാചാരങ്ങളെ ചോദ്യം ചെയ്യുകയായിരുന്നു. അത്തരം കഥകളിൽ കാലഹരണപ്പെട്ട ആചാരങ്ങളെയും വിശ്വാസങ്ങളെയുമാണ് അവർ പ്രതിക്കൂട്ടിൽ നിർത്തുന്നത്. അഗ്നിസാക്ഷി എന്ന നോവലിൽ മാനമ്പള്ളി ഇല്ലത്തുനിന്ന് ഇറങ്ങിപ്പോകാൻ തേതിയെ പ്രേരിപ്പിക്കുന്നത് ഭർത്താവായ ഉണ്ണി തേതിയോടു കാണിച്ച അടിമത്ത മനോഭാവമല്ല, മറിച്ച് ആചാരങ്ങളുടെ കാവലാളുകളായ, അപ്പനും ഉണ്ണിയുടെ അമ്മയും പ്രതിനിധീകരിക്കുന്ന യാഥാസ്ഥിതികത്വമാണ്. വ്യക്തിപരമായി തേതിക്ക് ആരോടും വൈരാഗ്യമില്ല. തേതി ദേവകി മാനമ്പള്ളിയായി യുവജനസംഘത്തോടൊപ്പം ചേർന്ന് എതിർക്കുന്നത് പുരുഷവർഗ്ഗത്തെയല്ല, മറിച്ച് പുരുഷൻ സ്ത്രീകൾക്കു മേൽ അടിച്ചേൽപ്പിക്കുന്ന ദുരാചാരങ്ങളെയാണ്. ആചാരങ്ങളിൽ നിന്നുള്ള മോചനമായിരുന്നു അന്നത്തെ നമ്പൂതിരി സ്ത്രീകൾക്കു വേണ്ടിയിരുന്നത്, പുരുഷനിൽ നിന്നുള്ള മോചനമല്ല.

തങ്കം എന്ന കഥാപാത്രം തന്റെ തന്നെ മനസ്സാക്ഷി കഥാപാത്രരൂപത്തിൽ പരിണമിച്ചതാണ് എന്ന് നോവലിസ്റ്റ് തന്നെ പറയുന്നുണ്ട്. നമ്പൂതിരി സമുദായം വിജാതീയമക്കളോട് കാണിച്ചിരുന്ന അവഗണനയോട് തനിക്കുള്ള എതിർപ്പും തന്റെ മനസ്സിൽ അവരോടു തോന്നിയിരുന്ന സ്നേഹവാത്സല്യങ്ങളും ആവിഷ്കരിക്കാൻ തങ്കം എന്ന കഥാപാത്രം ഒരു ഉപകരണമായി എന്നു മാത്രം. ഒരിക്കലെങ്കിലും പുരുഷവർഗ്ഗത്തിൽ നിന്ന് മോചനം വേണമെന്ന് തങ്കം പറയുന്നില്ല. അതിനു കാരണം അത്തരം ഒരു അടിമത്തം അവൾ അനുഭവിച്ചിരുന്നില്ല എന്നതുതന്നെയാണ്. അച്ഛന് അശുദ്ധശങ്കയില്ലാതെ മക്കളെ സ്പർശിക്കാവുന്ന, മകൾക്ക് അച്ഛന്റെ ലാളനയനുഭവിക്കാൻ അനുവാദമുള്ള, ആരുടെയും എതിർപ്പില്ലാതെ പെൺകുട്ടികൾക്ക് ദൂരെ പോയി ഉന്നത വിദ്യാഭ്യാസം നേടാൻ

കഴിയുന്ന, ഏതെങ്കിലും ഒരു ബ്രാഹ്മണന്റെയോ ക്ഷത്രിയന്റെയോ സംബന്ധക്കാരിയാവാൻ ഒരു പെൺകുട്ടിയും നിർബന്ധിതയാവാത്ത, വിവാഹകാര്യത്തിൽ അവളുടെ അഭിപ്രായം കൂടി അംഗീകരിക്കപ്പെടുന്ന ഒരു കാലം വന്നു കാണണമെന്നേ തങ്കം ആഗ്രഹിക്കുന്നുള്ളൂ. അന്ധമായ ആചാരങ്ങളും വിശ്വാസങ്ങളും മറികടന്ന് ഭാര്യയ്ക്കും ഭർത്താവിനും ഒന്നിയ്ക്കാനും അവരുടേതായ സ്വകാര്യലോകത്ത് പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിക്കാനും കഴിയുന്ന ഒരു കാലമാണ് തങ്കം വിഭാവനം ചെയ്യുന്നത്.

ഇവിടെയെല്ലാം യഥാർത്ഥ പ്രതി അനാചാരങ്ങളെ ആചാരമായി കാണുന്ന നമ്പൂതിരി സമുദായമാണ്, ആ സമുദായത്തിലെ ഏതെങ്കിലും പുരുഷനല്ല. അതുകൊണ്ടുതന്നെ അന്തർജ്ജനം എന്ന എഴുത്തുകാരി ഒരിക്കലും പുരുഷനെ പ്രതിക്കൂട്ടിൽ നിർത്തുന്നില്ല.

ഭ്രാന്തിച്ചെറിയമ്മ എന്ന കഥാപാത്രം അന്തർജ്ജനത്തിന്റെ പല കഥകളിലും കടന്നുവരുന്നുണ്ട്. ആ കഥാപാത്രത്തെ യഥാർത്ഥ ജീവിതത്തിൽ നിന്നു കണ്ടെടുക്കുകയായിരുന്നുവെന്ന് അന്തർജ്ജനം സമ്മതിക്കുന്നുണ്ട്.[18] ഭ്രാന്തിച്ചെറിയമ്മയുടെ ജീവിതത്തിലും യഥാർത്ഥത്തിൽ കരിനിഴൽ വീഴ്ത്തുന്നത് [സംബന്ധം] എന്ന ദുരാചാരമാണ്, അല്ലാതെ ആചാരം പിന്തുടരുന്ന പുരുഷനല്ല. സംബന്ധം എന്ന ദുരാചാരം ഇല്ലായിരുന്നുവെങ്കിൽ നമ്പൂതിരി സമുദായത്തിലെ ഒട്ടുമുക്കാലും പ്രശ്നങ്ങൾ ഇല്ലാതാവുമായിരുന്നുവെന്ന് വി.ടി. ഭട്ടതിരിപ്പാടിന്റെ കണ്ണീരും കിനാവും എന്ന കൃതിയിൽ പാപ്പു എന്ന അന്തർജ്ജനബാലിക പറയുന്നതായി മുൻപൊരിടത്ത് സൂചിപ്പിച്ചിട്ടുണ്ട്.

ഭ്രാന്തിച്ചെറിയമ്മയും ജലപ്പിശാചു മുത്തശ്ശിയും വ്യക്തിത്വമില്ലാതെ അടിമകളായി ജീവിക്കാൻ വിധിക്കപ്പെട്ട അക്കാലത്തെ നമ്പൂതിരി സ്ത്രീകൾക്ക് ഉദാഹരണമാണ്. ഒരു മൂസ്സാമ്പൂരി നാലും അഞ്ചും വേളി കഴിക്കുമ്പോൾ ഒരേ ഇല്ലത്തു തന്നെ നാലും അഞ്ചും സപത്നിമാരുണ്ടാവുന്നു. അയാളുടെ മരണശേഷം അഞ്ചു വിധവകൾ അതേ ഇല്ലത്ത് കഴിച്ചുകൂട്ടുന്നു. അതിന് പുറമെയാണ് അയാളുടെ അമ്മ,

ചെറിയമ്മമാർ, മുത്തശ്ശിമാർ, വിവാഹം കഴിച്ചുകൊടുക്കാത്ത സഹോദരിമാർ എന്നിവർ. അങ്ങനെ ആ ഇല്ലത്തിന്റെ അകത്തള ജീവിതം ദയനീയമായിത്തീരുന്നു. അവിടെ സാമർത്ഥ്യവും അല്പം ഭാഗ്യവുമുള്ളവർക്കു മാത്രമേ തങ്ങളുടെ വ്യക്തിത്വം പ്രകടിപ്പിക്കാൻ കഴിയൂ. അഗ്നിസാക്ഷിയിൽ തന്നെ ഭർത്താവ് കാര്യപ്രാപ്തി ഇല്ലാത്ത ആളായതുകൊണ്ടും മൂസ്സാന്മൂരിയുടെ അമ്മയായതുകൊണ്ടും മാത്രമാണ് ഏട്ടന്റമ്മ എന്ന സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനും പലപ്പോഴും മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാനും കഴിഞ്ഞത്. അവർക്കും ഒരു പേരു നൽകി വ്യക്തിത്വം തോന്നിപ്പിക്കണമെന്ന് നോവലിസ്റ്റ് കരുതുന്നില്ല. ഉണ്ണിയുടെ അമ്മ എന്ന നിലയിൽ അവർ തങ്കത്തിന് ഏട്ടന്റമ്മയായി എന്നുമാത്രം.

നമ്പൂതിരിമാരുടെ സംബന്ധം എന്ന ഏർപ്പാട് പരമാവധി മുതലെടുത്തിരുന്ന നായർ സ്ത്രീകളുടെ പ്രതിനിധിയാണ് നേത്യാരമ്മ. മാനമ്പള്ളി ഇല്ലത്തെ പ്രതാപിയായ ഇരവിരവി നമ്പൂതിരിപ്പാടിനെ, മറ്റു സ്ത്രീകളിലേയ്ക്ക് ശ്രദ്ധ തിരിയ്ക്കാത്ത വിധം തന്റെ വരുതിയിൽ നിർത്താൻ അവർക്കു സാധിച്ചു. രാജകീയമായ സുഖസൗകര്യങ്ങൾ അയാളിലൂടെ നേടിയെടുക്കാൻ അവരുടെ സൗന്ദര്യവും സാമർത്ഥ്യവും അവരെ സഹായിച്ചു. നമ്പൂതിരി സ്ത്രീകൾക്ക് അക്ഷരാഭ്യാസം നിഷിദ്ധമായിരിക്കെ പത്തായപ്പുര മാളികയിൽ പത്രമാസികാദികൾ വരുത്തിക്കാനും മകളെ പഠിപ്പിക്കാൻ അദ്ധ്യാപകനെ ഏർപ്പാടാക്കിക്കാനും അവർക്ക് സാധിച്ചു. ഏട്ടന്റമ്മ, ജലപ്പിശാചു മുത്തശ്ശി, ഭ്രാന്തിച്ചെറിയമ്മ എന്നിവരുടെ കുത്തുവാക്കുകളെയും ശാപവചനങ്ങളെയും അവഗണിച്ച് കച്ചേരിമാളികയിൽ സ്വതന്ത്രജീവിതം നയിച്ചിരുന്ന അമ്മാളുകുട്ടി എന്ന നേത്യാരമ്മ കാലം മാറിക്കൊണ്ടിരിക്കുന്ന കാര്യം ഭർത്താവിനെ ഓർമ്മിപ്പിക്കുകയും, അദ്ദേഹത്തിന്റെ കാലശേഷം തനിക്കും മകൾക്കും സുഖമായി കഴിഞ്ഞുകൂടാൻ തക്കവണ്ണമുള്ള സമ്പാദ്യം സമർത്ഥമായി കൈക്കലാക്കുകയും ചെയ്തു. തന്റെ തറവാട്ടിലെ മറ്റു സ്ത്രീകളുടെ സംബന്ധമഹിമയെക്കുറിച്ച് നേത്യാരമ്മ അഭിമാനത്തോടെ പറയുമ്പോൾ, സംബന്ധക്കാരായ നമ്പൂതിരിമാരിലൂടെയും ക്ഷത്രിയൻമാരിലൂടെയും നേടിയെടുത്ത സമ്പാദ്യം ക്ഷയോന്മുഖമായിക്കൊണ്ടിരുന്ന പല നായർ തറവാടുകളെയും സമൃദ്ധിയിലെത്തിച്ചിരുന്നു എന്ന വസ്തുത സൂചിതമാവുന്നു.

നേത്യാരമ്മയുടെ ജീവിതചിത്രണത്തിലൂടെയും തങ്കത്തിന്റെ അഭിപ്രായപ്രകടനങ്ങളിലൂടെയും പല കഥകളിലെയും സ്ത്രീകഥാപാത്രങ്ങളുടെ

കുറിപ്പുകൾ

1. ലളിതാംബിക അന്തർജ്ജനം. അഗ്നിസാക്ഷി (മുഖവുര) പു. 8.
2. ഡോ. കുര്യാസ്, "നിന്ദിതർക്കും പീഡിതർക്കും വേണ്ടി", എൻ.ബി.എസ്. കോട്ടയം, 1950. പു. 70
3. കെ. സുരേന്ദ്രൻ, "അന്തർജ്ജനത്തിന്റെ കഥാലോകം", അന്തർജ്ജനം ഒരു പഠനം (ലളിതാംബിക അന്തർജ്ജനം ഷഷ്ട്യബ്ദപൂർത്തി ആഘോഷക്കമ്മിറ്റി, 1969) പു. 65
4. ലളിതാംബിക അന്തർജ്ജനം, "വിധിബലം", ല.അ. കഥകൾ സമ്പൂർണ്ണം. പു. 29
5. എം. അച്യുതൻ, "അന്തർജ്ജനത്തിന്റെ കഥകൾ", അന്തർജ്ജനം ഒരു പഠനം, പു. 47.
6. ഒലീന, ഏ.ജി., "ലളിതാംബിക അന്തർജ്ജനത്തെ ഓർമ്മിക്കുമ്പോൾ", വിജ്ഞാനകൈരളി, ഏപ്രിൽ, 2009.
7. വിദ്വാൻ. പി.ആർ. ശങ്കരപ്പിള്ള, "കഥാകാരിയായ ലളിതാംബിക", അന്തർജ്ജനം ഒരു പഠനം, പു. 62
8. പി.ഏ. വാര്യർ, "എന്റെ അമ്മായി", ടി.പു. 124
9. എം. ലീലാവതി, "ക്ലേശിതമായ ജീവിതത്തിന്റെ കാഥിക", ടി.പു. 43
10. കൗമുദി ന്യൂസ് സർവീസ്, "മലയാളകഥയിലെ അമ്മ", കലാകൗമുദി, 1984 മാർച്ച് 14. പു. 14-19.
11. വിശുദ്ധബൈബിൾ പഴയ നിയമം, ഉല്പത്തിയുടെ പുസ്തകം. ഏദൻതോട്ടം വചനം. 24, 25.
12. എൻ. ഭാസ്കരകുമാർ, "മകന്റെ ഓർമ്മകൾ", ഭാഷാപോഷിണി, മാർച്ച് 2009. പു. 44-55
13. ഡോ. കെ.എസ്. രവികുമാർ, ല.അ. കഥകൾ സമ്പൂർണ്ണം. അവതാരിക. ടി.പു. xxvi
14. ഡോ. കെ.എസ്. രവികുമാർ, ടി.പു. XVI
15. വത്സല. "ചങ്ങല പൊട്ടിച്ച ഒരു കാഥിക", ഗ്രന്ഥാലോകം, 1997. പു. 12
16. ലളിതാംബിക അന്തർജ്ജനം. അഗ്നിസാക്ഷി. പു. 90
17. ടി.പു. 8. & മണികൃഷ്ണൻ "എന്റെ അമ്മ", കറന്റ് ബുക്സ്, 1993.

ഉപസംഹാരം

ഉപസംഹാരം

ലളിതാംബിക അന്തർജ്ജനത്തിന്റെ രചനകളുടെ സവിശേഷതകളും ജീവിതവീക്ഷണവും കഥകളിലും നോവലിലുമായി അവർ ആവിഷ്കരിച്ച സ്ത്രീകഥാപാത്രങ്ങളുടെ പഠനത്തിലൂടെ കണ്ടെത്തുകയും അതോടൊപ്പം ഒരു പ്രത്യേക കാലഘട്ടത്തിൽ കേരളത്തിലെ നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങളെ മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിച്ചിട്ടുള്ളത്. കഥാലോകത്തുനിന്ന് തെരഞ്ഞെടുത്ത ഇരുപത്താറ് കഥകളും അഗ്നിസാക്ഷി എന്ന നോവലും പഠനവിധേയമാക്കിയിട്ടുണ്ട്. പഠനത്തിലൂടെ ഉരുത്തിരിഞ്ഞ നിഗമനങ്ങളും കണ്ടെത്തലുകളും ഇപ്രകാരം ക്രോഡീകരിക്കാം.

നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ആചാരാനുഷ്ഠാനങ്ങളെ ചോദ്യം ചെയ്യുന്നവയാണ് അന്തർജ്ജനത്തിന്റെ സാമുദായിക കഥകൾ ഏറെയും. താൻ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം തന്റെ സമുദായത്തിലെ സഹജീവികളായ സ്ത്രീകൾക്കില്ലെന്ന തിരിച്ചറിവും, ഇല്ലങ്ങളിലെ അകത്തളങ്ങളിൽ നരകതുല്യമായ ജീവിതം നയിച്ചിരുന്ന അവരോടുള്ള സഹാനുഭൂതിയുമാണ് അന്തർജ്ജനത്തെ സാഹിത്യരചനയ്ക്ക് പ്രേരിപ്പിച്ചത്. ഔപചാരികമായ ആചാരവിശ്വാസങ്ങളിലെ നിരർത്ഥകത ഒരളവു വരെ യാഥാസ്ഥിതികത്വത്തെ ബോദ്ധ്യപ്പെടുത്താൻ അന്തർജ്ജനത്തിന്റെ രചനകൾക്ക് കഴിഞ്ഞിട്ടുണ്ട്.

അടിമത്ത മനോഭാവം ആചാരാനുഷ്ഠാനങ്ങളെപ്പോലെ ജീവിതത്തിന്റെ ഭാഗമാക്കി കഴിഞ്ഞുകൂടിയിരുന്ന നമ്പൂതിരി സ്ത്രീകൾക്ക് പ്രതികരിക്കാനുള്ള ശക്തി പകർന്നുകൊടുത്ത അന്തർജ്ജനത്തിന്റെ സാഹിത്യസൃഷ്ടികൾ. നമ്പൂതിരി സമുദായത്തിൽ അന്നത്തെ കാലത്ത് ഒരു ശാപമെന്നോണം ഉണ്ടായിക്കൊണ്ടിരുന്ന ഭ്രാന്തിച്ചെറിയമ്മമാരും, ഹിസ്റ്റീരിയാ ബാധയുള്ള സ്ത്രീകളും; ബാല്യവിവാഹം,

സപത്നീമത്സരം, ചെറുപ്രായത്തിൽത്തന്നെ നേരിടേണ്ടി വരുന്ന വൈധവ്യം എന്നീ അനാചാരങ്ങളുടെ രക്തസാക്ഷികളാണ് എന്ന നഗ്നസത്യം തന്റെ സാഹിത്യകൃതികളിലൂടെ അന്തർജ്ജനം പുറത്തുകൊണ്ടുവന്നു.

സമുദായത്തിലെ പുരുഷമേധാവിത്വത്തെ വെല്ലുവിളിക്കുന്നതോടൊപ്പം സ്ത്രീസ്വാതന്ത്ര്യം അർഹിക്കുന്നുണ്ട് എന്ന് പ്രസംഗിക്കുകയും അതിന് കടകവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന നമ്പൂതിരി യുവാക്കളുടെ ഉത്പതിഷ്ണത്വനാട്യത്തെ വെളിച്ചത്തുകൊണ്ടുവരാനും അന്തർജ്ജനം തന്റെ സാഹിത്യരചനകൾ മാധ്യമമാക്കി.

സാമുദായിക പരിഷ്കരണം മാത്രമല്ല; ശക്തമായ സാമൂഹിക ഇടപെടലും തന്റെ രചനകളിലൂടെ അന്തർജ്ജനം നിർവ്വഹിച്ചിട്ടുണ്ട്. സാമൂഹ്യജീവിതത്തിലെ ആദർശങ്ങൾ, മാറുന്ന കാലത്തിനനുസരിച്ച് പുരോഗമിക്കേണ്ടതാണ് എന്ന കാഴ്ചപ്പാട് തന്റെ രചനകളിലൂടെ അന്തർജ്ജനം അവതരിപ്പിച്ചിട്ടുണ്ട്.

അന്തർജ്ജനത്തിന്റെ രചനകളിലെ നല്ലൊരു ഭാഗം കഥകളും മാതൃത്വത്തിന്റെ മഹനീയ ഗാഥകളാണ്. മിക്കവാറും എല്ലാ സൃഷ്ടികളുടെയും അന്തർധാരയായി ശക്തമായ ഒരു മാതൃസ്പർശം കണ്ടെത്താനാവും. ജീവിതത്തിലെ ആദർശങ്ങളെയും, പ്രത്യേക സാഹചര്യങ്ങളെയും അവഗണിച്ചുകൊണ്ടുതന്നെ മാതൃത്വം കൈവരിക്കാൻ ശ്രമിക്കുന്ന കഥാപാത്രങ്ങൾ അന്തർജ്ജനത്തിന്റെ ലോകത്ത് വിരളമല്ല.

വാർദ്ധക്യത്തിൽ അന്തർജ്ജനം അനുഭവിച്ച ഏകാന്തതയ്ക്കിടയിൽ, തനിക്കു ചുറ്റും ജീവിക്കുന്ന ചിലർക്കെങ്കിലും സമാനമായ അവസ്ഥയുണ്ടെന്നും അത് തനിക്കുള്ളതിനെക്കാൾ രൂക്ഷമാണെന്നുമുള്ള കണ്ടെത്താലാവണം നിരാലംബ വാർദ്ധക്യം പ്രമേയമായിട്ടുള്ള കഥകളുടെ സൃഷ്ടിക്കു പ്രേരണ. കൂട്ടുകുടുംബം, മരുമക്കത്തായം എന്നീ വ്യവസ്ഥിതികൾ നമ്പൂതിരി യുവാക്കളെ ഏകാന്തതയിൽ നിന്ന് മോചിപ്പിച്ചിരുന്നപ്പോൾ, അണുകുടുംബ വ്യവസ്ഥയിലേക്ക് പുരോഗമിച്ച ക്രിസ്തീയ ഭവനങ്ങളെ ഏകാന്തത ചൂഴ്ന്നിക്കുന്നു. നിരാലംബ വാർദ്ധക്യം പ്രമേയമായ

കഥകളിൽ ക്രിസ്തീയ കഥാപാത്രങ്ങൾ കൂടുതലായി കാണപ്പെടുന്നതിനു കാരണം ഇതായിരിക്കണം. വാർദ്ധക്യത്തിന്റെ നിരാലംബത അനുഭവിക്കുമ്പോഴും സുഖലോലുപതയിൽ ആഹ്ലാദത്തോടെ ജീവിയ്ക്കുന്ന മക്കളെ ശപിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല, അന്തർജ്ജനത്തിന്റെ അമ്മമാർ. നന്മ നിറഞ്ഞ നാട്ടിൻപുറങ്ങളിൽ തങ്ങളുടേതായ ലോകത്ത് ഒതുങ്ങിക്കൂടാനാണ് അവർ ഇഷ്ടപ്പെടുന്നത്.

ബാല്യകാലത്ത് തന്റെ വീട്ടിൽ നടന്നിരുന്ന സാഹിത്യ, രാഷ്ട്രീയ ചർച്ചകൾ കൗതുകപൂർവ്വം ശ്രദ്ധിച്ചിരുന്ന അന്തർജ്ജനത്തിന്റെ മനസ്സിൽ ആ കാലത്തുതന്നെ കുടിയേറിയ ആരാദ്ധ്യപുരുഷനാണ് ഗാന്ധിജി. ദൈവതുല്യമായ സ്ഥാനമാണ് ഗാന്ധിജിക്ക് അന്തർജ്ജനം നൽകിയിരുന്നത്. ഗാന്ധിജിയും ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യസമരവും സ്വാതന്ത്ര്യാനന്തര ഭാരതത്തിനു നേരിടേണ്ടി വന്ന പ്രശ്നങ്ങളും അന്തർജ്ജനത്തിലുണ്ടാക്കിയ സ്വാധീനം പല കഥകളിലും അഗ്നിസാക്ഷിയുടെ മൂന്നാം ഭാഗത്തും ദൃശ്യമാണ്. സ്വാതന്ത്ര്യത്തെക്കുറിച്ചും സ്വാതന്ത്ര്യാനന്തര ഭാരതത്തെക്കുറിച്ചും തനിക്കുണ്ടായിരുന്നത് മിഥ്യാസങ്കല്പങ്ങളായിരുന്നു എന്നു തിരിച്ചറിഞ്ഞപ്പോഴുണ്ടായ നിരാശയും വേദനയും അന്തർജ്ജനം ശക്തമായി ആവിഷ്കരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പും അതിനു ശേഷവുമുള്ള രാഷ്ട്രീയസ്ഥിതിഗതികളും ജനജീവിതവും, ദേശീയത പ്രമേയമായിട്ടുള്ള അന്തർജ്ജനത്തിന്റെ രചനകളിൽ തെളിയുന്നുണ്ട്.

ഭ്രാന്തിയാവുക അല്ലെങ്കിൽ ഭ്രഷ്ടയാവുക എന്ന അവസ്ഥയിൽ നിന്നുള്ള രക്ഷപ്പെടലായിരുന്നു അഗ്നിസാക്ഷിയിലെ തേതിയുടെ പിറന്നില്ലത്തേക്കുള്ള പോക്ക്. അഗ്നിസാക്ഷിയിലെ ഉണ്ണിനമ്പൂതിരി ഭാര്യയെ അടിമയായി കാണുന്നവനല്ല; മറിച്ച് യാഥാസ്ഥിതികമായ ആചാരങ്ങളുടെയും, യാഥാസ്ഥിതികത്വത്തിന് അടിമകളായ ഇല്ലത്തെ മുതിർന്നവരുടെയും ബന്ധനത്തിലിരിക്കുന്നവനാണ്. ആരുടെയും മനസ്സ് വേദനിക്കുന്നത് അയാൾക്ക് സഹിക്കുമായിരുന്നില്ല. ഈ അസഹിഷ്ണതയാണ് ബന്ധനമുക്തി ആഗ്രഹിക്കാതിരിക്കാൻ കാരണം. ഭർത്താവിൽ നിന്നുമുള്ള മോചനമല്ല തേതി

ആഗ്രഹിച്ചത്; ആചാരങ്ങളിൽ നിന്നുള്ള ഒരു മോചനമായിരുന്നു ആചാരമുക്തയായി പി.കെ.പി. നമ്പൂതിരി വളർത്തിയ തേതിയുടെ ലക്ഷ്യം. ആചാരങ്ങളിൽ നിന്നുള്ള മുക്തിയാണ് സമുദായത്തിലെ സ്ത്രീകൾക്കു വേണ്ടത്; അനുകൂല സാഹചര്യം വന്നപ്പോൾ തേതി ഇറങ്ങിപ്പുറപ്പെടുന്നത് സമുദായത്തിലെ സഹോദരിമാരെ ഈ മുക്തിയിലേക്കു നയിക്കാനാണ്.

സ്ത്രീ എന്ന നിലയിൽ സ്വതന്ത്രയായി വളർന്ന അന്തർജ്ജനം ഒരിക്കലും പുരുഷനെ പ്രതിക്കൂട്ടിൽ നിർത്തുന്നില്ല. സ്ത്രീയെ സ്വതന്ത്രയായി ജീവിക്കാനനുവദിക്കാത്ത സമുദായ ആചാരങ്ങളെയാണ് അന്തർജ്ജനം പ്രതിക്കൂട്ടിൽ കയറ്റുന്നത്. തന്റെ സഹജീവികൾക്കായി സാഹിത്യരചനയിലൂടെ ആചാരങ്ങളിൽ നിന്നുള്ള ഈ മുക്തി സാദ്ധ്യമാക്കാൻ ശ്രമിക്കുകയാണ് അന്തർജ്ജനം ചെയ്തിട്ടുള്ളത്.

കാമം എന്ന വികാരത്തിന്റെയും, മാതൃത്വം എന്ന അവസ്ഥയുടെയും അസംതൃപ്തി തേതിയുടെ മനസ്സിൽ ശ്രുദ്ധമൂലമായിരുന്നു. കാമവികാരത്തെ പരാജയപ്പെടുത്താൻ പല ശ്രമങ്ങളും നടത്തുകയും ഉറച്ച തീരുമാനത്തിലെത്തുകയും ചെയ്തെങ്കിലും അവസാനമേ അവർക്കു സാധിക്കുന്നുള്ളൂ. അതിലേയ്ക്കുള്ള കാത്തിരിപ്പു കൂടിയായിരുന്നു ആ കഥാപാത്രത്തിന്റെ ജീവിതലക്ഷ്യം.

നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ അനുഭവിച്ചിരുന്ന പാരതന്ത്ര്യം അതേ അളവിൽ സമൂഹത്തിലെ ഇതര സമുദായങ്ങളിൽ നിലവിലില്ലായിരുന്നു എന്ന് അന്തർജ്ജനത്തിന്റെ പല കഥാപാത്രങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. വിജാതീയ മക്കൾക്ക് നമ്പൂതിരി സമുദായം കല്പിച്ചിരുന്ന വിലയും, സമൂഹത്തിൽ അവരുടെ ജീവിത നിലവാരവും തങ്കം, നേത്യാരമ്മ തുടങ്ങിയ കഥാപാത്രങ്ങളിലൂടെ അന്തർജ്ജനം വ്യക്തമാക്കിയിരിക്കുന്നു.

ഒരു പ്രത്യേക ജനവിഭാഗത്തിന്റേയും വക്താവല്ല അന്തർജ്ജനം. ദുരിതമനുഭവിക്കുന്നവരുടെ വക്താവാണ്. അവിടെ സ്ത്രീപുരുഷഭേദമില്ല, ജാതിചിന്തയില്ല, ധനിക ദരിദ്രരില്ല. സ്നേഹവും സഹിഷ്ണതയും

പൊരുത്തപ്പെടലുകളും മാത്രമേയുള്ളൂ. മാനവരാശിയുടെ മുഴുവൻ മോചനമാണ് അന്തർജ്ജനത്തിന്റെ സാഹിത്യരചനയുടെ ലക്ഷ്യം. ജീവിതത്തിൽ ദുരിതവും കഷ്ടപ്പാടും അനുഭവിക്കുന്ന എല്ലാവരെയും അവരുടെ തുലിക ആശ്വസിപ്പിക്കുന്നു; അതോടൊപ്പം ആ ദുഃഖം അവർക്കു നൽകിയവർക്കെതിരെ ആ തുലിക ശക്തമായ ആയുധമായി മാറുകയും ചെയ്യുന്നു.

സ്നേഹം എന്ന അതുല്യവികാരത്തിലൂടെ മാനവമോചനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി മാത്രമെ അന്തർജ്ജനം സാഹിത്യസൃഷ്ടി നടത്തിയിട്ടുള്ളൂ. രചനകളുടെ പ്രമേയം എന്തു തന്നെയായാലും അവയിലെല്ലാം സ്നേഹം ഒരു മുഖ്യഘടകമായി വർത്തിക്കുന്നത് ‘വിശ്വമാനവസ്നേഹം’ എന്ന ജീവിതവീക്ഷണം അന്തർജ്ജനത്തിന്റെ മനസ്സിൽ അലിഞ്ഞുചേർന്നിരിക്കുന്നതുകൊണ്ടാണ്.

അനുബന്ധം

അനുബന്ധം 1

ജീവിതരേഖ

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ കോട്ടവട്ടത്ത് ഇല്ലത്ത് 1909 മാർച്ച് മാസം 30-ാം തിയ്യതി (കൊല്ലവർഷം 1084 മീനമാസം 10-ാം തിയ്യതി വെള്ളിയാഴ്ച) ലളിതാംബിക അന്തർജ്ജനം ജനിച്ചു. അച്ഛൻ സമുദായ പരിഷ്കർത്താവും ശ്രീമൂലം പ്രജാസഭാ മെമ്പറുമായിരുന്ന കെ. ദാമോദരൻ പോറ്റിയും, അമ്മ ചെങ്ങാരപ്പള്ളി നങ്ങയ്യ അന്തർജ്ജനവുമായിരുന്നു. നമ്പൂതിരി സ്ത്രീകൾക്ക് സ്കൂൾ വിദ്യാഭ്യാസം വിലക്കപ്പെട്ടിരുന്ന അക്കാലത്ത് വീട്ടിനുള്ളിൽത്തന്നെയായിരുന്നു അന്തർജ്ജനത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം.

ഉത്പതിഷ്ണുവായ അച്ഛൻ മകളുടെ വിദ്യാഭ്യാസത്തിനായി ഗുരുക്കൻമാരെ വീട്ടിൽ വരുത്തി. ചെങ്ങന്നൂർ കെ. കൃഷ്ണൻനായരായിരുന്നു ആദ്യ ഗുരുനാഥൻ. മകളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ അമ്മയുടെ പങ്കും ചെറുതായിരുന്നില്ല. ശ്രീകൃഷ്ണചരിതം മണിപ്രവാളം അന്തർജ്ജനത്തെ പഠിപ്പിച്ചത് അമ്മയായിരുന്നു. വീട്ടിൽ ആളെ വരുത്തി ഫിഡിലും ഹാർമോണിയവും പഠിപ്പിച്ചു. അമ്മാവന്റെ മകനും സുഹൃത്തുമായ എൻ.എസ്. പണ്ടാല (പിന്നീടദ്ദേഹം സ്വാമി നിരഞ്ജനാനന്ദയായിത്തീർന്നു) ആയിരുന്നു ആത്മീയഗുരു. വീട്ടിൽ കിട്ടാവുന്ന പുസ്തകങ്ങളെല്ലാം ചെറുപ്പത്തിൽ തന്നെ വായിച്ചുതീർത്തു. അച്ഛന്റെ സുഹൃത്തുക്കളായ ചില സാഹിത്യകാരൻമാർ വീട്ടിൽ നിരന്തരം വന്നിരുന്നത് എഴുത്തിനോടും സാഹിത്യത്തോടുമുള്ള ആത്മബന്ധം വളരാൻ സഹായിച്ചു. മലയാളത്തിൽ അക്കാലത്ത് ലഭ്യമായിരുന്ന ആനുകാലികങ്ങൾ, മക്കൾക്കായി അമ്മ സൂക്ഷിച്ചുവെച്ചിരുന്നതിനാൽ അവയുടെയെല്ലാം പഴയ ലക്കങ്ങൾ വായിക്കാൻ അന്തർജ്ജനത്തിന് ഭാഗ്യമുണ്ടായി.

ചെറുപ്പത്തിൽ തന്നെ മഹാത്മാഗാന്ധി, സ്വാമി ശിവാനന്ദസരസ്വതി, ശ്രീനാരായണഗുരു എന്നിവരെ നേരിൽ കാണാനുള്ള ഭാഗ്യം ലളിതാംബിക അന്തർജ്ജനത്തിനുണ്ടായി. ഈ മൂന്നു മഹാൻമാരുമായുള്ള ഇടപെടലും, വായന

നൽകിയ വിജ്ഞാനവും ഉത്പതിഷ്ണുവിന്റെ കരുത്തും കാഴ്ചപ്പാടും നേടിയെടുക്കാൻ ലളിതാംബികയെ സഹായിച്ചു.

പുനലൂരിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ശാരദ മാസികയുടെ 1923 സെപ്തംബർ ലക്കത്തിൽ "അഭിനവ പാർത്ഥസാരഥി" എന്ന പേരിൽ മഹാത്മാഗാന്ധിയെക്കുറിച്ചുള്ള ആദ്യലേഖനം പ്രസിദ്ധീകരിച്ചു. അന്ന് ലളിതാംബികയ്ക്ക് പതിനാലു വയസ്സായിരുന്നു പ്രായം.

1927ൽ മീനച്ചിൽ താലൂക്കിലെ രാമപുരത്ത് അമനകര ഇല്ലത്തെ നാരായണൻ നമ്പൂതിരി ലളിതാംബിക അന്തർജ്ജനത്തെ വിവാഹം കഴിച്ചു. പിൽക്കാല പ്രവർത്തനങ്ങളിലെല്ലാം സഹായിയും പ്രോത്സാഹനവുമായിത്തീർന്ന ഇദ്ദേഹമാണ് അന്തർജ്ജനത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം. ഭർത്താവിന്റെ മൗനാനുവാദത്തോടെ തന്നെ 1932ൽ മാവേലിക്കരയിൽ നടന്ന നായർ സമ്മേളനത്തിൽ ഘോഷ ബഹിഷ്കരിച്ച് പങ്കെടുത്തു.

1935ൽ വിധവാവിവാഹം പ്രമേയമാക്കി "പുനർജന്മം" എന്ന പേരിൽ രചിച്ച നാടകം വിധവാവിവാഹം നിഷേധിച്ചിരുന്ന നമ്പൂതിരി സമുദായത്തിലെ യാഥാസ്ഥിതികത്വത്തിന് നേരെയുള്ള ആദ്യത്തെ പ്രഹരമായിരുന്നു. 1937ൽ അന്തർജ്ജനത്തിന്റെ ആദ്യ കവിതാ സമാഹാരം - "ലളിതാഞ്ജലി" പ്രസിദ്ധീകൃതമായി. പിന്നീട് കഥാസമാഹാരങ്ങളും കവിതാ സമാഹാരങ്ങളും മറ്റുമായി 29 കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടു.

"അഗ്നിസാക്ഷി" എന്ന ഒരു നോവലേ അന്തർജ്ജനം രചിച്ചിട്ടുള്ളൂ. ഈ നോവൽ മലയാള സാഹിത്യലോകത്ത് അന്തർജ്ജനത്തെ ശാശ്വതപ്രതിഷ്ഠയ്ക്ക് അർഹയാക്കി. കേന്ദ്രസാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ആദ്യത്തെ വയലാർ അവാർഡ്, ഗുരുവായൂരപ്പൻ ട്രസ്റ്റിന്റെ ഓടക്കുഴൽ അവാർഡ്, കല്യാണി കൃഷ്ണമേനോൻ പ്രൈസ് എന്നീ പുരസ്കാരങ്ങൾ അന്തർജ്ജനത്തിന് ലഭിച്ചിട്ടുണ്ട്.

അഖിലേന്ത്യാ വിമൻസ് കോൺഫറൻസ്, യോഗക്ഷേമസഭ തുടങ്ങി പല വനിത-സാമൂഹ്യ സംഘടനകളിലും പ്രവർത്തിച്ചു. സോഷ്യൽ വെൽഫെയർ ബോർഡ്, സാഹിത്യ അക്കാദമി, സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡ്, പാഠപുസ്തകക്കമ്മിറ്റി എന്നിവയിലെല്ലാം പല പദവികളും അന്തർജ്ജനം അലങ്കരിച്ചിട്ടുണ്ട്. 1987 ഫെബ്രുവരി 6-ാം തിയ്യതി അന്തരിച്ചു.

മക്കൾ : എൻ. ഭാസ്കരകുമാർ, എൻ. മോഹനൻ (പരേതനായ പ്രശസ്ത കഥാകൃത്ത്), എൻ. ലീല. എൻ.കെ. ശാന്ത, എൻ. രാജം, എൻ. ലളിതകുമാരി (മണികൃഷ്ണൻ എന്ന പേരിൽ സാഹിത്യരംഗത്ത് പ്രശസ്ത), എൻ. രാജേന്ദ്രൻ.

അനുബന്ധം 2

ലളിതാംബിക അന്തർജ്ജനത്തിന്റെ കൃതികൾ

കഥാസമാഹാരങ്ങൾ

ആദ്യത്തെ കഥകൾ	1937
മൂടുപടത്തിൽ	1946
തകർന്ന തലമുറ	1948
കിളിവാതിലിലൂടെ	1950
കാലത്തിന്റെ ഏടുകൾ	1950
കൊടുങ്കാറ്റിൽ നിന്ന്	1951
കണ്ണീരിന്റെ പുഞ്ചിരി	1955
ഇരുപതു വർഷത്തിനു ശേഷം	1956
അഗ്നിപുഷ്പങ്ങൾ	1960
തെരഞ്ഞെടുത്ത കഥകൾ	1966
സത്യത്തിന്റെ സ്വരം	1968
വിശ്വരൂപം	1971
ധീരേന്ദുമജുംദാരുടെ അമ്മ	1973
പവിത്രമോതിരം	1979
ലളിതാംബിക അന്തർജ്ജനം കഥകൾ സമ്പൂർണ്ണം	2009

കവിതാസമാഹാരങ്ങൾ

ലളിതാഞ്ജലി	1937
ശരണമഞ്ജരി	1938
ഓണക്കാഴ്ച	1940
ഭാവദീപ്തി	1944

നിശ്ശബ്ദസംഗീതം	1959
ഒരു പൊട്ടിച്ചിരി	1958
ആയിരത്തിരി	1969

ബാലസാഹിത്യം

കുഞ്ഞോമന

ഗോസായി പറഞ്ഞ കഥ

തേൻതുള്ളികൾ	(1968)
ഗ്രാമബാലിക	(1951)

പഠനം

സീത മുതൽ സത്യവതി വരെ	(1972)

നോവൽ

അഗ്നിസാക്ഷി	(1976)

ആത്മകഥ

ആത്മകഥയ്ക്ക് ഒരാമുഖം	(1979)

നാടകം

സാവിത്രി അഥവാ വിധവാ വിവാഹം	(2004)

ഗ്രന്ഥസൂചി

ഗ്രന്ഥസൂചി

1. അക്ബർ, കക്കട്ടിൽ. *സർഗ്ഗസമീക്ഷ,* കോട്ടയം : ഡി.സി. ബുക്സ്, 1993

2. അച്യുതൻ, എം. *വാങ്മുഖം,* കോഴിക്കോട്. പൂർണ്ണ പബ്ലിക്കേഷൻസ്, 1980

3. അച്യുതമേനോൻ, സി. *വായനയുടെ ഉതിർമണികൾ,* തിരുവനന്തപുരം, പ്രഭാത് ബുക്സ്, 1975.

4. ..... *തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ,* കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം (സ.പ്ര.സ.സ.), 1983.

5. അച്യുതനുണ്ണി, ചാത്തനാത്ത്. *ഗവേഷണം : പ്രബന്ധരചനയുടെ തത്വങ്ങൾ,* ശുകപുരം വള്ളത്തോൾ വിദ്യാപീഠം, 2006.

6. അജിത. *ഓർമ്മക്കുറിപ്പുകൾ,* കോട്ടയം, ഡി.സി. ബുക്സ്, 1982

7. അജിത്കുമാർ, എൻ. *കേരളസംസ്കാരം.* തിരുവനന്തപുരം സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 2004.

8. അപ്പൻ, കെ.പി. *മാറുന്ന മലയാള നോവൽ,* ആലപ്പുഴ ഗൗതമാ പബ്ലിക്കേഷൻസ്, 1988.

9. അമൃതാപ്രീതം. *ആ മനുഷ്യൻ* (വിവ) എസ്.പി. വേണുഗോപൻ നായർ, കോട്ടയം ഡി.സി. ബുക്സ്, 1984

10. അയ്യപ്പപ്പണിക്കർ. *ഇന്ത്യൻ സാഹിത്യസിദ്ധാന്തം : പ്രസക്തിയും സാദ്ധ്യതയും,* തിരുവനന്തപുരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.

11. ഒരു സംഘം ലേഖികമാർ. *സ്ത്രീ,* കോട്ടയം സ.പ്ര.സ. 1975

12. കർത്താ, പി.സി. *ആചാരാനുഷ്ഠാനകോശം* കോട്ടയം ഡി.സി. ബുക്സ്, 1988.

13. കമലാദാസ് *ഭയം എന്റെ നിശ്വാസം* കോഴിക്കോട് മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി (മാ. പ്രി. ആന്റ്. പ.ക.) 1986

14. കല്യാണിയമ്മ, ബി. *വ്യാഴവട്ടസ്മരണകൾ,* തൃശ്ശൂർ മംഗളോദയം, 1958.

15. ..... ഓർമ്മയിൽ നിന്ന്, കോട്ടയം സ.പ്ര.സ.സ, 1968.

16. കുഞ്ഞൻപിള്ള, ഇളംകുളം *ജന്മിസമുദായം കേരളത്തിൽ,* 1959.

17. കുമാരനാശാൻ, എം. *ചിന്താവിഷ്ടയായ സീത* കൊടുങ്ങല്ലൂർ ദേവി ബുക് സ്റ്റാൾ, 1950.

18. ഡോ. കുര്യാസ് *നിന്ദിതർക്കും പീഡിതർക്കും വേണ്ടി* കോട്ടയം നാഷണൽ ബുക് സ്റ്റാൾ, 1950.

19. കൃഷ്ണപിള്ള, എൻ. *കൈരളിയുടെ കഥ,* കോട്ടയം നാഷണൽ ബുക് സ്റ്റാൾ, 1986.

20. കൃഷ്ണവാര്യർ, എൻ.വി. *വിചിന്തനങ്ങൾ, വിശദീകരണങ്ങൾ* കോട്ടയം ഡി.സി. ബുക്സ്, 1988.

21. ..... *അന്വേഷണങ്ങൾ, കണ്ടെത്തലുകൾ,* കോട്ടയം ഡി.സി. ബുക്സ്, 1986.

22. ..... *മനനങ്ങൾ നിഗമനങ്ങൾ* കോട്ടയം ഡി.സി. ബുക്സ്, 1987.

23. ഗിസെല എക്കർ (എഡി) *ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം* (വിവ). ജാനകി & ഡോ. ഗോപിനാഥ്. കെ, തൃശ്ശൂർ ബുക്ക്വേം, 1994.

24. ഗീത *ദേവദൂതികൾ മാഞ്ഞുപോവത്* കോട്ടയം നാഷണൽ ബുക് സ്റ്റാൾ, 1999.

25. ഗോപാലകൃഷ്ണൻ, നടുവട്ടം *ഗവേഷണരീതിശാസ്ത്രം* തിരുവനന്തപുരം കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1987. (കേ.ഭാ. ഇ)

26. ഗോപാലകൃഷ്ണൻ, പി.കെ. *പുരോഗമന സാഹിത്യ പ്രസ്ഥാനം നിഴലും വെളിച്ചവും* തൃശ്ശൂർ കേരള സാഹിത്യ അക്കാദമി, 1987. (കേ. സാ. അ)

27. ഗോമതിയമ്മ, കെ. *ധന്യയായ് ഞാൻ* കോട്ടയം. ഡി.സി. ബുക്സ്, 1979.

28. ചന്ദുമേനോൻ, ഒ. *ഇന്ദുലേഖ* കോട്ടയം ഡി.സി. ബുക്സ്, 1989.

29. ജോർജ്ജ്, കെ.എം. *ഭാരതീയ സാഹിത്യ ചരിത്രം.* തൃശ്ശൂർ കേ.സാ.അ. 1982.

30. ജോർജ്ജ്, സി.ജെ. (എജി) *ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ* തൃശ്ശൂർ ബുക്ക്വേം, 1996.

31. ടോണി മാത്യു. *രചനയുടെ രതിമൂർച്ഛ* കോഴിക്കോട് പൂർണ്ണ പബ്ലിക്കേഷൻസ്, 1991.

32. തരകൻ, കെ.എം. *മലയാള നോവൽ സാഹിത്യ ചരിത്രം* തൃശ്ശൂർ കേ.സാ.അ, 1978.

33. ..... *ആധുനിക നോവൽ ദർശനം* കോട്ടയം നാഷണൽ ബുക് സ്റ്റാൾ, 1982.

34. പ്രൊ. തോമസ്, തുമ്പമൺ *മലയാള നോവലിൽ ഒരു പുനഃപരിശോധന.* സാ.പ്ര.സ.സ, 1992.

35. ദമയന്തി (മിസ്സിസ്) *ഒരു സ്ത്രീയുടെ മായാത്ത സ്മരണകൾ,* കോട്ടയം നാഷണൽ ബുക് സ്റ്റാൾ

1956

36. നായർ, എം. ആർ *സാഹിത്യനികഷം,* കോഴിക്കോട് മാ.പ്രി. ആന്റ് പ.ക, 1988.

37. നെരൂദാ പാബ്ലോ *നെരൂദയുടെ ഓർമ്മക്കുറിപ്പുകൾ*(വിവ) നിത്യചൈതന്യയതി, കോഴിക്കോട് മൾബറി ബുക്സ്, 1988.

38. പരമേശ്വരൻനായർ, പി.കെ. *മലയാള സാഹിത്യചരിത്രം*ന്യൂഡൽഹി, സാഹിത്യ അക്കാദമി, 1969.

39. പ്രഭാകരവാര്യർ, കെ.എം. *ഗവേഷണപദ്ധതി,* ഗുരുകുലം വളളത്തോൾ വിദ്യാപീഠം, 1982.

40. ബാലകൃഷ്ണൻ, പി.കെ. *നോവൽ സിദ്ധിയും സാധനയും* കോട്ടയം നാഷണൽ ബുക് സ്റ്റാൾ, 1968.

41. ..... *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും,* 1983.

42. ബാലാമണിയമ്മ, *ജീവിതത്തിലൂടെ,*കോഴിക്കോട് മാ.പ്രി. ആന്റ്. പ. ക, 1969.

43. ഭട്ടതിരിപ്പാട്, വി.ടി. *കണ്ണീരും കിനാവും* തൃശ്ശൂർ ബെസ്റ്റ് ബുക്സ്, 1988.

44. ഭട്ടതിരിപ്പാട്, വി.ടി. *കർമ്മവിപാകം* തൃശ്ശൂർ ബെസ്റ്റ് ബുക്സ്, 1988.

45. ..... *വി.ടി.യുടെ ജീവിതസ്മരണകൾ,* കോട്ടയം സപ.പ്രു.സ.സ. 1983.

46. ..... *അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്* കോഴിക്കോട് മാ. പ്രി. ആന്റ് പ. ക. 1984.

47. ..... *വി.ടി.യുടെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ* കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 1979.

48. ഭട്ടതിരിപ്പാട്, എം.പി. *ഋതുമതി,* 1938.

49. ഭവത്രാതൻ നമ്പൂതിരിപ്പാട്, മൂത്തിരിങ്ങോട്, *അപ്പന്റെ മകൾ,* കോട്ടയം : ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, 1930

50. ഭാസ്കരനുണ്ണി, പി. *അന്തർജ്ജനം മുതൽ മാധവിക്കുട്ടി വരെ.* കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 1987.

51. മണികൃഷ്ണൻ, *എന്റെ അമ്മ,* തൃശ്ശൂർ : കറന്റ് ബുക്സ്, 1993.

52. മഹാശ്വേതാദേവി, *മഹാശ്വേതാദേവിയുടെ കഥകൾ.* (വിവ) : ലീലാ സർക്കാർ, ന്യൂഡൽഹി : നാഷണൽ ബുക് ട്രസ്റ്റ് ഇന്ത്യ, 1997.

53. മൂർക്കോത്തു കുമാരൻ, *മൂർക്കോത്തു കുമാരന്റെ കഥകൾ, (സമ്പൂർണ്ണം)* കോഴിക്കോട് : മാ.പ്രി. ആന്റ്. പ. ക. 1987.

54. രഘുനാഥൻനായർ, ഏ.ബി. രാജലക്ഷ്മിയുടെ നിഴൽപ്പാടുകൾ, തിരുവനന്തപുരം : പരിധി പബ്ലിക്കേഷൻസ്, 1997.

55. രാജലക്ഷ്മി, വി.എം. (എഡി) *സ്ത്രീനീതി* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989.

56. രാജശേഖരൻ, പി.കെ. *അന്ധനായ ദൈവം, മലയാള നോവലിന്റെ നൂറു വർഷങ്ങൾ* കോട്ടയം : ഡി.സി. ബുക്സ്, 2002.

57. രാജീവ്കുമാർ എം. (എഡി) *അന്തർജ്ജനം മുതൽ അഷിതവരെ*തിരുവനന്തപുരം : പരിധി പബ്ലിക്കേഷൻസ്, 1986.

58. രാമകൃഷ്ണൻ എ.കെ. & വേണുഗോപാലൻ കെ.എം. *സ്ത്രീവിമോചനം - ചരിത്രം, സിദ്ധാന്തം, സമീപനം.* പയ്യന്നൂർ : നയന ബുക്സ്, 1989.

59. ലക്ഷ്മിക്കുട്ടിയമ്മ, പി. *സ്ത്രീ, കാലഘട്ടങ്ങളിൽ* തൃശ്ശൂർ : സഹൃദയ വേദി, 1981.

60. ലളിതാംബിക അന്തർജ്ജനം *ആത്മകഥയ്ക്ക് ഒരാമുഖം* കോട്ടയം : സാ.പ്ര.സ.സ, 1979.

61. ..... *അഗ്നിസാക്ഷി* തൃശ്ശൂർ : കറന്റ് ബുക്സ്, 2008.

62. ..... *തെരഞ്ഞെടുത്ത കഥകൾ* കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 1966.

63. ..... *സീത മുതൽ സത്യവതി വരെ.* കോട്ടയം നാഷണൽ ബുക് സ്റ്റാൾ, 1977.

64. ..... *ലളിതാംബിക അന്തർജ്ജനം - കഥകൾ സമ്പൂർണ്ണം,* കോട്ടയം ഡി.സി. ബുക്സ്, 2009.

65. ..... *ഭാരതസ്ത്രീയുടെ പദവി യുഗങ്ങളിലൂടെ,* സ്ത്രീ കോട്ടയം : നാഷണൽ ബുക്ക് സ്റ്റാൾ, 1975.

66. ..... - *സാവിത്രി അഥവാ ഒരു വിധവാ വിവാഹം* തൃശ്ശൂർ : കറന്റ് ബുക്സ്, 2004.

67. ..... ഷഷ്ട്യബ്ദപൂർത്തി ആഘോഷകമ്മിറ്റി - *അന്തർജ്ജനം - ഒരു പഠനം* കോട്ടയം : നാഷണൽ ബുക്ക് സ്റ്റാൾ, 1969.

68. ലീലാവതി, എം. *നവരംഗം,* കോട്ടയം : സാ.പ്ര.സ.സ. 1976

69. ..... *കാവ്യാരതി,* കോട്ടയം : നാഷണൽ ബുക്ക് സ്റ്റാൾ, 1993.

70. ..... *കണ്ണീരും മഴവില്ലും.* കോട്ടയം : സാ.പ്ര. സ.സ, 1972.

71. ..... *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ - ഒരു പഠനം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993.

72. ..... *വർണ്ണരാജി.* കോട്ടയം : സാ.പ്ര.സ.സ. 1982.

73. ..... *മലയാളകവിതാ സാഹിത്യചരിത്രം,* തൃശ്ശൂർ : കേ. സാ. അ. 1980.

74. ..... *സത്യം ശിവം സുന്ദരം.* കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 1989.

75. ..... വാസുദേവൻനായർ, കളർകോട് *തരിശ്ശു നിലത്തിന്റെ കഥകൾ,* കോട്ടയം : സാ.പ്ര.സ.സ, 1974.

76. വിജയൻ, എം.എൻ. *പ്രബന്ധങ്ങൾ, പ്രഭാഷണങ്ങൾ, സ്മൃതി ചിത്രങ്ങൾ, സംഭാഷണങ്ങൾ.* കോഴിക്കോട് : ബോധി പബ്ലിഷിംഗ് ഹൗസ്, 1992.

77. ..... *അടയുന്ന വാതിൽ, തുറക്കുന്ന വാതിൽ.* കോഴിക്കോട് : മൾബറി ബുക്ക്സ്, 1990.

78. വി.ടി. സ്മാരകസമിതി, മേഴത്തൂർ. *വി.ടി.യെ കണ്ടെത്തൽ,* ശുകപുരം : ദക്ഷിണാ ബുക്ക്സ്, 1984.

79. വിമൽ രണദിവെ *ഫെമിനിസ്റ്റ് പ്രസ്ഥാനം : ഒരു മാർക്സിസ്റ്റ് വിലയിരുത്തൽ* തിരുവനന്തപുരം : ദേശാഭിമാനി ബുക്ക് ഹൗസ്, 1991.

80. വെർജീനിയ വൂൾഫ് *എഴുത്തുകാരിയുടെ മുറി*(വിവ.) മൂസക്കുട്ടി. എൻ. കോഴിക്കോട് : മാതൃഭൂമി ബുക്ക്സ്, 2004.

81. ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ *എന്റെ സ്മരണകൾ,* കുന്ദംകുളം പഞ്ചാംഗം പുസ്തകശാല, 1967.

82. ശങ്കരപ്പിള്ള, ജി. *മലയാള നാടക സാഹിത്യ ചരിത്രം.* തൃശ്ശൂർ : കേ.സാ.അ, 1980.

83. ശാരദക്കുട്ടി, എസ്. *പെൺവിനിമയങ്ങൾ.* കോട്ടയം : ഡി.സി. ബുക്സ്, 2009.

84. ശരത് ചന്ദ്രൻ, കെ.പി. *അക്ഷരകലയുടെ ചൈതന്യം.* കോട്ടയം സാ. പ്ര. സ.സ, 1977.

85. സച്ചിദാനന്ദൻ (എഡി) *സ്ത്രീപഠനങ്ങൾ* - ഒന്നാംഭാഗം. കോഴിക്കോട് : ബോധി ബുക്സ്, 1990.

86. സച്ചിദാനന്ദൻ *മുടിത്തെയ്യങ്ങൾ (പാപത്തറയുടെ അവതാരിക)* തൃശ്ശൂർ : കറന്റ് ബുക്സ്, 1993.

87. സാറാ ജോസഫ് *നന്മതിന്മകളുടെ വൃക്ഷം.* തൃശ്ശൂർ : കറന്റ് ബുക്സ്, 1977.

88. ..... *പാപത്തറ,* തൃശ്ശൂർ : കറന്റ് ബുക്സ്, 1993.

89. സുഗതകുമാരി, *മുത്തുച്ചിപ്പി,* കോഴിക്കോട് : മാ.പ്രി. ആന്റ് പ.ക., 1989

90. ..... *ഇരുൾച്ചിറകുകൾ,* കോട്ടയം : സാ.പ്ര. സ.സ., 1969.

91. സുധീന്ദ്രൻ, *സ്ത്രീമനസ്സ്, മോചനം.* കോട്ടയം : കറന്റ് ബുക്സ്, 1990

92. ഹാരിസ്, വി.സി. *സ്ത്രീ- നാം ജീവിക്കുന്ന ലോകം,* കോട്ടയം : ഡി.സി. ബുക്സ്, 1985.

93. ഹെലൻ കെല്ലർ, *എന്റെ ജീവിതകഥ,* (വിവ.) പോൾ, കെ.പി. കല്ലൂർ : സാഹിത്യനിലയം, 1954.

ആനുകാലികങ്ങൾ

1. അജിത, *[]* *ഇന്ത്യയിലെ സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ[]* - മാതൃഭൂമി ഓണപ്പതിപ്പ്, 1987.

2. അജിത, *[]സ്ത്രീപീഡനത്തിന്റെ കേരളീയമുഖം[]* മാതൃഭൂമി ആഴ്ചപ്പതിപ്പ് (മാ. ആ. പ.) ലക്കം 69, പുസ്തകം. 18

3. *ഉണ്ണിനമ്പൂതിരി വാരിക,* മേടം 30, 1108. വാല്യം 8.

4. ..... മേടം 12, 1103 വാല്യം 9

5. ഉഷാനമ്പൂതിരിപ്പാട്, *[]നമ്പൂതിരിമാരുടെ ചാർച്ചപ്പേരുകളും സാമൂഹിക പരിവർത്തനവും[]* മലയാളവിമർശം. 1991-1992. ലക്കം. 12

6. ഒലീന, ഏ.ജി. *[]ലളിതാംബിക അന്തർജ്ജനത്തെ ഓർമ്മിക്കുമ്പോൾ[],* വിജ്ഞാനകൈരളി, ഏപ്രിൽ 2009.

7. കുറുപ്പ് ഒ.എൻ.വി. *[]ഹോമപ്പക്ഷിയും മനുഷ്യപുത്രിയും[]* കൗമുദി ലളിതാംബിക അന്തർജ്ജനം പതിപ്പ്, സപ്തംബർ 2008

8. കുറുപ്പ് ഒ.എൻ.വി. *[]കവിതയുടെയും കഥയുടെയും പാരസ്പര്യം[]* ഗ്രന്ഥാലോകം, 1997.

9. കൗമുദി ന്യൂസ് സർവ്വീസ്, *മലയാളകഥയിലെ അമ്മ,* കലാകൗമുദി. ല. 341. 1982

10. കൃഷ്ണപിള്ള, എൻ. *സൃഷ്ടിയുടെ പരിപൂർണ്ണത.* കലാകൗമുദി മാർച്ച് 1, 1987.

11. കൃഷ്ണൻ നമ്പൂതിരി, *സാഹിത്യലോകം,* 1993. 18, 1.

12. കൃഷ്ണൻനായർ, പി.വി. *[സ്വതന്ത്രയായ സ്ത്രീ, വിശ്രുതയായ പാപി]* മലയാളവിമർശം, ല. 7, 1987.

13. ഗ്രാമപ്രകാശ്, എൻ.ആർ. *[അരങ്ങത്തു വരുന്ന സ്ത്രീ],* മാതൃഭൂമി വാരാന്തപ്പതിപ്പ്, 1995. ഏപ്രിൽ 5.

14. ചന്ദ്രവതി. *സ്ത്രീത്വാന്വേഷണ പരീക്ഷണങ്ങൾ.* ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി സപ്തംബർ 2008.

15. ചന്ദ്രശേഖരൻ നായർ, സി.കെ. *[മന്ത്രസ്ത്രീയും സ്ത്രീയും]* ഭാഷാപോഷിണി, 1995 (ഒക്ടോബർ)

16. ജാനകി, *[സ്ത്രീയും ടെലിവിഷനും]* മാ. ആ. പ. ല 72, പു. 12. 1999

17. ജാനമ്മ കുഞ്ഞുണ്ണി. *[ലളിതാംബിക അന്തർജ്ജനം - കാലത്തിന്റെ കഥാകാരി],* സ്ത്രീശബ്ദം, ജൂലൈ 2009.

18. ജാൻസി ജെയിംസ്, *[സ്ത്രീത്വത്തിന്റെ പുതിയ മുഖം]* മാ.ആ.പ. ല. 68. പു. 27 സെ. 1990

19. തേവന്നൂർ, എം.കെ. *[വി.ടി. സാമൂഹ്യവിപ്ലവത്തിന്റെ ദീപ്തജ്വാല],* ജനയുഗം വാരാന്തപ്പതിപ്പ്, 12. 2 1995

20. ദേവിക, ജെ. *[അന്തർജ്ജനം കൃതികളിലെ കാമവും ഉണ്ണിയും],* ലളിതാംബിക അന്തർജ്ജനം പതിപ്പ്, സപ്തംബർ 2008.

21. നമ്പൂതിരിപ്പാട്, എ.പി.പി. *[ആയിരത്തിരി കൊളുത്തിയ അന്തർജ്ജനം]* മാ. ആ. പ. ല. 64 പു. 52-1987.

22. നമ്പൂതിരിപ്പാട്, ഇ.എം.എസ്. *[ലളിതാംബിക അന്തർജ്ജനം നാടകകർത്രി എന്ന നിലയിൽ],* ഗ്രന്ഥാലോകം 1997.

23. നാരായണൻ, കെ.സി. *[]വേരുണങ്ങാത്ത വാക്ക്[]*, മാ. ആ. പ. 5.1.1997

24. പ്രശോഭൻ, കെ. *[]നവോത്ഥാനം നമ്പൂതിരി സമുദായത്തിൽ[]*, അന്താരാഷ്ട്ര ശ്രീനാരായണഗുരു വർഷ സ്മാരകഗ്രന്ഥം, ശ്രീനാരായണഗുരു പ്രഭാവം, 1977.

25. ബഷീർ, എം.എം. *[]നമ്മുടെ കഥാകാരികൾ[]*, മാ.ആ.പ. ല. 53, പു. 60, 1993.

26. ബാലാമണിയമ്മ, *[]ഹൃദയത്തിൽ തട്ടുന്ന ഭാഷ[]*, കലാകൗമുദി മാർച്ച് 1, 1987.

27. ബിജു. സി.പി. *[] രാജലക്ഷ്മി : ഒരു ഹൃദയവും കുറെ നൊമ്പരങ്ങളും[]* മാ.ആ.പ. ല. 19. പു. 3, 1994

28. ഭാസ്കരകുമാർ, എൻ. *[]മകന്റെ ഓർമ്മകൾ[]*, ഭാഷാപോഷിണി, മാർച്ച് 2009.

29. മണികൃഷ്ണൻ, *[]പ്രണാമം[]*, മാ. ആ. പ. ല. 64, പു. 52, 1987.

30. മാധവിക്കുട്ടി, *[]ആത്മാഭിമാനത്തിന്റെ തിളക്കം[]*, കലാകൗമുദി, മാർച്ച് 1, 1987.

31. മാധവിക്കുട്ടി പല്ലശ്ശേരി, *[]സ്ത്രീകൾക്കു വേണ്ടി ഞാൻ കുരിശു ചുമന്നു[]*, കുങ്കുമം വാരിക, ല. 24, പു. 18, 1989.

32. മാധവൻ നായർ. ജി, *[] അഗ്നിസാക്ഷി - ഒരന്യവീക്ഷണം[]*, മാ. ആ. പ. ല. 2, പു. 3, 1978.

33. മിനി ചന്ദ്രൻ, *[] ഫെമിനിസം, വേട്ടമുഗത്തിൽ നിന്ന് വേട്ടക്കാരനിലേയ്ക്ക്[]*, മാ. ആ. പ. ല. 71, പു. 39, 1993.

34. മിനി സുകുമാർ, *[]സ്ത്രീയുടെ അരങ്ങ്[]*, മാ. ആ. പ. ല. 76, പു. 48, 1999.

35. മുരളി, പിരപ്പൻകോട്, *[]മലയാളത്തിന്റെ അഗ്നിതേജസ്സ് []*, ഗ്രന്ഥാലോകം, ല. 49, പു. 3, മാർച്ച് 1997.

36. മേനോൻ, എം.എസ്. *[]വി.ടി. കേരളത്തിന്റെ മനഃസാക്ഷിയെ കണ്ടെത്തിയ മഹാത്മാവ് []*, ദേശാഭിമാനി വാരിക, നവംബർ-1, 1995.

37. മോൻസി ജോസഫ്, *[]സുവർണ്ണമോഹങ്ങളുടെ സ്വപ്നാടനം[]*, വനിത, ല. 17, പു. 3, ഏപ്രിൽ 1992

38. മോഹനൻ, എൻ. *[]ചൊരിയുവാനാഗ്രഹിച്ച അനുഗ്രഹം[]*, ഗ്രന്ഥാലോകം, 1997.

39. രവീന്ദ്രൻ, എൻ.കെ. *[]നവോത്ഥാനകാല സ്ത്രീകളുടെ ആത്മകഥകൾ : ഒരു താരതമ്യവിചാരം[]*, വിജ്ഞാനകൈരളി, ല. 24, പു. 6. 1993.

40. രവീന്ദ്രൻ, എൻ.കെ. *[]സ്ത്രീവിമോചനം - ദിശാബോധത്തിന്റെ പ്രശ്നങ്ങൾ[]*, മാ.ആ. പ. പു. 69, പു. 18. 1993.

41. രാഘവൻപിള്ള, കെ. *[]വികാരോഷ്മളമായ കഥാപ്രപഞ്ചം[]*, കലാകൗമുദി, മാർച്ച് 1987.

42. രാഘവൻപിള്ള, കെ. *[]സ്വൈണം-സ്വാതന്ത്ര്യം-സ്ത്രീത്വം[]*, മാ. ആ. പ. ല. 16, പു. 18, 1991.

43. രാജരാജവർമ്മ, എഴുമറ്റൂർ, *[]ഒരു നെയ്തിരിനാളം പോലെ[]*, ഗ്രന്ഥാലോകം, 1997.

44. ഡോ. രാജലക്ഷ്മി, ആർ.ബി. *[]പുനർജന്മം തേടി ഒരു സാവിത്രിക്കുട്ടി[]*, ഗ്രന്ഥാലോകം, 1997.

45. രാജശേഖരൻ, പി.കെ. *[]നോവലും ഭാവിയും[]*, സാഹിത്യലോകം, ല. 21, പു. 6, 1996.

46. രാധാകൃഷ്ണൻ, സി. *[]ഇങ്ങനെയൊരാൾ[]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി, സപ്തംബർ 2008.

47. രാധാകൃഷ്ണൻ, സി. *[ഞങ്ങൾക്ക് മറക്കാനാവില്ല]*, സാഹിത്യ പോഷിണി, മാർച്ച് 2009.

48. രാമചന്ദ്രൻ, കരുവന്നൂർ, *[സത്യത്തിന്റെ സൗന്ദര്യം]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി, സപ്തംബർ 2008.

49. രാധാമണി, അയിങ്കലത്ത്, *[ആത്മകഥയിലെ സ്ത്രീ]*, മലയാള വിമർശം, ല. 15, 1997.

50. രാമചന്ദ്രൻ, ഒ.ആർ. *[പ്രേംജി : കാരുണ്യദീപ്തം, സൗമ്യനക്ഷത്രം]*, മാ.ആ.പ. ല. 76, പു. 27, 1998.

51. റംലത്ത്, []തലാഖ്[], *[ഒരു സ്ത്രീയുടെ വീക്ഷണം]*, മാതൃഭൂമി വാരാന്തപ്പതിപ്പ്, ഡിസംബർ. 19, 1983.

52. ലീലാ ദാമോദരമേനോൻ, *[]* *സ്ത്രീസ്വാതന്ത്ര്യം, ഇന്നലെ-ഇന്ന്-നാളെ[]*, മാ. ആ. പ. ല. 64, പു. 17, 1986.

53. ..... *[അന്തർജ്ജനത്തിന്റെ സ്വപ്നം; സ്നേഹത്തിലൂടെ മാനവമോചനം]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, സപ്തംബർ 2008.

54. ..... *[വേദനിക്കുന്നവരുടെ അമ്മ]*, കലാകൗമുദി, മാർച്ച് 1, 1987.

55. ..... *[സ്നേഹസന്ദേശം]*, മാ. ആ. പ. ല. 64, പു. 52, 1987.

56. വർക്കി, പൊൻകുന്നം, *[പോയവർ ഭാഗ്യവാൻമാർ]*, കലാകൗമുദി, മാർച്ച് 1, 1987.

57. വത്സല, *[ചങ്ങല പൊട്ടിച്ച ഒരു കാഥിക]*, ഗ്രന്ഥാലോകം, 1997.

58. വർമ്മജി, ആർ.എസ്. *[]* *വിപ്ലവത്തിന്റെ നിശ്ശബ്ദസംഗീതം[]*, മാ. ആ. പ. ല. 54, പു. 45, 1997.

59. വാസുദേവൻ, കൂപ്പാട്ട്, *[]* *മരുഭൂമിയിൽ മുളച്ച വിത്ത്[]*, മാ. ആ. പ. ല. 69, പു. 34, 1991.

60. ഡോ. വാസുദേവൻ പിള്ള, വയലാ, *[]പ്രേംജിയുടെ വിപ്ലവം : അരങ്ങിലും അണിയറയിലും[]*, മാ. ആ. പ. ല. 76, പു. 27, 1998.

61. വാസുദേവ ഭട്ടതിരി, സി.വി. *[]ശ്രുതിസ്മൃതികളിൽ സ്ത്രീനിന്ദയുണ്ടോ?[]* മാ. ആ. പ. ല. 76, പു. 34, 1998.

62. ഡോ. വിനീത മേനോൻ, *[]സമൂഹം സൃഷ്ടിക്കുന്ന സ്ത്രീത്വങ്ങൾ[]*, മാ. ആ.പ. ല. 76, പു. 27, 1998.

63. വിഷ്ണുനാരായണൻ നമ്പൂതിരി, *[]വിപ്ലവവും പാരമ്പര്യവും[]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി, സപ്തംബർ 2008.

64. വേണുഗോപൻ നായർ, എസ്.വി. *[]യാദേവി സർവ്വഭൂതേഷു.....[]* ഗ്രന്ഥാലോകം, 1997.

65. വൈശാഖൻ, *[]കഥയുടെ ഡി.എൻ.എ.[]*, മാ.ആ.പ. ല. 76, പു. 40, 1999.

66. ശിവശങ്കരപ്പിള്ള, തകഴി. *[]പ്രിയ സഹോദരി[]*, കലാകൗമുദി, മാർച്ച് 1, 1987.

67. ശോഭനാ ജോർജ്ജ്. *[]സ്ത്രീയുടെ അപമാനം പുരുഷന് അഭിമാനമോ?[]*, മാ. ആ. പ. ല. 76, പു. 52, 1999.

68. ശ്യാമപ്രസാദ്, *[]അഗ്നിസാക്ഷി സിനിമയായപ്പോൾ[]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി, സപ്തംബർ, 1997.

69. ശ്രീധരൻ, പെരുമ്പടവം. *[]ജ്വലിക്കുന്ന ഓർമ്മ[]*, സാഹിത്യപോഷിണി, മാർച്ച് 2009.

70. ശ്രീധരൻ, പെരുമ്പടവം. *[]സഹനഭൂമിയുടെ ആഴക്കയങ്ങൾ[]*, ഗ്രന്ഥാലോകം, 1997.

71. സക്കറിയ. *[]ഒരു പുസ്തകപ്പുഴുവിന്റെ ഓർമ്മ[]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി, സപ്തംബർ 2008.

72. സരിത വർമ്മ, എം. *[]മുത്തശ്ശി പറയാത്ത കഥകൾ[]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി, സപ്തംബർ 2008.

73. സാറാ ജോസഫ്. *[]പെണ്ണും കണ്ണീരും കാലവും[]*, കലാകൗമുദി, 1986.

74. സാറാ ജോസഫ്. *[]നമ്മുടെ അടുക്കള തിരിച്ചു പിടിക്കുക[]*, മാ. ആ. പ. ല. 76, പു. 50, 1999.

75. സുഗതകുമാരി. *[]പുണ്യജന്മം[]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, കൗമുദി, സപ്തംബർ 2008.

76. സുജാത. *[]ആത്മാവ്, സ്ത്രീ, സമൂഹം[]*, മാ. ആ. പ. ല. 66, പു. 8, 1988.

77. സുജാത. *[]കബളിപ്പിക്കപ്പെടുന്ന സ്ത്രീത്വം[]*, മാ. ആ. പ. ല. 66, പു. 10, 1988.

78. സുജാത. *[]സ്ത്രീയെ പുരുഷനാക്കരുത്[]*, മാ. ആ. പ. ല. 66, പു. 10, 1988.

79. സുരേന്ദ്രൻ. കെ.കെ. *[]മലയാളത്തിന്റെ അമ്മ[]*, കലാകൗമുദി, മാർച്ച് 1, 1987.

80. ഹൃദയകുമാരി. *[]ലളിതാംബിക അന്തർജ്ജനം[]*, ലളിതാംബിക അന്തർജ്ജനം പതിപ്പ്, സപ്തംബർ 2008.

ENGLISH BOOKS

1.	Altekar, A.S.	*The Position of Women in Hindu Civilization,* Delhi : Motilal Banarsidass, 1983.
2.	Arthur A Macdonell.	*A History of Sanskrit Literature,* New Delhi : Sri Devendra Jain for Munshiram Manoharlal, 1972.
3.	Desai, Neera & Vibhuti Patel,	*'Indian Women Change and Challenge in the International decade 1975-85',* Bombay : Popular Prakasam, 1990.
4.	Donoval Josephine.	*'Feminist Literary Criticism',* Lexinton, Kentucky, 1975.
5.	Ellmann Mary.	*'Thinking About Women',* Moscow : Progress Publishers, 1964.
6.	Engles Frederick.	*'Origin of Family, Private Property and State',* Moscow : Progress Publishers, 1964.
7.	Jain Devaki.	*'Indian Women'*; New Delhi : Publication Division, Govt. of India, 1975.
8.	Jayasree.	*'India and Indian Women - As seen by women in the world'*; Aligarh : Granthayan, 1980.
9.	Kripal, Vinay (Ed).	*'The Girl Child in 20th century Indian Literature',* New Delhi : Sterling Publishers.
10.	Madhu Kishwar.	*'Gandhi and Women',* New Delhi : Manushi Prakasam Trust, 1986.
11.	M.K. Gandhi.	*'The Role of Women',* Anand Hingorani (Edi)., Bombay : Bharathiya Vidya Bhavan, 1964.
12.	Sir Mortemer Wheeler,	*'Civilization of the Indus Valley and Beyond',* London : Thames and Hudson, 1966.

13. Stubbs Patricia, *'Women and Friction, Feminism and Novel',* London : 1979.

PERIODICALS

1. Alwin Alexander, *'Issues of Representation and Nationalism in Deerendhu Majumdar's Mother',* Malayalam Literary Survey, Kerala Sahitya Academy, Vol. 24. No. 3. Dec. 2008.

2. Balakrishnan Sreevarahom, *'Being Antharjanam',* Kaumudi, Lalithambika Antharjanam Edition; September 2006.

3. Dr. Jancy James, *'A Feminist Approach to Lexicography',* Malayalam Literary Survey. Vol. 16. No. 4, October 1994.

4. Prof. Thomas Thumpamon. *'Social change and Early Malayalam Novels',* Malayalam Literary Survey, Vol. 16 No. 4. Oct. 1994.

5. Vamanan Nampoothiri, Harippad. *'Victimisation of Women in the Folklores of Ireland and Kerala'.* Malayalam Literary Survey, Vol. 16. Nov. 1994.